Cover page of Revised second Edition 2020


Cover page of 2001 Edition

ഭഗവദ്ഗീതാഭാഷ്യം Revised Edition

ഡോ സുവർണ്ണ നാലപ്പാട്ട്

ആദ്യഎഡിഷൻ 2001 യുഗാബ്ദം 5103

കുരുക്ഷേത്രപ്രകാശൻ

കോൺവെന്റ് റോഡ് എറണാകുളം

ഉള്ളടക്കം

1. ത്വം

അദ്ധ്യായം 2. സാംഖ്യയോഗം
അദ്ധ്യായം 3. കർമ്മയോഗം
അദ്ധ്യായം 4. ജ്ഞാനകർമ്മസന്യാസയോഗം
അദ്ധ്യായം 5 കർമ്മസന്യാസയോഗം
അദ്ധ്യായം 6. ധ്യാനയോഗം

2. തത്
അദ്ധ്യായം 7. ജ്ഞാനവിജ്ഞാനയോഗം
അദ്ധ്യായം 8. അക്ഷരബ്രഹ്മയോഗം
അദ്ധ്യായം 9. രാജവിദ്യാരാജഗുഹ്യരാജയോഗം
അദ്ധ്യായം 10. വിഭൂതിയോഗം
അദ്ധ്യായം 11. വിശ്വരൂപദർശനയോഗം
അദ്ധ്യായം 12. ഭക്തിയോഗം
3. അസി
അദ്ധ്യായം 13. ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം
അദ്ധ്യായം 14. ഗുണത്രയവിഭാഗയോഗം
അദ്ധ്യായം 15 പുരുഷോത്തമയോഗം
അദ്ധ്യായം 16. ദേവാസുരസമ്പദ്വിഭാഗയോഗം
അദ്ധ്യായം 17. ശ്രദ്ധാത്രയവിഭാഗയോഗം
അദ്ധ്യായം 18. മോക്ഷസന്യാസയോഗം

ഭഗവദ്ഗീതയുടെ സ്വാധീനം എന്റെ ജീവിതത്തിൽ

ഇമം ഗീതാശാസ്ത്രം സമസ്തവേദാർത്ഥസംഗ്രഹഭൂതം ദുർവിജ്ഞേയാർത്ഥം അശോച്യാൻ ഇത്യാദിനാ ഭഗവതായാവത് സ്വധർമ്മമപി ചാവേക്ഷ്യം ഇതി ഏതന്തേന ഗ്രന്ഥേന യത് പരമാർത്ഥാർത്ഥതത്വനിരൂപണം കൃതം തത് സാംഖ്യം.
(ശ്രീമദ് ഭഗവദ്ഗീതാഭാഷ്യം ശങ്കരഭഗവദ്പാദർ)

അദ്ധ്യായം 2
സാംഖ്യയോഗം

ശ്ലോ 11. അശോച്യാനനുശോചസ്ത്വം
പ്രജ്ഞാവാദാംസ ഭാഷസേ
ഗതാസൂനഗതാസൂംശ്ച
നാനുശോചന്തി പണ്ഡിതഃ

ശ്രീശങ്കരാചാര്യർ നശോച്യാ അശോച്യാ താൻ ശോചിതവാനസി പ്രജ്ഞാവതാം ബുദ്ധിമതാം വാചാൻ ച വചനാനി ച ഭാഷസേ, തദ് ഏതദ് മൌഢ്യം പാണ്ഡിത്യം ച വിരുദ്ധം ആത്മനി ദർശയസി ഉന്മത്ത ഇവ അഭിപ്രായഃ എന്ന് പറഞ്ഞിരിക്കുന്നു. അനുശോചിക്കേണ്ടാത്തതിനെക്കുറിച്ച് അനുശോചിക്കുകയും പ്രജ്ഞയുള്ള ബുദ്ധിമാനെപ്പോലെ ഭാഷണം ചെയ്യുകയും ചെയ്യുന്ന അർജ്ജുനന്റെ വൈരുദ്ധ്യാത്മകമായ ദർശനത്തെ അദ്ദേഹം ഉന്മത്തന്റെ അഥവാ ഭ്രാന്തന്റെ അവസ്ഥയായിട്ട് കാണുന്നു. ജ്ഞാനേശ്വരിയിലും ഇതിനെ ഭ്രാന്തുപിടിച്ച അവസ്ഥയായി ചിത്രീകരിക്കുന്നു. ഭഗവദ്ഗീതയുടെ ബീജശ്ലോകമാണിത്. ഈ ശ്ലോകം മുതൽ 21 ശ്ലോകങ്ങൾ കൊണ്ട് ഭഗവാൻ നടത്തുന്ന പരമാർത്ഥതത്വനിരൂപണമാണ് സാംഖ്യമെന്ന് ശങ്കരാചാര്യർ പറയുന്നതിനാൽ സാംഖ്യയോഗത്തിന്റെ ബീജശ്ലോകവും ഇതാണ്.

ശരീരത്തിന്റെ മരണം അനുശോചിക്കേണ്ടാത്ത ഒന്നാണ്. എങ്കിലും അതിൽ സാധാരണ മനുഷ്യൻ അതിൽ അനുശോചിക്കുന്നു. അതേ സമയം പ്രജ്ഞാവാദിയെപ്പോലെ സംസാരിക്കുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യാത്മകത ഉന്മത്താവസ്ഥയാണ്. എങ്കിലും ഈ ഉന്മത്താവസ്ഥയിൽനിന്നല്ലാതെ യാതൊരു തത്വശാസ്ത്രവും ജനിക്കുകയുമില്ല. ബുദ്ധന്റെ അവസ്ഥയിലാണ് ഇപ്പോള് അർജ്ജുനൻ. ജരാനര ബാധിച്ച ശരീരങ്ങളുടെ മരണാവസ്ഥയിൽ അനുശോചിച്ച് സത്യമന്വേഷിച്ചിറങ്ങിയ സിദ്ധാർത്ഥകുമാരന്റെ ഉന്മത്താവസ്ഥയിൽ. അവന്റെ അന്വേഷണം നിർവ്വാണത്തിലെത്താതെ അവസാനിക്കയില്ല. ആരും മരിക്കാത്ത ഭവനത്തിൽനിന്ന് കടുകുവാങ്ങി വന്നാൽ കുഞ്ഞിനെ ജീവിപ്പിച്ചുതരാമെന്ന് അമ്മയോടു പറയുന്ന സ്ഥിതിവിശേഷത്തിലേക്ക് അത് ബുദ്ധനെ നയിച്ചു. ശരീരത്തിന്റെ മരണം സാർവ്വത്രികമായ പ്രതിഭാസമാണെന്നും അതിൽ അനുശോചിക്കേണ്ടതില്ലെന്നും മനസ്സിലാക്കാൻ ദുഃഖത്തിന്റെ വേരു തേടിയ പ്രയാണം സഹായിക്കുന്നു. ഈ അതിപ്രധാനമായ മർമ്മഭാഗത്തു സ്പർശിച്ചുകൊണ്ടാണ് ഭഗവദ്ഗീതയുടെ ബീജശ്ലോകം ആരംഭിക്കുന്നത്.

ഭഗവദ്ഗീതയുടെ സന്ദേശം അഹിംസയുടേയും സാർവ്വലൌകികസ്നേഹ ത്തിന്റെയും സന്ദേശമാണ്. ഹിംസയുടേയും മത്സരത്തിന്റെയും കുരുക്ഷേത്ര ഭൂമിയിൽ വെച്ചല്ലാതെ ആ സന്ദേശം കൊടുക്കുക സാദ്ധ്യമല്ല. ആ കുരു ക്ഷേത്രഭൂമി ഈ പ്രപഞ്ചം തന്നെയാണ്. ഇവിടെ മദമാത്സര്യങ്ങൾ കൊണ്ട് സഹോദരന്മാർ തമ്മിലടിച്ച് നശിക്കുന്ന ദാരുണകഥ അനുദിനം ആവർത്തി ക്കപ്പെടുന്നു. അത്തരം കർമ്മഭൂവിൽവെച്ച് സാർവ്വലൌകികസ്നേഹത്തിന്റെ സന്ദേശം നൽകുന്നതും വൈരുദ്ധ്യാത്മകമാണെന്നു തോന്നിച്ചാലും അനുപേ ക്ഷണീയമായ കർത്തവ്യമാണ്. സന്ദേശം നൽകാനുള്ള ഉന്മത്താവസ്ഥയിലാ ണ് ഭഗവാൻ. നരനാരായണന്മാർ പരസ്പരപൂരകങ്ങളായ മാനസികാവ സ്ഥയിലാണ്. എടുക്കാനും കൊടുക്കാനും തയ്യാറായ മനോബുദ്ധികളോടു കൂടി. പാണ്ഡിത്യത്തിനു വിരുദ്ധമായ മൌഢ്യം സംഭവിക്കുകയും പണ്ഡി തന്മാരെപ്പോലെ സംസാരിക്കാനാരംഭിക്കുകയും ചെയ്യുന്ന വൈരുദ്ധ്യാത്മക ഭൌതികവാദം (dialectics) യഥാർത്ഥമായ പ്രജ്ഞയല്ല. പ്രജ്ഞയിലേക്ക് നയി ക്കുന്ന ഇടവേളയിലെ ഉന്മത്താവസ്ഥയാണ്. നാം ഇന്നു ജീവിക്കുന്ന കാല ഘട്ടവും ഈ ഇടവേളയിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കയാണ്. വരാനി രിക്കുന്ന ശ്ലോകങ്ങളിൽ യഥാർത്ഥപ്രജ്ഞയുടെ ലക്ഷണങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നു. ഈ ബീജശ്ലോകത്തിൽത്തന്നെ തന്റെ ദൌത്യത്തിന്റെ ഏക ദേശരൂപം വ്യക്തമാക്കാൻ കവിയായ വ്യാസനു സാധിക്കുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിലും ഗീതക്ക് ഒരു ഭാഷ്യം ചമക്കുന്നതിന്റെ പ്രസക്തി യെക്കുറിച്ച് അൽപ്പം ചിന്തിക്കേണ്ടതുണ്ട്. കാലത്തെ കടന്നുനിൽക്കുന്നതാണ് ഗീതയിലെ പ്രതിപാദ്യം. അർജ്ജുനനെപ്പോലെ മൌഢ്യത്തോടെ ഇരിക്കയും പണ്ഡിതന്മാരെപ്പോലെ സംസാരിക്കയും ചെയ്യുന്ന വൈരുദ്ധ്യാത്മകഭൌതിക വാദികളാൽ ഭൂതലം നിറഞ്ഞിരിക്കയാണ്. അവർ അർജ്ജുനന്റെ അവസ്ഥ യിലാണ്. അവർക്ക് ഒരു ഗീതയുടെ ആവശ്യം വന്നിരിക്കുന്നു.

വൈദ്യശസ്ത്രത്തിന്റെ 25ആം ലക്കത്തിൽ(പേ 9-10) സച്ചിദാനന്ദന്റെ എഴു ത്ത് ശ്രദ്ധിക്കുക. അദ്ദേഹത്തിന്റെ വാക്കുകളെ രണ്ടു സെറ്റ് വാക്യങ്ങളാക്കി തിരിച്ച് വൈരുദ്ധ്യാത്മകവാദത്തിന്റെ ഇന്നത്തെ നിലപാട് വ്യക്തമാക്കാം.

ഒന്നാമത്തെ സെറ്റ്

1. ഞാൻ പ്രപഞ്ചത്തെ അനുഭവിക്കുന്നു.
2. നിഗൂഢതകളിൽ വിസ്മയിക്കുന്നു.
3. ആഹ്ലാദവും ഖേദവും അറിയുന്നു
4. മറ്റു മനുഷ്യരിലേക്കും മരങ്ങളിലേക്കും പുഴകളിലേക്കും സഞ്ചരിക്കുന്നു
5. രതിയും വിരക്തിയും ഏറ്റുവാങ്ങുന്നു
6. ആത്മാവായി സ്വയം സങ്കൽപ്പിക്കുന്നു
7. ഈ കർമ്മങ്ങൾ ചെയ്യുന്നത് എന്റെ ശരീരം കൊണ്ടാണ്
8. അതിനാൽ ഞാൻ ഭൌതികവാദിയാണ്

1 മുതൽ 6 വരെയുള്ള കർമ്മങ്ങൾ തന്റെ ശരീരമാണ് ചെയ്യുന്നത് എന്നതിനാലും , ആ ശരീരത്തെയാണ് താൻ ഞാനെന്നു വിളിക്കുന്നതെന്നതിനാലും സച്ചിദാനന്ദൻ സ്വയം ഭൌതികവാദിയാണെന്നു പറയുന്നു. ശരീരത്തിൽ ആത്മാവിനെ അദ്ധ്യാസം ചെയ്യുക എന്ന

കർമ്മവും ശരീരമായ താനാണ് ചെയ്യുന്നതെന്ന് അദ്ദേഹം കരുതുന്നു. ശരീരമാണ് ഞാനെന്ന ഭൌതികവാദത്തെ സ്വീകരിച്ചശേഷം അദ്ദേഹം രണ്ടാമത്തെ സെറ്റിലേക്ക് കടക്കുന്നു.

1. ധ്യാനാവസ്ഥ, അശരീരാവസ്ഥ എന്നിവയും എന്റെ ശരീരത്തിൻ അവസ്ഥകൾ മാത്രമാണ്.
2. ശരീരം മൃണ്മയനെന്നും ജഡവസ്തുവെന്നും കരുതുന്ന ദർശനങ്ങൾ ഹിംസയാണ് ചെയ്യുന്നത്. (മറിച്ച് ശരീരം ചൈതന്യവസ്തുവെന്നു കരുതുന്ന ദർശനങ്ങളാണ് അഹിംസ ഉള്ളവ)
3. ശരീരത്തിനും വെളിയിൽ ആത്മാവിനെ പ്രതിഷ്ഠിക്കുന്ന ദ്വൈതവാദ ങ്ങളെ ഞാൻ നിഷേധിക്കുന്നു. (ശരീരത്തിൽത്തന്നെ ആത്മാവിനെ പ്രതിഷ്ഠിക്കുന്ന അദ്വൈതവാദത്തെ കുറിച്ച് പറഞ്ഞിട്ടില്ല, നിഷേധി ച്ചിട്ടില്ല എന്ന് ധ്വനി)
4. ശരീരം മരിച്ചാൽ ആത്മാവും മരിച്ചു എന്ന് സമ്മതിക്കാനുള്ള ധീരത നാം കാണിക്കണം.
5. (ശരീരങ്ങളായ) നാം ഭൌതികപ്രപഞ്ചത്തിൽ വിലയിക്കുന്നു. (ഭൌതികപ്രപഞ്ചം മണ്ണും ജലവും ചേർന്ന മൃണ്മയപ്രപഞ്ചമാകയാൽ അതിലേക്ക് വിലയിക്കുന്ന ശരീരവും മൃണ്മയമാണെന്ന് സമ്മതിക്കുക യാണ് ഈ വാക്യം വ്യംഗ്യമായിട്ട്.)
6. ശരീരം മരിച്ചാൽ ആത്മാവ് അതിജീവിക്കയില്ല. എന്നാൽ ശരീരത്തിന്റെ ചേഷ്ടകൾ അവസാനിക്കുന്നു.വാക്ക് ഒരു ചേഷ്ടയാണ്. (ശരീരത്തിന്റെ ചേഷ്ടയായി വാക്കിനെ കരുതുന്നു)
7. ശരീരം ഒരു തടവറയിലാണ്. (ഏതാണ് തടവറ. പ്രപഞ്ചമാണോ സാങ്കൽപ്പികമായി അദ്ധ്യാസം ചെയ്ത ആത്മാവോ. പ്രപഞ്ചമാണ് തടവറയെങ്കിൽ അതിൽ സ്വാഭാവികമായി വിലയം പ്രാപിക്കുന്ന ശരീരം തടവറയിലാവാൻ വയ്യ. ആത്മാവാണ് തടവറയെങ്കിൽ സാങ്കൽപികമെന്ന് താൻ വിളിക്കുന്ന ആത്മാവിനെ യഥാർത്ഥമായി സച്ചിദാനന്ദൻ കാണുന്നുണ്ടോ എന്ന ചോദ്യം വരും. ഇല്ലാത്ത ഒന്നിൽ എങ്ങനെ ശരീരം തടവിലാവും)
8. ശരീരം ലിംഗവും വർണ്ണവുമായി നമ്മുടെ പീഢാനുഭവമാണ്. ശരീരത്തെ വിപ്ലവങ്ങൾ മോചിപ്പിക്കണം. (ആരിൽനിന്ന്, എന്തിൽനിന്ന്. പ്രപഞ്ചത്തിൽനിന്നാണെങ്കിൽ ഒരു വിപ്ലവവും കൂടാതെ ശരീരം വിലയിക്കുന്ന മരണം കൊണ്ട് മോചനം സാദ്ധ്യമാണല്ലോ. ആത്മാവിൽനിന്നാണെങ്കിൽ സാങ്കൽപ്പികമായ ആത്മാവ് യഥാർത്ഥമാണെന്ന് സച്ചിദാനന്ദൻ സമ്മതിക്കലാവും. പീഢാനുഭവത്തിൽനിന്നാണ് മോചനം വേണ്ടതെങ്കിൽ, ശരീരം തന്നെ പീഢാനുഭവമാണെന്ന് പറകയാൽ ശരീരത്തിനു ശരീരത്തിൽനിന്നു തന്നെ മോചനം വേണമെന്നാണ് അർത്ഥം വരിക. ആര് , എന്തു വിപ്ലവം കൊണ്ടാണ് ആ മോചനം സാധിക്കുക.
9. നമുക്ക് (ശരീരങ്ങൾക്ക്) നൃത്തം ചെയ്യണം. നമുക്കതിനാവുന്നില്ല
10. അകലങ്ങൾ നമ്മെ നിശ്ചലരാക്കിയിരിക്കുന്നു. നാം ഉണ്ടാക്കിയ ലോകത്തിന്റെ വാസ്തുശിൽപ്പം അതിനെ ജയിലാക്കുന്നു. ഞാൻ ശരീരമാണ്, ഞാനെന്ന ശരീരം ഉണ്ടാക്കിയ ലോകത്തിന്റെ വാസ്തു ശിൽപ്പം എന്നെ(ശരീരത്തെ) ജയിലാക്കി, ഞാൻ ആ ജയിലിലാണ്,

ശരീരം താൻതന്നെ ഉണ്ടാക്കിയ ജയിലിലാണ് എന്നാണ് അർത്ഥം. അതിൽനിന്ന് ഒരു മോചനമാണ് അദ്ദേഹത്തിനാവശ്യം. ഓരോ വൈരുദ്ധ്യാത്മകഭൌതികവാദിയുടേയും അവസ്ഥ ഇതാണ്. സ്വന്തം ശരീരത്തിൻ തടവറയിൽനിന്ന് മോചനം . അതിന് താൻതന്നെ ഉത്ത രവാദി എന്നും താൻതന്നെ വിപ്ലവകരമായ മാറ്റം ഉണ്ടാക്കണമെന്നും അറിയുന്നതുമില്ല. ഭഗവദ്ഗീതയുടെ ബീജശ്ലോകത്തിൽത്തന്നെ അനു ശോചിക്കേണ്ടാത്തതിനെക്കുറിച്ച് ശോചിക്കുക എന്ന ഈ വൈരുദ്ധ്യാ ത്മകവും മൂഢവുമായ മാനസികാവസ്ഥയെ അന്വേഷണത്വരയായി മാറ്റുന്ന ശക്തി അന്തർഭവിച്ചിരിക്കുന്നു.

ശ്ലോകം 12
ന ത്വേവാഹം ജാതുനാസം ന ത്വം നേ മേ ജനാധിപഃ
ന ചൈവ ന ഭവിഷ്യാമഃ സർവ്വേ വയമതഃ പരം

ഞാൻ ഒരുകാലത്തും ഇല്ലാതിരുന്നിട്ടില്ല. നീയും ഇല്ലാതിരുന്നിട്ടില്ല. ഈ ജനാധിപന്മാരും മുമ്പ് ഇല്ലാതിരുന്നിട്ടില്ല. പുതിയതായി ഉണ്ടാ യിട്ടുമില്ല. എല്ലാം എപ്പോഴും ഉണ്ട്. ജന്മാദ്യസ്യ യത എന്നാരം ഭിക്കുന്ന ബ്രഹ്മസൂത്രത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ബാദരായണന് ഇവിടെയും പറയാനുള്ളത്. ഭൌതികവാദിക്ക് ശരീര മാണ് ഞാൻ. ശരീരം നശിക്കുന്നതോടെ ആത്മാവും നശിച്ചുപോകു ന്നു. എന്നാൽ നശ്വരമായ ശരീരവും ഹ്രസ്വമായ ഒരു ജീവിതകാല വും മാത്രമല്ല, ചൈതന്യസ്വരൂപമായ ആത്മാവിനുള്ളത്. ജന്മചക്ര ങ്ങളിലൂടെ, പുനർജ്ജനികളിലൂടെ ഓർമ്മ കൂട്ടപിടിച്ച ചൈതന്യരൂപ മായി, വിജ്ഞാനഘനരൂപമായി അത് എന്നും നിലനിൽക്കുന്നു. സർവ്വവും ചിദ്രൂപമാണ്, എനർജ്ജിയാണ്. അതിന്റെ പുനരാവിർഭാ വവും ഭ്രമണവും (റീ സൈക്ലിങ്ങ് ഓഫ് എനർജ്ജി) മാത്രമാണ് പ്രപഞ്ചം. അതിൽ നാമരൂപാത്മകമായ ശരീരങ്ങൾ കുമിളകളെപ്പോ ലെ ജനിക്കയും മരിക്കയും പുനർജ്ജനിക്കയും ചെയ്യുന്നത് ഊർജ്ജ നിയമം മാത്രമാണ്. ആ ഊർജ്ജസാഗരമാകട്ടെ, എന്നും ഉണ്ട്, ഒരു കാലത്തും ഇല്ലാതിരുന്നിട്ടില്ല. പുതുതായി ഉണ്ടാവുന്നുമില്ല. ഐൻസ്റ്റൈന്റെ ഊർജ്ജസമവാക്യവും , ലോ ഓഫ് കൺസർവേഷൻ ഓഫ് എനർജ്ജിയും പറയുന്നതുതന്നെയാണ് ഗീത ഇവിടെ പറയുന്ന ത്. ജനാധിപന്മാരും നീയും ഞാനും സർവ്വചരാചരവും കുമിളകളെ പ്പോലെ നിരന്തരം വർത്തിക്കുന്ന ഊർജ്ജസാഗരത്തിൽ, ഒരു ജനാധി പന്നു പകരം മറ്റൊരാളെ പ്രതിഷ്ഠിക്കാനുള്ള വിപ്ലവപ്രസ്ഥാനങ്ങ ളും രാഷ്ട്രീയക്കളികളും എല്ലാം കുമിളകളെപ്പോലെ നശ്വരവും നിസ്സാരവുമാണ്. ജ്ഞാനം മാത്രമാണ് അനശ്വരം, ശ്രേഷ്ഠം.

ശ്ലോകം 13
ദേഹിനോസ്മിൻ യതാ ദേഹേ കൌമാരം യൌവനം ജരാ
തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര ന മുഹ്യതി
ആത്മാവ് സാങ്കൽപ്പികമാണെന്നു വിശ്വസിക്കുന്ന വൈരുദ്ധ്യാത്മക ഭൌതികവാദി ശരീരം മരിച്ചാൽ ആത്മാവും മരിച്ചു എന്നു വിശ്വ സിക്കുന്നത് ധീരതയായി കണക്കാക്കുന്നു. എന്നാല് ധീരൻ വിചാരി

ക്കുന്നത് മറ്റൊരു വിധത്തിലാണ്. ആത്മാവായ ഞാൻ ദേഹത്തിൽ കൌമാരം,യൌവനം ജര മുതലായ അവസ്ഥകളും അവയിലുണ്ടായ അനുഭവങ്ങളും ഭുജിച്ചു. കൌമാരത്തിലെ ഞാൻ മരിച്ചിട്ടല്ല, യൌവനത്തിലെ ഞാനുണ്ടായത്. ഞാൻ തുടർച്ചയായ ഒരനുഭവത്തിന്റെ ഭോക്താവാണ്. ദേഹമാകട്ടെ, നിരന്തരം ക്ഷയിക്കയും മരിക്കയും ചെയ്യുന്നതുമാണ്. കൌമാരദേഹം മരിച്ച്,യൌവനദേഹവും യൌവനദേഹം മരിച്ച് വാർദ്ധക്യദേഹവും ഉണ്ടായി. അവയിലെല്ലാം ഞാനെന്ന ബോധമായി നിത്യമായി കുടി കൊള്ളുന്ന ദേഹി മരിച്ചിട്ടുമില്ല. അതിന് ദേഹാന്തരപ്രാപ്തി മാത്രം സംഭവിക്കുന്നു. ജരാനര ബാധിച്ച ദേഹം മരിച്ചുപോകുമ്പോളും സൂത്രാത്മാവായ ദേഹി പുതിയ ഒരു ദേഹം സ്വീകരിക്കുമെന്ന് മനസ്സിലാക്കി, ജനനമരണാദികളെക്കുറിച്ച് വേവലാതിപ്പെടാതെ ശരീരത്തിന്റെ മരണത്തിൽ അനുശോചിക്കാതെ സ്ഥിതപ്രജ്ഞനായിരിക്കുന്നവനെയാണ് ധീരനെന്നു വിളിക്കേണ്ടത് . അവന്റെ ധീരത ആത്മാവ് സാങ്കൽപ്പികമായതുകൊണ്ടല്ല, അത് ശരീരത്തോടൊപ്പം നശിക്കുമെന്ന വിശ്വാസം കൊണ്ടുമല്ല, ആത്മാവു മാത്രമാണ് സത്യം, അതിന്നു നാശം സംഭവിക്കയില്ല എന്നതു കൊണ്ടാണ്.

ശ്ലോകം 14.

മാത്രാസ്പർശാസ്തു കൌന്തേയ, ശീതോഷ്ണസുഖദുഃഖദാഃ
ആഗമാപായിനോനിത്യാസ്താംസ്തിതിക്ഷസ്വ ഭാരത

ഞാൻ പ്രപഞ്ചത്തെ അനുഭവിക്കുന്നതും ആഹ്ലാദവും ഖേദവും അറിയുന്നതും രതിവിരക്തികൾ ഏറ്റുവാങ്ങുന്നതും ഇന്ദ്രിയങ്ങളിലൂടെയാണെന്ന വൈരുദ്ധ്യാത്മകഭൌതികവാദിയുടെ നിലപാടിനെ ഇവിടെ പറയുന്നു. .ഇന്ദ്രിയങ്ങൾ വഴി അന്തര്യാമിയായ ജീവൻ വിഷയങ്ങളെ ഗ്രഹിക്കുന്നു, ഒരേ വിഷയം തന്നെ രണ്ടുപേർക്ക് വ്യത്യസ്തസമയങ്ങളിൽ വ്യത്യസ്തഅനുഭവം നൽകുന്നു. അതായത്, വിഷയങ്ങൾ, അവയുമായുള്ള ഇന്ദ്രിയസമ്പർക്കം ഇവ രണ്ടും അസ്ഥിരങ്ങളാണ്. അതിനാൽ വിഷയാനുഭൂതിയും അസ്ഥിരമാണ്, അനിത്യമാണ്. അവ വന്നും പോയും കൊണ്ടിരിക്കുന്നു. അതിനാൽ അവയെ തിതിക്ഷയോടെ സഹിക്കണം. സുഖം വരുമ്പോൾ അഹങ്കരിക്കാതെയും ദുഃഖം വരുമ്പോൾ ആവലാതിപ്പെടാതെയും രതിവിരക്തികളിൽ അമിതമായി മനസ്സു വെക്കാതെയും ബുദ്ധിമാൻ ഈ അനുഭവപ്രപഞ്ചത്തിൽ ജീവിക്കണം. അർജ്ജുനൻ ഭാരതനാണ്. പ്രഭാസമാനമായ ബ്രഹ്മവിദ്യയിൽ രതിയോടുകൂടിയവനാണ് ഭാരതൻ. അതിനാൽ വന്നും പോയുമിരിക്കുന്ന അനിത്യങ്ങളായ ഇന്ദ്രിയ വിഷയാനുഭവങ്ങളെ തിതിക്ഷയോടെ സഹിക്കുവാൻ അർജ്ജുനന് ബുദ്ധിമുട്ടുണ്ടാകയില്ല.ഒരു ഭാരതീയനും മനസ്സുവെച്ചാൽ അത് ഒരു ബുദ്ധിമുട്ടായി തോന്നുകയില്ല.

ശ്ലോകം 15

യം ഹി ന വ്യഥയന്ത്യേതേ പുരുഷം പുരുഷർഷഭ,
സമദുഃഖസുഖം ധീരം സോമൃതത്വായ കൽപ്പതേ

ഇന്ദ്രിയവിഷയങ്ങളായ അനുഭവങ്ങൾ ഏതൊരു പുരുഷശ്രേഷ്ഠനെയാണോ ദുഃഖിപ്പിക്കാത്തത് , ഏതൊരു ധീരനാണോ സുഖദുഃഖങ്ങളെ സമമായിക്കരുതി ജീവിതായോധനം നടത്തുന്നത് ആ പുരുഷന് അമൃ

തത്വം ലഭിച്ചുകഴിഞ്ഞു. ഇവിടെ അമൃതത്വം ശരീരത്തിനല്ല. ശരീരത്തിന്റെ മരണം ദേഹാന്തരപ്രാപ്തിക്കുള്ള സ്വാഭാവികപ്രക്രിയ മാത്രമാണ് എന്നറിയുകയും ഞാൻ നിത്യനായ ദേഹിയാണ്, അനിത്യമായ ദേഹമല്ല, എന്നറിയുകയും ചെയ്കയാൽ ദേഹജന്യമായ അനുഭൂതി വിഷയങ്ങളിൽ സുഖദുഃഖസമത്വം നേടുകയും ചെയ്യുന്ന പുരുഷോത്തമൻ ദേഹിയാണ്. ദേഹമല്ല. ആ ദേഹി അമൃതത്വം പ്രാപിച്ചു കഴിഞ്ഞ ധീരാത്മാവാണ്. നിത്യാനിത്യവസ്തുവിവേകത്തിലേക്ക് ഭഗവാൻ നമ്മെ പതുക്കെ ആനയിക്കുകയാണ്.

ശ്ലോകം 16

നാസതോ വിത്യതേഭാവോ നാഭാവോ വിദ്യതേ സതഃ
ഉഭയോരപി ദൃഷ്ടോന്തസ്ത്വനയോസ്തത്ത്വദർശിഭിഃ

സത്തിന് (ഉണ്മക്ക്) അഭാവം (ഇല്ലായ്മ) എന്ന ഒന്ന് കേട്ടിട്ടില്ല. അസത്തിന് (ഇല്ലായ്മ) ഭാവം (ഉണ്മ) എന്നൊന്നും കേട്ടിട്ടില്ല. സത്തിന്റെയും അസത്തിന്റെയും (ഉണ്മ,ഇല്ലായ്മകളുടെ)പരമാർത്ഥാവസ്ഥ തത്വദർശികൾ അറിഞ്ഞിരിക്കുന്നു. ത്രികാലങ്ങളിലും ഉണ്മയായിരിക്കുന്നതാണ് സത്ത്. ചില കാലങ്ങളിൽ ഉണ്മയായും മറ്റുചില കാലങ്ങളിൽ ഇല്ലായ്മയായും തീരുന്ന എല്ലാ പ്രതിഭാസവും അസത്തായി ഗ്രഹിക്കണം. ഈ നിർവ്വചനപ്രകാരം ദേഹി സത്തും ദേഹം അസത്തുമാണ്. ദേഹിക്ക് അഭാവമില്ല. ദേഹത്തിന് ഉണ്മയുമില്ല. ഈ നിത്യാനിത്യവിവേകം തത്വദർശികളായ പുരുഷോത്തമന്മാർക്ക് ലഭിച്ചിട്ടുണ്ട്.

Nothing is created out of Nothing (ഇല്ലായ്മയിൽനിന്ന് യാതൊന്നും സൃഷ്ടിക്കപ്പെടുന്നില്ല) എന്ന് ശൂന്യതയിൽനിന്നുള്ള സൃഷ്ടിയെ തള്ളിപ്പറഞ്ഞിട്ടുള്ളത് സാംഖ്യന്മാർ മാത്രമല്ല,ഹെഗലും ഹെഗലിനെ തുടർന്ന് മാർക്സും ഈ വാദം സ്വീകരിച്ചിട്ടുള്ളവരാണ്. അഭാവം ശൂന്യവാദമാണ്. വസ്തു അവിടെയില്ല എന്ന ഇല്ലായ്മയാണ് അഭാവം. ഇത് ദ്രവ്യത്തിനല്ലാതെ സർവ്വവ്യാപിയായ ഊർജ്ജത്തിന് ബാധകമല്ല. ഊർജ്ജം എപ്പോഴും എല്ലായിടത്തുമുണ്ട്. അത് ചൈതന്യമാണ്. ആത്മചൈതന്യം സത്തയാണ്. ജഡദ്രവ്യം അസത്തയും. കോടാനുകോടി സൌരയൂഥങ്ങൾ സൃഷ്ടിക്കപ്പെടുംമുമ്പ് അവയൊന്നും ഇല്ലാതിരുന്ന ഒരവസ്ഥയെ സങ്കൽപ്പിച്ചുനോക്കുക. ഊർജ്ജസാഗരത്തിന്റെ ഒരു ചൈതന്യധാര മാത്രം. ആ ചൈതന്യസാഗരത്തെ ശൂന്യത എന്നു വിളിക്കാവതല്ല. അതു മാത്രമാണ് സത്ത. ദിക്കും ദേശവും ഗതിയും കാലവും ഉണ്ടാവുന്നതിനുമുമ്പുള്ള ചൈതന്യസാഗരോർജ്ജത്തെയാണ് ബ്രഹ്മദ്രവ്യമെന്നു വിളിക്കുന്നത്. അത് എന്നും എപ്പോഴും ഉണ്ട്. അതിന്റെ ഉപരിതലത്തിൽ വന്ന് അൽപ്പനേരം നിന്ന് പൊട്ടിത്തകർന്ന് ഇല്ലാതാവുന്ന കുമിളകൾ മാത്രമാണ് ബ്രഹ്മാണ്ഡങ്ങളും ഇക്കാണുന്ന മാനവരാശിയുമെല്ലാം. അതിനാൽ അവ അസത്തുക്കളാണ്. അസത്ത് ഒരിക്കലും ഉണ്ടായിട്ടില്ല. സത്ത് എപ്പോഴും ഉണ്ടുതാനും. ഈ സത്യം ദർശിച്ചവർ മാത്രമാണ് യഥാർത്ഥജ്ഞാനികൾ.

ശ്ലോകം 17

അവിനാശി തു തദ്വിദ്ധി യേന സർവ്വമിദം തതം
വിനാശമവ്യയസ്യാസ്യ ന കശ്ചിത് കർത്തുമർഹതി

ഈശാവാസ്യമിദം സർവ്വം . ഇദം സർവ്വത്തെ ഈ ശ്ലോകത്തിൽ സർവ്വം ഇദം എന്ന് ഉപയോഗിക്കുന്നു. ഏതൊന്നിനാൽ സർവ്വവും വ്യാപിക്കപ്പെട്ടിരിക്കുന്നുവോ, ആ സർവ്വവ്യാപിക്ക് വിനാശമില്ല. അവ്യയമായ അതിന്നു നാശം വരുത്താൻ ആർക്കും സാദ്ധ്യവുമല്ല. ശരീരത്തെ വ്യാപിച്ചിരിക്കുന്ന ജീവാത്മാവും പ്രപഞ്ചങ്ങളെ വ്യാപി ച്ചിരിക്കുന്ന പരമാത്മാവും അവ്യയതിഭാസമാണ്. ശരീരത്തെ നശി പ്പിക്കാം, പ്രപഞ്ചത്തെ നസിപ്പിക്കാം. പക്ഷേ അവയിൽ വ്യാപിച്ച ആത്മചൈതന്യത്തെ നശിപ്പിക്കാനാവില്ല.

ശ്ലോകം 18
അന്തവന്ത ഇമേ ദേഹാ നിത്യസ്യോക്താഃ ശരീരിണഃ
അനാശിനോപ്രമേയസ്യ തസ്മാദ്യുദ്ധ്വസ്വ ഭാരത

നിത്യനെന്നു പറയപ്പെടുന്നവനും ശരീരമെന്ന ഉപാധി സ്വീകരിച്ചവനും അനാശിയും അപ്രമേയനുമായ ഈ ആത്മാവിന്റെ ഉപാധിയായ ദേഹത്തിന് അന്ത്യമുണ്ട്. ഇന്നല്ലെങ്കിൽ നാളെ ശരീരം മരണത്തിനു വിധേയമാകും. അതിനാൽ ബ്രഹ്മവിദ്യാനിരതനായ ഹേ, ഭാരതാ, നീ നിന്റെ ജീവിതായോധനത്തിന് ഒരുങ്ങുക. ശരീരം വീണുപോകും മുമ്പോ , സ്വധർമ്മം അനുഷ്ഠിക്കുക.

ശ്ലോകം 19. യ ഏനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതം
ഉഭൌ തൌ ന വിജാനീതോ നായം ഹന്തി ന ഹന്യതേ
ആരാണോ എന്നെ (ആത്മാവിനെ) കൊല്ലുന്നവനെന്ന് വിചാരിക്കുന്ന ത്, ആരാണോ എന്നെ (ആത്മാവിനെ) കൊല്ലപ്പെടുന്നവനെന്ന് ധരി ക്കുന്നത് ആ രണ്ടുപേരും വാസ്തവം അറിയാത്തവരാണ്. ഞാൻ (ആത്മാവ്) കൊല്ലുന്നുമില്ല, കൊല്ലപ്പെടുന്നുമില്ല. മാം ഹിംസ്യാത് സർവ്വഭൂതാനി എന്നാണ് വേദോക്തി. സർവ്വഭൂതങ്ങളേയും ഹിംസി ക്കരുത് എന്ന വേദവാക്യമാണ് ഗീതയുടേയും സന്ദേശം. ഗീത ഹിം സക്ക് പ്രേരിപ്പിക്കുകയല്ല ചെയ്യുന്നത്. കൊല്ലുന്നവനും കൊല്ലപ്പെടുന്ന വനുമല്ല ആത്മാവെന്നു പറയുമ്പോൾ സർവ്വഭൂതങ്ങളിലുമുള്ള ആത്മ ചൈതന്യത്തെ നശിപ്പിക്കാനാവില്ല എന്ന സന്ദേശമാണ് തരുന്നത്. ആത്മാവ് അമൃതമാണ്, അതിനെ കൊല്ലാനാവില്ല. ആത്മാവ് നിഷ്ക്രിയമാണ്, അതിനു കൊല്ലാനും സാദ്ധ്യമല്ല. അമൃതവും നിഷ്ക്രിയവുമായ ഒന്നിനെ കൊല്ലുന്നവൻ ,കൊല്ലപ്പെടുന്നവൻ എന്ന് വിളിക്കുന്നത് അജ്ഞതയാണ്.

ശ്ലോകം 20
ന ജായതേ മ്രിയതേ വാ കദാചിത്
നായം ഭൂത്വാ ഭവിതാ വാ ന ഭൂയം
അജോ നിത്യഃ ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ
ഞാൻ ജനിക്കുന്നില്ല,മരിക്കുന്നുമില്ല. ഒരിക്കൽ ഉണ്ടാവുകയും പിന്നീ ടൊരിക്കൽ ഇല്ലാതായിത്തീരുകയും ചെയ്യുന്നില്ല. ജനനമില്ലാത്ത അജ നും അവസാനമില്ലാത്ത നിത്യനും ശാശ്വതനും പണ്ടേക്കു പണ്ടേ

ഉള്ള പുരാണനും ഞാനാണ്. ശരീരം ഹനിക്കപ്പെടുമ്പോഴും ഞാന് ഹനിക്കപ്പെടുന്നില്ല. ശരീരത്തിൽനിന്ന് ഗുണങ്ങളാല് വിഭിന്നനാണ് ചിരപുരാതനമായ ആത്മാവ്. ശാശ്വതസത്തയാണ് പ്രതിപാദ്യവിഷയം. ജനനമരണങ്ങളില്ലാത്ത നിത്യമുക്തമായ പുരാണപുരുഷനാണ് ഞാനെന്നും സാധാരണ രീതിയിൽ വ്യവഹരിക്കപ്പെടുന്ന ജനിമൃതി ചക്രത്തിൽ പെട്ട് നട്ടം തിരിയുന്ന ജീവാത്മാവല്ലെന്നും ഗ്രഹിക്കണം. സ്ഥിതപ്രജ്ഞനായ ആത്മജ്ഞാനിയുടെ വിഭൂതികൾ ബ്രഹ്മലക്ഷണങ്ങൾ തന്നെ. നരനേയും നാരായണനേയും വേർതിരിക്കുന്നത് പരമപുരുഷാർത്ഥമായ ബ്രഹ്മജ്ഞാനമത്രെ. ബ്രഹ്മജ്ഞാനിക്ക് ഹിംസ ചെയ്യാൻ കഴിയുമോ. അടുത്ത ശ്ലോകത്തിൽ അതിന്നുത്തരം തരുന്നു. ശരീരം മൃണ്മയമാണെന്നു കരുതുന്നവരെല്ലാം ഹിംസക്ക് പ്രേരിപ്പിക്കുന്നവരാണെന്ന വാദമുഖത്തിനുള്ള മറുചോദ്യമാണിത്.

ശ്ലോകം 21
വേദാവിനാശിനം നിത്യം യ എനമജമവ്യയം
കഥം സ പുരുഷഃ പാർത്ഥ, കം ഘാതയതി ഹന്തി കം
അജനും അവ്യയനും നിത്യനും അവിനാശിയുമായി ഏതൊരാൾ ആത്മാവിനെ അറിയുന്നുവോ അയാൾ ആരെ എങ്ങനെ കൊല്ലിക്കാനാണ്, ആരെ കൊല്ലാനാണ്. ഇദം സർവ്വം ആത്മം എന്ന് സാക്ഷാത്കരിച്ച ഒരാൾ, ആത്മാവിന്റെ വിഭൂതികൾ അറിഞ്ഞ ഒരാൾ, എങ്ങും നിറഞ്ഞ ആത്മാവിന് നാശമില്ലെന്നറിഞ്ഞയാൾ ആരെ എങ്ങനെ കൊല്ലിക്കും. ആരെ കൊല്ലും. ശരീരമാണ് ഞാനെന്നു കരുതുന്നവനു മാത്രമേ നീ ഒരു ശരീരമാണ് എന്നും ഞാൻ നിന്നെ കൊല്ലുമെന്നും പറയാൻ കഴിയൂ. അഭേദമായ ആത്മചൈതന്യം സർവ്വത്ര ദർശിക്കുന്നവൻ ശരീരത്തെ കൊല്ലുന്നതിലെ മൂഢത്വം ഗ്രഹിക്കുന്നു. അയാൾ ഹിംസിക്കുകയില്ല. ഹിംസിക്കാൻ പ്രേരിപ്പിക്കയുമില്ല. ശരീരം മൃണ്മയമെന്നു പറയുന്ന ദർശനങ്ങൾ ഹിംസ മാത്രം ചെയ്യുന്നു എന്ന വാദമുഖത്തെ ഈ ശ്ലോകത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധിക്കുക. മൃണ്മയമായ ഈ ശരീരത്തെ ദേഹി തന്റെ ഉപാധിയാക്കിയിരിക്കയാൽ ശരീരത്തിനകത്തും പുറത്തും ആത്മാവല്ലാതെ മറ്റൊന്നും അദ്വൈതി കാണുന്നില്ല. അതിനാൽ ഹിംസയെക്കുറിച്ച് ആലോചിക്കാനും കൂടി അദ്വൈതിക്ക് സാധിക്കയില്ല.

ശ്ലോകം 22
വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹി

മനുഷ്യർ എപ്രകാരം ജീർണ്ണിച്ച വസ്ത്രങ്ങളെ ഉപേക്ഷിച്ചിട്ട് പുതിയ വസ്ത്രങ്ങളെ സ്വീകരിക്കുന്നുവോ , അപ്രകാരം ദേഹി ജീർണ്ണിച്ച ശരീരങ്ങളെ ഉപേക്ഷിച്ച് പുതിയ ശരീരങ്ങളെ സ്വീകരിക്കുന്നു. പുനർജന്മവാദത്തെ അതിമനോഹരമായ ഒരുപമയിലൂടെ ചിത്രീകരിക്കു

ന്നു. പഴയ സാരി മാറ്റി പുതിയതു ധരിക്കുന്നതുകൊണ്ട് ഞാൻ ഞാനല്ലാതാവുന്നില്ല. പുതുമ,പഴമ,ജീർണ്ണാവസ്ഥ, ഉപയോഗശൂന്യത ഇവ നശ്വരമായ ശരീരത്തിനും വസ്ത്രത്തിനും ഉണ്ട്. അവയെ ഉപയോഗിക്കുന്ന ഞാൻ മാറാതെ നിൽക്കുന്നു. ചിദ്രൂപമായ ആത്മാവിന് മാറ്റമില്ല. യാതൊരു വികാരവും കൂടാതെ ജീർണ്ണിച്ച വസ്ത്രം പോലെ ശരീരത്തെ അത് മാറ്റുന്നു. എത്ര വസ്ത്രം ഉപേക്ഷിച്ചു എന്ന ഓർമ്മ എനിക്കുണ്ടെങ്കിൽ ഞാൻ നാരായണനായി. ഓർമ്മ ഇല്ലാത്തപക്ഷം നരനും.

ബുദ്ധമതം ഉൾപ്പെടെയുള്ള ഭാരതീയസിദ്ധാന്തങ്ങളിലൊക്കെയും ശക്തമായ രീതിയിൽ അവതരിപ്പിക്കുന്ന ഒന്നാണ് പുനർജന്മസിദ്ധാന്തം. പുനർജന്മവും അതിന്റെ ഓർമ്മയും ചിലപ്പതികാരത്തിലും മണിമേഖലയിലും മുഖ്യധാരകളായി വരുന്ന വിഷയങ്ങളാണ്. യോഗവാസിഷ്ഠവും പുനർജന്മസിദ്ധാന്തത്തെ വർണ്ണിക്കുന്നുണ്ട്. ഉപനിഷത്തുകൾ ഇങ്ങനെ പറയുന്നു.

കേശാഗ്രശതഭാഗസ്യ ശതാംശസദൃശാത്മകഃ
ജീവസൂക്ഷ്മസ്വരൂപോയം സംഖ്യാതീതോ ഹി ചിത്കണഃ

ഒരു മുടിത്തുമ്പിനെ 10000 സമഭാഗമായി വിഭജിക്കുക. അതിന്റെ ഒരംശം മാത്രം വലിപ്പമുള്ള സംഖ്യാതീതമായ ചിത്കണങ്ങൾ സൂക്ഷ്മസ്വരൂപമായ ജീവാത്മാക്കളായിട്ടുണ്ട്. വിഷ്ണു കേശവനെന്നു വിളിക്കപ്പെടുന്നത് ഇത്തരം സൂക്ഷ്മജീവചിത് കണങ്ങളുടെ കേശസമൂഹത്തെ തന്നിൽനിന്ന് പ്രവഹിപ്പിക്കുന്നതിനാലാണ്. ആത്മജ്യോതിസ്സിന്റെ ഈ രശ്മികളാണ് പ്രജ്ഞയായി ശരീരമാർജ്ജിക്കുന്നതും ശരീരത്തിൽ കുടി കൊള്ളുന്നതും. പ്രജ്ഞ ഭൌതികമായ ഒന്നല്ല. ചിത്കണമാണ്. ഊർജ്ജമാണ്,ആത്മാവാണ്. അതു നഷ്ടപ്പെടുമ്പോൾ ശരീരം മൃതപ്രായമാവുന്നു. ശരീരം ജീർണ്ണിക്കുമ്പോൾ ആത്മാവ് അതിനെ ഉപേക്ഷിക്കുന്നു. തനിക്ക് അനുയോജ്യമായ പുതിയവസ്ത്രം നെയ്തെടുക്കാനായി പുതിയ ഗർഭപാത്രത്തിലേക്ക് പ്രവേശിക്കുന്നു. ജീർണ്ണഇച്ച വസ്ത്രത്തിന്മേൽത്തന്നെ കടിച്ചുതൂങ്ങിക്കിടക്കാൻ ആത്മാവ് തയ്യാറാവുന്നില്ല. മരണം അതിനാൽ ആത്മാവിനെ സംബന്ധിച്ചിടത്തോളം ഒരു മോചനമാണ്. ഇതെല്ലാം കാലമൃത്യുവിനെക്കുറിച്ച് നമുക്ക് പറയാം. അകാലമൃത്യുവിനെ എങ്ങനെ ഈ ന്യായം കൊണ്ട് വിശദീകരിക്കാം. ശരീരം ജീർണ്ണിക്കുന്നതിനു മുമ്പേ ആത്മാവ് അതിനെ ഉപേക്ഷിക്കുന്നതാണല്ലോ അകാലമൃത്യു. അതിനാൽ ജീർണ്ണിച്ച വസ്ത്രം ഉപേക്ഷിക്കുന്ന ഉപമ അവിടെ ചേരുകയില്ല. ചില പെൺകുട്ടികൾ നാലു ദിവസം ഉടുക്കുമ്പോളേക്കും സാരി മടുത്ത്അത് ഉപേക്ഷിച്ച് പുതിയത് വാങ്ങുന്നു. അവളുടെ വസ്ത്രത്തിന്റെ പഴമ നിശ്ചയിക്കുന്നത് അവളാണ്, നമ്മളല്ല. എനിക്ക് പുതിയതെന്ന് തോന്നുന്ന വസ്ത്രം അവൾക്ക് പഴയതായി തോന്നുന്നു. ദേഹിയാണ് ഈ ദേഹം കൊണ്ട് ഉള്ള ഉപയോഗം തീർന്നുവോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത്. അകാലമൃത്യുവിനെ ഇങ്ങനെ വ്യാഖ്യാനിക്കാം. ചിന്മയാനന്ദന്റെ ഗീതാഭാഷ്യം നോക്കുക

ശ്ലോകം 23.

നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ

ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ
ശസ്ത്രങ്ങൾക്ക് (ആയുധങ്ങൾക്ക്) എന്നെ മുറിപ്പെടുത്താനാവില്ല. അഗ്നിക്ക് എന്നെ ദഹിപ്പിക്കാനാവില്ല. ജലത്തിന് എന്നെ നനക്കാനാവില്ല. മാരുതന് എന്നെ ഉണക്കി ശോഷിപ്പിക്കാനുമാവില്ല. ശരീരത്തിനെ മുറിവേൽപ്പിക്കാനും ദഹിപ്പിക്കാനും നനക്കാനും ഉണക്കി ശോഷിപ്പിക്കാനും പ്രകൃതിയിലെ ഇവക്ക് കഴിയും. ആത്മാവ് അവക്ക് അപ്രാപ്യമാണ്. വിജ്ഞാനഘനരൂപമായ ആത്മാവാണ് താനെന്ന് സ്വയം അറിയുന്നവനായ ആത്മജ്ഞാനിയെ ഇവക്ക് നശിപ്പിക്കാനാവില്ല. കാരണം, ആത്മജന്യവും ആത്മനിഷ്ഠവും ശരീരത്തിനില്ലാത്തതുമായ ഗുണങ്ങളാണ് ആത്മജ്ഞാനിയിൽ പ്രകടമായി കാണുക. ശരീരത്തിന്റെ ജരാനരകളോ രോഗമോ ജ്ഞാനിയിൽ പ്രകടമാവുകയില്ല. ചിദ്രൂപമായ അമൃതത്വകേന്ദ്രത്തിൽ അഭയം തേടിയ ആത്മജ്ഞാനിയുടെ വാക്കുകളാണിവ. നാരായണനുമായി തന്മയീഭവിച്ച നരന്റെ വാക്കുകളെന്ന് പറയാം.

ശ്ലോകം 24
അച്ഛേദ്യോയമദാഹ്യോയം അക്ലേദ്യോശോഷ്യ ഏവ ച
നിത്യഃസർവ്വഗതഃസ്ഥാണുരചലോയം സനാതനഃ
23ആം ശ്ലോകത്തിൽ പറഞ്ഞതെല്ലാം ഒന്നുകൂടി അടിവരയിട്ടുറപ്പിച്ച് പറയുകയാണ് ആദ്യത്തെ രണ്ടുവരികളിൽ. ഞാൻ അച്ഛേദ്യനാണ്, അദാഹ്യനാണ്, അക്ലേദ്യനാണ് അശോഷ്യനുമാണ്. ആയുധങ്ങളാൽ ഛേദിക്കാൻ കഴിയാത്തതിനാൽ അച്ഛേദ്യൻ. അഗ്നിക്ക് ദഹിപ്പിക്കാനാവാത്തതിനാൽ അദാഹ്യൻ. ആപസ്സിന് നനക്കാനാവാത്തതിനാൽ അക്ലേദ്യൻ. വായുവിന് ശോഷിപ്പിക്കാൻ കഴിയാത്തതിനാൽ അശോഷ്യൻ. ഞാൻ നിത്യനും വായുവെപ്പോലെ സർവ്വഗതനുമായ സർവ്വശക്തനാണ്. സ്ഥാണുവും അചലനും സനാതനവുമാണ് എന്ന് ജ്ഞാനി തീർത്തുപറയുന്നു. വൈരുദ്ധ്യാത്മകഭൌതികവാദിയുടെ ഞാൻ ശരീരമാണെന്ന തീരുമാനത്തിന് കടകവിരുദ്ധമാണ് ജ്ഞാനിയുടെ നിലപാട്. ഞാൻ ആത്മാവാണ്, ആത്മാവല്ലാതെ മറ്റൊന്നുമല്ല എന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ആത്മാവിന് ശരീരത്തിൽനിന്നുള്ള വ്യത്യാസങ്ങൾ എടുത്തുപറയുകയും ചെയ്യുന്നു. ശരീരം അനിത്യവും ചഞ്ചലവും ക്ഷണികവുമാണ്. അതിന് സർവ്വഗതമാവാൻ വയ്യ.
കാൾയുങ്ങ് മുതലായ മനശ്ശാസ്ത്രജ്ഞരുടെ പഠനങ്ങൾ കലക്ടീവ് കോൺഷ്യസ്നസ്, ആർക്കിടൈപ്പുകൾ എന്നിവയിലൂടെ മനുഷ്യന്റെ സമഷ്ടിബോധത്തെ കണ്ടെത്തുന്നു. ഒരു വ്യക്തിക്ക് ഏതാനും വർഷങ്ങൾ മാത്രമുള്ള മനുഷ്യായുസ്സിലൂടെ ശരീരം കൊണ്ടുമാത്രം നേടിയെടുക്കാവുന്ന ആനുഭവികജ്ഞാനത്തിന്റെ പിടിയിലൊതുങ്ങാത്ത ജ്ഞാനവും ബോധവും അയാളിൽ ദർശനമായി വന്നുദിക്കുന്നതിനെ കുറിച്ച് നിരവധി പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഞാൻ സർവ്വഗതനായ ആത്മാവാണ് എന്ന് തന്റെ സമഷ്ടിബോധത്തെ ഊന്നിപ്പറഞ്ഞ കൃഷ്ണന്റെ ഗീതക്ക് ഏറെ പ്രസക്തിയുണ്ട്. കുടം ഉടഞ്ഞാലും കുടത്തിലെ ആകാശം നശിക്കാത്തതുപോലെ ശരീരം നശിച്ചാലും അതിൽ വ്യാപിച്ച ഊർജ്ജമെന്ന ആത്മാവ് നശിക്കുന്നില്ല.

ശ്ലോകം 25
അവ്യക്തോയമചിന്ത്യോയം അവികാര്യോയമുച്യതേ
അസ്മാദേവം വിദിത്വൈനം നാനുശോചിതുമർഹസി
ഞാൻ ഇന്ദ്രിയങ്ങൾക്ക് വ്യക്തമായി കാണാൻ സാധിക്കാത്തവനാകയാൽ അവ്യക്തനെന്നും മനോബുദ്ധികൾക്ക് ചിന്തിച്ചറിയാൻ സാധിക്കാത്തവനാകയാൽ അചിന്ത്യനെന്നും വികാരാനുഭവത്തിനുള്ള അംഗങ്ങളില്ലാത്തതിനാൽ അവികാരിയെന്നും പറയപ്പെടുന്നു. അങ്ങനെയുള്ള എന്നെ അറിയുന്ന പക്ഷം നീ ശരീരത്തിന്റെ മരണത്തെച്ചൊല്ലി ഇങ്ങനെ ദുഃഖിക്കയില്ല. ആത്മീയവാദിയുടെ വാദമുഖങ്ങളാണ് 11 മുതൽ 25 ശ്ലോകം വരെ നാം കാണുന്നത്. അർജ്ജുനൻ ഞാൻ ശരീരമാണെന്നു വിശ്വസിക്കുന്ന ഭൌതികവാദികളുടെ കൂട്ടത്തിലാകയാൽ 26ആം ശ്ലോകം മുതൽ ശരീരമാണെന്നു കരുതുന്ന പക്ഷവും നീ ദുഃഖിക്കേണ്ടതില്ല എന്നു പറയുന്നു. തികച്ചും ഭൌതികമായ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാലും മരണത്തിൽ അനുശോചിക്കാനില്ല.

ശ്ലോകം 26
അഥ ചൈനം നിത്യജാതം നിത്യം വാ മനുസേമൃതം
തഥാപി ത്വം മഹാബാഹോ നൈവം ശോചിതുമർഹസി
അല്ലെങ്കിൽ, ഈ ആത്മാവനെ നിത്യം ജനിക്കയും മരിക്കയും ചെയ്യുന്ന ശരീരമാണെന്ന് നീ കരുതുന്നുവെന്നു തന്നെയിരിക്കട്ടെ. എന്നാൽപ്പോലും ഹേ, മഹാബാഹോ, ജനനമരണങ്ങൽ സ്വാഭാവികപ്രക്രിയയാണ് എന്ന് അറിവുള്ള നീ ദുഃഖിക്കാൻ യാതൊരവകാശവുമില്ലല്ലോ. ജനനമരണങ്ങൾ ഭൌതികവസ്തുക്കളുടെ സ്വാഭാവികപ്രക്രിയയാണ്. സ്വഭാവമാണ്. ഒരു വസ്തു അതിന്റെ സ്വഭാവം കാണിക്കുന്നതിൽ വസ്തുസ്വഭാവം ഗ്രഹിച്ചവനായ ശാസ്ത്രജ്ഞൻ അനുശോചിക്കാറുണ്ടോ. ഭൌതികവാദികൾ തങ്ങൾ ശാസ്ത്രജ്ഞരാണ് എന്ന് അഭിമാനിക്കുന്നവരാണ്. ആത്മീയവാദികളെല്ലാം അശാസ്ത്രീയമായി ചിന്തിക്കുന്നവരാണെന്ന് അവർ കരുതുകയും ചെയ്യുന്നു. വസ്തുസ്വഭാവം പഠിക്കുന്നത് ശാസ്ത്രരീതിയാണ്. ജനനമരണങ്ങൾ ശരീരത്തിന്റെ വസ്തുസ്വഭാവമാണ് എന്ന് നിർണ്ണയിച്ചുകഴിഞ്ഞ ശാസ്ത്രജ്ഞന് ആ വസ്തുസ്വഭാവത്തെച്ചൊല്ലി ദുഃഖിക്കേണ്ട ആവശ്യമുണ്ടോ. 17 മുതൽ 25ആം ശ്ലോകം വരെ ഞാനെന്ന് ആത്മാവിനെ പ്രതിനിധീകരിച്ച് പറയുമ്പോൾ ഭഗവാൻ ഞാനെന്ന പദം കൊണ്ട് സ്വന്തം ആത്മാവിനേയും അർജ്ജുനന്റെ ആത്മാവിനേയും സൂചിപ്പിക്കുന്നു. അദ്വൈതഭൂമികയിൽനിന്നുകൊണ്ടാണവിടെ ഞാനെന്ന് പറയുന്നത്. 26ആം ശ്ലോകത്തിലെത്തുമ്പോൾ അദ്വൈതഭൂമികയിൽനിന്ന് ഭൌതികവാദത്തിന്റെ ദ്വന്ദ്വാത്മകതയിലേക്ക് പ്രവേശിക്കുന്നു. അതിനാലിവിടെ, ഞാനെന്നല്ല നീയെന്നാണ് പ്രയോഗം. ഉൽപ്പത്തി,സ്ഥിതി,നാശം എന്ന മൂന്നവസ്ഥകൾ സർവ്വഭൌതികവസ്തുക്കൾക്കും ജീവജാലങ്ങൾക്കും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നതറിഞ്ഞ യഥാർത്ഥശാസ്ത്രജ്ഞൻ ഈ മൂന്നവസ്ഥകളോട് നിർവ്വികാരത പുലർത്തേണ്ടതല്ലേ , അനുശോചിക്കാമോ എന്നാണ് ചോദ്യം.

ശ്ലോകം 27

ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മമൃതസ്യ ച
തസ്മാദപരിഹാര്യേർത്ഥേ ന ത്വം ശോചിസുമർഹസി
ജനിച്ചതിനെല്ലാം മൃത്യു സുനിശ്ചിതമാണ്. മരിച്ചതിനെല്ലാം ജന്മവും സുനിശ്ചിതമാണ്. അപരിഹാര്യമായ ഈ കാര്യത്തെച്ചൊല്ലി ദുഃഖിച്ചിട്ട് എന്തു കാര്യം. പകലിന്റെ പിന്നാലെ രാത്രി വരും, രാത്രിയുടെ പിന്നാലെ പകലും. അപരിഹാര്യമായ ഈ സ്വാഭാവികപ്രക്രിയയെ ചൊല്ലി വിഷാദാത്മകനായിട്ട് എന്തു പ്രയോജനം. പ്രസാദാത്മകത്വത്തിന്റെ സന്ദേശമാണ് ഇവിടെ ഗീത നൽകുന്നത്. ലോകത്തിൽ എത്രയോ ആളുകളുണ്ട് നശിച്ചുപോകുന്ന ഈ ശരീരത്തെച്ചൊല്ലി അനുദിനം ക്ലേശങ്ങൾ സഹിക്കുന്നവരായിട്ട്. നാളെ ഈ ശരീരത്തിനെന്തു സംഭവിക്കും, ഇതിനെ എന്തെല്ലാം രോഗങ്ങൾ ബാധിക്കും, അവയെ എങ്ങനെയെല്ലാം ചികിത്സിച്ച് ഭേദമാക്കാൻ കഴിയും, രോഗം കൊണ്ട് ഈ ശരീരം ജീർണ്ണിക്കുന്ന പക്ഷം ഇതിനെ ആരു ശുശ്രൂഷിക്കും, ഇതിനു നാശം വന്നാലെന്തു ചെയ്യും എന്നെല്ലാം അനുനിമിഷം ചിന്തിച്ചുചിന്തിച്ച് ജീവിതത്തെ നരകമാക്കിത്തീർക്കുന്നവർക്ക് പ്രസാദാത്മകത്വത്തിന്റെ മധുരസന്ദേശവുമായിട്ടാണ് കൃഷ്ണഗീത വരുന്നത്. ചിത്തപ്രസാദം യോഗിയുടെ ലക്ഷണമാണ്. സ്ഥിതപ്രജ്ഞന്റെ ലക്ഷണമാണ്. പ്രസാദപൂർവ്വം ചുണ്ടിൽ മന്ദഹാസവും ഹൃദയത്തിൽ ആനന്ദവും ബുദ്ധിയിൽ ബോധപ്രകാശവുമായി കൃഷ്ണൻ സാധാരണ മനുഷ്യരുടെ വിഷാദാത്മകമായ ജീവിതത്തിന്റെ പടിവാതിലിൽവന്ന് പ്രേമപൂർവ്വം മുട്ടിവിളിക്കുന്നു. ശരീരത്തിന്റെ മോഹവലയത്തിൽ കിടന്നു വീർപ്പു മുട്ടുന്ന വിഷാദാത്മകർ ആ പ്രസാദാത്മകന്റെ വിളി കേൾക്കുന്നുണ്ടോ . പരിഹരിക്കാനാവാത്ത സ്വാഭാവികപ്രക്രിയയെ ച്ചൊല്ലിയുള്ള അർത്ഥമില്ലാത്ത ആവലാതി നിർത്തുന്നുണ്ടോ. സംശയമാണ്. പ്രസാദാത്മകൻ വിഷാദാത്മകന് തന്റെ ബോധപ്രകാശം നൽകാൻ ശ്രമിച്ചുകൊണ്ടേ ഇരിക്കും. വിഷാദാത്മകൻ അത് ശ്രദ്ധിക്കാതെ വിഷാദിച്ചുകൊണ്ടോ ഇരിക്കും. അതും അപരിഹാര്യമായ ഒരു പ്രകൃതിനിയമം മാത്രമാണ്. അതിൽ പ്രസാദാത്മകന് ദുഃഖമില്ല .

ശ്ലോകം 28
അവ്യക്താദീനി ഭൂതാനി വ്യക്തമദ്ധ്യാനി ഭാരത
അവ്യക്തനിധനാന്യേവ തത്ര കാ പരിദേവനാ
ശരീരം മുതലായ ഭൂതങ്ങൾ അവ്യക്തത്തിൽനിന്ന് ഒരാദി(ജനനം)യോടുകൂടി ആവിർഭവിക്കുന്നു.ജന്മമാകുന്ന മദ്ധ്യഭാഗത്തിൽ മാത്രം വ്യക്തമായിരിക്കുന്നു. ഒടുവിൽ അവ്യക്തമായ മൃത്യുവിൽത്തന്നെ ചെന്നുചേരുന്നു. ശരീരത്തിന് ആദിമദ്ധ്യാന്തങ്ങളുണ്ട്. ആദിയും അന്തവും അവ്യക്തമാണ്. മദ്ധ്യം ഒന്നുമാത്രമേ വ്യക്തമായി കാണുന്നുള്ളു. ഇത് അറിയാമെന്നിരിക്കെ, ബ്രഹ്മവിദ്യാനിരതനായ ഹേ, ഭാരതാ, പിന്നെയും എന്തിനാണ് ആവലാതിപ്പെടുന്നത്. 25ആം ശ്ലോകത്തിൽ അവ്യക്തോയം എന്ന് പറഞ്ഞിട്ടുണ്ട്. അവ്യക്തമായ എന്നിൽ വിലയിക്കയും മദ്ധ്യഭാഗത്തുമാത്രം വ്യക്തമാകുന്ന (കുമിളകളെപ്പോലെയുള്ള രൂപങ്ങളെടുക്കുന്ന) ശരീരത്തോടുകൂടിയവയുമായ ഭൂതഗണങ്ങളുടെ പരമാർത്ഥസ്വഭാവം പ്രസാദാത്മകനായ ഭഗവാൻ വിഷാദാത്മകനായ അർജ്ജുനന് വ്യക്തമാക്കിക്കൊടുക്കുന്നു.

ശ്ലോകം 29
ആശ്ചര്യവത് പശ്യതി കശ്ചിദേന-
മാശ്ചര്യവദ് വദതി തഥൈവ ചാന്യ
ആശ്ചര്യവച്ചൈനമന്യഃശ്രുണോതി
ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്
ഒരാൾ ആശ്ചര്യകരമായ ഒന്നെന്ന് ഇതിനെ ദർശിക്കുന്നു. ഒരാൾ ആശ്ചര്യകരമായ ഇതിനെക്കുറിച്ച് പ്രഭാഷണംചെയ്യുന്നു.മറ്റൊരാൾ എന്തൊരാശ്ചര്യമെന്ന് അതിനെ കേട്ടിരിക്കാൻ താൽപ്പര്യപ്പെടുന്നു. എന്നിട്ടും എന്തൊരാശ്ചര്യം. ഇതിനെ ആരുംതന്നെ അറിയുന്നില്ല. ആത്മദർശനം അഥവാ ബ്രഹ്മാനുഭൂതി, ആ അനുഭൂതി ഉണ്ടായ വ്യക്തിക്ക് ആശ്ചര്യകരമായ ഒരനുഭവമാണ്. ഈ ദർശനം എനിക്കെങ്ങനെയുണ്ടായെന്ന് ഞാൻ അത്ഭുതം കൂറുന്നു. അത്ഭുതകരമായ ആ ദർശനത്തെക്കുറിച്ച് ഞാൻ എഴുതുന്നു, പ്രഭാഷണം ചെയ്യുന്നു. വായിച്ചവരും കേട്ടവരും എന്തൊരാശ്ചര്യകരമായ കഴിവ് എന്ന് അത്ഭുതം കൂറുന്നു. ദർശിച്ചവനും പ്രഭാഷണം ചെയ്തവനും കേട്ടവനും ആശ്ചര്യകരമായ ബ്രഹ്മത്തെക്കുറിച്ച് പൂർണ്ണമായി അറിഞ്ഞിട്ടില്ല എന്ന ആശ്ചര്യകരമായ വസ്തുത അപ്പോഴും അവശേഷിക്കുകയും ചെയ്യുന്നു.ബ്രഹ്മാനുഭൂതി ഉണ്ടായവന്റെ എണ്ണം വിരലിലെണ്ണാവുന്നത്ര ദുർല്ലഭമാണ്. ആ അനുഭൂതിയെക്കുറിച്ച് കേൾക്കാനും അറിയാനും ഇഷ്ടപ്പെടുന്നവന്റെ എണ്ണവും തഥൈവ. അതിനേക്കാൾ സുദുർല്ലഭം ബ്രഹ്മത്തെ പൂർണ്ണമായി അറിഞ്ഞവന്റെ സംഖ്യ. ബ്രഹ്മത്തെ അറിഞ്ഞ ഒരാൾ തീരെ ഇല്ല എന്നു പറയുന്നതാവും ശരി. അറിഞ്ഞു എന്നു പറയുന്നവർപോലും അതിനെ ശരിക്കറിഞ്ഞിട്ടില്ല. ഇങ്ങനെയിരിക്കെ ബ്രഹ്മദർശനത്തെക്കുറിച്ച് പ്രഭാഷണം ചെയ്യുന്ന ഗീതാകാരനും അതുകേൾക്കാനായി താൽപ്പര്യത്തോടെ ഇരിക്കുന്ന അർജ്ജുനനും ദുർല്ലഭവും ആശ്ചര്യകരവുമായ പ്രതിഭാസമാണെന്ന് മനസ്സിലാക്കണം.

ശ്ലോകം 30
ദേഹീ നിത്യം അവദ്ധ്യോയം ദേഹേ സർവ്വസ്യ ഭാരത
തസ്മാത് സർവ്വാണി ഭൂതാനി ന ത്വം ശോച്യതുമർഹസി

സർവ്വദേഹങ്ങളിലും നിത്യനായ ദേഹിയുണ്ട്. അത് അവദ്ധ്യമാണ്. അതിസൂക്ഷ്മമായ ജീവാണുവിലും പെരുകൂറ്റൻ വടവൃക്ഷത്തിലും പക്,ിമൃഗാദികളിലും മനുഷ്യനിലും നിത്യമായ ദേഹി സർവ്വത്ര വ്യാപിച്ചിരിക്കുന്നു. സർവ്വഭൂതങ്ങളുടേയും മരണത്തെക്കുറിച്ചോ ബന്ധുമിത്രാദികളുടെ മരണത്തെക്കുറിച്ചോ വ്യാകുലപ്പെടേണ്ട എന്ന് പറയുന്നത് ആ ദേഹി ്വധ്യനായതു കൊണ്ടാണ്. ഭീഷ്മദ്രോണാദികളെ വധിക്കേണ്ടിവരുമെന്നോർത്താണ് അർജ്ജുനന്റെ വ്യാകുലത. അദ്ദേഹത്തെ സ്വധർമ്മനിരതനാക്കാനാണ് ഭഗവാൻ യുക്തിപൂർവ്വം സംസാരിക്കുന്നത്. ഇവിടെ , ഹിംസക്കല്ല, സ്വധർമ്മനിർവ്വഹണത്തിനാണ് മുൻതൂക്കമെന്ന് 31ആം ശ്ലോകത്തിലെ സ്വധർമ്മത്തെ ഊന്നിപ്പറയുന്ന വാക്കുകളിൽനിന്ന് മനസ്സിലാക്കണം.

ശ്ലോകം 31
സ്വധർമ്മമപി ചാവേക്ഷ്യ ന വികമ്പിതുമർഹസി
ധർമ്മ്യാദ്ധിയുദ്ധാത് ശ്രേയോന്യത് ക്ഷത്രിയസ്യ ന വിദ്യതേ
ഇനി ഇതൊക്കെ പോകട്ടെ. യുദ്ധം ക്ഷത്രിയനായ നിന്റെ സ്വധർമ്മമാണ്. നീ അതാലോചിച്ച് വികമ്പനം കൊള്ളാൻ പാടില്ല. ധർമ്മത്തിൽനിന്ന് വ്യതിചലിക്കാത്ത യുദ്ധമാണ് ക്ഷത്രിയന്ന് ശ്രേയസ്സ്,മറ്റൊന്നുമല്ല. വർണ്ണാശ്രമധർമ്മപ്രകാരം ക്ഷത്രിയൻ ക്ഷത്രങ്ങളിൽനിന്ന് ഭൂമിയേയും പ്രജകളേയും പാലിക്കുന്ന ക്ഷേത്രപാലകനാണ്.പ്രജകൾക്കോ ഭൂമിക്കോ ശത്രുക്കളിൽനിന്ന് ക്ഷതം പറ്റുമെന്നു കണ്ടാൽ ആയുധപാണിയായി യുദ്ധം ചെയ്തേ മതിയാവൂ. ഇന്നും എന്നും ലോകനിയമമാണത്. ചൈനയോ പാക്കിസ്ഥാനോ മറ്റേതെങ്കിലും അതിർത്തിരാഷ്ട്ര ങ്ങളോ ഇന്ത്യയുടെ ഭൂഭാഗത്ത് കയറിക്കൂടാൻ വന്നാൽ ഇന്ത്യൻ പട്ടാളം ആയുധമേന്തി യുദ്ധം ചെയ്തല്ലേ മതിയാവൂ.എല്ലാ രാഷ്ട്രങ്ങളിലുമുണ്ട് അതിർത്തിസംരക്ഷണത്തിനായി ഒരു സേനയും അതിന്ന് ഒരു തലവനും. അവരെല്ലാം പാലിക്കുന്നത് ക്ഷത്രിയധർമ്മമാണ്.
കുരുപാണ്ഡവയുദ്ധത്തിൽ തങ്ങളുടെ രാജ്യത്തിനും പ്രജകൾക്കും പത്നിക്കും നേരിട്ട അപമാനത്തിന് ചെറുത്തുനിന്ന് തോൽപ്പിക്കേണ്ട ധർമ്മമുണ്ട് അർജ്ജുനന്. അതിനദ്ദേഹം പ്രതിജ്ഞാബദ്ധനുമാണ്. ഒരു തത്വചിന്തയും ഇല്ലെങ്കിലും ആത്മാവിനേയും ശരീരത്തേയും കുറിച്ച് ദർശനങ്ങളൊന്നും അറിയില്ലെങ്കിലും , സ്വധർമ്മത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ അർജ്ജുനന് അർഹതയില്ല. ധർമ്മയുദ്ധം ക്ഷത്രിയന് ശ്രേയസ്കരമാണ്. പ്രേയസ്സിനുള്ളതല്ല. ക്ഷത്രിയൻ സ്വധർമ്മം അനുഷ്ഠിക്കുന്നത് ഭൂമിയും ധനവും (പ്രേയസ്സ്) നേടാനല്ല. ധർമ്മയുദ്ധം ചെയ്ത് ജയിക്കുകയോ, വീരസ്വർഗ്ഗം പ്രാപിക്കുകയോ ചെയ്യുന്നതുകൊണ്ട് ലഭിക്കുന്ന കീർത്തിയും ശ്രേയസ്സും നിരസിക്കാൻ അർജ്ജുനന് സാദ്ധ്യമല്ല.
മനുഷ്യൻ കർമ്മം അനുഷ്ഠിക്കേണ്ടത് അവ നേടിത്തരുന്ന ഭൌതിക സ്വത്തുക്കളെ മോഹിച്ചല്ല.സ്വധർമ്മാനുഷ്ഠാനം കൊണ്ട് സ്വാഭാവികമായി വന്നുചേരുന്നതും താൻ മോഹിക്കാത്തതുമായ ശ്രേയസ്സിനു വേണ്ടിയാണ്. അതിനാൽ മോഹമൊന്നും ഇല്ലെങ്കിലും ഒരു പ്രതിഫലവും ഇച്ഛിച്ചുകൊണ്ടല്ലാതെ , സ്വധർമ്മം പാലിച്ചേ തീരൂ. രാജയോഗത്തിലേക്കുള്ള ഈ മാർഗ്ഗം തുറന്നുവെക്കുകയാണ് ഇവിടെ കൃഷ്ണൻ ചെയ്യുന്നത്. ഇതുവരെയുള്ള കൃഷ്ണന്റെ പരമാർത്ഥതത്വനിരൂപണത്തെയാണ് ശങ്കരാചാര്യർ സാംഖ്യയോഗമെന്നു വിളിക്കുന്നത്.

ശ്ലോകം 32
യദൃച്ഛയാ ചോപപന്നം സ്വർഗ്ഗദ്വാരമപാവൃതം
സുഖിനഃക്ഷത്രിയഃ പാർത്ഥാ ലഭന്തേ യുദ്ധമീദൃശം
ഇപ്രകാരത്തിലുള്ള യുദ്ധം ലഭിക്കുന്നത് സുഖികളായ ക്ഷത്രിയന്മാർക്കാണ്. യദൃച്ഛയാ ലഭിക്കുന്ന ഈ അവസരം തുറന്നുകിട്ടിയ സ്വർഗ്ഗദ്വാരമാണ്. ജീവിതം ഒരു ധർമ്മയുദ്ധമാണ്. അതിൽ തന്റെ വൈദഗ്ദ്ധ്യം കാട്ടാൻ അവസരം ലഭിക്കുന്ന ഓരോ മാനവജന്മവും ഓരോ ക്ഷത്രിയജന്മമാണ്. സുഖദുഃഖങ്ങൾ നിറഞ്ഞ ജീവിതായോധനത്തിൽ ഫലത്തിൽ ആശയില്ലാതെ സ്വധർമ്മം അനുഷ്ഠിക്കുന്ന

ക്ഷത്രിയൻ സുഖിതനാണ്. അതിനാൽ യുദ്ധം അവന്നുമുമ്പിൽ തുറന്നുകിട്ടിയ സ്വർഗ്ഗവാതിലാണ്. വീരസ്വർഗ്ഗം പൂകാനുള്ള പ്രവേശനമാർഗ്ഗമാണ്. ഇത് യുദ്ധത്തിനു മാത്രമല്ല, ഏതു ജീവിതധർമ്മത്തിനും ബാധകമായ നിയമമാണ്.

ശ്ലോകം 33
അഥചേത്വമിമം ധർമ്മ്യം സംഗ്രാമം ന കരിഷ്യതി
തതഃസ്വധർമ്മം കീർത്തിം ച ഹിത്വാ പാപമവാപ്സ്യസി
അതിനാൽ നീ ഈ ധർമ്മയുദ്ധം ചെയ്യാതിരിക്കുകയാണെങ്കിൽ സ്വധർമ്മത്തേയും സ്വധർമ്മനിർവ്വഹണം മൂലം ലഭിക്കുന്ന കീർത്തിയേയും നഷ്ടപ്പെട്ട് പാപത്തെ പ്രാപിക്കും. അനേകം യുദ്ധങ്ങൾ ജയിക്കുകയും വില്ലാളിവീരനെന്ന് പേരെടുക്കുകയും ചെയ്ത ഒരാൾ തന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു ഘട്ടത്തിൽ, അതിപ്രധാനമായ ഒരു യുദ്ധത്തിൽനിന്ന് പെട്ടെന്ന് ഒഴിഞ്ഞുമാറുന്ന പക്ഷം അകീർത്തിക്ക് പാത്രമാവും. സ്വധർമ്മാചരണത്തിൽ പരാജിതനായി എന്ന് ശ്രുതി പരക്കും. അതിലും വലിയ ഒരപമാനം വില്ലാളിവീരനായ ഒരാൾക്ക് എന്താണുള്ളത്.ബാക്കിയുള്ള ജീവിതകാലം മുഴുവനും അതോർത്ത് നീറിക്കൊണ്ടിരിക്കേണ്ടിവരും. ഈ നീറ്റത്തെയാണ് ഇവിടെ പാപമെന്ന പദം വിവക്ഷിക്കുന്നത്.
ഒരിക്കൽ രണ്ടു ബുദ്ധഭിക്ഷുക്കൾ പുഴ കടക്കുകയായിരുന്നു. ചെറുപ്പക്കാരിയായ ഒരു സ്ത്രീ അവരോടു പറഞ്ഞു: എനിക്ക് നീന്താനറിഞ്ഞുകൂടാ. എന്നെയും പുഴ കടത്തിത്തരണേ. നേരം ഇരുട്ടാനായി. എന്റെ വീട്ടുകാർ എന്നെക്കാത്ത് അക്കരെ വിഷമിച്ചിരിക്കുകയാവും.
ഭിക്ഷുക്കളിലൊരാൾ പഞ്ചശീലങ്ങളിലും സന്യാസിമഠത്തിലെ നിയമസംഹിതകളിൽനിന്നും കടുകിട വ്യതിചലിക്കാത്തവൻ. ഇവളൊരു ചെറുപ്പക്കാരി, ഇവളെ ഞാനെടുത്ത് അക്കര കടത്തിയാൽ പരസ്ത്രീസ്പർശമാവും, എന്നിലെങ്ങാനും ദുർവ്വാസന ഉണർന്നാലത് സന്യാസനിയമലംഘനമാവും എന്ന് കരുതിയ അദ്ദേഹം അവളുടെ വാക്കിന് ശ്രദ്ധ കൊടുക്കാതെ വേഗം അക്കര കടന്നു. മറ്റേ ഭിക്ഷുവിന് കരുണ തോന്നി. അദ്ദേഹം അവളെ കൈപിടിച്ച് സാവധാനം പുഴകടത്തിവിട്ടു. അന്നു രാത്രി പുഴ കടന്ന ക്ഷീണം കൊണ്ട് രണ്ടാമത്തെ ഭിക്ഷു വേഗം ഉറങ്ങിപ്പോയി. ആദ്യത്തെ ഭിക്ഷു തിരിഞ്ഞും മറിഞ്ഞും കിടന്നു. രണ്ടാമത്തെ ഭിക്ഷുവിനെ വിളിച്ചുണർത്തി അദ്ദേഹം ചോദിച്ചു. മഹാപാപം ചെയ്തിട്ടും നീയെങ്ങനെ പോത്തുപോലെ കിടന്നുറങ്ങുന്നു.
ഭിക്ഷുവിന് ഈ ചോദ്യത്തിന്റെ സംഗതി മനസ്സിലായില്ല. ചെറുപ്പക്കാരിയെ തൊട്ട പാപമാണ് പറയുന്നതെന്ന് മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് നേർത്ത ഒരു പുഞ്ചിരി വിടർന്നു. അദ്ദേഹം പറഞ്ഞു:- സ്നേഹിതാ, ഞാനവളെ ആ പുഴക്കരയിൽത്തന്നെ വിട്ടുപോന്നു. താങ്കൾ ഇപ്പോഴും അവളെ മനസ്സിൽത്തന്നെപേറിനടക്കുകയാണ്.
അർജ്ജുനൻ ഇതിലെ ഒന്നാമത്തെ ഭിക്ഷുവിന്റെ സ്ഥാനത്താണ്.
അഹിംസയെക്കുറിച്ച് സംസാരിക്കുന്നുവെങ്കിലും അദ്ദേഹത്തിന്റെ ക്ഷത്രിയസഹജമായ യുദ്ധവാസന അടങ്ങിയിട്ടില്ല. വിജയത്തിലും

വീരമൃത്യുവിലും ആനന്ദം കണ്ടെത്താനും പ്രശസ്തി നേടാനുമുള്ള ആഗ്രഹം അണഞ്ഞിട്ടില്ല. ആ അടങ്ങാത്ത വാസനാജാലത്തെയാണ് ഇവിടെ പാപമെന്നു വിവക്ഷിക്കുന്നത്. ചിന്മയാനന്ദനും നടരാജഗുരുവും തങ്ങളുടെ ഗീതാവ്യാഖ്യാനങ്ങളിൽ പാപമെന്ന പദത്തിന്റെ പ്രസക്തമായ ഈ അർത്ഥത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്.

ശ്ലോകം 34

അകീർത്തിം ചാപി ഭൂതാനി കഥയിഷ്യന്തി തേവ്യയാം
സംഭാവിതസ്യ ചാകീർത്തിർമരണാദതിരിച്യതേ

ഭൂതങ്ങൾ(ജനം) നിനക്ക് അവസാനിക്കാത്ത അകീർത്തിയുണ്ടാക്കുന്ന വാക്കുകൾ പറയും. ബഹുമാന്യനായ ഒരാൾക്ക് അകീർത്തി മരണത്തേക്കാളും കഷ്ടമാണ് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. മുപ്പതാം ശ്ലോകം വരെ അദ്വൈതഭാഷയിൽ ജ്ഞാനം ഉപദേശിച്ച ഭഗവാൻ അത് സാധാരണക്കാരനു മനസ്സിലാവാത്തതിനാൽ പടിപടിയായി ഇറങ്ങിവന്ന് ഏറ്റവും സാമാന്യമായ ദ്വൈതഭാഷയിൽ പറയുകയാണ്. അർജ്ജുനൻ കൌരവസൈന്യത്തെക്കണ്ട് ഭയന്ന് ഓടിഎന്ന അപവാദം താങ്ങാൻ പരാക്രമിയായ അദ്ദേഹത്തിനു സാദ്ധ്യമല്ല എന്ന് കൃഷ്ണന് അറിയാത്തതാണോ.

ശ്ലോകം 35.

ഭയാദ് രണാദുപരതം സംസ്യന്തേ ത്വാം മഹാരഥാഃ
യേഷാം ച ത്വം ബഹുമതോ ഭൂത്വായാസ്യസി ലാഘവം

മഹാരഥന്മാർ നീ രണഭൂമി വിട്ടുപോയത് ഭയംകൊണ്ടാണെന്നേ കരുതൂ. ദയകൊണ്ടാണെന്ന് കരുതുകയില്ല. മുമ്പ് അവരുടെ മുന്നിൽ ബഹുമാന്യനായിരുന്ന നീ, പിന്നീട് നിസ്സാരനായ ഒരു ഭീരുവായിത്തീരുകയില്ലേ.

ശ്ലോകം 36

അവാച്യവാദാംശ്ച ബഹൂൻ വിദിഷ്യന്തി തവാഹിതാഃ

നിന്ദന്തസ്തവ സാമർത്ഥ്യം തതോ ദുഃഖകരം നു കിം

നിന്റെ അഹിതാക്കൾ (ശത്രുക്കൾ) നിന്റെ യുദ്ധസാമർത്ഥ്യത്തെ നിന്ദിച്ച് പറയാൻ കൊള്ളാത്ത ബഹുവിധത്തിലുള്ള അപവാദങ്ങൾ പറയുന്നത് കേൾക്കേണ്ടിവരിക എന്നതിൽപ്പരം ദുഃഖകരമായിട്ട് എന്താണുള്ളത്.

ശ്ലോകം 37

ഹതോ വാ പ്രാപ്സ്യസി സ്വർഗ്ഗം ജിത്വാ വാ ഭോക്ഷ്യസേ മഹീം

തസ്മാദുത്തിഷ്ഠ കൌന്തേയ യുദ്ധായ കുരു നിശ്ചയഃ

വധിക്കപ്പെടുന്നുവെങ്കിൽ സ്വർഗ്ഗം പ്രാപിക്കട്ടെ. ജയിക്കുകയാണെങ്കിൽ ഭൂമിയെ വേണ്ടുംവണ്ണം ഭുജിക്കട്ടെ. യുദ്ധം ചെയ്യുമെന്ന ദൃഢനിശ്ചയത്തോടുകൂടി, ഹേ, കുന്തീപുത്രാ, എഴുന്നേറ്റാലും.

ശ്ലോകം 38

സുഖദുഃഖേ സമേകൃത്വാ ലാഭാലാഭൌ ജയാജയൌ

തതോ യുദ്ധായ യുജ്യസ്വ നൈവം പാപമവാപ്സ്യസി

സുഖദുഃഖങ്ങൾ, ലാഭനഷ്ടങ്ങൾ, ജയാപജയങ്ങൾ മുതലായ ദ്വന്ദ്വങ്ങളെക്കുറിച്ച് ആവലാതിപ്പെടാതെ അവയെ സമമായി ദർശിച്ചുകൊണ്ട് മനസ്സിലെ ദ്വന്ദ്വവിചാരങ്ങൾ അടക്കി യുദ്ധം ചെയ്യുക. സ്വധർമ്മം നിറവേറ്റുക. ഒരു പാപവും നിന്നെ സ്പർശിക്കയില്ല. 37ആം ശ്ലോകത്തിൽ രണ്ടു ലാഭങ്ങളെയാണ് പരാമർശിച്ചത്. രണ്ടാം അദ്ധ്യായം 5ആം ശ്ലോകത്തിൽ അർജ്ജുനൻ എന്തിനെയെല്ലാം നഷ്ടമായിക്കരുതിയോ, അവയെത്തന്നെ കൃഷ്ണൻ ലാഭങ്ങളായി എടുത്തുകാട്ടുന്നു. ലാഭമായിക്കരുതാവുന്ന വസ്തുക്കളെ നഷ്ടമെന്നു തീരുമാനിക്കുന്നതും മനുഷ്യമനസ്സാണ്. മനസ്സിന്റെ സ്വഭാവമാണ് രൂപകൽപ്പന. മനസ്സിനെ അടക്കി, ചിത്തവൃത്തികളടക്കി,യോഗികളെ പോലെ നിശ്ചലമാക്കിക്കൊണ്ട് സ്വധർമ്മം നിർവ്വഹിക്കാനാണ് പറയുന്നത്.രാജയോഗത്തിന്റെയും നിഷ്കാമകർമ്മയോഗത്തിന്റെയും ബീജം ഈ വരികളിലുണ്ട്. വൈരുദ്ധ്യാത്മകഭൌതികവാദത്തെ അർജ്ജുനൻ നിഷേധാത്മകമായും കൃഷ്ണൻ ധനാത്മകമായും വ്യാക്യാനിക്കുന്നു. ഈ ശ്ലോകത്തിനുശേഷം ബുദ്ധിയോഗത്തെയാണ് പരാമർശിക്കുന്നത്.

ശ്ലോകം 39

ഏഷാതേഭിഹിതാ സാംഖ്യേ ബുദ്ധിർയോഗേത്വിമാം ശൃണു

ബുദ്ധ്യാ യുക്തോ യയാ പാർത്ഥ, കർമ്മബന്ധം പ്രഹാസ്യസി

സാംഖ്യത്തിലെ ഈ ബുദ്ധിയോഗം നിനക്കുവേണ്ടി ഞാൻ വിവരിക്കാം, കേട്ടുകൊള്ളുക. ഹേ, പാർത്ഥാ, ബുദ്ധിയുക്തനായിട്ട് നീ കർമ്മബന്ധത്തെ പരിത്യജിക്കുക.ബുദ്ധിയോഗം ഭക്തിയോഗം തന്നെയാണെന്ന് വിഭൂതിയോഗമെന്ന പത്താം അദ്ധ്യയത്തിൽ പത്താം ശ്ലോകത്തിൽനിന്ന് മനസ്സിലാക്കണം. സാംഖ്യയോഗത്തിൽ ഭക്തിക്ക് സ്ഥാനമില്ല എന്ന വാദം അടിസ്ഥാനരഹിതമാണെന്ന് ഈ രണ്ടുശ്ലോകങ്ങളും ചേർത്തുവെച്ചാൽ വ്യക്തമാകും . ആത്മസ്വഭാവത്തെ ശരിയായി പ്രതിപാദിക്കുന്ന തത്വശാസ്ത്രമാണ് സാംഖ്യശാസ്ത്രമെന്ന് നിരുക്തമെന്ന വൈദികനിഘണ്ഡുവിനെ അവലംബിച്ച് ഭക്തിവേദാന്തപ്രഭുപാദർ തന്റെ ഗീതാഭാഷ്യത്തിൽ പറയുന്നു. വിവിധകാഴ്ചപ്പാടുകളിലൂടെ ആത്മാവിനേയും ശരീരത്തേയും നിരീക്ഷിച്ചും അപഗ്രഥിച്ചും ഉളവാകുന്ന ജ്ഞാനത്തെയാണ് നിരുക്തം സാംഖ്യമെന്നു വിളിക്കുന്നത്. അതുകൊണ്ടാണ് പണ്ഡിറ്റ് ഗോപാലൻനായരുടെ ഗീതാഭാഷ്യത്തിൽ സാംഖ്യേ എന്നതിന് പരബ്രഹ്മത്തിൽ എന്ന് അർത്ഥം പറഞ്ഞിരിക്കുന്നത്.11 മുതൽ 21 ശ്ലോകങ്ങളിൽ ശങ്കരാചാര്യർ സാംഖ്യയോഗമെന്നു പ്രകീർത്തിച്ച സാംഖ്യതത്വശാസ്ത്രത്തിന്റെ അദ്വൈതഭൂമിക നാം കണ്ടു. ഇവിടുന്നങ്ങോട്ടു പറയുന്ന സാംഖ്യത്തിലെ ബുദ്ധിയോഗം വളരെ പുരാതനമായ യാഥാസ്ഥിതികസാംഖ്യശാസ്ത്രത്തിന്റേതാണ്. ഇതിന് ബ്രാഹ്മി എന്നും പേരുണ്ടായിരു

ന്നു എന്ന് ഈ അദ്ധ്യായത്തിലെ അവസാനശ്ലോകത്തിൽനിന്ന് കാണാം. ബ്രഹ്മത്തെ കുറിക്കുന്നതാണ് ബ്രാഹ്മി.ചിരപുരാതനമായ ഭാരതീയചിത്രലിപിക്കും ബ്രാഹ്മി എന്ന് പേരു വന്നത് വെറും യാദൃച്ഛികസംഭവമാണെന്ന് പറഞ്ഞുകൂടാ. രണ്ടാം അദ്ധ്യായത്തിന്റെ അവസാനപകുതിയെ 72ആം ശ്ലോകം ബ്രാഹ്മീസ്ഥിതി എന്ന് വിളിക്കുന്നു. ഗീതയുടെ കാലത്തിനും മുമ്പ് നിലനിന്നിരുന്ന പൌരാണികസാംഖ്യസിദ്ധാന്തവും ബ്രഹ്മവിദ്യയും ഒന്നുതന്നെയാണ്. അതിനെയാണ് ഇവിടുന്നങ്ങോട്ട് പരാമർശിക്കുന്നത്. ആദ്യപകുതിയാകട്ടെ ഗീത രചിക്കപ്പെട്ട കാലത്ത് നിലവിലിരുന്ന സാംഖ്യസിദ്ധാന്തത്തിന്റെ ഒരു സംഗ്രഹവുമാണ്. 3 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങളുടെ സംഗ്രഹമാണ് സാംഖ്യയോഗമെന്ന രണ്ടാം അദ്ധ്യായം. നിരുക്തത്തിന്റെ നിർവ്വചനപ്രകാരം ജ്ഞാനമാണ് സാംഖ്യമെന്നതിനാൽ ഗീതയുടെ സംഗ്രഹവും ജ്ഞാനമാണ്. ഭക്തിവേദാന്തപ്രഭുപാദർ തന്റെ ഭാഷ്യത്തിൽ രണ്ടാം അദ്ധ്യായത്തെ ഗീതാവിഷയസംഗ്രഹമെന്നു വിളിക്കുന്നു. കാന്റ് മുതലായ പാശ്ചാത്യചിന്തകർ critique of pure reason എന്നു വിളിക്കുന്നതിനെയാണ് ബുദ്ധിയോഗമെന്ന് ഇവിടെ പറയുന്നത്.

ശ്ലോകം 40

നേഹാഭിക്രമനാശോസ്തി പ്രത്യവായോ ന വിദ്യതേ

സ്വൽപ്പമപ്യസ്യ ധർമ്മസ്യ ത്രായതേ മഹതോ ഭയാത്

ബ്രഹ്മവിദ്യയിൽ അഭിക്രമനാശമോ പ്രത്യവായമോ ഒരിക്കലും സംഭവിക്കുകയില്ല. അൽപ്പമായിട്ട് അനുഷ്ഠിച്ച ധർമ്മം പോലും ബ്രഹ്മജ്ഞാനിയെ മഹാഭയങ്ങളിൽനിന്ന് സംരക്ഷിച്ച് അഭയനാക്കിത്തീർക്കുന്നു. ഒരു വ്യക്തി പതുക്കെപ്പതുക്കെ ഉണ്ടാക്കിക്കൊണ്ടുവന്ന സമ്പത്തോ കർമ്മമോ കീർത്തിയോ പെട്ടെന്നു നഷ്ടപ്പെടുന്നതിനെയാണ് അഭിക്രമനാശം എന്ന് പറയുന്നത്. കല്ല് ഉരുട്ടക്കയറ്റി താഴേക്കിടുന്ന ഭ്രാന്തന്റെ ലീലപോലെയാണ് സംസാരജീവിതത്തിൽ മനുഷ്യൻ അനുഷ്ഠിക്കുന്ന മിക്ക കർമ്മങ്ങളും. ചെയ്യുന്നത് ഒരു പ്രത്യേകഉദ്ദേശം മുന്നിൽ കണ്ടുകൊണ്ടാവും. പക്ഷേ വന്നുചേരുന്നത് ഉദ്ദേശിക്കാത്ത വിപരീതഫലം. ഇതാണ് പ്രത്യവായം. രോഗം മാറാൻ മരുന്നുകൊടുത്തു,രോഗം മാറി, പക്ഷേ മരുന്നുകൊണ്ട് പുതിയ ഒരു രോഗം സൃഷ്ടിക്കപ്പെട്ടു. ഈ പ്രക്രിയയാണ് ഉദാഹരണം. അല്പ്പം അനുഷ്ഠിച്ചാൽ ഫലം കിട്ടാതെ പോകുന്ന എത്രയോ കർമ്മങ്ങളുണ്ട്. ഉദാഹരണം കൃഷി. നിലം ഉഴുതു, നല്ല വിത്തിട്ടു,കള പറിച്ചില്ല, വെള്ളം തേവിയുമില്ല. വളവും ചേർത്തില്ല. വിചാരിച്ച ഫലം കിട്ടില്ല. എല്ലാം വേണ്ടപോലെ ചെയ്താലും മഴ പിഴച്ചാൽ വിപരീതമായ ഫലം കിട്ടും, എല്ലാ കണക്കുകൂട്ടലും തെറ്റും. ഇത്തരം പ്രത്യവായമോ അഭിക്രമനാശമോ ഇല്ലാത്തതാണ് ബ്രാഹ്മി. ബ്രഹ്മവിദ്യാനിരതൻ ഒന്നും ചെയ്തില്ലെങ്കിലും അൽപ്പമെങ്കിലും സ്വധർമ്മം ചെയ്താലും അവനെ ബ്രഹ്മജ്ഞാനം അഭയനാക്കിയിരിക്കുന്നു. അൽപം ധർമ്മം പോലും അവനെ പൂർണ്ണമായി സംരക്ഷിക്കുന്നു. ജ്ഞാനത്തോടുകൂടി ചെയ്യുന്ന കർമ്മത്തിനു മാത്രമുള്ള ഒരു സവിശേഷതയാണത്.

ശ്ലോകം 41

വ്യവസായാത്മികാ ബുദ്ധിരേകേഹ കുരുനന്ദന

ബഹുശാഖാഹ്യനനന്താശ്ച ബുദ്ധയോവ്യവസായിനാം

വ്യവസായാത്മികയായ ബുദ്ധി ഏകമായി ഒന്നിൽത്തന്നെ ഉറച്ചുനിൽക്കുന്നു. അതിന് ലക്ഷ്യം തെറ്റുകയില്ല. അവ്യവസായികളായ ജനങ്ങളുടെ ബുദ്ധിക്ക് ഏകാഗ്രതയില്ല. അവസാനമില്ലാത്ത അനേകം ശാഖകളിൽ തത്തിക്കളിക്കുന്ന ചഞ്ചലസ്വഭാവത്തോടുകൂടിയ അവരുടെ ബുദ്ധിക്ക് ലക്ഷ്യത്തിലെത്താൻ സാധിക്കുന്നുമില്ല. ലോകത്തിൽ മിക്കവാറും ജനങ്ങൽ ഇപ്രകാരം ഏകാഗ്രതയില്ലാതെ നാനാവിഷയങ്ങളിൽ രമിച്ചുകൊണ്ടിരിക്കുന്ന അവ്യവസായികളാണ്. ശുദ്ധബുദ്ധിയോടെ ഏകാഗ്രധ്യാനം ചെയ്ത് ലക്ഷ്യം പ്രാപിക്കുന്നവരുടെ എണ്ണം വളരെ കുറവാമ്. ഏകാഗ്രധ്യാനമാണ് ലോകത്തിലെ എല്ലാ മഹദ്കർമ്മങ്ങളുടേയും ബീജം. ശാസ്ത്രവും കലയും ഏകാഗ്രതപസ്സിന്റെ ഫലമാണ്. ബ്രഹ്മജ്ഞാനിയുടെ ഏകാഗ്രതപസ്സിനെ ഈ വെളിച്ചത്തിലാണ് നോക്കിക്കാണേണ്ടത്.

ശ്ലോകം 42

യാമിമാം പുഷ്പിതാം വാചം പ്രവദന്ത്യവിപശ്ചിതഃ

വേദവാദരതാഃപാർത്ഥ നാന്യദസ്തീതി വാദിനഃ

വൈദികമായ വാദങ്ങളിൽ അതീവ പ്രതിപത്തിയോടുകൂടിയവരും അതല്ലാതെ മറ്റൊന്നുമില്ല എന്ന് വാദിക്കുന്നവരുമായ ജനങ്ങൾ പുഷ്പിതങ്ങളായ കോമളവചസ്സുകൾ പറയുന്ന മൂഢന്മാരാണ്. അവർ ഏകാഗ്രധ്യാനം ചെയ്യുന്ന വ്യവസായാത്മികബുദ്ധിയോടുകൂടിയവരല്ല. അവ്യവസായികൾ തന്നെയാണ്. യാഗാദിവൈദികകർമ്മകാണ്ഡത്തിൽ താൽപ്പര്യമുള്ളവരേയും വൈദികവാദത്തിന്റെ ശുഷ്കമായ ഡുകൃഞ്കരണേകളെയും കൊണ്ടും ചിത്തഭ്രമണകാരണമായ ശബ്ദജാലം കൊണ്ടു വീർപ്പുമുട്ടിക്കുന്നവരേയും ആദിശങ്കരനെപ്പോലെ ശ്രീകൃഷ്ണനും വിമർശിച്ചിട്ടുണ്ട്.

ശ്ലോകം 43

കാമാത്മാനഃസ്വർഗ്ഗപരാ ജന്മകർമ്മഫലപ്രദാം

ക്രിയാവിശേഷബഹുലാം ഭോഗൈശ്വര്യഗതിം പ്രതി

അവർ കാമാത്മാക്കളാമ്. സ്വർഗ്ഗം ഇച്ഛിക്കുന്നവരാണ്. ഭോഗവും ഐശ്വര്യവും ലഭിക്കുവാനായി , പുനർജന്മമാകുന്ന കർമ്മഫലത്തെ കൊടുക്കുന്ന അനേകം ക്രിയാവിശേഷങ്ങൾ ചെയ്യുന്നവരുമാണ്. അവരും തങ്ങളുടെ കർമ്മകാണ്ഡത്തെക്കുറിച്ച് അനേകം പുഷ്പിതവചസ്സുകൾ പറഞ്ഞുവെച്ചിരിക്കുന്നു.

ശ്ലോകം 44

ഭോഗൈശ്വര്യപ്രസക്താനാം തയാപഹൃതചേതസാം

വ്യവസായാത്മികാ ബുദ്ധിഃ സമാധൌ ന വിധീയതേ

ഭോഗത്തിലും ഐശ്വര്യത്തിലും പ്രതിപത്തിയോടുടുകൂടിയവർ അത്തരം പുഷ്പിതവചസ്സുകളാൽ അപഹരിക്കപ്പെട്ട ചേതസ്സുകളോടുകൂടിയവരായി ഭവിക്കുന്നു. ഇപ്രകാരം പുഷ്പിതവചസ്സുകളാൽ വഴി തെറ്റിക്കുന്നവരുടേയും വഴിതെറ്റി നടക്കുന്നവരുടേയും മനസ്സിൽ ഏകാഗ്രബുദ്ധിക്കോ ധ്യാനത്തിനോ സമാധിക്കോ സ്ഥാനമില്ല. അവർക്ക് മഹദ്കർമ്മങ്ങൽ അനുഷ്ഠിക്കാൻ അതിനാൽ സാധ്യമല്ലാതായിത്തീരുന്നു. സമ്യക് ആധീയതേ യസ്മിൻ ആത്മതത്വയാഥാത്മ്യം . ആത്മജ്ഞാനാർജ്ജനത്തിൽ മനസ്സ് ഏകാഗ്രമാകുന്നതാണ് സമാധി. ഭൌതികസുഖങ്ങലെ കാമിക്കുന്നവർക്ക് ഈ അനുഭവം ഒരിക്കലും സാദ്ധ്യമാകുന്നില്ല. മറിച്ച് , ഒരു വ്യക്തിക്ക് ധ്യാനവും സമാധിയും സാദ്ധ്യമാവുകയും ഏകാഗ്രമായ ഊർജ്ജത്തോടെ മഹദ്കർമ്മങ്ങൾക്ക് അദ്ദേഹം സന്നദ്ധനാവുകയും ചെയ്യുന്നപക്ഷം , അദ്ദേഹത്തിന് ഭൌതികസുഖാനുഭവങ്ങലിൽ കാമമില്ല എന്നും അനുമാനിച്ച് അറിയേണ്ടതാണ്. വ്യവസായാത്മികയായ ബുദ്ധി ഏകാഗ്രതയോടെ നിശ്ചയസ്വഭാവത്തോടെ ഒരു ലക്ഷ്യത്തിലുറച്ച് പ്രവർത്തിക്കുന്ന ബുദ്ധിയാണ്. സമാധിബുദ്ധിയാണ്.

ശ്ലോകം 45

ത്രൈഗുണ്യവിഷയാ വേദാ നിസ്ത്രൈഗുണ്യോ ഭവാർജ്ജുന

നിർദ്വന്ദോ നിത്യസത്വസ്ഥോ നിര്യോഗക്ഷേമ ആത്മവാൻ

വേദങ്ങൾ സത്വരജസ്തമോഗുണങ്ങളാകുന്ന ത്രിഗുണങ്ങളെ വിഷയമാക്കിയവയാണ്. അർജ്ജുനാ, നീ ആ ത്രിഗുണങ്ങൾക്കെല്ലാം അതീതനായി ഭവിക്കുക. സുഖദുഃഖം, ലാഭനഷ്ടം മുതലായ എല്ലാ ദ്വന്ദ്വഭാവങ്ങലിൽനിന്നുംമുക്തി നേടുക. നിത്യമായ സത്വഗുണത്തിൽ അടിയുറച്ച് നിർത്തിയ മനസ്സോടുകൂടി, യോഗക്ഷേമാദികളിലുള്ള ആപോലും ഉപേക്ഷിച്ച് ,ആത്മനിഷ്ഠനായി വർത്തിക്കുക. യോഗക്ഷേമത്തിൽ ആശ ഉപേക്ഷിച്ചവന് യോഗവും ക്ഷേമവും വരപ്രസാദമായി താനേ ലഭിക്കുന്നു എന്നാണ് പറയുന്നത്. വിഷ്ണു യോഗക്ഷേമം പ്രദാനം ചെയ്യുന്നത് , തന്റെ ശക്തിയായ ലക്ഷ്മിയെപ്പോലെ യോഗക്ഷേമം കാമിക്കാത്തവനാണ്. നിത്യസത്വസ്വരൂപമാണ് മഹാവിഷ്ണുവിന്റേതെന്ന് നാരായണീയത്തിൽ കാണാം. ത്രിഗുണങ്ങളിൽ വെച്ച് ഏറ്റവും ഉത്തമവും ഉദാത്തവുമായ സത്വഗുണത്തിൽ ഏകാഗ്രമായി നിലയുറപ്പിച്ച് ത്രിഗുണങ്ങൾക്ക് അതീതനാവാനുള്ള ആത്മോപാസനാസൂത്രമാണ് ഈ വരികളിൽ നാം കാണുന്നത്. നിസ്ത്രൈഗുണ്യനായ ആത്മജ്ഞാനിക്ക് ത്രിഗുണാത്മകമായ വേദങ്ങളെക്കൊണ്ട് എന്താണ് പ്രയോജനം എന്നാണ് അടുത്ത ശ്ലോകത്തിൽ വിവരിക്കുന്നത്.

ശ്ലോകം 46

യാവാനർത്ഥ ഉപാദാനേ സർവ്വതഃ സംപ്ലുതോദകേ

താവാൻ സർവ്വേഷു വേദേഷു ബ്രാഹ്മണസ്യ വിജാനതഃ

സർവ്വത്ര ജലം കൊണ്ട് നിറഞ്ഞിരിക്കുമ്പോൾ ഒരു കൊച്ചുകിണറ്റിലെ വെള്ളം കൊണ്ട് എന്തു പ്രയോജനം. ബ്രാഹമണന് വേദത്തെക്കൊണ്ടുള്ള പ്രയോജനം അത്രമാത്രമാണ്. ബ്രഹ്മവിദ്യാനിരതനാണ് ബ്രാഹ്മണൻ. അവന് മറ്റു ഭൌതികസുഖങ്ങളെല്ലാം തന്റെ ബ്രഹ്മാനന്ദസാഗരത്തിനു മുന്നിൽ കൊ

ച്ചുകൂപങ്ങൽ മാത്രം. ബ്രഹ്മജ്ർ◌ാനത്തിനു മുന്നിൽ വേദത്തിലെ കർമ്മകാണ്ഡത്തിന് സമുദ്രതീരത്ത് കുഴിച്ച കൊച്ചുകുഴിയിലെ വെള്ളത്തോളം മഹത്വമെ ഉള്ളു. ബ്രാഹ്മണൻ ഇവിടെ ഒരു പ്രത്യേകജാതിയെ കുറിക്കുന്നില്ല. ഗീതയിലുടനീളം ബ്രാഹ്മണൻ ബ്രാഹ്മീസ്ഥിതി പ്രാപിച്ച ബ്രഹ്മജ്ഞാനിയാണ്. വേദവ്യാസവിരചിതമായ ഭാഗവതത്തിൽ ചണ്ഡാലകുലത്തിൽ പിറന്നവനും കൂടി ബ്രഹ്മജ്ഞാനം കിട്ടിയാൽ ബ്രാഹ്മണനാണ്.

അഹോബത ശ്വപചോതോഗരീയാൻ
യജ്ജിഹ്വാഗ്രേ വർത്തതേ നാമ തുഭ്യം

തേപുസ്തപസ്തേജ്ജുഹുവുഃസസ്നുരാര്യാ
ബ്രഹ്മാനൂചുർനാമഗൃണന്തിയേതേ (ഭാഗവതം. 33.3.7)

ബ്രഹ്മരസം സർവ്വരസത്തിലും വെച്ച് അത്യുത്തമമായ അമൃതരസമാണ്. അതിന്റെ പാലാഴിമേൽ പള്ളികൊള്ളുന്ന സത്വനിഷ്ഠനായ ബ്രാഹ്മണനുണ്ടോ, വിഷയരസേഛ. വിഷയരതി കൂപമണ്ഡൂകങ്ങളെപ്പോലെയിരിക്കുന്ന അവ്യവസായികൾക്കുള്ളതാണ്. വ്യവസായാത്മികബുദ്ധിയോടുകൂടിയ ബ്രഹ്മജ്ഞാനികൾക്കുള്ളതല്ല.

ശ്ലോകം 47

കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന

മാ കർമ്മഫലഹേതുർഭൂ മാ തേ സംഗോസ്ത്വകർമ്മണി

കർമ്മത്തിൽ മാത്രമേ നിനക്കധികാരമുള്ളു. കർമ്മഫലങ്ങളിലില്ല. കർമ്മഫലം കിട്ടണമെന്ന ആശയോടെ കർമ്മം ചെയ്യുന്നവനായി ഒരിക്കലും നീ ഭവിക്കരുത്. അതേ സമയം നിനക്ക് അകർമ്മത്തിൽ സംഗം ഉണ്ടാകയും അരുത്. ബ്രഹ്മജ്ഞാനിക്കു മാത്രമേ സർവ്വകർമ്മസന്യാസം സാദ്ധ്യമാവുകയുള്ളു. സാധാരണ മനുഷ്യർക്ക് കർമ്മങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ സാദ്ധ്യമല്ല. ഫലത്തിൽ ആശ കൂടാതെ പരമാവധി കഴിവുകൾ ഉപയോഗിച്ച് സ്വധർമ്മം അനുഷ്ഠിക്കുന്നതുകൊണ്ട് ചിത്തശുദ്ധിയും പ്രസാദവും ലഭിക്കും. അപ്പോൾ മാത്രമാണ് സർവ്വകർമ്മസന്യാസത്തിന് അർഹനാവുന്നത്. ഫലമുദ്ദേശിച്ച് ചെയ്യുന്ന എല്ലാ കർമ്മവും വാസനാജാലങ്ങളാലും പുനർജന്മങ്ങളാലും മനുഷ്യനെ ബന്ധനസ്ഥനാക്കുന്നു. അനാസക്തിയോഗവും നിഷ്കാമകർമ്മയോഗവും ഈ വരികളാൽ സൂചിതമാണ്. ഉത്തരവാദിത്തങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാതെ നൂറുശതമാനം കഴിവും വിനിയോഗിച്ച് ഓരോ കർമ്മവും അനുഷ്ഠിച്ചുകൊണ്ടും ഫലത്തിൽ മനസ്സുവെക്കാതെയുമുള്ള ഈ ജീവിതരീതിയാണ് ഇന്നത്തെ പരിസ്ഥിതിയിൽ സാധാരണക്കാരായ നമുക്ക് അഭികാമ്യവും സ്വീകാര്യവും . ഒരു സാധാരണ വീട്ടമ്മ മുതൽ ഏറ്റവും പണിത്തിരക്കുള്ള രാഷ്ട്രതന്ത്രജ്ഞൻ വരെ എല്ലാവർക്കും ഒരുപോലെ പ്രായോഗികമാക്കാവുന്ന ഈ ജീവിതായോധനതന്ത്രം ഓരോ വ്യക്തിയും സ്വജീവിതത്തിൽ പരീക്ഷിച്ചുനോക്കേണ്ട ഒന്നാണ്

ശ്ലോകം 48

യോഗസ്ഥഃ കുരു കർമ്മാണി സംഗം ത്യക്ത്വാ ധനഞ്ജയ

സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ.

ബ്രഹ്മയോഗത്തിൽ നിലയുറപ്പിച്ചുകൊണ്ട് ,സർവ്വസംഗപരിത്യാഗിയായി, സിദ്ധിയിലും അസിദ്ധിയിലും തുല്യമായ മനോനില പ്രാപിച്ചുകൊണ്ട്, ഹേ,ധനഞ്ജയാ, നീ കർമ്മം ചെയ്യുന്നു എന്നു വരികിൽ ഇപ്രകാരമുള്ള സമത്വത്തെത്തന്നെയാണ് യോഗം എന്നു പറയുന്നത്. പതഞ്ജലിയുടെ യോഗദർശനത്തിലെ സമത്വം ഇവിടെ പരാമർശിക്കപ്പെടുന്നു. രാജയോഗിയുടെ അവസ്ഥയിലേക്ക് അർജ്ജുനനെ ഉയർത്തുകയാണ് കൃഷ്ണൻ. സർവ്വസംഗ പരിത്യാഗം ഉപദേശിക്കുന്നതിനാൽ സന്യാസധർമ്മത്തിലേക്കുള്ള ആഹ്വാന വുമാണ്. ഗൃഹസ്ഥനും സന്യാസിക്കും തുല്യനിലയിൽ പ്രായോഗികമാക്കാവുന്ന ഈ ഉപദേശത്തെ സമത്വമെന്ന് വിളിക്കാൻ തോന്നിയത് വെറുമൊരു യാദൃഛികസംഭവമല്ല. ശാസ്ത്രവിഭാഗവിഷയത്തിൽ, ജ്ഞാനയോഗേന സാംഖ്യാനാം കർമ്മയോഗേന യോഗിനാം എന്ന് നിഷ്ഠാദ്വയവും ആ ശാസ്തം കൊണ്ടു ലഭിക്കുന്ന സുഖവും ശങ്കരാചാര്യർ ചൂണ്ടിക്കാട്ടുന്നു

ഗീതയുടെ ആരംഭത്തിൽ ദ്വിവിധവേദോക്തധർമ്മപ്രയോജനകഥനം കാണാം. ഏതാണ് രണ്ട് വേദോക്തധർമ്മങ്ങൾ.

1. മരീച്യാദിസപ്തപ്രജാപതികളുടെ വേദോക്തമായ പ്രവൃത്തിലക്ഷണധർമ്മം. ഇത് അഭ്യുദയഹേതുവാണ്.
2. ആ ധർമ്മപ്രവർത്തനത്തിനായി സനകാദികൾ ഉൽപ്പാദിപ്പിച്ചതും വേദോക്തവുമായ നിവൃത്തിലക്ഷണധർമ്മം. ജ്ഞാനസംബന്ധമായ ഇത് നിഃശ്രേയസഹേതുവാണ്.

രണ്ടാമദ്ധ്യായം ആരംഭിക്കുന്നത് പരമമായ പ്രയോജനം നിശ്രേയസമാണെന്ന് പറഞ്ഞുകൊണ്ടാണ്. അതിന് സർവ്വകർമ്മസന്യാസപൂർവ്വകമായ ആത്മജ്ഞാനാധിഷ്ഠിതമായ ധർമ്മം വേണം. ജ്ഞാനമാണ് സന്യാസലക്ഷണം. അഭ്യുദയത്തിനാണ് പ്രവൃത്തിലക്ഷണമായ വർണ്ണാശ്രമധർമ്മം. അത് സന്യാസിയുടെ ധർമ്മമല്ല. പലവിധം ലാഭങ്ങൾക്കായി പലവിധതൊഴിലുകളിലേർപ്പെടുന്ന സംസാരിയായ ഗൃഹസ്ഥന്റെ ധർമ്മമാണ്. സത്വശുദ്ധി വേണമെന്ന് വിചാരിക്കുന്നവർ ഫലം ഇഛിക്കാതെ സംഗം ത്യജിച്ച് കർമ്മം ചെയ്യുന്നു. ദേവസ്ഥാനം കിട്ടാനിഛിക്കുന്നവർ ഈശ്വരാര്പ്പണബുദ്ധ്യാ കർമ്മം ചെയ്യുന്നു. ശുദ്ധസത്വരൂപം പ്രാപിക്കണമെന്നുണ്ടെങ്കിൽ, ജ്ഞാനനിഷ്ഠ കൊണ്ട് അതിനുള്ള യോഗ്യത നേടണം. അങ്ങനെ ജ്ഞാനോൽപ്പത്തി ഹേതുവായി നിഃശ്രേയസം ലഭിക്കുന്നു.

.

ശ്ലോകം 49

ദൂരേണഹ്യവരം കർമ്മ ബുദ്ധിയോഗാദ്ധനഞ്ജയ

ബുദ്ധൌ ശരണമന്വിഛ കൃപണാഃഫലഹേതവഃ

ഹേ,ധനഞ്ജയാ, നികൃഷ്ടമായ കർമ്മങ്ങളിൽനിന്ന് ദൂരെ മാറിപ്പോവുക. ബുദ്ധിയോഗം കൊണ്ട് നികൃഷ്ടകർമ്മം ഏതെന്ന് മനസ്സിലാക്കുക. ബുദ്ധിയെത്തന്നെ ശരണം പ്രാപിച്ചുകൊണ്ട് നിരന്തരം അന്വേഷിക്കുക. ഫലം ആഗ്രഹിച്ചുകൊണ്ടുമാത്രം കർമ്മം ചെയ്യുന്നവർ കൃപണന്മാരാണെന്ന് അറിയുക.48, 49 ശ്ലോകങ്ങളെ കൂട്ടിവായിച്ചാൽ നമുക്ക കിട്ടുക,

ബുദ്ധിയെ ശരണം പ്രാപിക്കുക

സ്വധർമ്മത്തെ ശരണം പ്രാപിക്കുക

സംഗരാഹിത്യത്തെ ശരണം പ്രാപിക്കുക എന്നാണ്. ഈ മൂന്നും സന്യാസിക്കുള്ളതാണ് ബുദ്ധമതകാലത്ത് വരെ. എന്നാലവ ഗൃഹസ്ഥനുള്ളതുമാണ്. ബൌദ്ധയോഗസ്ഥരായ ജനത ബുദ്ധം ശരണം, ധർമ്മം ശരണം എന്നും സ്വീകരിച്ചു. സംഗരാഹിത്യത്തിനു പകരം സംഗം(സംഘം) ആയി. ചിരപുരാതനമായ ബുദ്ധിയോഗം എന്ന ബ്രാഹ്മീവിദ്യയും പിൽക്കാലത്തെ അതിന്റെ പരിഷ്കൃതരൂപമായ ബുദ്ധമതവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. 46ആം ശ്ലോകത്തിൽ ബ്രാഹമണസ്യ വിജാനത എന്ന് പറഞ്ഞ ബ്രാഹമണപദം ബുദ്ധിയോഗം അഥവാ ബ്രാഹ്മീസ്ഥിതി പ്രാപിച്ചവരെക്കുറിച്ചാണ് പറഞ്ഞത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ബ്രാഹ്മണമതവും ബുദ്ധമതവും എന്ന് രണ്ടുവിധം മതമില്ല. രണ്ടും ഒന്നാണ്. ആദിശങ്കരൻ ഇത് ഗ്രഹിച്ച മനീഷിയാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പ്രച്ഛന്നബുദ്ധനെന്ന് വിളിച്ചത്. ഇപ്പോളദ്ദേഹം ബുദ്ധമതധ്വംസകനായും ചിലരാൽ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം ഇതുരണ്ടും അല്ല. ഭാരതത്തിലെ ചിരപുരാതനമായ ചിന്താപദ്ധതിയുടെ ഉദ്ധാരകൻ മാത്രമായിരുന്നു. യോഗവിഷയായാം ബുദ്ധൌ തത്പരിപാകജായാം വാ സാംഖ്യബുദ്ധൌ ശരണം ആശ്രയമഭയപ്രാപ്തികാരണം അന്വിഛ പ്രാർത്ഥയസ്വ , പരമാർത്ഥജ്ഞാനശരണോ ഭവേത്യർത്ഥഃ എന്നാണ് ശങ്കരഭാഷ്യം. യോഗത്തേയും സാംഖ്യത്തേയും ശങ്കരൻ മുഴുവനായി നിരസിച്ചു എന്ന് പറയുന്ന പണ്ഡിതമ്മന്യന്മാർക്കു വേണ്ടിയാണ് ഈ ഉദ്ധരണി എടുത്തുചേർക്കുന്നത്.

ശ്ലോകം 50

ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃതദുഷ്കൃതേ

തസ്മാദ് യോഗായ യുജ്യസ്വ യോഗഃ കർമ്മസു കൌശലം

ബുദ്ധിയുക്തനായ മനുഷ്യൻ ഇവിടെ (ഈ ജന്മത്തിൽത്തന്നെ) സുകൃതം, ദുഷ്കൃതം എന്ന് രണ്ടിനേയും ത്യജിക്കുന്നു. അതിനാൽ യോഗത്തിന് തയ്യാറാവുക. കർമ്മകൌശലം തന്നെയാണ് യോഗം. ജ്ഞാനയോഗി ഇവിടെ, ഈ ജന്മത്തിൽ വെച്ചുതന്നെ കർമ്മങ്ങളെ ത്യജിച്ച് ജീവന്മുക്തനായിത്തീരുന്നു. അതിനാൽ ജ്ഞാനയോഗത്തിന് സ്വയം സന്നദ്ധനാലുക. സമത്വമാണ് യോഗം. സമചിത്തതയുള്ള ഒരാൾക്കേ ബുദ്ധിയോഗം സാധിക്കുകയുള്ളു. സമചിത്തനു മാത്രമേ സ്വന്തം കർത്തവ്യങ്ങളെ നൂറു ശതമാനം തൃപ്തികരമായി നിറവേറ്റാനും കഴിയൂ. അതിനാൽ സമചിത്തതയും ജ്ഞാനയോഗവും ഒരാളിൽ ഒരുമിച്ച് സംഭവിക്കുന്നു. ഒരാളുടെ കർമ്മകുശലതയെ അളക്കാൻ ഒരു സമവാക്യമുണ്ട്.

$E= (E)^3—F =$

Efficiency = (Enthusiasm X Experience X Expertise)—Frustration.

കർമ്മകുശലത = (സ്ഥിരോത്സാഹം x കർമ്മപരിചയം x വിഷയത്തിലുള്ള അറിവ് അഥവാ ജ്ഞാനം) -- മനശ്ചാഞ്ചല്യം

ഞാനൊരു ഡോക്ടറാണ്, സാഹിത്യകാരിയാണ്, തത്വചിന്തകയാണ്, വീട്ടമ്മയാണ്. ഈ കർമ്മാനുഷ്ഠാനങ്ങൾക്കെല്ലാം എനിക്ക് മൂലധനമായി സ്ഥിരോത്സാഹവും , ഡോലിയിലുള്ള പരിചയവും , ഡോലി ചെയ്യാനുള്ള ജ്ഞാനവും വേണം. അവ മാതരം പോരാ. എനിക്ക് മനശ്ചാഞ്ചല്യമില്ലാതിരിക്കയും വേണം. മനശ്ചാഞ്ചല്യമുണ്ടായ വേളയിൽ ഞാൻ ചെയ്യുന്ന പ്രവൃത്തിയിൽ എനിക്ക് എന്റെ മുഴുവൻ കഴിവും പ്രകടിപ്പിക്കാൻ സാദ്ധ്യമല്ലാതെ വരും. സമത്വം യോഗമുച്യതേ എന്നും .യോഗഃകർമ്മസു കൌശലം എന്നും പറയുമ്പോൾ കർമ്മകുശലതയിൽ സമചിത്തതക്കുള്ള പ്രാധാന്യം ചൂണ്ടിക്കാണിക്കുകയാണ്. ബുദ്ധിയോഗം അഥവാ ബ്രഹ്മജ്ഞാനം എപ്രകാരം മനുഷ്യനെ സമചിത്തനാക്കുന്നു, എപ്രകാരം മഹദ്കർമ്മങ്ങൾക്ക് സന്നദ്ധനാക്കുന്നു എന്ന് ഈ ശ്ലോകങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ശ്ലോകം 51

കർമ്മജം ബുദ്ധിയുക്താ ഹി ഫലം ത്യക്ത്വാ മനീഷിണഃ

ജന്മബന്ധവിനിർമ്മുക്താഃ പദം ഗച്ഛന്ത്യനാമയം

ബുദ്ധിയുക്തരായ മനീഷികൾ കർമ്മജന്യങ്ങളായ ഫലങ്ങളെ ത്യജിച്ച്, ജന്മബന്ധങ്ങളിൽനിന്ന് മുക്തി നേടി അനാമയമായ (രോഗശോകവിമുക്തമായ) പരമപദം പ്രാപിക്കുന്നു. ത്രിഗുണങ്ങൾക്ക് അതീതരാണ് ബ്രഹ്മജ്ഞാനികൾ. അവർ ഭൌതികദുഃഖങ്ങൾക്ക് അതീതമായ പരമപദം പ്രാപിക്കുന്നു.

സമാശ്രിതായേ പദപല്ലവപ്ലവം മഹത്പദം പുണ്യയശോമുരാരേ

ഭവാംബുധിർ വത്സപദം പരംപദം പദംപദം യത് വിപദാം നതേഷാം (ഭാഗ 10. 14 58)

ഭഗവാന്റെ പാദപല്ലവങ്ങളാകുന്ന തോണിയെ ആശ്രയിച്ച് സംസാരസാഗരത്തെ ഗോക്കുളമ്പിലെ ജലം പോലെ തരണം ചെയ്യുന്ന ഭക്തനെപ്പോലെ ബ്രഹ്മജ്ഞാനി തന്റെ ജ്ഞാനമാകുന്ന തോണികൊണ്ട് ജന്മബന്ധങ്ങൾ അലയടിക്കുന്ന ഭവാബ്ധി നിമിഷമാത്ര കൊണ്ട് തുഴഞ്ഞുകടന്ന് പരമപദം പ്രാപിക്കുന്നു. ഇവിടെനിന്നങ്ങോട്ട് ബ്രഹ്മാനുഭൂതി കൈവന്നവന്റെ (ബ്രഹ്മജ്ഞാനിയുടെ) അവസ്ഥയായ ബ്രാഹ്മീസ്ഥിതിയെയാണ് വർണ്ണിക്കുന്നത്.
യോഗാനുഷ്ഠാനജനിതസത്വബുദ്ധിജാ ബുദ്ധിഃ (ശങ്കരഭാഷ്യം)
യോഗാനുഷ്ഠാനം കൊണ്ടുണ്ടാവുന്ന സത്വബുദ്ധിയിൽ നിന്നാണ് ബുദ്ധി ഉണ്ടാവുന്നത്. അതിനെ എങ്ങിനെ പ്രാപിക്കാം എന്ന് അടുത്ത ശ്ലോകം.

ശ്ലോകം 52

യദാ തേ മോഹകലിലം ബുദ്ധിർവ്യതിതരിഷ്യതി

തദാഗന്താസി നിർവ്വേദം ശ്രോതവ്യസ്യശ്രുതസ്യ ച

എപ്പോഴാണോ മായാമോഹമാകുന്ന മഹാസാഗരത്തെ നിന്റെ ബുദ്ധി അതിക്രമിച്ച്, ഭേദിച്ച് കടന്നുചെല്ലുന്നത്, അപ്പോൾ ഇതുവരെ കണ്ടതും കേട്ടതും അനുഭവിച്ചതുമായ സർവ്വത്തേയും ഇനി കേൾക്കാനിരിക്കുന്നവയും വരാനിരിക്കുന്നവയുമായ സർവ്വത്തേയും നീ വിരക്തിയോടെ പ്രാപിക്കും അറിയും.മോഹാത്മകമായ, അവിവേകാത്മകമായ കാലുഷ്യമാണ് മോഹകലി

ലം . നിത്യശുദ്ധചൈതന്യസ്വരൂപമായ ആത്മാവിനെ മറച്ചുകൊണ്ട് മോഹ ങ്ങളുടെ ആ മായാകഞ്ചുകമുണ്ട്. അതിനാലാണ് മനുഷ്യബുദ്ധി ശരീരമാ ണ് ഞാനെന്ന് തെറ്റായി ധരിക്കുന്നത്. ആ ആവരണത്തെ എപ്പോൾ ബുദ്ധി ചീന്തിയെറിയുന്നുവോ, അപ്പോൾ എനിക്ക് ത്രികാലത്തിലും അനുഭവിച്ചതി നോടും അനുഭവിക്കാനിരിക്കുന്നതിനോടും വിരക്തി വരും. അനേകജന്മങ്ങ ളുടെ അനുഭവഭാണ്ഡം പേറി നടന്ന ആത്മാവിന് കാലത്തിന്റെ കണിക മാത്രമായ മനുഷ്യായുസ്സിൽ കണ്ടതും കേട്ടതും സമുദ്രത്തിനടുത്ത് കുഴിച്ച കുഴിയിലെ ജലം പോലെയാണ്. അനുഭവമെല്ലാം സ്വപ്നസമാനമാണ്.കണ്ടു മറക്കുന്ന വെറുംമിഥ്യ എന്ന ജ്ഞാനമാണ് വിരക്തിയെ ജനിപ്പിക്കുന്നത്. മോഹകലിലമാണ് അവിവേകമുണ്ടാക്കുന്നത്. യോഗചര്യ കൊണ്ട് അതിനെ നീക്കിയാൽ വിവേകം ലഭിക്കും.

ശ്ലോകം 53

ശ്രുതിവിപ്രതിപന്നാ തേ യദാ സ്ഥാസ്യതി നിശ്ചലാ

സമാധാവചലാ ബുദ്ധിസ്തദാ യോഗമവാപ്സ്യസി

സംസാരത്തിൽ(ഈ ജന്മത്തിൽ)കണ്ടതും കേട്ടതും അനുഭവിച്ചതുമായ വസ്തുതകളാൽ സംശയത്തിലകപ്പെട്ടുപോയ നിന്റെ ബുദ്ധി നിശ്ചലവും അചലവുമായ യോഗസമാധിയിൽ എപ്പോൾ സ്ഥിതി ചെയ്യുന്നുവോ, അപ്പോൾ നീ യോഗത്തെ പ്രാപിച്ചുകഴിഞ്ഞു. മായാകഞ്ചുകത്തെ ചീന്തി യെറിഞ്ഞ് ചിദ്രൂപമായ സ്വാത്മാവിനെ മുഖാമുഖം കണ്ടുകഴിഞ്ഞ വിര ക്തനായ വ്യക്തിയുടെ ബുദ്ധി സ്വാത്മാവിൽ വിലയം പ്രാപിച്ച് സ്ഥിതപ്ര ജ്ഞനായി ബ്രഹ്മാനന്ദാനുഭൂതിയിൽ സ്വയം മറന്നിരിക്കുന്ന സമാധിഅവ സ്ഥയാണ് യോഗാവസ്ഥ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. സമത്വം, കർമ്മകുശലത ഇവ യോഗാവസ്ഥ പ്രാപിച്ച വ്യക്തിയിലാണ് കാണപ്പെടു ന്നത്. ലക്ഷണം വെച്ചുവേണം ഒരാൾ യോഗാവസ്ഥ പ്രാപിച്ചുവോ എന്ന് മനസ്സിലാക്കാൻ. ഈ ലക്ഷ്യത്തിലെത്താൻ പ്രയത്നിക്കുന്നവനാണ് ആരുരു ക്ഷു. എത്തിയവനാണ് ആരൂഢൻ. അതീന്ദ്രിയസമാധിയിൽ നിശ്ചലചിത്ത നായി ആരൂഢനായി നിശ്ചലചിത്തനായ മഹാജ്ഞാനിയിൽ നിന്ന് ആനന്ദ ധാര മാത്രമാണ് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുക.

ശ്ലോകം 54

അർജ്ജുന ഉവാചഃ സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ

സമാധിസ്ഥസ്യ കേശവാ

സ്ഥിതധീഃ കിം പ്രഭാഷേത

കിം ആസീത വ്രജേത കിം

അർജ്ജുനൻ ചോദിച്ചുഃ ഹേ,കേശവാ, സമാധിസ്ഥനായ ഒരു സ്ഥിതപ്രജ്ഞ ന്റെ ഭാഷ എന്ത്. സ്ഥിതബുദ്ധിയായ അയാൾ എപ്രകാരമാണ് പ്രഭാഷണം നടത്തുക. എങ്ങനെയെല്ലാം സ്ഥിതി ചെയ്യും. എപ്രകാരം സഞ്ചരിക്കും. ബ്രഹ്മാനുഭവം നേടിയ അതീന്ദ്രിയാവബോധമാർന്ന മഹായോഗിയുടെ ലക്ഷണങ്ങളെന്തെല്ലാമാണ്. അത്തരമൊരു മഹായോഗിയായ കൃഷ്ണനോടു തന്നെ അർജ്ജുനൻ ചോദിക്കുന്നു. കൂടെത്താമസിക്കുന്നവർക്കുപോലും യോ

ഗിയുടെ അവസ്ഥ ശരിക്ക് മനസ്സിലാക്കാനാവില്ല. ബന്ധുവും സുഹൃത്തും ഉപദേഷ്ടാവുമായ കൃഷ്ണന്റെ ഇരിപ്പും നടപ്പും പ്രഭാഷണവും ഭാഷയും കണ്ടിട്ടും പരിചയിച്ചിട്ടും അതാണ് മഹായോഗീശ്വരന്മാരുടെ ലക്ഷണമെന്ന് അർജ്ജുനന് മനസ്സിലായിട്ടില്ല. അതിൽ അത്രയൊന്നും അത്ഭുതപ്പെടാനുമില്ല. യോഗവാസിഷ്ഠത്തിൽ ഒരു കൊച്ചുകഥയുണ്ട്. ഒരു രാജാവിന് തന്റെ രാജകീയജീവിതത്തിൽ വിരക്തി തോന്നി. അദ്ദേഹം വാനപ്രസ്ഥത്തിനൊരുങ്ങി. റാണിയുമൊത്ത് വനത്തിലേക്ക് പോകും വഴി ഒരു തിളങ്ങുന്ന വസ്തു കണ്ടു. അതൊരു മാണിക്യക്കല്ലാണെന്ന് മനസ്സിലാക്കി. തന്റെ കൂടെ വാനപ്രസ്ഥത്തിനു പോന്നുവെങ്കിലും റാണി ഒരു സ്ത്രീയാകയാൽഅവർക്ക് മാണിക്യത്തിൽ മോഹം വന്നേക്കാമെന്ന് രാജാവ് നിശ്ചയിച്ചു. അദ്ദേഹം ആ രത്നം ഒളിപ്പിച്ചുവെച്ചു. എന്തുകൊണ്ടോ അതിനെ ഉപേക്ഷിക്കാനദ്ദേഹത്തിനു തോന്നിയില്ല. രത്നം കയ്യിലിരിക്കും തോറും രാജാവിന് മനസ്സുഖം ഇല്ലാതായി.രാജ്ഞി കാരണമാണ് തന്റെ മനസ്സുഖം പോയതെന്നു കരുതിയ രാജാവ് അവരോട് ശുണ്ഠിയെടുത്തു. ഒടുവിൽ ഒരുനാൾ തന്റെ മനശ്ചാഞ്ചല്യത്തിന്റെ കാരണം അദ്ദേഹം രാജ്ഞിയോടു തുറന്നുപറഞ്ഞു. രാജ്ഞിയുടെ ഉത്തരം കേട്ട് രാജാവ് വിസ്മയിച്ചു. അവരും ആ കല്ല് വഴിയിൽ കിടക്കുന്നത് കണ്ടിരുന്നു. അത് മാണിക്യമാണെന്നും മനസ്സിലാക്കിയിരുന്നു. പക്ഷേ, വെള്ളാരങ്കല്ലും മാണിക്യക്കല്ലും സമമായി കരുതുന്ന യോഗാവസ്ഥയിലെത്തിക്കഴിഞ്ഞിരുന്ന സ്ഥിതപ്രജ്ഞയായ രാജ്ഞി അതിനെ ഗൌനിക്കാതെ കടന്നുപോരികയാണ് ചെയ്തത്. ഊണിലും ഉറക്കത്തിലും സന്തതസഹചാരിണിയായ പത്നിയുടെ യോഗാവസ്ഥ രാജാവ് അറിഞ്ഞിരുന്നില്ല. സ്വന്തം ഭാര്യയുടെ യോഗാവസ്ഥ അറിയാതെ ഭർത്താവ് അവരെ സംശയിക്കുന്ന ലോകത്തിൽ, സുഹൃത്തായ കൃഷ്ണനെ യോഗലക്ഷണം തികഞ്ഞ സ്ഥിതപ്രജ്ഞനായി മനസ്സിലാക്കാതിരുന്ന അർജ്ജുനൻ വലിയ അത്ഭുതമാവുന്നില്ലല്ലോ.

സ്ഥിതാ പ്രതിഷ്ഠിതാ അഹമസ്മി പരം ബ്രഹ്മ ഇതി പ്രജ്ഞാ യസ്യ സ സ്ഥിതപ്രജ്ഞാ(ശങ്കരഭാഷ്യം)

ശ്ലോകം 55 ശ്രീഭഗവാനുവാചഃ-

പ്രജാഹാതി യദാ കാമാൻസർവ്വാൻ പാർത്ഥ മനോഗതാൻ

ആത്മന്യേവാത്മനാ തുഷ്ടഃ സ്ഥിതപ്രജ്ഞസ്തദോച്യതേ

ആത്മാവിൽ ആത്മാവിനാൽത്തന്നെ സന്തുഷ്ടനായിക്കൊണ്ട് സർവ്വകാമങ്ങളേയും ഒരാൾ എപ്പോൾ ത്യജിച്ചുകളയുന്നുവോ, അപ്പോൾ അയാൾ സ്ഥിതപ്രജ്ഞനെന്ന് അറിയപ്പെടുന്നു.ആത്മാനന്ദരസം കൊണ്ട് മറ്റൊന്നിലും രസമില്ലാതെ തന്നിൽത്തന്നെ ആനന്ദിച്ചിരിക്കുന്നതിനാലാണ് സ്ഥിതപ്രജ്ഞന് മനോഗതങ്ങളായ കാമങ്ങളെയെല്ലാം ത്യജിക്കാൻ സാധിക്കുന്നത്. പ്രജഹാതി എന്നാൽ വലിച്ചെറിയുക. (പ്രകർഷേണ ജഹാതി പരിത്യജന്തി) കുട്ടിക്കാലത്തെ കളിക്കോപ്പുകൾ മുതിർന്നപ്പോൾ വലിച്ചെറിയുന്നതുപോലെ ജ്ഞാനി തന്റെ കാമങ്ങളെ മുഴുവനും ഉപേക്ഷി ക്കുന്നു. സർപ്പം തന്റെ പടം പൊഴിക്കും പോലെ ജ്ഞാനി മനോകാമനകളെ ത്യജിക്കുന്നു. പരമാർത്ഥദർശനാമൃതരസലാഭം കൊണ്ട് തുഷ്ടനായവനെ ഉന്മത്തനും പ്രമത്തനുമെന്നു വരെ ആളുകൾ കരുതിയേക്കാം. കാരണം സാധാരണജനങ്ങൾ ചെയ്യുന്ന കാര്യങ്ങ

ളിലൊന്നും അദ്ദേഹത്തിന് രതിയില്ല. പുത്രേഷണ,വിത്തേഷണ, ലോകേഷണ ഇവ കൂടാതെ ആത്മാരാമനായി ആത്മക്രീഡയിൽ സ്ഥിതപ്രജ്ഞനായിരിക്കുന്നവനാണ് സന്യാസി.

ശ്ലോകം 56

ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷു വിഗതസ്പൃഹഃ

വീതരാഗഭയക്രോധഃ സ്ഥിതധീർമുനിരുച്യതേ

ദുഖം സംഭവിക്കുമ്പോളും ഇളകാത്ത മനസ്സുള്ളവനായി, സുഖങ്ങൾ വരുമ്പോൾ അവയിൽ ആഗ്രഹമില്ലാത്തവനായി, രാഗം,ഭയം,ക്രോധം മുതലായ വികാരങ്ങൾ നശിച്ചവനായി, ഇരിക്കുന്നവനാമ് സ്ഥിതധീയായമുനി. സാധാരണ ആളുകൾ ചെറിയ സുഖം വരുമ്പോളേക്കും ആർത്തുല്ലസിക്കുന്നു. നേരിയ ദുഃഖം വരുമ്പോളേക്കും ജീവിതത്തിന്റെ നേർക്ക് ഒരായിരം ആവലാതികൾ വലിച്ചെറിയുന്നു. ചിലപ്പോൾ ജീവിതം തന്നെ അവസാനിപ്പിച്ചു കളയുന്നു. ഇത്തരം ആത്മഹത്യാപരമായ ചിന്താഗതി ഒരിക്കലും സ്ഥിതപ്രജ്ഞരിൽ കാണുകയില്ല. ഏതെങ്കിലും ഒരു പ്രത്യേകഭക്ഷണസാധനത്തിലോ വസ്ത്രത്തിലോ ആഭരണത്തിലോ സ്ത്രീയിലോ(പുരുഷനിലോ) പദവിയിലോ സ്ഥാനമാനങ്ങളിലോ സാധാരണക്കാർക്ക് അതിയായ കാമം ജനിക്കുന്നു. അത് കിട്ടാതിരിക്കുമോ എന്ന ഭയവും ആ ഭയത്തിൽനിന്ന് ക്രോധവും ഉണ്ടായി അവരെ ഭ്രാന്തചിത്തരാക്കുന്നു. ഈ വക ലക്ഷണമൊന്നും സ്ഥിതപ്രജ്ഞനിൽ കാണുയില്ല.

പട്ടുതാനാകിലും വെട്ടുതാനാകിലും കിട്ടുന്നവയിൽ മനസ്സൂന്നാതെ (ഇന്നത്തെ അമ്മ)രാഗം,ക്രോധം,ഭയം മുതലായ ത്രിദോഷങ്ങളാൽ ബാധിക്കപ്പെടാതെ, തന്റെ ആത്മരൂപത്തിൽ ഉറച്ച നിഷ്ഠയോടുകൂടി, ശാന്തനായിരിക്കുന്ന മുനിയാണ് സ്ഥിതപ്രജ്ഞൻ.ഓരോ മുനിക്കുമുണ്ട് സ്വന്തമായി ഒരു മതം(അഭിപ്രായം). സ്വന്തമായി ഒരു മതമില്ലാത്ത വ്യക്തി മുനിയല്ല. നാസൌ മുനിര്യസ്യ മതം നഭിന്നം . സന്തോഷവും സന്താപവും വരുമ്പോൾ മുനി രണ്ടിനേയും ഭഗവദ്പ്രസാദമെന്നു കരുതി സ്വീകരിക്കുന്നു. ദുഃഖം വരുമ്പോളും എല്ലാം നല്ലതിനെന്നു പറയുന്ന മന്ത്രിയെപ്പോലെയാണ് മുനി. രാജാവിന്റെ വലത്തുകയ്യിലെ വിരൽ മുറിഞ്ഞുപോയി. ആകാശം തന്നെ ഇടിഞ്ഞുപോയ മട്ടിൽ അതിനെച്ചൊല്ലി ആവലാതിപ്പെട്ട രാജാവിനോട് മന്ത്രി പറഞ്ഞുഃ എല്ലാം നല്ലതിനാണ്. രാജാവിനു ശുണ്ഠി വന്നു, മന്ത്രിയെ പിടിച്ച് ജയിലിലിട്ടു. രാജാവ് തനിയേ നായാട്ടിനു പോയി. ഒരു കൂട്ടം കാപാലികരുടെ കയ്യിലകപ്പെട്ട അദ്ദേഹത്തെ അവർ ബലി കൊടുക്കാൻ കൊണ്ടുപോയി. സർവ്വലക്ഷയുക്തനായ പുരുഷനെയാണ് ബലിക്ക് വേണ്ടിയിരുന്നത്. രാജാവിന് ഒരു വിരലില്ല എന്നു കണ്ടപ്പോൾ അവർ അദ്ദേഹത്തെ വിട്ടയച്ചു. രാജാവ് മന്ത്രിയെക്കുറിച്ചുതന്നെ വിചാരപ്പെട്ടും കൊണ്ട് കൊട്ടാരത്തിലെത്തി. നേരെ കാരാഗൃഹത്തിലെത്തി മന്ത്രിയെ വിട്ടയച്ചു. മന്ത്രിയോടു മാപ്പു ചോദിച്ചു, കാരാഗൃഹത്തിലടച്ചത് ശരിയായില്ല എന്നു പറഞ്ഞു. മന്ത്രി പറഞ്ഞുഃ- അതും നല്ലതിനായിരുന്നു. ഞാൻ ജയിലിലല്ല എന്നുവരികിൽ അങ്ങയുടെ കൂടെ ഉണ്ടാവുമായിരുന്നു, സർവ്വലക്ഷണയുക്തനെന്നു പറഞ്ഞ് കാപാലികർ എന്നെ ബലി കഴിക്കുമായിരുന്നു. കാരാഗൃഹത്തിലടച്ചത് എന്നെ രക്ഷിച്ചു.സ്വന്തം ദുഃഖത്തോട് ഇപ്രകാരം

പ്രതികരിച്ച മന്ത്രിയെപ്പോലെയാണ് സ്ഥിതപ്രജ്ഞന്മാർ. അദ്ധ്യാത്മികദുഃഖം വരുമ്പോളും പ്രക്ഷുഭിതമാകാത്ത മനസ്സാണ് അവരുടേത്.

ശ്ലോകം 57

യഃസർവ്വത്രാനഭിസ്നേഹസ്തത്തത് പ്രാപ്യ ശുഭാശുഭം

നാഭിനന്ദതി ന ദ്വേഷ്ടി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

യാതൊരുവൻ സർവ്വവസ്തുക്കളോടും ആസക്തി ഇല്ലാത്തവനായിരിക്കുന്നുവോ, യാതൊരുവൻ ശുഭത്തേയും അശുഭത്തേയും പ്രാപിച്ചിട്ടും അവയെ അഭിനന്ദിക്കുകയോ ദ്വേഷിക്കുകയോ ചെയ്യുന്നില്ലയോ, അവന്റെ പ്രജ്ഞ സ്ഥിരമായിരിക്കുന്നു. സമാധിയിൽ സ്ഥിരമായി ഉറച്ച പ്രജ്ഞയോടു കൂടിയവൻ തികഞ്ഞ അനാസക്തനാണ്. അവൻ ഒന്നിനേയും ഏറെ സ്തുതിക്കുന്നില്ല. നിന്ദിക്കുന്നുമില്ല. സർവ്വവസ്തുക്കളോടും സമഭാവനയാണവന്ന്. പ്രീതിയോ അപ്രീതിയോ ഇല്ല. ജീവിതാനുഭവങ്ങളിൽനിന്ന് ഒളിച്ചോടാതെത്തന്നെ ഒരുത്തമഗൃഹസ്ഥന് ഇപ്രകാരം അനാസക്തനായ രാജയോഗിയായി തന്റെ സ്വധർമ്മങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ഹർഷവിഷാദവിവർജ്ജിതനായ മുനിയുടെ പ്രജ്ഞ വിവേകത്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്.

ശ്ലോകം 58

യദാ സംഹരതേ ചായം കൂർമ്മോങ്ഗാനീവ സർവ്വശഃ

ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

എപ്പോൾ ഒരു ജ്ഞാനി സർവ്വവിഷയങ്ങളിൽനിന്നും ,ആമ കൈകാലുകളെയെന്നപോലെ, ഇന്ദ്രിയങ്ങളെ പിൻതിരിപ്പിക്കുന്നുവോ, അപ്പോൾ അവൻ സ്ഥിതപ്രജ്ഞനായിക്കഴിഞ്ഞു. ഇന്ദ്രിയങ്ങൾ എപ്പോഴും അവയുടെ വിഷയങ്ങളെ തേടിക്കൊണ്ടിരിക്കും. കണ്ണ് രൂപത്തേയും ചെവി ശബ്ദത്തേയും നാവ് സ്വാദിനേയും നാസിക ഗന്ധത്തേയും ത്വക്ക് സ്പർശത്തേയും അനുഭവിക്കാനുള്ള ആശയോടുകൂടി അവയിലേക്ക് നീണ്ടുചെല്ലുന്നു. വിഷയങ്ങളോടുള്ള ഈ പ്രതിപത്തിയെ അടക്കുക എന്നത് ദുഷ്കരമായി തോന്നാം. യോഗിക്ക് അത് എളുപ്പമായി സാധിക്കുന്നു. ചെറിയ ആപത്തു കാണുമ്പോഴെക്കും ആമ തലയും വാലും കൈകാലുകളും തോടിനകത്തേക്ക് ഉപസംഹരിച്ച് സുരക്ഷിതനായിരിക്കുന്നു. അതുപോലെ വിഷയങ്ങൾ കാണുമ്പോഴെക്കുതന്നെ യോഗി ഇന്ദ്രിയങ്ങളെ ആത്മാവിലേക്ക് ഉപസംഹരിച്ച് സംഗം ഒഴിവാക്കുന്നു.പതഞ്ജലിയോഗപദ്ധതി ഇതിനെ പ്രത്യാഹാരം എന്നു വിളിക്കുന്നു. യോഗപദ്ധതിയിൽ സ്ഥിതപ്രജ്ഞൻ ആമയോട് ഉപമിക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രങ്ങളിൽ ധ്വജപ്രതിഷ്ഠ നടത്തുമ്പോൾ താഴെ ഒരു കൂർമ്മപ്രതിഷ്ഠ നടത്തുന്നു. സ്ഥിരവും അചലവും എന്തിനേയും താങ്ങാൻ കഴിയുന്നതുമായ യോഗിയുടെ ആത്മാവിനെ കൂർമ്മരൂപം പ്രതിനിധീകരിക്കുന്നു. ബുദ്ധിയോഗത്തിൽ അടിയുറച്ച ഒരാളെ കൂർമ്മബുദ്ധി എന്നാണ് പറയാറുള്ളത്. ആത്മാവിൽ ഏകാഗ്രമായി നിർത്തിയ ബുദ്ധിശക്തിയോടുകൂടിയ കൂർമ്മബുദ്ധിയായ യോഗി ഇന്ദ്രിയവിഷയങ്ങളിൽനിന്ന് ആമയെപ്പോലെ ഇന്ദ്രിയങ്ങളെ പിന്തിരിപ്പിക്കുന്നു. ആമയുടെ പുറത്ത് 9 സമഭാഗമായി വിഭജിച്ച ഒരു തോടുണ്ട്. അതിനെ പ്രപഞ്ചത്തിന്റെ 9 സമഭാഗമായി

കാണുന്ന ഒരു താന്ത്രികപദ്ധതി ഇന്ത്യയിലും ചൈനയിലുമുണ്ട്.പ്രപഞ്ചത്തെ വിഷ്ണു കൂർമ്മരൂപത്തിലാണ് താങ്ങുന്നത്. സ്ഥിതപ്രജ്ഞനായ യോഗിയുടെ ഹൃദയകമലത്തിലാണ് പ്രപഞ്ചങ്ങൾ സ്ഥിതി ചെയ്യുന്നത്. യാജ്ഞവല്ക്ക്യനും മൈത്രേയിയും തമ്മിലുള്ള ഒരു സംവാദം എപ്രകാരം യോഗീ ഹൃദയത്തിൽ പ്രപഞ്ചം സ്ഥിതി ചെയ്യുന്നു എന്ന് വ്യക്തമാക്കുന്നു.

യാജ്ഞഃ മൈത്രേയീ, നീയിപ്പോൾ എവിടെയാണ്

മൈഃ-ഞാൻ തപോവനത്തിലെ ഒരു മുറിയിലിരിക്കുന്നു

യാജ്ഞഃ തപോവനം എവിടെയാണ്

മൈഃഭാരതഭൂമിയാലാണ്

യാജ്ഞഃ ഭാരതഭൂമി എവിടെയാണ്

മൈഃ പൃഥ്വിയിലാണ്

യാജ്ഞഃ പൃഥ്വി എവിടെയാണ്

മൈഃ അന്തരിക്ഷത്തിലാണ്

യാജ്ഞഃ അന്തരിക്ഷം എവിടെയാണ്

മൈഃ പ്രപഞ്ചത്തിലാണ്

യാജ്ഞഃ പ്രപഞ്ചം എവിടെയാണ്

മൈഃ പ്രഭോ, പ്രപഞ്ചങ്ങൾ എന്റെയുള്ളിൽ വിടരുകയും അസ്തമിക്കയും ചെയ്യുന്നത് ഞാൻ ദർശിക്കുന്നു.

ഏതു വലിയ ആസ്ട്രോണമറുടെ ഉള്ളിലും വിടർന്നു വികസിക്കുന്ന, നശിക്കുന്ന അനേകം പ്രപഞ്ചങ്ങളുടെ പെരുന്താമരപ്പൂക്കൾ ഉണ്ടാകാതെ വയ്യ. യോഗിയുടെ ഉള്ളിലാണ് പെരുന്താമരപ്പൂക്കളെപ്പോലെ പ്രപഞ്ചങ്ങൾ സൃഷ്ടിക്കയും കൊഴിഞ്ഞുപോകയും ചെയ്യുന്നതെന്ന് ആർഷജ്ഞാനം. ജ്യോതിശ്ചക്രത്തെ ഉള്ളിൽ ധരിച്ചുകൊണ്ടാണ് യോഗി സഞ്ചരിക്കുന്നത്. പ്രപഞ്ചം ഒരേ സമയം അദ്ദേഹത്തിൻ ഉള്ളിലും പുറത്തുമുണ്ട്. ആമയെപ്പോലെ ഇന്ദ്രിയങ്ങളെ പിൻവലിച്ച് ആത്മാവിൽ ചേർക്കുമ്പോൾ പ്രപഞ്ചങ്ങളെല്ലാം ഉള്ളിലായി. യോഗി നിരാകാരമിരയനനിരുപമപരബ്രഹ്മമായി. ഈശ്വരാർപ്പണമായ സ്വധർമ്മത്തിനായി സഞ്ചരിക്കുമ്പോൾ ഇന്ദ്രിയങ്ങളെ അൽപ്പാൽപ്പം പ്രകാശിപ്പിക്കുന്നു. അപ്പോൾ സായനമായ പ്രപഞ്ചസംവിധാനത്തെ തന്റെ വാക്കുകളിലൂടെ പുറത്തും സൃഷ്ടിക്കുന്നു. (വാക്യപ്രപഞ്ചം) ഇതാണ് ദൈവസർഗ്ഗക്രമം.

ശ്ലോകം 59

വിഷയാവിനിവർത്തന്തേ നിരാഹാരസ്യ ദേഹിനഃ

രസവർജ്ജം രസോപ്യസ്യ പരം ദൃഷ്ട്വാ നിവർത്തതേ

നിരാഹാരനായിരിക്കുന്ന ദേഹി വിഷയങ്ങളിൽനിന്ന് പിന്തിരിയുന്നു. വിഷയരസം പോലും പരമമായ ബ്രഹ്മദർശനത്തോടെ അവനിൽനിന്ന് നിവർത്തിക്കുന്നു. വിഷയങ്ങളെ ആഹരിക്കുന്നവയാണ് ഇന്ദ്രിയങ്ങൾ. അവയെ ആഹാരങ്ങളെന്നു വിളിക്കാം. ഇന്ദ്രിയങ്ങളെ അടക്കിയവൻ നിരാഹാരനാണ്. ബ്രഹ്മരസം നുകർന്ന യോഗിയിൽ ഇന്ദ്രിയസുഖം നില നിൽക്കുകയില്ല. പരിപൂർണ്ണമായ നിവൃത്തിമാർഗ്ഗത്തിലെത്തിയ യോഗിക്ക് ബ്രഹ്മാനുഭൂതി മാത്രം മതി, ആഹരിക്കാൻ. രസം രാഗം. സ്വരസേന പ്രവൃത്തഃ രസികഃ രസ്ജ്ഞഃ രസാപി രഞ്ജനോരൂപഃ സൂക്ഷ്മഃ (ശങ്കരാചാര്യർ). വിഷയരസത്തിലുള്ള രാഗം ഇല്ലാതായത് ബ്രഹ്മരസത്തിലുള്ള രസം അറിഞ്ഞ് രസജ്ഞനായതുകൊണ്ടാണ്.

ശ്ലോകം 60

യതതോഹ്യപി കൌന്തേയ പുരുഷസ്യ വിപശ്ചിതഃ

ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ

ഹേ,കൌന്തേയ, വിദ്വാനായ പുരുഷന്റെ മനസ്സിനെപ്പോലും ബലാൽ ഹരിക്കുന്നവയാണ് പ്രമാഥികളായ (ക്ഷോഭകാരികളായ) ഇന്ദ്രിയങ്ങൾ .അവ തപോനിഷ്ഠരായ വിശ്വാമിത്രാദികളെപ്പോലും ക്ഷോഭിപ്പിച്ചവയാണ്. ഇന്ദ്രിയനിഗ്രഹം സാധിക്കണമെന്നു കരുതി സ്ഥിരപരിശ്രമം ചെയ്യുന്നവരെപ്പോലും അവ മുട്ടുകുത്തിക്കുന്നു. അവയെ അടക്കുക എന്നത് ഒരു ചെറിയ കാര്യമല്ല. ഏതെങ്കിലും ഒരു വ്യക്തി ഇന്ദ്രിയങ്ങളെ ആമയെപ്പോലെ ഉള്ളിലേക്ക് വലിച്ച് ബ്രഹ്മനിഷ്ഠനായി എന്നു പറയുമ്പോൾ അതത്ര എളുപ്പമായ കാര്യമാണെന്നു വിചാരിച്ച് തള്ളിക്കളയരുത്. വളരെ പ്രയാസമുള്ളതും ശ്രമിച്ചാൽ അസാദ്ധ്യമല്ലാത്തതും ആണു ഇന്ദ്രിയനിഗ്രഹം.

ശ്ലോകം 61

താനി സർവ്വാണി സംയമ്യ യുക്ത ആസീത തത്പരഃ

വശേ ഹി യസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

അപ്രകാരമുള്ള സർവ്വേന്ദ്രിയങ്ങളേയും സംയമനം ചെയ്ത് എന്നിൽത്തന്നെ ഉറച്ച് എന്നെ മാത്രം അറിയുന്നവനായി, ഇരിക്കുക. ആർക്കാണോ ബലവാന്മാരായ ഇന്ദ്രിയങ്ങളെല്ലാം വശഗമായിരിക്കുന്നത് അയാൾക്ക് പ്രജ്ഞ ഉറച്ചു എന്നറിയുക. 60ആം ശ്ലോകത്തിലെ വിപശ്ചിതനും(മേധാവി,വിദ്വാൻ) 61ആം ശ്ലോകത്തിലെ സംയമിയും തമ്മിലെന്താണ് വ്യത്യാസം. താനി സർവ്വാണി സംയമ്യ സംയമനം വശീകരണം കൃത്വാ യുക്തഃസമാഹിതഃസൻ ആസീത മത്പരഃഅഹം വാസുദേവഃ സർവ്വപ്രത്യഗാത്മാ പരോ യസ്യ സഃ മത്പരഃ ന അന്യോഹം തസ്മാത് ഇതി ആസീത ഇത്യർത്ഥഃ

സംയമി മത്പരനാണ് .59ആം ശ്ലോകത്തിൽ പറഞ്ഞ പരമപദം ദർശിച്ചവനാണ്. ആ പരമപദം ഞാൻതന്നെ എന്ന് സാക്ഷാത്കരിച്ചവനാണ്. സ്വാനുഭൂതി നേടിയവനാണ്. പരബ്രഹ്മം ഞാൻതന്നെയാണെന്നും തനിക്ക് വിഷയരസം പോലും ആസ്വദനീയമല്ല എന്നും ഉള്ള സ്ഥിതിവിശേഷം വിദ്വാന് വന്നിട്ടില്ല. പരമഭക്തിയും ജ്ഞാനവും വന്നിട്ടില്ല. അതുകൊണ്ടാണ് ഇന്ദ്രിയ

ക്ഷോഭം ഉണ്ടാവുന്നത്. ഞാനാണ് വാസുദേവനെന്ന് സാക്ഷാത്കരിച്ചവനാണ് സംയമി. സംയമിക്ക് ഇന്ദ്രിയങ്ങൾ വശീകൃതമായി അടങ്ങിക്കിടക്കുന്നു.

ശ്ലോകം 62

ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷുപജായതേ

സംഗാത് സംജായതേ കാമഃ കാമാത്ക്രോധോഭിജായതേ

വിഷയങ്ങളെ അനുഭവിക്കുന്നില്ലെങ്കിലും അവയെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന വിദ്വാനായ പുരുഷന്, അവയിൽ സംഗവും ആസക്തിയും ജനിക്കുന്നു. സംഗം കൊണ്ട് ക്മവും മാമംകൊണ്ട് ക്രോധവും ക്രമേണ ജനിക്കുന്നു.ശ്രീയമുനാചാര്യൻ പറഞ്ഞുഃ- എന്റെ ചേതസ്സ് കൃഷ്ണപരമാത്മാവിൽ നവനവരസധാമത്തിൽ നിരന്തരം രതിയോടുകൂടി വർത്തിക്കാൻ തുടങ്ങിയതിൽപ്പിന്നെ നാരീസംഗമത്തെക്കുറിച്ചുള്ള ചിന്തപോലും എന്നിൽ അറപ്പു ജനിപ്പിക്കുന്നു. ഭക്തികൊണ്ട് സംയമിയായ യമുനാചാര്യന്റെ അവസ്ഥയിലല്ല, മത്പരരായിട്ടില്ലാത്ത വിദ്വാന്മാർ. അവർക്കും സാധാരണ മനുഷ്യരെപ്പോലെ വിഷയരതിയുണ്ട്, അതിൽ താൽപ്പര്യമുണ്ട്. ധനം,മാനം,പദവി,സുഖഭോഗവസ്തുക്കൾ, സ്ത്രീസുഖം ഇവയിലെല്ലാം ആശയുണ്ട്. അവ ലഭിക്കാത്തപ്പോൾ ദേഷ്യം വരുന്നുണ്ട്. ഈ പറഞ്ഞതെല്ലാം സ്ത്രീകൾക്കും ബാധകമാണ്. ഗൃഹാന്തർഭാഗങ്ങളിൽ തീരാത്ത കാലുഷ്യം നിറക്കുന്നത് ഈ വിഷയസംഗമാണ്. ഭാര്യാഭർത്താക്കന്മാർ സംയമികളാണെങ്കിൽ സുഖസംതൃപ്തമായ കുടുംബജീവിതം ഉറപ്പാണ്.

ശ്ലോകം 63

ക്രോധാദ്ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതിവിഭ്രമഃ

സ്മൃതിഭ്രംശാത് ബുദ്ധിനാശോ ബുദ്ധിനാശാത് പ്രണശ്യതി

ക്രോധം ഉണ്ടാവുമ്പോൾ സമ്മോഹമുണ്ടാവുന്നു. സമ്മോഹമുണ്ടാവുമ്പോൾ ഓർമ്മ നശിക്കുന്നു. ഓർമ്മ നശിച്ചാൽ ബുദ്ധിനാശം വരും. ബുദ്ധിനാശം മൂലം നശിച്ചുപോകുന്നു.

ദേഷ്യം വരുമ്പോൾ മനുഷ്യർക്ക് എന്താണ് പറയേണ്ടത്, പറഞ്ഞുകൂടാത്തത് എന്നില്ല. കാര്യവിവേകമില്ലാത്ത ആ മനസ്ഥിതിയാണ് സമ്മോഹം. ആ അവസ്ഥയിൽ ഓർമ്മ നശിച്ചവരായിത്തീരുന്നു. ഉറക്കെ അട്ടഹസിച്ച് പലതും പുലമ്പുന്നു. ഓർമ്മയും ബുദ്ധിയും തമ്മിലുള്ള അവിഭാജ്യബന്ധം കാരണമാണ് ഇങ്ങനെ ബുദ്ധിഭ്രമം പിടിപെട്ടപോലെ പെരുമാറുന്നത്. അതിയായ ക്രോധം സ്മൃതിഭ്രംശത്തിനും ബുദ്ധിഭ്രമത്തിനും കാരണമാകുന്നു. ഇത് നാശത്തിലേക്ക് നയിക്കുന്നു. ഇന്ദ്രിയവിഷയങ്ങളോടുള്ള ആഭിമുഖ്യം തീപ്പൊരിപോലെയാണ്. അത് ക്രോധാഗ്നിയായി ആളിക്കത്തി ചുട്ടുചാമ്പലാക്കാൻ കരുത്തുള്ളതാണ്. അതിനാൽ വിവേകികൾ ഇന്ദ്രിയങ്ങളെ വശത്താക്കി, വിഷയസംഗം കൂടാതെ അതീവ ജാഗ്രതയോടെ വർത്തിക്കുന്നു.

ശ്ലോകം 64

രാഗദ്വേഷവിയുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ

ആത്മവശ്യൈർവിധേയാത്മാ പ്രസാദമധിഗച്ഛതി

വിധേയാത്മാവായ യോഗിയാകട്ടെ, രാഗദ്വേഷങ്ങളിൽനിന്നും വിഷയങ്ങളിൽനിന്നും വിമുക്തമായി, ആത്മവശമായിരിക്കുന്ന ഇന്ദ്രിയങ്ങളോടുകൂടിയാണ് വർത്തിക്കുന്നത്. അതിനാൽ അയാൾ പ്രസാദം പ്രാപിക്കുന്നു. പൂവും ചന്ദനവും മധുരവും പൂജാവസാനത്തിൽ ലഭിക്കുന്നതിനെ പ്രസാദമെന്നു പറയാറുണ്ട്. തുപ്പുവാനും ഇറക്കുവാനും വയ്യാത്തതെന്ന് മലയാളകവി പാടിയ ചിത്പുമാനുടെ ആ പ്രസാദമല്ല, ഈ പ്രസാദം മനസ്സിൻ പ്രസാദമാണ്. ചിത്തപ്രസാദമാണ്. മനഃശുദ്ധിയും ശാന്തിയുമാണ് പ്രസാദം. സർവ്വദുഃഖങ്ങളേയും ശമിപ്പിക്കുന്ന ആനന്ദഘനരൂപമായ ബ്രഹ്മാനുഭൂതിയാണ് പ്രസാദം. അതിനാൽ യോഗി സദാ പ്രസാദാത്മകനായി ഭവിക്കുന്നു. സർവ്വാനർത്ഥങ്ങൾക്കും മൂലം വിഷയാനുദ്ധ്യാനമാണ്. അതിൽനിന്നുള്ള നിരന്തരമായ മോക്ഷമാണ് ഇവിടെ പറയുന്നത്.രാഗദ്വേഷങ്ങൾ ഇന്ദ്രിയങ്ങളുടെ സ്വാഭാവികപ്രവൃത്തിയാണെന്നും അവയിൽനിന്നും വിട്ടുനിൽക്കുന്ന മുമുക്ഷുവിനാണ് ചിത്തപ്രസാദം അചിരേണ ലഭിക്കുന്നത് എന്നും സാരം

ശ്ലോകം 65

പ്രസാദേ സർവ്വദുഃഖാനാം ഹാനിരസ്യോപജായതേ

പ്രസന്നചേതസോഹ്യാശു ബുദ്ധിഃപര്യവതിഷ്ഠതേ

പ്രസാദം സർവ്വദുഃഖത്തേയും നശിപ്പിക്കുന്നു. പ്രസന്നചിത്തന്റെ ബുദ്ധി വേഗത്തിൽ ഉറച്ച് നിശ്ചലമായിത്തീരുന്നു. കാമക്രോധലോഭാദികളാൽ ക്ഷുഭിതമായ ഒരാലുടെ അന്തരംഗം ഇളകിമറിയുന്ന അത്ലാന്തിക് സമുദ്രം പോലെയാണ്. അതിന്റെ അടിത്തട്ട് കാണാൻ പ്രയാസമാണ്. അതിൽ പ്രജ്ഞയുടെ അനുരണനങ്ങൾ കാണാനാവില്ല. ശാന്തമായ തടാകം പോലെ നിശ്ചലമായ സ്ഥിതപ്രജ്ഞന്റെ അന്തരംഗത്തിന്റെ അടിത്തട്ട് നിർമ്മലമായി ദൃശ്യമാകും. ആ തടാകോപരി ദൈവസർഗ്ഗക്രമത്തിന്റെ അനുരണനങ്ങൾ പോലെ ക്രമമായും വൃത്താകൃതിയിലും വന്നുപോയിക്കൊണ്ടിരിക്കുന്ന ചലനങ്ങൾ ആ മഹത്തായ പ്രജ്ഞയെ അളക്കാൻ മറ്റുള്ളവരെ സഹായിക്കുന്നു. ഏറ്റവും മഹത്തായ പ്രജ്ഞയിൽ മാത്രമാണ് ദൈവസർഗ്ഗക്രമത്തിന്റെ ചിന്താതരംഗങ്ങൾ നേരിയ തരംഗവീചികൾ പോലെ പ്രത്യക്ഷപ്പെടുന്നത്. പ്രസാദാത്മകനായ ഒരു സ്ഥിതപ്രജ്ഞനു മാത്രമേ പ്രതിഭാശാലിയായ ചിന്തകനോ കവിയോ ശാസ്ത്രജ്ഞനോ ആയിരിക്കാൻ സാധിക്കുകയുള്ളൂ.

ശ്ലോകം 66

നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനം

ന ചാഭാവയതഃ ശാന്തിരശാന്തസ്യ കുതഃസുഖം

യോഗയുക്തനല്ലാത്തവന് ബുദ്ധിയില്ല (ശ്രദ്ധ സാധിക്കാത്തതുകൊണ്ട്), ഭാവനയുമില്ല. ഭാവനയില്ലാത്തവന് ശാന്തിയുണ്ടാവുകയില്ല. ശാന്തിയില്ലാത്തവന് എവിടെ സുഖം.

ഭാവന സർഗ്ഗശക്തിയാണ്. കവിയുടെ ധ്യാനത്തിന്റെ പരമോന്നതിയിൽ തന്മയീഭവിക്കുന്ന സർഗ്ഗശക്തിയെ ദൈവസർഗ്ഗക്രമത്തോടു തുലനം ചെയ്യാവുന്നതാണ്. നടരാജഗുരു ഈ ശ്ലോകത്തിന്റെവ്യാഖ്യാനത്തിൽ ഇങ്ങനെ പറയുന്നു. Bhavava here means creative intuition,the word being derived from the root Bhav (to become).Peace results only when intuition comes into operation, along lines of creative becoming. Which reconciles opposing tendencies of the mind. Realhappiness is the result of a global sense of being where currents and counter-currents are stilled in happiness, which can be said to be the goal of contemplation.

ശങ്കരാചാര്യർ ഭാവനാ ആത്മജ്ഞാനാഭിനിവേശമെന്ന് പറയുന്നുണ്ട്. അതിൽനിന്ന് ശാന്തി ലഭിക്കുന്നു. ഇന്ദ്രിയങ്ങളുടെ വിഷയസേവാതൃഷ്ണയിൽനിന്നുള്ള നിവൃത്തിയാണ് ശാന്തിയും സുഖവും തരുന്നത്. അതിനു ശ്രമിക്കാത്തവന് എങ്ങനെ യഥാർത്ഥസുഖം ലഭിക്കും.

ശ്ലോകം 67

ഇന്ദ്രിയാണാം ഹി ചരതാം യന്മനോനുവിധീയതേ

തദസ്യ ഹരതി പ്രജ്ഞാം വായുർനാവമിമാംഭസി

ചരിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളുടെ പിന്നാലെ പോകുന്ന മനസ്സ് , വെള്ളത്തിൽ തോണിയെ കാറ്റെന്നപോലെ , മനുഷ്യന്റെ പ്രജ്ഞയെ വലിച്ചുകൊണ്ടുപോകുന്നു. ശ്ലോകം 60ൽ ഹരന്തി പ്രസഭം മനഃ എന്നു പറഞ്ഞതിനെ ഇവിടെ വ്യാഖ്യാനിക്കുന്നു. ഇന്ദ്രിയവിഷയങ്ങളിൽ ലക്ഷ്യമില്ലാതെ സഞ്ചരിക്കുന്ന മനസ്സിനെ നിയന്ത്രിച്ച് ആത്മവിഷയത്തിലേക്ക് ശ്രദ്ധ തിരിക്കുന്നതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

ശ്ലോകം 68

തസ്മാദ് യസ്യ മഹാബാഹോ നിഗൃഹീതാനി സർവ്വശഃ

ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

ഹേ,മഹാബാഹോ, അതിനാൽ ആരുടെ ഇന്ദ്രിയങ്ങളാണോ ഇന്ദ്രിയാർത്ഥങ്ങളായ വികാരങ്ങളിൽനിന്ന് പൂർണ്ണമായും നിവർത്തിക്കപ്പെട്ടിട്ടുള്ളത്, അവന്റെ പ്രജ്ഞയാണ് സ്ഥിരമായ പ്രജ്ഞ.

പ്രജ്ഞയേയും സ്ഥിതപ്രജ്ഞനേയും കുറിച്ചുള്ള ഈ ലഘുവിവരണത്തെക്കുറിച്ച് ഒരു പ്രജ്ഞ- ബോധത്തെക്കുറിച്ച് ഒരവബോധം- വേണ്ടിയിരിക്കുന്നു. ശുശ്രുതസംഹിതപ്രകാരം സർവ്വജ്ഞനും സർവ്വഗതനും ക്ഷേത്രജ്ഞനുമായ പുരുഷൻ ഓരോ വ്യക്തിശരീരത്തിലും കർമ്മപുരുഷനായി കാണപ്പെടുന്നു. ചേതനയെ തമസ്സ് അടിമപ്പെടുത്തുന്നതാണ് നിദ്ര. സ്വാഭാവികനിദ്രയിൽ കർമ്മപുരുഷൻ ഉറങ്ങുന്നില്ല. പൂർവ്വസ്ഥിതിയിലുണ്ടായ അനുഭവങ്ങളുടെ ദർശനം രാജസികമായ മനസ്സിനു നൽകിക്കൊണ്ട് ഉണർന്നിരിക്കുന്നു. ഒരാൾ നിദ്രവിട്ട് ഉണർന്നെഴുനേൽക്കണമെങ്കിൽ സാത്വികതത്വം ബലവത്താവണം. ബോധം കെട്ടു കിടക്കുന്നത് താമസനിദ്രയാമ്. അതിൽ രാജസം ഉണർന്നിരിക്കുന്നില്ല. സാത്വികതത്വത്തിന് ബലമില്ലാത്തതുകൊണ്ട് ഉണർന്നെഴുനേൽക്കാൻ സാധിക്കയുമില്ല. സത്വരജസ്സുകൾ താമസികമായ കോമയിൽ തീരെ ബലഹീനങ്ങളാണ്.

സാധാരണഗതിയിൽ വ്യക്തികൾക്ക് അറിയാൻ കഴിയാത്തതും സർവ്വജ്ഞ പുരുഷന് അറിയാൻ കഴിയുന്നതുമായ ദർശനങ്ങളുണ്ട്. അവയും സ്വപ്ന രൂപമാണ്. സ്വപ്നം കർമ്മപുരുഷന്റെ ലക്ഷണമല്ല. സർവ്വജ്ഞപുരുഷന്റെ ലക്ഷണമാണ്. (ശരീരസ്ഥാനം 4.35) ഒരു മനുഷ്യന് രണ്ടുവിധത്തിലുള്ള ആവശ്യങ്ങളുണ്ടെന്ന് ആധുനികമനഃശാസ്ത്രം പറയുന്നു.

Viscerogenic	Psychogenic
ശ്വാസോച്ഛ്വാസം ഭക്ഷണം മലമൂത്രവിസർജ്ജനം രേതസ്സ് വിസർജ്ജനം(വംശവൃദ്ധി) പാൽചുരത്തൽ(സസ്തനജീവി)	1. അചരവസ്തുസംബന്ധം വസ്തുസമ്പാദിക്കുക, അവ ചിട്ടയായി അടുക്കിവെക്കുക, ഭാഗ്യപരീക്ഷണം, നിർമ്മിതി (ഗൃഹം,ക്ഷേത്രം മുതലായവ) 2. അഭിമാനകരമായ നേട്ടം പ്രയാസങ്ങലം തരണം ചെയ്യുക, പ്രയാസമുള്ളത് നിർവ്വഹിച്ച്കാണിക്കുക, പ്രശംസാപാത്രമാവുക 3. നേടിയവ സംരക്ഷിക്കാനായി യുദ്ധം ചെയ്യുക (സ്വത്ത്, അഭിമാനം, സംസ്കാരം ഇവക്കുവേണ്ടി) 4. അധികാരശക്തി . (നയിക്കുക, നിയന്ത്രിക്കുക,സ്വാതന്ത്ര്യദാഹം, നേതൃസ്ഥാനത്ത് ഒരാളെ അവരോധിക്കുക, അയാളെ അനുസരിക്കുക.) 5. ശിക്ഷ. നീതിപാലനം,നിയമം 6. സ്നേഹം,സൌഹൃദം,ധാരണ,വാത്സല്യം, പോഷണം പാലനം 7. ജിജ്ഞാസയും അതിന്റെ ശമനവും . അന്വേഷണം, ഗവേഷണം, ഗ്രഹണം, ഗ്രഹിച്ചത് ധരിപ്പിക്കൽ,ഭാഷ, അനുമാനം, തർക്കവിചാരം (ലോജിക്ക്) ഇവ കൊണ്ട് തെളിയിക്കൽ, വിശദീകരിക്കൽ(ശാസ്ത്രവും സാഹിത്യവും). ഇവ cognizance and exposition എന്ന ഇനത്തിൽ പെടും.

പ്രജ്ഞ നശിച്ചുകിടക്കുന്ന വ്യക്തിയിൽ ഇവയില്ല. വിസറോജെനിക്ക് ആവശ്യങ്ങളേ ഉള്ളു. സൈക്കോജെനിക്ക് ഇനത്തിലെ 1 മുതൽ 5 വരെ കർമ്മയോഗത്തിന്റെ പരിധിയിൽ പെടുന്നു. 6 ഭക്തിയോഗവും 7 ജ്ഞാനയോഗവു

മാണ്. സുഷുപ്തിഅവസ്ഥയിൽ മനസ്സിന്റെ intuitive ആയ കഴിവുകൾ പരമാവധിയാണ്. പലകാലമായി അന്വേഷിച്ചുകൊണ്ടിരുന്ന ഒരു സത്യംപെട്ടെന്നു വെളിപ്പെടുന്നതും ഗ്രഹിക്കാൻ കഴിയുന്നതും സുഷുപ്തിയിലാണ്. ശ്രീനിവാസരാമാനുജൻ തന്റെ സങ്കീർണ്ണമായ ഗണിതതത്വങ്ങൾ സുഷുപ്തിയിൽ ഗ്രഹിക്കുകയും കാലത്ത് എഴുന്നേറ്റ് എഴുതിവെക്കുകയും ചെയ്തിരുന്നു. ശിവന്റെ കടുന്തുടിയുടെ ആകൃതിയിൽ രണ്ട് ബോധത്രികോണങ്ങൾ വരക്കുക .അതിൽ പ്രജ്ഞയുടെ സമ്പൂർണ്ണരൂപം ദർശിക്കാം.



പ്രപഞ്ചത്തിന്റെ മുഴുവനുമായ കളക്ടീവ് കോൺഷ്യസ്നസ്സിനെ കണ്ടെത്താൻ വിഷമമാണെന്ന് കാൾയുങ്ങ് പറയുന്നുണ്ട്. അതിന്റെ പരിധിയും നിജസ്വഭാവവും വ്യക്തിചിന്തക്ക് ഗ്രാഹ്യമല്ല. കാരണം അവ ജനിക്കുന്നത് ചിന്തയിലല്ല, ചിന്തയല്ല അവയെ കണ്ടെത്തുന്നതും. അവ സ്വയം വെളിപ്പെടുകയാണ്. ആറുതരം ആർക്കിടൈപ്പുകളായി അതിനെ കാണാം. പേഴ്സണ, ഷാഡോ, അണിമ, അണിമസ്സ്, ഓൾഡ് വൈസ് മാൻ, എർത്ത് മദർ, സെൽഫ്. ഫ്രോയിഡ്ന്റെ ഈഗോ ജാഗ്രത്തിലെ ഞാനിന്റെ മാത്രം കേന്ദ്രമാണ്. അതിന് നിഴലിനേയോ ആർക്കിടൈപ്പുകളേയോ ഉൾക്കൊള്ളാനാവില്ല. അതിനു ശ്രമിച്ചാൽ ചരക്കുകപ്പൽ ഭാരം കൊണ്ടെന്നപോലെ മുങ്ങുകയേ ഉള്ളു. സെൽഫ് ഇക്കാരണത്താലാണ് ഈഗോയിൽനിന്ന് വ്യത്യസ്ഥമായിരിക്കുന്നത്. Self is not only the center but also the whole circumference which embraces both conscious and unconscious.It is the center of this totality. Just as the Ego is the center of the conscious mind. ഫ്രോയിഡിന്റെ ഈഗോ സുശ്രുതന്റെ കർമ്മപുരുഷനാണ്. സെൽഫ് അഥവാ ആത്മൻ സർവ്വജ്ഞപുരുഷനും. സെൽഫിന്റെ ചിഹ്നമായി ശിശുവിനെ ഒരറ്റത്തും ,കൃഷ്ണനെയോ ക്രിസ്തുവിനേയോ ബുദ്ധനേയോ മറ്റെ അറ്റത്തും യുങ്ങിന്റെ വ്യാഖ്യാതാവായ ഫ്രൈഡ ഫ്രീഹാം എന്ന മഹിള ആവിഷ്കരിക്കുന്നു. യോഗി ശിശുവെപ്പോലെ കളങ്കരഹിതനാകയാൽ ഈശ്വരതുല്യനാണ്.

പ്രജ്ഞ വ്യക്തിഗതവും പ്രപഞ്ചാന്തർഗ്ഗതവും എന്ന് രണ്ടുതരത്തിലുണ്ട് എന്ന് പറഞ്ഞുവല്ലോ. വ്യക്തിഗതപ്രജ്ഞ ജാഗ്രദ് അവസ്ഥയിൽ വിരാട് പുരുഷനായും സ്വപ്നനിദ്രയിൽ തൈജസനായും സുഷുപ്തിയിൽ ഹിരണ്യഗർഭനായും അറിയപ്പെടുന്നു. ഹിരണ്യഗർഭന് പ്രപഞ്ചാന്തർഗതമായ പ്രജ്ഞ വെളിപ്പെടുന്നു. (ദർശനമായി സ്വയം പ്രകാശിതമാകുന്നു) വിരാട്.

തൈജസ,ഹിരണ്യഗർഭനെന്നിങ്ങനെ അറിയപ്പെടുന്ന പ്രജ്ഞ ബോധസീമയിൽ അങ്കുരിക്കുന്ന പ്രജ്ഞയാകയാൽ വ്യാകൃതപ്രജ്ഞയാണ്.

വിരാട്ഃ- സ്ഥൂലപ്രപഞ്ചത്തിലെ വ്യക്തികൾ ജാതികൾ ആകൃതികൾ എന്നിവയായി കാണപ്പെടുന്നു

തൈജസൻഃ-സൂക്ഷ്മപ്രപഞ്ചത്തിൽ ശബ്ദാർത്ഥരൂപത്തിലുള്ള പ്രതിഭയായി കാണപ്പെടുന്നു.

ഹിരണ്യഗർഭൻഃ- സ്വപ്നരഹിതസുഷുപ്തിയിൽ ദർശനമായി അങ്കുരിക്കുന്ന വ്യാകൃതപ്രജ്ഞ.വ്യാകൃതപ്രജ്ഞക്ക് കാരണമായിരിക്കുന്ന അവ്യാകൃത പ്രജ്ഞ(പ്രപഞ്ചാന്തർഗതം)യാണ് ഇതിനെല്ലാം കാരണമായി ആധാരമായി വർത്തിക്കുന്ന സർവ്വജ്ഞപുരുഷൻ. കാരണശരീരം നിർമ്മലമായിരിക്കുമ്പോള് (സംസ്കൃതമായിരിക്കുമ്പോൾ)പ്രജ്ഞക്ക് ഭുവർലോകവിഷയഗ്രഹണം സാദ്ധ്യമാകും. ഈ ആർവ്വവിഷയഗ്രഹണം അസംപ്രജ്ഞാതസമാധിയോട് വളരെ അടുത്തുനിൽക്കുന്നു. (ശ്രീനിവാസരാമാനുജന്റെ അനുഭവം) ഇതിനെ ദൈവീകശക്തിയായി കരുതുന്നു.

ദൈവമഭിവ്യക്തം പൌരുഷം പൌർവ്വദേഹികം. എന്നാണ് യാജ്ഞവൽക്ക്യൻ പറയുന്നത്. ഇവിടെ പൌരുഷം എന്നത് ഒരാളുടെ ഇഛാശക്തി അഥവാ കർമ്മശക്തിയാണ്. പൂർവ്വജന്മത്തിലെ ദേഹിയുടെ ഇഛാശക്തിയാണ് ഈ ജന്മത്തിലെ ജ്ഞാനശക്തിയായി, ദൈവീകതയായി പ്രത്യക്ഷപ്പെടുന്നത്. ബൃഹദാരണ്യകോപനിഷത്തിൽ ഇങ്ങനെ പറയുന്നു.വലത്തെ അക്ഷത്തിൽ പ്രകാശരൂപിയായ ഇന്ധൻ എന്ന ശക്തി ഇരിക്കുന്നു. പരോക്ൽപ്രിയരായ ദേവന്മാർ അതിനെ പ്രത്യക്ഷം ത്യജിച്ച് ഇന്ദ്രനെന്ന് വിളിക്കുന്നു. വാമാക്ഷത്തിൽ അവന്റെ പത്നി വിരാട് . ഹൃദയമാണ് അവരുടെ സംഗമസ്ഥാനം. ഹൃദയത്തിലെ ലോഹിതപിണ്ഡം അവരുടെ അന്നം. വൈശ്വാനരൻ പുരുഷരൂപത്തിൽ ഇന്ദ്രനായും സ്ത്രീരൂപത്തിൽ വിരാട്ടായും സങ്കൽപ്പിക്കപ്പെടുന്നു .പുരുഷൻ experiencing subject ഞാൻ, ആത്മാവ് , കലക്ടീവ് കോൺഷ്യസ്നസ് അവ്യാകൃതപ്രജ്ഞ. വിരാട്,experienced object ,ജാഗ്രത്തിൽ അനുഭവിക്കുന്ന സ്ഥൂലപ്രപഞ്ചം, പ്രകൃതി, വ്യക്തിഗതമായ ബോധം. ഇവയുടെ സമാഗമസ്ഥാനം ഇവ രണ്ടും ഒന്നായിത്തീരുന്ന അദ്വൈതഭൂമികയായ സുഷുപ്തി,സമാധി. ആ സംഗമസ്താനമാണ് ഓരോ യോഗിയുടേയും ലക്ഷ്യം. ആത്മാവ് പ്രകാശമയമാണ്,ചിദ്രൂപമാണ്. ഞാൻ എഴുതുന്നു-എനിക്ക് എഴുതാൻ പേനവേണം,മഷിവേണം,കടലാസുവേണം. വിളക്കുവേണം. ഈ പുറംലോകവസ്തുക്കളെല്ലാം കിട്ടിയാലും എനിക്ക് ഭഗവദ്ഗീതക്ക് ഒരു വ്യാഖ്യാനം എഴുതാൻ കഴിയുമോ. അതിനുള്ള സന്നദ്ധത ഉണ്ടാവുമോ. അങ്ങനെയെങ്കിൽ, ലോകത്തിലുള്ള എല്ലാവർക്കും അതിനു കഴിയേണ്ടതല്ലേ. എനിക്ക് പ്രഭാഷണം ചെയ്യാൻ മൈക്ക് വേണം സ്റ്റേജ് വേണം കേൾവിക്കാർ വേണം. ഈ പുറംലോകവസ്തുക്കൾ ഉണ്ടായാൽ പ്രഭാഷണം ചെയ്യാനും ക്ലാസെടുക്കാനും എനിക്ക് സാധിക്കുമോ. എന്റെ സന്നദ്ധത എന്റെ ആത്മചൈതന്യമാണ്.എഴുതാനും പ്രഭാഷണം ചെയ്യാനും സ്വാദ്ധ്യായത്തിനും സഹായിക്കുന്നത് പുറത്തെ വസ്തുക്കളല്ല, ഉള്ളിലെ ബോധപ്രകാശമാണ്, ആത്മചൈതന്യമാണ്,പ്രജ്ഞയാണ്. അതിനുള്ള ഊർജ്ജം മറ്റുനിസ്സാരകാര്യങ്ങളിൽ ചിന്നിച്ചിതറി പോകാതെ സംഭരിച്ച് കേന്ദ്രീകരിക്കുന്നതിൽ ഞാൻ ജാഗരൂകയാണ്. അതിനെ എന്റെ ഏകാഗ്രത എന്ന് വിളിക്കുന്നു. ആത്മപ്ര

കാശം ചിന്നിച്ചിതറിപ്പോകാതെ ഏകാഗ്രമാക്കി നിർത്തുന്ന ഒരാൾക്ക് ലഭിക്കുന്ന ഗ്രഹണശക്തിയാണ് പ്രജ്ഞ. നവനവോന്മേഷശാലിനിയായ പ്രജ്ഞയെ പ്രതിഭ എന്ന് വിളിക്കുന്നു. വാത്മീകിയുടെയും വ്യാസന്റേയും പ്രജ്ഞയാണ് അവരെ പ്രതിഭാശാലികളാക്കിയത്.

ഒരു വ്യക്തിയുടെ വ്യത്യസ്തബോധഭാവങ്ങളെ വൃത്തി എന്ന് വിളിക്കുന്നു. വൃത്തിയുടെ വാച്യാർത്ഥം ചുഴി എന്നാണ്. ചിത്തവൃത്തിക്ക് 5 ഭൂമികകളുണ്ട്.

1. ക്ഷിപ്താവസ്ഥ. ചിദ്ശക്തി ഊർജ്ജപ്രസരം പോലെ ത്രസിക്കുന്നു.
2. മൂഢം. രണ്ട് ക്ഷിപ്താവസ്ഥക്കിടയിലെ മൂർഛ
3. വിക്ഷിപ്തം. ബോധം താൽപര്യത്തോടുകൂടി ഒരു വൃത്തിയെ പ്രാപിച്ച് വിഷയാലംബനം ഉണ്ടാക്കുന്നു.
4. ഏകാഗ്രത. താൽപര്യം ഉണർന്നുകഴിഞ്ഞാൽ പ്രിയവിഷയത്തോട് ഏകാഗ്രത ഉറയ്ക്കുന്നു.
5. നിരുദ്ധം. അതോടെ മറ്റുവിഷയങ്ങളോടെല്ലാം ചിത്തവൃത്തിനിരോധം ഉണ്ടാവുന്നു. ഏകാഗ്രമായ മനസ്സ് സംപ്രജ്ഞാതസമാധിക്ക് കഴിവുള്ളതാണ്. ഒടുവിൽ ആ വിഷയത്തോടുള്ള ചിത്തവൃത്തിപോലും നിരോധിക്കാൻ കഴിയുമ്പോൾ (സർവ്വവൃത്തിനിരോധം) അസംപ്രജ്ഞാതസമാധിയിൽ എത്തുന്നു.

ബോധം ഒരു പ്രവാഹമാണെന്ന് വ്യാസൻ കരുതുന്നു. ബോധത്തിന്റെ സ്വർണ്ണനൂൽ ജാഗ്രത് മുതൽ തുരീയം വരെ കടന്നുപോകുന്നു. പ്രമാണം, വിപര്യയം, വികൽപം, നിദ്ര മുതലായവയിൽ നിന്ന് ലഭിക്കുന്ന അനുഭൂതിവിഷയങ്ങളുടെ രൂപത്തിൽ ഏറ്റക്കുറവു വരാത്ത ചിത്തവൃത്തിയാണ് സ്മൃതി. ജാഗ്രത്തിലെ സ്മൃതി ബോധമനസ്സിന്റെ സ്വഭാവമാണ്. നിദ്രയിലെ സ്മൃതിയാണ് സ്വപ്നം. അത് ഉപബോധ(അബോധ)മനസ്സിന്റെ സ്വഭാവമാണ്. സുഷുപ്തിയിലെ സ്മൃതി പൂർവ്വജന്മസ്മൃതിയാണ്. ഇത് ബോധാതീത (സമാധി)ത്തെ കുറിക്കുന്നു. ഇതാണ് ആത്മാവിന് തന്നെത്തന്നെ അറിഞ്ഞ് ആനന്ദിക്കാൻ ഏറ്റവും അനുയോജ്യമായ അവസ്ഥ.പ്രത്യക്ഷം, ആഗമം, അനുമാനം മുതലായ പ്രമാണങ്ങളാൽ നേടുന്ന പ്രജ്ഞയാണ് പ്രമ. പ്രമാണത്താൽ തെറിച്ചുപോകുന്ന തെറ്റിദ്ധാരണയാണ് വിപര്യയം. വിഷയമൊന്നും കൂടാതെ, ശബ്ദാർത്ഥം ഗ്രഹിക്കാതെയുള്ള വൃത്തിയാണ് വികൽപ്പം. പ്രമയും വിപര്യയവും വികൽപ്പവും ഇല്ലാത്ത അവസ്ഥയെ (അഭാവം) വിഷയീകരിക്കുന്നതാണ് നിദ്ര.

ഇന്ദ്രിയവിഷയഗ്രഹണത്തിനും ആത്മബോധത്തിനും പ്രജ്ഞ വേണം. പ്രജ്ഞയിൽ cognition, Memory ഇവരണ്ടും ഉൾച്ചേർന്നിരിക്കുന്നു. പ്രപഞ്ചത്തെ അറിയാനുള്ള ഗ്രാഹ്യശക്തി, ഏകാഗ്രത, ചിത്തവൃത്തിനിരോധം, ജ്ഞാനം ഇവയാണ് cognition. സ്മൃതിയാണ് Memory.

ഭവപ്രത്യയോ വിദേഹ പ്രകൃതിലയാനാം

ശ്രദ്ധാവീര്യസ്മൃതിസമാധിപ്രജ്ഞാപൂർവ്വക ഇതരേഷാം (പതഞ്ജലി)

യോഗികൾ രണ്ടുതരത്തിലാകാം. ജന്മനാ വിദേഹന്മാരും പ്രകൃതിലയരുമായവർ. ഉദാ ശങ്കരൻ,ജ്ഞാനേശ്വരൻ. ശ്രദ്ധ,വീര്യം,സ്മൃതി,പ്രജ്ഞ ഇവകളാ

ൽ സംപ്രജ്ഞാത,അസംപ്രജ്ഞാതസമാധി നോടിയവർ. സാധനകൊണ്ട് അവർ ലക്ഷ്യം പ്രാപിക്കുന്നു. നിർവ്വിചാരാവസ്ഥ സ്വസ്ഥമായി പ്രവഹിക്കുമ്പോൾ, അദ്ധ്യാത്മപ്രസാദമുണ്ടാവുന്നു. അവരുടെ പ്രജ്ഞ ഋതംഭരയാവുന്നു.

നിർവ്വിചാരവൈശാരദ്യേ അദ്ധ്യാത്മപ്രസാദഃഋതംഭരാ തത്ര പ്രജ്ഞാഃ

ഇത് ശ്രുതവും അനുമാനവുമായി അതുവരെ ഉണ്ടായ പ്രജ്ഞയിൽനിന്ന് അന്യമായ അനുഭൂതി(ബ്രഹ്മാനുഭൂതി)കൊണ്ട് നിറഞ്ഞഅവസ്ഥയാണ്. (ശ്ലോകം 53 നോക്കുക) ശ്രുതാനുമാനപ്രജ്ഞാഭ്യാമന്യവിഷയാവിശേഷാർത്ഥാത്. ഇതുതന്നെയാണ് അസംപ്രജ്ഞാതസമാധി.

അദ്ധ്യാത്മികസാധനയിൽ പ്രജ്ഞയുടെ വളർച്ച

ജനിച്ച ഉടനെയുള്ള ശിശുവിൽ പൂർവ്വദേഹികമായ അതീന്ദ്രിയാവബോധമേ ഉള്ളു. ബോധം ഉണർന്നിട്ടില്ല. എല്ലാ ജീവജാലങ്ങളിലുമുള്ള സ്വാഭാവികമായ ശുദ്ധബോധമേ അവനിൽ പ്രകാശിക്കുന്നുള്ളു. പിന്നീട് ശബ്ദം കേട്ട ഭാഗത്തേക്ക് ശ്രദ്ധവെച്ച് ദിശ അറിയുന്നു (ശ്രോതസ്യ ദിക്) .നിറം നോക്കി രൂപം ഗ്രഹിക്കുന്നു.(നേത്രസ്യാർക്ക). പാലിന്റെ സ്വാദറിയുന്നു (രസനായാ വരുണാ). അമ്മയുടെ സ്പർശവും വായുവും അറിയുന്നു.(ത്വചോവാത). വാസനകളറിയുന്നു (ഘ്രാണസ്യാശ്വിനൌ). എന്റെ അമ്മ എന്ന് ഈ ജന്മത്തെക്കുറിച്ച് ആദ്യബോധവും മമതയും വരുന്നു. പിന്നീട് വാക്ക് ഉച്ചരിക്കുന്നു.(വാഗിന്ദ്രിയസ്യ വഹ്നി). ഓരോ ഇന്ദ്രിയത്തിനും ഓരോ പ്രജ്ഞയും ഓരോ പ്രജ്ഞക്കും ഓരോ അധിദേവതയും കൽപ്പിക്കപ്പെടുന്നു. ഇപ്പോൾ ഇന്ദ്രിയജന്യമായ പ്രജ്ഞ ഉണർന്നുകഴിഞ്ഞു.

കുട്ടി വളരുമ്പോൾ അവന് ചില വസ്തുക്കളിലും ചില വിഷയങ്ങളിലും അഭിരുചി ഉണ്ടാവുന്നു. ആ ഇഷ്ടവസ്തുവിൽ മനസ്സ് ഉറക്കുന്നു (ഏകാഗ്രത). ചിലർക്ക് ഇത് ധനസമ്പാദനത്തിലാണ്. സുഖജീവിതത്തിലാണ്. മറ്റു ചിലർക്ക് പാട്ടിലും നൃത്തത്തിലും സാഹിത്യത്തിലും ചിത്രമെഴുത്തിലുമാണ്. ചിലർക്ക് ശാസ്ത്രത്തിലാണ്. ചിലർക്ക് ആത്മാവിൽത്തന്നെയാണ്. ഏതിലാണോ ഏകാഗ്രത വന്നത് ആ വിഷയത്തിലാണ് വ്യക്തി പ്രത്യേക സാമർത്ഥ്യം കാണിക്കുക. മറ്റു വിഷയങ്ങളിൽ സാമർത്ഥ്യം ഇല്ലാതാവുന്നു (നിരുദ്ധം). കർമ്മജന്യമായ അഭിരുചികളാൽ ജനിച്ചപ്പോൾ ഉണ്ടായിരുന്ന ശുദ്ധബോധം നഷ്ടപ്പെടുക എന്നത് സംഭവിക്കാതിരിക്കുന്നത് ആത്മാവിൽത്തന്നെ ഏകാഗ്രത പുലർത്തുന്നവരിലാണ്. അവരുടേത് ശിശുവിനെപ്പോലെ നിർമ്മലമായ മനസ്സായിരിക്കും. അവരെ സ്ഥിതപ്രജ്ഞരെന്ന് വിളിക്കാം.

ഉപാധികളെക്കൊണ്ട് ഗ്രഹിക്കുന്ന സോപാദികജ്ഞാനം പ്രത്യക്ഷമോ പരോക്ഷമോ ആവാം. പരോക്ഷം പറഞ്ഞുകേട്ടതാകയാൽ ശ്രുതിയാണ്. കാര്യകാരണാനുമാനം (അനുമിതി) മറ്റൊരാളുടെ അനുഭവസമ്പത്തുമായി തന്റേതിനെ താരതമ്യപ്പെടുത്തി നോക്കൽ(ഉപമിതി) എന്നിവയും പരോക്ഷജ്ഞാനമാണ്. പ്രത്യക്ഷത്തിൽ ഇന്ദ്രിയപ്രത്യക്ഷം ,അന്തർദർശനപ്രത്യക്ഷം എന്ന് രണ്ടുവിധമുണ്ട്. ഇന്ദ്രിയപ്രത്യക്ഷവും പരോക്ഷജ്ഞാനവും അനാത്മജ്ഞാനമാണ്. (വസ്തുവിജ്ഞാനീയം അഥവാ ക്ഷേത്രജ്ഞാനം)അന്തർദർശനപ്രത്യക്ഷം അഥവാ അപരോക്ഷജ്ഞാനം ആത്മജ്ഞാനമാണ് (ക്ഷേത്രജ്ഞജ്ഞാനം). ഇതിനെ

intuition എന്നു വിളിക്കാറുണ്ട്. നിരുപാധികമായ ജ്ഞാനമാണിത്. ചുറ്റും മാറിമാറിവരുന്ന അനേകം അനുഭവങ്ങളുടെ ചുഴലീമദ്ധ്യത്തിൽ സാക്ഷിയായി നിന്ന് ആത്മാവ് ചുഴിയടങ്ങിയ തന്നിലേക്കുതന്നെ ചുഴിഞ്ഞുനോക്കി ശാന്തി അറിയുന്ന ശുദ്ധബോധം അപ്പോൾ ആത്മാവിൽ വീണ്ടും ഉദിക്കുന്നു. ശുദ്ധബോധം ശിശുവിലും യോഗിയിലും ഉള്ളതുകൊണ്ടാണ് യോഗി ശിശുവെപ്പോലെ നിർമ്മലചിത്തനായിരിക്കുന്നത്. ശുദ്ധബോധം അതീന്ദ്രിയമാണ്. തുരീയാവസ്ഥയാണ്. സുഷുപ്തിയിൽനിന്ന് ബോധത്തിന്റെ സ്വർണ്ണനൂൽ നേരിട്ട് പ്രവേശിക്കുന്നത് തുരീയത്തിലേക്കാണ്.

സംപ്രജ്ഞാതസമാധി നാലുതരത്തിലുണ്ട്.

1. സവിതർക്കം. ശബ്ദം, അർത്ഥം,തർക്കം എന്നിവയിലൂടെ ഒരു വിഷയത്തെ മറ്റൊന്നിൽനിന്ന് വേർപെടുത്തി അനുസന്ധാനം (analytical) ചെയ്യുന്നത്. ഇതിൽ സ്ഥൂലഭൂതങ്ങളെയാണ് പഠനവിധേയമാക്കുന്നത്. classical cartesean physics, geometry,Astrology ഇവയെല്ലാം ഇതിൽപ്പെടും. നിഗൂഢശക്തികളെക്കുറിച്ച ജ്ഞാനത്തിൽനിന്ന് സിദ്ധികൾ ലഭിക്കുന്നു.
2. സവിചാരം. ധ്യേയവസ്തു സൂക്ഷ്മഭൂതങ്ങളാണ്. അണു, മനസ്സ്,ബുദ്ധി മുതലായവ. എങ്കിലും അത് കാലദേശാപേക്ഷയോടു കൂടിയതാണ്. ഒരതിർത്തി കഴിഞ്ഞാൽ സ്ഥൂലഭൂതങ്ങളെ കാലദേശങ്ങലിൽനിന്ന് വേർപെടുത്തി, സ്വരൂപമാത്രമായി അനുസന്ധാനം ചെയ്യുന്ന നിർവ്വിതർക്കസമാധിയിലേക്കും സൂക്ഷ്മഭൂതങ്ങളെ ഇതുപോലെ വേർപെടുത്തുന്ന നിർവ്വിചാരസമാധിയിലേക്കും നയിക്കും. നിർവ്വിതർക്കത്തിൽ സ്മൃതി പരിശുദ്ധവും സ്വരൂപശൂന്യവുമാണ്. അർത്ഥം മാത്രം ശോഭിക്കുന്നു. നിർവ്വിചാരത്തിലാണ് ഋതംഭര പ്രജ്ഞ ഉദിക്കുന്നത്. Quantum astrophysics, Theory of relativity എന്നിവ നിർവ്വിതർക്കനിർവ്വിചാരസമാധികൾക്ക് ഉദാഹരണങ്ങളാണ്.
3. സാനന്ദം. സ്ഥൂലസൂക്ഷ്മവിഷയങ്ങളെയെല്ലാം ഉപേക്ഷിച്ച് അന്തഃകരണം (വിചാരേന്ദ്രിയം) തന്നെത്തന്നെ ധ്യാനവിഷയമാക്കുന്നു. അതോടെ ശാസ്ത്രജ്ഞൻ ദർശകനും തത്വചിന്തകനുമായിത്തീരുന്നു.
4. സാസ്മിതാ. ഈ ധ്യാനം അത്യന്തപക്വമായി ഏകാഗ്രത കൊണ്ട് സർവ്വ പ്രത്യയങ്ങളും വിട്ട് അഹം ബ്രഹ്മം അസ്മി എന്ന വൃത്തി മാത്രം ശേഷിക്കുന്ന അദ്വൈതാവസ്ഥയാണ്. ഇവിടെ യോഗി വിദേഹനാണ്.സ്ഥൂലശരീരം ഉണ്ടെങ്കിലും ഇല്ലാത്ത രീതിയിലാണദ്ദേഹം ജീവിക്കുന്നത്. എന്നാൽ സൂക്ഷ്മശരീരം ഉണ്ടെന്ന വിചാരം ശേഷിക്കുന്നതുകൊണ്ട്, അസംപ്രജ്ഞാതിയാകുന്ന ലക്ഷ്യത്തിലെത്തും മുമ്പേ പ്രകൃതിയിൽ ലയിക്കുന്നു (പ്രകൃതിലയൻ). ഇതിൽനിന്ന് മുന്നോട്ടുപോയാൽ പരവൈരാഗ്യാഭ്യാസബലത്താൽ കൈവല്യരൂപമായ അസംപ്രജ്ഞാതസമാധി സാധിക്കും.ശോകരഹിതമായ ജ്യോതിഷ്മതി എന്ന അവസ്ഥയാണത്. വിശോകാ വാ ജ്യോതിഷ്മതി . ജ്യോതിഷ്മതി എന്നാലെന്താണ്. അലകളടങ്ങിയ ക്ഷീരസമുദ്രത്തിനു തുല്യമായ ബുദ്ധിസത്വത്തെ ഭാവന ചെയ്യുന്നവന് മറ്റുള്ള ചിത്തവൃത്തികളടങ്ങിയ പ്രജ്ഞാലോകത്തിൽ ചിത്തം ഉറക്കുന്നു. ഇതിനെയാണ് ജ്യോതിഷ്മതി എന്ന് പറയുന്നത്.

ബുദ്ധശിഷ്യനായ മഹാകാശ്യപനെ ഉദ്ധരിച്ച് നാഗാർജ്ജുനന്റെ പ്രജ്ഞാ പാരമിതത്തിൽ ആറു ഗുണങ്ങൾ അളവറ്റതെന്ന് പറയുന്നു. 1. പ്രജ്ഞ. 2. ദാനം. 3. ശീലം 4. ക്ഷാന്തി. 5. വീര്യം. 6. ധ്യാനം

പ്രജ്ഞക്ക് അദ്ദേഹം നൽകുന്ന നിർവ്വചനം സംസാരത്തിനും നിർവ്വാണ ത്തിനും തമ്മിലുള്ള അഭേദാവസ്ഥ എന്നാണ്.അഷ്ടാംഗമാർഗ്ഗത്തിൽ സമ്യ ക്കായ ധർമ്മബോധമാണ് പ്രജ്ഞ. അതിൽ കന്മഷം കലരുന്നതാണ് അവ സാദം അഥവാ രോഗം. അതിനാൽ വിഷാദരോഗബാധിതനായ അർജ്ജു നന്റെ ധർമ്മബോധം(പ്രജ്ഞ) വീണ്ടെടുക്കാനായി കൃഷ്ണൻ കൊടുക്കുന്ന മരുന്നാണ് ഗീത. യാജ്ഞവൽക്ക്യന്റെ ദൈവമഭിവ്യക്തം എന്ന വചന ത്തോടു താരതമ്യപ്പെടുത്താവുന്ന ഒരഭിപ്രായം മദാം ബ്ലവാട്സ്കി പറ ഞ്ഞുകാണുന്നു. Consciousness is the cosmic seed of superconscious omniscience. It has the potentiality of budding into divine consciousness (Secret Doctrine. Vol V page 528)

ആധുനികന്യൂറോളജിയുടെ അഭിപ്രായത്തിൽ ഇന്ദ്രിയജന്യമായ നിരവധി Nerve impulses, Reticular systemത്തിലൂടെ മസ്തിഷ്കത്തിലെ നാഡീവ്യൂഹങ്ങളി ലെത്തി അതിനെ നിരന്തരം പ്രവർത്തനനിരതമാക്കുന്നുണ്ട്. ബോധാവ സ്ഥയിൽ EEG യിൽ ഇത് ആൽഫാ rhythmമായിക്കാണും.

ഉറക്കത്തിൽ ഇന്ദ്രിയജന്യമായ Impulses ഇല്ല. മുറി ഇരുട്ടാക്കുക നിശ്ശബ്ദ മാക്കുക മുതലായ പ്രക്രിയകൾ ഇന്ദ്രിയത്തെ പ്രവർത്തിപ്പിക്കുന്ന വിഷ യങ്ങളെ (Stimuli) എടുത്തുകളയുന്നതിനാൽ നിദ്ര വരുത്തുന്നു. ദുഃഖവും വികാരവും adrenaline അധികം സ്രവിപ്പിച്ച് ഉറക്കം കുറക്കുന്നു. ഉറ ങ്ങാൻകിടന്ന് 90-100 മിനുട്ടിൽ REM (light sleep) ലഭിക്കുന്നു. അപ്പോഴാണ് സ്വപ്നം കാണുന്നത്. അപ്പോഴും അടഞ്ഞ കണ്ണിന്റെ പേശികൾ ചലിക്കു ന്നുണ്ട്.ഈ സമയത്ത് EEG, ഡെൽട്ടാ തരംഗങ്ങൾ മാറിമാറി കാണിക്കുന്നു. ബോധത്തിനും ഉപബോധത്തിനും ഇടയിൽ മാറിമാറി കളിക്കുകയാണ്, അപ്പോൾ പ്രാണൻ. ഗാഢനിദ്ര അഥവാ സുഷുപ്തിയിൽ ഡെൽട്ടാ തരം ഗങ്ങൾ മാത്രം കാണും. തിരയടങ്ങിയ സമുദ്രംപോലെ സ്വപ്നങ്ങൾ പോലും അടങ്ങിയ ഈ വേളയിലാണ് അപൂർവ്വവിഷയഗ്രഹണം സാധി ക്കുന്നത്. ഫ്രഞ്ചുഡോക്ടറായ ചാർക്കോട്ട് ഹിപ്നോസിസിനെക്കുറിച്ച് ഏറെ പഠനം നടത്തി. എങ്ങനെയാണ് ഹിപ്നോസിസ് ഉണ്ടാവുന്നത്. ഒരു വസ്തുവിലോ വാക്കിലോ ചിന്തയിലോ ശ്രദ്ധ കേന്ദ്രീകരിച്ച് ശരീ രത്തേയും മനസ്സിനേയും RELAXED ആക്കി വിടുന്നു. ഇതുകൊണ്ട് ആത്മ നിയന്ത്രണത്തിനു കഴിവു വർദ്ധിക്കുമെന്നും ശൈശവസ്മൃതിയിലേക്ക് മടക്കം(AGE REGRESSION) സാധിക്കുമെന്നും വേദന അറിയാതാവുമെന്നും (ANALGESIA)ആധുനികവൈദ്യശാസ്തവും കരുതുന്നു നേരത്തേ വിവരിച്ച യോഗിയുടെ അവസ്തയെ ഇതുമായി താരതമ്യപ്പെടുത്താവുന്നതാണ്. The result of allowing attention to become highly focussed on one's aspect of experience and permitting orientation to fall into oblivion എന്ന ഹിപ്നോസിസിന്റെ നിർവ്വചനം ഏറെക്കുറെ സംപ്രജ്ഞാതസമാധിയോട് അടുത്തുനിൽക്കുന്നു. (ഇന്ദ്രിയ ങ്ങൾ ശാന്തമാകുമ്പോൾ അഡ്രിനലിൻസ്രാവം കുറയും. വേദന സഹി ക്കാൻ കൂടുതൽ കരുത്തുണ്ടാവും)ശാസ്ത്രജ്ഞന്റേയും കലാകാരന്റേയും ഏകാഗ്രതയും ഇതിനു തുല്യമാണ്. സ്മൃതി(ഓർമ്മ) പ്രജ്ഞയുടെ ഒരു ഭാഗമാണ്. ഇഹജന്മസ്മൃതിയും പരജന്മസ്മൃതിയുമുണ്ട്. പാശ്ചാത്യശാ സ്ത്രജ്ഞർ മനസ്സ് സ്മൃതികളെ രേഖപ്പെടുത്തിയ ഒരു ഗ്രന്ഥമാണെന്ന്

അഭിപ്രായപ്പെട്ടിട്ടുണ്ട്. അനുഭവങ്ങളും വസ്തുക്കളും മനുഷ്യന്റെ മസ്തിഷ്ക്കത്തിലുണ്ടാക്കുന്ന വൈദ്യുതിമാറ്റങ്ങളാണ്(Electrical charge) ഹ്രസ്വകാലസ്മരണയായി സംഭരിക്കപ്പെടുന്നത്. ചലനാത്മകമായ ഈ വൈദ്യുതിതരംഗങ്ങൾ വീണ്ടും വീണ്ടും സംഭവിക്കുന്ന പക്ഷം അചഞ്ചലമായ രാസപരിണാമമായി,ദീർഘകാലസ്മൃതിയായി മാറുന്നു. ഒരേ വസ്തുവിനെ നിരന്തരം കണ്ടാൽ ,ഒരേതരം അനുഭവം ആവർത്തിച്ചുണ്ടായാൽ, അതൊരു ദീർഘകാലസ്മൃതിയായി മാറും.ശീലങ്ങൾ അങ്ങനെയാണ് ദീർഘകാലസ്മൃതികളാകുന്നത്. വൈദ്യുതിമാറ്റങ്ങളുടേയും രാസപരിണാമങ്ങളുടേയും അനുസ്യൂതമായ പ്രവാഹമാണ് സ്മൃതി. ഓരോ സംഭവവും അതിനു മുമ്പത്തേതിന്റെ തുടർച്ചയാണ്. അവയെ ചിട്ടപ്പെടുത്തി ഓരോന്നിന്റേയും പരസ്പരബന്ധം അനുമാനിക്കയോ ദർശിക്കുകയോ ചെയ്യുന്നതാണ് സംസ്കാരസ്മൃതി.

പ്രത്യക്ഷം സാഹചര്യവൃത്തിയായും സാഹചര്യവൃത്തി അനുമാനമായും സംസ്കാരവൃത്തിയായും സംഭരിക്കപ്പെടുന്നതായി ഹെബ്ബ് തന്റെ Memory consolidation modelൽ പറയുന്നു. അതായത്, പ്രത്യക്ഷം സാഹചര്യവൃത്തിരൂപേണ മനസ്സിൽ പതിയുന്നതാണ് ഓർമ്മ. ഹെബ്ബും ഹെസ്സേളും ആ പതിയലിനെ retention എന്നു വിളിക്കുമ്പോൾ, പതഞ്ജലി സ്ഥിതി എന്നാണ് വിളിക്കുന്നത്. ഈ സ്ഥിതിയുടെ ദേവനായിട്ടാണ് വിഷ്ണു അറിയപ്പെടുന്നത്. അതിനാൽ പ്രജ്ഞയുടേയും ഓർമ്മയുടേയും സ്ഥിതിക്ക്, അർജ്ജുനന് വിഷ്ണുവായ കൃഷ്ണന്റെ സാരഥ്യം വേണം. 63ആം ശ്ലോകത്തിൽ പറയുന്ന സ്മൃതിവ്ഭ്രമത്തിൽനിന്നും സ്മൃതിഭ്രംശത്തിൽനിന്നും ആ സാരഥി ഓരോ മനുഷ്യനേയും നേർവഴിക്ക് നയിക്കുന്നു.

ദീർഘകാലസ്മൃതിയുടെ സ്ഥാനം സിനാപ്സുകളാണ്. ഒരാളുടെ മസ്തിഷ്ക്കത്തിൽ N സിനാപ്സുകളുണ്ട് എങ്കിൽ, അയാൾക്ക് 2^N ഓർമ്മ സംഭരിക്കാം.മനുഷ്യമസ്തിഷ്കത്തിൽ 10^{13} സിനാപ്സുകളുണ്ട്. അപ്പോൾ 20 ട്രില്ല്യൻ ഓർമ്മ നമുക്ക് സംഭരിക്കാം. $2^{(10)13}$ =20000000000000 . പൂർവ്വജന്മസ്മൃതികൾ ജനിതകങ്ങളിലാണ് സംഭരിച്ചിരിക്കുന്നത്. കോടിക്കണക്കിനു വർഷങ്ങളുടെ ഓർമ്മ സംഭരിച്ച, പിരിയൻകോണിപോലെയുള്ള ഡി. എൻ.എയിൽ 5 ബില്യൻ ജോടി കോണിപ്പടികളിലായി 4 തരം ന്യൂക്ലിയോടൈഡുകളുണ്ട്.(ഒരു DNAയിൽ 20 ബില്യൻ-- 5x4=20ബില്യൻ). 46 ക്രോമസോമുള്ള മനുഷ്യകോശത്തിൽ 920 ബില്യൻ ജോടി കോണിപ്പടിയും അത്രയും സ്വഭാവങ്ങളും ഓർമ്മകളുമുണ്ട്.

പൂർവ്വജന്മസ്മൃതി അസാദ്ധ്യമായ ഒന്നല്ല. അലയടങ്ങി ശാന്തമായ മനസ്സിന്റെ നിർവ്വാണാവസ്തയിൽ അവ ചുരുൾ നിവർത്തുന്നു. സാധാരണ അവസ്തയിൽ ഈഗോവിനെ കേന്ദ്രമാക്കിയ വ്യക്തിത്വങ്ങൾ ഹ്രസ്വ,ദീർഘകാലസ്മൃതികൾ മാത്രം അറിയുന്നു. എന്നാൽ സെൽഫിനെ കേന്ദ്രമാക്കിയ ഉടനെ അവക്കതീതമായ ഒരു സ്മൃതി ഉണ്ടാവുന്നു. പ്രപഞ്ചാവബോധത്തിലേക്കും തുരീയത്തിലേക്കും പൂർവ്വജന്മസ്മൃതിലോകത്തിലൂടെ കടന്നുചെല്ലാനാവുന്നു. പൌരസ്ത്യദീപത്തിൽ, ബുദ്ധന് നിർവ്വാണാവസ്ഥയിൽ ഇതു സാധിച്ചതായി പറയപ്പെടുന്നു.
സംസാരനിർവ്വാണങ്ങളിലുള്ള അഭേദാവസ്ഥയിൽ ഒരാൾ ലയിക്കുന്ന വേളയിൽ ലഭിക്കുന്ന ജ്യോതിഷ്മതിയാണ് യഥാർത്ഥത്തിൽ പ്രജ്ഞ. ഈ

പ്രജ്ഞയെക്കുറിച്ചാണ് പ്രജ്ഞാനം ബ്രഹ്മഃ എന്ന മഹാവാക്യം പറയുന്നത്. ഈ പ്രജ്ഞയിൽ അടിയുറച്ച സ്ഥിതപ്രജ്ഞനെയാണ് ഗീത മനോഹരമായി വർണ്ണിച്ചിരിക്കുന്നത്.

ശ്ലോകം 69

യാ നിശാ സർവ്വഭൂതാനാം തസ്യാം ജാഗർത്തി സംയമി

യസ്യാം ജാഗ്രതി ഭൂതാനി സാ നിസാ പശ്യതോ മുനേഃ

സർവ്വഭൂതങ്ങൾക്കും ഏതൊന്ന് രാത്രിയാണോ, അതിൽ സംയമി ജാഗ്രത്തായി (ഉണർന്ന്)ഇരിക്കുന്നു. ഏതൊന്നിൽ ഭൂതങ്ങൾ ഉണർന്നിരിക്കുന്നുവോ, അത് മുനിക്ക് രാത്രിയാണ്.

എല്ലാവർക്കും ഇന്ദ്രിയജന്യമായ വസ്തുക്കളോടാണ് ആഭിമുഖ്യം. ജ്ഞാനിക്ക് അതിന്റെ നേരെ യാതൊരാഭിമുഖ്യവുമില്ല. അവയുടെ മുന്നിൽ ജ്ഞാനിയുടെ മനസ്സ് ഉറങ്ങുന്നു. സാധാരണ ജനം ഏതൊന്നിനു നേരെ കണ്ണടച്ച് ഉറങ്ങുന്നുവോ, ആ ബ്രഹ്മജ്ഞാനത്തിനു നേരെ ജ്ഞാനി സദാ ജാഗ്രതയോടെ ഉണർന്നിരിക്കുന്നു. അതിനുനേരെ മാത്രമേ അദ്ദേഹത്തിന്റെ കണ്ണ് തുറക്കുന്നുള്ളു. .ഇന്ദ്രിയവിഷയങ്ങളോട് അലസതയും ബ്രഹ്മവിദ്യയോട് ഏകാഗ്രതയും പുലർത്തുന്നത് ആരാണോ അവനാണ് മുനി. യോഗിയുടെ പകൽ ബ്രഹ്മാനുഭൂതിയാണ്. അത് ഭോഗികൾക്ക് ഒരിക്കലും അനുഭവിക്കാനാത്ത ഇരുട്ടായി അനുഭവപ്പെടുന്നു. ഭോഗികളുടെ പകൽ വിഷയാസക്തിയാണ്. അതിന്നുനേരെ യോഗി കണ്ണടക്കുന്നു. നാലാം അദ്ധ്യായം ശ്ലോകം 18ലും ഇതിന്നു സമാനമായ ആശയം പ്രകടിപ്പിക്കുന്നുണ്ട്.

ശ്ലോകം 70

ആപൂര്യമാണമചലപ്രതിഷ്ഠം സമുദ്രമാപഃപ്രവിശന്തി യദ്വത്

തദ്വത് കാമാ യം പ്രവിശന്തി സർവ്വേ സ ശാന്തിമാപ്നോതി ന കാമകാമി

പൂർണ്ണവും അചലവുമായിരിക്കുന്ന സമുദ്രത്തിലേക്ക് നദികളെല്ലാം പ്രവേശിച്ചിട്ടും അതിന്റെ സ്ഥിതി പൂർണ്ണവും അചലവുമായിത്തന്നെ ഇരിക്കുന്നു. ഇതുപോലെ എണ്ണമറ്റ കാമങ്ങൾ പ്രവേശിച്ചാലും, ഒരു കാമത്തേയും കാമിക്കാത്ത ജ്ഞാനി ശാന്തനായിരിക്കുന്നു. എത്രയെത്ര ഭോഗ്യവസ്തുക്കൾ കമ്ടാലും, തന്നിലേക്ക് വന്നുചേർന്നാലും അവയിലേക്ക് കടന്നുചെല്ലാത്ത മനസ്സോടുകൂടിയവനാണ് വിദേഹമുക്തി പ്രാപിക്കുന്നത്. അവൻ ഒരിക്കലും പ്രക്ഷുബ്ധമാനസനാകയില്ല. സദാ ശാന്തനായിരിക്കും. 62, 63 ശ്ലോകങ്ങളിൽ പറഞ്ഞ അവസ്ഥ അത്തരം ഒരാൾക്ക് ഒരിക്കലും ഉണ്ടാവുകയില്ല. അതിനാൽ തെളിഞ്ഞ സ്മൃതിയും പ്രജ്ഞയും അയാൾക്കുണ്ട്.

ശ്ലോകം 71

വിഹായ കാമാൻ യഃസർവ്വാൻ പുമാംശ്ചരതി നിഃസ്പൃഹഃ

നിർമ്മമോ നിരഹങ്കാരഃ സ ശാന്തിമധിഗഛതി

ഏതൊരു മനുഷ്യനാണോ നിരഹങ്കാരനും നിർമ്മമനും നിസ്പൃഹനുമായിട്ട് സർവ്വകാമങ്ങളേയും ഉപേക്ഷിച്ച് സഞ്ചരിക്കുന്നത്, അവനാണ് ശാന്തി പ്രാപിക്കുന്നത്. ഇപ്രകാരം ശാന്തിയും ചിത്തപ്രസാദവും ആർജ്ജിച്ചവനെ പതഞ്ജലി യോഗി എന്നു വിളിക്കുന്നു. ആദിശങ്കരൻ ബ്രാഹ്മണനെ നിർവ്വചിക്കുന്നതും ഇപ്രകാരമാണ്.

ശ്ലോകം 72

ഏഷാ ബ്രാഹ്മീ സ്ഥിതിഃ പാർത്ഥ നൈനാം പ്രാപ്യവിമുഹ്യതി

സ്ഥിത്വാസ്യാമന്തകാലേപി ബ്രഹ്മനിർവ്വാണമൃഛതി

പാർത്ഥാ, ഈ അവസ്ഥയെയാണ് ബ്രാഹ്മീസ്ഥിതി എന്നു വിളിക്കുന്നത്. ഇതിനെ പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ അവന് സംസാരത്തിൽ മോഹം വരികയില്ല. ജീവിതത്തിന്റെ അന്ത്യകാലത്ത് ഈ നിഷ്ഠ ലഭിച്ചവൻ ബ്രഹ്മനിർവ്വാണം പ്രാപിക്കുന്നു. ഈ ശ്ലോകത്തോടെ സാംഖ്യയോഗമെന്ന രണ്ടാം അദ്ദ്യായം അവസാനിക്കുന്നു. ഈ അദ്ധ്യായം ഗീതാസംഗ്രഹമാണ്. ഇതിൽ സംഗ്രഹിച്ചുപറഞ്ഞ തത്വങ്ങളുടെ വിശദീകരണങ്ങളും തുടർച്ചകളുമാണ് ഇനിയുള്ള അദ്ധ്യായങ്ങളെല്ലാം തന്നെ. ഏഷാ യഥോക്താ ബ്രാഹ്മീ ബ്രഹ്മണി ഭവാ ഇയം സ്ഥിതിഃ സർവ്വം കർമ്മ സന്യസ്യ ബ്രഹ്മരൂപേണൈവ അവസ്ഥാനം എന്ന് ശങ്കരഭാഷ്യം ബ്രാഹ്മീസ്ഥിതയെ പറയുന്നു.

അദ്ധ്യായം 3 കർമ്മയോഗം.

പ്രവൃത്തിനിവൃത്തിരൂപമായ രണ്ടു മാർഗ്ഗത്തിൽ ശ്രേയസ്കരമായ സാംഖ്യജ്ഞാനം അവലംബിച്ച് സർവ്വകർമ്മപരിത്യാഗം ചെയ്ത് ബ്രാഹ്മീസ്ഥിതി പ്രാപിക്കുന്നതാണ് ഏറ്റവും ശ്രേയസ്കരമെന്ന് പറഞ്ഞു. ശ്രേയപ്രാപ്തികാരണമായ സാംഖ്യയോഗനിഷ്ഠ പഠിപ്പിച്ചശേഷം എന്തിനാണ് കർമ്മം ചെയ്യാനുപദേശിക്കുന്നത് എന്ന സംശയം അർജ്ജുനന് വരുന്നു. കർമ്മണാ ബദ്ധ്യതേ ജന്തുർ വിദ്യയാ ച വിമുച്യതേ തസ്മാത് കർമ്മഃ ന കുർവ്വന്തി യതയഃ പാരദർശിനഃ എന്ന ശുകാനുശാസനവും സർവ്വകർമ്മാണി മനസാ സന്യസ്യ എന്ന ശ്രുതിവാക്യവും ഉദ്ധരിച്ച് ശങ്കരൻ ഏത് ആശ്രമത്തിലും ഏതു വർണ്ണത്തിലുമുള്ള ആളുകൾക്കും ജ്ഞാനത്തോടുകൂടിയ കർമ്മമാണ് ആവശ്യമെന്ന് പറയുന്നു.

ശ്ലോകം 1

അർജ്ജുന ഉവാചഃ

ജ്യായസീ ചേത് കർമ്മണസ്തേ മതാ ബുദ്ധിർജനാർദ്ദന

തത് കിം കർമ്മണി ഘോരേ മേ നിയോജയസി കേശവ

ബ്രഹ്മജ്ഞാനം മഹത്തരമെന്നാണ് അവിടുത്തെ മതമെന്ന് (അഭിപ്രായമെന്ന്) അവിടുന്ന് പറഞ്ഞു. ജ്ഞാനമാണ് കർമ്മത്തേക്കാളും ശ്രേഷ്ഠമെങ്കിൽ ഹിംസാത്മകമായ ഈ ക്രൂരകർമ്മത്തിന് (യുദ്ധത്തിന്) അവിടുന്ന് എന്തിനാണ് എന്നെ പ്രേരിപ്പിക്കുന്നത്.എന്നാണ് അർജ്ജുനൻ ചോദിച്ചത്.

ശ്ലോകം 2

വ്യാമിശ്രേണൈവ വാക്യേന ബുദ്ധിം മോഹയസീവ മേ

തദേകം വദ നിശ്ചിത്യയേന ശ്രേയോഹമാപ്നുയാം

കുഴച്ചുമറിച്ച് ചെയ്യുന്ന (വ്യാമിശ്രണം) വാക്കുകളാൽ അങ്ങ് എന്റെ ബുദ്ധിയെ മോഹിപ്പിക്കുന്നു. എന്തു ചെയ്താലാണ് ഞാൻ ശ്രേയസ്സ് പ്രാപിക്കുക , ആ ഒന്നിനെ മാത്രം നിശ്ചിതമായി പറഞ്ഞുതരിക

ശ്ലോകം 3

ശ്രീഭഗവാനുവാചഃ

ലോകേസ്മിൻ ദ്വിവിധാ നിഷ്ഠാ പുരാ പ്രോക്താ മയാനഘാ

ജ്ഞാനയോഗേന സാംഖ്യാനാം കർമ്മയോഗേന യോഗിനാം

ഹേ, അനഘാ, ലോകത്തിൽ പണ്ടുതന്നെ അനഘങ്ങളായ രണ്ടുവിധം നിഷ്ഠകൾ എന്നാൽ പറയപ്പെട്ടിട്ടുണ്ട്. സാംഖ്യർക്ക് ജ്ഞാനയോഗവും യോഗികൾക്ക് കർമ്മയോഗവും. അനഘൻ അഥവാ കളങ്കരഹിതനെന്ന് ഇവിടെ അർജ്ജുനനെ വിളിക്കുന്നു. നിർമ്മലാത്മാക്കൾക്കുമാത്രമാണ് ബ്രഹ്മജ്ർ◌ാനിയുടെ വാക്കുകളിൽ താൽപ്പര്യം ജനിക്കുക. ഭഗവാന്റെ വാക്കുകൾ വീണ്ടും വീണ്ടും കേൾക്കാനുള്ള മോഹം അർജ്ജുനൻ നിർമ്മലാത്മാവാണെന്നതിനു തെളിവാണ്. സാംഖ്യവും യോഗശാസ്ത്ര വും പരസ്പരപൂരകങ്ങളായി പരമ്പരാഗതമായി നിലനിന്നുപോന്ന ഭൂമിയാണ് ഭാരതമെന്ന് കൃഷ്ണനിലൂടെ വ്യാസൻ ഇവിടെ പറയുന്നു. ജ്ഞാനവും കർമ്മവും ഈ നാട്ടിൽ പൌരാണികമായി ഒരു സമന്വയം നടന്നിട്ടുണ്ട്. ശ്വേതശ്വേതരം സാംഖ്യത്തെ പരാമർശിക്കുന്നു. രണ്ടു വേദമന്ത്രങ്ങളുടെ ദ്രഷ്ടാവായ ബൃഹസ്പതി സാംഖ്യകാരനായിരുന്നു. എന്ന് മാക്സ്മുള്ളർ പറയുന്നുണ്ട്. കപിലസൂത്രത്തിനു മുമ്പേയുള്ള തത്വസമാസത്തിൽ സാംഖ്യത്തിന്റെ ആദിമരൂപമുണ്ട്. ജൈമിനിയുടെ പൂർവ്വമീമാംസാസൂത്രത്തിനു മുമ്പുതന്നെ കർമ്മകാണ്ഡവും നിലവിലു ണ്ട്. കൃഷ്ണൻ മയാ (എന്നാൽ) എന്ന് ഇവിടെ പറയുന്നത് വ്യക്തി എന്ന നിലയിലല്ല. ചരിത്രപുരുഷനായ കൃഷ്ണനെന്ന നിലയിലുമല്ല. പ്രജ്ഞയിൽ ബ്രാഹ്മീസ്ഥിതി പ്രാപിച്ച് ബ്രഹ്മസാക്ഷാത്കാരം നേടിയ ജ്ഞാനി എന്ന നിലയിലാണ് ,സർവ്വജ്ഞനും സർവ്വേശ്വരനുമായ എന്നാ ൽ പണ്ടേ പറയപ്പെട്ടു എന്ന് പറയുന്നത്. ഇത്രയും കളങ്കരഹിതവും (അനഘം) പുരാണവുമായ രണ്ട് പദ്ധതികൾ പ്രാവർത്തികമാക്കി, സ്വാ നുഭവം നേടാൻ നിർമ്മലഹൃദയനായ അർജ്ജുനനുള്ള അർഹത അനഘ നെന്ന സംബോധനയിൽ ഉണ്ട്.

മന്ദബുദ്ധിയായ എനിക്ക് ഭഗവാന്റെ വാക്യം വ്യാമിശ്രമായി തോന്നപ്പെ ടുന്നു എന്ന് അർജ്ജുനൻ സമ്മതിക്കുന്നു.

ശ്ലോകം 4

ന കർമ്മണാമനാരംഭാന്നൈഷ്കർമ്മ്യം പുരുഷോശ്നുതേ

ന ച സന്യസനാദേവ സിദ്ധിം സമധിഗച്ഛതി

ഒരു കർമ്മത്തേയും ആരംഭിക്കാതിരിക്കുന്ന ഒരാൾ നിഷ്ക്രിയഭാവത്തെ പ്രാപിക്കുന്നില്ല. സന്യാസം സ്വീകരിച്ചു എന്നതുകൊണ്ടുമാത്രം ഒരാൾക്ക് സിദ്ധി ലഭിക്കുന്നുമില്ല. സ്വൽപ്പമായിട്ടു ചെയ്യുന്ന സ്വധർമ്മം പോലും മഹത്തായ ഭയത്തിൽനിന്ന് ത്രാണനം ചെയ്യുമെന്ന് നേരത്തേ പറഞ്ഞു. ഒന്നും ചെയ്യാതെ മലപോലെയോ മരം പോലെയോ അനങ്ങാതിരിക്കാൻ ഒരാൾ നിശ്ചയിച്ചാൽ അയാൾ ബ്രഹ്മത്തെപ്പോലെ നിഷ്ക്രിത്വം നേടി എന്നു പറയാനാവില്ല. മരവും മലയും നിഷ്ക്രിയമെന്നപോലെ നിന്നു കൊണ്ട് ലോകോപകാരപ്രദമായ പലകാര്യങ്ങളും നിറവേറ്റുന്നുണ്ട്. ഒന്നും ചെയ്യാതെ മടിയനായരിക്കുന്നതാണ് ബ്രാഹ്മണ്യമെന്നു വിചാരി ക്കുന്നത് തികച്ചും അസ്ഥാനത്താണ്. തലയും താടിയും നീട്ടി രുദ്രാക്ഷ വും കാവിയും ധരിച്ചതുകൊണ്ട് സന്യാസിയായി എന്ന വിചാരവും അതുപോലെ അസ്ഥാനത്താണ്. സന്യാസം സ്വീകരിച്ചവരെല്ലാം സിദ്ധി നേടുന്നില്ല. സിദ്ധി ബ്രഹ്മസായൂജ്യലബ്ധിയാണ്. ബ്രാഹ്മീസ്ഥിതിയാണ്. അല്ലാതെ അണിമാദിഅഷ്ടസിദ്ധികളല്ല. വേഷം കൊണ്ട് ബ്രഹ്മാനുഭൂതി നേടിയവനെ അറിയാൻ സാധിക്കുകയില്ല. ഗൃഹസ്ഥനും ബ്രഹ്മാനുഭൂതി സാദ്ധ്യമാണ്,അത് പുറത്തറിയാത്തതുകൊണ്ട് ബ്രഹ്മസായൂജ്യം നേടിയ ഗൃഹസ്ഥന്മാർ ഗുപ്തയോഗികളായി നമ്മുടെയിടയിൽ സഞ്ചരിക്കുന്നു. വേഷം കെട്ടിയ സന്യാസിമാരിൽ പലർക്കും അത് സാധിച്ചിട്ടുണ്ടാവില്ല. ഇഹപരജന്മജാതമായ സർവ്വകർമ്മഫലവും ജ്ഞാനം ഒന്നുകൊണ്ടുമാത്ര മാണ് ഇല്ലാതാവുന്നത്. വേഷം കൊണ്ടല്ല.

ശ്ലോകം 5

നഹി കശ്ചിത് ക്ഷണമപി ജാതുതിഷ്ഠത്യകർമ്മകൃത്

കാര്യതേഹ്യവശഃകർമ്മ സർവ്വഃപ്രകൃതിജൈർഗുണൈഃ

ഒരാൾക്ക് ക്ഷണനേരം പോലും യാതൊരു കർമ്മവും ചെയ്യാതെ ഇരിക്കാ ൻ സാധിക്കുകയില്ല. പ്രകൃതിജന്യങ്ങളായ ഗുണങ്ങളാൽ അവശരായിക്കൊ ണ്ട് സർവ്വരും കർമ്മം ചെയ്തുകൊണ്ടേ ഇരിക്കുന്നു. സൈക്കോജെനിക്ക് ആവശ്യങ്ങൾക്കായി ചെയ്യുന്ന കർമ്മം പലതും മനുഷ്യന് നിർത്തിവെക്കാ ൻ കഴിഞ്ഞേക്കാം. വിസറോജെനിക്ക് ആവശ്യങ്ങൾക്കായുള്ള ശ്വാസോ ഛ്വാസം മുതലായ കർമ്മങ്ങളെ നിർത്തിവെക്കാൻ സാദ്ധ്യമല്ല. മനസ്സിലെ വിചാരധാരയെ നിർത്തുന്നതുപോലും സാധാരണ ഒരാൾക്ക് അസാദ്ധ്യമായ പ്രക്രിയയാണ്. ഇരിക്കുക,നടക്കുക,സംസാരിക്കുക, ചിന്തിക്കുക- എത്രയെത്ര കർമ്മങ്ങളാണ് ഒന്നും ചെയ്യാത്തവരും കൂടി അനുഷ്ഠിക്കുന്നത്. അനുക്ഷ ണം കണ്ണു തുറന്നടക്കുമ്പോളും കൂടി എത്രയെത്ര മാംസപേശികൾ പ്രവ ർത്തിക്കുന്നുണ്ട്. ദഹനം,പചനം മുതലായ പ്രക്രിയകൾക്കും എത്രയെത്ര കോശങ്ങളുടെ കൂട്ടായ പ്രവർത്തനം വേണം.സാത്വികം,രാജസം,താമസം എന്ന് പ്രകൃതിജന്യമായ ത്രിഗുണങ്ങളാൽ പ്രേരിതമായി ജീവജാലങ്ങൾ എപ്പോഴും കർമ്മം ചെയ്തുകൊണ്ടേ ഇരിക്കുന്നു. ത്രിഗുണങ്ങളാൽ ബാ ധിക്കപ്പെട്ട ശരീരത്തിനോ മനസ്സിനോ ബുദ്ധിക്കോ അവയുടെ കർമ്മങ്ങളി ൽനിന്ന് വിട്ടുമാറാൻ സാധിക്കുന്നില്ല. അങ്ങനെയിരിക്കെ സ്വധർമ്മാനുഷ്ഠാ നം ചെയ്യുകയില്ല എന്ന് വാശി പിടിക്കുന്ന ഒരാളെങ്ങനെയാണ് താൻ നിഷ്ക്രിയനാണെന്ന് വാദിക്കുക. ഉറക്കത്തിൽപോലും നാം ദർശനങ്ങൾ കാണുന്നുണ്ട്. അല്ലെങ്കിൽത്തന്നെ സജാ ചലിക്കുകയും സൂര്യനെ വലംവെ

ക്കുകയും ചെയ്യുന്ന ഗ്രഹത്തിൽ ഇരുന്ന് , നാം അനങ്ങുന്നില്ലെന്ന് സങ്കല്പ്പിക്കയല്ലാതെ, ശരിയായ അർത്ഥത്തിൽ അനങ്ങാതിരിക്കാൻ നമുക്ക് സാധിക്കുമോ. എത്ര നാഴിക ദൂരമാണ് ഓരോ ദിവസവും ഓരോ സംവത്സരവും നാം ഭൂമിയോടൊപ്പം സഞ്ചരിക്കുന്നത്.

ശ്ലോകെ 6

കർമ്മേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൻ

ഇന്ദ്രിയാർത്ഥാൻ വിമൂഢാത്മാ മിഥ്യാചാരഃ സ ഉച്യതേ

ആരാണോ കർമ്മേന്ദ്രിയങ്ങളെ സംയമം ചെയ്തിട്ട് ഇന്ദ്രിയവിഷയങ്ങളെ മനസ്സുകൊണ്ട് സ്മരിച്ചുകൊണ്ടിരിക്കുന്നത്, ആ വിമൂഢാത്മാവിനെയാണ് മിഥ്യാചാരി എന്ന് വിളിക്കുന്നത്. കർമ്മേന്ദ്രിയങ്ങളായ കയ്യും കാലും അനക്കുകയില്ല. യാതൊരു ജോലിയും ചെയ്യാതെ ഞാൻ പരബ്രഹ്മം പോലെ ഇരിക്കുകയാണെന്ന് തത്വജ്ഞാനം പ്രസംഗിക്കും. മനസ്സ് ഭോഗവസ്തുക്കളുടെ പിന്നാലെ ഓടുകയായിരിക്കും. ഈ മിഥ്യാചാരത്തെ കപടനാട്യമെന്നല്ലാതെ മറ്റെന്തു വിളിക്കും. നേരത്തെ പറഞ്ഞ കഥയിലെ ബുദ്ധഭിക്ഷു ബ്രഹ്മചര്യത്തിന്റെ പേരു പറഞ്ഞ് ഒരു പാവം പെണ്ണിനെ സഹായിക്കാതിരിക്കയും അവളെ മനസ്സിൽ കൊണ്ടുനടക്കയും ചെയ്തു. ഇത്തരം മിഥ്യാചാരികളായ കപടസന്യാസിമാരെക്കൊണ്ട്, മൂഢാത്മാക്കളെക്കൊണ്ട്, ലോകം നിറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ. സ്വധർമ്മം വിധിപോലെ അനുഷ്ഠിച്ചുകൊണ്ട് ജീവിക്കുന്ന രാജയോഗികളെയല്ലേ ഇന്ന് നമുക്കാവശ്യം.

ശ്ലോകം 7

യസ്ത്വിന്ദ്രിയാണി മനസാ നിയമ്യാരഭതേർജ്ജുന

കർമ്മേന്ദ്രിയൈഃ കർമ്മയോഗമസക്തഃ സ വിശിഷ്യതേ

അർജ്ജുനാ, ഏതൊരുവനാണോ ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ട് സംയമം ചെയ്തശേഷം ,കർമ്മേന്ദ്രിയങ്ങളായ വാക്പാണിപാദങ്ങളാൽ ,ഫലത്തിൽ അസക്തനായിത്തന്നെ കർമ്മയോഗം ആരംഭിക്കുന്നത് അവനാണ് വിശിഷ്ടൻ. പെൺകുട്ടിയെ പുഴ കടത്തി വിട്ട് നശ്ചിന്തനായി ഉറങ്ങിയ ബുദ്ധഭിക്ഷു ഉദാഹരണം. മനസ്സുകൊണ്ട് ഇന്ദ്രിയങ്ങളെ നിയമവശഗമാക്കലാണ് പ്രധാനം. ഒന്നും ചെയ്യാതെ ഇരിക്കലല്ല. കർമ്മം ചെയ്യുന്നത് അനാസക്തനായിട്ടാവണം. ധർമ്മാനുസൃതമായ ഉത്തരവാദിത്തങ്ങളിൽനിന്ന് വിശിഷ്ടനായ വ്യക്തി ഒഴിഞ്ഞുമാറുകയില്ല. വെള്ളത്തിൽ പൊങ്ങിനിൽക്കുന്ന താമരയിലപോലെ വെള്ളം പറ്റാതെ അവൻ സംസാരജലോപരി വിഹരിക്കുന്നു. യോഗിയുടെ കർമ്മവും സാധാരണക്കാരന്റെ കർമ്മവും തമ്മിൽ വേർതിരിക്കുന്നത് രണ്ട് ലക്ഷണം കൊണ്ടാണ്. 1 അനാസക്തി. 2. രണ്ടാം അദ്ധ്യായം 66ആം സ്ലോകത്തിൽ പറഞ്ഞ ഭാവന അഥവാ ക്രിയേറ്റീവ് ഇൻ്റ്യൂഷൻ.

ശ്ലോകം 8

നിയതം കുരി കർമ്മ ത്വം കർമ്മജ്യായോ ഹ്യകർമ്മണഃ

ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേതകർമ്മണഃ

നിയതമായ കർമ്മത്തെ നീ ചെയ്യുക. കാരണം കർമ്മം അകർമ്മത്തേക്കാൾ ഉയർന്നതാണ്. അകർമ്മണ്യം കൊണ്ട് നിനക്ക് ശരീരയാത്ര പോലും സാധിക്കയില്ല. കർമ്മം ജ്ഞാനത്തേക്കാൾ താഴെയാണ്. അകർമ്മണ്യത്തേക്കാൾ മേലെയും. ഇവിടെ സൂചിതമായ കർമ്മം യാഗാദികളോ പിതൃകർമ്മമോ അല്ല, എന്ന് അകർമ്മണ്യത കൊണ്ട് ശരീരയാത്രപോലും സാദ്ധ്യമാകാതെ വരുമെന്ന വാക്കു കൊണ്ട് സൂചിതമാണ്. (യാഗാദികളോ പിതൃകർമ്മമോ ചെയ്യാത്തവർക്കും ജീവിതയാത്ര സാദ്ധ്യമാണല്ലോ). വീട്ടിലും ഓഫീസിലും നാട്ടിലുമായി നമുക്ക് ചെയ്തുതീർക്കേണ്ട അനേകം കർമ്മങ്ങളുണ്ട്. ഉത്തരവാദിത്തങ്ങളുണ്ട്. അവയെയാണ് ഇവിടെ പറയുന്നത്. അവ ചെയ്യാതിരുന്നാൽ ജീവിക്കാൻ വിഷമമാവും. അനാസക്തമായി ആ കർമ്മം ചെയ്യുന്ന പക്ഷം അതിനേക്കാൾ എത്രയോ മഹത്താണ്.അകർമ്മണ്യൻ തന്നെയും കുടുംബത്തേയും നാട്ടിനേയും നശിപ്പിക്കുന്നു. അവന്റെ അകർമ്മണ്യത കൊണ്ട് ആർക്കും ശ്രേയസ്സോ പ്രേയസ്സോ ഇല്ല. അർജ്ജുനൻ ഗൃഹസ്ഥനും ക്ഷത്രിയനും പ്രജാപരിപാലനം ചെയ്യുന്ന ഭരണാധികാരിയുമാണ്. യോദ്ധാവാണ്. ഈ വക സ്ഥാനങ്ങളിൽ ഇരിക്കുന്ന ഒരാൾ നിറവേറ്റേണ്ട കർത്തവ്യങ്ങൾ അദ്ദേഹം ഒരുകാലത്തും ഉപേക്ഷിച്ചുകൂടാ.

ശ്ലോകം 9

യജ്ഞാർത്ഥാത് കർമ്മണോന്യത്ര ലോകോയം കർമ്മബന്ധനഃ

തദർത്ഥം കർമ്മ കൌന്തേയ മുക്തസംഗഃ സമാചര

യജ്ഞാർത്ഥമായുള്ള കർമ്മത്തിൽനിന്ന് മറ്റു ലോകകർമ്മങ്ങൾ വ്യത്യസ്തമാണ്. യജ്ഞാർത്ഥം അനുഷ്ഠിക്കുന്ന കർമ്മങ്ങൾ ഒരാളെ ബന്ധിക്കുന്നില്ല. അതിനാൽ മുക്തസംഗനായി യജ്ഞത്തിനുവേണ്ടി എന്ന സങ്കൽപ്പത്തോടെ സ്വകർമ്മം ആചരിക്കുക. ഇവിടെയും വൈദികമായ യജ്ഞമെന്നല്ല, ഗൃഹസ്ഥനും സന്യാസിയും സ്ത്രീയും പുരുഷനും നിത്യം അനുഷ്ഠിക്കേണ്ട പഞ്ചമഹായജ്ഞമെന്നാണ് അർത്ഥം.ഈശ്വരാർപ്പണമായി ചെയ്യാനാണ് ഉപദേശം. ബ്രഹ്മയജ്ഞം, ദേവയജ്ഞം,പുതൃയജ്ഞം, മനുഷ്യയജ്ഞം, ഭൂതയജ്ഞം ഇവയാണ് പഞ്ചമഹായജ്ഞങ്ങൾ. ബ്രഹ്മയജ്ഞം സ്വാദ്ധ്യായമാകയാൽ ജ്ഞാനയോഗമാണ്. അത് ഏതൊരാത്മാവിനും വിധിച്ചിട്ടുള്ളതുമാണ്. ദേവപ്രീതിക്കായി ചെയ്യുന്ന കർമ്മങ്ങളാണ് ദേവയജ്ഞം. ഇതിൽ പൂജ, ഹോമം മുതലായ താന്ത്രികവിധികളും യാഗം മുതലായ വൈദികവിധികളും പെടുന്നു. സാധാരണ പുരുഷനാണ് അധികാരമെങ്കിലും വിശേഷദിനങ്ങളിൽ സ്ത്രീകൾക്കാണ് ഇതിന് അധികാരം. സ്ത്രീയുടെ സാന്നിദ്ധ്യം കൂടാതെ പുരുഷന് ദേവപ്രീതികരമായ കർമ്മം സാദ്ധ്യമല്ല. ബ്രഹ്മയജ്ഞത്തേക്കാളും താഴെയാണ് ദേവയജ്ഞത്തിനു സ്ഥാനം. പിതൃയജ്ഞം പിതൃപൂജയാണ്. മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ വൃദ്ധപിതൃക്കളെ ശുശ്രൂഷിച്ചും പൂജിച്ചും തൃപ്തരാക്കേണ്ട ചുമതല ഇളം തലമുറക്കാരുടേതാണ്. മരിച്ചവർക്കായി ചെയ്യുന്ന ഉദയക്രിയകളേക്കാളും പ്രധാനമാണ് ജീവിച്ചിരിക്കുന്ന വൃദ്ധന്മാരെ ശുശ്രൂഷിക്കുന്നത്. ആണ്ടിലൊരിക്കൽ കറുകയും എള്ളും പൂവും കൊടുത്താൽ മരിച്ചവർ തൃപ്തരാകും. അതുപോര, എന്നും ശുശ്രൂഷിക്കേണ്ട ജീവിച്ചിരിക്കുന്നവർക്ക്. കടമയുടെ ഗരിമ അവരെ ശുശ്രൂഷിക്കുന്നതിലാണ്. മനുഷ്യയജ്ഞം മനുഷ്യരായ അതിഥികളേയും സഹജീവികളേയും പൂജിക്കലാണ്. ഭൂതയജ്ഞം പക്ഷിമൃഗാദികളെ പോറ്റ

ലും അവയെ അന്നപാനാദികളാൽ സംരക്ഷിക്കലും ആണ്. ഈ പഞ്ചമഹാ യജ്ഞം ഈശ്വരാർപ്പണമായി മുക്തസംഗരായി ചെയ്യുന്നതുകൊണ്ട്,മോക്ഷം തന്നെ ലഭിക്കുന്നു. ഭാഗവതകഥകളിൽനിന്ന് ഇത് സ്ത്രീകളാണ് അനുഷ്ഠിച്ചിരുന്നതെന്നും ഭഗവദ്പ്രീതി നേടിയിരുന്നതെന്നും മനസ്സിലാക്കാം. ബ്രാഹ്മണപത്നിമാരും ഗോപസ്ത്രീകളും ഭക്തിയിലും നിഷ്കാമകർമ്മയോഗത്തിലും പുരുഷന്മാരെ തോൽപ്പിച്ചതായി ഭാഗവതം പറയുന്നു.

യജ്ഞോ വൈ വിഷ്ണുഃ എന്ന ശ്രുതിവാക്യത്താൽ യജ്ഞം ഈശ്വരനാണ് എന്ന് ശങ്കരാചാര്യമതം.യജ്ഞാർത്ഥം കർമ്മം എന്നാൽ ഈശ്വരനുവേണ്ടി അർപ്പിച്ച കർമ്മം. അതിന് ബന്ധനം ഇല്ല.

ശ്ലോകം 10

സഹയജ്ഞാഃപ്രജാഃസൃഷ്ട്വാ പുരോവാച പ്രജാപതിഃ

അനേന പ്രസവിഷ്യധ്വമേഷവോസ്ത്വിഷ്ടകാമധുക്

യജ്ഞത്തോടുകൂടി പ്രജകളെ സൃഷ്ടിച്ച് മുമ്പ് പ്രജാപതി, പറഞ്ഞുഃ- ഇത് നിങ്ങളുടെ ഇഷ്ടകാമധേനുവാണ്, ഇതിനാൽ നിങ്ങൾ പ്രസവിക്കട്ടെ. യജ്ഞത്തോടുകൂടി പ്രജകളെ സൃഷ്ടിച്ച് എന്നുതന്നെയാണ് എല്ലാ ഭാഷ്യകാരന്മാരും എഴുതിക്കാണുന്നത്.പ്രജാപതി പ്രജനനം ചെയ്യുന്നവരുടെയെല്ലാം പതിയാണ്.പ്രജനശ്ചാപി കന്ദർപ്പഃ എന്ന് അദ്ധ്യായം 10 ശ്ലോകം 28. പ്രജാപതിക്ക് പ്രജോത്പ്പത്തി എന്ന യജ്ഞത്തിന് ഒരു സഹധർമ്മിണി വേണം. പ്രാജാപത്യമെന്ന വിവാഹത്തിൽ സഹധർമ്മശ്ചരതഃ എന്ന് മന്ത്രിച്ചുകൊണ്ടാണ് വധുവിനെ വരന് കൊടുക്കുന്നത്. പ്രജനനം ഒറ്റക്ക് ഒരാൾക്ക് അനുഷ്ഠിക്കാവുന്ന ക്രിയയല്ല. സഹയജ്ഞമാണ്, സഹധർമ്മമാണ്. മൂന്നാമത്തെ വരിയിലെ പ്രസവമെന്ന പദം ഈ അർത്ഥമാണ് ശരി എന്ന് കാണിക്കുന്നു. ഇഷ്ടകാമധേനു സുരഭി അഥവാ പശുവാണ്. സ്ത്രീയോടൊത്തു ചെയ്യുന്ന യജ്ഞമാണ് പ്രാജാപത്യം. വർദ്ധിക്കുന്ന വംശപരമ്പരകളെ നൽകുന്ന കാമധേനുവായ പ്രജനനം പതിയും പത്നിയുമൊത്ത് ഗൃഹസ്ഥാശ്രമത്തിൽ ചെയ്യുന്ന യജ്ഞമാണെന്ന് വേദവേദാന്തങ്ങളിലും കാണുന്നു. അനാസക്തിയോടെ ജീവിതധർമ്മം നടത്തുന്ന ആളുകൾക്ക് അങ്ങനെയല്ലാതെ ലൈംഗികതയെ വീക്ഷിക്കാനാവില്ല. സ്ത്രീയെ താനനുഷ്ഠിക്കുന്ന പാപത്തിന്റെ പങ്കാളിയായിട്ടല്ല, യജ്ഞത്തിലെ സഹധർമ്മചാരിണിയായിട്ടാണ് പുരുഷൻ കണ്ടിരുന്നത്. ഏതാണ്ട് ഈ ഒരർത്ഥത്തിൽ പറഞ്ഞിട്ടുള്ളത് നടരാജഗുരു മാത്രമാണ്. Prajapathi (Lord of people) is the absolute understood in the context of human progeny which as such grows or multiplies like the sands of the seashore or the stars of the sky.

ശ്ലോകം 11

ദേവാൻഭാവയതാനേന തേ ദേവാ ഭാവയന്തു വഃ

പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ

ദേവന്മാരെ നിങ്ങൾ ഇതിനാൽ പ്രീതിപ്പെടുത്തുവിൻ. ആ ദേവന്മാർ നിങ്ങളേയും പ്രീതിപ്പെടുത്തട്ടെ. പരസ്പരം പ്രീതരാക്കിക്കൊണ്ട് നിങ്ങൾ പരമയശസ്സ് കൈവരിക്കുവിൻ. ദേവ എന്നതിന് പ്രകാശിക്കുന്ന എന്നാണ് അർത്ഥം. ചിദ്രൂപമായി പ്രകാശിക്കുന്ന ആത്മാക്കൾ മനുഷ്യശരീരംധരിച്ച് പുതിയ വംശങ്ങളായി ഭൂമിയിലെത്തുന്നു. ആ പുതിയ വംശക്കുരുന്നുകളെ

മാതാപിതാക്കൾ പാലിച്ച് പോഷിപ്പിച്ച് സന്തുഷ്ടരാക്കുന്നു. അവർ മുതിർന്നാൽ മാതാപിതാക്കളേയും ശുശ്രൂഷിച്ച് സംരക്ഷിച്ച് തൃപ്തരാക്കുന്നു. പരസ്പരം തൃപ്തരാക്കിക്കൊണ്ട് വംശപരമ്പരകൾ ശ്രേയസ്സു നേടുന്നു. പിതൃപൂജക്ക് പൂരകമാണ് ഇവിടെ ദേവപൂജ. ഈ ദേവപൂജയിൽ നൂറു ശതമാനം പങ്കെടുക്കുന്നവർ സ്ത്രീകളാണ്. ജീർണ്ണിച്ച ശരീരം വലിച്ചെറിഞ്ഞ് പുതിയ ശരീരം സ്വീകരിച്ചുവന്ന പ്രകാശാത്മാവായ ദേഹിയെ ഗർഭം ധരിക്കുന്നതും പാലൂട്ടി വളർത്തുന്നതും ഭാഷ നൽകുന്നതും അമ്മയാണല്ലോ.

ശ്ലോകം 12

ഇഷ്ടാൻ ഭോഗാൻ ഹി വോ ദേവാ ദാസ്യന്തേ യജ്ഞഭാവിതഃ

തൈർദത്താനപ്രദായൈഭ്യോ യോ ഭുങ്ക്തേ സ്തേന ഏവ സഃ

യജ്ഞത്താൽ പ്രീതരായ ദേവന്മാർ നിങ്ങളുടെ ദാസന്മാരായി നിങ്ങൾക്കിഷ്ടമുള്ള ഭോഗങ്ങളെല്ലാം നൽകുന്നു. അവർ തന്നതെല്ലാം മടക്കിക്കൊടുക്കാതെ ഭുജിക്കുക മാത്രം ചെയ്യുന്നവർ മോഷ്ടാക്കളായിത്തീരുന്നു. മക്കൾ വലുതാവുമ്പോൾ ജീവിച്ചിരിക്കുന്ന പിതൃക്കളെ ദാസഭാവത്തിൽ പരിചരിക്കുന്നു. അവർക്കുവേണ്ടതെല്ലാം നൽകുന്നു. അതിനുപകരമായി പിതൃക്കൾ എന്താണ് ചെയ്യുന്നത്. പുതിയ ശരീരങ്ങളെടുത്ത് വീണ്ടും ഭൂമിയിൽ പിറന്ന് പുതിയ ദേവന്മാരെയും വംശപിതാക്കന്മാരെയും സൃഷ്ടിക്കുകയല്ലാതെ. പിതൃലോകത്തുനിന്ന് ആത്മാക്കൾ ഈ യജ്ഞസാദ്ധ്യത്തിനായി വീണ്ടും വീണ്ടും ഭൂമിയിൽ വന്നു ജനിക്കുന്നു. എത്ര മനോഹരവും മഹത്തും ഉദാത്തവുമായ ഭാവന. ഇന്ന് ഈ വിദത്തിലുള്ള ഭാവനയോടെ പിതൃപൂജ ചെയ്യുന്ന മക്കളും ദേവപൂജ ചെയ്യുന്ന പിതാക്കളും ഇല്ലാതായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം ആരുടേതാണ്.

ശ്ലോകം 13

യജ്ഞശിഷ്ടാശിനഃസന്തോ മുച്യന്തേ സർവ്വകിൽബിഷൈഃ

ഭുഞ്ജതേ തേ ത്വഘം പാപാ യോ പചന്ത്യാത്മകാരണാത്

യജ്ഞശിഷ്ടം ഭുജിക്കുന്ന സജ്ജനങ്ങൾ സർവ്വകന്മഷങ്ങളിൽനിന്നും മോചിപ്പിക്കപ്പെടുന്നു.ആരാണോ അവനവനുവേണ്ടിമാത്രം പചിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നത്, അവർ ആ പാപത്തെത്തന്നെ തിന്നുന്നു. മുമ്പുപറഞ്ഞപോലെ, പഞ്ചമഹായജ്ഞങ്ങളും നിർവ്വഹിച്ചശേഷം ബാക്കിവരുന്നതാണ് യജ്ഞശിഷ്ടം. അതുമാത്രം ഭുജിക്കുന്ന അനാസക്തൻ സർവ്വലോകഹിതത്തിനും സുഖത്തിനും വേണ്ടി കർമ്മം ചെയ്തശേഷം ലഭിക്കുന്ന ആത്മസുഖത്തെ ഭുജിക്കുന്നു. അതിനാൽ അവൻ കളങ്കരഹിതനാണ്. ഗൃഹത്തിൽ ചൂൽ, പാത്രം,അമ്മി, അടുപ്പ്,ഉരൽ എന്നിവ ഉപയോഗിക്കുമ്പോഴും നിൽക്കുക,നടക്കുകമുതലായ കർമ്മങ്ങൾ ചെയ്യുമ്പോഴും നാം അറിയാതെ അനേകം ചിത്കണങ്ങളായ ജീവികളെ ഹിംസിക്കുന്നുണ്ട്. ഇത്തരം പാതകങ്ങളിൽനിന്നെല്ലാം പഞ്ചയജ്ഞം മനുഷ്യനെ രക്ഷിക്കുന്നു എന്ന് ഹൈന്ദവർ വിശ്വസിക്കുന്നു.ഗീത ജൈനബുദ്ധമതങ്ങളിലെ അഹിംസാസിദ്ധാന്തത്തെത്തന്നെയാണ് ഉയർത്തിപ്പിടിക്കുന്നത്. സ്വന്തം കാമപൂരണത്തിനായി പാചകം ചെയ്യുകയും ലൈംഗികസുഖം ആസ്വദിക്കയും ചെയ്യുന്നവൻ 11ആം ശ്ലോകത്തിൽ പറഞ്ഞതുപോലെയുള്ള ശ്രേയസ്സിന് അർഹനായിത്തീരുന്നില്ല. 12ആം

ശ്ലോകത്തിൽ പറഞ്ഞതുപോലുള്ള മോഷ്ടാവായിത്തീരുന്നു. അവൻ ചെയ്ത പാപം സ്വയം ഭുജിച്ചുകൊണ്ടിരിക്കുന്നതല്ലാതെ, ശ്രേഷ്ഠപദത്തിന് അധികാരിയായി തീരുന്നില്ല. സ്വാർത്ഥതൽപ്പരരുടെ ജീവിതത്തെ കൃഷ്ണൻ ഇവിടെ നിശിതമായി വിമർശിക്കുന്നു. ജീവനുള്ള ജന്തുക്കളെ ഉദരപൂരണത്തിനായി കൊന്നുതിന്നുകയും സഹയജ്ഞമെന്ന ഭാവന കൂടാതെ സ്ത്രീയെ ഭോഗവസ്തുവായി മാത്രം കണ്ട് കാമപൂർത്തി വരുത്തുകയും ചെയ്യുന്ന ആളുകൾ യഥാർത്ഥത്തിൽ പാപമാണ് ചെയ്യുന്നത്. അവരുടെ പാപത്തിന്റെ ഗരിമ പഞ്ചമഹായജ്ഞങ്ങളെക്കൊണ്ട് കുറഞ്ഞേക്കാം. ആദിമകമ്യൂണിസത്തിന്റെ ബീജമാണ് ഈ വാക്കുകളിൽ കാണുക. പക്ഷേ വെറും തൊഴിലാളികൾക്ക് മാത്രമുള്ള കമ്യൂണിസമല്ല, ഭാരതീയരുടെ കമ്യൂണിസം. സർവ്വമനുഷ്യർക്കും ജീവജാലങ്ങൾക്കും കൂടിയുള്ള നിസ്വാർത്ഥധർമ്മമാണ്.

ശ്ലോകം 14

അന്നാദ്ഭവന്തി ഭൂതാനി പർജ്ജന്യാദന്നസംഭവഃ

യജ്ഞാദ് ഭവതി പർജ്ജന്യോ യജ്ഞഃകർമ്മസമുദ്ഭവഃ

ശ്ലോകം 15.

കർമ്മ ബ്രഹ്മോദ്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുദ്ഭവം

തസ്മാദ് സർവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം

അന്നത്തിൽനിന്ന് ജീവികളും മഴയിൽനിന്ന് അന്നവുമുണ്ടായി. യജ്ഞത്തിൽനിന്നാണ് മഴയുണ്ടാവുന്നത്. യജ്ഞം കർമ്മത്തിൽനിന്നും കർമ്മം ബ്രഹ്മത്തിൽനിന്നും ഉണ്ടായി. ബ്രഹ്മം അക്ഷരത്തിൽനിന്ന് ഉണ്ടായി അതിനാൽ സർവ്വഗതമായ ബ്രഹ്മം നിത്യവും യജ്ഞത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇവിടെ തന്നിരിക്കുന്ന ക്രമം.

1. അക്ഷരം
2. ബ്രഹ്മം
3. കർമ്മം
4. യജ്ഞം
5. മഴ
6. അന്നം
7. ജീവി

ഇപ്രകാരമാണ്. സുശ്രുതസംഹിതയിൽ ഇപ്രകാരം പറയുന്നു.

ദേഹസ്യ രുധിരം മൂലം അധിരക്കൈതവധാര്യതേ

തസ്മാദ്യന്നേന സംരക്ഷ്യം രക്തം ജീവ ഇതിസ്ഥിതി

രക്തം അന്നത്താലാണ് സംരക്ഷിക്കപ്പെടുന്നത്. ജീവികളുടെ ശരീരം 75 ശതമാനം ജലാംശമാണ്.കോശത്തിലെ പ്രോട്ടോപ്ലാസം ജലാത്മകമാണ്. ഭൂമിയിൽ അന്നം (സസ്യമായാലും മാംസമായാലും) ഉൽപ്പാദിപ്പിക്കപ്പെടണമെങ്കിൽ ജലം അഥവാ മഴ പെയ്യണം. സൂര്യനും സാഗരവും കൂടിയുള്ള സഹയജ്ഞഫലമായി (തപോബലം) മഴ ഉണ്ടാവുന്നു. സൂര്യൻ പുരുഷനും ജലം സ്ത്രീയുമാണ്.പ്രജാപതിയും പത്നിയുമാണ്.

സഹധർമ്മമെന്ന യജ്ഞം കർമ്മഫലമാണ്. സൂര്യനും സൂര്യപത്നിയും തമ്മിലുള്ള സഹശയനധർമ്മത്താൽ വാരി(ജലം) വാരിത്തൂവുന്ന വരിശം(വർഷം) വരുന്നു. ഋതുതോറും മുറതെറ്റാതെ വരിശൈയായിട്ടാണ് അതിന്റെ വരവ്. അതുപോലെ യജ്ഞകർത്താക്കളായ വാരിശുകളും (പുതിയ അവകാശി, തലമുറ) ജനിച്ചുകൊണ്ടേ ഇരിക്കുന്നു. ഋതുതോറും മുറതെറ്റാതെ വരുന്ന ആർത്തവം അതിന്റെ മുന്നോടിയാണ്. സർവ്വകർമ്മങ്ങളും ബ്രഹ്മത്തിൽനിന്നാണ് ഉണ്ടായത്,ശരീരത്തിൽനിന്നല്ല. കർമ്മം പ്രജ്ഞയുടേതാണ്,ശരീരത്തിന്റേതല്ല. ഞാനൊരു കർമ്മം ചെയ്യണമെന്ന് ഇച്ഛിക്കുന്നു. ആ കർമ്മനിർവ്വഹണത്തിനു വേണ്ട അറിവും പരിചയവും നേടുന്നു. ബൌദ്ധികമായ ആ തയ്യാറെടുപ്പിനു ശേഷം മാത്രം കർമ്മേന്ദ്രിയങ്ങളാൽ ആ കർമ്മം നിർവ്വഹിക്കുന്നു. അതിനാൽ കർമ്മം ഉണ്ടായത് ആത്മാവിലാണ്, ബ്രഹ്മത്തിലാണ്. ബ്രഹ്മമാകട്ടെ, അക്ഷരത്തിലാണുണ്ടായത്. അക്ഷരം നാശമില്ലാത്തതാണ്,പ്രണവമാണ്. പ്രണവത്തിൽനിന്ന് (നാദത്തിൽനിന്ന്) ഒരു സ്ഫോടമായി പൊട്ടിവിരിഞ്ഞ ബ്രഹ്മകമലത്തിൽനിന്നാണ് ക്രമേണ കർമ്മവും യജ്ഞവും മഴയും അന്നവും ജീവികളും ഉണ്ടായത്. ആ ബ്രഹ്മകമലം ബ്രഹ്മാണ്ഡമത്രെ. ചിദാകാശത്തിലുദിച്ച ഈ ബ്രഹ്മകമലം മനുഷ്യനെ കവിയും ഋഷിയുമാക്കുന്നു. അക്ഷരം,ബ്രഹ്മം, കർമ്മം എന്ന് 3 ദളം മുകളിൽ. മഴ, അന്നം, ജീവി എന്ന് 3 ദളം താഴെ. മദ്ധ്യത്തിലാണ് യജ്ഞസ്ഥാനം. അടിയിലും മുകളിലുമുള്ള ദളങ്ങൾ മദ്ധ്യത്തിലെ യജ്ഞത്തിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. ആകാശാന്തർഗ്ഗതമായി സ്ഫോടം കൊണ്ട് പൊട്ടിവിടർന്ന അക്ഷരബ്രഹ്മം ഒരു ദർശനമായി മനുഷ്യജീവിയുടെ ചിദാകാശത്തിൽ പുതിയൊരു സ്ഫോടം സൃഷ്ടിക്കുന്നു. ഈ സൃഷ്ടിപരത (ക്രിയേറ്റീവ് ഇന്റ്യൂഷൻ) പുതുതലമുറകളില്വീണ്ടും ഋതുതോറും മുറതെറ്റാതെ സംഭവിക്കുന്നത് കാണുന്നു. അതുകൊണ്ടാണ് 10ആം ശ്ലോകത്തിൽ യജ്ഞത്തോടുകൂടി പ്രജകളെ സൃഷ്ടിച്ച പ്രജാപതി ഇത് നിങ്ങളുടെ ഇഷ്ടകാമധുക്ക് ആണെന്ന് പറഞ്ഞത്. ഈ പ്രപഞ്ചമാതാവിന്റെ ഗർഭം പുതിയ വംശപരമ്പരകളേയും കവികളേയും ദാർശനികരേയും ഗർഭം ധരിച്ചുകൊണ്ടേ രിക്കുന്നു. ഈ ചക്രം ആവർത്തിച്ചുകൊണ്ടേ ഇരിക്കുന്നു. ലോകധർമ്മചക്രമാണിത്. ജഗദ്ചക്രപ്രവർത്തനഹേതു കർമ്മമാണെന്ന് ശങ്കരാചാര്യവചനം.

ശ്ലോകം 16

എവം പ്രവർത്തിതം ചക്രം നാനുവർത്തയതീഹ യഃ

അഘായുരിന്ദ്രിയാരാമോ മോഘം പാർത്ഥ സ ജീവതി

ഇപ്രകാരം പ്രവർത്തിക്കുന്ന ധർമ്മചക്രത്തെ ഏതൊരുവൻ ഇവിടെ സ്വീകരിക്കുന്നില്ലയോ, (അനുവർത്തിക്കുന്നില്ലയോ) അവൻ പാപായുസ്സുംഇന്ദ്രിയാരാമനുമായി, നിഷ്ഫലമായി ജീവിക്കുന്നു. പ്രപഞ്ചത്തിന്റെ ഋതുതെറ്റാത്ത സഞ്ചാരചക്രത്തെ അനുവർത്തിക്കുകയാണ് ഗൃഹസ്ഥൻ ചെയ്യുന്നത്. അതിനെ അനുവർത്തിക്കാതെ ഇന്ദ്രിയസുഖങ്ങൾക്കായി മാത്രം കർമ്മങ്ങൾ ചെയ്യുന്നവൻ ജീവിച്ചിരുന്നിട്ട് യാതൊരു പ്രയോജനവുമില്ല. അയാൾ വെറുതെ ആയുസ്സ് പാഴാക്കുകയാണ്. ഈശ്വരപ്രവർത്തിതവും വേദയജ്ഞപൂർവ്വകവും ആയ ജഗച്ചക്രം എന്ന ധർമ്മചക്രം

മനുഷ്യനും അനുവർത്തിക്കണം,എങ്കിലേ ഭൂമി സസ്യജലസമ്പൂർണ്ണമായി വാസയോഗ്യമായി സ്വർഗ്ഗസമമാവുകയുള്ളു. ഒന്നും ചെയ്യാതിരിക്കുന്നതും സ്വാർത്ഥകർമ്മം മാത്രം ചെയ്യുന്നതും ഭൂമിക്ക് എത്രമാത്രം ആപത്കരമാണെന്ന് കാണുക.

ശ്ലോകം 17.

യസ്ത്വാത്മരതിരേവ സ്യാദാത്മതൃപ്തശ്ച മാനവഃ

ആത്മന്യേവ ച സന്തുഷ്ടസ്തസ്യ കാര്യം ന വിദ്യതേ

അതേ സമയം ഏതൊരുവൻ ആത്മരതിയോടെ ആത്മതൃപ്തനായി ആത്മാവിൽ തുഷ്ടിയോടെ ഇരിക്കുന്നുവോ ആ ആത്മാരാമന് ചെയ്യേണ്ടതായി ഒരു കാര്യവും ബാക്കിയില്ല. മൂന്നുതരം ആളുകളെയാണ് കൃഷ്ണൻ ഈ വരികളിൽ വരച്ചുകാട്ടിയിരിക്കുന്നത്.

1. ആത്മാരാമനായ ജ്ഞാനി
2. ധർമ്മചക്രാനുസൃതം യജ്ഞം ചെയ്യുന്ന ഗൃഹസ്ഥൻ
3. ഇന്ദ്രിയസുഖം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവൻ

ജ്ഞാനം,യജ്ഞം(കർമ്മം), ഭോഗം എന്നിങ്ങനെ ക്രമത്തിലാണ് ഗരിമ. ഈ മൂന്നുതരം ആളുകളേയും ഇന്നും നമുക്ക് പ്രപഞ്ചത്തിൽ കാണാൻ സാധിക്കും. അതിനാൽ ഗീതയുടെ പ്രസക്തി ഇന്നും ഏറിവരികയാണ്. ധർമ്മചക്രപ്രവർത്തനസൂത്രധാരനെന്ന് ബുദ്ധനെ വിളിക്കാറുണ്ട്. ബുദ്ധൻ ക്ഷത്രിയനായി ജനിച്ച് സന്യാസം സ്വീകരിച്ചവനാണ്. അദ്ദേഹത്തിന്റെ ധർമ്മചക്രവും അരങ്ങളും കൃഷ്ണന്റെ ധർമ്മചക്രം പോലെ പഞ്ചമഹായജ്ഞമനുഷ്ഠിക്കുന്ന ഗൃഹസ്ഥരാണ്. വിഷ്ണുവിന്റെ മഹാകാലമഹാസുദർശനചക്രത്തിന്റെ ഋതം ഒരിക്കലും തെറ്റാറില്ല.

ശ്ലോകം 18

നൈവ തസ്യ കൃതേനാർത്ഥോ നാകൃതേനേഹ കശ്ചന

ന ചാസ്യ സർവ്വഭൂതേഷു കശ്ചിദർത്ഥവ്യപാശ്രയഃ

ഇവിടെ ചെയ്യപ്പെട്ട കർമ്മം കൊണ്ട് ജ്ഞാനിക്ക് യാതൊന്നും നേടേണ്ടതായിട്ടില്ല. അവന് സർവ്വഭൂതങ്ങളിൽനിന്ന് പ്രതിഫലരൂപേണ യാതൊന്നും ലഭിക്കാനുമില്ല. യാതൊന്നും ലഭിക്കാനില്ലാതെയും പ്രയോജനരഹിതമെന്ന് മറ്റുള്ളവർക്ക് തോന്നുന്ന കർമ്മങ്ങളാണ് ആത്മാരാമന്മാർ ഏറ്റെടുക്കുന്നത്.ഞാൻ അടുക്കളയിൽ പാചകം ചെയ്യുന്നു, പഥോളജിയിൽ സ്ലൈഡ് റിപ്പോർട്ട് ചെയ്യുന്നു,കുട്ടികൾക്ക് ക്ലാസ് എടുക്കുന്നു. ഇതെല്ലാം എനിക്കും മറ്റുള്ളവർക്കും പ്രയോജനമുള്ള കാര്യങ്ങളാണ്. പാചകം ചെയ്യുന്ന വീട്ടമ്മ വീട്ടുകാരിൽനിന്ന് നന്ദിയും സ്നേഹവും പ്രതീക്ഷിക്കുന്നുണ്ട്. പഥോളജിയിൽ ജോലി ചെയ്യുന്ന ഞാൻ മാസാവസാനം സർക്കാരിൽനിന്ന് ശമ്പളം പ്രതീക്ഷിക്കുന്നുണ്ട്. ഭഗവദ്ഗീതക്ക് വ്യാഖ്യാനം എഴുതുമ്പോളോ. കാണുന്നവർക്ക് പ്രയോജനരഹിതമെന്ന് തോന്നുന്ന ഈ ഭാരിച്ച പണി എന്തിനാണ് ഏറ്റെടുത്തത്. എന്താണെന്നെ മുന്നോട്ട് നയിക്കുന്നത്. പ്രശസ്തിക്കുള്ള ആഗ്രഹമായിരുന്നെങ്കിൽ കഥയോ കവിതയോ എഴുതി ആനുകൂലികങ്ങൾക്ക് അയച്ചാൽ പോരേ.

കവിസമ്മേളനങ്ങലിൽ കവിത വായിച്ചാൽ പോരേ. അപ്പോൾ അതല്ല, തീർച്ച. മനുഷ്യൻ ഇത്തരം കർമ്മങ്ങൾ ഏറ്റെടുക്കുന്നതിന് ഒരു ഉൾവിളി വേണം. ജ്ഞാനജിജ്ഞാസ വേണം.

ആളുകൾ പല തരക്കാരാണ്. ചിലർ പറയുന്നു, ആത്മീയതയും ആശയവാദവും ഉദരപൂരണത്തിനും സൽപ്പേരിനുമായി കാട്ടിക്കൂട്ടുന്ന വിദ്യകളാണെന്ന്. ഭൌതികസുഖം വർദ്ധിപ്പിക്കുന്നതു മാത്രമാണ് ധർമ്മമെന്ന് കരുതുന്നവരുമുണ്ട്. ചാർവ്വാകൻ, ജാബാലി, കണികനെന്നിവരുടെ പിൻതലമുറക്കാർ. ഇവരുടെ മതം ഋണം കൃത്വാ ഘൃതം പിബേൽ എന്നാണ്. ഇവരെ സ്വാർത്ഥസുഖവാദികളെന്ന് വിളിക്കാം. രണ്ടാമതൊരു കൂട്ടരുണ്ട്. ഭൌതികസുഖങ്ങളാണ് പ്രധാനം,പക്ഷേ അയൽക്കാരുടെ സ്വത്തിൽ കൈവെച്ചാൽ അയാൾ തന്റെ സ്വത്തും അപഹരിക്കും എന്ന് ഭയമുണ്ട്. തന്റെ സുഖം നഷ്ടമാവുമെന്ന ഭയമാണത്. ഇങ്ങനെ ഭയം കൊണ്ട് ധർമ്മിഷ്ഠരാവുന്നവരെ ദൂരദർശികളായ സ്വാർത്ഥികളെന്ന് ഇംഗ്ലണ്ടിൽ ഹോബ്സും ഫ്രാൻസിൽ ഹെൽവേഷ്യസ്സും വിളിച്ചിട്ടുണ്ട്. അമ്മ കുട്ടിക്ക് മുലപ്പാൽ കൊടുക്കുന്നത്പോലും, പാൽനിറഞ്ഞ് വീങ്ങിയാൽ തനിക്ക് വേദനിക്കുമെന്ന് വിചാരിച്ചിട്ടാണ് ഹോബ്സിന്റെ അഭിപ്രായത്തിൽ. എന്തൊരബദ്ധജടിലമായ ധാരണ. അതുമാത്രമേപ്രശ്നമുള്ളു എങ്കിൽ പാൽ കറന്നുകളഞ്ഞാൽ മതിയാകുമല്ലോ. വാത്സല്യവും കാരുണ്യവും പ്രേമവും കലർന്ന മധുമധുരമായ ഒരനുഭൂതിയുടെ ഭാവന ഒരിക്കലും ഒരമ്മയായിട്ടില്ലാത്ത ഹോബ്സിനെപ്പോലുള്ളവർക്ക് എങ്ങനെ മനസ്സിലാവും.

Sermons on human Nature എന്ന ഗ്രന്ഥത്തിൽ ബട്ലർ, ഹോബ്സിന്റെ ന്യായം ശരിയല്ലെന്ന് സ്ഥാപിച്ചിട്ടുണ്ട്. കാരുണ്യവും സ്നേഹവും മനുഷ്യനിൽ നിർല്ലീനമായി കിടക്കുന്ന സഹജസ്വഭാവങ്ങളാണെന്ന് അദ്ദേഹംപറഞ്ഞു. ഇന്ത്യയിൽ യാജ്ഞവൽക്ക്യൻ,സ്വാർത്ഥപരത ഇല്ലാത്ത സ്നേഹം കണ്ടെത്താൻ വിഷമമാണെന്ന് സമ്മതിച്ചിട്ടുണ്ട്. എങ്കിലും,അദ്ദേഹം സ്വ എന്ന പദത്തെ അടിസ്ഥാനമാക്കി, അദ്ധ്യാത്മദൃഷ്ടിയാൽ എന്റെ ആത്മാവിൽ സർവ്വഭൂതങ്ങളും , സർവ്വഭൂതങ്ങളിലും എന്റെ ആത്മാവും സ്ഥിതി ചെയ്യുന്നു എന്ന് പരസ്പരസന്നിവേശം കൊണ്ട് ഒരാൾക്ക് സ്വാർത്ഥം, പരാർത്ഥം എന്ന് ഭേദമില്ലാത്ത അവസ്ഥ സംജാതമാകുന്നു എന്ന് സമർത്ഥിക്കുന്നുണ്ട്. യാജ്ഞവൽക്ക്യൻ പറയുന്ന ആത്മസുഖപരമായ ഈ സ്നേഹവാത്സല്യങ്ങൾ ഹോബ്സും മറ്റും പറയുന്ന ആത്മസുഖാർത്ഥമായ പ്രവൃത്തികളിൽനിന്ന് കടകവിരുദ്ധമാണ്. ബട്ലറുടെ യുക്തിയോടാണ് ഈ ജ്ഞാനിയുടെ മാർഗ്ഗത്തിന് കൂടുതൽ അടുപ്പം.

മൂന്നാമത്തെ കൂട്ടർ ഉഭയവാദികളായ ജ്ഞാനദീപ്തസ്വാർത്ഥികളാണ്. ഇവർ സ്വന്തം സുഖത്തെ അലക്ൽ്യമാക്കാതെത്തന്നെ ലോകഹിതം ചെയ്യുന്നു. ധനം സമ്പാദിക്കുന്നു. ലോകഹിതത്തിനായി ദാനധർമ്മങ്ങൾ ചെയ്ത് സമൂഹത്തെ സേവിക്കുന്നു. അതോടൊപ്പം സുഖജീവിതം നയിക്കുന്നു. സിഡ്ജിവിക്ക് ഇതിനെ Enlightened self interest എന്ന് വിളിക്കുന്നു. ബെന്താമും മില്ലും common sense morality എന്നും. ഉന്നതാദർശത്തിനായി സർവ്വസ്വവും ബലികഴിക്കാൻ തയ്യാറാകാതെയും , സ്വാർത്ഥം മുഴുവ

നായി ഉപേക്ഷിക്കാതെയും പരാർത്ഥം ദാനാദികൾ ചെയ്യുന്ന സാധാര ണജനങ്ങളെന്നാണ് ഭർതൃഹരി ഇവരെ വിളിച്ചത്.

ഏകേസത്പുരുഷാഃ പരാർത്ഥഘടകാഃസ്വാർത്ഥാൻ പരിത്യജ്യയേ

സാമാന്യാസ്തു പരാർത്ഥമുദ്യമവതഃസാർത്ഥാ വിരോധേനയേ

ഇവരിൽനിന്നെല്ലാം വ്യത്യസ്തരാണ് എപ്പോഴും ചിത്തം പ്രസന്നമായി, സർവ്വഭൂതങ്ങളിലും ഈശ്വരനെത്തന്നെ കണ്ട് ആത്മാരാമന്മാരായി ഇരിക്കുന്ന അദ്വൈതികളുടെ അവസ്ഥ. ചിത്തം പ്രസന്നമാവാൻ 4 ഭാവങ്ങൾ വേണം.

മൈത്രീ ,കരുണാ,മുദിതോ,പേക്ഷാണാം
സുഖദുഃഖപുണ്യാപുണ്യാവിഷയാണാം ഭാവനാശ്ചിത്തപ്രസാദനം.

ഇവ ഉള്ളവന് തന്റെ കർമ്മം കൊണ്ട് ഈ ഭൂമിയിൽ ഒരു പ്രതിഫല വും ലഭിക്കാനില്ല. ഇത്തരം ആളുകളെക്കുറിച്ചാണ് ഈ ശ്ലോകം പ്രതി പാദിക്കുന്നത്. ആത്മജ്ഞാനനിഷ്ഠ എന്ന യോഗ്യതാപ്രാപ്തി,പിന്നീട് കർമ്മയോഗാനുഷ്ഠാനത്തിനുള്ള അറിവ് ഇവ ഉള്ളവരാണ് ഏറ്റവും നല്ല കർമ്മം ചെയ്യുന്നത്. അവരാണ് സമൂഹത്തിനും രാഷ്ട്രത്തിനും ലോകത്തിനു മുഴുവനും നന്മ ചെയ്യുന്നവർ.

ശ്ലോകം 19

തസ്മാദസക്തഃസതതം കാര്യം കർമ്മ സമാചര

അസക്തോഹ്യാചരൻ കർമ്മ പരമാപ്നോതി പൂരുഷഃ

അസക്തനായി, എപ്പോഴും കാര്യകർമ്മങ്ങളെ ആചരിക്കുക. കാരണം, അസക്തനും കർമ്മങ്ങളെ ആചരിക്കുന്നവനുമായ പുരുഷനാണ് പരംപ ദം പ്രാപിക്കുന്നത്. ജ്ഞാനിക്ക് പരമപദം ബ്രഹ്മപദമാണ്, ഭക്തന് ഭഗവ ദ്പാദവും. രണ്ടും ഒന്നാണെന്ന് അറിയുക. അർജ്ജുനൻ യുദ്ധം ഉൽപ്പെ ടെയുള്ള തന്റെ കാര്യകർമ്മങ്ങളെ അനാസക്തനായി ചെയ്തുകൊണ്ട് പരമപദം പ്രാപിക്കണമെന്നാണ് കൃഷ്ണന്റെ ഇഛ.

ശ്ലോകം 20

കർമ്മണൈവ ഹി സംസിദ്ധിമാസ്ഥിതാ ജനകാദയഃ

ലോകസംഗ്രഹമേവാപി സംപശ്യൻ കർത്തുമർഹസി

ജനകാദികൾ കർമ്മം കൊണ്ടുതന്നെ സംസിദ്ധിയിൽ എത്തിച്ചേർന്നു. ലോകസംഗ്രഹത്തെത്തന്നെ എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് കർമ്മം ചെയ്യാൻ നീ അർഹത നേടിയിരിക്കുന്നു. ആത്മസാക്ഷാത്കാരം നേടിയ ജനകൻ മുതലായ രാജർഷിമാർക്ക് യാതൊരു കർത്തവ്യവും ബാക്കിയി ല്ലായിരുന്നു. എങ്കിലും ജനങ്ങൾക്ക് മാതൃക കാട്ടിക്കൊണ്ട് അദ്ദേഹം ഗൃഹസ്ഥൻ,ഭരണാധികാരി എന്നീ നിലകളിൽ യഥാവിധി പ്രവർത്തിച്ചു പോന്നു. ഒരിക്കൽ ധർമ്മയുദ്ധം ചെയ്തിട്ടുമുണ്ട്. അർജ്ജുനൻ ജനകനെ പ്പോലെ രാജർഷിയാവണം. കർമ്മഭീരുത്വം അദ്ദേഹത്തിനുണ്ടാവരുത്. സ്വന്തം ഇഷ്ടാനിഷ്ടങ്ങളല്ല, ലോകസംഗ്രഹമാണ് ഭരണാധികാരി എന്ന

നിലയിൽ ക്ഷത്രിയനായ അർജ്ജുനൻ എപ്പോഴും മനസ്സിൽ കാണേണ്ടത്. അങ്ങനെയല്ലാതെ വന്നാൽ ലോകത്തിന് ഒരു ദുഷിച്ച മാതൃകയാവും അർജ്ജുനൻ കാട്ടുന്നത്. കീർത്തി ലഭിക്കുക എന്ന മഹത്തായ ഇഛയിൽനിന്ന് മാതൃക കാട്ടുക എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് അർജ്ജുനനെ മെല്ലെ മുന്നോട്ട് കൃഷ്ണൻ കൊണ്ടുവരുന്നു.ലോകസംഗ്രഹം ലോകം മുഴുവനും സുഖമായിരിക്കട്ടെ എന്ന ഭാരതത്തിന്റെ ആദർശം തന്നെ. It refers to human interest of welfare in a globally comprehensive sense എന്ന് നടരാജഗുരു.

ശ്ലോകം 21

യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ

സ യത്പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ

ശ്രേഷ്ഠന്മാർ എന്തിനെ ആചരിക്കുന്നുവോ അതുതന്നെ മറ്റു ജനങ്ങളും ആചരിക്കുന്നു. അദ്ദേഹത്തിന്റെ പ്രമാണം എന്തോ അതുതന്നെ ലോകവും അനുവർത്തിക്കുന്നു. അതിനാൽ ശ്രേഷ്ഠമായ ഒരു മാതൃക ലോകത്തിനു നൽകുവാൻ കൃഷ്ണൻ അർജ്ജുനനോട് പറയുന്നു. സ്വയം പഠിക്കാത്തതും ചെയ്യാത്തതും മറ്റുള്ളവരെ പഠിപ്പിക്കാൻ ആർക്കും അവകാശമില്ല. അതിനാൽ അടുത്ത സ്ലോകത്തിൽ കൃഷ്ണൻ തന്നെത്തന്നെ ഉദാഹരിക്കുന്നു.

ശ്ലോകം 22

ന മേ പാർത്ഥാസ്തി കർത്തവ്യം ത്രിഷുലോകേഷു കിഞ്ചന

നാനാവാപ്തമവാപ്തവ്യം വർത്ത ഏവ ച കർമ്മണി

പാർത്ഥാ, നീ എന്നെ നോക്കു. എനിക്ക് ചെയ്യാനുള്ളതായി ഈ ത്രിലോകത്തിലും ഒന്നുമില്ല, ഇനി കിട്ടേണ്ടതായും ഒന്നുമില്ല. എന്നിട്ടും ഞാൻ സദാ ജാഗരൂകനായി കർമ്മം ചെയ്യുന്നതു കണ്ടില്ലേ. (സാരഥ്യം ഒരു കർമ്മമാണല്ലോ) ശിഷ്യനോട് നീ മറ്റുള്ളവർക്ക് മാതൃകയാവൂ എന്ന് പറഞ്ഞ ഉടനെ ഗുരു താൻ എപ്രകാരം മാതൃകയായിരിക്കുന്നു എന്നും ചൂണ്ടിക്കാട്ടുന്നു.

ശ്ലോകം 23

യദ്ഹ്യഹം ന വർത്തേയം ജാതുകർമ്മണ്യതന്ദ്രിതഃ

മമ വർത്മാനുവർത്തന്തേ മനുഷ്യാഃപാർത്ഥ സർവ്വശഃ

അലസത കൂടാതെ ഞാൻ കർമ്മം ചെയ്തുകൊണ്ടേ ഇരുന്നില്ലെങ്കിൽ മനുഷ്യർ സർവ്വവിധേനയും എന്റെ ആ മാർഗ്ഗത്തെ (അലസതയെ) അനുവർത്തിച്ചുകളയും. മനു,്യർ അലസരാകരുത്. വീൺവാദം മുഴക്കി,പണ്ഡിതരെപ്പോലെ സംസാരിച്ച്, ഗൃഹസ്ഥന്റേയും പൌരന്റേയും കർമ്മങ്ങൾ ആചരിക്കാതിരിക്കരുത്. അതിനായി ഉത്കൃഷ്ടമായ മാതൃക സൃഷ്ടിച്ച വ്യക്തിയാണ് കൃഷ്ണൻ. തനിക്ക് ഒന്നും ആവശ്യമില്ലെങ്കിലും അദ്ദേഹം കർമ്മം ചെയ്തുകൊണ്ടിരിക്കുന്നു. കുരുക്ഷേത്രയുദ്ധത്തിൽത്തന്നെ അദ്ദേഹത്തിന്റെ പങ്ക് അതിനു സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

ശ്ലോകം 24

ഉത്സീദേയുരിമേ ലോകാ ന കുര്യാം കർമ്മചേദഹം

സംകരസ്യ ച കർത്താ സ്യാമുപഹന്യാമിമാഃപ്രജാഃ

ഞാൻ കർമ്മം ചെയ്തില്ലെങ്കിൽ ഈ ലോകങ്ങളെല്ലാം നശിച്ചുപോകും. ഞാൻ വർണ്ണസങ്കരത്തിനു കർത്താവായിത്തീരും. ഈ പ്രജകളെയെല്ലാം ഞാൻ നശിപ്പിക്കും. ഗീതയുടെ ആദ്യത്തിൽ അർജ്ജുനൻ പറഞ്ഞു, താൻ യുദ്ധം ചെയതാൽ വർണ്ണസങ്കരമുണ്ടാവുമെന്ന്. ഇവിടെ കൃഷ്ണൻ അതിനെ തിരുത്തുന്നു. ആളുകൾ സ്വന്തം കർമ്മം ചെയ്തില്ല്കിലാണ് തക്ക മാതൃകകളെ കണ്ടെത്താനാവാതെ കുട്ടികൾ അനാശാസ്യകർമ്മങ്ങളിലേർപ്പെട്ട് വർണ്ണസങ്കരം വരുന്നത്. ഭരണാധികാരി കർമ്മനിർവ്വഹണം ചെയ്യാതിരുന്നാലാണ് പ്രജകൾക്കിടയിൽ ആലസ്യവും കർമ്മനാശവും വന്ന് രാഷ്ട്രം നശിച്ചുപോകുന്നത്. നാടും വീടും കർമ്മനാശവും വർണ്ണസങ്കരവും വന്ന് നശിച്ചുപോകാതിരിക്കാൻ ഓരോ ഗൃഹസ്ഥനും ഓരോ ഭരണാധികാരിയും അവനവന്റേതായ കർമ്മം ചെയ്തേ മതിയാവു. ഇന്നത്തെ ഭാരതത്തിന്റെ അന്തരിക്ഷത്തിലും ഈ വാക്കുകളുടെ പ്രസക്തി എത്രയെന്ന് എടുത്തുപറഞ്ഞാൽ തീരില്ല.

ശ്ലോകം25.

സക്താഃകർമ്മണ്യവിദ്വാംസോ യഥാ കുർവ്വന്തി ഭാരത

കുര്യാദ്വിദ്വാംസ്തഥാസക്തശ്ചികീർഷുർലോകസംഗ്രഹം

ഹേ,ഭാരതാ,വിദ്വാന്മാരല്ലാത്ത അജ്ർ◌ാനികൾ കർമ്മത്തിൽ സക്തരായി കർമ്മം ചെയ്യുന്നു. ജ്ഞാനി അസക്തനായി ലോകസംഗ്രഹത്തെ ഉദ്ദേ ശിച്ചും കർമ്മം ചെയ്യുന്നു. രണ്ടുപേരും ചെയ്യുന്നത് കർമ്മം തന്നെയാ ണ്. പക്ഷേ എന്തൊരന്തരം. ജ്ഞാനമാണ് ഉത്തമമെങ്കിൽ, ഘോരമായ യുദ്ധകർമ്മം ചെയ്യാൻ അങ്ങ് എന്തിനെന്നെ പ്രേരിപ്പിക്കുന്നു എന്ന ചോദ്യത്തിനുത്തരമായാണ് ഇത് പറയുന്നത്. ജ്ഞാനത്തോടുകൂടി, അസ്തനായി, ലോകസംഗ്രഹത്തിനായി, മാത്രം കർമ്മം ചെയ്യാനാണ് ഉപദേശം.

ശ്ലോകം 26

ന ബുദ്ദിഭേദം ജനയേദജ്ഞാനം കർമ്മസംഗിനാം

ജോഷയേത് സർവ്വകർമ്മാണി വിദ്വാൻ യുക്തസമാചരൻ

അജ്ഞാനികളും കർമ്മസംഗികളുമായ ജനങ്ങൾക്ക് ബുദ്ധിഭേദം(ആശയ ക്കുഴപ്പം)ഒരിക്കലും വിദ്വാൻ വരുത്തിവെക്കരുത്. സർവ്വകർമ്മങ്ങളേ യും യുക്തം പോലെ ആചരിച്ച് മാതൃകകാട്ടി അവരെക്കൊണ്ട് അത് ചെയ്യിക്കണം. പറയുന്നതൊന്ന്,ചെയ്യുന്നതൊന്ന് എന്നാമ് ഗുരുവിന്റെ നിലയെങ്കിൽ ശിഷ്യനും അതുതന്നെ ചെയ്യും. ആശാനൊന്നു പിഴച്ചാൽ 51 ആണ്ശിഷ്യനു പിഴക്കുക. മാതാപിതാക്കൾ മാതൃക കാട്ടിയില്ലെങ്കിൽ കുഞ്ഞുങ്ങൾ പിഴച്ചുപോകും. ഓരോ മുതിർന്ന വ്യക്തിക്കും ചുമതല യുണ്ട്, തന്റെ പിന്നാലെ വരുന്നവർക്ക് മാതൃകയായി പ്രവർത്തിക്കാൻ.

ഈ ബോധം കൂടാതെ തന്നിഷ്ടം നോക്കി തിന്നും കുടിച്ചും രമിച്ചും നടക്കുന്ന മുതിർന്നവർ അജ്ഞാനികളാണ്. അവരുടെ കർമ്മം എത്ര വലിയ ദോഷമാണ് വരുത്തിവെക്കുന്നതെന്ന് അവരറിയുന്നില്ല.

ശ്ലോകം 27

പ്രകൃതൈഃക്രിയമാണാനി ഗുണൈഃകർമ്മാണി സർവ്വശഃ

അഹംകാരവിമൂഢാത്മാ കർത്താഹമിതി മന്യതേ

പ്രകൃതിയുടെ ഗുണങ്ങളാലാണ് സർവ്വ കർമ്മങ്ങളും ചെയ്യപ്പെടുന്നത്. അഹങ്കാരം കൊണ്ട് വിമൂഢാത്മാക്കളായ മനുഷ്യർ അതുഞാൻ ചെ യ്തു, എന്ന് ധരിക്കുന്നു. സത്വരജസ്തമോഗുണങ്ങലാണ് കർമ്മത്തിനു കാരണം. പ്രകൃതിക്കനുസൃതമായി ഓരോരുത്തരും കർമ്മം ചെയ്യുന്നു. ഉത്തരത്തിൽ പറ്റിപ്പിടിച്ച ഗൌളി ഉത്തരം താങ്ങുന്നു എന്നു വിചാരി ക്കുന്ന പോലെയാണ് ജനങ്ങൾ ഞാനതു ചെയ്തു, ഇതുചെയ്തു എന്ന് അഹങ്കരിക്കുന്നത്. മനസ്സിന് സാത്വികം,രാജസം,താമസം എന്ന് മൂന്നുവി ധ വാസനകളുണ്ട്. അവയിൽനിന്ന് പരലുകളായി ഉരുത്തിരിയുന്നവയാ ണ് (ക്രിസ്റ്റലൈസേഷൻ അഥവാ അർക്കീകരണം)കർമ്മങ്ങൾ . അവമേ ൽ ആർക്കും അധികാരമില്ല. അവ പ്രകൃതിഗുണമത്രേ. ഇതു മനസ്സി ലാക്കിയാൽ കർമ്മഫലത്തിലുള്ള ആസക്തി ശമിക്കും.

ശ്ലോകം 28

തത്വവിത്തുമഹാബാഹോ ഗുണകർമ്മവിഭാഗയോഃ

ഗുണാഗുണേഷു വർത്തന്ത ഇതി മത്വാ ന സജ്ജതേ

ഗുണകർമ്മവിഭാഗം ഗ്രഹിച്ചവനായ തത്വവിത്ത്ഗുണങ്ങൾ(ഇന്ദ്രിയങ്ങൾ) ഗുണങ്ങളിൽ(വിഷയങ്ങളില്) വർത്തിക്കുകയാണെന്നറിഞ്ഞ് കർമ്മത്തിലോ കർമ്മഫലത്തിലോ സക്തനാകുന്നില്ല. കളിക്കാരൻ കളിയുടെ തത്വവും നിയ മവും അറിഞ്ഞ് ,ജയാപജയത്തിൽ ആസക്തി കൂടാതെ ലീലയിലുള്ള രസം ഒന്നുകൊണ്ടുമാത്രം കളിക്കുന്നതുപോലെയാണ് ജ്ഞാനിയുടെ കർമ്മവ്യാപാ രം. True sportsman spirit എന്നു പറയാം. ഞാനാണിത് ചെയ്തതെന്ന് അഹങ്കരി ക്കാത്ത കാലത്തോളം അയാൾ സുരക്ഷിതനാണ്. അനാസക്തനാണ്. സൂര്യ കിരണങ്ങളാലാണ് ഭൂമിയിലെ ജീവിതം നടന്നുപോകുന്നത്. എന്നാൽ,ആ ഭാവം സൂര്യനില്ല. ഭൂമിയിലെ ജീവിതം സൂര്യനെ ബാധിക്കുന്നുമില്ല. ഇതാ ണ് ജ്ഞാനിയുടെ അവസ്ഥ. ഗുണം ഗുണത്തിൽ വർത്തിക്കുന്നതു തന്നെയാ ണ് ചാതുർവര്ണ്ണ്യത്തിനാസ്പദമായ സ്വഭാവങ്ങളുടേയും ക്രിയകളുടേയും കാരണം എന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ശ്ലോകം 29

പ്രകൃതേർഗുണസമ്മൂഢാഃ സജ്ജന്തേ ഗുണകർമ്മസു

താനകൃത്സ്നവിദോ മന്ദാൻ കൃത്സന്നവിന്ന വിചാലയേത്

പ്രകൃതിയുടെ ഗുണങ്ങളാൽ മൂഢനായിത്തീർന്നവൻ ഗുണകർമ്മങ്ങളിൽ ആസക്തനാകുന്നു. അജ്ഞാനികളായ ആ മന്ദന്മാരെ ജ്ഞാനി വിചലിപ്പിക്കരുത്. സ്ഥൂലമായ ഭൌതികതയിൽ മുങ്ങിക്കുളിച്ച് താമസികഗുണങ്ങളാൽ ആസക്തനായ മന്ദനോട് ജ്ഞാനി ഉപദേശത്തിനു നിൽക്കരുത്. അവരുടെ അഭിപ്രായങ്ങളെ കേട്ടു എന്ന് നടിക്കുകയുമരുത്. അത് വെറുതെ സമയവും ഊർജ്ജവും നഷ്ടമാക്കലാണ്. ഇതിന്നൊരുദാഹരണമുണ്ട് മണിമേഖലാകാവ്യത്തിൽ. കേരളത്തിലെ പ്രമാണവാദി ,ശൈവവാദി, ബ്രഹ്മവാദി, ആജീവകർ,നിർഗ്രന്ഥവാദി, സാംഖ്യകാരൻ, വൈശേഷികൻ മുതലായ പ്രമുഖദാർശനികരെ സന്ദർശിച്ച് അവരുടെ ദർശനങ്ങൾ ഗ്രഹിച്ചശേഷം ,ഒടുവിൽ മണിമേഖല ഭൂതവാദിയുടെ അടുത്തും ചെന്നു. ഭൂതവാദി തികഞ്ഞ ഭൌതികവാദിയാണ്.കണ്ണുകൊണ്ട് കണ്ട പ്രത്യക്ഷമല്ലാതെ, മറ്റു പ്രമാണങ്ങളൊന്നും സ്വീകരിക്കാത്തവനാണ്. ഈ മനുഷ്യജന്മവും ഇതിൽ ലഭിക്കുന്ന ആനന്ദങ്ങളുമല്ലാതെ, മറ്റൊന്നിലും നോട്ടമില്ലാത്തവനാണ്. പുനർജന്മത്തിൽ വിശ്വസിക്കുന്നില്ല. അതുകേട്ട മണിമേഖല ചിന്തിച്ചു:-ഇയാൾ പറയുന്നത് ശരിയല്ല.എങ്കിലും ഇയാളോട് എതിർത്ത് സമയം കളയേണ്ട. മുൻജന്മമുണ്ടെങ്കിൽ എന്തുകൊണ്ട് അതിലെ സംഭവങ്ങൾ ഓർമ്മ വരുന്നില്ലാ എന്നാണ് ഇയാള് ചോദിക്കുന്നത്. ആ ചോദ്യം കേട്ട് അവൾ അകമേ ചിരിച്ചു. തന്റെ മുജ്ജന്മസംഭവങ്ങൾ താനറിഞ്ഞിരിക്കയാൽ അത് അവനോടു പറഞ്ഞു. തൈവമയക്കിനും കനാവൂറു തിറത്തിനും മൈയലേറുവോർ മനം വേറാം വകൈ അയ്യം അന്റിയില്ലെ എന്നായിരുന്നു പ്രതികരണം. വെളിച്ചപ്പെട്ടിട്ടും നിദ്രാവസ്ഥയിലും ചില ദർശനങ്ങളുണ്ടായി എന്നു പറഞ്ഞ് സത്യം അറിഞ്ഞു എന്നു പറയുന്ന ചിലർ മനസ്സു മാറിയതായി കേൾവിയുണ്ട്. നിന്റെ അനുഭവവും അതുപോലെയാണ് . അതിൽ ഞങ്ങൾക്ക് സംശയമുണ്ട് എന്നു കേട്ട മണിമേഖല വിചാരിച്ചു.യഥാർത്ഥസത്യം ശരീരബോധം തീരെ ഇല്ലാത്ത അവസ്ഥയിലല്ലാതെ എങ്ങനെയാണ് ഗ്രഹിക്കുക. മാതാപിതാക്കൾ ഇന്നയാരെന്ന് അനുമാനം കൊണ്ടല്ലാതെ പ്രത്യക്ഷത്തിൽ കണ്ടവരായി ആരാണുള്ളത്. സത്യം ശരീരബോധമില്ലാത്ത അവസ്ഥയിലേ ഉണരുകയുള്ളു. അത് ഈ വിഡ്ഢിയോടു പറഞ്ഞിട്ട് കാര്യമില്ല. അവൾ തന്റെ ആത്മരൂപത്തെ കാണാതെ ആത്മാവിന്റെ പ്രച്ഛന്നവേഷമായ ശരീരത്തെ മാത്രം കാണുന്ന അയാളുടെ അടുത്തുനിന്ന് വിടവാങ്ങി, തന്റെ സമയവും ഊർജ്ജവും നഷ്ടപ്പെടുത്താതെ ആ ഭൌതികവാദിയോട് വാഗ്വാദത്തിനോ തർക്കത്തിനോ നിൽക്കാതെ, ഒഴിഞ്ഞുമാറി. വിദുഷിയായ മണിമേഖല പ്രവർത്തിച്ചത് കൃഷ്ണന്റെ ഈ ഉപദേശമനുസരിച്ചാണ്.

ശ്ലോകം 30

മയി സർവ്വാണി കർമ്മാമി സന്യസ്യാദ്ധ്യാത്മചേതസാ

നിരാശീർ നിർമ്മമോ ഭൂത്വാ യുദ്ധ്യസ്വ വിഗതജ്വരഃ

സർവ്വകർമ്മങ്ങളേയും എന്നിൽ സന്യസിച്ചിട്ട് അദ്ധ്യാത്മബോധത്തോടെ, ആശകളെ ഉപേക്ഷിച്ച്, മമതാബന്ധം വിട്ടവനായി മനസ്സിലെ പൊള്ളലില്ലാതെ (ചുട്ടുനീറ്റം ഇല്ലാതെ) യുദ്ധം ചെയ്യുക.ഞാനാണിത് ചെയ്യുന്നത് എന്നു കരുതുമ്പോളാണ് അർജ്ജുനന്റെ ഉള്ളം ചുട്ടുനീറുന്നത്. സർവ്വകർമ്മവും താനല്ല ചെയ്യുന്നത്, തനിക്കതീതമായ ഒരു ശക്തിയാണെന്ന് ബോധം വന്നാൽ ആ

നീറ്റം അവസാനിക്കും. സർവ്വകർമ്മവും ഈശ്വരാർപ്പണമായി ചെയ്യേണ്ടതിന്റെ പ്രാധാന്യമാണ് പറയുന്നത്.

ത്രൈലോക്യചൈതന്യമയി ത്രിശക്തേ ശ്രീവിശ്വമാതർ ഭവദാജ്ഞയൈവ

പ്രാതഃസമുത്ഥായ തവ പ്രിയാർത്ഥം സംസാരയാത്രാമനുവർത്തയാമി.

ആർഷജ്ഞാനം ആരംഭിക്കുന്നത് , നാലപ്പാട്ട് ഈ മന്ത്രത്തോടെയാണ്. സൌന്ദര്യലഹരിയിലെ ജപോ ജൽപ്പ എന്ന ശ്ലോകവും ശങ്കരാചാര്യർ ഇതേ സങ്കൽപ്പത്തോടെ രചിച്ചിരിക്കുന്നു. ഈ ശ്ലോകത്തിന്റെ ഭാഷ്യത്തിലും ശങ്കരൻ, മയി വാസുദേവേ പരമേശ്വരേ സർവ്വജ്ഞേ സർവ്വാത്മനേ സർവ്വാണി കർമ്മാണി സന്യസ്യ നിക്ഷിപ്യ അദ്ധ്യാത്മചേതസാ വിവേകബുദ്ധ്യാ അഹം കർത്താ ഈശ്വരായ ഭൃത്യവത് കരോമി ഇത്യനയ ബുദ്ധ്യാ. എന്ന് പറയുന്നുണ്ട്.

ശ്ലോകം 31

യേ മേ മതമിദം നിത്യമനുതിഷ്ഠന്തി മാനവാഃ

ശ്രദ്ധാവന്തോനസൂയന്തോ മുച്യന്തേ തേപി കർമ്മഭിഃ

ഏതു മനുഷ്യനാണോ എന്റെ ഈ മതത്തെ ശ്രദ്ധാവാനായി, അനസൂയനായി, നിത്യം അനുഷ്ഠിക്കുന്നത് അവർ കർമ്മങ്ങളിൽനിന്ന് മുക്തി നേടുന്നു. അർജ്ജുനനു മാത്രമല്ല, സർവ്വ മനുഷ്യർക്കുമുള്ള പ്രായോഗികമതമാണിത്. ഈശ്വരാർപ്പണമായി കർമ്മം ചെയ്യുന്നവർ തനിക്കുവേണ്ടിയല്ല, ഈശ്വരനുവേണ്ടിയാണ് എന്നതുകൊണ്ട് അശ്രദ്ദയോടെ ചെയ്തുകളയരുത്. തികഞ്ഞ ശ്രദ്ധയോടെ ഒട്ടും അസൂയ കലരാത്ത നിർമ്മലമനസ്സോടെ, ചെയ്യണം. മറ്റുള്ളവരേക്കാളും നന്നായി, മത്സരിച്ച് കർമ്മം ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. ചെയ്യുന്ന കർമ്മം അതെന്തായാലും ശ്രദ്ധാപൂർവ്വം മനസ്സുവെച്ച്, പരമാവധി കഴിവുപയോഗിച്ച് ഈശ്വരാർപ്പണമായി ചെയ്യണമെന്നേ പറഞ്ഞിട്ടുള്ളു. ഇതെഴുതുമ്പോൾ ഞാൻ വരാഹമിഹിരാചാര്യനെ ഓർക്കുന്നു. അദ്ദേഹം ഗ്രന്ഥാവസാനം ഈ ഗ്രന്ഥം അനസൂയനായി താനെഴുതുന്നതായി പറയുന്നു.(പഞ്ചസിദ്ധാന്തിക).

ശ്ലോകം 32

യേ ത്വേതദഭ്യസൂയന്തോ നാനുതിഷ്ഠന്തി മേ മതം

സർവ്വജ്ഞാനവിമൂഢാംസ്താൻ വിദ്ധി നഷ്ടാനചേതസഃ

ഈ അഭിപ്രായം മാനിക്കാതെ അസൂയാലുക്കളായി പെരുമാറുന്ന മനുഷ്യരെ ഒരറിവുമില്ലാത്ത മൂഢന്മാരാണെന്നും നഷ്ടചേതസ്സുകളാണെന്നും അറിയുക. ഈയാം പാറ്റകൾ വിളക്കിനു ചുറ്റും പറന്നുനടന്ന് അവസാനം വിളക്കിൽ വീണു ചാവുന്നു. അതുപോലെ ഇന്ദ്രിയസുഖങ്ങൾക്കു പിന്നാലെ ഓടുന്നവരും അസൂയാലുക്കളും മത്സരബുദ്ധികളും അവയെക്കൊണ്ടുതന്നെ നഷ്ടചേതസ്സുകളായി ആരോഗ്യവും ബുദ്ധിയും അറിവും നശിച്ചവരായി തീരുന്നു. ബൈബിളിൽ Ye generation of vipers എന്ന് വിളിക്കുന്നത് ഇത്തരം കാമാസക്തരെയാവാം.

ശ്ലോകം 33

സദൃശം ചേഷ്ടതേ സ്വസ്യാഃപ്രകൃതേർജ്ഞാനവാനപി

പ്രകൃതിം യാന്തി ഭൂതാനി നിഗ്രഹഃ കിം കരിഷ്യതി

ജ്ഞാനികൾപോലും സ്വപ്രകൃതിക്കനുസൃതമായ ചേഷ്ടകൾ ചെയ്തുകൊണ്ടേ ഇരിക്കും. ഭൂതങ്ങൾ(ജീവികൾ)അവയുടെ പ്രകൃതം കാണിക്കുന്നു. അതിനെ അടക്കിയിട്ട് എന്തു കാര്യം. പൂർവ്വകൃതധർമ്മാധർമ്മാദിസംസ്കാരം വ ർത്തമാനജന്മത്തിൽ അഭിവ്യക്തമാകുന്നതാണ് സ്വപ്രകൃതി എന്ന് വിളിക്കു ന്നത്.ജ്ഞാനിയിൽ സത്വഗുണപ്രാധാന്യമുള്ളതുകൊണ്ട് സത്വഗുണചേഷ്ടകൾ കാണിക്കുന്നു. രാജസഗുണപ്രധാനരായ വ്യക്തികൾ ആ ഗുണത്തിനു സദൃ ശമായ രാജസചേഷ്ട കാട്ടുന്നു. ഒരു പ്രത്യേകഗുണത്തിന്റെ സ്വഭാവം എപ്ര കാരം അടക്കിവെക്കും. സൂര്യന്റെ സൂര്യത്വം സൂര്യനിൽനിന്ന് എടുത്തുകള യാനാവുമോ. ജലത്തിന്റെ ജലത്വം ഇല്ലാതാക്കാനാവുമോ. അപ്പോൾപ്പിന്നെ സ്വഭാവജന്യമായ ഗുണങ്ങളെ അടക്കിനിർത്താനും സാദ്ധ്യമല്ല എന്ന് മനസ്സി ലാക്കേണ്ടതല്ലേ. ക്ഷത്രിയൻ രാജസഗുണപ്രധാനിയാണ്. അയാൾക്ക് കർമ്മ ങ്ങളെ ഒഴിവാക്കാനാവില്ല. സത്വഗുണപ്രധാനിയായ ബ്രാഹ്മണനും സാത്വിക കർമ്മങ്ങളെ ചെയ്യാതിരിക്കാനാവില്ല. ഭൌതികവാദി വാക്കും ഒരു ചേഷ്ടയാണ്, അത് ശരീരത്തിന്റെ ചേഷ്ടയാണ് എന്ന് പറയുന്നു. ശബ്ദം പുറത്തേക്ക് പുറപ്പെടുവിക്കാൻ തൊണ്ടയും നാവും വേണം. അതിനാൽ വൈഖരി ശരീരത്തിന്റെ ചേഷ്ടയാണ് എന്ന് പറയാം. പക്ഷേ, പര, പശ്യന്തി, മദ്ധ്യമ മുതലായ വാക്കിന്റെ രൂപങ്ങളൊന്നും തന്നെ ശരീരത്തിന്റെ ചേഷ്ടയല്ല. ചിദാകാശത്തിൽ പെട്ടെന്ന് സ്ഫോടമായി ഉണരുന്ന ചിന്താവിളക്കിനെയാണ് വാക്ക്എന്ന പദം ഉദ്ദേശിക്കുന്നത്. (സംഗകാലതമിഴകത്തും സരസ്വതീക്ഷേത്രങ്ങളെ ചിന്താവിളക്കിന്റെ കലൈനിയമം എന്നാണ് വിളിച്ചിരുന്നത്).

ശരീരബോധം ഒട്ടുമില്ലാത്ത അവസ്ഥയിലാണ് ഏറ്റവും ഉദാത്തമായ വാക്ക് ജനിക്കുന്നത്. ഭാഷയുടെ സഹായം കൂടാതെയും കൈമാറാവുന്ന ആ വാക്ക് ശരീരത്തിന്റേതല്ല,ആത്മാവിന്റേതാണ്. അതിനെയാണ് കവിയും ഋഷിയും അറിയുന്നത്. സാത്വികഗുണപ്രാധാന്യമുള്ളവരുടെ ഉള്ളിൽ ആത്മാവിൽ സ്ഫോടമായി ഉദിക്കുന്ന പരാശക്തിയാണ് ആ വാക്ക്. അതിനെ തടുക്കാൻ ഏതാൾക്കുതന്നെ സാധിക്കില്ല, സ്വഭാവജമാകയാൽ. അതുകൊണ്ടാണ് ഈ അനുഭവത്തെ ജെ. കൃഷ്ണമൂർത്തിയെപ്പോലുള്ളവർ choiceless awareness (തെരഞ്ഞെടുക്കാനാവാത്ത അവബോധം) എന്ന് വിളിച്ചത്.

ശ്ലോകം 34

ഇന്ദ്രിയസ്യേന്ദ്രിയസ്യാർത്ഥേ രാഗദ്വേഷൌ വ്യവസ്ഥിതൌ

തയോർന വശമാഗഛേത് തൌ ഹ്യസ്യ പരിപന്ഥിനൌ

ഇന്ദ്രിയത്തിന് ഇന്ദ്രിയത്തിന്റെ വിഷയത്തിൽ ചില രാഗങ്ങളും ദ്വേഷങ്ങളും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ആ രാഗദ്വേഷങ്ങളുടെ വശത്തെ പ്രാപിക്കരുത്. എന്തുകൊണ്ടെന്നാൽ അവ മാർഗ്ഗതടസ്സങ്ങളാണ്. ജീവിതയാത്രയിലൂടെ ഋജുവായി മുന്നേറുന്ന സാധകൻ ,തന്റെ പാതക്കിരുവശവും തന്നെ പ്രലോഭിപ്പിച്ചുകൊണ്ട് മേവുന്ന രാഗദ്വേഷാദിദ്വന്ദ്വങ്ങളെ മാർഗ്ഗതടസ്സമെന്നറിറ്റ് വർജ്ജിക്കണം. അവയുടെ പിടിയിൽ പെടാതെ

,നേരെ മദ്ധ്യമമാർഗ്ഗത്തിലൂടെ മുന്നേറണം. വശം ചാരരുത്. തയോർ ന വശമാഗഛേത് എന്നത് നാലപ്പാട്ടിന്റെ ഇന്നത്തെ അമ്മയിലെ , നീ വശം ചാരാതെ നേർവഴിയേ പോവുക പോവുക ഒരമ്മതന്നർത്ഥനക്കാവതുണ്ടെങ്കിലോ മംഗളം തേ എന്ന വരികളെ ഓർമ്മയിലെത്തിക്കുന്നു. മക്കളെ നേർവഴിക്ക് നയിക്കുന്ന ഒരമ്മയുടെ മനസ്സ്, പ്രജകളെ നേർവഴി നടത്തുന്ന പ്രജാപതിമനസ്സ് , കുരുക്ഷേത്രമെന്ന ഈ ജീവിതയാത്രയുടെ തേരു തെളിക്കുന്ന സാരഥിയായ എന്റെ ആത്മാവിലെ സർവ്വജ്ഞ്പുരുഷന്റെ മനസ്സ് ഞാനിവിടെ കാണുന്നു.

ശ്ലോകം 35

ശ്രേയാൻസ്വധർമ്മോ വിഗുണഃ പരധർമ്മാത് സ്വനുഷ്ഠിതാത്

സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ

നന്നായി അനുഷ്ഠിച്ച പരധർമ്മത്തേക്കാളും ശ്രേയസ്കരം അൽപ്പമായനുഷ്ഠിച്ച സ്വധർമ്മമാണ്. പരധർമ്മം ഭയജനകമാണ്. സ്വധർമ്മം സ്വന്തം വാസനയനുസരിച്ച് പ്രകൃതിജമായി ലഭിച്ച കർമ്മമാണ്. തത്വചിന്തയിൽ താൽപ്പര്യമുള്ള കുട്ടിയെ ഡോക്ടറും പട്ടാളത്തിൽ ചേരാനാഗ്രഹിക്കുന്ന കുട്ടിയെ കർഷകനും ആക്കിയാൽ അവരതിൽ ശോഭിക്കില്ല. ജനനം കൊണ്ടല്ല പ്രകൃതിദത്തമായ ഗുണം കൊണ്ടാണ് വാസനയും കർമ്മവും കർമ്മം വഴി വർണ്ണാശ്രമധർമ്മവും. സ്വന്തം പ്രകൃതിക്കനുസൃതമല്ലാത്ത ധർമ്മം തെരഞ്ഞെടുക്കുന്നത് (പരധർമ്മം) ഭയാവഹമാണ്. ഇന്ന് മിക്ക മാതാപിതാക്കളും കുട്ടിയെ താന്താങ്ങളുടെ ഇഷ്ടത്തിനു വിടാതെ , വാസനക്കും പ്രകൃതിക്കും വിരുദ്ധമായ കർമ്മങ്ങളിലേക്ക് പ്രേരിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലം സമൂഹത്തിലാകെ ശ്രേയസ്സു കുറയുന്നു എന്നതാണ്. ഭയജനകമായ അവസ്ഥ ഇതുകൊണ്ട് സംഭവിക്കുന്നു. മനസ്സംഘർഷങ്ങൾക്കും മനോരോഗങ്ങൾക്കും ഇത് കാരണമാവുന്നു. ജന്മനാ ഉള്ള അഭിരുചി അറിഞ്ഞ് പ്രവർത്തിക്കുക എന്നതാണ് സന്തോഷത്തോടും സംതൃപ്തിയോടുമുള്ള ശാന്തജീവിതത്തിന് ഏകമാർഗ്ഗം.

ശ്ലോകം 36 അർജ്ജുന ഉവാചഃ-

അഥ കേന പ്രയുക്തോയം പാപം ചരതി പൂരുഷഃ

അനിശ്ചന്നപി വാർഷ്ണേയ ബലാദിവ നിയോജിതഃ

ഹേ, വൃഷ്ണികുലജാതാ, ആരാൽ പ്രടോദിപ്പിക്കപ്പെട്ടിട്ടാണ് മനുഷ്യർ ഇഛിക്കാതിരുന്നിട്ടുപോലും ബലമായി നിയോഗിക്കപ്പെട്ടതുപോലെ പാപത്തിൽ സഞ്ചരിച്ചുപോകുന്നത്. നേർവഴിക്ക് സ്വധർമ്മമാചരിച്ച് ജീവിക്കണമെന്നു തന്നെയാണ് എല്ലാ മനുഷ്യർക്കും ആഗ്രഹം. എന്നിട്ടും തനിക്കതീതമായ ഏതോ ശക്തി ബലാൽക്കാരമായി നിയോഗിച്ചതുപോലെ മനുഷ്യർ പാപമാർഗ്ഗങ്ങളിലേക്ക് തിരിയുന്നത് എന്തുകൊണ്ടാണ്. ഏതാണ്, ആരാണ് ഈ ശക്തി എന്ന് അർജ്ജുനൻ ചോദിക്കുന്നു.

ശ്ലോകം 37 ശ്രീഭഗവാനുവാചഃ

കാമ ഏഷ ക്രോധ ഏഷ രജോഗുണസമുദ്ഭവഃ

മഹാശനോ മഹാപാപ്മാ വിദ്ധ്യനമിഹ വൈരിണം

അവൻ രജോഗുണത്തിൽനിന്ന് ഉത്ഭവിച്ചവനാണ്. തിന്നാലും തിന്നാലും ആർത്തി തീരാത്ത മഹാശനനാണ്. പാപാത്മാവാണ്. അവന് കാമമെന്നും ക്രോധമെന്നും പേരുണ്ട്. അവനാണ് ഇവിടെ ശത്രു. കാമവും അതിൽനിന്നുണ്ടാവുന്ന ക്രോധവുമാണ് മനുഷ്യന്റെ ശത്രുക്കൾ. തെറ്റായ വഴിയിലൂടെ നടത്തുന്നത് ഇവരാണ്. എത്ര തിന്നാലും പശി തീരാത്ത മഹാശനൻ മണിമേഖലയിലെ കായചണ്ഡികയെപ്പോലെയാണ്. അതിന്റെ വിശപ്പു മാറാൻ പ്രകൃതിയെന്ന അമൃതസുരഭിയായ അക്ഷയപാത്രത്തെ പരാശക്തി കയ്യിലേന്തിയിരിക്കുന്നു. ആ കാമധേനുവിന്റെ പാലുകൊണ്ട് അന്നവും അന്നത്താൽ ജീവികളും നിരന്തരം സൃഷ്ടിക്കപ്പെട്ടുകൊണ്ടും ഇരിക്കുന്നു. കാമക്രോധങ്ങളാകുന്ന വിശപ്പു മാറ്റാൻ നിരന്തരം ശരീരങ്ങളെ മാറിമാറി ധരിച്ചുകൊണ്ട് ആത്മാക്കൾ അവതരിച്ചുകൊണ്ടേ ഇരിക്കുന്നു.

ശ്ലോകം 38

ധൂമേനാവ്രിയതേ വഹ്നിർ യഥാദർശോ മലേന ച

യഥോൽബേനാവൃതോ ഗർഭസ്തഥാ തേനേദമാവൃതം

പുകകൊണ്ട് അഗ്നിയും ചളികൊണ്ട് കണ്ണാടിയും മറുപിള്ള എന്ന ചർമ്മം കൊണ്ട് ഗർഭസ്ഥശിശുവും മറക്കപ്പെട്ടിരിക്കുന്നു. കുട്ടിയെ പോഷിപ്പിക്കുന്നതും പശിയാറ്റുന്നതും മറുപിള്ളയാണ്. ആത്മാവ് ശരീരം കൊണ്ട്, കുട്ടി മറുപിള്ളയാലെന്നപോലെ മൂടപ്പെട്ടിരിക്കുകയാണ്. ശരീരകാമങ്ങളാകുന്ന മാലിന്യം ആത്മാവെന്ന കണ്ണാടിയെ മറച്ചിരിക്കുന്നു. അഗ്നിപോലെ തിളങ്ങുന്ന ചൈതന്യരൂപമായ ആത്മാവ്, പുകപോലെയുള്ള ശരീരം കൊണ്ട് മൂടിയിരിക്കുന്നു. മാംസനബദ്ധമായ കാമം ഫ്രോയിഡിന്റെ ലൈംഗികതയായും , സമ്പത്ത്,അധികാരം ,പ്രതാപം,പേരും പെരുമയും നേടാനുള്ള കാമം ആഡ്ലറുടെ power നു വേണ്ടിയുള്ള പ്രയത്നമായും , ആത്മനിബദ്ധമായ ജ്ഞാനദാഹം യുങ്ങിന്റെ മനശ്ശാസ്ത്രമായും നമ്മുടെ ഓരോരുത്തരുടേയും ആത്മാവിനെ പൊതിഞ്ഞിരിക്കുന്നു. ആത്മനിബദ്ധമായ ജ്ഞാനകാമം ഉത്തമമാണ്. സാത്വികമായ ആ വിശപ്പാണ് ഒരാളെ ബ്രാഹ്മണനാക്കുന്നത്. സത്വഗുണമാണ് അയാളുടെ പ്രകൃതി.അധികാരാദികൾക്കുള്ള കാമം രാജസമാണ്. അത് ക്ഷത്തരിയന്റെ വിശപ്പാണ്. മാംസനിബദ്ധമായ കാമം താമസപ്രകൃതികൾക്കുള്ളതാണ്. ഈ മൂന്നുകാമവും അതാതു അനുപാതത്തിലുണ്ട് വൈശ്യനിൽ. സമ്മിശ്രമായ സാത്വികരാജസതാമസങ്ങളാണ് വൈശിക സ്വഭാവം നിശ്ചയിക്കുന്നത്.

ശ്ലോകം 39

ആവൃതം ജ്ഞാനമേതേന ജ്ഞാനിനോ നിത്യവൈരിണാ

കാമരൂപേണ കൌന്തേയ ദുഷ്പൂരേണാനലനേന ച

കൌന്തേയാ, നിറക്കാൻ പ്രയാസമുള്ളതും അഗ്നിസദൃശവും കാമരൂപവും ജ്ഞാനിക്ക് നിത്യവൈരിയുമായ അതിനാൽ ജ്ഞാനം മൂടപ്പെട്ടിരിക്കുന്നു. കാമം പൂർത്തീകരിക്കാൻ വിഷമമാണ്. ഇനിയും വേണം എന്ന ദാഹവും വിശപ്പും തീർക്കാൻ സാദ്ധ്യമാകുന്നില്ല. എത്ര കിട്ടിയാലും വീണ്ടും

പശിയടങ്ങാത്ത കാട്ടുതീ പോലെയാണ് തൃഷ്ണ. താമസികവും രാജസവും സാത്വികവുമായ തൃഷ്ണകൾ ഇക്കാര്യത്തിൽ സമമാണ്. ജ്ഞാനദാഹം തീരാതെ ഒരാൾ ലോകത്തിലുള്ള പുസ്തകങ്ങളും വിജ്ഞാനകോശങ്ങളും മുഴുവനും ബുദ്ധിക്ക് വിഷയമാക്കുന്നു എന്ന് വെക്കുക. അത് സാത്വികകാമമാണ്. എന്നിരുന്നാലും യഥാർത്ഥജ്ഞാനമായ സ്വാനുഭൂതിയിലേക്ക് നയിക്കുന്നതിൽനിന്ന് ഈ അടങ്ങാത്ത വിശപ്പ് തടുത്തുനിർത്തുന്നു. വിദ്യ കൂരിരുട്ടിലേക്ക് നയിക്കുന്നു എന്ന് ഈ വിധം പാണ്ഡിത്യത്തെക്കുറിച്ച് പറയാം. ആത്മാനുഭൂതിയില്ലാത്ത പാണ്ഡിത്യം ജ്ഞാനിയെ വഴിതെറ്റിക്കുന്ന നിത്യവൈരിയാണ്. കാമരൂപമായ ഈ ആവരണം കൊണ്ട് ആത്മജ്ഞാനം പോലും മൂടപ്പെട്ടിരിക്കുന്നുണ്ട്.

ശ്ലോകം 40

ഇന്ദ്രിയാണി മനോബുദ്ധിരസ്യാധിഷ്ഠാനമുച്യതേ

ഏതൈർ വിമോഹയത്യേഷ ജ്ഞാനമാവൃത്യ ദേഹിനം

ഇന്ദ്രിയങ്ങൾ, മനസ്സ്,ബുദ്ധി എന്നിവയാണ് കാമത്തിന്റെ അധിഷ്ഠാനങ്ങൾ. കാമം ഈ അധിഷ്ഠാനങ്ങളാൽ ജ്ഞാനത്തെ മറച്ചുപിടിച്ച് ദേഹികളെ വിമോഹിപ്പിക്കുന്നു.ഇന്ദ്രിയങ്ങൾ താമസികമായ മാംസനിബദ്ധമായ കാമത്തിന്റെ അധിഷ്ഠാനമാണ്. മനസ്സ് രാജസമായ സ്ഥാനമാനാദികൾക്കുള്ള കാമത്തിന്റെ അധിഷ്ഠാനമാണ്. ബുദ്ധി സാത്വികമായ പാണ്ഡിത്യദാഹത്തിന്റെ അധിഷ്ഠാനവുമാണ്. ഇവ ഓരോന്നും ആത്മാവിനെ മൂടിയിരിക്കുന്ന ആവരണങ്ങളാണ്. ഇവകളാൽ ദേഹി (ആത്മാവ്) ഞാൻ ആരെന്നറിയാതെ വിമോഹിതനായിപ്പോകുന്നു.

ശ്ലോകം 41

തസ്മാത് ത്വമിന്ദ്രിയാണ്യാദൌ നിയമ്യ ഭരതർഷഭ

പാപ്മാം പ്രജിഹി ഹ്യേനം ജ്ഞാനവിജ്ഞാനനാശനം

അതിനാൽ, ഹേ, ഭരതർഷഭാ, നീ ഈ ഇന്ദ്രിയാദികളെ അടക്കുക. ജ്ഞാനവിജ്ഞാനനാശനം വരുത്തുന്ന പാപത്തെ (കാമത്തെ) നശിപ്പിക്കുക. ഇന്ദ്രിയം മനസ്സ് ബുദ്ധി എന്നിവയെ അടക്കിയാൽ മാത്രമേ ജ്ഞാനവിജ്ഞാനയോഗം സാദ്ധ്യമാവുകയുള്ളു. വിജ്ഞാനം സ്വാനുഭൂതിയാണ്. സ്വാനുഭൂതിയിലേക്ക് ആത്മാവിനെ നയിക്കുകയാണ് ഭഗവാൻ അതിനു വിലങ്ങുതടിയായി നിൽക്കുന്ന സർവ്വത്തേയും അടക്കുവാനാണ് ഉപദേശം. താരതമ്യപഠനത്തിൽ ഇന്ദ്രിയം,മനസ്സ്, ബുദ്ധി ഇവയേക്കാൾ ശ്രേഷ്ഠവും സമുന്നതവുമാണ് ആത്മാവ്. അതിനാൽ ആത്മാനുഭൂതിയാണ് ആത്മകാമമാണ് കാംക്ഷിക്കേണ്ടത്.

ശ്ലോകം 42

ഇന്ദ്രിയാണി പരാണ്യാഹുരിന്ദ്രിയേഭ്യഃ പരം മനഃ

മനസസ്തു പരാ ബുദ്ധിർയോ ബുദ്ധേഃ പരതസ്തു സഃ

ഇന്ദ്രിയങ്ങൾ ഇന്ദ്രിയവിഷയങ്ങളേക്കാളും ശ്രേഷ്ഠമാണ്. മനസ്സ് ഇന്ദ്രിയങ്ങളേക്കാളും ബുദ്ധി മനസ്സിനേക്കാലും ഉപരിയാണ്. അത് (ആത്മാവ്) ബുദ്ധിയേക്കാളും പരമമാണ്. (ഉപരിയാണ്). കഠോപനിഷത്ത് പറയുന്നു:-

ഇന്ദ്രിയേഭ്യഃപരാഹ്യർത്ഥാഃഅർത്ഥേഭ്യശ്ച പരം മനഃ

മനസസ്തു പരാബുദ്ധിഃബുദ്ധേരാത്മ മഹാൻ പരഃ

മഹതഃപരമവ്യക്തം അവ്യക്താത് പുരുഷഃപരഃ

പുരുഷാന്നപരം കിഞ്ചിത് സാ കാഷ്ഠാ സാ പരാഗതിഃ

ആത്മസാക്ഷാത്കാരത്തിനു വേണ്ടിയുള്ള ധ്യാനത്തെയാണ് ഇവിടെ പ്രകീർത്തിക്കുന്നത്. പാമ്ഡിത്യത്തേക്കാള്, ബുദ്ധിയേക്കാൾ ശ്രേഷ്ഠമാണ് ധ്യാനത്തിലൂടെ ലഭിക്കുന്ന സ്വാനുഭൂതി. സംശയലേശമില്ലാതെ ഗീത ഇത് പറയുന്നു.

ശ്ലോകം 43

ഏവംബുദ്ധേഃപരം ബുദ്ധ്വാ സംസ്തഭ്യാത്മാനമാത്മനാ

ജഹി ശത്രും മഹാബാഹോ കാമരൂപം ദുരാസദം

ഹേ,മഹാബാഹോ,ബുദ്ധിക്കും പരമായതിനെ ബോധിച്ച്, ആത്മാവിനാൽ ആത്മാവിനെ സ്തംഭിപ്പിച്ചുനിർത്തി കാമരൂപവും ജയിക്കാൻ വിഷമവുമായ ശത്രുവിനെ ജയിക്കുക. മഹാബാഹുവായ വീരപരാക്രമിക്ക് ദുരാസദരായ ശത്രുക്കളെ ജയിക്കാൻ പ്രയാസമുണ്ടാവില്ലെന്ന് ഉത്തരാർദ്ധത്തിൽ സൂചനയുണ്ട്. ജയിക്കേണ്ടത് കാമമെന്ന ശത്രുവിനെയാണ്. ബുദ്ധനും യേശുവും ജ്ഞാനമാർജ്ജിക്കുംമുമ്പ് കാമത്തെ ജയിച്ചിട്ടുണ്ട്. കാമത്തെ ജയിക്കാതെ ജ്ഞാനമോ നിർവ്വാണസുഖമോ ലഭിക്കില്ല. സ്വാനുഭൂതിക്ക് വേണ്ട ഒരുക്കം സർവ്വകാമങ്ങളേയും ജയിക്കലാണ്. അർജ്ജുനന് ജയിക്കേണ്ട യുദ്ധം കുരുസൈന്യത്തോടല്ല. സ്വന്തം ഇന്ദ്രിയങ്ങളോടും മനസ്സിനോടും ബുദ്ധിയോടുമാണ്. സ്ഥിതപ്രജ്ഞന്റെ സമാധിയാകുന്ന ബ്രാഹ്മീസ്ഥിത് പ്രാപിക്കുന്നതിന് ഈ യുദ്ധത്തിൽ നിർണ്ണായകവിജയം നേടിയേ മതിയാവൂ. അതിനുള്ള കഴിവും അർഹതയും നിനക്കുണ്ട് എന്ന് മഹാബാഹോ എന്ന സംബോധനയിൽ സ്ഫുരിക്കുന്നു.

അദ്ധ്യായം 4 ജ്ഞാനകർമ്മസന്യാസയോഗം

ഈ അദ്ധ്യായത്തെ നടരാജഗുരു ജ്ഞാനയോഗമെന്നും പണ്ഡിറ്റ് ഗോപാലൻനായര് കർമ്മബ്രഹ്മാർപ്പണയോഗമെന്നും ഭക്തിവേദാന്തസ്വാമിപ്രഭുപാദർ അതീന്ദ്രിയജ്ഞാനമെന്നും വിളിക്കുന്നു.

ശ്ലോകം 1

ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയം

വിവസ്വാൻ മനവേ പ്രാഹ മനുരിക്ഷ്വാകുവബ്രവീത്

അവ്യയമായ ഈ യോഗത്തെ ഞാൻ വിവസ്വാന് ഉപദേശിച്ചു. ജ്ഞാനയോഗം അനാദിയും അനശ്വരവുമാണ്. ബ്രഹ്മത്തിൽനിന്ന് നേരിട്ട് സൂര്യനും , സൂര്യനിൽനിന്ന് മനുവിനും ഇക്ഷ്വാകുവിനും സൂര്യവംശരാജാക്കന്മാർക്കും ഇത് പാരമ്പര്യമായി സിദ്ധിച്ചു. കാലത്തിന്റെ ഇടനാഴിയിലൂടെ കടന്നുപോയ ആ വംശപിതാക്കൾ ഇത് അവരുടെ വംശപരമ്പരകൾക്ക് കൈമാറി. ഓരോ കാലഘട്ടത്തിലും ഈ പരമ്പരാഗതവിജ്ഞാനത്തിന്റെ ചൂട്ടു തെളിക്കുവാനായി ആത്മാക്കൾ അവതരിച്ചുകൊണ്ടേ ഇരിക്കുന്നു. ബ്രഹ്മവിദ്യ ആദ്യം ജനിച്ചത് ക്ഷത്രിയന്മാർക്കിടയിലാണ്. രാജസഗുണത്തിന്റെ പാരമ്യത്തിലാണ് സത്വഗുണത്തിന്റെ ജനനം. ബ്രാഹ്മണന്റെ ജനയിതാവ് ക്ഷത്രിയനാണ്. ജ്ഞാനത്തിൻ ആദിപിതാവ് കർമ്മമാണ്. വേദത്തിന്റെ കണ്ണാണ് സൂര്യൻ. കാലത്തിന്റെ ആത്മാവാണ് സൂര്യൻ. ഗ്രഹാദികളുണ്ടായത് സൂര്യനിൽനിന്നാണ്. അവയുടെയെല്ലാം ചക്രവർത്തിയാണ്, ക്ഷത്രിയനായ, ലോകപാലകനായ, സൂര്യൻ.

യച്ചക്ഷുരേഷ സവിതാസകലഗ്രഹാണാം
രാജാസമസ്തസുരമൂർത്തിരശേഷതേജാഃ

തസ്യാജ്ഞയാ ഭ്രമതിസംഭൃത കാലചക്രോ
ഗോവിന്ദമാദിപുരുഷംതമഹം ഭജാമി

കാലചക്രമെന്ന ധർമ്മചക്രപ്രവർത്തനസൂത്രധാരനായ മഹാവിഷ്ണുവാണ് സൂര്യനാരായണൻ. വേദത്തിലെ ആ സൂര്യനാരായണൻ തന്നെയാണ് താനെന്ന് കൃഷ്ണൻ പറയുകയാണ്. ത്രേതായുഗാരംഭത്തിലാണ് ജ്ഞാനയോഗം ചാക്ഷുഷപ്രത്യക്ഷമായി ,നേരിട്ട് വൈവസ്വതമനുവിന് ലഭിച്ചത്. ഇക്ഷ്വാകുവംശത്തിൽ ശ്രീരാമചന്ദ്രന്റെ ഒരു പിൻഗാമിയായ മൂലകന്റെ വംശത്തിൽ പിറന്ന വ്യക്തിയാണ് ബുദ്ധനെന്നതുകൊണ്ട് അദ്ദേഹത്തിനും ഈ ധർമ്മസൂത്രപ്രവർത്തനകാരിത്വം ലഭിക്കുന്നു. ഋഷഭനെന്ന ആദിതീർത്ഥങ്കരനും ഇക്ഷ്വാകുവംശജനാണ്. അദ്ദേഹത്തിന്റെ പുത്രന്മാരായ നവയോഗികളാണ് ആദ്യം ഭാഗവതധർമ്മം ഉപദേശിച്ചത്. ഗീത ഉപദേശിക്കപ്പെടുന്നതിനു മുമ്പേ ഗീതാസന്ദേശം ഭാരതത്തിലുണ്ടായിരുന്നു എന്ന് ചൂണ്ടിക്കാട്ടുകയാണിവിടെ.

ശ്ലോകം 2

ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ വിദുഃ

സ കാലേനേഹ മഹതാ യോഗോ നഷ്ടഃ പരന്തപ

ഹേ, ശത്രുക്കളെ തപിപ്പിക്കുന്നവനായ ക്ഷത്രിയാ, പരമ്പരാപ്രാപ്തമായ ഇതിനെ രാജർഷിമാരെല്ലാം ഗ്രഹിച്ചിരുന്നു. കാലപ്രവാഹത്തിൽ ഇത് നഷ്ട മായിപ്പോയി. ശത്രുക്കളായ കാമക്രോധങ്ങളേയും ശത്രുരാജാക്കന്മാരേയും തപിപ്പിക്കുന്ന രാജർഷിമാരുടെ പരമ്പരയിലാണ് അർജ്ജുനനും ജനിച്ചത്. പാരമ്പര്യമായ അതീന്ദ്രിയജ്ഞാനത്തെ നേരിട്ട് ലഭിക്കാനർഹതയുള്ളവനു മാണ്. അതാതു കാലങ്ങളിൽ നഷ്ടപ്രായമായിപ്പോകുന്ന ജ്ഞാനത്തെ പുനരു ദ്ധരിക്കാൻ അവതരിച്ച കൃഷ്ണന് എല്ലാ നിലക്കും വിവസ്വാനെപ്പോലെ യോജിച്ച ശിഷ്യനാണ്.

ശ്ലോകം 3

സ ഏവായം മയാ തേദ്യ യോഗഃപ്രോക്തഃപുരാതനഃ

ഭക്തോസി മേ സഖാ ചേതി രഹസ്യം ഹ്യേതദുത്തമം.

നീ എന്റെ ഭക്തനാണ്, സഖാവും. അതിനാൽ നിനക്കുവേണ്ടി പ്രസിദ്ധമായ, അതിപുരാതനമായ ഈ യോഗവിദ്യ ഇന്ന് എന്നാൽ വീണ്ടും പറയപ്പെട്ടു. ഇത് ഏറ്റവും ഉത്തമമായ രഹസ്യമാണ്.

ശ്ലോകം 4 അർജ്ജുന ഉവാചഃ-

അപരം ഭവതോ ജന്മ പരം ജന്മവിവസ്വതഃ

കഥമേതദ്വിജാനീയാം ത്വമാദൌ പ്രോക്തവാനിതി

ഭഗവാൻ ജനിച്ചത് പിന്നീടാണ്. വിവസ്വാൻ അതിനെത്രയോ മുമ്പ് ജീവിച്ചി രുന്നവനും. അങ്ങ് ആദിയിൽ വിവസ്വാന് ഉപദേശിച്ചു എന്ന് ഞാനെങ്ങ നെ വിശ്വസിക്കും. വസുദേവഗൃഹത്തിൽ ജനിച്ച അവിടുന്ന് സർഗ്ഗാദിയി ലേ ഉള്ള സൂര്യന് എങ്ങനെ ഉപദേശിക്കും.

ശ്ലോകം 5 ശ്രീഭഗവാനുവാചഃ

ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാർജ്ജുനാ

താന്യഹം വേദ സർവ്വാണി ന ത്വം വേത്ഥ പരംതപ

ഹേ,പരന്തപാ, നിനക്കും എനിക്കും അനേകം ജന്മങ്ങൾ കഴിഞ്ഞുപോയിട്ടു ണ്ട്. എനിക്ക് അവയെല്ലാം അറിയാം. നിനക്ക് ഒന്നും ഓർമ്മയില്ല. ഈ ഒറ്റക്കാര്യത്തിലാണ് ജ്ഞാനിയും അജ്ഞാനിയും തമ്മിലുള്ള ഭേദം. അജ്ഞാ നി ഈ ഹ്രസ്വജന്മത്തിന്റെ നൂൽക്കെട്ടിൽ കാലുകുടുങ്ങി , എട്ടുകാലിവല യിലെ ഈച്ചയെപ്പോലെ പിടയുന്നു. നിത്യശുദ്ധമുക്തസ്വരൂപമായ ജ്ഞാനി സ്വതന്ത്രനായ പക്ഷിയെപ്പോലെ അനേകായിരം ജന്മങ്ങളുടെ സ്മൃതിലോക ങ്ങളിൽ നിർബ്ബാധം വിഹരിക്കുന്നു.

അജോപി സന്നവ്യയാത്മാ ഭൂതാനാമീശ്വരോപി സൻ

പ്രകൃതിം സ്വാമധിഷ്ഠായ സംഭവാമ്യാത്മമായയാ

ഞാൻ ജനനമില്ലാത്തവനാണ്. അവ്യയാത്മാവാണ്. സർവ്വഭൂതങ്ങൾക്കും ഈശ്വരനാണ്.എങ്കിലും,സ്വപ്രകൃതിയെ അധിഷ്ഠാനമാക്കി, ആത്മശക്തി (ആത്മമായ) കൊണ്ട് ഞാൻ സംഭവിച്ചുകൊണ്ടേ ഇരിക്കുന്നു. അജനും

അവ്യയനും സർവ്വഭൂതേശ്വരനുമായ ആത്മാവ് സ്വപ്രകൃതിയുടെ അടിസ്ഥാനത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണെന്ന അറിവ് ശരീരത്തിന്റെ മായാമോഹവലയങ്ങളിൽനിന്ന് നമ്മെ മോചിതരാക്കുന്നു. എന്തിനാണ് ആത്മാവ് കാലാകാലങ്ങളിൽ ശരീരമെടുത്ത് വന്നവതരിക്കുന്നത്. ഒരു മഹത്തായ ലക്ഷ്യസാദ്ധ്യമുണ്ട് അതിന്.

ശ്ലോകം 7 യദായദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

എപ്പോഴെപ്പോൾ ധർമ്മത്തിനു ഗ്ലാനി സംഭവിച്ച് അധർമ്മം അഭ്യുത്ഥാനം ചെയ്യുന്നുവോ, അപ്പോഴപ്പോൾ ഞാൻ സ്വയം സൃഷ്ടിക്കുന്നു, അവതരിക്കുന്നു. സൃജാമി സംഭവിക്കുക, ആവിർഭവിക്കുക എന്നാൺ അർത്ഥം. അതായത്, പുനരാവിർഭാവമാണ് , സംഭവത്തിന്റെ പുനരാവർത്തനമാണ് ഓരോ ജന്മവും.

ശ്ലോകം 8

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം

ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ

സാധുജനങ്ങളെ സംരക്ഷിക്കാനും ദുഷ്കൃതങ്ങളെ നശിപ്പിക്കാനും ധർമ്മം പുനസ്ഥാപിക്കാനുമായി യുഗംതോറും ഞാൻ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ദിവ്യാവതാരങ്ങൾ സംഭവിക്കുമ്പോൾ അവരെ ചുറ്റിയിരിക്കുന്നവർ ആ അവതാരരഹസ്യം വേണ്ടപോലെ അറിഞ്ഞെന്നു വരില്ല. പാലപ്പൂവിന്റെ പരിമളത്തെ കാറ്റ് ഏറെദൂരം വ്യാപിപ്പിക്കുന്നതുപോലെ അവരുടെ കീർത്തി വിദ്വജ്ജനം അകലേക്ക് പരത്തിയ ശേഷം മാത്രമാണ് അടുത്തുള്ളവർ ഗ്രഹിക്കുന്നത്. തങ്ങൾക്കിടയിൽ ജീവിച്ച ഒരാൾ ദിവ്യജ്ഞാനമുള്ളവനാണെന്ന് അവരറിയുമ്പോഴേക്കും അദ്ദേഹം ഈ ലോകത്തുനിന്ന് വിട വാങ്ങിയിരിക്കും. നഷ്ടപ്പെടുത്തിയ ഒരവസരം മാത്രമായി അവരതിനെ മനസ്സിലാക്കും. കൃഷ്ണൻ ബന്ധുവും ഉറ്റ സുഹൃത്തുമായിട്ടും ദിവ്യാവതാരമെന്ന് അർജ്ജുനന് മനസ്സിലായില്ല. അതിനാലാണ് അവതാരരഹസ്യം വേണ്ട സമയത്ത് കൃഷ്ണൻ തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നത്. സോക്രട്ടീസിനെപ്പോലുള്ള ചിന്തകർ പിൽക്കാലത്ത് ഒരു ദിവ്യശിശുജനനം എത്ര കാലത്തിനിടയിലാണ് സംഭവിക്കുക എന്ന് കണക്കാക്കാൻ ശ്രമിച്ചത് ബുദ്ധമതത്തിന്റെ വളർച്ചക്ക് ശേഷമാണ്. ബുദ്ധമതത്തോടൊപ്പമാണ് പുനർജന്മസിദ്ധാന്തം പാശ്ചാത്യനാടുകളിലേക്ക് വ്യാപിച്ചത്.

ശ്ലോകം 9 ജന്മകർമ്മ ച മേ ദിവ്യമേവം യോ വേത്തി തത്വതഃ

ത്യക്ത്വാ ദേഹം പുനർജന്മ നൈതി മാമേതി സോർജ്ജുനാ

അർഝ്ജുനാ, എന്റെ ദിവ്യജന്മവും കർമ്മവുംതാത്വികമായി ആരു ഗ്രഹിക്കുന്നുവോ, അവർ ദേഹം ത്യജിച്ചാൽ പുനർജന്മം പ്രാപിക്കുന്നില്ല. എന്നെയാണ് പ്രാപിക്കുന്നത്. തത്വവിത്തായ മനുഷ്യൻ നാരായണനിൽത്തന്നെ ലയിച്ച് നാരായണനായിത്തീരുന്നു. നരനെ നാരായണനാക്കുന്നത് ഈ പരമരഹസ്യമാണ്. അതാണ് നാരായണനായ കൃഷ്ണൻ നരനായ അർജ്ജുനന് ഉപദേശിക്കുന്നത്.

ശ്ലോകം 10

വീതരാഗഭയക്രോധാ മന്മയാ മാമുപാശ്രിതാഃ

ബഹവോ ജ്ഞാനതപസാ പൂതാ മദ്ഭാവമാഗതാഃ

രാഗം,ക്രോധം,ഭയം എന്നിവ ഇല്ലാത്തവനായി,മന്മയനായി, എന്നെ മാത്രം ഉപാശ്രയിച്ച് എത്രയോ ജ്ഞാനതപസ്വികൾ നിർമ്മലരായി എന്റെ ഭാവത്തിലെത്തിയിട്ടുണ്ട്. അർജ്ജുനൻ നാരായണനിലെത്തുന്ന ആദ്യത്തെ നരനല്ല. മന്മയരും ചിന്മയരുമായി ഭഗവനുമായി തന്മയത്വം പ്രാപിച്ച ജ്ഞാനതപസ്വികളെക്കുറിച്ച് എത്ര പറഞ്ഞാലും ഗീതാകാരനു മതി വരലില്ല. ഓരോ അദ്ധ്യായത്തിലും അവരെ പ്രകീർത്തിക്കുന്നു. വീതരാഗഭയക്രോധരായി എന്നെ ആശ്രയിച്ച് കർമ്മം ചെയ്യുന്നവരായി എന്നിൽത്തന്നെ ലയിക്കുക എന്നജ്ഞാനതപസ്സിൽ കർമ്മഭക്തിയോഗങ്ങളും ഉണ്ട്. ജ്ഞാതപസ്സു കൊണ്ട് നിർമ്മലരാവുന്നു. മൂന്നു മാർഗ്ഗങ്ങളിലൂടെ മദ്ഭാവം (എന്റെ ഭാവം) പ്രാപിച്ച് ,നാരായണനെ പ്രാപിച്ച്, പുണ്യശ്ലോകനാവാൻ പൂർവ്വജന്മസുകൃതം ചെയ്തിരിക്കണം. ശരീരാഭിമാനികൾ കർമ്മയോഗത്തേയും മനസ്സിൽ അഭിമാനിക്കുന്നവർ ഭക്തിയോഗത്തേയും ബുദ്ധിയിൽ അഭിമാനിക്കുന്നവർ ജ്ഞാനയോഗത്തേയും സ്വീകരിക്കുന്നു. ഏതായാലും എത്തിച്ചേരുന്ന ലക്ഷ്യം ഒന്നുതന്നെ. മാർഗ്ഗം ഓരോരുത്തരുടെ പ്രകൃതി അനുസരിച്ച് വേറെയാണെന്ന് മാത്രം. ജ്ഞാനയോഗം സ്ത്രീകൾക്ക് വിധിച്ചിട്ടില്ല എന്ന ഒരു വിശ്വാസം ചിലര്ക്ക് ഉണ്ട്. ഇത് ശരിയല്ല. ആത്മാവിന് സ്ത്രീപുരുഷന്മാരിൽ യാതൊരു ഭേദവുമില്ല. ബുദ്ധിശക്തിയിലും സ്ത്രീപുരുഷന്മാർക്ക് ഭേദമില്ല. മനുഷ്യമസ്തിഷ്കഘടന സ്ത്രീപുരുഷന്മാരിൽ വ്യത്യസ്തമല്ല. അതിനാൽ ആത്മജ്ഞാനവും ബുദ്ധിശക്തിയും ജ്ഞാനതപസ്സും സ്ത്രീക്കും സാദ്ധ്യമാണ്. ഇത് ഉപനിഷത്തുകളുടെ വ്യാഖ്യാനത്തിലുണ്ട്. നാരായണത്വം പ്രാപിക്കാൻ സ്ത്രീക്കാണ് ഏറെ എളുപ്പമെന്ന് ഭാഗവതം പറയുന്നു. സാത്വികപ്രകൃതികളായ സ്ത്രീപുരുഷന്മാരിലെല്ലാം ജ്ഞാനതപസ്സ് കാണുന്നു. ശങ്കരാചാര്യർ, ഈശ്വരന് സർവ്വഭൂതങ്ങളിലും തുല്യമായ അനുഗ്രഹം ചൊരിയുന്ന സ്വഭാവവും സർവ്വത്തിലും സമത്വവുമായതിനാൽ മുമുക്ഷുവായഏതൊരാൾക്കും വാസുദേവം സർവ്വം എന്ന ഭാവനയോടെ ജീവിച്ചാൽ മുക്തി പറയുന്നു. ഇത് സ്ത്രീക്കും പുരുഷനും ബാധകമാണ്.

ശ്ലോകം 11

യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം

മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ, സർവ്വശഃ

ഏതൊരാൾ എന്നെ ഏതുവിധം സമീപിക്കുന്നുവോ അവനെ ഞാനും അതുപോലെ ഭജിക്കുന്നു. മനുഷ്യർ സർവ്വവശത്തിലും എന്റെ മാർഗ്ഗത്തെയാണ് പിന്തുടരുന്നത്. പ്രപഞ്ചം സർവ്വത്ര ബ്രഹ്മമയമാണ്. ധനത്തിലും സുഖഭോഗങ്ങലിലും അടക്കം ഭഗവാന്റെ സാന്നിദ്ധ്യമാണുള്ളത്. അവക്കായി പാടിപെട്ട് കർമ്മം ചെയ്യുന്നവർക്ക് അതു കൊടുക്കുന്നതും ഭഗവാനാണ്. ഭക്തിപൂർവ്വം സഗുണോപാസന ചെയ്യുന്നവർക്ക് ഭഗവാൻ സഗുണരൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ജ്ഞാനതപസ്വികൾക്ക് ജ്ഞാനമായി ചിത്തിൽ പ്രകാശിച്ച് ജ്യോതിഷ്മതി തരുന്നതും ഭഗവാനാണ്. ഏതു വിധ

ത്തിലായാലും എല്ലാ മനുഷ്യർക്കും നാരായണമാർഗ്ഗം തന്നെയാണ് അനുവർത്തനീയം. ആ തത്വം അറിഞ്ഞുചെയ്യുന്ന നരനാണ് നാരായണൻ. അറിയാതെ ചെയ്യുന്നവരും സ്വീകരിക്കുന്ന മാർഗ്ഗം നാരായണന്റെ മാർഗ്ഗംതന്നെ. ബ്രഹ്മമല്ലാതെ മറ്റൊന്നും ഈ പ്രപഞ്ചസംവിധാനത്തിലില്ല.

ശ്ലോകം 12

കാംക്ഷന്തഃ കർമ്മാണാം സിദ്ധിം യജന്ത ഇഹ ദേവതാഃ

ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമ്മജാ

മനുഷ്യർ വളരെ വേഗം കർമ്മഫലസിദ്ധി കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ്. അതിനാൽ പലവിധം ദേവതകളെ യജിക്കുന്നു. വേഗം ആഗ്രഹിച്ച സിദ്ധി ലഭിക്കുന്നു. വളരെ കാലം കാത്തിരുന്നു കിട്ടുന്ന ബ്രഹ്മാത്മൈക്യത്തിൽ താൽപ്പര്യം അവർക്ക് കുറവാണ്. ഇഷ്ടഫലസിദ്ധി തരുന്ന സഗുണേശ്വരാരാധനയാണ് അവർക്ക് ഇഷ്ടം. നിർഗ്ഗുണപരബ്രഹ്മജ്ഞാനമാണ് സഗുണേശ്വരപൂജയേക്കാളും ശ്രേഷ്ഠമെങ്കിലും , വേഗം ഫലസിദ്ധി കിട്ടുന്ന ദേവതോപാസനയാണ് മനുഷ്യരെല്ലാം ആഗ്രഹിക്കുന്നത്.പ്രപഞ്ചം ബ്രഹ്മമയമാണ്. സഗുണേശ്വരാരാധകരിലും ഭൌതികസുഖപ്രേമികളിലും ഈശ്വരാരാധനയെത്തന്നെ സംശയിക്കുന്ന ഭൌതികവാദികളിലും കൂടി ബ്രഹ്മം വ്യാപിച്ചിരിക്കുന്നുണ്ട്. അവരുടെ കർമ്മസിദ്ധിയും അതിനുള്ള പ്രയത്നവും ഫലകാംക്ഷയും എല്ലാം പ്രകൃതിഗുണസിദ്ധമായിരിക്കുന്നു. പ്രകൃതിഗുണസിദ്ധമാണ് കർമ്മത്തിലുള്ള വ്യത്യസ്തമായ താൽപ്പര്യങ്ങളും കർമ്മവും കർമ്മസിദ്ധിയും. അതുകൊണ്ടുതന്നെ ചാതുർവർണ്ണ്യം പ്രകൃതിഗുണാനുസൃതമാണ്. ബ്രഹ്മമയമായ പ്രപഞ്ചസംവിധാനത്തിൽ പ്രകൃതിയും ബ്രഹ്മമാണ്, അതിനാൽ ചാതുർവർണ്ണ്യവും ബ്രഹ്മസൃഷ്ടമെന്ന് പറയുന്നു.

ശ്ലോകം 13

ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശഃ

തസ്യ കർത്താരമപി മാം വിദ്ധ്യകർത്താരമവ്യയം

ഗുണകർമ്മവിഭാഗമനുസരിച്ച് ചാതുർവർണ്യം എന്നാൽ സൃഷ്ടിക്കപ്പെട്ടു. അതിന്റെ കർത്താവായ അവ്യയനായ ഞാൻതന്നെയാണ് അകർത്താവും എന്നറിയുക. ഒരാൾ ജ്ഞാനതപസ്വിയാണ്, ആത്മാരാമനാണ്. മറ്റൊരാൾപാണ്ഡിത്യമുള്ളവനാണ്,സകല പുസ്തകവും പാരായണം ചെയ്തവനാണ്. രണ്ടുപേരും സാത്വികപ്രധാനരാണ്. ആദ്യത്തെ ആൾ ബ്രഹ്മജ്ഞാനിയായ ബ്രാഹ്മണൻ. രണ്ടാമത്തെ ആൾ ബ്രഹ്മജ്ഞാനത്തിലേക്കുള്ള വഴിയിൽ മുന്നേറാൻ ശ്രമിക്കുന്ന ആൾ. ഒരാൾ ആരൂഢൻ, മറ്റേ ആൾ ആരുരുക്ഷു. ഒരാൽ ഗുരു, മറ്റേയാൾ ശിഷ്യൻ. ഇവരിരുവരും ബ്രഹ്മചാരികളാണ്, ബ്രാഹ്മണ്യമുള്ളവരാണ്. അവരുടെ ബ്രാഹ്മണ്യത്തിന്റെ കർത്താവ് പ്രകൃതിജന്യമായ വാസനയാണ്, ജനിച്ച കുലമല്ല. ഇതുപോലെ രാജസഗുണമുള്ള ആളുകൾ ഭൂമി, സ്വത്ത് മുതലായവയും പ്രജകളേയും പാലിക്കാൻ ആയോധനമുറ ശീലിക്കുന്നു, നീതിന്യായം പഠിക്കുന്നു. അവരാണ് ക്ഷത്രിയരായിത്തീരുന്നത്. മറ്റു ചിലർ ധനസമ്പാദനത്തിലും കൃഷി,കച്ചവടം ഇവയിലും ഏർപ്പെടുകയും നാടുചുറ്റി സഞ്ചരിക്കയും വൈശികതന്ത്രത്തിലും ജ്യോതിസ്ശാസ്ത്രത്തിലും മുന്നിട്ടുനിൽക്കുകയും ചെയ്യുന്നു. ഇവരിൽ

സാത്വികവും രാജസവും താമസവും തുല്യാനുപാതത്തിൽ ചേർന്നിരിക്കുന്നു. മേൽപ്പറഞ്ഞ മൂന്നു വിഭാഗത്തിലും പെടാത്തവരായ ചിലർ ഈ മൂന്നുപേരെയും ആശ്രയിച്ച് ഉപജീവനം കഴിക്കുന്നു. ഇപ്രകാരം ഗുണകർമ്മവിഭാഗമനുസരിച്ചുള്ള ചാതുർവർണ്യത്തിന്റെ കർത്താവും അകർത്താവും താനാണെന്ന് കൃഷ്ണൻ പറയുന്നു. ജാതിവ്യസ്ഥയാണ് ചാതുർവർണ്യമെന്ന് തെറ്റിദ്ധരിച്ച പലരും ഇതിനെതിരെ പ്രതികരിക്കാറുണ്ട്. പണ്ഡിതരും പാമരരും ഇതിലുണ്ട്. അവരെല്ലാം സ്ഥാനത്തും അസ്ഥാനത്തും ഈ ശ്ലോകത്തിലെ ആദ്യപാദം ഉദ്ധരിക്കാറുണ്ട്, ഗുണകർമ്മവിഭാഗശ എന്ന ഭാഗം മറന്നുകൊണ്ട്. മനുഷ്യർ അവനവനു ജന്മസിദ്ധമായ വാസനാനുസരണം കർമ്മം ചെയ്ത് സ്വയം വർണ്ണങ്ങളെ സൃഷ്ടിക്കുകയാണ്. ജന്മസിദ്ധമായ വാസന ആത്മവാസനയാണ്. ജന്മാദ്യസ്യ യത എന്ന് ബ്രഹ്മസൂത്രവാക്യത്തിൽ പറയുന്നു. ജന്മത്തിനു മുമ്പ് അവ്യക്തമായിരുന്ന ബ്രഹ്മത്തിൽനിന്നു തന്നെയാണ് ജന്മവാസന അഭിവ്യക്തമാകുന്നത് ,എന്നതിനാലാണ് ചാതുർവർണ്ണ്യം ബ്രഹ്മത്തിനാലുണ്ടായി എന്നും ബ്രഹ്മത്താൽ സൃഷ്ടിക്കപ്പെട്ടു എന്നും ദൈവസർഗ്ഗക്രമമാണെന്നും പറയുന്നത്. അതിനാലാണ് ഞാനതിന്റെ കർത്താവാണ്, കർത്താവല്ലതാനും എന്ന് പറഞ്ഞിരിക്കുന്നത്. അവ്യയമായ ബ്രഹ്മത്തിന് ഒരേസമയം കർത്താവും അകർത്താവുമായിരിക്കാനാവും.(ശമം ദമം തപം ഇവയാണ് സാത്വികരുടെ ഗുണം.ശൌര്യവും തേജസ്സുമാണ് രാജസികരായ ക്ഷത്രിയഗുണം. കൃഷി,ഗോരക്ഷ,വാർത്ത വൈശ്യഗുണം. ശുശ്രൂഷ ശൂദ്രഗുണം. ഇത് വാസനാജന്യമാണ്.)

ശ്ലോകം 14

ന മാം കർമ്മാണി ലിമ്പന്തി ന മേ കർമ്മഫലേ സ്പൃഹാ

ഇതി മാം യോഭിജാനാതി കർമ്മഭിർ ന സ ബദ്ധ്യതേ

കർമ്മങ്ങൾ എന്നെ സ്പർശിക്കുന്നില്ല. കർമ്മഫലത്തിൽ എനിക്ക് ആഗ്രഹവുമില്ല. ഇപ്രകാരം ആർ എന്നെ അറിയുന്നുവോ, അവനും കർമ്മത്താൽ ബന്ധിക്കപ്പെടുന്നില്ല.ബ്രഹ്മത്താൽ പ്രചോദിതമായ പ്രകൃതിയാണ് ഗുണകർമ്മവിഭാഗത്തിന്റേയും കർമ്മത്തിന്റേയും ചാതുർവർണ്യത്തിന്റേയും കർത്താവ്. പ്രകൃതിയോ പ്രകൃതിജന്യമായ കർമ്മമോ ബ്രഹ്മത്തെ സ്പർശിക്കുന്നില്ല. കർമ്മഫലത്തിൽ ബ്രഹ്മത്തിന് ആശയോ അവകാശമോ ഇല്ല. ഇത്തരം ലക്ഷണമുള്ള ബ്രഹ്മത്തെ അറിഞ്ഞ്, ബ്രഹ്മമയമായി, ബ്രഹ്മലക്ഷണങ്ങളോടെ പ്രശാന്തമതിയും പ്രസന്നചിത്തനുമായി ഇരിക്കുന്നവന് കർമ്മബന്ധങ്ങളൊന്നും തന്നെ ഇല്ല.

ശ്ലോകം 15

ഏവം ജ്ഞാത്വാ കൃതം കർമ്മ പൂർവ്വൈരപി മുമുക്ഷുഭിഃ

കുരു കർമ്മൈവ തസ്മാത്വം പൂർവ്വൈഃ പൂർവ്വതരം കൃതം

ഇപ്രകാരം അറിഞ്ഞുകൊണ്ട് പൂർവ്വകാലത്ത് മുമുക്ഷുക്കൾ കർമ്മം അനുഷ്ഠിച്ചു. ആ പൂർവ്വികരാൽ ചെയ്യപ്പെട്ട കർമ്മം നീയും ചെയ്യുക. പൂർവ്വികന്മാർ ചെയ്തുപോന്നതിനെത്തന്നെ ചെയ്യുന്നത് ശ്രുതിയാണ്. അർജ്ജുനന്റെ പൂർവ്വികരായ മനു,ഇക്ഷ്വാകു, സൂര്യൻ മുതലായ രാജർഷിമാർ എപ്രകാ

രം കർമ്മയോഗം ആചരിച്ച് പ്രജകൾക്കും വരും തലമുറക്കും മാതൃക കാട്ടിയോ അതുപോലെ അർജ്ജുനനും അനുഷ്ഠിക്കണം.

പൂർവ്വികന്മാരുടെ പുണ്യപദം ചേർന്ന പാവനമായ പന്ഥാവിലൂടെ , അവരേക്കാൾ ഉന്നതസ്ഥാനത്തേക്ക് സഞ്ചരിക്കാൻ മകനെ ആശീർവ്വദിക്കുന്ന ഇന്നത്തെ അമ്മ(നാലപ്പാട്ട് നാരായണമേനോൻ)യുടെ താരാട്ടു പോലെയാണ് ഗീതയിലെ ഓരോ വാക്കും എനിക്ക് അനുഭവപ്പെടാറുള്ളത്.

ശ്ലോകം 16

കിം കർമ്മ കിമകർമ്മേതി കവയോപ്യത്രമോഹിതാഃ

തത്തേ കർമ്മ പ്രവക്ഷ്യാമി യജ്ഞാത്വാ മോക്ഷ്യസേശുഭാത്

കർമ്മം ഏത്, അകർമ്മം ഏത് എന്ന് നിശ്ചയിക്കുന്നതിൽ ക്രാന്തദർശികളായ കവികൾപോലും മോഹിതരായിത്തീരുന്നു.ഏതൊന്നറിഞ്ഞാലാണോ അശുഭത്തിൽനിന്ന് മോക്ഷം നേടാനാവുക ആ കർമ്മത്തെ ഞാൻ നിനക്ക് പറഞ്ഞുതരാം. കവി ദർശകനാണ്, ഋഷിയാണ്. നാനൃഷിഃ കവി .ഋഷിയല്ലാത്തവൻ കവിയുമല്ല. ഈ നിർവ്വചനം നോക്കിയാൽ ഇന്നു നമുക്കുള്ള പല കവികളും ആ പേരിന് അർഹരല്ലാതായിത്തീരും. ഏതാണ് ധർമ്മം, ഏത് അധർമ്മം. ഏതാണ് കർമ്മം,ഏത് അകർമ്മം. ഏത് സത്യം, ഏത് അസത്യം. ഏറ്റവും വിവേചനാശീലരായ ദാർശനികരും കൂടി കണ്ടെത്താൻ വിഷമിക്കുന്ന പ്രഹേളികയാണത്. ഏതിനെ അറിഞ്ഞാലാണ് സർവ്വവിധ അശുഭങ്ങളിൽനിന്നും മുക്തി ലഭിക്കുക. അതുമാത്രമാണ് കർമ്മം . ആ ഉത്തമകർമ്മത്തെയാണ് ഭഗവാൻ ഇവിടെ ഉപദേശിക്കുന്നത്.

ശ്ലോകം 17

കർമ്മണോഹ്യപി ബോദ്ധ്യവ്യം ബോദ്ധവ്യം ച വികർമ്മണഃ

അകർമ്മണശ്ച ബോദ്ധവ്യം ഗഹനാ കർമ്മണോ ഗതിഃ

കർമ്മം എന്ത് എന്ന് ബോധിക്കണം. വികർമ്മം (നിഷിദ്ധകർമ്മം) എന്തെന്നും ബോധിക്കണം. അകർമ്മവും ബോധിക്കണം. കർമ്മഗതി ഗഹനമാണ്. കർമ്മം കൊണ്ടാണ് ബ്രാഹ്മണൻ ജനിക്കുന്നത്. ചാതുർവ്വണ്യം ജനിക്കുന്നത്. അതിനാൽ അതിഗഹനമായ കർമ്മഗതിയെക്കുറിച്ച് മനുഷ്യൻ ബോധവാനായിരിക്കണം. ശൂദ്രനായിപ്പിറക്കുന്നവരാണ് മനുഷ്യർ. അവരെ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരുമാക്കുന്ന വാസനകളും കർമ്മങ്ങളും ഏത്. . ഇതറിയാതെ ആർക്കാണ് ബ്രാഹ്മണ്യം നേടാനാവുക.

ഒരാൾ ചെയ്യുന്ന ദൈനന്ദിനകർമ്മങ്ങളെ നിത്യകർമ്മങ്ങളെന്നും പ്രത്യേകാവസരങ്ങളിൽ ചെയ്യുന്നവയെ നൈമിത്തികകർമ്മങ്ങളെന്നും പറയുന്നു. കാര്യസിദ്ധിക്കായി ചെയ്യുന്ന കർമ്മങ്ങളാണ് കാമ്യകർമ്മങ്ങൾ. വിവാഹം, ശ്രാദ്ധം, സമൂഹവിരുന്ന് ഇവ നിത്യകർമ്മങ്ങളല്ല, നൈമിത്തികങ്ങളാണ്. ഒരാൾക്ക് ഡോക്ടറാവണം,അതിന്നായി അയാൾ പഠിക്കുന്നു. അത് കാമ്യകർമ്മമാണ്.ബ്രഹ്മവിദ്യക്ക് വിരുദ്ധമായ സർവ്വവും വികർമ്മമാണ്. അകർമ്മം ആലസ്യലക്ഷണമായ ഒന്നും ചെയ്യാതിരിക്കുന്ന അവസ്ഥയാണ്. ഇവിടെ കർമ്മത്തെ ബോദ്ധ്യമാകണം എന്നു പറയുമ്പോൾ നിത്യനൈമിത്തികകാമ്യ കർമ്മങ്ങളെയല്ല, 16ആം ശ്ലോകത്തിൽ പറഞ്ഞ ഉത്തമകർമ്മത്തെയാണ് ഉദ്ദേ

ശിക്കുന്നത്. ആ ഉത്തമകർമ്മത്തെ അറിഞ്ഞവർ എന്തെല്ലാം ലക്ഷണങ്ങളു ള്ളവരായിരിക്കും.

ശ്ലോകം 18

കർമ്മണ്യകർമ്മ യഃ പശ്യേദകർമ്മണി ച കർമ്മ യഃ

സ ബുദ്ധിമാൻ മനുഷ്യേഷു സ യുക്തഃകൃത്സ്നകർമ്മകൃത്

കർമ്മത്തിൽ അകർമ്മത്തേയും അകർമ്മത്തിൽ കർമ്മത്തേയും ദർശിക്കുന്ന വൻ മനുഷ്യരിൽവെച്ച് ബുദ്ധിമാനാണ്. അവൻ സകല കർമ്മങ്ങളിലും ഏ ർപ്പെട്ടിരുന്നാലും യോഗയുക്തനാണ്. രണ്ടാം അദ്ധ്യായം 68ആം ശ്ലോകത്തി ൽ സ്ഥിതപ്രജ്ഞന്റെ ലക്ഷണമായി എല്ലാവർക്കും പകലായതിനെ യോഗി രാത്രിയായും മറിച്ചും ദർശിക്കുന്നു എന്ന് പറഞ്ഞു. തന്റെ വ്യക്തിപര മായ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയല്ല, യോഗി കർമ്മം ചെയ്യുന്നത്. അതിനാൽ കർമ്മബന്ധത്തിൽനിന്നകന്ന് നിന്ന് സ്വകർമ്മങ്ങളെ സാക്ഷിയായി വീക്ഷിക്കാൻ സാധിക്കുന്ന യോഗിക്ക് ആ കർമ്മങ്ങളെല്ലാം തന്നെ അകർമ്മ ങ്ങളാണ്. ധ്യാനത്തിന്റെ ഉജ്ജ്വലമുഹൂർത്തങ്ങളിൽ, സ്വയം വിസ്മരിച്ച് നിശ്ചേഷ്ടനും നിഷ്ക്രിയനുമായിരിക്കുന്ന അവസരത്തിൽ താനനുഷ്ഠിക്കുന്ന കർമ്മം മാത്രമാണ് ശരിയായ കർമ്മമെന്ന് അയാൾക്ക് അനുഭവപ്പെടുന്നു. ആത്മമമയമായിത്തീർന്ന, മന്മയനായിത്തീർന്ന ഒരാൾക്ക് അകർമ്മമെന്ന് മറ്റുള്ളവർക്ക് തോന്നുന്ന ധ്യാനാവസ്ത കർമ്മവും മറ്റെല്ലാം അകർമ്മവു മാണ്. എങ്കിലും ധ്യാനാവസ്ഥയിലെ ഉത്തമമായ അനുഭൂതി നുകർന്ന വ്യ ക്തി. താൻ അകർമ്മമെന്ന് മനസ്സിലാക്കിയ ലൌകികങ്ങളായ നിത്യനൈമി ത്തികകർമ്മങ്ങളെ രാജർഷിയെപ്പോലെ(ജനകനെ നേരത്തെ ഉദാഹരിച്ചു) മറ്റുള്ളവർക്ക് മാതൃകയായി അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ഈ ഗീതാ വാക്യം അക്ഷരംപ്രതി ജീവിച്ചുകാണിച്ച വ്യക്തിയാണ് ശങ്കരാചാര്യർ. അമ്മയുടെ ശവദാഹം എന്ന നൈമിത്തികകർമ്മത്തിന് അദ്ദേഹം എത്തി ച്ചേർന്നു. ബ്രഹ്മത്തിൽ മാത്രം ലീനമായ മനസ്സോടെ എല്ലാം ബ്രഹ്മമയം എന്ന് സാക്ഷാത്കരിച്ചിട്ടും , സഗുണമൂർത്തികളെ സ്തുതിക്കുന്ന കീർത്ത നങ്ങൾ രചിച്ചു. ഗുണത്രയവിഭാഗയോഗപ്രകാരം വലിയ ഒരു ഭൂരിപക്ഷം ജനങ്ങൾ സഗുണോപാസനയിൽ ഭക്തിമാർഗ്ഗത്തിൽ ഏർപ്പെട്ടിരിക്കുന്നവരാ ണ് എന്ന കാര്യം സർവ്വജ്ഞനായ ആചാര്യന് അറിയാതെ വയ്യ.അവരുടെ ചിന്തയിൽ ആശയക്കുഴപ്പം വരുത്താത്ത വിധം, അവരെ പരിശുദ്ധമായ ഭക്തിയിലേക്കും ജ്ഞാനത്തിലേക്കും ഉയർത്താനാണ് ബ്രഹ്മനിഷ്ഠനായ ശങ്കരൻ ഇപ്രകാരം ചെയ്തത്. ഗീതാസന്ദേശം അതിന് എതിരല്ല. ശങ്കരന്റെ (കൃത്സ്നകർമ്മകൃത്തും ബുദ്ധിമാനുമായ) കർമ്മത്തെത്തന്നെ അതിലും നമുക്ക് കാണാനാവും. ചതുർഭുജമായ വിഷ്ണുവിന്റെ സഗുണോപാസന നടത്തുന്നവർക്ക് ആ സഗുണദേവൻ,

ചിദംശം വിഭും നിർമ്മലം നിർവ്വികൽപ്പം

നിരീഹം നിരാകാരം ഓങ്കാരഗമ്യം

ഗുണാതീതം അവ്യക്തം ഏകം തുരീയം

ആയ പരബ്രഹ്മം തന്നെയാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് അദ്ദേഹത്തി ന്റെ കീർത്തനരചന.സ്വകർമ്മങ്ങളെ സാക്ഷിയായി നോക്കിക്കണ്ടുകൊണ്ട് ,

അവയെ അകർമ്മമെന്നറിഞ്ഞും മാതൃകാപരമായി അനുഷ്ഠിച്ച ശങ്കരൻ ഗീതയിൽ പറയുന്ന ജ്ഞാനിയുടെ സമ്പൂർണ്ണലക്ഷണവും തികഞ്ഞ വ്യക്തി യാണ്.

നൌസ്ഥസ്യ നാവി ഗഛന്ത്യാം തടസ്ഥേഷു അഗതിഷു നഗേഷു പ്രതികൂല ഗതിദര്ശനാത് ദൂരേഷു ചക്ഷുഷാ അസംനികൃഷ്ടേഷു ഗഛത്സു ഗത്യഭാവദ ര്ശനാത് ഏവം ഇഹാപി അകർമ്മണി കർമ്മദർശനം കർമ്മണി ച അക ർമ്മദർശനം വിപരീതദർശനം യേന തന്നിരാകരണാർത്ഥമുച്യതേ കർമ്മണ്യ കർമ്മ യഃ പശ്യേത് ഇത്യാദി (ശങ്കരഭാഷ്യം) ഇപ്രകാരം വരാഹമിഹിരാ ചാര്യരുടെ ജ്യോതിശ്ശാസ്ത്രത്തിലെ ഉപമ ഇവിടെ ശങ്കരാചാര്യർ പ്രയോ ഗിക്കുന്നു. (ഇവർരണ്ടുപേരും ന്യൂട്ടണും ഐൻസ്റ്റൈനും മുമ്പുള്ളവരാണ്).

ഞാൻ ധ്യാനിക്കുന്നു. ഞാൻ ചിന്തിക്കുന്നു, എഴുതുന്നു. കാണുന്നവർക്ക് അകർമ്മണ്യതയിൽ അലസമായി നിശ്ചലമായി ഇരിക്കയാണ് ഞാൻ. എന്നെത്തന്നെ വീക്ഷിക്കുന്ന എനിക്ക് അത് അകർമ്മണ്യതയല്ല, മഹത്തായ ഒരു കർമ്മമാണ്. ആ ധ്യാനമാണ് മഹത്തായ പല കർമ്മവും ചെയ്യാനെ നിക്ക് പ്രചോദനം തരുന്നതും പല കർമ്മങ്ങളും ഭംഗിയായി നിർവ്വഹി ക്കാനെന്നെ സഹായിക്കുന്നതും. ഞാൻ പഥോളജി സ്ലൈഡ് നോക്കുന്നു, ചോറും കറികളും വെക്കുന്നു. ഗൃഹഭരണം നത്തുന്നു. അവ എന്റെ കർമ്മങ്ങളാണെന്ന് മറ്റുള്ളവർ വിചാരിക്കുന്നു. .അവ എന്റെ അകർമ്മ ങ്ങളാണെന്ന് സാക്ഷിയായ ഞാനറിയുന്നു. കൃഷ്ണൻ തേരു തെളിക്കുന്നു, ഗീത ഉപദേശിക്കുന്നു, ദൂതു പോകുന്നു, കംസവധം ചെയ്യുന്നു, സ്യമന്തകം തേടുന്നു, ദ്രൌപതിയെ സംരക്ഷിക്കുന്നു, പരീക്ഷിത്തിനെ ജീവിപ്പിക്കുന്നു, ഗോവർദ്ധനം ഉദ്ധരിക്കുന്നു, ഗോപന്മാർക്കിടയിൽ ലീലയാടുന്നു. ഈ ബാഹ്യകർമ്മങ്ങളെല്ലാം ചെയ്യാൻ കൃഷ്ണനെ പ്രേരിപ്പിച്ച കർമ്മം ഏത്. യോഗേശ്വരനായ കൃഷ്ണന്റെ ധ്യാനാവസ്ഥയിലെ ആന്തരകർമ്മത്തെ ആരും അറിയുന്നില്ല. ആ മഹദ്കർമ്മത്തിലേക്ക് അൽപ്പം വെളിച്ചം വീശുകയാണ് ഗീത ചെയ്യുന്നത്.

ശ്ലോകം 19.

യസ്യ സർവ്വേ സമാരംഭാഃകാമസങ്കൽപ്പവർജ്ജിതാഃ

ജ്ഞാനാഗ്നിദഗ്ദ്ധകർമ്മാണം തമാഹുഃ പണ്ഡിതം ബുധാഃ

ഏതൊരുവന്റെ സർവ്വസമാരംഭങ്ങളും കാമസങ്കൽപ്പവർജ്ജിതമായിരിക്കു ന്നുവോ, ജ്ഞാനാഗ്നിയിൽ ദഹിച്ച കർമ്മത്തോടുകൂടിയ അവനെ ബുദ്ധ ന്മാർ പണ്ഡിതനെന്ന് വിളിക്കുന്നു.നാം കർമ്മങ്ങൾ ആരംഭിക്കുന്നത് കാമ ങ്ങളോടുകൂടിയാവരുത്. ഫലത്തിൽ ആശ, ജയാപജയങ്ങളിൽ ആശങ്ക, എന്നിങ്ങനെയുള്ള സങ്കൽപ്പങ്ങളോടുകൂടിയും ആവരുത്. അജ്ഞാനമാകുന്ന അഴുക്കുനീക്കി, ജ്ഞാനാഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത കർമ്മങ്ങളാവണം നമ്മുടേത്. അങ്ങനെയാണെങ്കിൽ മാത്രമേ നാം പണ്ഡിതന്മാരാവുന്നുള്ളു. ഗീതക്ക് ഭാഷ്യം രചിക്കുമ്പോൾ എന്റെ മനസ്സ് കാമസങ്കൽപ്പവർജ്ജിത മാവണം. പുസ്തകത്തിന് എന്തു വിലയിടാം ,വിറ്റാലെനിക്ക് എന്തു ലാഭം കിട്ടും എന്നാലോചിക്കുന്നവർക്ക് ഭാഷ്യത്തോടു നീതി പുലർത്താനാവില്ല. എല്ലാ വിധ സ്വാർത്ഥവിചാരങ്ങളും ജ്ഞാനാഗ്നിയിൽ എരിഞ്ഞു ചാമ്പലാ കുമ്പോൾ മാത്രമാണ് ഇത്തരമൊരു മഹദ്കർമ്മത്തിനുള്ള സന്നദ്ധത ഉണ്ടാ

വുന്നത്. കാമസങ്കൽപ്പവർജ്ജിതമായ ആ മാനസികാവസ്ഥ കർമ്മയോഗിയെ സ്ഥിതപ്രജ്ഞനാക്കുന്നു.

ശ്ലോകം 20

ത്യക്ത്വാ കർമ്മഫലാസംഗം നിത്യതൃപ്തോ നിരാശ്രയഃ

കർമ്മണ്യഭിപ്രവൃത്തോപി നൈവ കിഞ്ചിത് കരോതി സഃ

നിത്യതൃപ്തനായി, മറ്റൊരാളെ ആശ്രയിക്കാതെ, കർമ്മഫലത്തിലുള്ള സംഗം വെടിഞ്ഞ് കർമ്മം ചെയ്യുന്നവർ കർമ്മം ചെയ്യുന്നില്, അഥവാ കർമ്മഫലത്താൽ ബന്ധിതരാവുന്നില്ല. മറ്റുള്ളവരെ ആശ്രയിച്ച് കർമ്മഫലം മോഹിച്ച് ജീവിക്കുന്നവർക്ക് എന്തെല്ലാം കർമ്മം ചെയ്താലും തൃപ്തി ലഭിക്കുകയില്ല, സദാ അതൃപ്തരായിരിക്കും. എനിക്ക് അതു കിട്ടിയില്ല, ഇതു കിട്ടിയില്ല എന്ന് പറഞ്ഞുകൊണ്ടേ ഇരിക്കും. ഒന്നും കിട്ടിയില്ലെങ്കിലും പൂർണ്ണസംതൃപ്തിയോടെ കർമ്മം ചെയ്യുന്നവരാണ് പരാശ്രയം കൂടാതെ ആത്മാരാമന്മാരായി ഇരിക്കുന്ന നിത്യതൃപ്തർ. പട്ടുതാനാകിലും വെട്ടുതാനാകിലും കിട്ടുന്നവയിൽ മനസ്സൂന്നാതെ എല്ലാത്തിലും സമചിത്തരായി,കർമ്മം ചെയ്യുന്നവരുടെ കർമ്മം ലോകസംഗ്രഹത്തിനുള്ളതാണ്. .സ്വാർത്ഥമല്ല, പരാർത്ഥമാണ് അവരെ നയിക്കുന്നത്. കർമ്മസംഗം വെടിഞ്ഞ് നിർഗ്ഗുണപരബ്രഹ്മമായി തന്മയീഭാവം പ്രാപിച്ച ഇവർക്ക് കർമ്മം ചെയ്യുമ്പോഴും ബ്രഹ്മത്തിന്റെ നിഷ്ക്രിയത്വമാണ്. അതു കൊണ്ടാണ് കർമ്മത്തിൽ പ്രവർത്തിക്കുമ്പോളും അവർ ഒന്നും ചെയ്യുന്നില്ല എന്ന് പറയുന്നത്. നേരത്തെ കർമ്മത്തിന്റെ ഗഹനമായ ഗതിയെക്കുറിച്ച് പറഞ്ഞു. അതിലേക്ക് അൽപ്പാൽപ്പമായി വെളിച്ചം വീശുകയാണിവിടെ. കർമ്മത്തിലും കർമ്മാഭാവം ഇവിടെ സാദ്ധ്യമാക്കിയിരിക്കുന്നു.

ശ്ലോകം 21

നിരാശീർ യതചിത്താത്മാ ത്യക്തസർവ്വപരിഗ്രഹഃ

ശാരീരം കേവലം കർമ്മ കുർവ്വൻ നാപ്നോതി കിൽബിഷം

യാതൊരു ആശയും ഇല്ലാതെ, യതചിത്താത്മാവായി, സർവ്വസംഗപരിത്യക്തനായി, ശരീരം നിലനിർത്തുന്നതിനാവശ്യമായതു മാത്രം ചെയ്യുന്നവരെ കളങ്കം തീണ്ടുന്നില്ല. ഇത്തരം കർമ്മം ചെയ്യാൻ ഒരാൾക്ക് സാധിക്കുമോ എന്നറിയാനായി തോറോ തന്റെ വാൾഡൻ പരീക്ഷണം നടത്തിനോക്കി. സ്വത്തോ ഭൂമിയോ സമ്പാദിക്കണമെന്ന് ആശയില്ലാത്ത ഒരാൾക്ക് പരാശ്രയം കൂടാതെ ഏകനായി, ആനന്ദചിത്തനും സംയമിയുമായി മനുഷ്യവാസമില്ലാത്ത സ്ഥാനത്ത് ഒരു വ്യാഴവട്ടക്കാലം ജീവിക്കാമെന്ന് തോറോ തന്റെ പരീക്ഷണത്തിലൂടെ ലോകത്തിന് തെളിയിച്ചുകാണിച്ചു. ഗാന്ധി ജനമദ്ധ്യത്തിലും ഇത് സാധിക്കുമെന്ന് ജീവിതം കൊണ്ട് തെളിയിച്ചു. സ്വന്തമായി ഒന്നും സമ്പാദിക്കാതെ, സമ്പാദിക്കാനാഗ്രഹിക്കാതെ, കർമ്മയോഗിയായ ഗാന്ധിജി ലോകസംഗ്രഹത്തിനും ഭാരതീയരുടെ മുഴുവനും ശ്രേയസ്സിനുമായി കർമ്മം ചെയ്ത് ഗീതയുടെ യഥാർത്ഥസന്ദേശവാഹകനായിത്തീർന്നു. കളങ്കമില്ലാത്ത ആ കർമ്മം കുരുക്ഷേത്രഭൂമിയിലെ സന്ദേശത്തെ ഇരുപതാം നൂറ്റാണ്ടിലും പ്രായോഗികവും സാർത്ഥകവുമാക്കി. സഹസ്രാബ്ദങ്ങൾക്കു

മുമ്പേ ഭാരതത്തിലെ ഋഷിപരമ്പര ഇപ്രകാരം കാട്ടിലും മലകളിലും ജനപദങ്ങളിലും വസിച്ച് മാതൃക കാട്ടിയവരാണ്,

ശ്ലോകം 22

യദൃച്ഛാ ലാഭസന്തുഷ്ടോ ദ്വന്ദ്വാതീതോ വിമത്സരഃ

സമഃസിദ്ധാവസിദ്ധൌ ച കൃത്വാപി ന നിബദ്ധ്യതേ

യദൃച്ഛയാ ലഭിക്കുന്നവ കൊണ്ടു തന്നെ സന്തുഷ്ടനും ദ്വന്ദ്വഭാവകൾക്ക് അതീതനും മത്സരബുദ്ധി ഇല്ലാത്തവനും സിദ്ധി, അസിദ്ധി ഇവയിൽ സമഭാവനയോടുകൂടി ഇരിക്കുന്നവനും ആയ വ്യക്തി കർമ്മം കൊണ്ട് ബന്ധിക്കപ്പെടുന്നില്ല.

ശ്ലോകം 23

ഗതസംഗസ്യ മുക്തസ്യ ജ്ഞാനാവസ്ഥിതചേതസഃ

യജ്ഞായാചരതഃകർമ്മ സമഗ്രം പ്രവിലീയതേ

സംശയങ്ങളെല്ലാം അവസാനിച്ചവനും മുക്തനും ജ്ഞാനത്തിൽ ഉറച്ച ചേതസ്സോടുകൂടിയവനും യജ്ഞത്തിനായി മാത്രം ആചരിക്കുന്ന കർമ്മം സമഗ്രമായി ലയിച്ചുപോകുന്നു. ഞാൻ, എന്റെ എന്ന ഭാവം നശിച്ച് കാമക്രോധാദികളെ ജയിച്ച ജീവന്മുക്തന്റെ ചിത്തം ജ്ഞാനത്തിൽ സ്ഥിത പ്രജ്ഞത നേടിക്കഴിഞ്ഞാൽ അയാൾ ആചരിക്കുന്ന കർമ്മമെല്ലാം യജ്ഞ മത്രെ. അവന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും ചൈതന്യം തുടി ച്ചുനിൽക്കുന്നു. അവൻ ചെയ്യുന്നതും പറയുന്നതും ചിദ്രൂപമായ ആത്മാ വിൽ വിലയിക്കുന്നു. സർവ്വം ബ്രഹ്മമയമായ ആ ജ്ഞാനചേതസ്സിൽ സർവ്വ കർമ്മങ്ങളും ദഹിച്ച് വിലയം പ്രാപിച്ചിരിക്കുന്നു.

ശ്ലോകം 24

ബ്രഹ്മാർപ്പണം ബ്രഹ്മഹവിർബ്രഹ്മാഗ്നൌ ബ്രഹ്മണാ ഹുതം

ബ്രഹ്മൈവ തേന ഗന്തവ്യം ബ്രഹ്മകർമ്മ സമാധിനാ

ബ്രഹ്മമാകുന്ന ഹവിസ്സ്, ബ്രഹ്മമാകുന്ന അഗ്നിയിൽ, ബ്രഹ്മത്താൽ, ബ്രഹ്മാ ർപ്പണമായി ആഹൂതി ചെയ്യപ്പെടുന്നു. ബ്രഹ്മകർമ്മസമാധിയിൽ ഉറച്ചവ നാൽ പ്രാപിക്കപ്പെടേണ്ട (അവന് യോഗ്യമായ) വസ്തു ബ്രഹ്മം മാത്രം. .കർമ്മം തന്നെ ബ്രഹ്മമായിത്തീർന്ന അവസ്ഥയാണത്. അഹം ബ്രഹ്മാസ്മി എന്നുറച്ച് സർവ്വം ഖല്വിദം ബ്രഹ്മഃ എന്നനുഭവപ്പെട്ടവന്ന് ഹവിസ്സും അ ഗ്നിയും ആഹൂതിയും എല്ലാം താനാകുന്ന ബ്രഹ്മം തന്നെ, അതിലുള്ള ബ്ര ഹ്മാർപ്പണം തന്നെ. അങ്ങിനെയിരിക്കെ, അവനെ ബന്ധിക്കാൻ വേറെ ക ർമ്മമെവിടെ. ജീവിതം ഒരു യജ്ഞമാണ് എന്നറിഞ്ഞിട്ടുള്ള ഓരോ ദാർശ നികനും ഇത്തരം അവസ്ഥ പാരാപിച്ചിട്ടുള്ളവരാണ്. ആ പൂർവ്വികഗുരു പരമ്പരയിൽ എന്റെ കുലഗുരു ഋഷികവി നാലപ്പാടനും പെടുന്നു എന്ന് സ്മരിക്കുന്നു. (ജീവിതം എന്റെ നോട്ടത്തിൽ എന്ന ചെറുകുറിപ്പ് നാലപ്പാ ടന്റെ പദ്യകൃതികൾ. മാതൃഭൂമി പബ്ലിക്കേഷൻസ്) പഞ്ചമഹായജ്ഞങ്ങളിൽ ഏറ്റവും ഉത്തമവും അസുലഭവും ബ്രഹ്മയജ്ഞമാണ്.

ശ്ലോകം 25

ദൈവമേവാപരേ യജ്ഞം യോഗിനഃപര്യുപാസതേ

ബ്രഹ്മാഗ്നാവപരേ യജ്ഞം യജ്ഞേനൈവോപജുഹ്വതി

ചിലയോഗികൾ ദൈവയജ്ഞം അനുഷ്ഠിക്കുന്നു. മറ്റു ചിലർ ബ്രഹ്മാഗ്നിയിൽ യജ്ഞത്താൽ യജ്ഞം ആഹൂതി ചെയ്യുന്നു. ദേവയജ്ഞം ബ്രഹ്മയജ്ഞത്തേക്കാളും താഴ്ന്നതാണ്. ശബ്ദം പ്രകാശമാണ്. ഇന്ദ്രിയങ്ങൾ വിഷയങ്ങളെ പ്രകാശിപ്പിക്കുന്ന ദേവന്മാരാണ്. ദേവയജ്ഞം കൊണ്ട് എങ്ങനെ ഓരോരോ ഇന്ദ്രിയങ്ങളെ സംയമം ചെയ്യാമെന്ന് അടുത്ത ശ്ലോകങ്ങളിൽ പറയുന്നു.

ശ്ലോകം 26

ശ്രോത്രാണീനിന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി

ശബ്ദാദീൻ വിഷയാനന്യ ഇന്ദ്രിയാഗ്നിഷു ജുഹ്വതി



ശ്രോത്രം മുതലായ ഇന്ദ്രിയങ്ങളെ സംയമമാകുന്ന അഗ്നിയിൽ ഹോമിച്ചിട്ട് ചിലക് ദേവയജ്ഞം നടത്തുന്നു. ശബ്ദം മുതലായ വിഷയങ്ങളെ ശ്രോത്രം മുതലായ ഇന്ദ്രിയങ്ങളാകുന്ന അഗ്നിയിൽ ഹോമിച്ചിട്ട് മറ്റു ചിലർ നടത്തുന്നു. ശ്രോത്രം ഇന്ദ്രിയമാണ്, ശബ്ദം അതിന്റെ വിഷയവും. വിഷയവും ശ്രോത്രവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കാൻ രണ്ടു മാർഗ്ഗം പറയുന്നുണ്ട്. ഇന്ദ്രിയങ്ങളെ സംയമം ചെയ്യുകയാണ് ഒന്നാമത്തെ വഴി. വിഷയങ്ങളെ ഇന്ദ്രിയങ്ങളിൽ ഹോമിക്കുന്നത് രണ്ടാമത്തെ വഴി. ആദ്യത്തെ വഴിയിൽ സംയമം അഗ്നി. രണ്ടാമത്തേതിൽ ഇന്ദ്രിയം അഗ്നി. ഇതിനെ ത്രികോണാകൃതിയിൽ വരക്കാം. സർവ്വവിഷയസുഖങ്ങളേയും അവക്ക് കാരണഭൂതമായി വർത്തിക്കുന്ന ഇന്ദ്രിയങ്ങളേയും ദഗ്ദ്ധമാക്കിയ ചാരത്തിലാണ് സംയമിയുടെ ഊർജ്ജതാണ്ഡവം. ആളുകൾക്ക് സ്തുതി കേൾക്കാനിഷ്ടമാണ്. നിന്ദ ഇഷ്ടമല്ല. ശ്രോത്രത്തിന് ഇഷ്ടവും അനിഷ്ടവുമായ രണ്ട് തരം വിഷയങ്ങളിൽ പ്രിയമോ അപ്രിയമോ തോന്നാത്ത അവസ്ഥയാണ് സംയമിയുടേത്. ഇന്നത്തെ അമ്മയുടെ (നാലപ്പാട്ട്) ഭാഷയിൽ പറഞ്ഞാൽ നാലുപുറത്തുള്ളോരെത്ര പുകഴ്ന്നാലും നിന്ദിച്ചാലും കുലുങ്ങാത്ത അവസ്ഥ. ഇതു പോലെ നേത്രവും രൂപവും തമ്മിലും ഘ്രാണേന്ദ്രിയവും ഗന്ധവും തമ്മിലും ത്വക്കും സ്പർശവും തമ്മിലും ജിഹ്വയും രസവും തമ്മിലും ഉള്ള ഇഷ്ടാ

നിഷ്ടങ്ങളെ സംയമി അഗ്നിയിൽ ഹോമിക്കുന്നു. ഓരോ ഇന്ദ്രിയത്തിന്റേയും സുഖാനുഭവത്തിന് പിന്നാലെ ഓടാനയാൾ തയ്യാറല്ല. മാംസഭക്ഷണത്തിന് നാവിന് രുചിയുണ്ടെന്നു വെച്ച് സഹജീവികളായ ആടിനേയും കോഴിയേയും പശുവിനേയും പോത്തിനേയും കൊന്നുതിന്നാനോ അവയുടെ രുചിഭേദം വർണ്ണിക്കാനോ സംയമി തയ്യാറാവുകയില്ല. അത്തരം വിഷയസുഖങ്ങളിലുള്ള കാമാസക്തി ഒരുകാലത്തും അയാളിൽ ജനിക്കുകയില്ല.ഈ ലക്ഷണം കൊണ്ട് സ്ഥിതപ്രജ്ഞനായ യോഗിയെ നമുക്ക് തിരിച്ചറിയാം.

ശ്ലോകം 27

സർവ്വാണിന്ദ്രിയകർമ്മാണി പ്രാണകർമ്മാണി ചാപരേ

ആത്മസംയമയോഗാഗ്നൌ ജുഹൂതി ജ്ഞാനദീപിതേ

ചിലർ സർവ്വ ഇന്ദ്രിയകർമ്മങ്ങളേയും പ്രാണകർമ്മങ്ങളേയും ജ്ഞാനത്താൽ ഉദ്ദീപിക്കപ്പെട്ട ആത്മസംയമമാകുന്ന യോഗാഗ്നിയിൽ ആഹൂതി ചെയ്യുന്നു. കാണുക,കേൾക്കുക, ഘ്രാണിക്കുക, സ്പർശിക്കുക, രുചിക്കുക ഇവയൊക്കെ ഇന്ദ്രിയകർമ്മങ്ങളാണ്. ഭക്ഷണം കഴിക്കുക, ഉറങ്ങുക,വിസർജ്ജിക്കുക, വംശവ്യദ്ധിക്കായി ഇണ ചേരുക ഇവ പ്രാണകർമ്മങ്ങളാണ്. യോഗികൾ ജ്ഞാനം കൊണ്ട് ആത്മസംയമത്തെ ജ്വലിപ്പിക്കുന്നു. ആ യോഗാഗ്നിയിൽ ഇന്ദ്രിയജന്യമായ കർമ്മങ്ങലേയും പ്രാണകർമ്മങ്ങളേയും ഹോമിച്ചുകളയുന്നു. ജ്ഞാനമാർഗ്ഗമാണിത്. ഇണ ചേരുക എന്ന കർമ്മത്തെ ബൈബിൾ പാപമായി കരുതുന്നു. വംശവ്യദ്ധിക്കുള്ള പ്രാണിധർമ്മമായിട്ടാണ് ഭാരതീയർ അതിനെ കരുതുന്നത്. മഹത്തായ ഈ ഭാവന കൊണ്ട് പാപമെന്ന് ഒന്നില്ലാത്ത മാനസികാവസ്തയിലേക്ക് ഉയരാൻ സാധിക്കുന്നു. സർവ്വകർമ്മങ്ങളേയും ആത്മസംയമമെന്ന യോഗാഗ്നിയിൽ ദഹിപ്പിക്കുന്ന സ്ഥിതപ്രജ്ഞനായ ജ്ഞാനയോഗിയെ ഈ ശ്ലോകത്തിൽ വർണ്ണിക്കുന്നു.

ശ്ലോകം 28

ദ്രവ്യയജ്ഞാസ്തപോയജ്ഞാ യോഗയജ്ഞാസ്തഥാപരേ

സ്വാദ്ധ്യായജ്ഞാനയജ്ഞാശ്ച യതയഃസംശിതവ്രതാഃ

യജ്ഞബുദ്ധിയോടെ തീർത്ഥങ്ങളിൽ ദ്രവ്യവിനിയോഗം ചെയ്യുന്നത് ദ്രവ്യയജ്ഞം. ധർമ്മമാർഗ്ഗത്തിലൂടെ സമ്പാദിച്ച ധനം നാടിന്റേയും നാട്ടുകാരുടേയും നന്മക്കായി ദാനം ചെയ്യുന്നതാണ് ദ്രവ്യയജ്ഞം. ഇത് തീർത്ഥങ്ങലിൽവെച്ചാണ് പണ്ട് അനുഷ്ഠിച്ചിരുന്നത്. ഭാരതത്തിലെ ഓരോ ധനികനും ഓരോ ദരിദ്രകുടുംബത്തെ ദത്തെടുത്ത് അവരെ സഹായിക്കയും സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കയും ചെയ്താൽ ഇന്നത്തെ ദാരിദ്ര്യാവസ്ഥക്ക് മോചനമുണ്ടാവുമായിരുന്നു. ചിലപ്പതികാരത്തിലെ കോവലൻ ദ്രവ്യയജ്ഞം ചെയ്തിരുന്നു. ക്ഷത്രിയ വൈശ്യഗുണമുള്ളവർക്ക് ദ്രവ്യയജ്ഞം ഉചിതമാണ്. തപസ്വികളുടെ തപസ്സ് തപോയജ്ഞം. തപം എന്ന പദത്തിന് ചൂട് എന്നാണ് അർത്ഥം. വിചാരത്തെ ചുട്ടുപഴുപ്പിച്ച ലോഹത്തകിടാക്കി, ആത്മാവിനെ അതിൽ സ്ഫുടം ചെയ്തെടുക്കുന്ന തപശ്ചര്യ ശാസ്ത്രജ്ഞന്മാർക്കും ദാർശനികന്മാർക്കും കവികൾക്കും സ്വായത്തമാണ്. ശരീരത്തിന്റെ സന്തുലിതാവസ്ഥക്ക് അത്യാവശ്യമായ മസ്തിഷ്കത്തിന്റെ തെർമ്മോസ്റ്റാസിസ് ധ്യാനാവസ്ഥയിലാണ് മനുഷ്യനു ലഭിക്കുന്നത്. ശാസ്ത്രജ്ഞനും കവി

യും ദാർശനികനും യോഗിയെപ്പോലെ താന്താങ്ങളുടെ ധ്യാനത്തിൽ മുങ്ങി മറ്റെല്ലാം മറന്ന് തപസ്സനുഷ്ഠിക്കുന്നവരാണ്. അവരുടെ ഏകാഗ്രധ്യാനമാണ് തപോയജ്ഞം.

അദ്ധ്യാതമശാസ്ത്രപഠനത്തെ സ്വാദ്ധ്യായമെന്ന് പറയുന്നു. തപോയജ്ഞത്തിൽ സ്വാനുഭൂതിക്കാണ് പ്രാധാന്യം. സ്വാദ്ധ്യായത്തിൽ പരാനുഭൂതിക്കും പ്രാധാന്യമുണ്ട്.മറ്റുള്ള മഹാപുരുഷന്മാരും പൂർവ്വികരും പണ്ട് പറഞ്ഞുതന്ന അദ്ധ്യാത്മശാസ്ത്രങ്ങളെ പഠനം ചെയ്ത് സ്വാനുഭൂതിയെ അപരാനുഭൂതികളോട് തട്ടിച്ചുനോക്കുന്നത് സ്വാദ്ധ്യായയജ്ഞത്തിലാണ്. അനാത്മമായ സർവ്വത്തേയും നിഷേധിക്കയും ആത്മഭാവത്തെ ഉറപ്പിക്കയും ചെയ്യുന്ന നിത്യാനിത്യവസ്തുവിവേകത്തെ ജ്ഞാനലക്ഷണമെന്ന് അറിയുക. ദ്രവ്യയജ്ഞം മറ്റു യജ്ഞങ്ങളേക്കാളും താഴെയാണെങ്കിലും അതും അനുഷ്ഠിക്കേണ്ടതാണ്. തപസ്സ്, സ്വാദ്ധ്യായം , ജ്ഞാനം ഇവ കൊണ്ട് ബ്രാഹ്മണ്യം നേടുന്നു. പ്രാണായാമപ്രത്യാഹാരലക്ഷണമുള്ള യോഗം യോഗയജ്ഞം.സ്വാദ്ധ്യായം ജ്ഞാനയജ്ഞം. യഥാവിധി ഋഗ്വേദാദികളെ പഠിക്കുന്നതാണ് ജ്ഞാനയജ്ഞം.ശാസ്ത്രാർത്ഥപരിജ്ഞാനം സ്വാദ്ധ്യായ, ജ്ഞാനയോഗങ്ങളുടെ ലക്ഷണമാണ്. യതി യതനശീലനും സംശിതവ്രതനും ശീതോഷ്ണാദികളെ സമമായി സഹിക്കാനുള്ള കഴിവു നേടിയവനുമാണ്. .ഇപ്രകാരം ദൃഢവ്രതരായ യതിമാരുടെ എണ്ണം ഭാരതത്തിൽ ധാരാളമാണ്.

ശ്ലോകം 29

അപാനേ ജുഹ്വതി പ്രാണം പ്രാണേപാനം തഥാപരേ

പ്രാണാപാനഗതീരുദ്ധ്വാ പാരാണായാമപരായണാഃ

പ്രാണായാമപരായണരായ ആളുകൾ പ്രാണൻ,അപാനൻ,എന്നിവയുടെ ഗതിയെ അടക്കിനിർത്തിയിട്ട് പ്രാണനെ അപാനനിലും അപാനനെ പ്രാണനിലും ആഹൂതി ചെയ്യുന്നു. പ്രാണായാമം യോഗപദ്ധതിയിലെ ഘടകമാണ്. ഇന്ദ്രിയവിഷയഗ്രഹണത്തിന് ആവശ്യമായ പ്രാണൻ ശരീരത്തിലെ സർവ്വ ചേഷ്ടകൾക്കും കാരണമാണ്. പ്രാണൻ സ്തംഭിച്ചാൽ ശരീരം ചേഷ്ടയറ്റു കിടക്കുന്നു. വ്യാനൻ ഭക്ഷണത്തെ ദഹിപ്പിക്കയും വലിച്ചെടുക്കുകയും ചെയ്യുന്ന വായുവാണ്. വലിച്ചെടുക്കുന്ന അന്നരസത്തെ ശരീരത്തിന്റെ എല്ലാ കലകളിലും രക്തക്കുഴലുകളിലൂടെ എത്തിക്കുന്നത് സമാനനാണ്. ഉദാനൻ മനസ്സ് ,ബുദ്ധി ഇവയെ വികസിപ്പിക്കുകയും ഉന്നതതലങ്ങളിലേക്ക് നയിക്കുകയും ചെ്യുന്ന കേന്ദ്രനാഡീവ്യൂഹത്തിലെ വായുവാണ്. അപാനൻ വിസർജ്ജനത്തെ നിയന്ത്രിക്കുന്നു. അകത്തേക്കു വലിക്കുന്ന പ്രാണനെ പുറത്തുവിടുന്ന അപാനനിലും മറിച്ചും ഹോമിക്കുന്ന പൂരകം, കുംഭകം എന്നീ പ്രക്രിയകൾ ചെയ്യുന്നതിനെ പ്രാണായാമം എന്ന് സാധാരണയായി പറഞ്ഞുവരുന്നു. ശരീരത്തിലെ വായുസഞ്ചാരം സുഗമവും സമവുമാകുന്നതു വഴി ശരീരത്തിന് ആയാസവും ആരോഗ്യവും കൈവരുന്നു. മനസ്സ് സ്വഛമാകയും ബുദ്ധി തെളിയുകയും ചെയ്യുന്നു. ഈ പ്രാണാായാമവും ഒരു വിധത്തിലുള്ള യജ്ഞമാണ്.

ശ്ലോകം 30

അപരേ നിയതാഹാരാഃപ്രാണാൻ പ്രാണേഷു ജൂഹ്വതി

സർവ്വേപ്യേതേ യജ്ഞവിദോ യജ്ഞക്ഷപിതകന്മഷാഃ

ചിലർ പരിമിതമായ ആഹാരം കഴിച്ചും ഉപവസിച്ചും പ്രാണനെ പ്രാണനിൽ ഹോമിക്കുന്നു. ഇവരെല്ലാം യജ്ഞവിത്തുകളാണ്. യജ്ഞത്താൽ കളങ്കരഹിതരുമാണ്. ഉപവാസം,വ്രതം മുതലായവയിലൂടെ ആഹാരനിയന്ത്രണം ചെയ്യുന്ന പതിവ് ലോകത്തെല്ലായിടത്തും എല്ലാ മതത്തിലുമുണ്ട്. ഇത്തരം നോമ്പുകൾ നോറ്റ് പ്രാണനിൽത്തന്നെ പ്രാണനിൽ ഹോമിക്കുന്നതിനേയും യജ്ഞമെന്നാണ് ഗീത വിളിക്കുന്നത്. വൈദികമായ യാഗത്തെ മാത്രമല്ല, ഗീത യജ്ഞമെന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. ഇന്ദ്രനെ ഉദ്ദേശിച്ച യാഗത്തെ ഗോവർദ്ധനപൂജയാക്കി മാറ്റിയ വിപ്ലവകാരിയും സമൂഹപരിഷ്കർത്താവുമായ ഗോവിന്ദന്റെ ഗീത അങ്ങനെ പറഞ്ഞില്ലെങ്കിലാണ് അത്ഭുതം.

ശ്ലോകം 31

യജ്ഞശിഷ്ടാമൃതഭുജോ യാന്തി ബ്രഹ്മസനാതനം

നായം ലോകോസ്തു യജ്ഞസ്യ കൃതോനു കുരുസത്തമ

യജ്ഞശിഷ്ടമായ അമൃതം ഭുജിക്കുന്നവൻ സനാതനമായ ബ്രഹ്മലോകം പ്രാപിക്കുന്നു. യജ്ഞം ചെയ്യാത്തവർക്ക് ഈ ലോകം തന്നെയില്ല. പിന്നെയെന്ത് പരലോകം. 23ആം ശ്ലോകം മുതൽ 30ആം ശ്ലോകം വരെ യജ്ഞത്തേയും അതിന്റെ വകഭേദങ്ങളേയും പറഞ്ഞു. അവ ആചരിച്ചുകൊണ്ട്, യജ്ഞശിഷ്ടമായ അമൃതം ഭുജിച്ചുകൊണ്ട് ജീവിക്കുന്നവർ ഈ ജന്മത്തിൽത്തന്നെ ശാന്തിയും സുഖവും അടയുന്ന ജീവന്മുക്തനാണ്. പുനർജന്മമില്ലാത്തവനാണ്. യജ്ഞമൊന്നും ചെയ്യാതെ സ്വാർത്ഥസുഖത്തിനായി മാത്രം സമ്പത്ത് ശേഖരിക്കയും സ്വാദ്ധ്യാദികൾ ചെയ്യാതെയും ജീവിക്കുന്നവർക്ക് ഈ ലോകത്തിൽത്തന്നെ ശാന്തി കിട്ടുന്നില്ല, പിന്നെയാണോ പരലോകത്തിലെ ശാന്തി. യാതനാപൂർവ്വം പിതൃലോകങ്ങളിൽ കഴിഞ്ഞുകൂടി വീണ്ടും വീണ്ടും തിര്യഗ് യോനിയിലും മനുഷ്യയോനിയിലും വന്ന് ജനിക്കുന്നു. ജനിമൃതിചക്രം ആവർത്തിക്കുന്നു. ബ്രഹ്മത്വം പ്രാപിച്ച ജീവൻ ധർമ്മത്തിനു ഹാനി സംഭവിക്കുമ്പോൾ മാത്രമാണ് ധർമ്മസംസ്ഥാപനാർത്ഥം, താൻതന്നെ തെരഞ്ഞെടുത്ത മാതാപിതാക്കളുടെ യോനിയിൽ സ്വയം അവതരിക്കുന്നത്. മറ്റുള്ളവർ സ്വന്തം ഇച്ഛക്ക് വിപരീതമായി, ഏതെങ്കിലും യോനിയിൽ ചെന്ന് വീഴുകയാണ്. അവതാരത്തിന് കർമ്മമുണ്ടെങ്കിലും കർമ്മബന്ധമില്ല. സാധാരണ ജനത്തിന് കർമ്മബന്ധങ്ങളുടെ ബന്ധനത്തിൽനിന്ന് മോചനം നേടാനുള്ള മാർഗ്ഗങ്ങളാണ് യജ്ഞങ്ങൾ.

ശ്ലോകം 32

ഏവം ബഹുവിധാ യജ്ഞാ വിതതാ ബ്രഹ്മണോ മുഖേ

കർമ്മജാൻ വിദ്ധി താൻ സർവ്വാനേവം ജ്ഞാത്വാ വിമോക്ഷ്യസേ

ഇപ്രകാരം ബഹുവിധങ്ങളായ യജ്ഞങ്ങൾ ബ്രഹ്മമുഖത്തുനിന്ന് വിസ്തൃതങ്ങളായി ഉത്ഭവിച്ചു. ആ യജ്ഞങ്ങളും കർമ്മജങ്ങൾ തന്നെയാണെന്ന് ധരിക്കുക. അപ്രകാരം അറിഞ്ഞ് മോക്ഷം പ്രാപിക്കുക.യജ്ഞങ്ങളും കർമ്മജങ്ങളായതുകൊണ്ട്, അവയെപ്പോലും അവസാനം ഉപേക്ഷിച്ചുവേണം മുക്തനായി പരമപദം പ്രാപിക്കാനെന്ന് 2ആം അദ്ധ്യായം 51ആം ശ്ലോകത്തിൽ

പറഞ്ഞതിനെ ആവർത്തിക്കുന്നു. യജ്ഞം കർമ്മത്തിൽനിന്നു ജനിച്ചവയും ബ്രഹ്മപദത്തിലേക്ക് നയിക്കുന്നവയുമായ വിസ്തൃതമാർഗ്ഗമാണ്. സർവ്വഗതമായ ബ്രഹ്മത്തിന്റെ പ്രതിഷ്ഠാനമാണ് (അ. 2. ശ്ലോ 14, 15)കർമ്മം ജ്ഞാനത്തിലേക്ക് ക്രമേണ നയിച്ചുകൊണ്ടുപോകേണ്ടതിന്റെ അനിവാര്യത പറയുന്നു. സർവ്വജ്ഞപുരുഷനായ ബ്രഹ്മജ്ഞാനി ജ്ഞാനത്തിൽനിന്ന്, തന്നെ ബന്ധിക്കാത്ത കർമ്മയോഗത്തിലേക്ക് യഥേഷ്ടം അവതാരമായി ഇറങ്ങിവന്നു. സാധാരണക്കാരൻ കർമ്മപാശത്തെ യജ്ഞത്താൽ മുറിച്ച് ജ്ഞാനമാർഗ്ഗത്തിലേക്കും ബ്രഹ്മപദത്തിലേക്കും യാത്ര ചെയ്യണം. അവരോഹണവും ആരോഹണവും ക്രമത്തിൽ ആവർത്തിക്കുന്നു. രാത്രി പോയാൽ പകലും പകൽ പോയാൽ രാത്രിയും വരുന്ന അഹോരാത്രരൂപമായ പ്രപഞ്ചക്രമത്തിൽ അതങ്ങനെയല്ലാതെ വരാൻ വയ്യ. ഈ ദൈവസൃഷ്ടിക്രമം അഥവാ ഗഹനമായ കർമ്മമാർഗ്ഗത്തിന്റെ ഗൂഢം അറിഞ്ഞവൻ അതിൽനിന്ന് മുക്തനാവുന്നു. അറിയാത്തവൻ ബദ്ധനും.

ശ്ലോകം 33

ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാദ് ജ്ഞാനയജ്ഞഃപരംതപ

സർവ്വം കർമ്മാഖിലം പാർത്ഥ ജ്ഞാനേ പരിസമാപ്യതേ

ദ്രവ്യമയങ്ങളുടെ യജ്ഞത്തേക്കാൾ ശ്രേയസ്കരമാണ് ജ്ഞാനയജ്ഞം. സർവ്വകർമ്മങ്ങളും ജ്ഞാനത്തിൽ ചെന്ന് അവസാനിക്കുന്നു. കർമ്മത്തേക്കാൾ ശ്രേഷ്ഠം ജ്ഞാനമെന്ന് കൃഷ്ണൻ വീണ്ടും എടുത്തുപറയുന്നു. എങ്കിലും ജ്ഞാനയജ്ഞം എല്ലാവർക്കും എളുപ്പം സാധിക്കുന്ന ഒന്നല്ല. നേരത്തേ പറഞ്ഞ യജ്ഞങ്ങളിൽ ഏതെങ്കിലും ഒന്ന് അവനവന്റെ കഴിവനുസരിച്ച് തെരഞ്ഞെടുക്കാൻ പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. കർമ്മം ചെയ്തുകൊണ്ടേ ഇരിക്കണം. ജ്ഞാനമാർഗ്ഗത്തിലേക്ക് സ്വയം പ്രവേശിക്കാനാവുന്നില്ലെങ്കിൽ ഗുരുവിന്റെ സഹായം തേടണം. ഗുരു ജ്ഞാനതപസ്വിയായിരിക്കണം. സാധാരണക്കാരന് ജ്ഞാനതപസ്സു ചെയ്യാൻ മനഃസന്നദ്ധത ഇല്ലാത്തതിനാലാണ് അയാൾക്കത് സാധിക്കാത്തത്. ചുരുങ്ങിയ പക്ഷം ജ്ഞാനതപസ്വിയായ ഗുരുവിനെ ആശ്രയിച്ച് അദ്ദേഹത്തിൽനിന്ന് ഗ്രഹിച്ചിട്ടെങ്കിലും ക്രമത്തിൽ ജ്ഞാനമാർഗ്ഗം പൂകാൻ ശ്രമിക്കണം.

ശ്ലോകം 34

തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ

ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്വദർശിനഃ

പ്രണമിച്ചിട്ടും പ്രശ്നം ചോദിച്ചിട്ടും സേവിച്ചിട്ടും തത്വദർശികളായ ജ്ഞാനികളിൽനിന്ന് ലഭിക്കുന്ന ജ്ഞാനോപദേശം സ്വീകരിക്കുക. അർജ്ജുനൻ ഭാഗ്യവാനാണ്. നേരിട്ട് കൃഷ്ണനിൽനിന്നാണല്ലോ ഉപദേശം സ്വീകരിക്കുന്നത്.

ശ്ലോകം 35

യജ്ഞാത്വാ ന പുനർമോഹമേവം യാസ്യസി പാണ്ഡവ

യേന ഭൂതാന്യശേഷേണ ദ്രക്ഷ്യസ്യാത്മനി അഥോ മയി

ഹേ,പാണ്ഡവാ, യാതൊന്നിനെ അറിഞ്ഞിട്ട് വീണ്ടും ഇപ്രകാരം മോഹം ഉണ്ടാവുകയില്ലയോ, ഏതൊന്നുകൊണ്ട് സർവ്വജീവജാലങ്ങളേയും സ്വാത്മാവിലും പിന്നീട് എന്നിലും നീ ദർശിക്കുമോ, അതിനെ അറിഞ്ഞാലും. ബ്രഹ്മജ്ഞാനിക്ക് ജീവിതത്തിൽ മായാമോഹങ്ങളുണ്ടാവുകയില്ല. ബ്രഹ്മജ്ഞാനി സർവ്വചരാചരങ്ങളേയും സ്വാത്മാവിൽ ദർശിക്കുന്നു. സർവ്വത്തിലും ദർശിക്കുന്നു. ആ വിശ്വരൂപദർശനത്തിലേക്ക് ആമുഖമാണ് ഈ വരികൾ. തൂണിലും തുരുമ്പിലും ഈശ്വരനുണ്ട്. ശാവാസ്യമിദം സർവ്വം. എന്നിലും നിന്നിലും സർവ്വചരാചരങ്ങളിലും ഈശ്വരനുണ്ട്. എന്നിലും നിന്നിലും സർവ്വചരാചരവുമുണ്ട്. എന്നിലും നിന്നിലും പ്രപഞ്ചവുമുണ്ട്. പ്രപഞ്ചത്തിൽ, ഞാനല്ലാതെ, ഈശ്വരനല്ലാതെ മറ്റൊന്നില്ല. ആ ദർശനത്തിലേക്കാണ് ഗുരു ശിഷ്യനെ നയിക്കുന്നത്.

ശ്ലോകം 36

അപി ചേദസി പാപേഭ്യഃ സർവ്വേഭ്യഃ പാപകൃത്തമ-

സർവ്വം ജ്ഞാനപ്ലുവേനൈവ വൃജിനം സംതരിഷ്യതി

പാപകൃത്തുക്കളായ സർവ്വരിലും വെച്ച് പാപിയായവൻപോലും സർവ്വ ദുഃഖസാഗരങ്ങളേയും ജ്ഞാനമാകുന്ന പ്ലവം കൊണ്ട് തരണം ചെയ്യും. അപ്പോൾപിന്നെ അർജ്ജുനന്റെ കഥ പറയാനുണ്ടോ. ജ്ഞാനം സർവ്വപാപത്തേയും എരിച്ചുകളയുന്ന അഗ്നിയാണ്. സംസാരസാഗരം എളുപ്പം തരണം ചെയ്യിക്കുന്ന നൌകയാണ്. അതിനെ പ്രാപിച്ചവന് പാപപുണ്യങ്ങളെക്കുറിച്ച് വേവലാതിപ്പെടാനില്ല.

ശ്ലോകം 37

യഥൈധാംസി സമിദ്ധോഗ്നിർഭസ്മസാത്കുരുതേർജ്ജുന

ജ്ഞാനാഗ്നിഃസർവ്വകർമ്മാണി ഭസ്മസാത് കുരുതേ തഥാ

ഏതു വിധത്തിൽ ജ്വലിക്കുന്ന അഗ്നി വിറകുകൊള്ളികളെ ഭസ്മമാക്കുന്നുവോ, അതുപോലെ ജ്ഞാനാഗ്നി സർവ്വകർമ്മങ്ങലേയും ഭസ്മമാക്കുന്നു. അതിനാൽ ജ്ഞാനിക്ക് പുണ്യപാപങ്ങളുടെ ദ്വന്ദ്വഭാവം അശേഷം ഇല്ലാതായിത്തീരുന്നു.

ശ്ലോകം 38

ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ

തത്സ്വയം യോഗസംസിദ്ധഃ കാലേനാത്മനി വിന്ദതി

ഇവിടെ ജ്ഞാനത്തിനു സദൃശമായിട്ട് പവിത്രമായ യാതൊന്നും തന്നെയില്ല. അതാകട്ടെ, യോഗസംസിദ്ധി നേടിയ വ്യക്തി കാലക്രമത്തിൽ സ്വയം ആത്മാവിൽ പ്രാപിക്കുന്നതാണ്. അതീന്ദ്രിയജ്ഞാനം അഥവാ ആത്മീയജ്ഞാനം സ്വയം പ്രകാശിക്കുന്നതാണ്. കാലക്രമത്തിലാണ് ജ്ഞാനി അതിനെ അറിയുന്നത്. ഗുരു അതിലേക്ക് നയിക്കുന്നു എന്നല്ലാതെ, സ്വാനുഭൂതി സ്വന്തം ആത്മാവിൽത്തന്നെ ഉണ്ടാവണം. ആ അതീന്ദ്രിയജ്ഞാനത്തിന് തുല്യമായിട്ടും അത്രത്തോളം പവിത്രമായിട്ടും ലോകത്തിൽ യാതൊന്നുമില്ല എന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു.

ശ്ലോകം 39

ശ്രദ്ധാവാൻ ലഭതേ ജ്ഞാനം തത്പരം സംയതേന്ദ്രിയഃ

ജ്ഞാനം ലബ്ധ്വാ പരാം ശാന്തിമചിരേണാധിഗച്ഛതി

ശ്രദ്ധയുള്ളവനും താൽപ്പര്യമുള്ളവനും ഇന്ദ്രിയങ്ങളെ അടക്കിയവനും ജ്ഞാനം ലഭിക്കുന്നു. ജ്ഞാനം ലഭിച്ചാൽ വേഗത്തിൽ പരമമായ ശാന്തി പ്രാപിക്കുന്നു. ഗുരൂപദേശമായാലും ശാസ്ത്രമായാലും പഠിക്കുന്ന വിഷയത്തിൽ താൽപര്യവും ശ്രദ്ധയും ഉണ്ടാവണം. ഇന്ദ്രിയവിഷയങ്ങളെ മറ്റു വിഷയങ്ങളിൽനിന്ന് പിൻവലിക്കണം. ജ്ഞാനസമ്പാദനത്തിൽ ഏകാഗ്രമായ വിചാരത്തോടുകൂടിയിരിക്കുന്ന അത്തരമൊരാൾക്ക് തീർച്ചയായും ജ്ഞാനം ലഭിക്കും. ജ്ഞാനം ലഭിച്ചാൽ ശാന്തിയും ലഭിക്കും. സമാധിയുടെ ശാന്തമായ ഉജ്വലമുഹൂർത്തങ്ങലിലെ ശാന്തി അനുഭവപ്പെടും.

ശ്ലോകം 40

അജ്ഞശ്ചാശ്രദ്ധധാനശ്ച സംശയാത്മാ വിനശ്യതി

നായം ലോകേസ്തി ന പരോ ന സുഖം സംശയാത്മനഃ

അജ്ഞാനി,അശ്രദ്ധൻ, സംശയാത്മാവെന്നിവർ നശിച്ചുപോകുന്നു. സംശയാത്മാവിന് ഈ ലോകത്തിലും പരലോകത്തിലും സുഖം കിട്ടുകയില്ല.To be or not to be എന്ന് സംശയിക്കുന്ന ഹാംലറ്റുകളുടെ സംശയം അനുഭവിക്കുന്നവന് ശാന്തിയും സുഖവും എവിടെ. ആത്മവിശ്വാസമില്ലാത്തവന് സുഖവും ശാന്തിയും എങ്ങനെ കിട്ടും. ആത്വിശ്വാസമുള്ളവനേ മറ്റുള്ളവരെ വിശ്വാസമുണ്ടാവുകയുള്ളു. ശ്രദ്ധാപൂർവ്വം അറിവോടും ആത്മവിശ്വാസത്തോടും ചെയ്യുന്ന കർമ്മത്തിൽനിന്ന് കടകവിരുദ്ധമാണ് അശ്രദ്ധമായി, അറിവില്ലാതെ ആത്മവിശ്വാസമില്ലാതെ ചെയ്യുന്ന കർമ്മം. കർമ്മത്തിന്റെ ഗുണനിലവാരത്തിൽനിന്ന് അറിയാം എത്രത്തോളം ജ്ഞാനത്തോടും ശ്രദ്ധയോടും വിശ്വാസത്തോടുമാണ് അതനുഷ്ഠിക്കപ്പെട്ടതെന്ന്. അർജ്ജുനനെന്ന യോദ്ധാവിന് യുദ്ധക്കളത്തിൽ ഇപ്പോൾ ചെയ്യേണ്ട കർമ്മം ഹിംസാത്മകമായ യുദ്ധമാണ്. എന്തു ഭാവനയോടെയാണ് അർജ്ജുനൻ അത് ചെയ്യേണ്ടത്. പ്രജാഹിതത്തിനു വേണ്ടി കടമയായി ചെയ്യുന്ന ഒന്ന് എന്നു മാത്രം കരുതിചെയ്യണം. വിദ്വേഷമോ പകയോ കൂടാതെ, ഞാനാണിത് ചെയ്യുന്നതെന്ന അഹന്ത കൂടാതെ , ശ്രദ്ധയോടും താൽപര്യത്തോടും ആത്മവിശ്വാസത്തോടും സംയതേന്ദ്രിയനായി ചെയ്യണം. ഏതു പ്രവർത്തിയും അങ്ങനെയാണ് ചെയ്യേണ്ടത്. സംശയങ്ങൾ അസുഖം ജനിപ്പിക്കുന്നവയാണ്. യുദ്ധം ചെയ്യാമോ, അത് ഹിംസയല്ലേ, അധർമ്മമല്ലേ , വർണ്ണസങ്കരം വരില്ലേ മുതലായ സംശയങ്ങളുമായി യുദ്ധം ചെയ്താൽ ധീരജവാനായ അദ്ദേഹത്തിന് തന്റെ കടമ ചെയ്യാനാവില്ല. അതിനാണ് കൃഷ്ണൻ ഉപദേശിക്കുന്നത്.

ശ്ലോകം 41

യോഗസന്യസ്തകർമ്മാണാം ജ്ഞാനസംച്ഛിന്നസംശയം

ആത്മവന്തം ന കർമ്മാണി നിബധ്നന്തി ധനഞ്ജയ

ഹേ, ധനഞ്ജയാ, സന്യാസയുക്തമായ കർമ്മത്താലും ജ്ഞാനത്തോടും സർവ്വസംശയങ്ങളേയും വിഛേദിച്ച് ആത്മസാക്ഷാത്കാരം നേടിയവനെ കർമ്മങ്ങളൊന്നും ബന്ധിക്കുന്നില്ല.

സന്യാസശീലരാമപ്പണ്ടുള്ളോരുടെ ധന്യസ്മരണ നിന്നുള്ളിൽ നിന്നാൽ

അമ്മതന്നോമനക്കൊച്ചുമിടുക്കന്നു നന്മയല്ലാതെയൊന്നില്ലയല്ലോ (നാലപ്പാട്ട്)

എന്ന ഇന്നത്തെ അമ്മയുടെ ആശീർവ്വാദം ഇവിടെ സ്മരിക്കുന്നു.

ശ്ലോകം 42

തസ്മാദജ്ഞാനസംഭൂതം ഹൃതസ്ഥം ജ്ഞാനസിനാത്മനഃ

ഛിത്വൈനം സംശയം യോഗമാതിഷ്ഠോത്തിഷ്ഠ ഭാരത

അതിനാൽ അജ്ഞാനസംഭൂതമായി, നിന്റെ ഹൃദയത്തിൽ ഇരിക്കുന്ന സംശയത്തെ ജ്ഞാനമാകുന്ന അസി (വാൾ) കൊണ്ട് ഛേദിച്ച് യോഗസ്ഥനായിക്കൊണ്ട് ഹേ, ബ്രഹ്മവിദ്യാരതനായ ഭാരതാ, എഴുനേൽക്കുക.

യോഗസ്ഥനായിക്കൊണ്ട് (യോഗത്തിൽ സ്ഥിതി ചെയ്തുകൊണ്ട്) എഴുനേൽക്കു എന്ന് പറയുന്നത് പ്രാണങ്ങളെ അടക്കി ഏതെങ്കിലും യോഗാസനത്തിൽ അമർന്നുകൊണ്ടുള്ള യോഗപദ്ധതിയെയല്ല സൂചിപ്പിക്കുന്നത്. ജ്ഞാനയോഗത്തെയാണ്. യോഗം ആതിഷ്ഠ ഉത്തിഷ്ഠ എന്നാണ് പറയുന്നത്. ജ്ഞാനകർമ്മസന്യാസയോഗത്തിൽ കർമ്മത്തെ മുഴുവനുമായി ഉപേക്ഷിക്കാനല്ല, ജ്ഞാനം കൊണ്ട് കർമ്മത്തെ എരിച്ചുകളഞ്ഞ് സന്യാസശീലനായി ഉത്തമമായ കർമ്മത്തെ അതീവ ശ്രദ്ധയോടെ ആചരിക്കാനാണ് പറയുന്നത്. കർമ്മത്തെ ബ്രഹ്മാർപ്പണമായി ചെയ്യാനാണ് നിർദ്ദേശിക്കുന്നത്.

അദ്ധ്യായം 5 കർമ്മസന്യാസയോഗം

സന്യാസയോഗം അഥവാ ജ്ഞാനയോഗം നിഃശ്രേയസം തരുന്നു. കർമ്മയോഗത്തിൽവെച്ച് ഉത്തമമാണ് കർമ്മസന്യാസം. അതും നിഃശ്രേയസഹേതുകമാണ്. അഭ്യുദയം വേണമെന്ന് വിചാരിക്കുന്നവർക്ക് കർമ്മയോഗമാണ് ഉത്തമം. ഈ അദ്ധ്യായത്തിന് സന്യാസയോഗമെന്ന് പണ്ഡിറ്റ് ഗോപാലൻനായരും , കൃഷ്ണാവബോധത്തിൽ പ്രവർത്തനമെന്ന് ഭക്തിവേദാന്തപ്രഭുപാദരും പേരു കൊടുക്കുന്നു. നാലാം അദ്ധ്യായത്തിൽ ഭഗവാൻ ,ഞാൻ ഇത് വിവസ്വാനെ(സൂര്യൻ) പഠിപ്പിച്ചു, വിവസ്വാനിൽനിന്ന് മനനം ചെയ്യുന്നവന് (മനു) ലഭിച്ചു എന്ന് പറഞ്ഞിട്ടുണ്ട്.24 മണിക്കൂറും സർവ്വചരാചരങ്ങൾക്കും വെളിച്ചവും ഊർജ്ജവും പ്രദാനം ചെയ്യുക എന്ന കർമ്മം ചെയ്യുന്നവനാണ് സൂര്യൻ.എന്നാൽ ഒരു കർമ്മവും ചെയ്യുന്നുമില്ല.ഒരു കർമ്മവും ചെയ്യാതെ ലോകത്തെ മുഴുവനും കർമ്മനിരതമാക്കിക്കൊണ്ടിരിക്കുന്ന സൂര്യനാണ് ഏറ്റവും നല്ല സന്യാസി എന്ന് വിനോബ ഭാവേ സമർത്ഥിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ സന്യാസത്തിന്റെ രണ്ടുവിധം പ്രകാരങ്ങളെ താരതമ്യപ്പെടുത്തുന്നു. 1. ഇരുപത്തിനാലു മമിക്കൂറും കർമ്മം ചെയ്തിട്ടും ന്നും ചെയ്യാതിരിക്കുക. 2. ഒരു നിമിഷമെങ്കിലും ഒന്നും ചെയ്യാതെ എല്ലാം ചെയ്യുക.സംസാരിച്ചുകൊണ്ട്

മൌനമായിരിക്കുന്നതും, മൌനമായിരുന്നുക1ണ്ട് വാചാലനാവുന്നതും തമ്മിലുള്ള താരതമ്യപഠനം ചെയ്യുമ്പോൾ ,ഭാഷയുടേയും ശബ്ദത്തിന്റേയും പരിധിയിലൊതുങ്ങാത്ത ഒരു ദിവ്യമൌനം നമ്മെ ചുഴന്നുനിൽക്കുന്നു. ആരാണ് ശ്രേഷ്ഠൻ. കർമ്മയോഗിയായ സന്യാസിയോ .കർമ്മയോഗിയോ. നാലാം അദ്ധ്യായത്തിൽ യജ്ഞങ്ങളെ വിവരിച്ചു. ആറാം അദ്ധ്യായത്തിൽ ധ്യാനയോഗത്തെ വിവരിക്കുന്നതിന്നു മുമ്പ് കർമ്മസന്യാസത്തെക്കുറിച്ച് പറയുന്നു.

ജ്ഞാനം+ കർമ്മം = ജ്ഞാനം +കർമ്മാഭാവം അതിനാൽ,

കർമ്മം =കർമ്മാഭാവം എന്ന് ഗണിതസമവാക്യമായി നോക്കുമ്പോൾ, ജ്ഞാനിക്ക് കർമ്മവും കർമ്മാഭാവവും ഒന്നുതന്നെയാണ്. അതിനാൽ ജ്ഞാനിക്ക് കർമ്മവും കർമ്മസന്യാസവും തമ്മിൽ ഭേദമില്ല.

ശ്ലോകം 1. അർജ്ജുന ഉവാചഃ

സന്യാസം കർമ്മണാം കൃഷ്ണ പുനർയോഗം ച ശംസസി

യച്ഛ്രേയ ഏതയോരേകം തന്മേ ബ്രൂഹി സുനിശ്ചിതം

കൃഷ്ണാ, അങ്ങ് കർമ്മങ്ങളെ സന്യസിക്കുന്നതിനെ പ്രശംസിച്ചു. അതിനു ശേഷം കർമ്മയെഗത്തേയും പ്രശംസിക്കുന്നു. ഇവയിലേതാണ് ഏറെ ശ്രേയസ്കരം. ആ ഒന്നിനെ സുനിശ്ചിതമായി പറഞ്ഞുതരിക.

ശ്ലോകം 2 ശ്രീഭഗവാനുവാചഃ-

സന്യാസഃ കർമ്മയോഗശ്ചഃ നിഃശ്രേയസ്കരാവുഭൌ

തയോസ്തു കർമ്മസന്യാസാത് കർമ്മയോഗോ വിശിഷ്യത

സന്യാസവും കർമ്മയോഗവും നിഃശ്രേയസത്തിനുള്ള രണ്ട് മാർഗ്ഗങ്ങളാണ്. ശ്രേഷ്ഠമാണ് കർമ്മയോഗം. സംസാരജീവിതത്തിന്റെ ഭാഗമായ സാമൂഹ്യത ലത്തിലുള്ള അഭിവൃദ്ധിയെ അഭ്യുദയമെന്ന് പറയുന്നു.അഭ്യുദയത്തിന്റെ വിപരീതമാണ് നിഃശ്രേയസം. ഒരാൾ സംസാരബന്ധത്തിൽനിന്ന് വിമുക്തനാ യി , കാലമില്ലാത്ത അവസ്ഥയിൽ എത്തിച്ചേരുമ്പോൾ, അനുഭവിക്കുന്ന സ്വാബാവികമായ ആനന്ദാവസ്ഥയാണ് നിഃശ്രേയസം അഥവാ മോക്ഷം.

യദാ സർവ്വേ പ്രമുച്യന്തേ കാമയേ സ്യ ഹൃദിസ്ഥിത

അഥ മർത്ത്യോ അമൃതോ ഭവന്തി അത്ര ബ്രഹ്മ സമസ്നുതേ

എന്ന് കഠോപനിഷത്ത് പറയുന്ന ബ്രഹ്മാനുഭൂതി തന്നെയാണത്. സർവ്വ കാമങ്ങളും പൊഴിഞ്ഞുപോകുമ്പോൾ അമൃതത്വം പ്രാപിക്കുന്ന മനുഷ്യന്റെ ബ്രഹ്മാവസ്ഥ. ശ്രേയശ്ച പ്രേയശ്ച മനുഷ്യമേഥതോ സംപരിത്യവിവിനാക്തി ധീരഃ ശ്രേയോഹി ധീരോ അഭിപ്രേയസേ വൃണിതേ പ്രേയോമന്ഥോ യോഗക്ഷേമത് വൃണിതേ എന്ന് കഠോപനിഷത്ത് പറയുന്നുണ്ട്. ശ്രേയസ്സും പ്രേയസ്സും നമ്മെ തേടിവരുന്നു, ധീരൻ അവയെ പരിശോധിച്ചിട്ട് പ്രേയസ്സി നേക്കാൾ ഉത്തമമായ ശ്രേയസ്സിനെ വരിക്കുന്നു. അന്ധൻ(മൂഢൻ) യോഗക്ഷേ മത്തിനായി പ്രേയസ്സിനെ വരിക്കുന്നു. നിഃശ്രേയസത്തിന്റെ മാർഗ്ഗം വാൾമു ന പോലെ നിശിതമാണ്. അതു സ്വീകരിക്കുന്നവനാണ് ധീരൻ. ഭഗവദ്ഗീത

യിൽ സന്യാസവും കർമ്മയോഗവും നിഃശ്രേയസത്തിലേക്കുള്ള രണ്ട് വഴികളാണ്. ലക്ഷ്യം ഒന്നുതന്നെ. കർമ്മസന്യാസത്തേക്കാൾ കർമ്മയോഗമെന്ന് ഗീത പറയുന്നത് എല്ലാവരും കർമ്മം സന്യസിച്ചാൽ സമൂഹാഭിവൃദ്ധി സംഭവിക്കയില്ല, പ്രപഞ്ചം നടന്നുപോകയില്ല എന്നതിനാലാണ്. ഉത്തമനായ സന്യാസിയുടെ ലക്ഷണങ്ങളാണ് തുടർന്നു പറയുന്നത്.

ശ്ലോകം 3

ജ്ഞേയഃസ നിത്യസന്യാസി യോ ന ദ്വേഷ്ടി ന കാംക്ഷതി

നിർദ്വന്ദോ ഹി മഹാബാഹോ സുഖം ബന്ധാത് പ്രമുച്യതേ

ഏതൊരുവൻ ദ്വേഷിക്കയോ കാംക്ഷിക്കയോ ചെയ്യുന്നില്ലയോ ,അവനാണ് നിത്യസന്യാസി.ദ്വന്ദ്വഭാവനകളില്ലാത്തവൻബന്ധനത്തിൽനിന്ന് സുഖമായി (എളുപ്പം) മുക്തി പ്രാപിക്കുന്നു.ബാഹ്യമായ കാവിവസ്ത്രമോ, രുദ്രാക്ഷമാലയോ അല്ല,ഇഷ്ടാനിഷ്ടങ്ങളും ലാഭാലാഭങ്ങളും ജയാപജയങ്ങളും മാനിക്കാത്ത നിർദ്വന്ദ്വാവസ്തയാണ് ഒരാളെ നിത്യസന്യാസിയാക്കുന്നത്. ഇതനുസരിച്ച് കർമ്മയോഗിയായ ഉത്തമഗൃഹസ്ഥനും നിത്യസന്യാസിയായിരിക്കാൻ കഴിയും.നിർദ്വന്ദനും നിത്യമുക്തനും നിര്യോഗക്ഷേമആത്മവാനുമെന്ന് രണ്ടാം അദ്ധ്യായം പ്രകീർത്തിച്ച സ്ഥിതപ്രജ്ഞൻ തന്നെയാണ് ഇവിടെ നിർദ്വന്ദ്വനായ നിത്യസന്യാസി. അവർ തമ്മിൽ ഭേദമില്ല.ഈ അദ്വൈതാവസ്ഥ ഭഗവാൻ പ്രകടമാക്കുന്നു.

ശ്ലോകം 4

സാംഖ്യയോഗൌ പൃഥക് ബാലാഃ പ്രവദന്തി ന പണ്ഡിതാഃ

ഏകമപ്യാസ്ഥിതഃസമ്യഗുഭയോർ വിന്ദതേ ഫലം

സാംഖ്യം കർമ്മയോഗത്തിൽനിന്ന് വ്യത്യസ്തമാണെന്ന് കുട്ടികൾ(ബാലകർ) മാത്രമേ പറയൂ.പണ്ഡിതന്മാർ പറയുകയില്ല. ഒന്നിൽത്തന്നെ സമ്യക്കായി ഉറച്ചുനിന്ന് ആചരിക്കുന്നവർ രണ്ടിന്റെ ഫലവും അനുഭവിക്കുന്നു. ഏതെങ്കിലും ഒന്നിലുറച്ചുനിന്ന് അതി നെ വഴിപോലെ ആചരിക്കയാണ് വേണ്ടത്. അപ്രകാരം ഏകാഗ്രമായി ആ ചരിക്കുന്നവന് മുക്തി(ഫലം) കിട്ടുന്നു.ജ്ഞാനയോഗം ഏകാഗ്രമായി ആചരി ച്ചവന് കർമ്മയോഗഫലവും കർമ്മയോഗം വഴിപോലെ ആചരിച്ചവന് ജ്ഞാനയോഗഫലവും കൂടി കിട്ടുന്നു.രണ്ടിന്റെ ഫലവും മുക്തിയാണ്.

ജ്ഞാനം = മുക്തി= കർമ്മം. അതിനാൽ ജ്ഞാനവും കർമ്മവും ജ്ഞാനിക്ക് ഒന്നുതന്നെയാണ്.

ശ്ലോകം 5

യത് സാംഖ്യൈഃപ്രാപ്യതേ സ്ഥാനം തദ്യോഗൈരപി ഗമ്യതേ

ഏകം സാംഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി

സാംഖ്യന്മാർ പ്രാപിക്കുന്ന സ്താനം തന്നെ യോഗികളും പ്രാപിക്കുന്നു. സാംഖ്യവും യോഗവും ഏകമാണെന്ന് ആരു ദർശിക്കുന്നുവോ അവരാണ് യഥാർത്ഥദർശകർ(ഋഷിമാർ).സന്യാസവും കർമ്മയോഗവും ഒന്നാണെന്നിരി

ക്കെ,കർമ്മത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കേണ്ടതില്ല. രാജർഷികൾക്ക് സൂര്യനിലൂടെ ലഭിച്ച രഹസ്യമായ ദർശനമാണ് ഗീതയുടെ സന്ദേശമെന്നിരിക്കെ , കർമ്മസന്യാസം മനസ്സിലാണ് (ആന്തരമായാണ്)സംഭവിക്കുന്നതെന്ന് മനസ്സിലാക്കണം. ബാഹ്യകർമ്മങ്ങൾ ത്യജിക്കേണ്ടതില്ല. മനസ്സിൽ സന്യാസിയായവൻ അനുഷ്ഠിക്കുന്ന ബാഹ്യകർമ്മങ്ങൾ ഒന്നിനൊന്നു മെച്ചപ്പെട്ടു കാണുന്നത് അനുഷ്ഠിക്കുന്നവന്റെ മനസ്സിന്റെ നില കൊണ്ടാണ്. മനോഭാവമാണ് മുക്തന്റേയും സക്തന്റേയും കർമ്മങ്ങളെ വ്യത്യസ്തമാക്കുന്നത്.

ശ്ലോകം 6

സന്യാസസ്തു മഹാബാഹോ ദുഃഖമാപ്തുമയോഗതഃ

യോഗയുക്തോ മുനിർ ബ്രഹ്മനചിരേണാധിഗച്ഛതി

സന്യാസം,യോഗം കൂടാതെ പ്രാപിക്കുന്നത് ഏറ്റവും ദുഃഖകരമാണ്(ക്ലേശകരമാണ്) യോഗയുക്തനായ മുനി വേഗത്തിൽ ബ്രഹ്മപദം പ്രാപിക്കുന്നു. വെറുതെ കർമ്മത്യാഗം ചെയ്തതുകൊണ്ട് ഒരാളും സന്യാസിയാവുകയില്ല. അങ്ങനെ ചെയ്താൽ സന്യാസമായി എന്നു കരുതുന്നത് ശരിയല്ല. യോഗം കൂടാതെയുള്ള സന്യാസം യന്യാസമല്ല. അത് ഒട്ടനവധി ദുഃഖങ്ങൾ,ക്ലേശങ്ങൾ ഇവക്ക് കാരണമായിത്തീരും. മറിച്ച്, യോഗയുക്തനായ മുനിക്ക് എളുപ്പം ബ്രഹ്മാനുഭൂതി ലഭിക്കും. യോഗം കൂടാതെ സന്യാസം സാധിക്കില്ല. അതുകൊണ്ട് കർമ്മയോഗം വിശിഷ്ടമാണെന്ന് ആദ്യമേ പറഞ്ഞു. ജ്ഞാനയോഗമാർഗ്ഗം പിന്തുടരുന്നവരും ഭക്തിയോഗമാർഗ്ഗം പിന്തുടരുന്നവരുമായി രണ്ടുവിധം സന്യാസിമാരുണ്ട്. ഭക്തിവേദാന്തപ്രഭുപാദരുടെ അഭിപ്രായത്തിൽ സാംഖ്യം ജ്ഞാനമാർഗ്ഗം പിന്തുടരുന്നവരുടേതും യോഗം ഭക്തിമാർഗ്ഗം പിന്തുടരുന്നവരുടേതുമാണ്. ഈ നിർവ്വചനപ്രകാരം ഭക്തി ജ്ഞാനത്തേക്കാളുപരിയാണെന്ന് അർത്ഥം വരും. വാസ്തവത്തിൽ അതല്ല ഗീത പറയുന്നത്. ഭക്തിപൂർവ്വം ഏകാഗ്രമായി ജ്ഞാനയോഗം അഭ്യസിച്ച മുനിക്ക് മുക്തി കൈവരുമെന്നാണ്.ഭൂരിപക്ഷം ജനങ്ങൾക്ക് ജ്ഞാനമാർഗ്ഗം അപ്രാപ്യമായതുകൊണ്ടാണ് ഭക്തിയെ ആശ്രയിക്കേണ്ടിവരുന്നത്. അർജ്ജുനൻ സാത്വികപ്രകൃതിയല്ല. രാജസപ്രകൃതിയാണ്. അതിനാൽ അദ്ദേഹത്തിന് വിശേഷിച്ച് കർമ്മ,ഭക്തിമാർഗ്ഗങ്ങളാണ് ഉചിതം. ലോകസംഗ്രഹത്തിനാവശ്യമായ കർമ്മം ദ്വിന്ദവഭാവനകളില്ലാതെ , ഭഗവദ്ഭക്തിയോടുകൂടി , ബ്രഹ്മാർപ്പണമായി ചെയ്യുന്നതാണ് രാജർഷിമാർക്ക് യുക്തമായ കർമ്മം.

ശ്ലോകം 7

യോഗയുക്തോ വിശുദ്ധാത്മാ വിജിതാത്മാ ജിതേന്ദ്രിയഃ

സർവ്വഭൂതാത്മഭൂതാത്മാ കുർവ്വന്നപി ന ലിപ്യതേ

യോഗയുക്തനായ വിശുദ്ധാത്മാവ്, വിജിതാത്മാവായി ജിതേന്ദ്രിയനായി സർവ്വഭൂതങ്ങളിലും സ്വന്തം ആത്മാവിനെക്കണ്ട് കർമ്മം ചെയ്യുന്നു, ബന്ധിതനാകുന്നില്ല. ഒരു ജീവനും ബ്രഹ്മഭിന്നമല്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ അതിന്റെ ഇലകളുമാണെന്ന് ക്രിസ്തു പറഞ്ഞു. വൃക്ഷത്തിൽ നിന്ന് ഭിന്നമല്ല അതിന്റെ ശാഖകളും ഇലകളും മറ്റ് അവയവങ്ങളും. സർവ്വഭൂതങ്ങളിലും ഈശ്വരചൈതന്യം ദർശിച്ച ഒരാൾ സസ്യഭുക്കായിത്തീരുന്നു.ആടിലും കോഴിയിലും പോത്തിലും പശുവിലും പന്നിയിലും ഈശ്വരനുണ്ട്. തൂണി

ലും തുരുമ്പിലുമിരിക്കുന്ന ഈശ്വരൻ ജീവനുള്ള എല്ലാ ശരീരത്തിലും ഇല്ലാതിരിക്കുമോ. ഒരിക്കൽ പ്രോവിഡൻസ് കോളേജിൽവെച്ച് ആത്മീയതയും വെജിറ്റേറിയനിസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഞാൻ പ്രഭാഷണവേളയിൽ പറയുകയുണ്ടായി. അന്ന് കുട്ടികൾ ചോദിച്ച ചില ചോദ്യങ്ങളും അവക്ക് ഞാൻ നൽകിയ മറുപടിയും ഇതായിരുന്നു.

ചോഃ എല്ലാ വസ്തുക്കളിലും ഈശ്വരനുണ്ടെങ്കിൽ സസ്യങ്ങളിലും ഈശ്വരനുണ്ട്. അപ്പോൾ സസ്യഭുക്കാവാനും സാധിക്കാതെ വരില്ലേ

ഉഃ-സസ്യങ്ങൾ മൃഗങ്ങളെ അപേക്ഷിച്ച് വേദന അറിയാത്തവരാണ്. മസ്തിഷ്കവും നാഡീവ്യൂഹവും അവക്കില്ല. ഒരിലയോ കായോ നുള്ളുമ്പോൾ സസ്യം അനുഭവിക്കുന്ന വേദനയേക്കാൾ എത്രയോ അധികമാണ് കൊല്ലാനായി അറവുശാലയിൽ കെട്ടിയിട്ട മൃഗത്തിന്റെ മനോവേദന. അതിന് തന്നെ കൊല്ലാൻപോവുകയാണെന്ന് അറിയാം. ഭാഷ ഇല്ലാത്തതുകൊണ്ട് പറയാനാവുന്നില്ലെന്നു മാത്രം. ദയനീയമായ അതിന്റെ കരച്ചിലിൽ എന്നെ കൊല്ലരുതേ എന്ന അപേക്ഷ കേൾക്കാത്തവന് ആത്മീയതയെക്കുറിച്ച് പ്രസംഗിക്കാനവകാശമില്ല. ആത്മീയത എന്നത് കാരുണ്യമാണ്,ദയയാണ്.

ചോഃ ക്ഷുദ്രജീവികളെ കൊന്നുതിന്നാലെന്താണ്

ഉഃ- ആരാണ് മൃഗങ്ങളെ ക്ഷുദ്രജീവി, ക്ഷുദ്രമല്ലാത്ത ജീവി എന്ന് രണ്ടായി വർഗ്ഗീകരിച്ചത്, മനുഷ്യനോ അതോ അവയെ സൃഷ്ടിച്ച ഈശ്വരനോ. മനുഷ്യനല്ലേ. ഒരു ജീവിയെ ക്ഷുദ്രമെന്നു കരുതാൻ മനുഷ്യന് എന്തവകാശം. ആ ജീവി അതിനെ ക്ഷുദ്രമെന്നു കരുതുന്നുണ്ടോ. അതിന്റെ പ്രാണൻ അതിന്നു പ്രിയപ്പെട്ടതല്ലേ. ഈശ്വരസൃഷ്ടിയിൽ ക്ഷുദ്രവും വിരൂപവുമായി യാതൊന്നുമില്ല. എല്ലാം മനോഹരം,ഉദാത്തം.

ചോഃ ഭൂമിയിൽ ജന്തുക്കൾ പെരുകിവന്ന് ഭൂമിയുടെ ബാലൻസ് തെറ്റാൻ വെജിറ്റേറിയനിസം കാരണമാവുകയില്ലേ

ഉഃ- ഈ ചോദ്യത്തിന് ഒരു മറുചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ ഇന്ന് ജനപ്പെരുപ്പം ഉണ്ട്. ജനപ്പെരുപ്പം നിയന്ത്രിക്കാനുള്ള മാർഗ്ഗം പരസ്പരം കൊന്നുതിന്നലാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ. ആ സ്ഥിതിക്ക് ജന്തുക്കളുടെ കാര്യത്തിൽ മാത്രം ഈ ന്യായം സ്വീകരിക്കുന്നതെന്തിന്.

ചോഃ- മനുഷ്യൻ സ്വാഭാവികമായും മാംസഭുക്കല്ലേ. ആ സ്ഥിതിക്ക് ഒരു സ്വാഭാവികഗുണത്തെ തടഞ്ഞുനിർത്തലല്ലേ വെജിറ്റേറിയനിസം.

ഉഃ- വളരെ വലിയ തെറ്റിദ്ധാരണയാണ് മനുഷ്യൻ സ്വാഭാവികമായി മാംസഭുക്കാണെന്നത്. മനുഷ്യന്റെ ഘടന സസ്യഭുക്കിന്റെ ഘടനയാണ്. കടിച്ചു ചവച്ചു തിന്നാനുള്ള അണപ്പല്ലുകൾ(മോളാർ ടീത്ത്)മുതൽ ഒരു സസ്യഭുക്കിനു വേണ്ട എല്ലാ ലക്ഷണങ്ങളും ഒത്തിണങ്ങിയ ശരീരമാണ് മനുഷ്യന്റേത്.

സസ്യഭുക്ക്	മാംസഭുക്ക്
1. കടിച്ചുചവച്ചുതിന്നാനുള്ള അണപ്പല്ല്	1. അണപ്പല്ലുകളില്ല

2. വെള്ളം പാത്രത്തിൽനിന്ന് ചുണ്ടും കവിളും ഉപയോഗിച്ച് വലിച്ച് കുടിക്കുന്നു	നാവുകൊണ്ട് നക്കിക്കുടിക്കുന്നു
3. നഖം പരന്ന് ഉറപ്പുള്ളതും വിരലിന്റെ അഗ്രത്തിന് രക്ഷാകവചവുമായി അചഞ്ചലമായത്.	നീണ്ട് കൂർത്ത് ചഞ്ചലമായ നഖം
4. കുടലിന്റെയും ഉടലിന്റെയും അനുപാതം 12ഃ1	താരതമ്യേന ചെറിയ കുടൽ 6ഃ1
5. രക്തം . എല്ലാ അവയവങ്ങളുടെ പ്രവർത്തനവും രക്തത്തിന്റെ പിഎച്ച് മേൽ ആധാരമാക്കിയിരിക്കുന്നു. ഉയർന്ന പിഎച്ച് ആൽക്കലൈൻ(ക്ഷാരം)	താഴ്ന്ന പിഎച്ച്. അമ്ലം (അസിഡിക്ക്)

കൂടാതെ ലൈപ്പോപ്രോട്ടീൻ ഘടകങ്ങൾ മനുഷ്യനിലും സസ്യഭുക്കായ മൃഗങ്ങളിലും ഒരേവിധത്തിലാണ് കാണുന്നത്. മനുഷ്നോട് ഏറ്റവും സാദൃശ്യമുള്ള കുരങ്ങ് ഫലങ്ങളും സസ്യങ്ങളുമാണ് തിന്നുന്നത്. മനുഷ്യശരീരത്തിനും സ്വാഭാവികമായ ഭക്ഷണം പച്ചക്കറികളാണ് മാംസമല്ല. മാസഭക്ഷണം പല മാരകരോഗങ്ങൾക്കും കാരണമായിത്തീരുന്നുണ്ട്.

എല്ലാ വസ്തുക്കളിലും ഈശ്വരചൈതന്യം ഉണ്ടെന്നിരിക്കെ ഭഗവാൻ എന്തിനു യുദ്ധത്തിനു പ്രേരിപ്പിച്ചു എന്നതിന്റെ ഉത്തരമാണ് കർമ്മയോഗവും കർമ്മസന്യാസയോഗവും നമുക്ക് നൽകുന്നത്. നിഷ്കാമകർമ്മം ജ്ഞാനം തന്നെയാണ്. യോഗയുക്തനായ ബ്രഹ്മജ്ഞാനി കർമ്മത്താൽ ബന്ധിതനാകുന്നില്ല.

ശ്ലോകം 8

നൈവ കിഞ്ചിത് കരോമീതി യുക്തോ മന്യേത തത്വവിത്

പശ്യൻ ശ്രുണ്വൻ സ്പൃശൻ ജിഘ്രന്നശ്നൻ ഗഛൻ സ്വപൻ ശ്വസൻ

ശ്ലോകം 9

പ്രപൻ വിസൃജൻ ഗൃഹ്ണന്നുന്മിഷൻ നിമിഷന്നപി

ഇന്ദ്രിയാണീന്ദ്രിയാർത്ഥേഷുവർത്തന്ത ഇതി ധാരയൻ

യോഗയുക്തനായ തത്വവിത്ത് ,ദർശനം,ശ്രുതി, സ്പർശം, ഗന്ധം, അശനം, ഗമനം,സ്വപ്നം, ശ്വസനം,സംഭാഷണം ,വിസർജ്ജനം, ഗ്രഹണം, കണ്ണുതുറക്കലും അടക്കലും ഇവയെല്ലാം ഇന്ദ്രിയങ്ങൾ ഇന്ദ്രിയാർത്ഥങ്ങലിൽ വർത്തിക്കുന്നു എന്ന് ധരിച്ചിട്ട്, സ്വയം ഒന്നും ചെയ്യുന്നില്ലെന്ന് ധരിക്കുന്നു. ഈ കർമ്മങ്ങളുടെ കർത്താവ് ആത്മാവല്ല, ഞാനല്ല, എന്ന് ജ്ഞാനി അറിയു

ന്നു. സ്ഥൂലേന്ദ്രിയങ്ങൾ വിഷയസമ്പർക്കം കൊണ്ട് ചെയ്യുന്ന ചേഷ്ടകൾ മാത്രമാണവ. ആത്മാവിന് അവയുമായി ബന്ധമില്ല. എല്ലാം സാക്ഷിയായി നോക്കിനിൽക്കുന്നതല്ലാതെ ഞാൻ(ആത്മാവ്)ഒന്നും ചെയ്യുന്നില്ല.

ശ്ലോകം 10

ബ്രഹ്മണ്യാധായ കർമ്മാണി സംഗം ത്യക്ത്വാ കരോതി യഃ

ലിപ്യതേ ന സ പാപേന പത്മപത്രമിവാംഭസി

കർമ്മങ്ങളെ ബ്രഹ്മത്തിലർപ്പിച്ച്, സംഗരഹിതനായ ഏതൊരുവൻ കർമ്മം ചെയ്യുന്നുവോ, അവൻ ജലത്തിൽ താമരയിലപോലെ പാപത്താൽ ബാധിക്കപ്പെടുന്നില്ല. ഒരു വീട്ടിൽ കൊളുത്തിവെച്ച ദീപത്തിന്റെ പ്രകാശത്തിൽ അവിടെ പല കർമ്മവും നടക്കുന്നു. വിളക്കിനെ ആ കർമ്മങ്ങൾ ബാധിക്കുന്നില്ല. അതുപോലെ ബ്രഹ്മാർപ്പണമായി കർമ്മം ചെയ്യുന്നവന്റെ കർമ്മങ്ങൾ, സാക്ഷി മാത്രമായ അവനെ ബാധിക്കുന്നില്ല.

ശ്ലോകം 11

കായേന മനസാ ബുദ്ധ്യാ കേവലൈരിന്ദ്രിയൈരപി

യാഗിനഃകർമ്മ കുർവ്വന്തി സംഗം ത്യക്ത്വാത്മശുദ്ധയേ

ശരീരം,മനസ്സ്,ബുദ്ധി, കേവലമായ കർമ്മേന്ദ്രിയങ്ങൾ ഇവകൊണ്ടൊക്കെ യോഗികൾ സംഗം ത്യജിച്ച് ആത്മശുദ്ധരായി, കർമ്മം ചെയ്തുകൊണ്ടിരിക്കുന്നു. മനസ്സും ശരീരവും വാക്കും എല്ലാം ബ്രഹ്മത്തിലർപ്പിച്ചാണ് അവരുടെ കർമ്മം. ബാലാമണിയമ്മ പാടിയതുപോലെ,

അഹസ്സൊടുങ്ങവേ നിലാവൊഴുകുമെൻ
അകത്തളത്തിൽ വന്നിരുന്നനിൻ മുന്നിൽ

അനാദിപൂരുഷാ നിവേദിക്കട്ടെ ഞാൻ

മനോവചക്രിയാമധുരമീയന്നം

സർവ്വസംഗപരിത്യാഗികളായ ആ ധന്യർ ആത്മശുദ്ധി നേടിക്കഴിഞ്ഞു.

ശ്ലോകം 12

യുക്തഃകർമ്മഫലം ത്യക്ത്വാ ശാന്തിമാപ്നോതി നൈഷ്ഠികീം

അയുക്തഃ കാമകാരേണ ഫലേ സക്തോ നിബദ്ധ്യതേ

യോഗയുക്തർ കർമ്മഫലം ത്യജിച്ച് നിഷ്ഠയോടുകൂടി ശാന്തിയെ പ്രാപിക്കുന്നു. അയുക്തന്മാർ കാമത്തോടെ,ഫലാസക്തിയോടെ, ചെയ്യുന്ന കർമ്മത്താൽ ബന്ധിക്കപ്പെടുന്നു. ഈശ്വരായ കർമ്മാണി കരോമി, ന മമ ഫലായ എന്ന് സമാഹിതചിത്തനായി നിഷ്ഠാവാനായി ഇരിക്കുന്നവർക്ക് സത്വശുദ്ധിജ്ഞാനപ്രാപ്തി, സർവ്വകർമ്മസന്യാസജ്ഞാനനിഷ്ഠ മോക്ഷാഖ്യമായ ശാന്തി ഇവ ലഭിക്കുന്നു. മമ ഫലായ ഇദം കരോമി കർമ്മ എന്ന് കർമ്മം കാമത്തോടെ ചെയ്യുന്ന അസമാഹിതചിത്തനായ അയുക്തന് ശാന്തി ലഭിക്കുന്നില്ല. എന്തിനാണ് ഒരിക്കൽ പറഞ്ഞതുതന്നെ കൃഷ്ണൻ ആവർത്തിച്ച് പറയുന്നത്. അർജ്ജുനന്റെ മസ്തിഷ്കത്തിൽ കൃഷ്ണന്റെ വാക്കുകൾ ആ

ദ്യം ഉണ്ടാക്കിയ വൈദ്യുതമാറ്റത്തെ (എലക്ട്രിക്കൽ ചേഞ്ച്) രാസപരിണാമ (കെമിക്കൽ ചേഞ്ച്)മാക്കി മാറ്റി അതിനെ ദീർഘകാലസ്മൃതിയാക്കി മാറ്റാനാണ് ഈ തന്ത്രം. ജിതത്തിലുടനീളം സ്മരിക്കേണ്ട ദീർഘകാലസ്മൃതിയാണ് ഗീത. വെറും ഹ്രസ്വകാലസ്മൃതിക്കുള്ളതല്ല. ആവർത്തനം അതിനാൽ അനിവാര്യമാണ്.

ശ്ലോകം 13

സർവ്വകർമ്മാണി മനസാ സന്യസ്യാസ്തേ സുഖം വശീ

നവദ്വാരേ പുരേ ദേഹീ നൈവ കുർവ്വൻ ന കാരയൻ.

സർവ്വകർമ്മങ്ങളേയും മനസ്സുകൊണ്ട് സന്യസിച്ചിട്ട് നവദ്വാരങ്ങളുള്ള പുരത്തിൽ ദേഹി ഒന്നും ചെയ്യാതെയും ഒന്നും ചെയ്യിക്കാതെയും സസുഖം വസിക്കുന്നു. ബ്രഹ്മാത്മഭാവം നേടിക്കഴിഞ്ഞ ഒരാളുടെ ദേഹി ശരീരത്തിൽ അകർത്താവായും സാക്ഷിയായും ജിതേന്ദ്രിയനായി സസുഖം വാഴുന്നു.

നവദ്വാരപുരേ ദേഹി ഹംസോ ലേലായതേ ബഹിഃ

വശീ സർവ്വസ്യ ലോകസ്യ സ്ഥാവരസ്യ ചരസ്യ ച

നവദ്വാരപുരം ശരീരം തന്നെ. സൌരയൂഥത്തിലും നവഗ്രഹം നവദ്വാരമായി വർത്തിക്കുന്നു. പിണ്ഢാണ്ഡമായാലും ബ്രഹ്മാണ്ഡമായാലും നവദ്വാരസമന്വിതമായ ദേഹക്രമം ആവർത്തിക്കുന്നു. നവദ്വാരങ്ങളിലൂടെ അനുഭവം സംഭരിച്ച് നവദ്വാരപുരത്തിലിരുന്ന് ദേഹി സ്വയം അറിയുന്നു. നവഗ്രഹസമന്വിതമായ സൌരയൂഥത്തിന്റെ അറിവിലൂടെ പ്രപഞ്ചപ്രവർത്തനം ഗ്രഹിച്ച് ബ്രഹ്മാണ്ഡത്തിൽ ദേഹി ഇരിക്കുന്നു. പിണ്ഡാണ്ഡത്തിലെ ദേഹിയും ബ്രഹ്മാണ്ഡത്തിലെ ദേഹിയും ഒന്നാണെന്ന ബോധം, അനുഭവം, ഉണ്ടാവുമ്പോൾ, ഒരു മൂന്നാം തൃക്കണ്ണ് ഉള്ളിൽ തുറക്കുന്നു. അതിനാൽ വേദത്തിന്റെ കണ്ണാണ് ജ്യോതിശ്ശാസ്ത്രം എന്ന് കരുതപ്പെടുന്നു. ബ്രഹ്മാത്മൈക്യാനുഭവം സിദ്ധിച്ചവൻ ദൈവസർഗ്ഗക്രമത്തിൽ തന്റെ പങ്ക് ഗ്രഹിച്ച് സർവ്വകർമ്മവും സന്യസിച്ച് ജിതേന്ദ്രിയനായി ജീവിക്കുന്നു. പണ്ഡിറ്റ് ഗോപാലൻനായരുടെ ഭാഷ്യത്തിൽ നവദ്വാരേ പുരേ ദേഹേ എന്ന് പാഠഭേദമുണ്ട്. (നവദ്വാരപുരമായ ദേഹത്തിൽ ആര് ഒന്നും ചെയ്യാതെയും ഒന്നും ചെയ്യിപ്പിക്കാതെയും ഇരിക്കുന്നുവോ എന്ന് അന്വയിപ്പിക്കണം).

ശ്ലോകം 14

ന കർതൃത്വം ന കർമ്മാണി ലോകസ്യ സൃജതി പ്രഭുഃ

ന കർമ്മഫലസംയോഗം സ്വഭാവസ്തു പ്രവർത്തതേ

പ്രഭു ലോകത്തിന് കർതൃത്വമോ കർമ്മമോ സൃഷ്ടിച്ചിട്ടില്ല. കർമ്മഫലസംയോഗവും സൃഷ്ടിച്ചിട്ടില്ല. സ്വഭാവമാണ് പ്രവർത്തിക്കുന്നത്. സർവ്വലോകങ്ങൾക്കും പ്രഭുവാണ് ബ്രഹ്മം. സാധാരണക്കാരന്റെ ഈശ്വരൻ. എന്നാൽ ഈശ്വരനല്ല നമുക്ക് കർതൃത്വം, കർമ്മം ,കർമ്മഫലം ഇവ സൃഷ്ടിച്ചത്. സ്വഭാവമാണ്. സ്വന്തം ഭാവം സ്വഭാവം. ഓരോ വസ്തുവിനും ഒരു സ്വഭാവമുണ്ട്, വസ്തുവിന്റെ പ്രകൃതി എന്ന് അതിനെ വിളിക്കാം. പ്രകാശം സൂര്യന്റെ സ്വഭാവമാണ്. ചൂട് അഗ്നിയുടെ സ്വഭാവമാണ്. ഗതിശീലം കാറ്റിന്റെ

സ്വഭാവം. അതുപോലെ ചില സ്വഭാവങ്ങൾ നമ്മുടെ സത്വരജസ്തമോ ഗുണങ്ങളുടെ ഏറ്റക്കുറവനുസരിച്ച് നമുക്കുണ്ട്. നമ്മെക്കൊണ്ട് കർമ്മം ചെയ്യിക്കുന്നതും അവയുടെ ഫലം അനുഭവിപ്പിക്കുന്നതും നമ്മെ കർതൃ ഭാവം അനുഭവിപ്പിക്കുന്നതും ഒക്കെ നമ്മുടെ സ്വഭാവമാണ്. പാപവും പുണ്യവും പ്രകൃതിയാണ് ചെയ്യിക്കുന്നത്. പാപപുണ്യഫലവും പ്രകൃതി യുടേതാണ്. അവയൊന്നും ബ്രഹ്മത്തെ സ്പർശിക്കുന്നില്ല. കർതൃത്വമല്ലാത്ത ബ്രഹ്മത്തിന് ഭോക്തൃത്വവുമില്ല. പ്രപഞ്ചപ്രവർത്തനം പ്രപഞ്ചസ്വഭാവമാണ്. നാം അതിനെ പ്രഭുവിന്റെ സർഗ്ഗക്രമം എന്ന് വിളിക്കുന്നു എന്നുമാത്രം.

ശ്ലോകം 15

നാദത്തേ കസ്യചിത് പാപം ന ചൈവ സുകൃതം വിഭുഃ

അജ്ഞാനേവാവൃതം ജ്ഞാനം തേന മുഹ്യന്തി ജന്തവഃ

വിഭു ആരുടെ പാപത്തേയും സുകൃതത്തേയും ഏറ്റെടുക്കുന്നില്ല. അജ്ഞാന ത്താൽ ജ്ഞാനം മറക്കപ്പെട്ടിരിക്കുന്നു. അതിനാൽ ജന്തുക്കൾ മോഹിതരായി ത്തീരുന്നു. ഈശ്വരൻ ഓരോ മനുഷ്യരുടേയും പാപപുണ്യക്കണക്ക് സൂക്ഷി ച്ച് നരകവും സ്വർഗ്ഗവും തരാനിരിക്കുന്ന ന്യായാധിപനല്ല. എങ്ങും വ്യാ പിച്ച വിഭു നിഷ്ക്രിയനാണ്. അജ്ഞാനതിമിരത്തിൽ മോഹിതരായി കിട ക്കുന്ന ജനം ഇത് അറിയുന്നില്ല. അവർ തങ്ങളനുഭവിക്കുന്ന കഷ്ടപ്പാടുക ൾക്ക് കാരണം ഈശ്വരനാണെന്ന് വിലപിക്കുന്നു.ഒരു ചെറിയ ദുഃഖം വ ന്നാലും ഈശ്വരനെത്ര ക്രൂരനെന്ന് വിലപിക്കുന്നു. നല്ലതുവന്നാൽ ഈശ്വര കൃപ എന്ന് പറഞ്ഞ് വഴിപാടു കഴിച്ചാലായി, ഇല്ലെങ്കിലായി. സുഖത്തിൽ ഭഗവാനെ ഓർക്കാറില്ല, അത് എന്റെ കഴിവെന്ന് അഹങ്കരിക്കയാണ് പതി വ്. അജ്ഞാനികളുടെ മോഹത്തെ കുറിക്കുന്ന പ്രവൃത്തികളാണിവ.

ശ്ലോകം 16

ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മനഃ

തേഷാമാദിത്യവത് ജ്ഞാനം പ്രകാശയതി തം പരം

ആത്മജ്ഞാനത്താൽ ഏതൊരുവന്റെ അജ്ഞാനം നശിക്കുന്നുവോ, അവന് ജ്ഞാനം സൂര്യനെപ്പോലെ പരമപദം പ്രകാശിപ്പിക്കുന്നു. മോഹാന്ധകാരം മാറാൻ ജ്ഞാനമാകുന്ന സൂര്യൻ ഉദിക്കണം. സൂര്യനെ കാലം തെറ്റി ഉദി പ്പിക്കാൻ ആർക്കും സാധിക്കില്ല. കാലാകാലത്ത് ഉദിക്കുക സൂര്യന്റെ സ്വ ഭാവമാണ്. ജ്ഞാനവും അതുപോലെ കാലമാവുമ്പോൾ ഉദിക്കുന്നു. ജ്ഞാന മുദിക്കുമ്പോൾ പ്രകാശമയമായ പരമപദം താനേ പ്രകാശിക്കുന്നത് ഉൾക്ക ണ്ണിൽ കാണാം. അപ്പോൾ ജന്തുക്കളുടെ അജ്ഞാനമാകുന്ന ഇരുട്ട് താനേ നീങ്ങും. ആത്മാവിൽ ജ്ഞാനസൂര്യനുദിക്കുമ്പോൾ, ജന്തു ആ പ്രകാശവു മായി തന്മയീഭവിക്കുന്നു.പിന്നെ ബ്രഹ്മാനുഭൂതി മാത്രം. കാലനേത്രമാണ് സൂര്യൻ പ്രകാശവും ഊർജ്ജവും തരുന്ന കർമ്മസാക്ഷി. അത്നാൽ ജ്ഞാന സൂര്യന്റെ തന്മയീഭാവത്തോടെ ജ്ഞാനിയും കർമ്മസാക്ഷി മാത്രമായിത്തീ രുന്നു. സമൂഹത്തിന്റെ പ്രകാശവും ഊർജ്ജവുമായിത്തീരുന്നു. സമൂഹത്തി ന്റെ കണ്ണായ ദർശകനായിത്തീരുന്നു.

ശ്ലോകം 17

തദ്ബുദ്ധയസ്തദാത്മാനസ്തന്നിഷ്ഠാസ്തത് പരായണാഃ

ഗച്ഛന്ത്യപുനരാവൃത്തിം ജ്ഞാനനിർദ്ധൂതകന്മഷഃ

അതിനെ ബോധിച്ചവരും (ബുദ്ധർ) അതായി തന്മയത്വമാർന്നവരും അതിൽ നിഷ്ഠയുള്ളവരും അതിൽത്തന്നെ പരമലക്ഷ്യം കാണുന്നവരും ജ്ഞാനം കൊണ്ട് കന്മഷം നീക്കി പുനരാവൃത്തിയില്ലാത്ത പദം പ്രാപിക്കുന്നു. ബ്രഹ്മനിഷ്ഠരായ ജ്ഞാനികൾ ജനിമൃതിചക്രത്തെ തരണം ചെയ്ത് പുനരാവൃത്തിരഹിതമായ ഊർജ്ജസാഗരത്തിൽ ലയിക്കുന്നു.

ശ്ലോകം 18

വിദ്യാവിനയസമ്പന്നേ ബ്രാഹ്മണേ ഗവി ഹസ്തിനി

ശുനി ചൈവ ശ്വപാകേ ച പണ്ഡിതഃസമദർശിനഃ

വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണനിലും പശുവിലും ആനയിലും നായയിലും നായയെ തിന്നുന്ന ചണ്ഡാലനിലും കൂടി ആത്മജ്ഞാനിയായ പണ്ഡിതൻ സമദർശിയായിരിക്കുന്നു. ബ്രഹ്മജ്ഞാനിയുടെ ലക്ഷണമാണ് സമദർശനം. സർവ്വം ബ്രഹ്മമയമായിരിക്കെ, ബ്രാഹ്മണനും ചണ്ഡാലനും തമ്മിലെന്തു ഭേദം. പശുവും നായയും തമ്മിലെന്തു ഭേദം. എല്ലാ മൺപാത്രവും മണ്ണു മാത്രം. എല്ലാ തിരമാലകളും ജലം മാത്രം. എല്ലാ ചരാചരവും ബ്രഹ്മം മാത്രം. ആ പ്രകാശവീചികളിൽ ബ്രഹ്മണചണ്ഡാല, ശ്വാശ്വപചാദി ഭേദഭാവനകൾക്ക് എവിടെ സ്ഥാനം. എല്ലാത്തേയും ഒരുപോലെ കാണുന്ന ബ്രഹ്മജ്ഞാനിയുടെ ഉദ്ദീപ്തമായ ഈ ഉജ്ജ്വലചിത്രം ചാതുർവ്വണ്യം മയാസൃഷ്ടമെന്ന ഭാഗം മാത്രം വളച്ചൊടിച്ച് വ്യാഖ്യാനിക്കുന്നവരാരും കണ്ടതായി തോന്നുന്നില്ല.

ശ്ലോകം 19

ഇഹൈവ തൈർജ്ജിതഃ സർഗ്ഗോ യേഷാം സാമ്യേ സ്ഥിതാ മനഃ

നിർദ്ദോഷാ ഹി സമം ബ്രഹ്മം തസ്മാദ്ബ്രഹ്മണി തേ സ്ഥിതാഃ

ആരുടെ മനസ്സ് സാമ്യാവസ്ഥയിൽ സ്ഥിരമായിരിക്കുന്നുവോ, അവരാൽ ഇവിടെവെച്ചുതന്നെ സ്വർഗ്ഗം ജയിക്കപ്പെടുന്നു. ബ്രഹ്മം നിർദ്ദോഷവും സമവുമാണ്. അതിനാൽ അവർ ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നു. സമഭാവനയുടെ മാഹാത്മ്യം ഊന്നിപ്പറയുന്നു. ബ്രാഹ്മണചണ്ഡാലഭേദമില്ലാതെ, മതരാഷ്ട്രീയഭേദമില്ലാതെ സ്ത്രീപുരുഷ, തൊഴിലാളിമുതലാളിഭേദമില്ലാതെ ഒരു രാഷ്ട്രം എവിടെയെങ്കിലും എന്നെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ , ഇനിയും ഉണ്ടാകുമെന്ന പ്രത്യാശ ഉണ്ടെങ്കിൽ അത് ആത്മജ്ഞാനികളുടെ ഉള്ളിലുള്ള രാമരാജ്യമോ, മാവേലിനാടോ ആണ്. പല ഇസവും പറഞ്ഞ് അതിനെ തേടിനടക്കുന്നവർ മരീചികയാണ് തേടുന്നത്. സ്വന്തം മനസ്സിൽ ഈ സാക്ഷാത്കാരം നേടുക. അങ്ങനെ സാക്ഷാത്കരിക്കാൻ മറ്റുള്ളവരേയും സഹായിക്കുക. ഇതിൽപ്പരം ഒരു വിപ്ലവവുമില്ല. ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്ന നിർദ്ദോഷവും സമവുമായ ബ്രഹ്മമായി (ബ്രഹ്മതന്മയത) മാറിയവർസൃഷ്ടി, സ്ഥിതിസംഹാരങ്ങളേയും ജനനമരണങ്ങളേയും ജയിക്കുന്നു. ഇന്നിന്റെ

പാവനമുഹൂർത്തത്തിൽ എല്ലാ ഇന്നലെകളേയും നാളെകളേയും സാക്ഷാത്കരിക്കുന്ന ഉജ്വലമുഹൂർത്തത്തിൽ കാലാതീതമായ ബ്രഹ്മരസാനുഭൂതി വഴിഞ്ഞൊഴുകുന്നു.അതിനേക്കാൾ മഹത്തരമായ ഒരനുഭൂതി മനുഷ്യന് ഉണ്ടാവുക വയ്യ.

ശ്ലോകം 20

ന പ്രഹൃഷ്യേത് പ്രിയം പ്രാപ്യ നോദ്വിജേത് പ്രാപ്യ ചാപ്രിയം

സ്ഥിരബുദ്ധിരസമ്മൂഢോ ബ്രഹ്മവിദ് ബ്രഹ്മണി സ്ഥിതഃ

സ്ഥിരബുദ്ധിയായി, മൂഢത്വം വെടിഞ്ഞ്, ബ്രഹ്മത്തിൽത്തന്നെ സ്ഥിതി ചെയ്യുന്ന ബ്രഹ്മവിത്ത് പ്രിയമായത് ലഭിക്കുമ്പോൾ ഏറെ ആഹ്ലാദിക്കുന്നില്ല. അപ്രിയം വരുമ്പോൾ ഏറെ ദുഃഖിക്കുന്നുമില്ല. സ്ഥിതപ്രജ്ഞന്റെ ലക്ഷണം ആവർത്തിച്ച് പറയുന്നു.

ശ്ലോകം 21

ബാഹ്യസ്പർശേഷ്വസക്താത്മാ വിന്ദത്യാത്മനി യത്സുഖം

സ ബ്രഹ്മയോഗയുക്താത്മാ സുഖമക്ഷയമശ്നുതേ

ബാഹ്യസ്പർശങ്ങളിൽ ഒട്ടും ആസക്തിയില്ലാതെ ആത്മാവിൽ സുഖം ആസ്വദിച്ചിരിക്കുന്ന ബ്രഹ്മയോഗയുക്തൻ അനുഭവിക്കുന്നത് അക്ഷയസുഖമാണ്. ആത്മസുഖം അക്ഷയമാണ്. ഇന്ദ്രിയസുഖം താൽക്കാലികം മാത്രമാണ്. ബാഹ്യേന്ദ്രിയങ്ങൾ ബാഹ്യവിഷയസ്പർശംകൊണ്ട് അനുഭവവേദ്യമാക്കിത്തരുന്ന ചില്ലറസുഖങ്ങളിൽ ബ്രഹ്മയോഗയുക്തന് ആസക്തിയേയില്ല. അക്ഷയമായ ബ്രഹ്മസുഖം അനുഭവിച്ചവന് ഈ താൽക്കാലികസുഖങ്ങളിൽ എങ്ങനെ ആസക്തിയുണ്ടാവും.ധനധാന്യാദികളും കാമിനീകാഞ്ചനങ്ങളും അവനെ സംബന്ധിച്ചേടത്തോളം നിസ്സാരമായിത്തീരുന്നു. സ്ത്രീയാണ് ഈ ബ്രഹ്മസുഖം നുകർന്നതെങ്കിൽ അവൾക്കും വേഷഭൂഷാദികളും ആഡംബരങ്ങളും ഭർത്താവും കുടുംബസുഖവും എല്ലാം നിസ്സാരമായിത്തീരുന്നു. ലൌകികതയുടെ പാശങ്ങൾ ബ്രഹ്മനിഷ്ഠരിൽനിന്ന് താനേ അഴിഞ്ഞുപോകുന്നു എന്ന് സാരം.

ശ്ലോകം 22

യേഹി സംസ്പർശജാ ഭോഗാ ദുഃഖയോനയ ഏവ തേ

ആദ്യന്തവന്ത കൌന്തേയ ന തേഷു രമതേ ബുധഃ

വിഷയസ്പർശം കൊണ്ടുണ്ടാവുന്ന ഭോഗങ്ങളെല്ലാം ദുഃഖയോനികളാണ്. അവക്ക് ആദ്യവും അവസാനവുമുണ്ട്. അതിനാൽ അവ ബുദ്ധന്മാരെ രമിപ്പിക്കുന്നില്ല. വിഷയഭോഗം ആദ്യം രമിപ്പിച്ചാലും പിന്നീട് ദുഃഖിപ്പിക്കുന്നവയാണ്. അവ താൽക്കാലികങ്ങളുമാണ്. ബുധന്മാർ അനന്തമായ സത്യാനന്ദചിദാത്മകമായ ബ്രഹ്മത്തിലാണ് രമിക്കുന്നത്.

രമന്തേ യോഗിനോനന്തോ സത്യാനന്ദചിദാത്മനി

ഇതി രാമപദേനാസൌ പരം ബ്രഹ്മാഭിധീയതേ (പത്മപുരാണം)

വിഷയസുഖങ്ങൾ ജന്തുക്കൾക്കുകൂടി അനുഭവിക്കാം. അവയും തിന്നുന്നു, കുടിക്കുന്നു,ഇണ ചേരുന്നു. മനുഷ്യൻ ആ അവസ്ഥയിൽനിന്ന് മുന്നോട്ടു പോകണം. തപസ്സുകൊണ്ട് ശുദ്ധവും അക്ഷയവുമായ ബ്രഹ്മാനന്ദം നേടണം.

നായം ദേഹോ ദേഹഭാജാം നൃലോകേ

കഷ്ടാൻ കാമാനർഹതേ വിഢ്ഭുജായാം

തപോദിവ്യം പുത്രകായേന സത്താം

ശുദ്ധ്യേദ്യസ്മാദ് ബ്രഹ്മസൌഖ്യം ത്വനന്തം(ഭാഗവതം)

ശ്ലോകം 23

ശക്തനോതീഹൈവ യഃ സോഢ്യം പ്രാക്ശരീരവിമോക്ഷണാത്

കാമക്രോധോത്ഭവം വേഗം സ യുക്തഃസ സുഖീ നരഃ

ഏതൊരുവൻ ശരീരം വീണുപോകുന്നതിന്നു മുമ്പേ, ഇവിടെവെച്ചുതന്നെ കാമക്രോധങ്ങളിൽനിന്ന് ജനിച്ച വേഗത്തെ (ഉദ്വേഗം) സഹിക്കാൻ ശക്തി നേടുന്നുവോ അവൻ യോഗയുക്തനാണ്. സദാ സുഖിയാണ്. കാമക്രോധ ത്തിൽനിന്ന് ജനിച്ച വികാരങ്ങളാണ് മനുഷ്യനെ ദുഃഖിപ്പിക്കുന്നത്. അവയെ സഹിക്കാനുള്ള ആത്മശക്തി നേടുന്നവൻ സുഖിയാണ്. ഇത് ഇപ്പോൾ ഇവിടെ വെച്ച് ഉടനെ സാധിക്കേണ്ട ഒന്നാണ്. ഈ ജന്മം ഈ ശരീരത്തിലി രുന്നുതന്നെ ബ്രഹ്മാവസ്ഥ പ്രാപിക്കണം,ജീവന്മുക്തനാവണം.

ശ്ലോകം 24

യോന്തഃസുഖോന്തരാരാമസ്തഥാന്തർജ്യോതിരേവ യഃ

സ യോഗീ ബ്രഹ്മനിർവ്വാണം ബ്രഹ്മഭൂതോധിഗച്ഛതി

ആരമണം ക്രീഡ. ആരാമം ക്രീഡാസ്ഥലം. ആരൊരാളാണോ അന്തരാ സു ഖം കണ്ടെത്തി അതിൽത്തന്നെ ക്രീഡിച്ചുകൊണ്ടിരിക്കുന്നുവോ, ആരുടെ ഉള്ളിലാണോ ജ്യോതിസ്സ് പ്രകാശിക്കുന്നത്, അവനാണ് യോഗി, അവനാണ് ബ്രഹ്മം. അവനാണ് ബ്രഹ്മനിർവ്വാണം പ്രാപിച്ചവൻ. സാംഖ്യയോഗം അവ സാനശ്ലോകത്തിൽ സ്ഥിതപ്രജ്ഞൻ ബ്രാഹ്മീസ്ഥിതി പ്രാപിച്ച് ബ്രഹ്മനിർവ്വാ ണം പ്രാപിക്കുന്നതായി പറഞ്ഞു. കർമ്മസന്യാസയോഗത്തിലും ബ്രഹ്മനി ർവ്വാണപ്രാപ്തി തന്നെ സംഭവിക്കുന്നു. അന്തരാത്മാവിൽ അക്ഷയസുഖം അനുഭവിച്ച് ആത്മാരാമനായിരിക്കുന്നവന് അന്തർജ്യോതി അഥവാ ജ്യോതി ഷ്മതി ലഭിക്കുന്നു. ജ്യോതിഷ്മതി ഉള്ളിലുദിച്ചവൻ ബ്രഹ്മനിർവ്വാണം പ്രാ പിക്കുന്നു. ക്ഷത്രിയനായ വിശ്യാമിത്രൻ ജ്യോതിഷ്മതി ഉള്ളിലുദിച്ചതോടെ ബ്രഹ്മർഷിയായിത്തീർന്നു. ജ്യോതിഷഗ്രന്ഥമായ സ്കന്ദഹോരക്ക് ജ്യോതിഷ്മ തി എന്നും പേരുണ്ട്. ജ്യോതിസ്സിന്റെ ശാസ്ത്രം അറിഞ്ഞവൻ,ഉള്ളിലെ അ ന്തർജ്യോതി തെളിഞ്ഞ് ആ പ്രഭയിൽ ഇക്കാണുന്ന സകലവും ഊർജ്ജമെ ന്നറിഞ്ഞ്, ബ്രഹ്മാത്മൈക്യാനുഭവം ഉണ്ടായവനാണ്. വേദത്തിന്റെ കണ്ണാൽ വേദം ദർശിച്ചവനാണ്. ബ്രഹ്മർഷിയാണ്.

ശ്ലോകം 25

ലഭന്തേ ബ്രഹ്മനിർവ്വാണമൃഷയഃക്ഷീണകന്മഷഃ

ഛിന്നദ്വൈധാ യതാത്മാനഃ സർവ്വഭൂതഹിതേ രതഃ

കന്മഷം നശിച്ചവരും ദ്വൈതഭാവം മുഴുവനായി നീങ്ങിയവരും ആത്മസംയമികളും സർവ്വഭൂതഹിതത്തിൽ രതിയുള്ളവരുമായ ഋഷിമാർ ബ്രഹ്മനിർവാണം പ്രാപിക്കുന്നു.ജ്യോതിഷ്മതി ഉള്ളിലുണർന്നവന്റെ സർവ്വപാപവും തീർന്നു. ദ്വൈതകൽപ്പനകള് തീർന്നു,അദ്വൈതിയായി. സാധാരണക്കാരന് സ്വന്തം ഹിതത്തിലാണ് രതി. ഓരോന്ന് ലഭിക്കാനായി അവൻ പാടുപെടുന്നു. ആത്മസംയമിയുടെ രതി സർവ്വഭൂതഹിതത്തിലാണ്. സകല ചരാചരങ്ങൾക്കും വേണ്ടിയാണ് അവർ കർമ്മം ചെയ്യുന്നത്. മനുഷ്യൻ ജനിക്കുന്നതു തന്നെ സർവ്വഭൂതാനാം ധർമ്മകോശസ്യ ഗുപ്തയേ- സർവ്വഭൂതങ്ങൾക്കുമായി ധർമ്മഭണ്ഡാരത്തെ സംരക്ഷിക്കാനാണ്- എന്ന് വിശ്വസിക്കുന്ന ജനതയാണ് ഭാരതം. അവർക്ക് സർവ്വഭൂതഹിതത്വം ഏറ്റവും ഉത്തമമായ സാധനയായതിൽ അത്ഭുതത്തിനവകാശമില്ല.

ശ്ലോകം 26

കാമക്രോധവിയുക്താനാം യതീനാം യതചേതസാം

അഭിതോ ബ്രഹ്മനിർവ്വാണം വർത്തന്തേ വിദിതാത്മനാം

കാമക്രോധാദികൾ ഉപേക്ഷിച്ച് ചേതസ്സിനെ നിയന്ത്രിച്ചവരും ആത്മജ്ഞാനികളുമായ യതിമാർക്ക് എങ്ങും ബ്രഹ്മനിർവ്വാണം മാത്രം സ്ഥിതി ചെയ്യുന്നു . വർത്തതേ എന്ന ക്രിയാധാതു ചുറ്റുക,ചുഴലുക,ഭ്രമണം ചെയ്യുക എന്നർത്ഥം കൊചുക്കുന്നു. യതിക്കു ചുറ്റും ബ്രഹ്മനിർവ്വാണം മാത്രം. മറ്റൊന്നുമില്ല. തന്നെ ചൂഴ്ന്നുനിൽക്കുന്ന ബ്രഹ്മാനന്ദത്തിരകളിൽ യതി ഒരു കണമായി ,നുറുങ്ങായി, ചിത്കണികയായിരിക്കുന്നു. ധ്യാനമുഹൂർത്തങ്ങളിൽ കവികൾക്കും ഋഷിമാർക്കും അനുഭവവേദ്യമാകുന്ന അവസ്ഥയാണിത്. ഈ അതീന്ദ്രിയാനുഭൂതിയുടെ പാൽത്തിരകളിൽ യതി അനന്തമായ കാലത്തിനു മേൽ യോഗനിദ്ര ചെയ്യുന്ന നാരായണതുല്യനായിത്തീരുന്നു.

ശ്ലോകം 27

സ്പർശാൻ കൃത്വാ ബഹിർബാഹ്യാംശ്ചക്ഷുശ്ചൈവാന്തരേ ഭ്രുവോഃ

പ്രാണാപാനൌ സമൌ കൃത്വാ നാസാഭ്യന്തരചാരിണൌ

ശ്ലോകം 28

യതേന്ദ്രിയമനോബുദ്ധിർമുനിർമോക്ഷപരായണഃ

വിഗതേഛാ ഭയക്രോധോ യഃ സദാ മുക്ത ഏവ സഃ

ബാഹ്യവിഷയങ്ങളെ പുറത്തുനിർത്തി ,ചക്ഷുക്കളെ ഭ്രൂമദ്ധ്യത്തിലുറപ്പിച്ച്, നാസികകളിലൂടെ സഞ്ചരിക്കുന്ന പ്രാണങ്ങളെ സമീകരിച്ച് ഇന്ദ്രിയം ,മനസ്സ്, ബുദ്ധി ഇവയെ അടക്കി ഇഛ, ഭയം, ക്രോധം ഇവ വെടിഞ്ഞ് മോക്ഷപരായണനായിരിക്കുന്ന മുനി സദാ മുക്തനാണ്. സംപ്രേക്ഷ്യനാസികാഗ്രം സ്വം ദിശശ്ചാനവലോകയൻ എന്ന് ശ്രീശങ്കരൻ പറയുന്നു. നമ്മുടെ അക്ഷികൾ എവിടേക്ക് നോക്കുന്നുവോ അവിടേക്ക് മനസ്സും അറിയാതെ പോകുന്നു. എവിടെയും നോക്കാതിരിക്കുന്നതിന് ഊർദ്ധ്വദൃഷ്ടിയായിരിക്കുന്നു. രണ്ട് പുരികങ്ങൾക്കിടയിലിലായി ആജ്ഞാചക്രം സ്ഥിതി ചെയ്യുന്നു. ഇതി

നു നേരെയാണ് ഫ്രോണ്ടൽലോബിലെ അതിപ്രധാനമായ ചില ഭാഗങ്ങൾ (വെർണിക്ക്, ബ്രോക്കാ) സ്ഥിതി ചെയ്യുന്നത്. നാളീരഹിതഗ്രന്ഥികളുടെ ചക്രവർത്തിയായ പിറ്റ്യൂറ്ററി,പീനിയൽ എന്നിവയും ഇതിന്റെ നേർക്ക് കിടക്കുന്നു.ഭാഷ,ശ്രുതി, നിരൂപണം, ഓർമ്മ ഇവയൊക്കെ വെർണിക്ക് എന്ന ഭാഗം നിർവ്വഹിക്കുന്നു. ഇന്ദ്രിയജന്യമായ ക്രിയകളുടെ കേന്ദ്രമാണ് ബ്രോക്ക. ബ്രോക്കയോടു ചേർന്നുകിടക്കുന്ന ഭാഗം നാവ്,ഹനു, തൊണ്ട മുതലായവയെ നിയന്ത്രിക്കുന്നു. വെർനിക്കിനടുത്ത് വസ്തുവിനേയും അതിനെ സൂചിപ്പിക്കുന്ന പദത്തേയും പരസ്പരബന്ധത്തേയും അറിയുന്ന ഭാഗമാണ്. ഈ ഭാഗം പ്രവർത്തിച്ചാലെ പദാർത്ഥവിജ്ഞാനീയം സാദ്ധ്യമാവുകയുള്ളു. അതിന്നടുത്ത് ഭാഷയെ ദർശിക്കുന്ന പ്രക്രിയയിൽ വെർനിക്കിനോടു സഹകരിച്ച് പ്രവർത്തിക്കുന്ന ഭാഗമുണ്ട്. ഈ ഭാഗങ്ങളിലേക്ക് തിരിച്ചു വെച്ച (ഭ്രൂകുടി) കണ്ണുകളോടെയാണ് യോഗി ധ്യാനത്തിനിരിക്കുന്നത്. പുറംലോകത്തെ കാഴ്.കളിൽനിന്നും ശബ്ദങ്ങളിൽനിന്നും പിന്തിരിഞ്ഞ്, ഈ ചൈതന്യലോകത്തിലേക്ക് തന്റെ ശ്രദ്ധയെ ഏകാഗ്രമാക്കി പിടിക്കുന്നു.

ശ്ലോകം 29

ഭോക്താരം യജ്ഞതപസാം സർവ്വലോകമഹേശ്വരം

സുഹൃദം സർവ്വഭൂതാനാം ജ്ഞാത്വാ മാം ശാന്തിമൃച്ഛതി

യജ്ഞതപസ്സുക്കളുടെ ഭോക്താവായും സർവ്വലോകങ്ങൾക്കും മഹേശ്വരനായും സർവ്വഭൂതങ്ങളുടേയും സുഹൃത്തായും എന്നെ അറിഞ്ഞ് മുനി ശാന്തിയെ പ്രാപിക്കുന്നു. ആത്മചൈതന്യത്തിലേക്ക് ഏകാഗ്രമാക്കി നിർത്തിയ ചേതസ്സിൽ ആത്മചൈതന്യമല്ലാതെ മറ്റൊന്നും പ്രകാശിക്കുകവയ്യ. ആത്മപ്രകാശമുണ്ടാകുമ്പോൾ ഞാനാരെന്ന് അറിയുന്നു. അത് നശ്വരമായ ശരീരമല്ല. സർവ്വലോകമഹേശ്വരനായ ബ്രഹ്മമാണ്. ആത്മാവാണ്. ഈ ബ്രഹ്മാത്മൈക്യഭാവം പ്രാപിച്ച മുനി യജ്ഞതപസ്സുകളുടെ ഭോക്താവും സർവ്വഭൂതഹിതത്തിൽ രതിയുള്ള സർവ്വഭൂതസുഹൃത്തും ആയിരുന്ന് ചിത്തപ്രസാദവും ശാന്തിയും പ്രാപിക്കുന്നു.

അദ്ധ്യായം 6 ധ്യാനയോഗം

ശ്ലോകം 1. ശ്രീഭഗവാനുവാച഻

അനാശ്രിതകർമ്മഫലം കാര്യം കർമ്മ കരോതി യഃ

സ സന്യാസീ ച യോഗീ ച ന നിരഗ്നിർ ന ചാക്രിയഃ

കർമ്മഫലത്തെ ആശ്രയിക്കാതെ ആരാണോ കർമ്മം ചെയ്യുന്നത്,അവനാണ് സന്യാസിയും യോഗിയും.അഗ്നി ഉപേക്ഷിച്ചതുകൊണ്ടോ ക്രിയാദികളെ ഉപേക്ഷിച്ചതു കൊണ്ടോ ഒരാൾ സന്യാസിയെ യോഗിയോ ആവുന്നില്ല. നിഷ്കാമകർമ്മയോഗിതന്നെയാണ് സന്യാസിയും യോഗിയുമെന്ന് ചൂണ്ടിക്കാട്ടുന്നു.അഗ്നിഹോത്രാദികളായ യാഗകർമ്മങ്ങൾ കർമ്മകാണ്ഡത്തിൽ പെടും. അത്തരം കർമ്മങ്ങളെ ഉപേക്ഷിച്ചവരെ ബർഹിഷാത്തന്മാരെന്ന് പറയും. കർമ്മഫലം ആഗ്രഹിക്കാതെ കർമ്മം ചെയ്യുന്നവനാണ്, കർമ്മം ഉപേക്ഷിച്ചവനല്ല സന്യാസി. സന്യാസിമാർ യാഗാദികളോ പിതൃകർമ്മമോ ചെയ്യേണ്ടതില്ല എന്നാണ് ആചാരം. ഭഗവദ്ഗീത ഈ നിയമത്തെപ്പോലും പരസ്യമായി ചോദ്യം ചെയ്യുന്നു.ശങ്കരാചാര്യരുടെ അമ്മ മരിച്ചപ്പോൾ, ഏകപുത്രൻ ആചരിക്കേണ്ട ശ്രാദ്ധം നിർവ്വഹിക്കാൻ സന്യാസിയാണെങ്കിലും അദ്ദേഹം വന്നു, ഉദകക്രിയ ചെയ്തു.അദ്ദേഹത്തിന്റെ ആ കർമ്മത്തെ ഗീതയുടെ വിപ്രവാത്മകമായ സമീപനത്തിലൂടെ നോക്കിക്കാണണം. കർമ്മകാണ്ഡത്തെ തള്ളിപ്പറകയും മീമാംസകരെ തർക്കത്തിൽ അടിയറവു വെപ്പിക്കയും ചെയ്ത ശങ്കരൻഎന്തുകൊണ്ട് അമ്മക്കുവേണ്ടി പിതൃകർമ്മം ചെയ്തു ഗീതയിലാണ് അതിന്നു മതിയായ ഉത്തരമുള്ളത്. കർമ്മഫലമാഗ്രഹിക്കാതെ, കർമ്മത്താൽ ബന്ധിക്കപ്പെടാതെ, ഒരു കടമ നിർവ്വഹിച്ചതു കൊണ്ട് സന്യാസി സന്യാസിയല്ലാതാവുന്നില്ല .

ശ്ലോകം 2

യം സന്യാസമിതി പ്രാഹുർയോഗം തം വിദ്ധി പാണ്ഡവ

ന ഹ്യസന്ന്യസ്തസങ്കൽപ്പോ യോഗീ ഭവതി കശ്ചന

പാണ്ഡവാ,ഏതിനെയാണോ സന്യാസമെന്ന് പറയുന്നത് അതുതന്നെയാണ് യോഗം. കാരണം, സങ്കൽപങ്ങലെ സന്യസിക്കാതെ ആരും യോഗിയായി ഭവിക്കുന്നില്ല. സുശ്രുതസംഹിതയിൽ കൽപം എന്ന പദത്തിന് വിഷമെന്നാണ് അർത്ഥം. മനസ്സിന്റെ വിഷമാണ് സങ്കല്പവികൽപ്പങ്ങൾ. ഞാൻ സങ്കൽപ്പിക്കുന്നു, എനിക്ക് ലോകത്തിൽ ആരുമില്ലെന്നും അനാഥയാണെന്നും. ഉടനെ മനസ്സ് ആ സങ്കൽപ്പത്തെ സത്യമാക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നു. ഞാൻ സങ്കൽപ്പിക്കുന്നു, ഞാൻ സാക്ഷാൽ പരാശക്തിയായ ലളിതാപരമേശ്വരിയാണെന്ന്. ഉടനെ പരാശക്തിയുമായി താദാത്മ്യം പ്രാപിക്കാൻ മനസ്സ് തയ്യാറെടുക്കുന്നു. ലളിതമായ ഒരു പ്രക്രിയയാണത്. നാം എന്ത് ധ്യാനിക്കുന്നുവോ, അതായി ഭവിക്കുന്നു. സങ്കൽപ്പങ്ങളെ ത്യജിക്കലാണ് യോഗം. അതിനാൽ സങ്കൽപ്പസന്യാസമാണ് യോഗം. ചുരുക്കത്തിൽ യോഗവും സന്യാസവും ഒന്നുതന്നെയാണ്.

ശ്ലോകം 3

ആരുരുക്ഷോർമുനേർയോഗം കർമ്മകാരണമുച്യതേ

യോഗാരൂഢസ്യ തസ്യൈവ ശമഃകാരണമുച്യതേ

ആരുരുക്ഷുവിന്റെ മാർഗ്ഗമാണ് കർമ്മം. യോഗാരൂഢന്റെ കാരണമാണ് ശമം. കർമ്മയോഗി ആരുരുക്ഷുവാണ്. ജ്ഞാനയോഗി യോഗാരൂഢനും. ഒരാൾ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവനും ഒരാൾ ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞവനുമാണ്. യോഗാരൂഢനും ഒരു കാലത്ത് ആരുരുക്ഷുവായി കർമ്മപഥത്തിൽ സഞ്ചരിച്ചിട്ടുണ്ട്. ഇപ്പോൾ കർമ്മപഥത്തിൽ സഞ്ചരിക്കുന്ന ആരുരുക്ഷു ഒരുനാൾ ലക്ഷ്യം പ്രാപിക്കും. നരൻ നാരായണനിലേക്ക് സഞ്ചരിക്കുന്നു, നാരായണനായിത്തീരുന്നു. ഭൂതകാലത്തെ നരനാണ് ഭാവിയിലെ നാരായണൻ. ഈ വ്യത്യാസമേ കർമ്മയോഗിയും ജ്ഞാനയോഗിയും തമ്മിലുള്ളു. നിഷ്കാമകർമ്മവും ശമവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഒരേ സാധകൻ തന്റെ ജീവിതത്തിന്റെ രണ്ട് ഘട്ടങ്ങളിൽ സ്വീകരിക്കുന്ന സ്വഭാവങ്ങളാണ് ആരുരുക്ഷു, ആരൂഢനെന്നിവ. എപ്പോഴാണ് ആരുരുക്ഷു ആരൂഢനായിത്തീരുന്നത്.

ശ്ലോകം 4

യദാ ഹിനേന്ദ്രിയാർത്ഥേഷു ന കർമ്മസ്വനുഷജ്ജതേ

സർവ്വസങ്കൽപ്പസന്യാസീ യോഗാരൂഢസ്തദോച്യതേ

ഇന്ദ്രിയാർത്ഥങ്ങളായ കർമ്മങ്ങളിൽ ഒട്ടും ആസക്തിയില്ലാതാവുന്ന സമയത്ത്, സർവ്വസങ്കൽപസന്യാസിയെ യോഗാരൂഢനെന്ന് അറിയുന്നു. കർമ്മം നിഷ്കാമമാകുമ്പോളാണ് ആരുരുക്ഷു ആരൂഢനാവുന്നത്. ഇന്ദ്രിയസുഖം കിട്ടണമെന്ന് കരുതിക്കൊണ്ടുള്ള കർമ്മത്തിൽ തീരെ താൽപ്പര്യം ഇല്ലാതാവുമ്പോളാണ് യോഗാരൂഢനാവുന്നത്.

ശ്ലോകം 5

ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്

ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ

ആത്മാവിനെ ആത്മാവുകൊണ്ട് ഉദ്ധരിക്കുക. ആത്മാവിനെ അധഃപതിപ്പിക്കരുത്.ആത്മാവിന്റെ ബന്ധുവും ശത്രുവും ആത്മാവുതന്നെയാണ്. മറ്റൊരാളുടെ സഹായം ആരുരുക്ഷു തന്റെ സാധനയുടെ ആദ്യഭാഗത്ത് തേടുന്നുണ്ട്. എന്നാൽ ഗുരുവിന് ശിഷ്യന്റെ ആത്മീയോന്നമനത്തിൽ ഏറ്റവും പ്രധാനമായ സ്വാനുഭൂതിയുടെ ഘട്ടം വരുമ്പോൾ യാതൊന്നും ചെയ്യാനില്ല. സ്വാനുഭൂതി സ്വയം ലഭിക്കേണ്ട ഒന്നാണ്. പാവങ്ങളിലെ ഴാങ്വാൽഴാങിനെ നോക്കുക. മെത്രാൻ അയാൾക്കൊരു പാഠം നൽകി. ആ പാഠം പഠിച്ച് സ്വാനുഭൂതിയാക്കി, സ്വജീവിതത്തെ ചേതോഹരമായ മഹാകാവ്യമാക്കാൻ അയാൾതന്നെ വേണ്ടിവന്നു. നമ്മുടെ ശത്രുവും ബന്ധുവും നമ്മൾതന്നെ. മറ്റുള്ളവരെയോ ദൈവത്തേയോ പഴിചാരി സ്വന്തം കഴിവുകേടുകളെ ഒളിച്ചുവെക്കാൻ ശ്രമിക്കുന്നത് ശരിയല്ല. എന്നാലും അതാണ് അധികം ആളുകളും ചെയ്യുന്നത്. ഭർത്താവ് നീചനും കള്ളുകുടിയനും താമസപ്ര

കൃതിയും. ഭാര്യ സുശീല,സാത്വികപ്രകൃതി. എന്നാലും ഭർത്താവു പറയും, ഇവളെ കല്യാണം കഴിച്ചതുതൊട്ട് ഞാനിങ്ങനെയായി. സ്വഭാവജമായ കർമ്മവിശേഷങ്ങളേയും അവ തരുന്ന ഫലങ്ങളേയും അവനവൻ അനുഭവിക്കുന്നു. അവയെ നിയന്ത്രിക്കേണ്ടതും ആത്മാവിന്റെ കണ്ണാടിയിൽ കറ പുരളാതെ നോക്കേണ്ടതും അവനവൻ തന്നെ. അതുചെയ്യാതെ കർമ്മഫലം അനുഭവിക്കുന്ന സമയത്ത്, ഭാര്യയേയോ ഭർത്താവിനേയോ ദൈവത്തേയോ പഴി പറഞ്ഞിട്ട് എന്തു കാര്യം.

ശ്ലോകം 6

ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈവാത്മനാ ജിതഃ

അനാത്മനസ്തു ശത്രുത്വേ വർത്തേതാത്മൈവ ശത്രുവത്

ആത്മാവുകൊണ്ട് ആത്മാവിനെ ജയിച്ചവന് ആത്മാവ് ബന്ധുവാകുന്നു. അനാത്മന് ആത്മാവ് ശത്രുവായി പ്രവർത്തിക്കുന്നു. ആത്മജ്ഞാനിക്ക് ആത്മാവ് ബന്ധുവാണ്,അനാത്മവാദിക്ക് ശത്രുവും. അനാത്മവാദി വിഷയസുഖരതിയോടുകൂടിയവനാണ്. ശരീരമാണ് താനെന്ന് വിശ്വസിക്കുന്ന ഭൌതികവാദിയാണ്. അസാൾക്ക് സ്വാത്മാവ് തന്നെ ശത്രുവായി പിഴച്ച മാർഗ്ഗത്തിലേക്ക് നയിക്കുന്നു. ആളുകളെങ്ങനെയാണ് പാപമാർഗ്ഗത്തിലേക്ക് തിരിയുന്നതെന്ന് അർജ്ജുനൻ ചോദിക്കയുണ്ടായി. അവനവനാണ് പാപമാർഗ്ഗത്തിലേക്ക് അവനവനെ നയിക്കുന്നത്. സ്വന്തം പ്രകൃതിക്കനുസൃതമായി അവനവൻ പ്രവർത്തിക്കുകയാണ്.

ശ്ലോകം 7

ജിതാത്മനഃ പ്രശാന്തസ്യ പരമാത്മാ സമാഹിതഃ

ശീതോഷ്ണസുഖദുഃഖേഷു തഥാ മാനാപമാനയോഃ

ജിതാത്മാവായി പ്രശാന്തനായി ശീതോഷ്ണങ്ങളിലും സുഖദുഃഖങ്ങളിലും മാനാപമാനങ്ങളിലും സമഭാവത്തിൽ പരാത്മാവ് വിളങ്ങുന്നു. ജിതാത്മാവും പ്രശാന്തനുമായ യോഗിയെ ഇവിടെ ജീവാത്മാവെന്നല്ല, പരാത്മാവ് എന്നുതന്നെയാണ് പറയുന്നത്. സമഭാവന ഉണർന്ന മനുഷ്യൻ പരമാത്മതുല്യനാണ്. ജീവാത്മപരമാത്മാക്കൾക്ക് അഭേദം കൽപ്പിക്കുന്നു. മറ്റു ദ്വന്ദ്വഭാവനകളോടൊപ്പം ജീവാത്മപരമാത്മഭേദവും പൊഴിഞ്ഞുപോകുന്നു. സുഖദുഃഖങ്ങൾ മനസ്സിന്റെ അനുഭവങ്ങളാണ്. ശീതോഷ്ണം ശരീരത്തിന്റെ അനുഭവമാണ്. മാനാപമാനം ബുദ്ധിയുടേതാണ്. ജീവാത്മപരമാത്മഭേദം ആത്മാവിന്റെയും. ഈ വക സർവ്വ ദ്വൈതഭാവനയും അറ്റ് ബ്രഹ്മാനുഭൂതിയിൽ യോഗി വിലയം പ്രാപിക്കുന്നു.

ശ്ലോകം 8

ജ്ഞാനവിജ്ഞാനതൃപ്താത്മാ കൂടസ്ഥോ വിജിതേന്ദ്രിയഃ

യുക്ത ഇത്യുച്യതേ യോഗീ സമലോഷ്ടാശ്മകാഞ്ചനഃ

ജ്ഞാനവിജ്ഞാനങ്ങളാൽ തൃപ്തമായ ആത്മാവോടുകൂടി കൂടസ്ഥനായി ഇന്ദ്രിയങ്ങളെ ജയിച്ച യോഗയുക്തനാണ് യോഗി. അദ്ദേഹത്തിന് മൺകട്ടയും കല്ലും സ്വർണ്ണവും ഭേദമില്ല. മാണിക്യക്കല്ലിനെ വെള്ളാരങ്കല്ലുപോലെ

വിചാരിച്ച യോഗവാസിഷ്ഠത്തിലെ രാജ്ഞിയെപ്പോലെയാണ് യോഗി. സമഭാവനയിൽ,ഇളക്കമില്ലാത്ത അചഞ്ചലമായ നിഷ്ഠയോടുകൂടിയ യോഗിക്ക് സ്വർണ്ണവും ഭൂമിയും സ്വത്തും ഒരുപോലെയാണ്. അവക്ക് ഒരു മൂല്യവും അയാൾ കൽപ്പിക്കുന്നില്ല. ജ്ഞാനവിജ്ഞാനങ്ങളാൽത്തന്നെ അയാൾ തികച്ചും തൃപ്തനാണ്. പിന്നെ എന്തിന് നശ്വരമായ സ്വർണ്ണം. സർവ്വം ബ്രഹ്മമയമായിരിക്കെ, മണ്ണും സ്വർണ്ണവും തമ്മിലെന്തു വ്യത്യാസം. സ്ത്രീകൾക്ക് ഈ നിലയിലെത്താൻ കഴിയില്ലെന്ന് വിചാരിക്കുന്നവർക്ക് ഗുണപാഠം തരുന്നു യോഗവാസിഷ്ഠത്തിലെ രാജ്ഞിയുടെ കഥ.

ശ്ലോകം 9

സുഹൃന്മിത്രാര്യുദാസീനമധ്യസ്ഥദ്വേഷ്യബന്ധുഷു

സാധുഷ്വപി ച പാപേഷു സമബുദ്ധിർവിശിഷ്യതേ

സുഹൃത്ത്,മിത്രം,അരി(ശത്രു)ഉദാസീനൻ,മദ്ധ്യസ്ഥൻ, ബന്ധു,സാദു,പാപി എന്നിങ്ങനെ സർവ്വരിലും സമബുദ്ധിയോടിരിക്കുന്നവനാണ് വിശിഷ്ടൻ. സർവ്വം ബ്രഹ്മമായിരിക്കെ, സമലോഷ്ടാശ്മകാഞ്ചനനായാൽ മാത്രം പോരാ, സർവ്വമനുഷ്യരിലും തുല്യഭാവം പുലർത്തുകയും വേണം.ജീവനില്ലാത്ത കല്ലും സ്വർണ്ണവും പോലെയല്ല ജീവനുള്ള മനുഷ്യർ. അവർ അപവാദം പറയും,നിന്ദിക്കും, ദ്വേഷിക്കും, മുഖസ്തുതി പറയും,ഏഷണികൂട്ടും. പിന്നെയും പലവിധ ക്രിയകളാൽ നമ്മെ പ്രിയത്തിനും അപ്രിയത്തിനും ഇരയാക്കും. ഈ വക ക്രിയകളാലൊന്നും ബാധിക്കപ്പെടാതെ ,എന്തെല്ലാം പറഞ്ഞാലും ചെയ്താലും സർവ്വ മനുഷ്യരോടും സമബുദ്ധി പുലർത്തണം. മിത്രത്തോടും ശത്രുവോടും ഒരുപോലെ സ്നേഹമുണ്ടാവണം. ബൈബിളിലെ നല്ല സമരിയാക്കാരന്റെ കഥ ഈ മനോഭാവത്തിനു തെളിവാണ്. ദുഷ്കർമ്മങ്ങളിൽനിന്ന് ജ്ഞാനി ഒഴിഞ്ഞുനിൽക്കണം. പക്ഷേ ദുഷ്കർമ്മം ചെയ്യുന്നവനെ സത്ക്കർമ്മം ചെയ്യുന്നവനെയെന്നപോലെ സ്നേഹിക്കയും വേണം. പാപത്തെയാണ്,പാപിയെയല്ല വെറുക്കേണ്ടത്. ഒഴിവാക്കേണ്ടതും. ഇതത്ര എളുപ്പമുള്ള കാര്യമല്ല. ചിട്ടയോടും നിഷ്കര്ഷയോടും കൂടി ശ്രദ്ധാപൂർവ്വമുള്ള അഭ്യാസം കൊണ്ടല്ലാതെ ഈ ശീലം ഉറച്ചുകിട്ടുകയില്ല.

ശ്ലോകം 10

യോഗീ യുഞ്ജീത സതതമാത്മാനം രഹസി സ്ഥിതഃ

ഏകാകീ യതചിത്താത്മാ നിരാശീരപരിഗ്രഹഃ

യോഗി ഏകാകിയായി ആളൊഴിഞ്ഞ രഹസ്യസ്താനത്ത് ചെന്നിരുന്ന് ചിത്തത്തെ അടക്കി, ആശകളെ ഉപേക്ഷിച്ച് തന്റേതെന്ന് ഒന്നും സൂക്ഷിച്ചുവെക്കാതെ എപ്പോഴും ആത്മാവിനെ ഏകാഗ്രമാക്കി നിർത്തണം. സാധാരണ ജനങ്ങൾക്ക് ഏകാന്തതയെ ഭയമാണ്. ഏകാന്തതയെ സ്നേഹിക്കുന്നവർ കവികളും യോഗികളുമാണ്. അവർക്ക് ആളൊഴിഞ്ഞ മനോഹരമായ രഹസ്യസ്ഥാനങ്ങളിലിരുന്ന് മനോരാജ്യം കാണാനിഷ്ടമാണ്. നദീതീരത്തിലോ കടലോരത്തോ മലമുകളിലോ നിബിഢവനത്തിലോ ഇരുന്ന് ഋഷിയും കവിയും ഏകാന്തതയെ ആസ്വദിക്കുന്നു. സ്വന്തം ഫ്ലാറ്റിന്റെ ഏകാന്തമായ മുറിയിലും അവർ ഗാഢമായ മൌനത്തിലേക്ക് ചുഴിഞ്ഞിറങ്ങി ലയിക്കുന്നു. ഈ ഏകാഗ്രതപസ്സിന്റെ പാരമ്യത്തിൽ സാധാരണക്കാർക്ക് ആവശ്യമുള്ള

തെന്ന് തോന്നുന്ന പലതും ഋഷി ഉപേക്ഷിച്ചുകളയുന്നു. അവർക്ക് അതു വേണം ഇതു സമ്പാദിക്കണം എന്ന് ആശയില്ല. എന്റേതെന്ന മുദ്രവെച്ചാലേ പ്രകൃതിയെ സ്നേഹിക്കാനാവൂ എന്നില്ല. അതിനാൽ സ്വന്തമെന്നു പറയാനായി ഒരു തുണ്ട് ഭൂമിപോലും അവർ വാങ്ങിയെന്ന് വരില്ല. പ്രപഞ്ചം മുഴുവനും താനാണെന്ന് സ്വാനുഭൂതിപാരമ്യത്തിൽ സാക്ഷാത്കരിച്ചവനെന്തിന് ഒരു കഷ്ണം ഭൂമി റജിസ്റ്റർ ചെയ്യണം. അയാൾ സർവ്വവിഷയത്തിൽനിന്നും ചിത്തത്തെ നിവർത്തിച്ച് ഏകാഗ്രമായ ആത്മചിന്തനത്തിൽ മുഴുകി ആത്മാരാമനായിരിക്കുന്നു. ഇങ്ങനെ ഏകാകിയായിരിക്കുന്ന ബ്രഹ്മജ്ഞാനിയോട് ആരെങ്കിലും താങ്കൾക്ക് ഏകാന്തത അനുഭവപ്പെടുന്നില്ലേ എന്നു ചോദിച്ചാൽ അയാൾ തോറോ പറഞ്ഞ ഉത്തരമായിരിക്കും പറയുക. Lonely ! Am I not in the Milky way ? അനേകം ചിത്കണങ്ങൾ ഒഴുകിനടക്കുന്ന ആകാശഗംഗയിൽ ഒരു ചിത്കണം മാത്രമായ യോഗിക്ക് എവിടെ ഏകാന്തത. ഏകാന്തതയിലും അദ്ദേഹം പ്രപഞ്ചോർജ്ജന്യത്തത്തിന്റെ മദ്ധ്യത്തിലാണ്. ആൾത്തിരക്കിനിടയിലും അദ്ദേഹം ഒറ്റക്കുമാണ്.

ശ്ലോകം 11

സുചൌ ദേശേ പ്രതിഷ്ഠാപ്യ സ്ഥിരമാനസമാത്മനഃ

നാത്യുച്ഛ്രിതം നാതി നീചം ചൈലാജിനകുശോത്തരം

ശുചിയുള്ള സ്ഥലത്ത് അധികം ഉച്ചത്തിലോ അധികം താഴെയോ അല്ലാതെ ദർഭപ്പുല്ല്, മാന്തോല്, വസ്ത്രം എന്നിവ മേലേക്കുമേലെ വിരിച്ച് തനിക്കിരിക്കാൻ സുഖമുള്ളതും സ്ഥിരവുമായ ഇരിപ്പിടം തയ്യാറാക്കുന്നു. ഏകാഗ്രതക്ക് ഭംഗം വരാത്തതും സുഖകരവുമാവണം ഇരിപ്പ്. വൃത്തിയില്ലാത്ത സ്ഥലമാണെങ്കിൽ ഉറുമ്പ്,കൊതു,ഈച്ച,മൂട്ട, ഇവ അടിക്കടി ശല്യപ്പെടുത്തും. അധികം ഉയരത്തിലാണെങ്കിൽ വീഴുമോ എന്ന ഭയം കൊണ്ട് ധ്യാനഭംഗം വരും. താഴ്ന്നിട്ടാണെങ്കിൽ തണുപ്പുകൊണ്ട് വാതം വന്ന് ധ്യാനഭംഗം വരാം. ഇതെല്ലാം ഒഴിവാക്കണം. മാന്തോലും ദർഭയും പണ്ടു കാലത്ത് ഉപയോഗിച്ചിരുന്ന വസ്തുക്കളാണ്. ഇപ്പോളത് ആവശ്യമില്ല. പകരം സുഖമുള്ള മറ്റു വസ്തുക്കളുപയോഗിക്കാം. യോഗപദ്ധതി മനുഷ്യൻ ഭൂമിയിലാവിർഭവിച്ച കാലം മുതലേ ഉള്ള പഴക്കമുള്ള പദ്ധതിയാണെന്ന് ഇത്തരം പരാമർശങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ശ്ലോകം 12

തത്രൈകാഗ്രം മനഃകൃത്വാ യതചിത്തേന്ദ്രിയക്രിയഃ

ഉപവിശ്യാസനേ യുഞ്ജ്യാദ്യോഗമാത്മവിശുദ്ധയേ

ശ്ലോകം 13

സമം കായം കായശിരോഗ്രീവം ധാരയന്നചലം സ്ഥിരഃ

സംപ്രേക്ഷ്യ നാസികാഗ്രം സ്വം ദിശ്ചാനവലോകയൻ

ശ്ലോകം 14

പ്രശാന്താത്മാ വിഗതഭീർ ബ്രഹ്മചാരിവ്രതേ സ്ഥിതഃ

മനഃസംയമ്യ മച്ചിത്തോ യുക്ത ആസീത തത്പരഃ

സുഖാസനത്തിലിരുന്ന് ഇന്ദ്രിയവൃത്തികളെയും ചിത്തത്തേയും അടക്കി, ആത്മവിശുദ്ധിക്കായി യോഗം അഭ്യസിക്കണം. ശരീരം,ശിരസ്സ്,കഴുത്ത് ഇവ സമമായി നേർരേഖയിൽ നിർത്തുക. ശരീരം അചലമായി ,ഇരുന്ന ഇരുപ്പിൽ സ്ഥിരമായി ഇരിക്കണം. മൂക്കിന്റെ അറ്റത്ത് ദൃഷ്ടിയൂന്നണം. മറ്റൊരു ദിക്കിലേക്കും നോക്കരുത്. പ്രശാന്തചിത്തനും നിർഭയനുമായി ബ്രഹ്മചര്യാവ്രതം എടുത്ത്, മനസ്സിനെ അടക്കി എന്റെ ചിത്തമായി, എന്നിൽത്തന്നെ ലയിച്ച് യോഗയുക്തനായി സ്തിതി ചെയ്യണം. ബ്രഹ്മചര്യം ബ്രഹ്മവിചാരത്തിൽ മാത്രം മനസ്സ് ചരിപ്പിച്ച് ചെയ്യേണ്ടതാണ്.അങ്ങനെ ബ്രഹ്മവിചാരത്തിൽ ലയിക്കുമ്പോഴാണ് കുണ്ഡലിനി ഉണരുന്നത്. ചുവന്ന കുങ്കുമപ്പൊടി പൂശി, മൂന്നര ചുറ്റു ചുറ്റി, തല കീഴോട്ടാക്കി ഉറങ്ങുന്ന കുണ്ഡലിനി ഒരു പ്രകാശപാളി പോലെയോ അഗ്നിജ്വാലയുടെ മടക്ക് പോലെയോ ശുദ്ധമായ തങ്കം പോലെയോ ആണ്. ഉജ്വലമായ നക്ഷത്രം പതിക്കുന്നതുപോലെയോ പ്രകാശവിത്ത് മുളക്കുന്നതുപോലെയോ ആണ് കുണ്ഡലിനിയുടെ ഉണർച്ച. ഈ ഉണർച്ചയുടെ ആദ്യഘട്ടത്തിൽ ശരീരത്തിൽ ചില മാറ്റങ്ങൾ കാണും. ആദ്യം ശരീരം ആകെ ഉണങ്ങി വരണ്ട്പോകുന്നു. പിന്നീട് പൊയ്പ്പോയ ശക്തി വീണ്ടെടുത്ത് സുഭഗത ആർജ്ജിക്കുന്നു. ചുവന്നു തുടുക്കുന്നു. വാർദ്ധക്യം പിൻവാങ്ങുന്നു. മഹത്തായ കാര്യങ്ങൾ നിർവ്വഹിക്കാൻ യോഗി പ്രാപ്തനായിത്തീരുന്നു. കുണ്ഡലിനി ഹൃച്ചക്രത്തിലെത്തുമ്പോൾ മാനസികമായ മാറ്റങ്ങൾ ആരംഭിക്കുന്നു. ഓങ്കാരരൂപമായ പ്രണവം മനസ്സിൽ സ്ഫുരിക്കുന്നു. സൃഷ്ടിക്കപ്പെടാത്ത ശബ്ദങ്ങൾ പ്രജ്ഞയിൽ സ്ഫുരിക്കുന്നു. ഈ ശബ്ദങ്ങളുടെ മുഴക്കത്തിൽ ബ്രഹ്മരന്ധ്രത്തിന്റെ ജാലകം തുറക്കുന്നു. താമരപ്പൂവിനു സദൃശമായ സഹസ്രാരപത്മത്തിൽ കുണ്ഡലിനി ഉണരുമ്പോൾ ബൌദ്ധികമായ മാറ്റങ്ങൾ സംഭവിക്കുന്നു. ദ്വന്ദ്വബോധത്തിന്റെ ലാഞ്ഛന പോലും അവശേഷിക്കാത്ത ശുദ്ധമായ പ്രജ്ഞ്ര സ്ഫുരിക്കുന്നു. ഈ സമയത്ത് കുണ്ഡലിനി പ്രകാശത്തിന്റെ ഒരരുവിപോലെ ദൃശ്യമാകുമെന്നാണ് ജ്ഞാനേശ്വരി പറയുന്നത്. ഒരു പ്രകാശസാഗരമായിട്ടാണ് എന്റെ പ്രജ്ഞയിൽ അത് ദൃശ്യമായത്. ഈ അവസ്ഥയിൽ കാലം,നാദം, ബിന്ദു ഇവയെക്കുറിച്ചൊന്നും യോഗി ബോധവാനായിരിക്കുകയില്ല. ചിത്തനിയന്ത്രണം, ശ്വാസനിയന്ത്രണം, ധ്യാനം ഇവയൊന്നും ആ ചിന്മുഹൂർത്തത്തിൽ മനസ്സിലില്ല,ചിന്തയും ഇല്ല. ചിന്തയില്ലായ്മയും ഇല്ല.പൃഥ്വിയും ജലവുംഅഗ്നിയും അപ്പോൾ ശരീരത്തിൽ വിലയം പ്രാപിക്കുന്നു. വായു ബ്രഹ്മരന്ധ്രത്തിലെ ചിദാകാശത്തിൽ വിലയം പ്രാപിക്കുന്നു. ബ്രഹ്മരന്ധ്രത്തിലെ ചിദാകാശത്തിൽ പ്രവേശിച്ച വായുവെ മാരുത എന്ന് വിളിക്കുന്നു. പ്രണവത്തിന്റെ പുറത്ത് പാദമൂന്നി അവൾ വചനത്തിന്റെ രണ്ടാം ഘട്ടമായ പശ്യന്തിയെ തരണം ചോയ്യുന്നു. ബ്രഹ്മാനന്ദത്തിൽ വിലയം കൊണ്ട ഈ അവസ്ഥയിൽ അദ്വൈതാനുഭൂതിയല്ലാതെ മറ്റൊന്നുമില്ല. ശിവശക്തിസാമരസ്യത്തിന്റെ ഭൂമികയാണത്. ഈ ഘട്ടത്തെ വൈഖരി കൊണ്ട് പ്രകാശിപ്പിക്കുക അസാദ്ധ്യമാണ്. ഒരാൾ മുജ്ജന്മസുകൃതത്താൽ ഈ അനുഭൂതി ശൈശവത്തിൽത്തന്നെ നുകരുന്നതായാൽ, ആ വ്യക്തിക്ക് യോഗാഭ്യാസമൊന്നും കൂടാതെത്തന്നെ ബ്രഹ്മാനുഭൂതി സാധിച്ചു എന്നർത്ഥം. ആദിശങ്കരനും ജ്ഞാനേശ്വരനും ഇത്തരം യോഗാരൂഢരായിരുന്നു. ഗുരുവിന്റേയും മാരുതയുടേയുംകൃപയാൽ,

ഗുരുമാരുതപുരത്തിലെ ദേവന്റെ ഭക്തയായി ജീവിതമാരംഭിച്ച ഈയുള്ളവ ൾക്കും ഭാഗ്യവശാൽ ഈ അനുഭൂതിമാധുര്യം നുകരാൻ സാധിച്ചു.

ശ്ലോകം 15

യുഞ്ജന്നേവം സദാത്മാനം യോഗീ നിയതമാനസഃ

ശാന്തിം നിർവ്വാണപരമാം മത്സംസ്ഥാമധിഗച്ഛതി

ഇപ്രകാരം മനസ്സിനെ അടക്കി,ആത്മയുക്തമായി സദാ നിർത്തിയയോഗി എന്നിൽ സംസ്ഥിതമായിരിക്കുന്ന പരമമായ നിർവ്വാണമായ ശാന്തിയെ പ്രാപിക്കുന്നു.ധ്യാനം ബ്രഹ്മഭാവത്തിലേക്ക് മനുഷ്യനെ ഉയർത്തുന്നു.

ശ്ലോകം 16

നാത്യശ്നസ്തു യോഗോസ്തി ന ചൈകാന്തമനശ്നതഃ

ന ചാതിസ്വപ്നശീലസ്യ ജാഗ്രതോ നൈവ ചാർജ്ജുന

അർജ്ജുനാ, അധികം ഭക്ഷിക്കുന്നവന് യോഗസ്ഥിരത കിട്ടുകയില്ല. ഒട്ടും തിന്നാത്തവനുമില്ല. അധികം സ്വപ്നശീലമുള്ളവനും എപ്പോഴും ഉറക്ക മിളച്ച്, ജാഗ്രദവസ്ഥയിൽ ഇരിക്കുന്നവനും ബ്രഹ്മാനുഭൂതി ലഭിക്കയില്ല. മിതമായി ആഹാരം കഴിക്കുകയും സുഷുപ്തിയിൽ ലയിക്കുകയും ചെയ്യുന്നവന് എളുപ്പത്തിൽ ബ്രഹ്മനിർവ്വാണം ലഭിക്കുന്നു. ഉപബോധത്തിലും ബോധത്തിലുമല്ല, ബോധാതീതതലത്തിലാണ് ബ്രഹ്മാനുഭൂതിയുടെ സ്ഥാനം. ബോധത്തെ മൂന്നായി വിഭജിക്കുന്നതു ശരിയല്ലെന്ന അഭിപ്രായമെടുത്താൽ , സുഷുപ്തിയുടെ ഘട്ടത്തിൽ ദർശനമായി ഉള്ളിലുദിക്കുന്ന അനുഭൂതിയാണ് ബ്രഹ്മാനുഭൂതിയെന്ന് സാമാന്യമായി പറയാം.

ശ്ലോകം 17

യുക്താഹാരവിഹാരസ്യ യുക്തചേഷ്ടസ്യ കർമ്മസു

യുക്തസ്വപ്നാവബോധസ്യ യോഗോ ഭവതി ദുഃഖഹാ

യുക്തമായി മിതമായി ആഹരിക്കുക, ശാരീരികവിനോദങ്ങളിൽ ഏർപ്പെടുക, കർമ്മം അനുഷ്ഠിക്കുമ്പോൾ യുക്തമായ ചേഷ്ടയിൽക്കവിഞ്ഞ ഊർജ്ജവ്യയം ചെയ്യാതിരിക്കുക, യുക്തമായ സ്വപ്നാവബോധം ഉണ്ടാവുക ഇതെല്ലാമുള്ളവർക്ക് യോഗം ദുഃഖനാശകമാണ്. സ്വപ്നത്തെക്കുറിച്ച് അവബോധമുണ്ടാവുക എന്നാലെന്താണ്. സമാന്യമായി സ്വപ്നങ്ങളെക്കുറിച്ചും അവ എങ്ങനെ ഉണ്ടാവുന്നു എന്നതിനെക്കുറിച്ചും അറിയുക എന്നു മാത്രമാണോ. അല്ലെന്നാണ് എന്റെ അഭിപ്രായം. ചിലർ ശൈശവം മുതലേ ഒരേ സ്വപ്നം ആവർത്തിച്ചു കാണാറുണ്ട്. ഉപബോധത്തിന്റെ യാതൊരു പ്രേരണയും കൂടാതെ, സ്മൃതിലോകത്തിൽനിന്ന് സുഷുപ്തിവേളകളിൽ പൊന്തിവരുന്ന ഇത്തരം സ്വപ്നദർശനങ്ങളെക്കുറിച്ച് അവബോധം ഒരു മനുഷ്യന്റെ ജീവിതത്തിന്റെ ദിശതന്നെ മാറ്റിക്കളയും. ഇത്തരം സ്വപ്നങ്ങളെക്കുറിച്ച് പി,ഡി. ഔസ്പെൻസ്കിയുടെ ഗ്രന്ഥത്തിൽ ഞാൻവായിക്കയുണ്ടായി. സ്വപ്നാവബോധമെന്നതിന് സ്വപ്നവും ജാഗ്രത്തും എന്ന് ചില ഭാഷ്യകാരന്മാർ പറഞ്ഞുകാണുന്നത് ശരിയല്ല. ബോധത്തിന്റെ സ്വർണ്ണനൂൽ സ്വപ്നനിദ്രയിലും ജാഗ്രത്തിലും സുഷുപ്തിയിലും കൂടി കടന്നുപോകുന്നുവെന്നിരി

ക്കെ അവബോധത്തെ ജാഗ്രത്തിലെ ബോധം മാത്രമായി ചുരുക്കുന്നത് ശരിയല്ല. യുക്തസ്വപ്നാവബോധസ്യ എന്നതിലെ അവബോധം സ്വപ്നത്തിലെ അവബോധമായി എടുക്കുന്ന പക്ഷം സാംഖ്യയോഗത്തിന്റെ വ്യാഖ്യാനത്തിൽ പ്രജ്ഞയെക്കുറിച്ച് ഉള്ള ചർച്ചയിൽ വിവരിച്ച ബോധത്രികോണങ്ങളെ വ്യാഖ്യാനിക്കാനാവും. പതഞ്ജലിയുടെ ധ്യാനത്തെക്കുറിച്ചുള്ള ഈ ചർച്ചയിൽ അതായിരിക്കണം ശരിയായ അർത്ഥം. ജാഗ്രത്തിനെക്കുറിച്ചല്ല, സുഷുപ്തിക്ക് തുല്യമായ സമാധിയിലെ ദർശനങ്ങളെക്കുറിച്ചാണ് പ്രതിപാദ്യമെന്നത് മറന്നുകൂടാ. ഇതേ അദ്ധ്യായം 43ആം ശ്ലോകത്തിൽ പൌർവ്വദേഹികമാണ് ജ്ഞാനയോഗം എന്ന് പറയുന്നത്, ദൈവമഭിവ്യക്തം പൌരുഷം പൌർവ്വദേഹികം എന്ന വാക്യത്തോട് താരതമ്യപ്പെടുത്തുമ്പോൾ ഈ അർത്ഥമാണ് ശരി എന്ന് കൂടുതൽ വ്യക്തമാകുന്നു. അപൂർവ്വവിഷയഗ്രഹണം സാദ്ധ്യമാകുന്നതിനെത്തന്നെയാണ് കൃഷ്ണൻ ഇവിടെ സൂചിപ്പിക്കുന്നത്.

ശ്ലോകം 18

യദാ വിനിയതം ചിത്തമാത്മന്യേവാവതിഷ്ഠതേ

നിഃസ്പൃഹഃ സർവ്വകാമേഭ്യോ യുക്ത ഇത്യുച്യതേ തദാ

എപ്പോൾ നിയന്ത്രിതമായ ചിത്തം ആത്മാവിൽ ഉറക്കുന്നുവോ, അപ്പോൾ സർവ്വകാമങ്ങളിൽനിന്നും മോചിതനായി നിസ്പൃഹനായ വ്യക്തിയെ യോഗയുക്തനെന്ന് വിളിക്കുന്നു.

ശ്ലോകം 19

യഥാ ദീപോ നിവാതസ്ഥോ നേങ്ഗതേ സോപമാ സ്മൃതാ

യോഗിനോ യതചിത്തസ്യ യുഞ്ജതോ യോഗമാത്മനഃ

കാറ്റില്ലാത്ത ഇടത്തിലെ ദീപനാളം പോലെയാണ് ആത്മയോഗാഭ്യാസിയായ യോഗിയുടെ നിയന്ത്രിതചിത്തം. അത് അചലമായിരിക്കുന്നു. ഇതിനെയാണ് അസംപ്രജ്ഞാതസമാധി എന്ന് പറയുന്നതെന്ന് പണ്ഡിറ്റ് ഗോപാലൻനായരുടെ ഭാഷ്യത്തിൽ കാണുന്നു. ഇത് സ്വപ്നാവബോധം അപൂർവ്വവിഷയഗ്രഹണമാണ് എന്ന എന്റെ നിഗമനത്തിന് ഉപോൽബലകമാണ്.

ശ്ലോകം 20

യത്രോപരമതേ ചിത്തം നിരുദ്ധം യോഗസേവയാ

യത്രചൈവാത്മനാത്മാനം പശ്യന്നാത്മനി തുഷ്യതി.

യോഗസേവ കൊണ്ട് നിരോധിക്കപ്പെട്ട ചിത്തം ഏതൊന്നിൽ ഉപരമിക്കുന്നുവോ, (ഏതൊന്നിൽ ഉപരതി പ്രാപിക്കുന്നുവോ), അതിൽ ആത്മാവാൽ ആത്മാവിനെ ദർശിച്ചവൻ സന്തോഷിക്കുന്നു. ശാസ്ത്രവും കലയും സത്യാന്വേഷണമാണ്. വ്യത്യസ്തമാർഗ്ഗങ്ങളിലൂടെയാണെന്ന് മാത്രം.കലാകാരൻ സത്യാന്വേഷിയാവുന്നത്, സൌന്ദര്യത്തിനു വേണ്ടിയാണ്. ശിവമായ സ്വാനുഭൂതിയുടെ മധുരമായ സൌന്ദര്യലഹരിക്ക് വേണ്ടിയാണ്. (സത്യം ശിവം സുന്ദരം). ശാസ്ത്രജ്ഞന്റെ സത്യാന്വേഷണവും ഭൂമിയിലെ ജീവിതം കൂടുതൽ മെച്ചപ്പെട്ടതും ആനന്ദകരവും ആക്കാൻ തന്നെ.

ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അദ്ധ്വാനം കുറക്കുകയും ഒഴിവുസമയം വർദ്ധിപ്പിക്കുകയും ചെയ്യുന്ന യന്ത്രങ്ങൾ അവൻ കണ്ടെത്തുന്നത് ഈ ലക്ഷ്യസാദ്ധ്യം മുന്നിൽ കണ്ടുകൊണ്ടാണ്. ഈ സിദ്ധികളുടെ(വിഭൂതികളുടെ) ആകർഷണത്തിൽ കുടുങ്ങി സനാതനമായ മൂല്യത്തെ വിസ്മരിക്കുമ്പോൾ ശാസ്ത്രജ്ഞൻ തന്നേയും താൻ പ്രവർത്തിക്കുന്ന ശാസ്ത്രശാഖയേയും സമ്പൂർണ്ണവികസനത്തിൽനിന്ന് തടഞ്ഞുനിർത്തുന്നു. സിദ്ധികളിൽ കുടുങ്ങാതെ പരമലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗങ്ങളിൽ ശാസ്ത്രജ്ഞന് ജ്ഞാനയോഗമാണ് ഉചിതം. സത്യാന്വേഷിയുടെ ജീവിതലക്ഷ്യം തന്നെ ജ്ഞാനമാണ്.

വദന്തി തത് തത്വവിദസ്തത്വം യത് ജ്ഞാനമദ്വയം

ബ്രഹ്മേതി പരമാത്മേതി ഭഗവാനിതി ശബ്ദ്യതേ (ഭാഗവതം)

തത്വവിത്തുകൾ പറയുന്നത്, അദ്വയമായ ജ്ഞാനമല്ലാതെ മറ്റൊന്നില്ല, അതിനെത്തന്നെയാണ് ബ്രഹ്മം, പരമാത്മാ, ഭഗവാനെന്നെല്ലാം പറയുന്നത് എന്നാണ്.താനറിയുന്ന പ്രപഞ്ചവും താനും തന്റെ ജ്ഞാനവും ഒന്നാണെന്നും അത് ഈശ്വരനിൽനിന്ന് ഭിന്നമല്ലെന്നും ഒരാൾ അറിയുന്നത് യോഗങ്ങളിൽവെച്ച് അത്യുത്തമമായ മഹായോഗമാണെന്ന് രാജയോഗസംക്ഷേപത്തിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ജ്ഞാനം പരമലക്ഷ്യമായ സമാധിസ്ഥിതിയിലെ സ്വാനുഭവത്തിലേക്ക് നയിക്കുന്നു.

ഉദിതൌദാര്യസൌന്ദര്യ വൈരാഗ്യരസഗർഭിണീ

ആനന്ദസ്യന്ദിനീ യൈഷാ സമാധിമഭിധീയതേ

ഔദാര്യം,സൌന്ദര്യം,വൈരാഗ്യം, ഇവയുടെ രസം നിറഞ്ഞ ,ആനന്ദം വഴിഞ്ഞൊഴുകുന്ന അവസ്തയാണ് സമാധി. പരമാനന്ദപൂർണ്ണവും നിരഞ്ജനവും ഈശ്വരാഭിന്നവുമായി തന്നത്താനറിയുന്ന യോഗിയുടെ അവസ്ഥയാണത്. ജ്ഞാനയോഗിയുടെ അദ്ധ്യാത്മികസാധനയെജ്ഞാനദൃഷ്ട്യാ അപഗ്രഥിക്കാം. ജ്ഞാനം സോപാധികം , നിരുപാധികം എന്ന് രണ്ട് വിധമുണ്ട്. ഉപാധികളെക്കൊണ്ടു മാത്രം ഗ്രഹിക്കാൻ കഴിയുന്നത് സോപാധികം. ഇതിനെ പ്രത്യക്ഷജ്ഞാനം പരോക്ഷജ്ഞാനമെന്ന് രണ്ട് വിധമാക്കുന്നു. പ്രത്യക്ഷജ്ഞാനം രണ്ട് വിധം. 1. ബാഹ്യമായ ഇന്ദ്രിയങ്ങളുടെ പ്രത്യക്ഷം കൊണ്ട് ഉണ്ടാവുന്നത്. ഇതിൽ യഥാർത്ഥജ്ഞാനം , അയഥാർത്ഥജ്ഞാനം എന്ന് രണ്ട് വിധം. പാമ്പിനെ കണ്ട് കയറെന്ന് വിചാരിക്കുന്നത് അയഥാർത്ഥമായ പ്രത്യക്ഷജ്ഞാനമാണ്. 2. അന്തർദർശനത്തിൽ പ്രത്യക്ഷമാവുന്ന ജ്ഞാനം (അപരോക്ഷജ്ഞാനം) ഇതിലും യഥാർത്ഥം, അയഥാർത്ഥം എന്ന് രണ്ട് ഉൾപ്പിരിവുണ്ട്.

പരോക്ഷമായി മറ്റൊരാൾ പറഞ്ഞതുകേട്ടിട്ടോ, ഭാഗികമായ ചില അറിവുനുറുങ്ങുകളുടെ കാര്യകാരണാനുമാനം കൊണ്ടോ (അനുമിതിജ്ഞാനം) നമ്മിൽ ജനിക്കുന്ന ജ്ഞാനമാണ് പരോക്ഷജ്ഞാനം.മുട്ടുകുത്തി നടക്കുന്ന കാലത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ച് മുതിർന്നവർ പറഞ്ഞുകേട്ട അറിവേ നമുക്കുള്ളൂ. ഒരാൾക്ക് ഒരപൂർവ്വാനുഭവമുണ്ടായി. അപൂർവ്വമായ വിഷയഗ്രഹണം അങ്ങനെ സാധിച്ചു. ആ അനുഭവം ശരിയോതെറ്റോ എന്നറിയാത്തതിനാൽ അത് രഹസ്യമായി സൂക്ഷിച്ചു. അതിന്റെ സത്യാവസ്ഥ അന്വേ

ഷിക്കുന്ന അയാൾക്ക് യാദൃച്ഛികമായി അറിയാനിടവരുന്നു തനിക്കുണ്ടായ അനുഭവം മഹാനായ ഒരാൾക്ക് ഉണ്ടായിട്ടുണ്ടെന്ന്. സ്വാനുഭവത്തെ , ആ മഹാന്റെ പരാനുഭവത്തോട് താരതമ്യപ്പെടുത്തി അത് സത്യമെന്ന് മനസ്സിലാക്കുന്നു. ഇതാണ് ഉപമിതിജ്ഞാനം.

ബാഹ്യപ്രപഞ്ചത്തെ സംബന്ധിച്ച ജ്ഞാനമെല്ലാം അനാത്മമാണ്. കാര്യത്തെക്കുറിച്ചാണ്, കാരണത്തെക്കുറിച്ചല്ല അറിവ്നേടുന്നത്. അതിനാൽ ക്ഷേത്രമായ പ്രപഞ്ചത്തെക്കുറിച്ച് അനാത്മജ്ഞാനം വസ്തുവിജ്ഞാനീയമെന്ന ഗണത്തിൽ പെടുന്നു. ആത്മജ്ഞാനം ക്ഷേത്രജ്ഞനെ ക്ഷേത്രജ്ഞൻ തന്നെ അറിയുന്നതാണ്. ഒരാളുടെ ചുറ്റും മാറിമാറി വരുന്ന അനേകായിരം അനുഭവങ്ങളുടെ വേലിയേറ്റം ചുഴലികൾ സൃഷ്ടിക്കുന്നു. ചുഴലിക്കു നടുവിൽനിന്ന് അവയെ സാക്ഷിയായി നോക്കിക്കാണുന്ന ക്ഷേത്രജ്ഞൻ ,ചുഴലീമദ്ധ്യസ്ഥനായ തന്നെത്തന്നെ ചുഴിഞ്ഞുനോക്കി അറിയുന്നു.ഇത് നിരുപാധികജ്ഞാനമാണ്,ശുദ്ധബോധമാണ്. ശുദ്ധബോധം സർവ്വചരാചരങ്ങളിലുമുണ്ട്. അവയെയെല്ലാം ജ്ഞാനി ഒറ്റവംശമായി കരുതുന്നു. സർവ്വം ബ്രഹ്മമാണയാൾക്ക്. പ്രപഞ്ചത്തിന്റെ ഊടും പാവുമായി ഋഷിയിൽ വസുധൈവകുടുംബകം എന്ന ബോധം പ്രകാശം ചൊരിയുന്നു. പ്രപഞ്ചം ഒരു വലിയ യന്ത്രമല്ല, വിചാരമാണ് ,ബോധമാണ്. കാലവും ദേശവും ആ ബോധത്തിന്റെ തന്മാത്രകളാണ്. ജ്യോതിശ്ശാസ്ത്രജ്ഞാനം ബ്രഹ്മത്തിന്റെ തന്മാത്രയാണ്. കാരണം കാലദേശങ്ങളുടെ ശാസ്ത്രമാണത്. നിരുപാധികജ്ഞാനം ഇന്ദ്രിയജ്ഞാനമല്ല. ഉപാധികളില്ലാത്ത അതീന്ദ്രിയശുദ്ധബോധമാണ്. ക്ഷേത്രമാകുന്ന ശരീരത്തിൽ അതീന്ദ്രിയമായ ശുദ്ധബോധം പ്രകാശിക്കുന്ന ക്ഷേത്രജ്ഞൻ കേന്ദ്രബിന്ദുവായി ഇരിക്കുമ്പോളാണ് ഒരാളിൽനിന്ന് ന ജായതേ മ്രിയതേ വാ കദാചിത് മുതലായ വാക്കുകൾ പുറപ്പെടുന്നത്.

ശരീരമുള്ള ജീവികൾ -ശുദ്ധദർശനം ലഭിച്ച ജ്ഞാനി അടക്കം- ബോധവൃത്തിയിൽനിന്ന് പൂർണ്ണമായി മോചിപ്പിക്കപ്പെടുന്നില്ല. ആത്മാവ് ചിദ്രൂപമാണ്. പ്രകാശമയമാണ്. പ്രകാശമയമായ തന്നാൽ പ്രകാശിപ്പിക്കപ്പെടുന്നവയെ സ്വയം ദർശിക്കുന്നു. ആത്മാവ് ആത്മാവിനെ അറിയുന്ന സുഷുപ്തിദശക്ക് തുല്യമാണ് സമാധി. സമാധിയിൽ ആനന്ദമുണ്ട്. അമൃതത്വമുണ്ട്, നിത്യസാക്ഷിത്വമുണ്ട്. നിത്യസാക്ഷിയായ ആത്മാവ് മാത്രം സത്യമെന്ന ബോധം നിഴൽനാടകം പോലുള്ള ജീവിതത്തെ മാറിനിന്ന് നോക്കിക്കാണാൻ വ്യക്തിയെ പര്യാപ്തനാക്കുന്നു. ഒരു വ്യക്തി ജ്ഞാനിയാണെന്ന് മനസ്സിലാക്കാൻ കാണുന്നവർക്ക് പ്രത്യേകിച്ച് മാർഗ്ഗമൊന്നുമില്ല. പേരക്കുട്ടിയുടെ കൂടെ ആനയായി നിന്നുകളിക്കുന്ന മുത്തശ്ശനെപ്പോലെയാണ് ആത്മജ്ഞാനി പ്രപഞ്ചകർമ്മങ്ങളിലേർപ്പെടുന്നത്. കുട്ടി അയാളെ തന്റെ കളിയുടെ ഭാഗമായേ കാണുന്നുള്ളു സാമൂഹ്യപ്രാധാന്യമുള്ളതെന്ന് സാധാരണക്കാരൻ കരുതുന്ന കാര്യങ്ങൾ ആത്മജ്ഞാനിയുടെ സ്വഭാവത്തിലേക്ക് പ്രൊജക്ട് ചെയ്യുന്നു. .പക്ഷേ, പേരക്കുട്ടി നടക്കാനോ എന്ന് പറയുമ്പോൾ നടക്കുന്നുണ്ടെങ്കിലും, കുട്ടിയുടെ സങ്കൽപ്പത്തിൽ അത് യഥാർത്ഥആനയായി തോന്നുന്നുവെങ്കിലും, മുത്തശ്ശൻ വെറും ലീലയാടുക മാത്രമാണ്, ആനയായി മാറുന്നില്ല.

ചിത്തവൃത്തിനിരോധമാണ് യോഗം. വൃത്തി എന്ന ശബ്ദത്തിന് വാച്യാർത്ഥം ചുഴി എന്നാണ്. ചുഴിക്ക് കാരണമായ ചഞ്ചലവീചീതരംഗങ്ങളിൽനിന്ന് ചിത്തത്തെ മോചിപ്പിച്ച് അചഞ്ചലമായ ഒന്നിൽ കേന്ദ്രീകരിക്ക

ലാണ് യോഗം. സർവ്വഊർജ്ജത്തേയും ഒരു പ്രത്യേകലക്ഷ്യസാദ്ധ്യത്തിനായി ഏകീകരിക്കലാണത്. പതഞ്ജലിയെപ്പോലെ വില്യം മക്ഡുഗൽ എന്ന പാശ്ചാത്യമനശ്ശാസ്ത്രജ്ഞനും ഈ ഏകീകരണത്തെക്കുറിച്ച് പറയുന്നുണ്ട്.എന്റെ ഊർജ്ജത്തെ ചിന്നിച്ചിതറാതെ ഞാൻ കേന്ദ്രീകരിക്കുന്നു. ആ ആത്മപ്രകാശത്താൽ എനിക്ക് ലഭിക്കുന്ന അപൂർവ്വഗ്രാഹ്യശക്തിയാണ് പ്രജ്ഞ. അഭ്യാസം കൊണ്ട് ചിത്തവൃത്തിനിരോധം സാധിക്കുകയും ആത്മപ്രകാശം തെളിയുകയും ചെയ്യും. മനുഷ്യമസ്തിഷ്കത്തിൽ ഒരേ ഒരു സിനാപ്സിസ് മാത്രമേയുള്ളു എന്ന് സങ്കൽപ്പിക്കുക. അപ്പോൾ രണ്ടേ രണ്ട് മാനസികാവസ്ഥകളേ ഉണ്ടാവൂ.

2 സിനാപ്സ്= 2^2 = 4 മാനസികാവസ്ഥ

3 സിനാപ്സ്= 2^3 = 8 മാനസികാവസ്ഥ

N സിനാപ്സ് = 2^N മാനസികാവസ്ഥ

യഥാർത്ഥത്തിൽ 10^{13} സിനാപ്സുകൾമസ്തിഷ്ക്കത്തിലുണ്ട്. $2^{10^{13}}$ മാനസികാവസ്ഥകളുണ്ട്.രണ്ടിനെ 10 ട്രില്ല്യൻ തവണ ഗുണിച്ച ഈ സംഖ്യ പ്രപഞ്ചത്തിലെ ഇലക്ട്രോണുകളേയും പ്രോട്ടോണുകളേയും കൂട്ടിയ തുകയേക്കാൾ അധികമാണ്. ഇത്രയും മാനസികാവസ്ഥകൾ ഒരാളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നു. ഇവയെയെല്ലാം നിയന്ത്രിച്ച് സമദർശിയായിരിക്കുന്നതാണ് യോഗം. ശാസ്ത്രജ്ഞന്റെ ലാബററ്ററിയിൽ സിദ്ധാന്തങ്ങളെ തെളിയിക്കാൻ ചിട്ടപ്പെടുത്തിയ പരീക്ഷണങ്ങൾ നടക്കുന്നു. തന്റെ പഠനഫലത്തെ മറ്റു ശാസ്ത്രജ്ഞരുടെ പഠനഫലവുമായി ശാസ്ത്രജ്ഞൻ ഒത്തുനോക്കുന്നു. അതുപോലെ ദാർശനികരും കവികളും താന്താങ്ങളുടെ അതീന്ദ്രിയബോധത്തെ മറ്റുള്ളവരുടേതുമായി തുലനം ചെയ്യുന്നു. ഒരു ദാർശനികൻ സത്യസന്ധമായി രേഖപ്പെടുത്തിവെച്ച സത്യാന്വേഷണപരീക്ഷണങ്ങളുടെ അനുഭവപാഠങ്ങളടങ്ങിയ ആത്മകഥകൾ ഈ ആവശ്യത്തിന് ഉപയോഗിക്കേണ്ടവയാണ്. വാസ്തവത്തിൽ ആത്മകഥ , ഒരാൾ ജീവിക്കുന്ന വർത്തമാനകാലത്തെ, ഭൂതകാലസ്മൃതികളുടെ വെളിച്ചത്തിൽ തുടർച്ചയായി വായിച്ച് നടത്തുന്ന ഒരു സ്വയം കണ്ടെത്തലാണ്. ശാസ്ത്രത്തിലും കവിതയിലും യോഗത്തിലും ഈ കണ്ടെത്തലാണ് ഏറ്റവും മനോഹരമായ അനുഭവം. ഇന്ദ്രിയപ്രത്യക്ഷങ്ങളുടെജ്ഞാനവും ഓർമ്മ,ഇഛ എന്നിവയാൽ അനുമാനിച്ചെടുക്കുന്നവയുടെ ജ്ഞാനവും രണ്ട് അരുവികളെപ്പോലെ സമ്മേളിച്ച് മനുഷ്യമനസ്സെന്ന മഹാനദി ഉണ്ടാവുന്നു. ബോധത്തിനും ജീവിതത്തിനും അർത്ഥം നൽകുന്നത് ഈ നദീപ്രവാഹത്തിന്റെ ധാര മുറിയാത്ത തുടർച്ചയും ശാശ്വതത്വവുമാണ്. ഈ ഒഴുക്കിനെ നമുക്ക് സംസ്കാരസ്മൃതി എന്ന് വിളിക്കാം. പൂർവ്വപ്രപിതാമഹന്മാരുടെ മനസ്സുകളിൽനിന്ന് നമ്മുടെ മനസ്സുകളിലേക്കും നമ്മിൽനിന്ന് ഭാവിതലമുറയുടെ മനസ്സിലേക്കും ആ പ്രവാഹം സഞ്ചരിക്കവേ, പലപ്പോഴും ചുഴികളുണ്ടാവും. ചുഴി അശാന്തിയുടേതാണ്. ഭ്രാന്തുപിടിപ്പിക്കുന്നവനും മയക്കുന്നവനും സ്മരിപ്പിക്കുന്നവനുമായ കാമൻ(സ്മര, മദനൻ) എന്ന ആർക്കിടൈപ്പായി , ഓർമ്മകളുടെ ദേവനായി സ്മരനായി കാണുന്നു. അതിന്റെ സ്ത്രീലിംഗമാണ് രതി. സ്മരണ രതി ഉണർത്തുന്നു. രതിയും കാമനും പാശ്ചാത്യമനശ്ശാസ്ത്രത്തിലെ Eros and Psyche ആണ്. ഇതേ ആർക്കിടൈപ്പിനെ സംസ്കരിച്ച് കാമത്തെ വർത്തമാനത്തിൽ മാത്രം കേന്ദ്രീകരിക്കുക എന്നതില് അർത്ഥം രണ്ടുവിധമാവാം. ഒന്ന് പഴയതും പുതിയതുമെ

ല്ലാം മറന്ന് സ്വന്തം സുഖത്തിൽ മാത്രം മയങ്ങുക. രണ്ട്, അദ്ധ്യാത്മസാധനയിലെ ധ്യാനമുഹൂർത്തങ്ങളിൽ അനുഭവിക്കുന്ന ബ്രഹ്മരസത്തിൽ മാത്രം ഉപരതി ഉണ്ടാവുക. ഈ രണ്ടാമതു പറഞ്ഞ ക്രിയ സ്ഥിതി എന്ന വൈഷ്ണവീശക്തിയാണ്. മഹാവിഷ്മുവാണ് ഇവിടെ ആർക്കിടൈപ്പ്.

അദ്ധ്യാത്മരതിരാസീനോ നിരപേക്ഷാ നിരാമിഷഃ

ആത്മനൈവ സഹായേന യശ്ചരേത് സസുഖീ ഭവത് (മഹാഭാരതം ശാന്തി പർവ്വം)അദ്ധ്യാത്മികസാധനയിൽ മാത്രം രതിയോടുകൂടി ഒരു ഉപാധിയേയും ആശ്രയിക്കാതെ ചിത്തവൃത്തിനിരോധം ചെയ്ത് ജീവിക്കുന്നവനാണ് യഥാർത്ഥത്തിൽ സുഖം അനുഭവിക്കുന്നത്. ശാന്തിപർവ്വത്തിൽ വ്യാസൻ ഗീതാസന്ദേശം ആവർത്തിച്ച് നൽകുന്നുണ്ട്.

ശ്ലോകം 21

സുഖമാത്യന്തികം യത്തദ്ബുദ്ധിഗ്രാഹ്യമതീന്ദ്രിയം

വേത്തി യത്ര ന ചൈവായം സ്ഥിതശ്ചലതി തത്വതഃ

ശ്ലോകം 22

യം ലബ്ധ്വാ ചാപരം ലാഭം മന്യതേ നാധികം തതഃ

യസ്മിൻ സ്ഥിതോ ന ദുഃഖേന ഗുരൂണാപി വിചാല്യതേ

ശ്ലോകം 23

തം വിദ്യാദ് ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതം

സ നിശ്ചയേന യോക്തവ്യോ യോഗോനിർവിണ്ണചേതസാ

അതീന്ദ്രിയവും ബുദ്ധിഗ്രാഹ്യവും ആത്യന്തികവുമായ ഏതൊരു സുഖത്തെ ഏതവസ്ഥയിൽ സ്ഥിരമായിരുന്നുകൊണ്ട് അറിയുന്നുവോ, ഏതൊന്നു ലഭിച്ചാൽ മറ്റൊരു ലാഭത്തെക്കുറിച്ച് ആലോചിക്കാതെയാവുന്നുവോ ,ഏതൊരു സ്ഥിതിയിൽ കൊടിയ ദുഃഖത്താൽപോലും പതറിപ്പോകാതാവുന്നുവോ, ദുഃഖസംയോഗത്തിൽനിന്ന് വിയോഗം സംഭവിക്കുന്ന ആ അവസ്ഥയെ യോഗമെന്ന് വിളിക്കുന്നു. യോഗം ന്ശ്ചയദാർഢ്യത്തോടും പ്രസന്നചേതസ്സോടും കൂടി അഭ്യസിക്കേണ്ടതാണ്. ചിത്തം എപ്പോഴും പ്രസന്നമായിരിക്കാൻ നാലുവിധം ഭാവനകൾ പുലർത്തണം. 1. എല്ലാവരോടും മിത്രഭാവത്തിൽ സ്നേഹപൂർവ്വം വർത്തിക്കുക. ആരോടും ശത്രുത അരുത്. 2. ദുഃഖിതരായ ജീവജാലങ്ങളിൽ കരുണ ഉണ്ടാവുക. 3. ദുർജ്ജനങ്ങളിൽ ഉദാസീനരായിരിക്കുക. അവരുമായി കൂട്ടു കൂടാതിരിക്കുക. 4. ജനങ്ങൾ സന്തുഷ്ടരായി ആഹ്ലാദിക്കുന്നത് കാണുന്നതുതന്നെ നമുക്കും ആഹ്ലാദകരമാണെന്ന് അനുഭവപ്പെടുക.

ഇന്ദ്രിയാതീതമായ ഒരു ചിഛക്തി മനുഷ്യനിലും പ്രപഞ്ചത്തിലും വർത്തിക്കുന്നുണ്ട്. സൃഷ്ടിസംബന്ധമായ സർവ്വജ്ഞാനവും മനുഷ്യനിൽ പ്രകാശിപ്പിക്കാൻ പര്യാപ്തമാണ് ഈ ശക്തി. ഈ ശക്തികൊണ്ടാണ് പ്രപഞ്ചം പ്രവർത്തിക്കുന്നതെന്ന് അനുഭവപ്പെടലാണ് അദ്ധ്യാത്മവിചാരമെന്ന് ഗീതാരഹസ്യത്തിൽ തിലകൻ പറയുന്നുണ്ട്.ഈ അനുഭവപ്പെടലാണ് ദർശനം. ദർശന

ങ്ങളുണ്ടാവുന്നത് വിഭ്രാന്തമനസ്സിന്റെ ലക്ഷണമാണെന്ന് ചില ആധുനികമന ശ്ശാസ്ത്രജ്ഞർ കരുതിയിരുന്നു.കാൾ ഗുസ്താവ് യുങ്ങിന്റെ നിഗമനങ്ങൾ ആ വിചാരത്തെ ഖണ്ഡിക്കുന്നവയാണ്. ശുദ്ധബുദ്ധിയുടെ (pure reason) പ്രകാശനമാണ് ദർശനം. ദൈനന്ദിനജീവിതത്തിന് ആവശ്യമായ സാധാരണ പ്രായോഗികബുദ്ധി(practical reason)യിൽനിന്ന് വിഭിന്നമാണത്. ശുദ്ധബുദ്ധിയെ വ്യവസായാത്മികയെന്നും പ്രായോഗികബുദ്ധിയെ വ്യാവഹാരികബുദ്ധി എന്നും വിളിക്കാവുന്നതാണ്. ബുദ്ധിഗ്രാഹ്യമെന്ന് പറയുന്നത് ശുദ്ധബുദ്ധിയെയാണ്. വ്യവസായാത്മികബുദ്ധി കുറഞ്ഞും വ്യാവഹാരികബുദ്ധി കൂടിയും വരുന്ന കാലങ്ങളിലാണ് സ്വാർത്ഥചിന്തയും അക്രമവാസനയും ലോഭവും മദമാത്സര്യങ്ങളും മറ്റും വർദ്ധിക്കുന്നത്. രണ്ടുതരം ബുദ്ധികളുടേയും മീമാംസ കൊണ്ട് അവയെ സന്തുലിതാവസ്ഥയിൽ എത്തിക്കാനും പ്രപഞ്ചത്തിൽ അവനവന്റെ സ്ഥാനവും കർമ്മവും ഗ്രഹിക്കാനും ക്രമബദ്ധമായ ജീവിതം നയിക്കാനും സാദ്ധ്യമാവുന്ന പക്ഷം അതായിരിക്കും ഒരു മനുഷ്യന്റെ ഏറ്റവും വലിയ ഭാഗ്യം.

ഏറ്റവും ശ്രമകരമായ പ്രവൃത്തി നമ്മയുടെ സമ്പൂർണ്ണമാതൃകയെ അറിയലാണെന്ന് സോക്രട്ടീസ് പറഞ്ഞിട്ടുണ്ട്. ഇതിനായി ശ്രമിക്കുന്ന ഏതു മനുഷ്യാത്മാവിനും ശുദ്ധബുദ്ധിയുടെ പ്രകാശദർശനം അനുഭവവേദ്യമാകുന്നതാണ്. അതിൽ മസ്തിഷ്ക്കക്കോളാറല്ല, മസ്തിഷ്കത്തിന്റെ ഏറ്റവും ക്രമബദ്ധമായ പ്രവർത്തനമാണുള്ളത്. ബുദ്ധനും കൃഷ്ണനും വിവേകനന്ദനും ക്രിസ്തുവും നബിയും ശ്രീനാരായണഗുരുവുമെല്ലാം ഈ ദർശനം ലഭിച്ചവരാണ്. പതഞ്ജലി ഇതിനെ മഹത്തായ അനുഭൂതി എന്ന് കരുതുന്നു. ഒരിക്കലെങ്കിലും ഈ അനുഭൂതി ലഭിച്ച വ്യക്തി , മനുഷ്യജീവിതത്തിലും പ്രപഞ്ചചരിത്രത്തിലും സാംസ്കാരികചരിത്രത്തിലും സൌരയൂഥപഥങ്ങളിലുള്ള അതേ ക്രമബദ്ധമായ റിഥം (ഋതം) കണ്ടെത്തുന്നു. വ്യത്യസ്തകാലങ്ങളിൽ, വ്യത്യസ്തദേശങ്ങളിൽ വ്യത്യസ്തഭാഷ സംസാരിക്കുന്നവരിൽ എങ്ങനെ ശുദ്ധബോധം ഒരേ വിധത്തിൽ അങ്കുരിക്കുന്നു. എല്ലാ വിധത്തിലും സമമായിരിക്കുന്ന അനിർവ്വചനീയശക്തി ഏത്. അവിടെ മനുഷ്യന്റെ വിചാരം ദിക്കും ദേശവും കാലവും ഗതിയുമില്ലാത്ത ഒരഖണ്ഡസദ്വസ്തുവിൽ ചെന്ന് സ്പർശിക്കുന്നു. ആദിത്യരൂപത്തിൽ തന്റെ ഉള്ളിലിരിക്കുന്ന തേജോരൂപമായ ബോധത്തെ അറിഞ്ഞാദരിക്കാൻ മൈത്രേയോപനിഷത്ത് പറയുന്നു. അന്തര്യാമിയായ ആ തേജസ്സാണ് ഈശ്വരൻ. മനുഷ്യൻ ഈശ്വരത്വം പ്രാപിക്കുന്ന ആ അസുലഭാവസ്ഥയെ ഇമ്മാനുവൽ കാന്റ് Dynamic sublime എന്ന് വിളിക്കുന്നു. ഈ അവസ്ഥയിലാണ് നരൻ താൻ നാരായണനാണെന്ന് പ്രഖ്യാപിക്കുന്നത്. ഈ അവസ്ഥയിലെ ആത്യന്തികസുഖത്തെയാണ് കൃഷ്ണൻ ഇവിടെ പരാമർശിക്കുന്നത്.

ശ്ലോകം 24

സങ്കൽപ്പപ്രഭവാൻ കാമാംസ്ത്യക്ത്വാ സർവ്വാനശേഷതഃ

മനസൈവേന്ദ്രിയഗ്രാമം വിനിയമ്യ സമന്തതഃ

സങ്കൽപ്പത്തിൽ നിന്ന് പ്രഭവിക്കുന്ന സർവ്വകാമങ്ങളേയും ത്യജിക്കുക. അവിടെയവിടെ അലഞ്ഞുനടക്കുന്ന ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടുതന്നെ അടക്കുക.

ശ്ലോകം 25

ശനൈഃശനൈരുപരമേത് ബുദ്ധ്യാ ധൃതിഗൃഹീതയാ

ആത്മസംസ്ഥം മനഃകൃത്വാ ന കിഞ്ചിദപി ചിന്തയേത്

മന്ദം മന്ദം ആത്മാവിൽ ഉപരമിക്കുക. വിവേകമുള്ള ബുദ്ധിയാൽ മനസ്സിനെ ആത്മാവില് ഉറപ്പിച്ചുകഴിഞ്ഞാൽ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കരുത്.

ശ്ലോകം 26

യതോ യതോ നിശ്ചരതി മനശ്ചഞ്ചലമസ്ഥിരം

തതസ്തതോ നിയമ്യൈതദാത്മന്യേവ വശം നയേത്

ചഞ്ചലവും അസ്ഥിരവുമായ മനസ്സ് എവിടെയെവിടെ ചെല്ലുന്നുവോ, അവിടെനിന്നെല്ലാം അതിനെ നിയന്ത്രിച്ച് ആത്മാവിൽത്തന്നെ ഉറപ്പിക്കണം.

ശ്ലോകം 27

പ്രശാന്തമനസം ഹ്യേനം യോഗിനം സുഖമുത്തമം

ഉപൈതി ശാന്തരജസം ബ്രഹ്മഭൂതമകന്മഷം

രജോഗുണം ശാന്തമായി, പ്രശാന്തമാനസനായി, അകന്മഷനായി ബ്രഹ്മഭാവം പൂകിയ യോഗി ഉത്തമസുഖം പ്രാപിക്കുന്നു. 2ആം അദ്ധ്യായം 66ആം ശ്ലോകത്തിൽ അശാന്തസ്യ കുതഃസുഖം എന്ന് ചോദിച്ചു. ഇവിടെ പ്രശാന്തമനസ്സായ യോഗിയുചെ ഉത്തമസുഖം പ്രകീർത്തിക്കുന്നു.

ഇപ്പോൾ അശാന്തിയുടെ യുഗമാണ്, കലിയുഗമാണ്. കലശബ്ദാദൌ എന്നാണ് അമരകോശം കലിശബ്ദത്തിന് അർത്ഥം പറയുന്നത്. ശബ്ദായമാനമായത്. രണ്ടുകൈയും കൊട്ടിയാലെ ശബ്ദമുണ്ടാവുകയുള്ളു.ഒരാൾ ഒരുവശത്തുനിന്ന് ശകാരിച്ചാൽ, മറുവശത്തുനിന്നും ശകാരമായി, കലഹമായി,യുദ്ധമായി. കലഹം മധുരധ്വനിയെ ഹനിക്കുന്നു. ക്രൂരശബ്ദം ജനിപ്പിക്കുന്നു. കലഹവും കലിയും യുദ്ധത്തിന്റെ പര്യായങ്ങളാണ്. യുദ്ധത്തിന്റെ കാഹളശബ്ദത്തിന് കാതോർത്തിരിക്കയാണ് കുരുപാണ്ഡവസൈന്യം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകരാഷ്ട്രങ്ങളും ആണവയുദ്ധത്തെ നേരിടാൻ തയ്യാറെടുപ്പിലാണ്. രാഷ്ട്രീയയുദ്ധങ്ങളുടെ പുക അന്തരിക്ഷത്തെ ക്രൂരശബ്ദങ്ങളാൽ നിറക്കുന്നു. ഈ വേളയിൽ ഒരു ശാന്തിമന്ത്രത്തിന്റെ മധുരധ്വനിക്കായി ആരാണ് കൊതിക്കാത്തത്.

ഓം ശാന്തി ശാന്തി എന്ന ദിവ്യമന്ത്രം ഭാരതത്തിന്റെ മണ്ണിൽനിന്നാണ് ഉയർന്നത്. ശാന്തി എന്നാൽ സമാധാനം. മനുഷ്യമനസ്സിൽ എപ്പോളാണ് ശാന്തി ഉണ്ടാവുന്നത്. ഒരാൾ ശാന്തനാണ് എന്നുപറയാൻ അയാളിൽ എന്തെല്ലാം ലക്ഷണം കാണണം. ശാന്തരസം എന്നാലെന്ത്.

ബ്രഹ്മൈവ രസഃ രസോവൈസഃ

ബ്രഹ്മം തന്നെയാണ് രസശബ്ദവാച്യമാകുന്നത്. എന്ന് അമരകോശത്തിലുണ്ട്. നവരസങ്ങളിൽ ബ്രഹ്മത്തോട് അടുത്തുനിൽക്കുന്നത് ശാന്തരസമാണ്. അതി

നാൽ സർവ്വരസങ്ങളിലും വെച്ച് പ്രധാനമാണ് ശാന്തരസം. ശാന്തരസത്തി ന്റെ സ്ഥായിഭാവം നിരഹങ്കാരിത്വം അഥവാ ശമമാണ്. ഓരോ രസത്തിനും ഓരോ നിറവും അതിന്റെ അധിദേവതയുമുണ്ട്. മുല്ലപ്പൂപോലെയോ പൂർണ്ണചന്ദ്രനെപ്പോലെയോ വെളുത്ത നിറമാണ് നിർമ്മലമായ ശാന്തരസ ത്തിന്. അധിദേവത ശ്രീനാരായണമൂർത്തിയാണ്. എല്ലാ വിഷയങ്ങളിലും സമപ്രമാണമാണ് ശാന്തരസം. സാക്ഷാൽ ശ്രീനാരായണാവതാരമായ കൃ ഷ്ണൻ സർവ്വത്ര സമദർശിയാണ്. അദ്ദേഹം പരമശാന്തിയെ പ്രകീർത്തിക്കു ന്നു. സമദർശിത്വം സ്വസ്വരൂപപ്രാപ്തിലക്ഷണമായ മോക്ഷാവസ്ഥയിൽ മാ ത്രം കാണാൻ കഴിയുന്ന ഒരു ഗുണമാണ്. അഹങ്കാരമില്ലായ്മ, നിഷ്കളങ്ക ത, സർവ്വജീവജാലങ്ങളോടും സ്നേഹം, സമദർശിത്വം എന്നിവയാണ് ചുരു ക്കിപ്പറഞ്ഞാൽ ശാന്തന്റെ പുറത്തേക്ക് പ്രകാശിക്കുന്ന ലക്ഷണങ്ങൾ.

മോക്ഷപ്രാപ്തിയിലേക്കുള്ള ജീവാത്മാവിന്റെ പ്രയാണത്തിൽ മൂന്നു ദശക ളുണ്ട്.ഒന്നാമത്തേത് യുക്തദശ. മനസ്സിനെ ഇന്ദ്രിയവിഷയങ്ങളിൽനിന്ന് പി ന്തിരിപ്പിച്ച് ബ്രഹ്മത്തിൽ യോജിപ്പിച്ച ആളാണ് യുക്തൻ. യുക്തദശയിൽ ബ്രഹ്മസാക്ഷാത്കാരം ലഭിച്ചിട്ടില്ല. ബ്രഹ്മസാക്ഷാത്കാരം ലഭിച്ച മൂന്നാമ ത്തെ ദശ പരമദശ അഥവാ വിയുക്തദശ. ഇവക്കിടയിൽ യുക്തവിയുക്ത ദശ എന്ന മദ്ധ്യമദശ. ഈ മദ്ധ്യമദശയിലെത്തുമ്പോൾ ജീവാത്മാവിന് നിര ഹങ്കാരിത്വം അഥവാ ശമം അനുഭവപ്പെട്ടുതുടങ്ങും. ഇവരെ ശമണന്മാരെ ന്ന് പറയും. സാമാന്യമായി ശമണന്മാരുടെ ശമാനുഭവത്തെ ശാന്തരസമായി പരിഗണിച്ചുവരാറുണ്ട്. ഈ അവസ്തയിലെത്തിയവർ അനുഭവിക്കുന്ന സുഖവും ആനന്ദവും വൈഷയികമല്ല. ആത്മസുഖമാണ്. ധർമ്മിഷ്ഠനായ ശമണൻ ധർമ്മത്താൽത്തന്നെ ആത്മസുഖം നേടുന്നു. അറം അഥവാ ധർമ്മം കാക്കുന്ന അന്തണൻ , അറവോൻ, അറംപുരി അന്തണൻ എന്നെല്ലാം ഇവ രെ വിളിച്ചിരുന്നു. ധർമ്മപാലകരായ നാഗങ്ങളുടെ നാമമാണ് അറം കാ ക്കുന്ന അരവു എന്നത്. ജൈനബുദ്ധമതങ്ങൾ ബ്രഹ്മത്തിലേക്ക് നയിക്കുന്ന മദ്ധ്യമമാർഗ്ഗമാണ്. ബ്രാഹ്മണ്യത്തിന്റെ ഒരു ദശയാണ്.

ഉപാധീന്നാ ധർമ്മചിന്താ പുംസ്യാധിർമ്മാനസി വ്യഥാ എന്ന് അമരകോശ ത്തിലുണ്ട്. ദുഃഖം അറിഞ്ഞവനേ യഥാർത്ഥമായ ധർമ്മചിന്ത ഉണ്ടാവൂ എ ന്നാണ് ഇതിനർത്ഥം. ദുഃഖിതർ ദൈവത്തോട് അടുത്തുനിൽക്കുന്നു. ദുഃഖം ദർശിച്ചിട്ടാണ് സിദ്ധാർത്ഥൻ ബുദ്ധനായത്. ദുഃഖം സഹിച്ചവനാണ് ഏറ്റവും വലിയ സുഖിതനെന്ന് കണ്ണുനീർത്തുള്ളിയുടെ രചയിതാവ് അഭിപ്രായപ്പെട്ടി ട്ടുള്ളതിന്റെ അർത്ഥവും മറിച്ചല്ല.ചിന്താമണിപോലെ സുദുർല്ലഭമായി ലോക ത്തിൽ കാണുന്നത് ചതുർഭദ്രമാണെന്ന് പ്രശ്നോത്തരമാലിക പറയുന്നു. നല്ല വാക്കോടുകൂടി ചെയ്യുന്ന ദാനം, ക്ഷമയോടുകൂടിയ ശൌര്യം, ഗർവ്വമില്ലാ ത്ത അറിവ് ,ത്യാഗത്തോടുകൂടിയ ധനം ഇവയാണ് ചതുർഭദ്രം.ഇവനാലും ഒരാളിൽ സമ്മേളിച്ചുകണ്ടാൽ ആ വ്യക്തി മനശ്ശാന്തി ലഭിച്ചവനാണെന്നും ആദരണീയനാണെന്നും ഗ്രഹിക്കണം. ഒരാൾ എത്രത്തോളം വിചാരശീലനാ ണോ അത്രത്തോളം ബഹുലമായിരിക്കും അയാളുടെ മസ്തിഷ്കസരണി കൾ. അതിനാൽ അയാൾക്ക് നവീനാശയങ്ങളെ ഗ്രഹിക്കാനും അവയിൽ ഉത്തമമായവയെ ആദരിക്കാനും സ്വീകരിക്കാനും കഴിവ് വർദ്ധിക്കും. അതുകൊണ്ട് വിചാരശീലനാവുക. വിവേകശാലിയാവുക. ഏകാഗ്രമന സ്സായി ഇടവിടാതെ സ്മരിക്കുക എന്നതാണ് ധ്യാനം.

ഏകതാനേന മനസാ സ്മരണം ധ്യാനമുച്യതേ

വികാരജീവിക്ക് ധ്യാനിക്കാൻ സാദ്ധ്യമല്ല. ശാന്തിയും സമാധാനവും ലഭിക്കയില്ല.

ശ്ലോകം 28

യുഞ്ജന്നേവം സദാത്മാനം യോഗീ വിഗതകന്മഷഃ

സുഖേന ബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ

എപ്പോഴും ആത്മാവോടു യോജിച്ച്, കന്മഷമെല്ലാം അകന്ന്, യോഗി സുഖേന ബ്രഹ്മത്തെ സ്പർശിച്ച് ആത്യന്തികമായ സുഖം പ്രാപിക്കുന്നു. ബ്രഹ്മസംസ്പർശം സ്വാത്മാവിലുള്ള ധ്യാനം വഴിയാണ്. പുറമേയുള്ള വസ്തുവിനെ ധ്യാനിച്ചിട്ടല്ല എന്ന് വ്യക്തമായി പറയുന്നു.

ശ്ലോകം 29

സർവ്വഭൂതസ്ഥമാത്മാനം സർവ്വഭൂതാനി ചാത്മനി

ഈക്ഷതേ യോഗയുക്താത്മാ സർവ്വത്ര സമദർശനഃ

യോഗയുക്തനായ ആത്മാവ് സർവ്വത്ര സമദർശനനാണ്. സർവ്വചരാചരങ്ങളേയും സ്വാത്മാവിലും സ്വാത്മാവിനെ സർവ്വചരാചരങ്ങളിലും കാണുന്നതു കൊണ്ടാണ് സമദർശിത്വം.

ശ്ലോകം 31

സർവ്വഭൂതസ്ഥിതം യോ മാം ഭജത്യേകത്വമാസ്ഥിതഃ

സർവ്വഥാ വർത്തമാനോപി സ യോഗീ മയി വർത്തതേ

ആരാണോ ഏകത്വത്തിൽ സ്ഥിതി ചെയ്തുകൊണ്ട് സർവ്വഭൂതങ്ങളിലും വസിക്കുന്ന എന്നെ ഭജിക്കുന്നത്, ആ യോഗി എപ്പോഴും എന്നിൽത്തന്നെ വർത്തിക്കുന്നു. അദ്വൈതസന്ദേശമാണിത്. ഇതു വായിക്കുമ്പോൾ, ശ്ലോകാർദ്ധേന പ്രവക്ഷ്യാമി യദുക്തം ഗ്രന്ഥകോടിഭിബ്രഹ്മഃസത്യം ജഗന്മിഥ്യ ജീവോ ബ്രഹ്മൈവനാപരഃ എന്ന് ഉപദേശിച്ച യോഗീശ്വരനായ ശങ്കരനെ വിസ്മരിക്കുക വയ്യ. Ideas and Opinions of Albert Einstein എന്ന ഗ്രന്ഥത്തിൽ ശാസ്ത്രലക്ഷ്യം ഇന്ദ്രിയജന്യമായ അനുഭവങ്ങളുടെ സമ്പൂർണ്ണജ്ഞാനമാണെന്നും ഈ ലക്ഷ്യ സാദ്ധ്യം ഏറ്റവും കുറവ് ഉപാധികളുടെ സഹായത്തോടെ പ്രപഞ്ചചിത്രത്തിൽ താർക്കികമായ ഒരേകത്വം സ്ഥാപിച്ചെടുക്കലിലൂടെ മാത്രമേ കഴിയൂ എന്നും പറഞ്ഞുകാണാം. ഈ നിർവ്വചനപ്രകാരം, ബ്രഹ്മം,ജഗത്ത് എന്ന് രണ്ടേരണ്ട് ഉപാധികളിലൂടെ അദ്വൈതസിദ്ധാന്തം സ്ഥാപിച്ച ശങ്കരനെപ്പോലെ ഒരു ശാസ്ത്രജ്ഞനെ കാണാൻ സാദ്ധ്യമല്ല. തർക്കം(ലോജിക്ക്)അനുഭവം ഇവയിലൂടെ നിത്യാനിത്യവിവേകം നേടുന്ന സമ്പ്രദായം ഭാരതത്തിൽ വളരെ പുരാതനമാണ്. ആദ്യമായി നിത്യവും അനിത്യവുമായ രണ്ട് വസ്തുക്കളെ കൽപ്പിക്കുക. നിത്യവസ്തു ബ്രഹ്മം,ആത്മാവ്. അനിത്യവസ്തു ബ്രഹ്മാണ്ഡം, ശരീരം. ആദ്യത്തേതിന് പരിവർത്തനസ്വഭാവമില്ല. രണ്ടാമത്തേതിന് പരിവർത്തനസ്വഭാവമുണ്ട്. ഞാൻ ജീവനാണ്, ആത്മാവാണ് ,പരിവർത്തനസ്വഭാവമില്ലാത്തതാണ്, അതിനാൽ ബ്രഹ്മസ്വഭാവമുള്ള വസ്തുവാണ്

.സകലചരാചരങ്ങളും ജീവന്റെ വകഭേദം തന്നെയാണ്. അതിനാൽ അനിത്യമെന്ന് തോന്നിക്കുന്ന ചരാചരപ്രപഞ്ചം കൂടി നിത്യമായ ബ്രഹ്മമാണ്. ബ്രഹ്മമല്ലാതെ രണ്ടാമത് ഒന്നില്ല.

ആദ്യം ഒന്ന് സത്യം, മറ്റേത് മിഥ്യ എന്നാണ് സങ്കൽപ്പിക്കുന്നത്. പിന്നെ രണ്ടും ഒന്നാണെന്ന് മനസ്സിലാക്കുകയാൽ രണ്ടും സത്യം, സത്യമല്ലാതെ മറ്റൊന്നില്ല എന്ന് സാക്ഷാത്കരിക്കുന്നു.

A =സത്യം

B =മിഥ്യ

A=B

A= സത്യം =B

സത്ത 3 തരത്തിലുണ്ട്. പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം. ചിപ്പികണ്ട് വെള്ളി എന്ന് തെറ്റിദ്ധരിക്കുന്നത് പ്രാതിഭാസികം. (Imaginery world of fantacy കലാകാരന്മാരുടേയും ഭ്രാന്തന്മാരുടേയും സങ്കൽപലോകം) ദേശം, കാലം, ദിക്ക്,ഗതി ഇവയെ അടിസ്ഥാനപ്പെടുത്തി, നാം അറിഞ്ഞനുഭവിക്കുന്ന ലോകം വ്യാവഹാരികസത്ത. പഞ്ചഭൂതാത്മകമായ പ്രപഞ്ചഘടനയെ ഓരോ നൂറ്റാണ്ടിലും ഓരോ ഭൂഭാഗത്തും ഇരുന്നുകൊണ്ട് മനുഷ്യർ പഠിക്കുന്നു. ചില കാലത്ത് പൃഥ്വി, ജലം,വായു,ആകാശം,അഗ്നി എന്ന് വേർതിരിച്ചാവാം പഠിച്ചത്. മറ്റുചില കാലങ്ങളിൽ, solid,liquid,gas,plasma എന്നാവാം പേരിട്ട് പഠിച്ചത്. ഇന്നത്തെ Energy Principle അന്നത്തെ അഗ്നിയായിരുന്നു.

ജാതവേദസേ സുനവാമ സോമമരാതീയ തോനി ദഹാതിവേദഃ
സനപർഷദദി ദുർഗ്ഗാണി വിശ്വാ നാവേവ സിന്ധും ദുരിതാത്യഗ്നി

ഇത് ആഗ്നേയാസ്ത്രമന്ത്രം. പൃഥ്വിയും ജലവും വായുവും ആകാശവും അഗ്നിയാണ്. (ബൃഹദാരണ്യകം)സർവ്വത്ര ഊർജ്ജം മാത്രം. കൺമുന്നിൽ മേശ കാണുന്നു. പേന കാണുന്നു. ശരീരം കാണുന്നു. അവക്ക് രൂപം നൽകിയ ഊർജ്ജകണികകളായി ആറ്റങ്ങളെ അനുമാനിക്കാനല്ലാതെ കാണാൻ സ്ഥൂല നേത്രങ്ങൾക്ക് സാധിക്കുന്നില്ല. പക്ഷേ ഏതാണ് യാഥാർത്ഥ്യം. കണ്ണിന് കാണാനാവാത്ത ഊർജ്ജമാണെന്നതിൽ ശാസ്ത്രത്തിന് സംശയമില്ല. പാരമാർത്ഥികസത്തയായ ബ്രഹ്മം ഈ ഊർജ്ജസ്രോതസ്സാണ്. ദിക്കോ കാലമോ ഗതിയോ ഇല്ലാത്ത പ്രതിഭാസം. അദിഗ്ദേശകാലവ്യവഛേദനീയം. (വിഷ്ണുഭുജംഗം).അതിനെ അനുഭവിച്ചറിഞ്ഞവൻ താൻ കയറിപ്പോന്ന താഴത്തെ പടികളെ നോക്കി അവ (ഭ്രമാത്മകവും കാലദേശാത്മകവുമായ അനുഭവപ്രപഞ്ചങ്ങൾ) മിഥ്യയാണെന്ന് പ്രഖ്യാപിക്കുന്നു. അവയുടെ ആപേക്ഷികത (റിലേറ്റിവിറ്റി)യെക്കുറിച്ച് പൂർണ്ണബോദ്ധ്യം വന്നതുകൊണ്ടാണ് അദ്വൈതി ബ്രഹ്മം മാത്രമാണ് പരമാർത്ഥസത്ത(അബ്സൊല്യൂട്ട് ട്രൂത്ത്) എന്ന് പറഞ്ഞത്. കലാകാരന്റെ പ്രാതിഭാസികസത്തയും ശാസ്ത്രജ്ഞന്റെ വ്യവഹാരികസത്തയും ബ്രഹ്മമെന്ന പരമാർത്ഥികസത്യത്തിന്റെ നേരിയ നിഴലുകളാണ്. പാരമാർത്ഥികസത്താതലത്തിലെത്തിയവൻ സർവ്വഥാ അവിടെത്തന്നെ വർത്തിക്കുന്നു. താണ തലങ്ങളിലേക്ക് മടങ്ങാനവന് സാദ്ധ്യമല്ല.

ശ്ലോകം 32

ആത്മൌപമ്യേന സർവ്വത്ര സമം പശ്യതിയോർരജ്ജുന

സുഖം വാ യദി വാ ദുഃഖം സ യോഗീ പരമോ മതഃ

ആരാണോ ആത്മാവിനെത്തന്നെ സർവ്വത്ര ദർശിച്ചു് എല്ലാ വസ്തുക്കളുടേയും സുഖവും ദുഃഖവും സമമായി, തന്റേതായി കണക്കാക്കുന്നത് അവൻ പരമയോഗിയാണ്. യോഗി ഒരു കാര്യത്തിൽ അതീവ ശ്രദ്ധാലുവാണ്. സർവ്വചരാചരങ്ങളുടെ ദുഃഖവും അയാളനുഭവിക്കുന്നു. ക്രിസ്തുവിനേയും ബുദ്ധനേയും പോലെ കരുണാർദ്രചിത്തനാണയാൾ. ഒരു ജന്തുവിനും ദുഃഖം വരുത്തരുതെന്നാണ് അയാളുടെ മതം. മറ്റുള്ളവരുടെ ദുഃഖം പേറുന്ന അത്താണിയാകുമ്പോൾ, താനനുഭവിക്കുന്ന അക്ഷയമായ ആനന്ദത്തെ അദ്ദേഹം അവർക്കായി നൽകുന്നു. ഈ ക്രിയ യോഗി താനറിയാതെ നിർവ്വഹിക്കുന്ന ക്രിയയാണ്. യോഗിയുടെ സാമീപ്യം തന്നെ മനുഷ്യരുടെ ദുഃഖങ്ങളെ ദൂരീകരിക്കുന്നു. ബ്രഹ്മസ്പർശം സിദ്ധിക്കുക എന്നാൽ ബ്രഹ്മമായിത്തീരുക എന്നാണർത്ഥം. അതിനാൽ ബ്രഹ്മനിർവ്വാണം നേടിയ യോഗി ബ്രഹ്മം തന്നെയാണ്. സുഖദുഃഖസമത്വത്തിന്റെ രഹസ്യവും ഇതുതന്നെ.

ശ്ലോകം 33 അർജ്ജുന ഉവാചഃ

യോയം യോഗസ്ത്വയാ പ്രോക്തഃ സാമ്യേന മധുസൂദന

ഏതസ്യാഹം ന പശ്യാമി ചഞ്ചലത്വാത് സ്ഥിതിം സ്ഥിരാം

മധുസൂദനാ, അങ്ങ് സാമ്യമെന്ന് പറഞ്ഞ ആ യോഗമുണ്ടല്ലോ, അതിന്റെ സ്ഥിരമായ സ്ഥിതി എന്റെ ചാഞ്ചല്യത്താൽ ഞാൻ കാണുന്നില്ല.അർജ്ജുനൻ ചഞ്ചലമായ തന്റെ മനസ്സിന് യോഗാവസ്ഥ പ്രാപിക്കാനാവുന്നില്ല എന്ന് തുറന്നു പറഞ്ഞു.

ശ്ലോകം 34

ചഞ്ചലം ഹി മനഃകൃഷ്ണ പ്രമാഥി ബലവദ് ദൃഢം

തസ്യാഹം നിഗ്രഹം മന്യേ വായോരിവ ദുഷ്കരം

മനസ്സ് സ്വതേ ചഞ്ചലം. ഇന്ദ്രിയങ്ങളെ പ്രകോപിപ്പിക്കുന്ന കാര്യത്തിലാണെങ്കിൽ, മനസ്സ് ദൃഢവും ബലശാലിയുമായിരിക്കുന്നു. അതിനെ തടഞ്ഞുനിർത്തുന്നത് വായുവിനെ തടഞ്ഞുനിർത്തുന്നതുപോലെ ദുഷ്കരമായിരിക്കുന്നു. വസ്തുക്കളോട് ബന്ധമുണ്ടാക്കുന്നതാണ് മനസ്സിന്റെ ധർമ്മം. ബാഹ്യവസ്തുക്കളോടുള്ള മനസ്സിന്റെ ബന്ധം രാഗമാണ്. മനസ്സ് ഈശ്വരനോട് ബന്ധിക്കപ്പെടുന്നതാണ് ഭക്തി. രാഗത്തിന്റെ ഉദാത്തവത്ക്കരണമാണ് ഭക്തി. ഇവിടെ മറ്റു വസ്തുക്കളിൽ രാഗത്തോടുകൂടിയ മനസ്സിനെ ഈശ്വരനിലുറപ്പിക്കാൻ ജിജ്ഞാസുവായ അർജ്ജുനൻ ആഗ്രഹിക്കുന്നു.അതിനാലാണ് കൃഷ്ണാ എന്ന് സംബോധന ചെയ്യുന്നത്. കർഷതി ആകർഷിക്കുക. തന്റെ മനസ്സിനെ ആകർഷിക്കണമെന്ന് കൃഷ്ണനോടുള്ള അഭ്യർത്ഥനകൂടിയാണത്. കൃഷ്ണശബ്ദം ബ്രഹ്മവാചിയാണ്.

കൃഷിധാതു ണകാരാഭ്യാം സത്താനന്ദാത്മതാം കിലാഭിലപത്
ജഗദഘലകർഷിത്വം വാ കഥയദൃഷിഃ കൃഷ്ണനാമതേവ്യതനോത്
(നാരായണീയം)

കൃഷ് സത്ത. ണ ആനന്ദം. സമസ്തപാപഹരനും സർവ്വാകർഷകനും സദാനന്ദരൂപനുമാണ് കൃഷ്ണൻ.

കൃഷിർഭൂവാചകഃ ശബ്ദഃ ണശ്ച നിർവൃതിവാചകഃ

തയോരൈക്യം പരബ്രഹ്മ കൃഷ്ണ ഇത്യഭിധീയതേ

പ്രപഞ്ചം , നിർവൃതി -ഇവയുടെ ഐക്യമായ പരബ്രഹ്മം എന്ന് കൃഷ്ണ ശബ്ദത്തിന് അർത്ഥം. ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് 47ആം ശ്ലോകത്തിൽ പരാമർശിക്കപ്പെടുന്ന ഭക്തിയോഗത്തിന്റെ നാന്ദീവാക്യമായിവേണം അർജ്ജുനന്റെ ഈ ചോദ്യത്തെ കരുതാൻ.

ശ്ലോകം 35 ശ്രീഭഗവാനുവാചഃ

അസംശയം മഹാബാഹോ മനോ ദുർനിഗ്രഹം ചലം

അഭ്യാസേന തു കൌന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ

മനസ്സ് ചഞ്ചലമാണെന്നും അതിനെ അടക്കാൻ പ്രയാസമാണെന്നും നിസ്സംശയം പറയാം. എങ്കിലും, അഭ്യാസവും വൈരാഗ്യവും കൊണ്ട് അത് (നിയന്ത്രണം) സാധിക്കും.

ശ്ലോകം 36

അസംയതാത്മനാ യോഗോ ദുഷ്പ്രാപ ഇതി മേ മതിഃ

വശ്യാത്മനാ തു യതതാ ശക്യോവാപ്തുമുപായതഃ

സംയതാത്മാവല്ലാത്തവന് യോഗസിദ്ധി ദുഷ്പ്രാപ്യമാണെന്നാണ് എന്റെയും മതം. (അഭിപ്രായം). പക്ഷേ അഭ്യാസവൈരാഗ്യാദി ഉപായങ്ങളാൽ മനസ്സിനെ നിയന്ത്രിച്ച വശ്യാത്മാവിന് യോഗം കൈവരിക്കാൻ സാധിക്കും.

ശ്ലോകം 37 അർജ്ജുന ഉവാചഃ

അയതിഃ ശ്രദ്ധയോപേതോ യോഗാച്ചലിതമാനസഃ

അപ്രാപ്യയോഗസംസിദ്ദിം കാം ഗതി കൃഷ്ണ ഗഛതി

ഒരാൾ ശ്രദ്ധയോടുകൂടിയവനാണ്. എന്നിട്ടും ഏകാഗ്രതകിട്ടാതെ യോഗത്തിൽനിന്ന് ചലിതമാനസനായി യോഗസിദ്ധി ലഭിക്കാതെ വന്നാൽ, അവന് എന്തു ഗതിയാണ് ലഭിക്കുക. അവന്റെ നില എന്തായിരിക്കും.

ശ്ലോകം 38

കച്ചിന്നോഭയവിഭ്രഷ്ടശ്ചിന്നാഭ്രമിവ നശ്യതി

അപ്രതിഷ്ഠോ മഹാബാഹോ വിമൂഢോ ബ്രഹ്മണഃപഥി

മൂഢനായ അവൻ ബ്രഹ്മപഥത്തിൽ പ്രതിഷ്ഠ ലഭിക്കാതെ, ഛിന്നഭിന്നമായ മേഘം പോലെ രണ്ടുസ്ഥാനത്തും ഉറക്കാതെ നശിച്ചുപോവുകയില്ലേ.

ശ്ലോകം 39

ഏതന്മേ സംശയം കൃഷ്ണാ ഛേത്തുമർഹസ്യശേഷതഃ

ത്വദന്യഃസംശയസ്യാസ്യ ഛേത്താ ന ഹ്യുപപദ്യതേ

കൃഷ്ണാ, എന്റെ സംശയം നീക്കാൻ അവിടുന്നല്ലാതെ ആരും അർഹരല്ല. അങ്ങേക്കു മാത്രമേ ഈ സംശയം നീക്കിത്തരാനാവൂ.

ശ്ലോകം 40 ശ്രീഭഗവാനുവാചഃ

പാർത്ഥ,നൈവേഹ നാമുത്ര വിനാശസ്തസ്യ വിദ്യതേ

ന ഹി കല്യാണകൃത് കശ്ചിദ് ദുർഗതിം താത ഗഛതി

അവന് ഇഹത്തിലും പരത്തിലും നാശം സംഭവിക്കുന്നതല്ല. മംഗളകർമ്മം ചെയ്യുന്ന ഒരാളും ദുർഗതി പ്രാപിക്കുന്നില്ല. അത്തരം ഒരാളുടെ ഗതിയെ ഇനി വർണ്ണിക്കുകയാണ് ഭഗവാൻ.

ശ്ലോകം 41

പ്രാപ്യ പുണ്യകൃതാം ലോകാനുഷിത്വാ ശാശ്വതീഃ സമാഃ

ശുചീനാം ശ്രീമതേ ഗേഹേ യോഗഭ്രഷ്ടോഭിജായതേ

യോഗഭ്രഷ്ടർ പുണ്യകൃത്തുക്കളുടെ ലോകത്തിൽ അനേകം നാൾ സുഖിച്ച ശേഷം ശുചികളായ ശ്രീമാന്മാരുടെ ഗൃഹങ്ങളിൽ വീണ്ടും വന്ന് ജനിക്കുന്നു

ശ്ലോകം 42

അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാം

ഏതദ്ധി ദുർല്ലഭതരം ലോകേ ജന്മയദീദൃശം

അല്ലെങ്കിൽ ധീമാന്മാരായ യോഗികളുടെ കുലത്തിൽ വന്നു ജനിക്കുന്നു. ഇത്തരം ജന്മം ലോകത്തിൽ വളരെ ദുർല്ലഭമാണ്.

ശ്ലോകം 43

ലഭതം ബുദ്ധിസംയോഗം ലഭതേ പൌർവ്വദേഹിതം

യതതേ ച തതോ ഭൂയഃ സംസിദ്ധൌ കുരുനന്ദന

കഴിഞ്ഞ ജന്മത്തിൽ പൂർവ്വദേഹത്തിൽ ഉണ്ടായിരുന്ന ജ്ഞാനയോഗം (ആർജ്ജിച്ചിരുന്ന ജ്ഞാനം) ഈ ജന്മത്തിലും ഓർമ്മ വരുന്നു. അപ്പോൾ മുതൽ യോഗസിദ്ധിക്ക് പ്രവർത്തിക്കാൻ തുടങ്ങുന്നു.

ശ്ലോകം 44

പൂർവ്വാഭ്യാസേന തേനൈവ ഹ്രിയതേഹ്യവശോപി സഃ

ജിജ്ഞാസുരപി യോഗസ്യ ശബ്ദബ്രഹ്മാതിവർത്തതേ

പൂർവ്വാഭ്യാസബലം കൊണ്ട് ഈ ജന്മത്തിലും അയാൾ മറ്റേതോ ശക്തിക്ക് വശംവദനായിട്ടെന്നപോലെ യോഗത്തിൽ ജിജ്ഞാസുവായിത്തീരുന്നു. അങ്ങ

നെ ശബ്ദബ്രഹ്മത്തെ അതിവർത്തിക്കുന്നു. .ശബ്ദനിഷ്ഠമായ പ്രപഞ്ചാനുഭവത്തെ കടന്ന് അതീന്ദ്രിയജ്ഞാനമാർജ്ജിക്കുന്നവരെക്കുറിച്ച് ജ്ഞാനേശ്വരി പറയുന്നു:-ഭൂമിക്കടിയിൽ ഒളിഞ്ഞുകിടക്കുന്ന നിധി കണ്ടുപിടിക്കുന്നതിനു കഴിയുന്ന ദിവ്യാഞ്ജനമെഴുതിയ ദൃഷ്ടികളുള്ളവനെപ്പോലെ ദുർഗ്രഹങ്ങളായ സിദ്ധാന്തതത്വങ്ങളെ ഗുരുസഹായം കൂടാതെ അനായാസേന ഗ്രഹിക്കുന്നതിന് അവന് കഴിയുന്നു. ഈ അപൂർവ്വവിഷയഗ്രഹണത്തെ നേരത്തേ പ്രതിപാദിക്കയുണ്ടായി. ശബ്ദബ്രഹ്മം പ്രണവമാണ്. പ്രണവസ്വരൂപമായ സ്വസ്തികത്തിൽ അടങ്ങുന്ന ബ്രഹ്മാണ്ഡരൂപത്തേയും ഓങ്കാരത്തിലൊതുങ്ങുന്ന അതിന്റെ നാദത്തേയും അതിക്രമിച്ച്, നാദമോ രൂപമോ കടന്നുചെല്ലാത്ത പരമാനന്ദഭൂമികയിലേക്കുള്ള പ്രയാണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പ്രപഞ്ചനേത്രമായ ജ്യോതിശ്ശാസ്ത്രത്തേയും പ്രപഞ്ചകർണ്ണമായ വേദാദികളേയും (ശ്രുതി) അവൻ കടന്നുചെല്ലുന്നു.ഇത് പൂർവ്വദേഹത്തിൽ ചെയ്ത കർമ്മഫലമായി,ആത്മാവിൽ സ്വാഭാവികമായി ഉണ്ടാവുന്ന ഓർമ്മ അഥവാ പ്രത്യഭിജ്ഞയുടെ ഫലമാണ്.

ശ്ലോകം 45

പ്രയത്നാദ്യതമാനസ്തു യോഗീ സംശുദ്ധകിൽബിഷഃ

അനേകജന്മസംസിദ്ധസ്തതോ യാതി പരാം ഗതിം

പ്രയത്നത്താൽ നിയന്ത്രിതമനസ്സായിത്തീർന്ന യോഗിയാകട്ടെ, വാസനകള കന്ന് ശുദ്ധമാനസനായി അനേകജന്മങ്ങളിലൂടെ നേടിയ ഉയർച്ചയുടെ ഫലമായി ക്രമത്തിൽ പരമഗതി പൂകുന്നു.

ശ്ലോകം 46

തപസ്വിഭ്യോധികോ യോഗി ജ്ഞാനിഭ്യോപി മതോധികഃ

കർമ്മിഭുഷ്ചാധികോ യോഗി തസ്മാദ് യോഗീ ഭവാർജ്ജുന

യോഗി തപസ്വിയേക്കാളും ശ്രേഷ്ഠനാണ്. ജ്ഞാനിയേക്കാളും ശ്രേഷ്ഠനാണ്. കർമ്മിയേക്കാൾ ശ്രേഷ്ഠനാണ് എന്നാണ് എന്റെ മതം. അതിനാൽ അർജ്ജുനാ, നീ യോഗിയായിരിക്കുക. ഇവിടെ യോഗി ഭക്തനാണ് എന്ന് 47ആം ശ്ലോകത്തിൽനിന്ന് മനസ്സിലാക്കുക. ശാസ്ത്രാർത്ഥപണ്ഡിതനായ ജ്ഞാനിയേക്കാളും അഗ്നിഹോത്രാദികർമ്മം ചെയ്യുന്ന കർമ്മിയേക്കാളും തപസ്വിയേക്കാളും ഉപരിയായ യോഗികളിൽ വെച്ച് ശ്രേഷ്ഠനായവന്റെ ലക്ഷണം 47ആം ശ്ലോകത്തിൽ പറയുന്നു.

ശ്ലോകം 47

യോഗിനാമപി സർവ്വേഷാം മദ്ഗതേനാന്തരാത്മനാ

ശ്രദ്ധാവാൻ ഭജതേ യോ മാം സ മേ യുക്തതമോ മതഃ

ശ്രദ്ധാവാനായി, അന്തരാത്മാവിൽ എന്നെ പ്രാപിച്ച്, ആരാണോ എന്നെ ഭജിക്കുന്നത്, അവനാണ് സർവ്വയോഗികളിലും വെച്ച് ശ്രേഷ്ഠനെന്നാണ് എന്റെ മതം.

ശങ്കരഭാഷ്യം ഇങ്ങനെ പറയുന്നുഃ-യോഗിനാമപി സർവ്വേഷാം രുദ്രാദിത്യാദി ധ്യാനപരാണാം മദ്ധ്യേ മദ് ഗതേന മയി വാസുദേവേ സമാഹിതേന അന്തരാത്മനാ അന്തഃകരണേന ശ്രദ്ധാവാൻ ശ്രദ്ധധാനഃ സൻ ഭജതേ സേവതേ യോ മാം, സ മേ മമ യുക്തതമഃഅതിശയേന യുക്തഃ മതഃ അഭിപ്രേതഃ ഇതി.

കലിയുഗത്തിൽ ധർമ്മത്തിന് ഒരു കാലേ ഉള്ളു. സത്യം,ക്ഷമ,മുതലായ ഗുണങ്ങൾ പൊതുവേ കുറഞ്ഞിരിക്കുന്ന കാലമാണിത്. ജനങ്ങൾക്ക് ധനവും സ്ഥാനമാനങ്ങളും മാത്രമാണ് പ്രധാനമെന്ന അവസ്ഥ വന്നുകഴിഞ്ഞു. ന്യായത്തെ അന്യായമാക്കാനും മറിച്ചും കഴിവുള്ള അഭിഭാഷകരുടെ എണ്ണം കൂടിവരുന്നു.അതിവാക്കു പറയുന്നവരാണ് വിദ്വാന്മാരെന്ന് തെറ്റിദ്ധരിച്ച് ജനം അവരെ ബുദ്ധിജീവിപ്പട്ടം കെട്ടി ആദരിക്കുന്നു. അതിവർഷം,വരൾച്ച, വെള്ളപ്പൊക്കം, മാറാവ്യാധികൾ ഇവ കൊണ്ട് ജനങ്ങൾ കഷ്ടപ്പെടുന്നു. ശരീരം നേരത്തേ ക്ഷയിച്ച് അകാലമൃത്യു സംഭവിക്കുന്നു. മനുഷ്യരുടെ സമൃതിയും ബുദ്ധിയും കുറഞ്ഞുവരുന്നു. ഈ കാലത്ത് ഭക്തിമാർഗ്ഗം ജ്ഞാനമാർഗ്ഗത്തേക്കാൾ എളുപ്പവും വിവാദരഹിതവുമാണ്.

ജീവാത്മപരമാത്മാക്കളുടെ ലയനത്തിനുള്ള അനേകം മാർഗ്ഗങ്ങളിൽ ഒന്നാണ് ഭക്തിമാർഗ്ഗം. ഇഷ്ടദേവതാനിഷ്ഠയും ഏകാഗ്രതയുമാണ് ഭക്തിമാർഗ്ഗത്തിന്റെ സ്വഭാവം. ഈ നിഷ്ഠ കൂടാതെ ഭക്തി വളരുകയില്ല. ഹനുമാനെ ഉദാഹരണമായി എടുക്കാം.

ശ്രീനാഥേ ജാനകീനാഥേ അഭേദഃ പരമാത്മനഃ

തഥാപി മമ സർവ്വസ്വം രാമഃ കമലലോചനഃ

ശ്രീനാഥനായ വിഷ്ണുവും ജാനകീനാഥനായ രാമനും തമ്മിൽ അഭേദം ഹനുമാൻ അറിയുന്നു. എന്നാലും തന്റെ ഇഷ്ടദേവത രാമനാണ് എന്ന് നിഷ്ഠാപൂർവ്വം രാമനിലൂടെ വിഷ്ണുവിലെത്തുന്നു.

എന്നെ ശ്രദ്ധാപൂർവ്വം ഭജിക്കുക എന്ന് കൃഷ്ണൻ പറയുന്നത് ഈ നിഷ്ഠയെ മനസ്സിൽ വെച്ചിട്ടാണ്. തുളസീദാസൻ പറഞ്ഞുഃ എല്ലാറ്റിന്റെ മാധുര്യവും നുകരുക. എല്ലാവരോടും കൂടിയിരിക്കുക. എല്ലാ നാമങ്ങളും ഗ്രഹിക്കുക. അപ്പോഴൊക്കെയും സ്വന്തം ഇരിപ്പിൽ ഉറച്ചിരിക്കുക.

സഗുണേശ്വരാരാധനയിലൂടെ ബ്രഹ്മസാക്ഷാത്കാരം നേടാനുള്ള എളുപ്പമാർഗ്ഗമാണിത്. ആത്മാർത്ഥതയുള്ള ആർക്കും ഭക്തിമാർഗ്ഗം അഭ്യസിക്കാം. അതിന് പാണ്ഡിത്യം വേണ്ട. ഭാഷാനൈപുണ്യം വേണ്ട. ആത്മാർത്ഥമായ പ്രേമം മാത്രം മതി. സൂര്യന്റെ സ്വഭാവം പ്രകാസമാണ്. നദിയുടെ സ്വഭാവം ഒഴുക്കാണ്. മേഘത്തിന്റെ സ്വഭാവം വൃഷ്ടിയാണ്.അതുപോലെ ഭക്തന്റെ സ്വഭാവമാണ് പ്രേമം. സ്വഭാവം എന്നാൽ ജനനത്തിനു മുമ്പേ ആത്മാവിലുള്ള ഗുണവിശേഷമാണ്. അത് പ്രയത്നിച്ച് നേടിയ ഒന്നല്ല. ഭക്തി പരമപ്രേമരൂപിണിയാണ്. അമൃതമയിയാണ്. ഭക്തി ജന്മനാ സ്വായത്തമായ ഒരാൾക്ക് ആഗ്രഹങ്ങളുണ്ടാകയില്ല. സുഖദുഃഖസമത്വം പ്രയത്നിക്കാതെ ലഭിക്കും. സാധാരണ ജനങ്ങൾ പണം, സുഖഭോഗങ്ങൾ, ആഢംബരങ്ങൾ,കൃത്രിമമായ ഉപചാരവാക്കുകൾ എന്നിവയെ ആശ്രയിക്കുമ്പോൾ, ഭക്തന് ഒരേ ഒരു വിചാരമേ ഉള്ളു. ഭഗവദ്കഥകൾ കേൾക്കണം (ശ്രവണം)

.ഭഗവദ് ചിന്തനം ചെയ്യണം (മനനം), ഭഗവദ് നാമസങ്കീർത്തനം ചെയ്യണം. ഹരികഥാകഥനത്തിലും സത്സംഗത്തിലും മാത്രം ആനന്ദം കൊള്ളുന്ന ഭക്തനെത്തേടി തീർത്ഥപാദനായ ഭഗവാൻ സ്വയം എഴുന്നള്ളുന്നു. എന്ന് നാരദമുനി പറയുന്നുണ്ട്. ഇത് ഓരോ ഭക്തനും അനുഭവവേദ്യമായ വസ്തുതയാണ്.

ദേവദത്തമിമാം വീണാം സ്വരബ്രഹ്മവിഭൂഷിതാം

മൂർഛയിത്വാ ഹരികഥാം ഗായമാനശ്ചരാമ്യഹം

പ്രഗായതഃ സ്വവീര്യാണി തീർത്ഥപാദഃപ്രിയശ്രവാ

ആഹൂത ഇവ മേ ശീഘ്രം ദർശനം യാതി ചേതസി

സ്വരബ്രഹ്മവിഭൂഷിതമായി ധ്വനിവിശേഷം കൊണ്ട് ജനചിത്തങ്ങളെ രഞ്ജിപ്പിക്കുന്നതാണ് രാഗമെന്ന് മതംഗമുനി പറയുന്നു. രാഗത്തെ മൂർഛിപ്പിക്കുന്നതാണ് മൂർഛന. നാരദൻ ,സ്വരബ്രഹ്മവിഭൂഷിതമായ ദേവദത്തമെന്ന വീണയിൽ രാഗങ്ങൾ പാടുന്നു. ദേവനാൽ ദത്തമായത് ദേവദത്തം. എങ്കലേ ദത്തയായോരു മനോഭക്തി എന്ന് ഭാഗവതത്തിലുണ്ട്. മനോഹരരാഗങ്ങളുതിർക്കുന്ന ആ വീണയും ഭക്തിയും നാരദന് ദേവദത്തമാണ്. അത് സ്വരം ഉതിർക്കുന്നു. സ്വയം രഞ്ജയതി എന്ന് സ്വരത്തിന് അർത്ഥം. ശ്രോതാവിന്റെയും ഗായകരുടേയും മനസ്സിനെ സ്വയം രഞ്ജിപ്പിക്കുന്നതാണ് സ്വരബ്രഹ്മം.സപ്തസ്വരം സപ്തമൂർഛനകളാണ്. ക്രമയുക്താസ്സ്വരാസ്സപ്തമൂർഛനാഃ പരികീർത്തിതാ എന്നും നിഗമ്യഗീതം തദനംഗവർദ്ധനം എന്നും ഉണ്ട്. അനംഗൻ കാമദേവൻ മാത്രമല്ല,നിരാകാരവും നിരവയവവുമായ ബ്രഹ്മവുമാണ്. മൂർഛാവസ്ഥയിലേക്ക് പറഞ്ഞറിയിക്കാനാത്ത അനുഭൂതി അവസ്ഥയിലേക്ക് മനുഷ്യമനസ്സിനെ നയിക്കുന്നതാണ് മൂർഛനകളെക്കൊണ്ടുള്ള സംഗീതം. അനുഭവിക്കാം,ആസ്വദിക്കാം, നിർവ്വചിക്കാനാവില്ല. ഇത്തരം അവസ്ഥയിലാണ് വീണയിൽ ഹരിനാമങ്ങൾ മീട്ടിപ്പാടുന്ന നാരദൻ. കൃഷ്ണന്റെ ഓടക്കുഴലിൽനിന്നെന്നപോലെ സ്വരങ്ങൾ ഒഴുകിയെത്തുന്നു. സർവ്വരും മൂർഛിച്ചു നിൽക്കുന്നു. അത് ഭക്തിലക്ഷണമാണ്.

അനിർവ്വചനീയം പ്രേമസ്വരൂപം മൂകാസ്വാദനവത്. വെണ്ണതിന്ന ഊമയാണ് ഭക്തൻ. സ്വാദറിഞ്ഞു. മറ്റൊരാളെ അതു പറഞ്ഞറിയിക്കാനുള്ള വാക്കുകളില്ല. മോഹാവസ്ഥ, ആനന്ദാനുഭൂതി.ബ്രഹ്മനിർവ്വാണാനുഭൂതി. ഭക്തനും ഈ അവസ്ഥയെ എളുപ്പം പ്രാപിക്കുന്നു. പ്രിയം ശ്രവിക്കാൻ ആർക്കും രസമാണ്. പ്രിയശ്രവസ്സായ ഭഗവാൻ ഭക്തിമൂർഛയിലെത്തി പാടുന്ന നാരദന് ശീഘ്രദർശനം നൽകാൻ അടുത്തേക്ക് വരുന്നു. തീർത്ഥപാദം മനസ്സിൽ പതിപ്പിച്ച് ദർശനസുഖം നൽകുന്നു. ഈ ദർശനം ബ്രഹ്മസ്പർശം തന്നെയാണ്. ഭഗവദ്പാദം പോലെ പരിപാവനമായ പുണ്യതീർത്ഥം ഭക്തന് വേറൊന്നില്ല. ആ തീർത്ഥപാദം മനസ്സിൽ പതിഞ്ഞ ഭക്തനും പുണ്യതീർത്ഥമായിക്കഴിഞ്ഞു. ഇത്തരം ഭക്തന്മാർ വന്നുചേരുന്ന സ്ഥാനങ്ങളും തീർത്ഥാടനകേന്ദ്രങ്ങളാവുന്നു. അവർ സ്നാനം ചെയ്ത ജലവും പുണ്യതീർത്ഥമായി. ബ്രഹ്മസ്പർശം നേടിയവൻ സ്പർശിച്ചതെല്ലാം പുണ്യതീർത്ഥം.

മനുഷ്യർ പലതരക്കാരുണ്ട്. അവനവന്റെ ഗുണമനുസരിച്ച് ഭക്തിഭാവത്തിൽ മാറ്റം വരുന്നു. ഹനുമാന് ദാസ്യഭാവത്തിലാണ് ഭക്തി. മഹാബലിക്ക് ആ

ത്മനിവേദനമാണ്. നാരദന് ഗുണമാഹാത്മ്യാസക്തിയാണ്. പ്രഹ്ലാദന് സ്മരണയും സനത് കുമാരന് തന്മയതയും അർജ്ജുനന് സഖീഭാവത്തിലുള്ള ഭക്തിയുമാണ്. സ്ത്രീകളുടെ ഭക്തിക്ക് പുരുഷന്മാരുടേതിനേക്കാൾ ആഴം കൂടും. പ്രേമിക്കാൻ നൈസർഗ്ഗികമായി സ്ത്രീകൾക്ക് ഒരു കഴിവുണ്ട്. യശോദയുടെ വാത്സല്യവും ഗോപികമാരുടെ രാഗവും വിരഹവും രുഗ്മിണിയുടെ കാന്താസക്തിയും സ്ത്രീകളുടെ വിഭിന്നഭക്തിഭാവങ്ങളാണ്. ഭാഗവതത്തിലെ വിപ്രപത്നിമാരുടെ കഥയിൽനിന്ന് സ്ത്രീകളുടെ നൈസർഗ്ഗികഭക്തി വ്യക്തമാകുന്നു. അവരോട് കൃഷ്ണൻ പറഞ്ഞു:-

എങ്കലേ ദത്തയായോരു മനോഭക്തി തങ്കലുള്ളോർക്കു ഞാനും പ്രിയനാമതു

അന്യോന്യഭംഗസംഗാനുരാഗാദികൾ എന്നിലേ ഞാനവർ തന്നിലും നിശ്ചയം

സർവ്വവുമെങ്കലിരിക്കുന്നു ഞാനുമീ സർവ്വത്തിലുമിരിക്കുന്നതു സത്യമായ്

ഞാൻതന്നെയാണ് നിങ്ങൾക്ക് ഈ നൈസർഗ്ഗികഭക്തി തന്നത്. ഈ ഭക്തി കൈവശം വെച്ചിരിക്കുന്നവർക്കെല്ലാം ഞാൻ പ്രിയനാണ്. ഞാൻ അവരിലും അവരെന്നിലും അന്യോന്യസംഗവും അനുരാഗവും വെച്ചിരിക്കുന്നു. എല്ലാം എന്നിലിരിക്കുന്നു. ഞാനും സർവ്വത്തിലുമിരിക്കുന്നു. ഇതാണ് പരമാർത്ഥമെന്ന് ഗ്രഹിച്ച് യജ്ഞവാടത്തിൽ താന്താങ്ങളുടെ സ്ഥാനത്തേക്ക് മടങ്ങിപ്പോവുക. മഹാഭാരതത്തിൽ വ്യാസൻ പറയുന്നു:

സ്ത്രീയോപ്രവ്രതൈസ്ത്വാഹൃഷികേശ്വരം സ്വതോഹ്യാരാധ്യ ലോകേ പതിം ആശാസ്തേ അന്യം.

ഇന്ദ്രിയാദീശ്വരനായ ഭഗവാനെ സ്വതവേ ആരാധിക്കുന്ന വ്രതത്തോടുകൂടിയവരാണ് സ്ത്രീകൾ. ഭഗവാൻ ഇന്ദ്രിയാധീശ്വരനാണ്. ജിതേന്ദ്രിയനാണ്. അഭയമരുളുന്നവനാണ്. പെൺകുട്ടികൾ ശൈശവത്തിൽത്തന്നെ ആ ഭഗവാന്റെ കഥ കേട്ടും രൂപം കണ്ടും ആകൃഷ്ടരായി അവനെ മനസാ വരിക്കുന്നു. എന്നിട്ടും യൌവനദശയിൽ ഇന്ദ്രിയങ്ങൾക്ക് വശംവദരായും മരണത്തെ ഭയപ്പെടുന്നവരായും ഇരിക്കുന്ന സാധാരണ പുരുഷന്മാരെ ഭർത്താവായി സ്വീകരിക്കുന്നു. അവർ ഭർതൃപദത്തിന് അർഹരല്ലാതിരുന്നിട്ടും. ഇതിന്നുദാഹരണമാണ് വിപ്രപത്നിമാരും മീരാഭായിയും. ഗോപസ്ത്രീകളും അതിലാണ് പെടുന്നത്. ഗോപസ്ത്രീകളുടെ വ്രതനിഷ്ഠയെ ഭാഗവതം ദശമസ്കന്ധത്തിലെ ശരദൃതുവർണ്ണനയിൽക്കാണാം.

ഉത്തമനായ യോഗിയുടെ ചിത്തം പോലെ തെളിഞ്ഞ് പ്രസന്നമായ ശരത്ക്കാലം എത്ര മനോഹരം. കാരണമായ പരബ്രഹ്മപ്രകാശത്തിൽ ചരാചരലോകങ്ങൾ ആരോപിക്കപ്പെട്ട് അവയാണ് യഥാർത്ഥമെന്ന് തോന്നിക്കുന്നു. അതുപോലെ അയഥാർത്ഥവും നശ്വരവുമായ മേഘപടലങ്ങളെല്ലാം ഒഴിഞ്ഞ് തെളിഞ്ഞ ആകാശം . പ്രകൃതി ആത്മവിശുദ്ധിയെ സൂചിപ്പിക്കുമാറ് നിർമ്മലം. വ്രജത്തിൽ സ്ത്രീകൾ കാത്യായനീവ്രതമാചരിച്ച് സംശുദ്ധി നേടുന്നു.

സംഘകാലതമിഴകത്തിലെ ആയ്പാടിച്ചെല്ലച്ചെറുമികൾ പാവൈനോമ്പ് നോൽക്കുന്നു. മാർകഴിമാസത്തിലെ മനോഹരമായ പ്രകൃതിപോലെ കാറ്റൊഴിഞ്ഞ് വിശുദ്ധമായ കന്യാഹൃദയങ്ങൾ- മാസങ്ങളിൽവെച്ച് ആ കന്യകമാർക്ക് പ്രിയങ്കരമായ മാർഗ്ഗശീർഷമാണ് താനെന്ന് ഭഗവാൻ അവകാശപ്പെ

ടുന്നതിൽ എന്തത്ഭുതം. പ്രശാന്തമായ അന്തരിക്ഷത്തിൽ ഓടക്കുഴലിന്റെ സ്വരമാധുരിയല്ലാതെ മറ്റൊന്നും കേൾക്കാനില്ല. ആ മനോഹരാംഗന്റെ ചാരുകല്യാണരൂപമല്ലാതെ മറ്റൊന്നും മനസ്സിൽ തെളിയുന്നില്ല. ആ സമ്മോഹനാവസ്ഥയിൽ, പ്രഭോ, എനിക്കു മുക്തി വേണ്ട, ധനം വേണ്ട, മാനം വേണ്ട, രോഗശാന്തി വേണ്ട , അവിടുന്നുമാത്രം മതി എന്ന് അനന്യശരണരായി ഗോപികമാർ ശരണാഗതി പ്രാപിക്കുന്നു. ശ്രവണമനന നിദിദ്ധ്യാസനങ്ങളാൽ പരബ്രഹ്മാനുഭൂതിദർശനത്തിനായി കൊതിക്കുന്ന മനോനിലയാണത്.

പ്രഭാതത്തിൽ കാളിന്ദിയിൽ കുളിച്ച് മണ്ണുകൊണ്ട് ദേവീവിഗ്രഹമുണ്ടാക്കി, ഗന്ധമാല്യാദികളാൽ പൂജിക്കുന്നു.

ഉഷസ്യുത്ഥായ ഗോത്രൈഃസ്വൈരന്യോന്യാബദ്ധബാഹവഃ

കൃഷ്ണമുച്ചൈർജഗുർയാന്ത്യാഃ കാളിന്ദ്യാ സ്നാതുമന്വഹം

ഒരു മാസത്തെ വ്രതകാലത്ത് ഭഗവാനു നേദിച്ച ഹവിസ്സല്ലാതെ മറ്റൊന്നും അവർ ഭക്ഷിക്കയില്ല. യോഗികളുടെ മാനസം പോലെ തെളിഞ്ഞ ശരത്കാലത്തിൽ യോഗിമാനസം പോലെ തെളിഞ്ഞ മനസ്സുള്ള ഗോപികമാർ മഹായോഗിന്യധീശ്വരിയെ പ്രണമിക്കുന്നു.

കാത്യായനി മഹാമായേ മഹായോഗിന്യധീശ്വരി

നന്ദഗോപസുതം ദേവീ പതിം മേ കുരുതേനമഃ

ഉന്തനോട് ഉറ്റാമൈ ആവോം ഉനക്കേ നാം ആട് ചെയ്യുവോം എന്ന പ്രതിജ്ഞയോടെയാണ് വ്രതാരംഭം. പാലും നെയ്യും വിശിഷ്ടഭോജ്യങ്ങളും ഉപേക്ഷിച്ച് ഉപവസിച്ച് കണ്ണിൽ മയ്യെഴുതാതെ, മലർചൂടി മുടി മെടയാതെ സ്ത്രീകൾ ഇക്കാലം ഹരികഥ പാടി നടക്കുന്നു. അവർ ചെയ്യരുതാത്തതൊന്നും ചെയ്യുകയില്ല. തീക്കുറൾ(പരുഷവാക്ക്)പറയുകയില്ല. നല്ലതേ ചിന്തിക്കൂ. അയ്യവും പിച്ചയും നൽകുന്നു. (പിച്ച ചോദിക്കുന്നവന് കൊടുക്കുന്ന ദാനം. അയ്യം ചോദിക്കാതെത്തന്നെ കൊടുക്കുന്നത്) ഈ വ്രതം പരമാത്മ സംയോഗത്തിനെന്നപോലെ നാടിന്റെ ഐശ്വര്യത്തിനുമാണ്. ഓങ്കി ഉലകളന്ത ഉത്തമനായ മഹാവിഷ്ണുവിന്റെ പേരുപാടി പാവൈക്ക് ചാറ്റി നീരാടിയാൽ നാട്ടിലെ ദോഷം നീങ്ങും, മാസം തോറും മുമ്മൂന്നു മഴപെയ്ത് ഉയർന്നുവളർന്നു തഴച്ച ചെന്നെൽപാടങ്ങളിൽ കയൽമീൻ തുള്ളിക്കളിക്കും. കുവലയമലരിൽ വണ്ടുകൾ ഉറങ്ങും .കൊഴുത്ത പശുക്കളുടെ അകിടിൽനിന്ന് കുടം നിറയുമാറ് പാലുചുരന്ന് കൊടുത്താലും തീരാത്ത അളവറ്റ സമ്പത്തുണ്ടാവും.അങ്ങനെ ഗോകുലം ധനധാന്യസമൃദ്ധമാവാനാണ് കുലവധൂടികൾ ദേവാർപ്പിതമനസ്സുകളായി വ്രതമനുഷ്ഠിക്കുന്നത്.

നാടെല്ലാം തീങ്കു ഇന്റി തിങ്കൾ മുമ്മാരി പെയ്ത്

ഓങ്കു പെരുചെന്നെൽ ഊടു കയൽ ഉകള

പൂങ്കുവളൈപോതിൽ പൊറിവണ്ടു കൺപടുപ്പ

വള്ളപെരുംപചുക്കൾ തേങ്കാതെ പുക്കിരുന്ത്

ചീർത്തമുലൈ പറ്റി വാങ്ക കുടംനിറൈക്കും

നീങ്കാത ചെൽവം നിറൈന്ത് ഇരുക്കും

ആഴിമഴൈക്കണ്ണൻ മാർകഴിനീരാട്ടിൽ പ്രസാദിച്ചാൽ കടലിൽ നിന്ന് ജലം തേകി വാനത്തേക്ക് ആർത്തെറിയും അവ ഊഴിമുതൽവന്റെ (അനാദിപുരുഷന്റെ) രൂപം പോലെ ശ്യാമമേഘമാലകളായി വാനിൽ നിരക്കും. ശാരംഗമെന്ന വൈഷ്ണവധനുസ്സിലെ ശരമഴപോലെ ധാരയായി മഴപെയ്ത് ഭൂമി ധനധാന്യസമൃദ്ധമാകും. സ്ത്രീ വ്രതാനുഷ്ഠാനത്തോടെ ചെയ്യുന്ന മാർകഴി നീരാട്ട് വെറും കാമോത്സവമല്ല. കണ്ണന്റെ കാരുണ്യമഴയായ കാലവർഷം കാലാകാലങ്ങളിൽ ലഭിച്ച് ഭൂമി സസ്യശ്യാമളയാവാനുള്ള യജ്ഞം കൂടിയാണ്.

രാമായണത്തിൽ വൃദ്ധതാപസിയും ധർമ്മശീലയുമായ അനസൂയ(അത്രിയുടെ പത്നി) പത്തുവർഷം മഴപെയ്യാതെ ജനങ്ങൾ ക്ഷാമമനുഭവിച്ച കാലത്ത് തപഃശക്തിയാൽ കായ്കനികളുണ്ടാക്കുകയും ഗംഗാജലം ഒഴുക്കിക്കൊടുക്കുകയും ചെയ്തു.

പത്താണ്ടുമഴയില്ലാഞ്ഞു പാർ ദഹിക്കെ നിരന്തരം

ഇവൾ കായ്കനിയുണ്ടാക്കി ഗംഗയേയുമൊഴുക്കിനാൾ

ഈ കഴിവിനെ ഗോപികമാരുടെ പാവൈനോമ്പ് സൂചിപ്പിക്കുന്നു. ഓരോ ഗോപികയും ഒരു മഹായോഗിനിയാണ്.തപോനിഷ്ഠരും ഉത്തമഗൃഹസ്ഥരുമായ കുലസ്ത്രീകളുടെ വ്രതാനുഷ്ഠാനവേളയിലാണ് ഭഗവാൻ അവരുടെ വസ്ത്രം അപഹരിക്കുന്നതും രാസലീലക്ക് അനുഗ്രഹിക്കുന്നതും. ഇത് യോഗശക്തി പ്രദാനം ചെയ്യുന്നതിന്റെ സിംബലാണ്. ഇതറിയാതെ കൃഷ്ണൻ പരദാരസംഗമം ചെയ്തതായി ആളുകൾ തെറ്റിദ്ധരിക്കുന്നു. ഈ തെറ്റിദ്ധാരണക്ക് കൃഷ്ണകഥയോളം തന്നെ പഴക്കമുണ്ട്. ആദ്യമായി ശ്രീശുകൻ പരീക്ഷിത്തിന് മഹാഭാഗവതം ആഖ്യാനം ചെയ്തുകൊടുത്ത വേളയിൽത്തന്നെ തമ്പുരാന് ഈ സംശയം ജനിച്ചിട്ടുണ്ട്.

മേദിനിയിങ്കലധർമ്മം കളവാനായ്
വേദമാർഗ്ഗാദിധർമ്മങ്ങളെ സ്ഥാപിച്ചു

ലോകവിശുദ്ധിവരുത്തുവാനായ്ക്കൊണ്ടു
ലോകനാഥൻ വിഷ്ണു നാരായണൻ പരൻ

കൃഷ്ണനായ് വന്നവതീർണ്ണനാമീശ്വരൻ
കൃഷ്ണകർമ്മം പരദാരാദിസംഗമം

ചെയ്തതു പാർത്താലതികഷ്ടമാമിതു
ചെയ്തതു മാർഗ്ഗമെന്നോർത്തുപോമേവരും

പരീക്ഷിത്തിന്റെ ഈ സംശയത്തെ അപ്പോൾത്തന്നെ ശുകൻ തീർത്തുകൊടുത്തിട്ടുണ്ട്. ശുകൻ പറഞ്ഞു: ഭഗവാൻ ചിന്മയനാണ്. ചൈതന്യമാണ്, ചിദ്രൂപാത്മകമായ ബ്രഹ്മത്തിന് കർമ്മബന്ധങ്ങളില്ല. സൂര്യപ്രഭ കൊണ്ട് പ്രപഞ്ചകർമ്മം നടക്കുന്നു. സൂര്യന് കർമ്മബന്ധമില്ല. അഗ്നിപോലെ ശുദ്ധമാണ് ബ്രഹ്മം.

കേൾക്ക മുകുന്ദനജൻ നിർവ്വികാരാത്മാ
നിഷ്ക്രിയൻ നിർല്ലേപനിസ്സംഗനിർവ്വാണൻ
അദ്വൈതനാമാത്മരൂപനതീന്ദ്രിയൻ
വേദ്യമല്ലാത്ത ചിന്മാത്രൻ പരബ്രഹ്മം
ഇത്ഥമറിവില്ലയാത മൂഢന്മാരു-
മിത്തരമോർത്തു ചെയ്താലതു പാപമാം
പാർക്കിലോ ഗോപികൾ ഗോപാലരൊക്കെയും
ഓർക്ക നീ നാരായണൻ താനതല്ലയോ
തന്നുടെ മായാമയം ജഗത്തൊക്കെയും
തന്നംശമെന്നിയേ വേറല്ലവയൊന്നും
സംഗിപ്പതിന്നു വേറൊന്നില്ല മന്നവ
നിന്നുള്ളിലീഷയുണ്ടാവരുതേതുമേ

അതിനാൽ രാസലീലയെക്കുറിച്ച് ശരിയാഅർത്ഥത്തിൽ ഗ്രഹിക്കേണ്ടതുണ്ട്. ഗീതഗോവിന്ദത്തിന്റെ വന്ദനശ്ലോകത്തിൽ കൃഷ്ണന്റെ അപ്പോഴത്തെ പ്രായം സൂചിതമാണ്. ആത്മാവും ശരീരവും-ദേഹിയും ദേഹവും-തമ്മിലുള്ള സംഗമമാണ് രാധാകൃഷ്ണസംഗമം. ഓരോ സ്ത്രീയും ഓരോ പുരുഷനും രാധയാണ്. ഓരോ ജീവാത്മാവും കൃഷ്ണനുമാണ്. സ്വയമറിയാനുള്ള പരമ വിരഹാസക്തിയാണ് ജീവാത്മാവിനെ പരമാത്മാവോടു ചേർക്കുന്നത്. ബംഗാളിലെ പ്രസിദ്ധകവിയായ ചണ്ഡീദാസിന്റെ കവിതയിൽ രാധ കൃഷ്ണനോട് പറയുകയാണ്.

നിസ്സംഗമായ എന്റെ ഹൃദയം നിനക്കടിമയായിരിക്കുന്നു. ഇത്ര സുഖകരവും മധുരവുമായ ഒരടിമത്തം ഇതുവരെ എന്റെ ഹൃദയം അറിഞ്ഞിട്ടില്ല. നിന്റെ പവിത്രപാദങ്ങളിൽ ഞാൻ പിടിവിടാതെ മുറുക്കെ പിടിക്കുന്നത് പൊറുക്കണേ. നിന്നെക്കൂടാതെ ഒരു മുഹൂർത്തം ജീവിച്ചിരിക്കാനും ഞാൻ-രാധ- ശക്തയല്ല. നിന്റെ അഭാവം വാൾത്തല പോലെ എന്നെ നോവിപ്പിക്കുന്നു. എന്റെ നയനപഥത്തിൽനിന്ന് ഒരു നിമിഷം നീ അകന്നാൽ എന്റെ ഹൃദയം മരിക്കുന്നു. നിന്നെ എനിക്ക് നഷ്ടമാകാതിരിക്കാൻ ഹൃദയത്തിലും കഴുത്തിനു ചുറ്റിലും ഞാൻ കോർത്തു ധരിച്ചിരിക്കുന്നു. കഴുത്തിൽ മംഗല്യസൂത്രവും ഹൃദയത്തിൽ ശ്രീകൃഷ്ണപരമാത്മാവും ചുറ്റിക്കെട്ടി ബന്ധിതയായ സുമംഗലിയായ കുലവധൂടിയാണ്, ഇവിടെ ചണ്ഡീദാസിന്റെ രാധ. നാച്ചിയാർ തിരുമൊഴിയിൽ ആണ്ടാൾ പാടുന്നു:-

വെളുത്ത ശംഖു ധരിച്ച പ്രിയതമൻ എന്തേ സ്വയം വ്യക്തമാക്കാതെ മറഞ്ഞിരിക്കുന്നു. എന്റെ ഹൃദയത്തിൽ പ്രവേശിച്ച് അവൻ ദിനവും എന്നെ വേദനിപ്പിക്കുന്നു. എന്റെ അസ്തിത്വമായി മാറിയ അവൻ വേഗം വരാനായി പാടുക. ഓ, കുയിലേ, എന്റെ പ്രഭുവിന്റെ വരവുണർത്താൻ നിന്റെ സ്വരമുയർത്തി പാടുക. ജലം ധരിക്കുന്ന മേഘമാലകളേ, വെങ്കടത്തിൽ വർഷിച്ചാലും. മഹാബലിയുടെ ഭൂമി വാങ്ങിയ നാഥൻ അവിടെ ഇരിക്കുന്നു. ഹേ, മാരിദേവാ, കാലാകാലങ്ങളിൽ വർഷിക്കുക. കടലിൽ ആണ്ടുമുങ്ങി സ്വയം പൂർണ്ണനാവുക. സൃഷ്ടിദേവനെപ്പോലെ ശ്യാമരൂപിയായ നീ പത്മനാഭന്റെ പാണിയിലെ ചക്രംപോലുള്ള മിന്നൽപിണരുകൾ അയക്കുക. ശംഖനാദം മുഴക്കുക. ശാരംഗത്തിലെ ബാണംപോലെ കോരിച്ചൊരിയുക. ശ്യാമമേഘവും കാർകോടൽപൂക്കളും മിന്നലും മഴയും ഓരോ പ്രകൃതി

പ്രതിഭാസവും കൃഷ്ണസ്മൃതി ജനിപ്പിക്കുന്ന പ്രതിഭാസങ്ങൾ മാത്രമാണ് ആണ്ടാൾക്ക്.

ഉപാസനാകാണ്ഡം സ്ത്രീകൾക്കു മാത്രമുള്ളതല്ല, പുരുഷന്മാർക്കും ഉള്ളതാണ്. ഭക്തനായ ഓരോ പുരുഷനും മീരാദേവി പറഞ്ഞതുപോലെ, ഒരു സ്ത്രീതന്നെയാണ്. ഒരേ ഒരു പരമപുരുഷനെ തേടുന്ന വിരഹവിധുരയായ ഒരു കാമിനി. നാരായണീയം 52ആം ശതകത്തിൽ പ്രതിക്ഷണം വർദ്ധിച്ചു വരുന്ന സന്തോഷാതിശയങ്ങളോടുകൂടി സകല ഗോപരാലും ലാളിക്കപ്പെട്ട നാനാശരീരങ്ങളോടുകൂടിയവനെന്ന് കൃഷ്ണനെ പ്രകീർത്തിക്കുന്നു.

ഏവം പ്രതിക്ഷണവിജൃംഭിതഹർഷഭാര-
നിശ്ശേഷഗോപഗണലാലിതഭൂരിമൂർത്തിം

നിർവൃതി നൽകുന്ന ആ ബ്രഹ്മാനുഭവം ഭക്തിയാൽ സഹജമായി ലഭിക്കുന്നതു കൊണ്ടാണ് അതിനെ ശ്രേഷ്ഠതമമെന്ന് പറഞ്ഞത്. രാസലീലയുടെ നിർവൃതി ഈ ബ്രഹ്മസായൂജ്യമാണ്. തന്നെ പ്രാപിച്ച് സായൂജ്യം നേടിയ പുണ്യവതികളായ ഗോപികകളോട് ഏതുവിധത്തിലുള്ള സ്നേഹമാണ് ഉത്തമമെന്ന ചോദ്യത്തിന് ഭഗവാൻ മറുപടി പറയുന്നുണ്ട്. ഇങ്ങോട്ടു സ്നേഹിച്ചാൽ മാത്രം തിരിച്ച് അങ്ങോട്ട് പ്രേമിക്കുന്നത് അധമഭക്തിയാണ്. അത്തരക്കാരോട് സഖ്യം നന്നല്ല. ചെറിയ പ്രകോപനമുണ്ടായാൽ അവർ ശത്രുക്കളാകും. ഇങ്ങോട്ട് സ്നേഹിക്കാത്തവരേയും അങ്ങോട്ട് സ്നേഹിക്കുന്നവർ കൃപാത്മാക്കളാണ്. അംഗുലീമാലന് അഭയം നൽകിയ ബുദ്ധനും കാപാലികന് സ്വന്തം തല ഹോമിക്കാൻ ഒരുങ്ങിയ ശങ്കരാചാര്യരും കൃപാലുക്കളാണ്. ബൈബിളിലെ നല്ല സമരിയക്കാരൻ കൃപാലുവാണ്. അവരുമായി സഖ്യം നന്ന്. ചില ഗുണങ്ങളുണ്ട്. ആരേയും പ്രത്യേകമായി സേവിക്കയില്ല. എല്ലാവരോടും മൈത്രി. കരുണ. എപ്പോഴും പ്രസന്നത. എല്ലാവരും അവരെ സേവിക്കണം. സ്നേഹിക്കണം. ആ സ്നേഹം കൊണ്ട് പ്രയോജനം പ്രപഞ്ചത്തിനു മുഴുവനും മംഗളമാണ്. ജ്ഞാനം,വിദ്യ മുതലായ ഗുണങ്ങൾ അങ്ങനെയാണ്. അവയെ സ്നേഹിക്കയും സേവിക്കയും ചെയ്യുന്നതാണ് ഉത്തമഭക്തി. സർവ്വവിജ്ഞാനത്തിനും വിദ്യക്കും ഇരിപ്പിടവും കേവലം വേദമൂലാധാരവുമായ ബ്രഹ്മത്തെ (കൃഷ്ണനെ) പ്രേമപൂർവ്വം ഇപ്രകാരം സേവിച്ചാൽ ഉത്തമഭക്തി കൈവന്നു. പാശങ്ങൾ തീർന്നു. മുക്തിയും സദ്ഗതിയും ലഭിക്കുകയും ചെയ്യും. കാരണമായ ജഗദീശ്വരൻ സർവ്വത്തിലും മൂലമാണ്. മൂലം നനച്ചാൽ വൃക്ഷം പ്രസാദിച്ച് ഫലം തരും കർമ്മാദികൾ മൂലം അറിയാതെ ചെയ്താൽ നിഷ്ഫലമാണ്. മൂലം അറിഞ്ഞ് ചെയ്താൽ ഫലസിദ്ധി ആവശ്യപ്പെട്ടില്ലെങ്കിലും ലഭിക്കും. സ്ത്രീകളുടെ നൈസർഗ്ഗികഭക്തിയിലൂടെ ഭാഗവതം നമുക്കുതരുന്ന പാഠം ഇതാണ്. മനുഷ്യരിലും ആകാസചാരികളിലും പശുപക്ഷികളിലും അഭിനിവേശം ജനിപ്പിക്കുന്ന മുരളീരവം പാറകളെപ്പോലും ദ്രവീകരിക്കുന്നു.

മാരബാണധൃതഖേചരീകുലം നിർവ്വികാരപശുപക്ഷിമണ്ഡലം
ദ്രാവണം ചദൃഷദാമ്യപി പ്രഭോ താവകം വ്യജനി വേണുകൂജിതം
(നാരായണീയം)

കൃഷ്ണന്റെ രൂപം ദൃശ്യമല്ലാതെ ആ ശബ്ദം കേൾക്കുമ്പോഴേക്കു തന്നെ യോഗികളുടെ നിർവ്വികൽപ്പസമാധിയിൽ സ്ത്രീഹൃദയം ആനന്ദമൂർഛ

അനുഭവിക്കുന്നു. അപ്പോൾ ത്വദ്ഗതേന മനസാ വാഴുന്ന ആ ചിത്തങ്ങളിലേക്ക് നിന്തിരുവടി തീർത്ഥപാദം വെച്ച് എഴുന്നള്ളുന്നു. ചേതസ്സിൽ തെളിഞ്ഞ കായാമ്പൂ പോലെ കോമളവും സർവ്വമോഹനവുമായ രൂപം ദർശിച്ച് ഞങ്ങൾ വീണ്ടും വീണ്ടും ജന്മജന്മാന്തരങ്ങളിൽ നിന്നിൽ രാഗവതികളായി ത്തീർന്നു.

ത്വദ്വപുർന്നവകലായകോമളം പ്രേമദോഹനമശേഷമോഹനം

ബ്രഹ്മതത്വപരചിന്മുദാത്മകം വീക്ഷ്യയംമുമുഹുരന്വയം സ്ത്രിയാ

സാന്ദ്രാനന്ദാവബോധാത്മകമായ ആ ബ്രഹ്മതത്വം എന്റെ വിരഹം തീർക്കാൻ തീർത്ഥപാദം വെച്ച് പ്രവേശിച്ച് എന്റെ ചേതസ്സിനെ പുണ്യതീർത്ഥമാക്കി മാറ്റി. അതിനാൽ എന്റെ പ്രാണനിൽനിന്ന് ഈ ഗീതാമൃതം സരസ്വതീ പ്രവാഹമായി ഒഴുകാനിടയായി. ഭക്തിയുടേയും ജ്ഞാനത്തിന്റേയും സമന്വയമായിത്തീർന്ന ഈ വാക്യമഞ്ജരികൾ അവിടത്തെ മാറിലെ വാടാത്ത വൈജയന്തികളായിത്തീരട്ടെ.

ഇപ്രകാരം ത്വം എന്ന ആദ്യഭാഗം- 6 അദ്ധ്യായം - സമാപ്തം. ഇനി തത് എന്ന രണ്ടാം ഭാഗം ആരംഭിക്കുന്നു.

തത്

അദ്ധ്യായം 7

ജ്ഞാനവിജ്ഞാനയോഗം

ശ്ലോകം 1 ശ്രീഭഗവാനുവാചഃ

മയ്യാസക്തമനഃ പാർത്ഥഃ യോഗം യുഞ്ജൻ മദാശ്രയഃ
അസംശയം സമഗ്രം മാം യഥാ ജ്ഞാസ്യസി തച്ഛൃണു

എന്നിൽ ആസക്തമായ മനസ്സോടുകൂടി, എന്നെ ആശ്രയിച്ച് യോഗം ശീലിക്കുക. സംശയരഹിതമായി, സമഗ്രമായി എന്നെ എപ്രകാരം അറിയാനാവുമോ അത് കേട്ടാലും.

തത് ത്വം അസി എന്ന സാമവേദമഹാവാക്യത്തെയാണ് ഭഗവദ്ഗീത വ്യാഖ്യാനിക്കുന്നത്.ആദ്യത്തെ 6 അദ്ധ്യായങ്ങളിൽ ത്വം (നീ) എന്ന പദമാണ് വ്യാഖ്യാനിക്കപ്പെട്ടത്. ബ്രഹ്മാത്മൈക്യത്തിന് ഉത്തമനായ മനുഷ്യൻ സ്വീകരിക്കേണ്ട വിവിധമാർഗ്ഗങ്ങളും, അയാളുടെ ലക്ഷണങ്ങളും വിവരിച്ചു. ഇനി തത് എന്ന പദത്തിന്റെ വ്യാക്യാനമാണ്. തത് (അത്) ബ്രഹ്മം. അനി

ർവ്വചനീയമായബ്രഹ്മത്തെ വാക്കുകളിലൂടെ നിർവ്വചിക്കാനുള്ള ശ്രമത്തിന്റെ ആദ്യശ്ലോകത്തിൽ , തത് ശ്രുണു എന്ന് പറഞ്ഞിരിക്കുന്നു. ഭക്തിയോഗം കൊണ്ട് എളുപ്പത്തിൽ ബ്രഹ്മസാക്ഷാത്കാരം സാദ്ധ്യമാകും എന്ന് മയ്യാസക്തമനാ എന്ന പദം സൂചിപ്പിക്കുന്നു. ആദ്യത്തെ 6 അദ്ധ്യായത്തിൽ ആദ്യത്തെ സാംഖ്യം തുടങ്ങി ആറാമത്തെ ധ്യാനം വരെയാണ് ജ്ഞാനയോഗമായി ത്വം (നീ) അഭ്യസിക്കേണ്ടതെന്ന് പറഞ്ഞു. രണ്ടാമത്തെ 6 അദ്ധ്യായങ്ങളിൽ, ആദ്യത്തെ(7) ജ്ഞാനവിജ്ഞാനയോഗം മുതൽ, ആറാമത്തെ (12)ഭക്തിയോഗം വരെ തത് (ബ്രഹ്മം) എന്ന അവസ്ഥയെ എളുപ്പം തന്മയീഭവിച്ച് പ്രാപിക്കാനുള്ള വഴിയാണ്. പിന്നീടുള്ള അവസാനത്തെ 6 അദ്ധ്യായം , 13 (ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം) മുതൽ 18 (മോക്ഷസന്യാസയോഗം) വരെ ഈ രണ്ടും (ജ്ഞാനയോഗവും ഭക്തിയോഗവും, നീയും ഞാനും) ഒന്നുതന്നെ എന്ന് പറയുന്ന അസി എന്ന പദം വ്യാഖ്യാനിക്കുന്നു.

ശ്ലോകം 2

ജ്ഞാനം തേഹം സവിജ്ഞാനമിദം വക്ഷ്യാമ്യശേഷതഃ

യജ്ഞാത്വാ നേഹ ഭൂയോന്യത് ജ്ഞാതവ്യമവശിഷ്യതേ

ഏതിനെ അറിഞ്ഞാലാണോ ഇവിടെ അന്യമായ യാതൊന്നും അറിയാനവശേഷിക്കാത്തത് , ആ ജ്ഞാനത്തെ വിജ്ഞാനസഹിതം അശേഷം നിനക്ക് ഞാൻ പറഞ്ഞുതരുന്നു. ജ്ഞാനം കേട്ടും പഠിച്ചും വായിച്ചും നേടിയ അറിവാണ്. വിജ്ഞാനം സ്വാനുഭൂതിയാണ്. സ്വാനുഭൂതിയോടുകൂടിയ ജ്ഞാനമാണ് പറയാനാരംഭിക്കുന്നത്.

ശ്ലോകം 3

മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യതതി സിദ്ധയേ

യതതാമപി സിദ്ധാനാം കശ്ചിന്മാം വേത്തി തത്വതഃ

ആയിരം മനുഷ്യരിൽ ഒരാളാണ് യോഗസിദ്ധിക്ക് ശ്രമിക്കുന്നത്. പ്രയത്നിക്കുന്നവരുടെ കൂട്ടത്തിൽ ആയിരത്തിലൊരുവനാണ് എന്റെ തത്വത്തെ ശരിക്കറിയുന്നത്. സ്വാമുഭൂതിയോടുകൂടിയ ജ്ഞാനം എത്ര വിരളമാണ്. ഗ്രന്ഥങ്ങൾ പഠിക്കാനും അറിയാനും താൽപര്യം ജനിച്ചവരും കൂടി സ്വാനുഭൂതി ലഭിക്കാതെ ശുഷ്കപണ്ഡിതന്മാരായിപ്പോകുന്നു. ശാസ്ത്രത്തോടൊപ്പം കല. ജ്ഞാനത്തോടൊപ്പം ഭക്തി. ഇത് വളരെ അപൂർവ്വമായി മാത്രം കാണുന്ന ഒന്നാണ്. ഈശ്വരകടാക്ഷം ഉള്ളവർക്കേ ഇത് ലഭിക്കുന്നുള്ളൂ.

ശ്ലോകം 4

ഭൂമിരാപോനലോ വായുഃ ഖം മനോബുദ്ധിരേവ ച

അഹംകാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ

ഭൂമി,ജലം,അഗ്നി,വായു,ആകാശം,മനസ്സ്,ബുദ്ധി,അഹങ്കാരം എന്നിങ്ങനെ എന്റെ പ്രകൃതി അഷ്ടവിധമാണ്. ഓരോ വ്യക്തിക്കുമുണ്ട് അവനവന്റെ പ്രകൃതി എന്ന് നേരത്തേ പറഞ്ഞു. സഗുണേശ്വരനായ ഭഗവാന്റെ പ്രകൃതി 8 വിധമാണ്. ഈ പ്രകൃതിയെ അപര എന്ന് പറയുന്നു.

വിഷ്ണോസ്തു ത്രീണി രൂപാണി പുരുഷാഖ്യാന്യതോവിദുഃ

ഏകം തു മഹതഃസ്രഷ്ടുർദ്വിതീയം ത്വണ്ഡസംസ്ഥിതം

തൃതീയം സർവ്വഭൂതസ്ഥം താനി ജ്ഞാത്വാ വിമുച്യതേ(സാത്വതതന്ത്രം)

വിഷ്ണുശക്തി മൂന്ന് രൂപം കൈക്കൊള്ളുന്നു.മഹാവിഷ്ണു മഹത്ത് എന്ന ആദിപ്രകൃതിയെ സൃഷ്ടിക്കുന്ന ആദിപുരുഷനാണ്. അതിന് ലിംഗഭേദമില്ല. അർദ്ധനാരീശ്വരനാണ് മഹത്ശക്തി. ഭൂതജാലങ്ങളിൽ ഉൾപ്പൂകി, അവരുടെ ഗർഭോദകത്തിൽ ശയിക്കുന്ന വിഷ്ണുവാണ് രണ്ടാമത്തേത്. (ഗർഭോദകശായി). ഓരോ അണുവിലും തന്മാത്രയിലും കുടികൊണ്ട്, സർവ്വവ്യാപിയായി പ്രപഞ്ചവ്യാപ്തമായിരിക്കുന്ന മൂന്നാമത്തെ മൂർത്തിയാണ് ക്ഷീരോദകശായിയായ പരമാത്മതത്വം. (വിശ്വരൂപം). ജീവാത്മപരമാത്മൈക്യം സാധിച്ച് വിഷ്ണുവിന്റെ ഈ മൂന്നു പ്രകൃതികളേയും അറിയുന്നവൻ ജീവന്മുക്തനാവുന്നു. സൂര്യനിൽ മൂന്നുവിധശക്തികളുണ്ട്. ഇവ ബ്രാഹ്മി(സൃഷ്ടി), വൈഷ്ണവി(സ്ഥിതി), പ്രജ്ഞ(സംഹാരം) എന്നറിയുന്നു. ബ്രാഹ്മി ആകാശാദിഭൂതമാത്രകളാൽദൃശ്യരൂപം സൃഷ്ടിക്കുന്നു. വൈഷ്ണവി ആകാശാദിമൂലമാത്രകളിൽ പ്രവേശിച്ച് അവയെ ചൈതന്യാത്മകമാക്കി, അവയെക്കൊണ്ട് നാനാരൂപാത്മകമായ ജീവോപാധികളോടുകൂടിയ പ്രപഞ്ചത്തെ സംരക്ഷിക്കുന്നു. പ്രജ്ഞ ജീവോപാധികളിൽ പ്രവേശിച്ച് അവയെ ഇഛ, പ്രയത്നം, ജ്ഞാനം മുതലായ ലക്ഷണങ്ങളോടുകൂടിയ ജീവാത്മാക്കളാക്കി വേർതിരിച്ച് നിർത്തുന്ന മാഹേശ്വരീശക്തിയാണ്. അവൾ ഒരു സാധാരണ മനുഷ്യനേയും കാളിദാസനോ ആദിശങ്കരനോ ആക്കിത്തീർക്കും. പ്രജ്ഞ അഥവാ മാഹേശ്വരി തന്നെ മഹത്ത്.

ശ്ലോകം 5

അപരേയമിതസ്ത്വന്യാം പ്രകൃതീം വിദ്ധി മേ പരാം

ജീവഭൂതാം മഹാബാഹോ യയേദം ധാര്യതേ ജഗത്

എട്ടുവിധം പ്രകൃതികൾ അപര എന്നറിയപ്പെടുന്നു. ഇതിൽനിന്ന് അന്യായ , ജീവഭൂതങ്ങളെ ഉൾക്കൊള്ളുന്ന എന്റെ പരാപ്രകൃതിയെ നീ ധരിച്ചാലും. അതിനാൽ ഈ ജഗത്ത് ധാരണം ചെയ്യപ്പെടുന്നു. പരാപ്രകൃതി പരാശക്തിയാണ്. സ്ഥൂലവും സൂക്ഷ്മവുമായ പ്രകൃതിതന്മാത്രകൾക്കപ്പുറമുള്ള ചൈതന്യസ്രോതസ്സാണ്.അവളെ അറിയുക

ശ്ലോകം 6

ഏതദ് യോനീനി ഭൂതാനി സർവ്വാണീത്യുപധാരയ

അഹം കൃത്സ്നസ്യ ജഗതഃ പ്രഭവഃ പ്രളയസ്തഥാ

സർവ്വ ഭൂതസൃഷ്ടിയും ഈ യോനിയിൽനിന്നാണ് എന്ന് ധരിച്ചാലും. ഞാൻ സമ്പൂർണ്ണജഗത്തിന്റേയും പ്രഭവവും പ്രളയവും ആണ്. ജഗത്ത് പ്രഭവിക്കയും പ്രലയകാലത്ത് വിലയിക്കയും ചെയ്യുന്ന മഹായോനിയായ പരാശക്തി ഞാനാകുന്നു. അതിനേക്കാൾ മഹത്തരമായ മറ്റൊരു പദമില്ല.

ശ്ലോകം 7

മത്തഃപരതരം നാന്യത് കിഞ്ചിദസ്തി ധനഞ്ജയ

മയി സർവ്വമിദം പ്രോതം സൂത്രേ മണിഗണാ ഇവ

എന്നെക്കാൾ പരമായി മറ്റൊന്നില്ല. എന്നിൽ എല്ലാം സൂത്രത്തിൽ മണിഗണങ്ങൾപോലെ കോർക്കപ്പെട്ടിരിക്കുന്നു. ശ്വേതശ്വേതരോപനിഷത്തിൽ പറയുന്നുഃ-

വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണ്ണം തമസഃപരസ്താദ്

തമേവ വിദ്വാനതിമൃത്യുമേതി നാന്യഃപന്ഥാവിദ്യതേയനായ

യസ്മാത് പരം നാപരമസ്തി കിഞ്ചിത്

യസ്മാൻ നണീയോ നോ ജ്യായോസ്തി കിഞ്ചിത്

വൃക്ഷ ഏ്വ സ്തബ്ധോദിവിതിഷ്ഠത്യേകസ്തേനേദം

പൂർണ്ണം പുരുഷേന സർവ്വം

യസ്മാദ് പരം നാപരം എന്ന് വർണ്ണിക്കുന്ന ആ പരമപുരുഷനെത്തന്നെയാണ് മത്തഃ പരതരം നാന്യത് എന്നു പറയുന്നത്. ഈ വർണ്ണനയിൽ ആദിത്യവർണ്ണം തമസഃപരസ്താദ് എന്നു കാണുന്നു. ഖിലസൂക്തത്തിൽ (ഋഗ്വേദം)പരാശക്തിയെ ആദിത്യവർണ്ണേ എന്നാണ് അഭിസംബോധന ചെയ്യുന്നത്. പരാശക്തിയെ ദർശിക്കുന്ന വ്യക്തി ആദിത്യവർണ്ണത്തിലാണ് ദർശിക്കുക. ജ്ഞാനം ആദിത്യസദൃശമാണ്. ദിവി സൂര്യസഹസ്രം ഉദിച്ച പോലാണ് ജ്ഞാനാനുഭൂതി.

പരമപുരുഷനായ ആദിദേവനെ യോനിയെന്ന് പറഞ്ഞിരിക്കുന്നു. ബ്രഹ്മത്തിന് ലിംഗഭേദമില്ല. ലിംഗവ്യത്യാസം ആത്മാവിനുമില്ല, ഈശ്വരനുമില്ല. അത് ശരീരങ്ങൾക്കേ ഉള്ളു. മഹത് നപുംസകപദമാണ്. ആദിപുരുഷൻ ,പുരുഷനോ സ്ത്രീയോ അല്ല, മഹത്താണ്. അതിനെ സൂത്രത്തോട് ഉപമിക്കുന്നു. ചരടിൽ അനേകം മുത്ത് ഒന്നൊന്നായി കോർത്ത് മാലയുണ്ടാക്കുന്നു. മുണ്ഡകോപനിഷത്തിൽ അമൃതത്വത്തിലേക്കുള്ള പാലമാണ് ചരട്.ഉൽപ്പത്തിപുസ്തകത്തിൽ മാലാഖമാർ ഇറങ്ങിവരികയും കയറിപ്പോകയും ചെയ്യുന്ന ജേക്കബ്ബിന്റെ കോണിപോലെയാണത്. അതിലൂടെ എണ്ണമറ്റ ഗണങ്ങൾ (കൂട്ടങ്ങൾ, ക്ലാസസ്സ്) സഞ്ചരിക്കുന്നു. അമൃതത്വം പ്രാപിക്കുന്നു. വീണ്ടും പുടിയവ വരുന്നു.

ശ്ലോകം 8

രസോഹമപ്സു കൌന്തേയ പ്രഭാസ്മി ശശിസൂര്യയോഃ

പ്രണവഃസർവ്വവേദേഷു ശബ്ദഃ ഖേ പൌരുഷം നൃഷു

ജലങ്ങളിൽ ഞാൻ രസമാണ്. ചന്ദ്രസൂര്യന്മാരുടെ പ്രഭ ഞാനാണ്. സർവ്വവേദങ്ങളിൽ ഞാൻ പ്രണവമാണ്. ഖത്തിൽ(കാലദേശാത്മകമായ ആകാശം) ഞാൻ ശബ്ദമാണ്. നരന്മാരിൽ ഞാൻ പൌരുഷമാണ്. ശബ്ദബ്രഹ്മത്തെ ഈ ശ്ലോകം രണ്ടുവിധം പരാമർശിക്കുന്നു. വേദങ്ങളിൽ പ്രണവം, ഖത്തിൽ

ശബ്ദം. വേദത്തിന്റെ കണ്ണായ ജ്യോതിഷത്തിന്റെ നാഥന്മാരായ ചന്ദ്രസൂര്യന്മാരെയും ബ്രഹ്മാനുഭൂതിരസത്തേയും പരാമർശിച്ച ശേഷമാണ് ശബ്ദബ്രഹ്മത്തെ പറയുന്നത്. അനുഭൂതിയും ദർശനവും സാധിച്ച മനുഷ്യനിലെ പൌരുഷമാണ് ഞാനെന്ന് ബ്രഹ്മജ്ഞാനിയേയും പറയുന്നു. ജ്ഞാനം, ജ്ഞേയം, ജ്ഞാതാവ് എന്ന് മൂന്നിനേയും ദർശകനായ ഋഷിഭാവത്തിൽ ഭഗവാൻ അർജ്ജുനന് ഒന്നായി കാണിച്ചു കൊടുത്തു. മഹത്തിനെക്കുറിച്ച് പറഞ്ഞ ശേഷമാണ് ശബ്ദബ്രഹ്മത്തെക്കുറിച്ച് ഈ ശ്ലോകം. ഇത് നമ്മെ ജ്യോതിഷ, താന്ത്രികപദ്ധതികളിലേക്കും നയിക്കുന്നു.

സർവ്വഭൂതങ്ങളുടേയും ചൈതന്യമാണ് ശബ്ദബ്രഹ്മം. ശാരദാതിലകത്തിൽ രാഘവഭട്ടൻ പറയുന്നുഃ- സാരസ്വതം മഹഃസുകൃതിന ശബ്ദബ്രഹ്മേത്യൂചിരേ അത്ര ശബ്ദബ്രഹ്മശബ്ദേന വേദാ ഉച്യതേ. തേന വേദാത്മകമിത്യർത്ഥഃ സരസ്വതിഉപാസനയിൽ അനേന വാക്യരൂപാ വൈഖരീ ഉക്താ എന്ന പ്രമാണമനുസരിച്ച് വാക്യപദീയകാരനായ വരരുചിയുടെ വാക്യം പദ്ധതി വൈഖരിയുടെ ഉപാസനയാണ്. രാഘവഭട്ടൻ പറയുന്നുഃ- ശൂന്യം ജ്ഞേയം ഇതിവാരരുചഃസങ്കേത. ശൂന്യതയിൽനിന്ന് നാദവും നാദത്തിൽനിന്ന് ബിന്ദുവും ഉത്ഭവിക്കുന്നു. ശിവാത്മകമായ ചൈതന്യബിന്ദുവാണ് ശൂന്യം. നാദബിന്ദു ശക്ത്യാത്മകവും. ഇവയുടെ സമവായസംബന്ധികളാൽ സർഗ്ഗം ആരംഭിക്കുന്നു. ജഗത്ത് ഏതിൽനിന്ന് പ്രഭവിച്ചുവോ, ആ ബ്രഹ്മം ദിക്കോ ദേശമോ കാലമോ ഗതിയോ ഗുണമോ ഗതിയോ ഇല്ലാത്ത അഖണ്ഡസദ്വസ്തു വാകയാലാണ് ശൂന്യമെന്ന് വിളിക്കുന്നത്. അദ്വയമായ ഈ ബ്രഹ്മസത്തയുടെ സിംബലായിട്ടാണ് പൂജ്യത്തെ ഭാരതീയഗണിതശാസ്ത്രത്തിൻ പ്രജ്ഞയിൽ പൂജനീയമായ സ്ഥാനം കൊടുത്ത് ഇരുത്തിയത്.

സ്പന്ദം,സ്ഫുരണം, സ്ഫുലനം(ചാംക്രികചലനരൂപമായ വികാസം സ്ഫുലനം)-ഇവകളാൽ ആ ചിദ്ബിന്ദു സർഗ്ഗം നടത്തുന്നു. തന്നിൽനിന്ന് പൂർണ്ണം എടുത്ത് ജഗത്തു സൃഷ്ടിച്ചിട്ടും പൂർണ്ണമായിത്തന്നെ അവശേഷിക്കുന്നു. ഉപനിഷത്തുകളുടെ ഈ പൂർണ്ണത്തെ സിദ്ധാന്തശിരോമണിയിൽ ഭാസ്കരാചാര്യർ ഇങ്ങനെ വിവരിക്കുന്നുഃ-

അസ്മിൻ വികാരഃഖഹരേ ന രാശാ-

വപി പ്രവിഷ്ടേഷ്വപി നിഃസൃതേഷു

ക്ഷഹുഷ്വപിസ്സ്യാല്ലയസൃഷ്ടികാലേ

അനന്തേ അച്യുതേ ഭൂതഗണേഷു യാവൽ

ലയസൃഷ്ടികാലങ്ങളിൽ അനന്തമായ അച്യുതനിൽ ഭൂതഗണങ്ങൾ പ്രവേശിക്കയും പുറത്തുവരികയും ചെയ്യുമ്പോളും നിർവ്വികാരമായിരിക്കുന്നതു പോലെ ഖഹരത്തോട് എത്ര രാശി ചേർത്താലും എത്ര രാശി പോയാലും അതിന് ഒരു മാറ്റവും സംഭവിക്കുന്നില്ല. ശൂന്യത്തിന്റെ വർഗ്ഗവും വർഗ്ഗമൂലവും ഘനവും ഘനമൂലവും എല്ലാം ശൂന്യം തന്നെ.എല്ലാ രാശിമണ്ഡലങ്ങളും എല്ലാ സംഖ്യകളും എല്ലാ ചരാചരങ്ങളും അതിൽത്തന്നെ ചേരുന്നു. ബ്രഹ്മല്ലാതെ മറ്റൊന്നില്ല. ലക്ഷണം കൊണ്ട് അനന്തവും അച്യുതവുമായ ഈ ബ്രഹ്മമാണ് പൂജ്യം.(0.) ഭാഷയും വിചാരവും ഉത്ഭവിച്ചത് ഈ മഹാമൌനത്തിലാകയാൽ ഭാഷയേയും ലിപിയേയും അവർ ബ്രാഹ്മി

എന്ന് വിളിച്ചു. ബ്രാഹ്മിലിപിയിൽ ശൂന്യത്തിന്റെ ആദ്യരൂപം ചതുരമായിരുന്നു, അതിനെ ബ എന്ന് ഉച്ചരിച്ചു.

ആധുനികശാസ്ത്രത്തിന്റെ തമോദ്വാരം, മിൻസ്കോവ്സ്കി സ്പേസ്, ക്രുഷ്കാൽ ഇവ പരിശോധിച്ചാൽ പൌരാണികഭാരതീയരുടെ സർഗ്ഗക്രമസങ്കൽപ്പം എത്രമാത്രം സാധുവാണെന്ന് വ്യക്തമാകും. നാമോരോരുത്തരും ഖഹരത്തിൽനിന്ന് പുറപ്പെടുകയും അതിൽത്തന്നെ സഞ്ചരിക്കയും അതിൽ വിലയം പ്രാപിക്കയും ചെയ്യുന്ന ഖേചരങ്ങളാണ്. ഖേചരി എന്നാൽ ആകാശസഞ്ചാരിണിയായ ശബ്ദം. ചൈതന്യപൂർണ്ണമായ ചിദാകാശത്തിൽ സഞ്ചരിക്കുന്ന ശബ്ദബ്രഹ്മം. യോഗശാസ്ത്രത്തിൽ ഖേചരീമുദ്ര എന്ന ഒന്നുണ്ട്. കാലത്താൽ വ്യവഛേദിക്കപ്പെടാത്ത നിത്യസത്യത്തിന്റെ വാചകമാണ് പ്രണവമെന്ന് പതഞ്ജലി പറയുന്നു. തസ്യഃവാചകഃപ്രണവഃ. പരാശക്തി തുരീയമാണ്. പശ്യന്തി സുഷുപ്തിയും മദ്ധ്യമ സ്വപ്നനിദ്രയും വൈഖരി ജാഗ്രത്തുമാണ്. ഇവയുടെ കേന്ദ്രമായ പ്രണവത്തെ ധ്യാനിക്കുന്നവർ അതിനെ മാത്രം ജപിക്കുന്നു. പ്രണവജപം എന്ന് പറഞ്ഞാൽ പ്രണവത്തിന്റെ അർത്ഥം ഭാവന ചെയ്യുന്നതാണ്. തത് ജപഃ തത് അർത്ഥഭാവനം . അർത്ഥഭാവനയോടെയുള്ള വിചാരം തപസ്സാണ്. തപസ്സുകൊണ്ട് ബ്രഹ്മരസത്താൽ തന്നിൽത്തന്നെ- സ്വാത്മാവിൽത്തന്നെ- അഭിനിവേശം ഉണ്ടായിത്തീരുന്നു. സ്വരസവാഹീവിദുഷോപി തഥാരൂഢോഭിനിവേശഃ ബ്രഹ്മരസവും ജ്യോതിസ്സുകളുടെ പ്രഭയും പ്രണവവും ശബ്ദവും പൌരുഷവും ഒന്നായിത്തീരുന്ന അദ്വൈതഭൂമികയുടെ ജ്യോതിഷ്മതി ഭഗവാൻ ഭക്തഹൃദയത്തിൽ പ്രകാശിപ്പിക്കുകയാണ്. അപ്പോൾ ഭക്തഹൃദയം ഖേചരീമുദ്ര കാട്ടി, അതിനെ ഉള്ളിൽ ധരിച്ച് അതായി തന്മയീഭവിക്കുന്നു.

പതഞ്ജലിപറയുന്നുഃക്ലേശകർമ്മവിപാകാശയൈരപരാമൃഷ്ടഃപുരുഷവിശേഷഃ ഈശ്വരഃ തത്ര നിരതിശയം സർവ്വജ്ഞബീജം. തസ്യ വാചകഃ പ്രണവഃ

ക്ലേശകർമ്മവിപാകാദികളാൽ സ്പർശിക്കപ്പെടാത്ത നിരതിശയവും സർവ്വജ്ഞബീജവുമായ പുരുഷവിശേഷമാണ് ഈശ്വരൻ. അതിന്റെ വാചകമാണ് പ്രണവം.

വിരാമപ്രത്യയാഭാസപൂർവ്വഃസംസ്കാരശേഷോന്യ ഭവപ്രത്യയോ വിദേഹപ്രകൃതിലയാനാം.

ഏതൊന്നിന്റെ പൂർവ്വാവസ്ഥ വിരാമപ്രത്യയാഭാസമാകുന്നോ, ഏതൊന്നിൽ സംസ്കാരം മാത്രമായി ശേഷിക്കുന്നുവോ, അത് (അസംപ്രജ്ഞാതസമാധി) ഭവപ്രത്യയം ഹേതുവായി ജന്മനാ വിദേഹന്മാരെയും പ്രകൃതിലയന്മാരെയും സൃഷ്ടിക്കുന്നു. പൂർവ്വസംസ്കാരത്താൽ സർവ്വജ്ഞപുരുഷൻ അസംപ്രജ്ഞാതസമാധിയിൽ താനാരെന്നും തന്റെ യഥാർത്ഥരൂപമെന്തെന്നും ജന്മനാ അറിയുന്നു. കൃഷ്ണാവതാരം യോഗശക്തിയെ ചൂണ്ടിക്കാട്ടുന്നതാണ്. ജന്മനാ സർവ്വജ്ഞനായിട്ടാണ് ഭാഗവതത്തിലെ കൃഷ്ണൻ പ്രത്യക്ഷപ്പെടുന്നത്. മറ്റുള്ളവർ(ഉദാ അർജ്ജുനാദികൾ) അസംപ്രജ്ഞാതസമാധി പ്രാപിക്കുന്നത് ശ്രദ്ധയോടും വീര്യത്തോടും സ്മൃതി,സമാധി,പ്രജ്ഞ എന്നിവ ശീലിച്ചും ഗുരൂപദേശം ശ്രവിച്ചുമാണ്.

സർവ്വജ്ഞപുരുഷൻഇപ്പോഴുള്ളവരുടെ മാത്രമല്ല, മുമ്പുണ്ടായിരുന്നവരുടേയും ഗുരുവാണ്. (സ ഏഷ പൂർവ്വേഷാം അപി ഗുരുഃ കാലേനാനവ

ഛേദാത്) അവൻ കാലത്താൽ (സ്മൃതിഭ്രംശം കൊണ്ട്) വിഛേദിക്കപ്പെട്ടവനല്ല. കൃഷ്ണൻ താനാണ് വിവസ്വാന്റെയും ഗുരു എന്ന് അവകാശപ്പെട്ടത് അതുകൊണ്ടാണ്. സാധാരണക്കാർക്കാണ് സ്വസ്വരൂപം ഓർമ്മയില്ലാത്തത്. അവർ കാലത്താൽ തുണ്ടുതുണ്ടായി മുറിക്കപ്പെട്ടതും ഒന്നും ഓർമ്മയില്ലാത്തവയുമായ നിരവധി ജന്മങ്ങളുടെ സ്മൃതിഭ്രംശം പേറുന്നവരാണ്. സർവ്വജ്ഞപുരുഷന് സ്മൃതിഭ്രംശമില്ല, എല്ലാത്തിന്റെ പ്രത്യഭിജ്ഞയുമുണ്ട്. തന്റെ സൂത്രാത്മാവിൽ മണിഗണങ്ങളെപ്പോലെ എല്ലാം കോർത്തുധരിച്ച പ്രാജ്ഞനാണ് താനെന്ന അവബോധവുമുണ്ട്.

ശ്ലോകം 9

പുണ്യോ ഗന്ധഃപൃഥിവ്യാം ച തേജശ്ചാസ്മി വിഭാവസൌ

ജീവനം സർവ്വഭൂതേഷു തപശ്ചാസ്മി തപസ്വിഷു

ഭൂമിയിലെ പുണ്യഗന്ധവും അഗ്നിയിലെ തേജസ്സും ഞാനാണ്. സർവ്വഭൂതജാലങ്ങളുടേയും ജീവനം ഞാൻ. തപസ്വികളിലെ തപസ്സും ഞാനാണ്.

ശ്ലോകം 10

ബീജം മാം സർവ്വഭൂതാനാം വിദ്ധി പാർത്ഥ സനാതനം

ബുദ്ധിർബുദ്ധിമതാമസ്മി തേജസ്തേജസ്വിനാമഹം

സർവ്വഭൂതങ്ങളുടേയും സനാതനമായ ബീജം ഞാനെന്നറിയുക. ബുദ്ധിമാന്മാരുടെ ബുദ്ധിയും തേജസ്വിയുടെ തേജസ്സും ഞാനാണ്.

ശ്ലോകം 11

ബലം ബലവതാം ചാഹം കാമരാഗവിവർജ്ജിതം

ധർമ്മാവിരുദ്ധോ ഭൂതേഷു കാമോസ്മി ഭരതർഷഭഃ

ബലവാന്മാരുടെ കാമരാഗവിവർജ്ജിതമായ ബലം ഞാനാണ്. ഭൂതജാലങ്ങളിൽ ധർമ്മവിരുദ്ധമല്ലാത്ത കാമവും ഞാൻതന്നെയാണ്.

ശ്ലോകം 12

യേ ചൈവ സാത്വികാ ഭാവാ രാജസാസ്താമസാശ്ച യേ

മത്ത ഏവേതി താൻ വിദ്ധി ന തഹംതേഷു തേ മയി

സാത്വികമായ ഭാവങ്ങൾ ഏതൊക്കെയോ രാജസതാമസഭാവങ്ങൾ ഏതൊക്കെയോ അവയെല്ലാം എന്നിൽനിന്നുതന്നെ എന്നറിയുക. എന്നാൽ, ഞാൻ അവയിലില്ല. അവ എന്നിലാണ് വർത്തിക്കുന്നത്.

ശ്ലോകം 13

ത്രിഭിർഗുണമയൈർഭാവൈരേഭിഃ സർവ്വമിദം ജഗത്

മോഹിതം നാഭിജാനാതി മാമേഭ്യഃപരമവ്യയം

ത്രിഗുണങ്ങളായ ഈ ഭാവങ്ങളാൽ മോഹിതമായിരിക്കുന്ന സർവ്വജഗത്തും അവയിൽനിന്ന് പരനായി, അവ്യയനായിരിക്കുന്ന എന്നെ അറിഞ്ഞിട്ടില്ല.

ശ്ലോകം 14

ദൈവീഹ്യേഷാ ഗുണമയീ മമ മായാ ദുരത്യയാ

മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ

ദൈവിയും ഗുണമയിയുമായിരിക്കുന്ന എന്റെ മായയെ കീഴടക്കാനാവില്ല. ആർ എന്നെത്തന്നെ പ്രാപിക്കുന്നുവോ, അവർ മാത്രം മായയെ തരണം ചെയ്യുന്നു. ആദിത്യവർണ്ണയായ പരാശക്തി വിഷ്ണുമായയാകയാൽ സ്ത്രീയോ പുരുഷനോ അല്ല. ലിംഗഭേദമില്ലാത്ത അവസ്ഥയാണ്. ഭേദഭാവനയില്ലാത്ത ഈ അവസ്ഥയെ പ്രാപിക്കുന്നവർക്കു മായാജന്യമായ സർവ്വഭേദഭാവനകളുമുള്ള സംസാരസാഗരം തരണം ചെയ്യാനാവൂ. ബ്രഹ്മസ്പർശം സാധിക്കുന്നതിനുള്ള അവസാനത്തേയും ഏറ്റവും ബുദ്ധിമുട്ടുള്ളതുമായ കടമ്പയാണ് മായ എന്ന് ദുരത്യയ എന്ന പദം സൂചിപ്പിക്കുന്നു. അതോടൊപ്പം എന്നെ പ്രാപിക്കുന്നവർക്ക് (ഭക്തിയുള്ളവർ)അത് എളുപ്പം തരണം ചെയ്യാമെന്നും പറയുന്നു. ഒട്ടേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള പദമാണ് മായ. മായാവാദമെന്നാൽ എന്തെന്ന് അറിയാത്തതുകൊണ്ടുള്ള തെറ്റിദ്ധാരണകളാണ് ഏറെയും.

മായ എന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും ആദ്യം നിർണ്ണയിക്കുക. ശങ്കരൻ പറയുന്നു: മായ അനിർവ്വചനീയമാണ്, അത് സത്തല്ല,അസത്തുമല്ല, ബ്രഹ്മാശ്രിതമെങ്കിലും ബ്രഹ്മമല്ല. സത്യത്തെ പരാവിദ്യ(കേവലം) എന്നും അപരാവിദ്യ (ആപേക്ഷികം) എന്നും രണ്ടായി വിഭജിക്കാം. ഒരു വ്യക്തിയുടെ അറിവും അനുഭവവും അനുസരിച്ച് അയാളുടെ ആനുഭവികചേതനയുടെ വീക്ഷണകോണിലൂടെ കാണപ്പെടുന്നതാകയാൽ, ആപേക്ഷികസത്യമാണ് അപരാവിദ്യ. അത് സാപേക്ഷമാണ്. എങ്കിലും സാപേക്ഷമായ അപരാവിദ്യക്ക് ഒരാളെ ക്രമേണ പരാവിദ്യയിലേക്ക് നയിക്കാനാവും. ഇന്ദ്രിയാതീതവും നിരപേക്ഷവുമായ കേവലവാദം ഒരു വ്യക്തിയുടെ മനസ്സിലൂടെ കടന്നുപോവുമ്പോൾ ആനുഭവികമായ ഒരു ആസ്തികമതമായിത്തീരുന്നു. ഇത് യഥാർത്ഥജ്ഞാനോദയം വരെ ആവശ്യമാണ്. യഥാർത്ഥജ്ഞാനമുദിക്കുമ്പോൾ നമുക്കതിന്റെ അയഥാർത്ഥത ബോദ്ധ്യപ്പെടുകയും ചെയ്യും.

ശാങ്കരദർശനത്തിൽ സത്തയുടെ മൂന്നു പ്രകാരങ്ങളുണ്ട്. പാരമാർത്ഥികസത്ത, വ്യാവഹാരികസത്ത, പ്രാതിഭാസികസത്ത. ഇവ ക്രമത്തിൽ മായാതീതമായ ബ്രഹ്മം, ദേശകാലാടിസ്ഥാനത്തിലുള്ള കാര്യകാരണസംബന്ധമായ ജഗത്ത്, ചിപ്പിയിൽ വെള്ളിയെന്നപോലെ ഭ്രമാത്മകമായ കൽപ്പിതവിഷയങ്ങൾ എന്നിവയെ കുറിക്കുന്നു. ഇന്ദ്രിയഗ്രാഹ്യമായ വിഷയം ബുദ്ധിഗ്രാഹ്യമായതിനെ അപേക്ഷിച്ച് താഴെയാണെന്നും ഇന്ദ്രിയഗ്രാഹ്യത്തെ കൂടുതൽ മനസ്സിലാക്കാൻ ബുദ്ധിഗ്രാഹ്യമായ വിഷയം നമ്മെ സഹായിക്കുമെന്നും ശങ്കരനഭിപ്രായമുണ്ട്. ബുദ്ധിഗമ്യമായത് യഥാർത്ഥസത്തയിൽനിന്ന് താഴെയാണ്. അതിന് യഥാർത്ഥസത്തയോട് ഇന്ദ്രിയഗ്രാഹ്യമായതിനേക്കാൾ അടുപ്പമുണ്ട്. സോപാനരൂപത്തിൽ അതിനെ വരക്കാം. വളരുന്ന മനുഷ്യാത്മാവിന്റെ ആവിഷ്കാരമാണ് ദർശനം എങ്കിൽ, ഏറ്റവും മുകളിലെ പടിയിൽ ആരൂഢനായ ദാർശനികന് താഴെയുള്ള പടികൾ അയഥാർത്ഥമായി അനുഭവപ്പെടുന്നു. വളർച്ചയെത്താത്തവർക്ക് താഴത്തെ പടിയാണ് സത്യം. ഒരു

താഴ്ന്ന സത്യത്തിൽനിന്ന് ഉയർന്ന സത്യത്തിലേക്കുള്ള വളർച്ചയാണ് മനുഷ്യന്റെ വളർച്ച എന്ന് വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്.

താഴത്തെ പടിയിലുള്ള ആൾ മുകളിലെ പടിയിലെത്തിയവന്റെ അവസ്ഥയെക്കുറിച്ച് അജ്ഞനാണ്. മുകളിലത്തെ ആൾക്ക് താഴെ നിൽക്കുന്നവന്റെ സ്ഥിതി കൂടി അറിയാം. അത്തരം ജ്ഞാനിയുടെ നിലയിലിരുന്നുകൊണ്ടാണ് ജഗത്ത് മായയാണെന്ന് അദ്വൈതി പ്രഖ്യാപിക്കുന്നത്. മായയെക്കുറിച്ച് തന്ത്രസന്ദോഹത്തിൽ പറയുന്നത് ജീവനിലുള്ള ഭേദബുദ്ധി എന്നാണ്. ഈശ്വരപ്രത്യഭിജ്ഞയിൽ, ഭേദധീർ ഏവ ഭാവേഷു കർത്യർ ബോധാത്മനോപി യാ മായാശക്ത്യവസാവിദ്യേത്യേന്യേ വിദ്യേശ്വരാ യഥാ എന്നും, തസ്യൈശ്വര്യ സ്വഭാവസ്യ പശുഭാവേ പ്രകാശികാ വിദ്യാശക്തീസ്തിരോധാനകരീ മായാഭിധാനഃ എന്നും പറയുന്നു. സംസാരാർണ്ണവം തരണം ചെയ്യാനുള്ള താരകനും മധുമതിയും അനുഗ്രഹദാതാവുമായ ശിവം സാധകന്നു മുമ്പിൽ പ്രത്യക്ഷീഭവിക്കുന്നത് വിദ്യ. ശിവം തിരോധാനം ചെയ്യുമ്പോൾ സാധകനെ വീണ്ടും സംസാരത്തിൽ ബന്ധിച്ചുനിർത്തുന്നത് പ്രപഞ്ചം മായ (ഭേദബുദ്ധി). കേവലജ്ഞാനം പ്രത്യക്ഷീഭവിക്കുന്നത് വിദ്യ. മായുന്നത് മായ. ഈ മായ ദൈവിയാണ് ആസുരിയല്ല എന്ന് ശ്ലോകം എടുത്തുപറയുന്നു.ദൈവി,ആസുരി സമ്പത്തികളെ 16ആം അദ്ധ്യായം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ശ്ലോകം 15

ന മാം ദുഷ്കൃതിനോ മൂഢാഃ പ്രപദ്യന്തേ നരാധമാഃ

മായയാപഹൃതജ്ഞാനാ ആസുരം ഭാവമാശ്രിതഃ

മായയാൽ അപഹരിക്കപ്പെട്ട ജ്ഞാനത്തോടുകൂടി മൂഢന്മാരും ആസുരീഭാവത്തെ ആശ്രയിച്ചവരുമായിരിക്കുന്ന ദുഷ്കൃതികളായ നരാധമന്മാർ എന്നെ പ്രാപിക്കുന്നില്ല. ഈശ്വരനെ പ്രാപിച്ചാൽ മായ ദൈവിയായി. പ്രാപിക്കാനാവാത്തവർക്ക് മായ ആസുരിയാണ്. ഒരേ മായ തന്നെ രണ്ടുരൂപത്തിൽ രണ്ടുവിധത്തിൽ പ്രകടമാവുന്നു. ദൈവ് മനുഷ്യനെ ഈശ്വരനാക്കുന്നു. ആസുരി പിശാചും. ആസുരിശക്തിക്ക് അടിമപ്പെട്ടവർ എത്തരക്കാരായിരിക്കുമെന്ന് 16ആം അദ്ധ്യായം പറയുന്നു.

ശ്ലോകം 16

ചതുർവ്വിധാ ഭജന്തേ മാം ജനാഃസുകൃതിനോർജ്ജുന

ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥി ജ്ഞാനീ ച ഭരതർഷഭ

ഹേ, ഭാരതശ്രേഷ്ഠാ, നാലുതരക്കാർ എന്നെ ഭജിക്കുന്നു. ആർത്തൻ,ജിജ്ഞാസു, അർത്ഥാർത്ഥി,ജ്ഞാനി ഇവരാണ് ആ സുകൃതികൾ. ദുഃഖവും അതൃപ്തിയും ഹേതുവായി ഈശ്വരനിലേക്ക് തിരിയുന്നവരാണ് ആർത്തന്മാർ. ആഗ്രഹസാദ്ധ്യത്തിനായി ഈശ്വരനെ കൂട്ടുപിടിക്കുന്നവരാണ് അർത്ഥാർത്ഥികൾ. സത്യം എന്തെന്ന് അറിയാൻ ജിജ്ഞാസയുള്ളവനാണ് ജിജ്ഞാസു. ഒന്നും നേടാനോ അറിയാനോ അല്ലാതെ പരമപ്രേമം കൊണ്ട് സ്വാഭാവികജ്ഞാനം നേടിയവനാണ് ജ്ഞാനി. ഇവരുടെ എണ്ണം വളരെകുറവാണ്. ഈ നാലുപേരിൽ വെച്ച് ശ്രേഷ്ഠൻ ജ്ഞാനിയാണെന്ന് അടുത്ത ശ്ലോകം.

ശ്ലോകം 17

തേഷാം ജ്ഞാനീ നിത്യയുക്ത ഏകഭക്തിർ വിശിഷ്യതേ

പ്രിയോ ഹി ജ്ഞാനിനോത്യർത്ഥമഹം സ ച മമ പ്രിയഃ

അവരിൽവെച്ച് നിത്യയോഗസ്ഥനായി ഏകഭക്തിയോടുകൂടി ഇരിക്കുന്ന ജ്ഞാനി യാണ് വിശിഷ്ഠൻ. ഞാൻ ജ്ഞാനിക്ക് ഏറ്റവും പ്രിയങ്കരനാണ്. ജ്ഞാനി എനി ക്കും പ്രിയങ്കരനാണ്. നാരദൻ, ശങ്കരാചാര്യർ, ജ്ഞാനേശ്വരൻ, ധ്രുവൻ, പ്രഹ്ലാദൻ മുതലായ നിത്യയോഗസ്ഥരായ സ്വാഭാവികജ്ഞാനികൾ വിശിഷ്ടരാണ്, ഭഗവദ് സമാനരാണ്.ഭാഗവതത്തിൽ പറഞ്ഞ, അന്യോന്യസംഗാനുരാഗാദികൾ പരസ്പരം വെച്ചിരിക്കുന്ന അവസ്ഥയാണ് ജ്ഞാനിക്കും ഭഗവാനും . സ്വാഭാവികഭക്തനും ജ്ഞാനിയും തമ്മിൽ ഭേദമില്ല എന്ന് മനസ്സിലാക്കണം.

ശ്ലോകം 18

ഉദാരാഃസർവ്വ ഏവൈതേ ജ്ഞാനീ ത്വാത്മൈവ മേ മതം

ആസ്ഥിതഃസ ഹി യുക്താത്മാ മാമേവാനുത്തമാം ഗതിം

മുമ്പു പറഞ്ഞ നാലുപേരും ഉദാരന്മാർ തന്നെ. എന്നാൽ എന്റെ മതം ജ്ഞാനി ഞാൻതന്നെ എന്നാണ്. അവൻ എന്നിൽ യുക്തമായിരിക്കുന്ന ആത്മാവോടെ, എന്റെ ഗതിയോടുതന്നെ ചേർന്നുനിൽക്കുന്നു. തന്മയീഭാവം കൊണ്ട്, ഒരിക്കലും ജ്ഞാനിയായ ഭക്തനും ഭഗവാനും തമ്മിൽ പിരിയലില്ല. ഒരിക്കലും ഭക്തഹൃദയം ഭഗവാനിൽനിന്ന് വിട്ടുനിൽക്കുന്നില്ല. ബ്രഹ്മാത്മൈക്യം കൊണ്ട് ജ്ഞാനി ബ്രഹ്മം തന്നെയായിത്തീർന്നിരിക്കുന്നു. അഹം ബ്രഹ്മഃഅസ്മി എന്ന സ്ഥിരബോധത്തിൽ അയാളുടെ ചിത്തം ഉറച്ചിരിക്കുന്നു. ഇത് പൂർവ്വജന്മകൃതമായ സുകൃതം കൊണ്ടാ ണ്.

ശ്ലോകം 19

ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ

വാസുദേവഃസർവ്വമിതി സ മഹാത്മാ സുദുർല്ലഭഃ

എത്രയോ ജന്മങ്ങൾക്കു ശേഷമാണ് ഒരാൾ വാസുദേവനാണ് സർവ്വവുമെന്ന് എന്നെ അറിയുന്നത്. അത്തരം ജ്ഞാനികളായ മഹാത്മാക്കളെ കണ്ടെത്തുക എളുപ്പമല്ല. അവർ സുദുർല്ലഭരാണ്.

ശ്ലോകം 20

കാമൈസ്തൈസ്തൈർഹുതജ്ഞാനാഃ പ്രപദ്യന്തേന്യദേവതാഃ

തം തം നിയമമാസ്ഥായ പ്രകൃത്യാ നിയതാഃസ്വയാ

പലതരത്തിലുള്ള കാമങ്ങളാൽ ജ്ഞാനം നഷ്ടപ്പെട്ടവർ അവനവന്റെ പ്രകൃതിയാൽ നിയന്ത്രിതരായി സ്വന്തം നിയമങ്ങളനുസരിച്ച് അന്യദേവതകളെ ആശ്രയിക്കുന്നു. ക്ഷുദ്രദേവതകളെ ആരാധിക്കുന്ന താന്ത്രികമാതൃകകളെയാവാം ഇവിടെ പരാമ ർശിക്കുന്നത്.കുട്ടിച്ചാത്തൻ,കാളി,വേതാളം മുതലായ ദുർദ്ദേവതകൾമനുഷ്യനെ ആ ത്മജ്ഞാനം നശിച്ചവനാക്കി, ബലി മുതലായ ദുരാചാരങ്ങൾക്ക് വശംവദരാക്കുന്നു. സർവ്വവും വാസുദേവനാണെന്ന് ഗ്രഹിച്ചവർ ഒന്നിനേയും വെട്ടി ബലി അർപ്പിക്ക യില്ല. ഘോരമായ ബലികളെക്കൊണ്ട് ദുർദ്ദേവതകളെ പ്രീതിപ്പെടുത്താൻ ശ്രമിക്കു ന്നവർ സ്വന്തം ഹിംസാവാസന പ്രകടിപ്പിക്കുന്നു എന്നല്ലാതെ ഒരിക്കലും ഈശ്വര നിലെത്തുന്നില്ല, അവർ ഈശ്വരപ്രേരിതമായി കർമ്മം ചെയ്യുന്നവരുമല്ല.

ശ്ലോകം 21

യോയോ യാം യാം തനും ഭക്തഃ ശ്രദ്ധയാർച്ചിതുമിഛതി

തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം

ഏതേതു ഭക്തൻ ഏതേതു തനുവിനെ(രൂപത്തെ) ശ്രദ്ധാപൂർവ്വം അർച്ചിക്കാൻ ഇ ഛിക്കുന്നുവോ , അവന്റെ ആ ശ്രദ്ധയെ ഞാൻ അചലമാക്കിത്തീർക്കുന്നു. ഏതെ ങ്കിലും പ്രത്യേകമൂർത്തിയെ ഉപാസിക്കാനുള്ള ആഗ്രഹം സഫലമാക്കിക്കൊടുത്ത് ആ രൂപത്തിലുള്ള ശ്രദ്ധയെ അചലമാക്കുന്നതും ഞാനാണ്.

ശ്ലോകം 22

സ തയാ ശ്രദ്ധയാ യുക്തസ്തസ്യാരാധനമീഹതേ

ലഭതേ ച തതഃ കാമാൻ മയൈവ വിഹിതാൻ ഹിതാൻ.

അവൻ ശ്രദ്ധായുക്തനായി ആ രൂപത്തെ ആരാധിക്കുന്നു. അതിൽനിന്ന് ലഭിക്കുന്ന കാമലാഭവും ഞാനാണ് കൊടുക്കുന്നത്. രൂപാരാധന ചെയ്യുന്നവർക്ക് സിദ്ധികൾല ഭിക്കുന്നുണ്ട്.അതും ഞാനാണ് കൊടുക്കുന്നത്. അവന്റെ ഏകാഗ്രതയും അതിൽനി ന്ന് കിട്ടിയ സിദ്ധികളും എന്നാൽ നൽകപ്പെട്ടവയാണെന്ന് അവർ മനസ്സിലാക്കുന്നില്ല എന്നുമാത്രം.

ശ്ലോകം 23

അന്തവത്തു ഫലം തേഷാം തദ്ഭവത്യൽപ്പമേധസാം

ദേവാൻ ദേവയജോ യാന്തി മദ്ഭക്താ യാന്തി മാമപി

അൽപ്പബുദ്ധികളായ ആളുകൾക്ക് അപ്രകാരം ലഭിക്കുന്ന ഫലം അവസാനമുള്ളതാ ണ്. ദേവയജ്ഞം ചെയ്യുന്നവർ ദേവന്മാരെ പ്രാപിക്കുന്നു. എന്റെ ഭക്തന്മാർ എന്നെ പ്രാപിക്കുന്നു.

ശ്ലോകം 24

അവ്യക്തം വ്യക്തിമാപന്നെ മന്യന്തേ മാമബുദ്ധയഃ

പരം ഭാവമജാനന്തോ മമാവ്യയമനുത്തമം

എന്റെ അവ്യയവും സർവ്വോത്തമവുമായ പരമഭാവം അറിയാത്ത ബുദ്ധിയില്ലാ ത്തവർ അവ്യക്തമായ എന്നെ വ്യക്തമായി തെറ്റിദ്ധരിക്കുന്നു. ബ്രഹ്മം അരൂപിയാ ണ്. അവ്യക്തമാണ്. ഇന്ദ്രിയങ്ങൾക്ക് വ്യക്തമായി കാണാവുന്ന രൂപം അതിനില്ല. എന്നിട്ടും ബുദ്ധിശൂന്യരായ ആുകൾ ആ അവ്യയമായ പരംഭാവത്തെ വെറും സഗുണേശ്വരഭാവമാക്കി, ചുരുക്കിക്കളയുന്നു. എങ്ങും ഇരിക്കുന്ന സർവ്വവ്യാപി യെ ഒരിടത്തു മാത്രം ഇരിക്കുന്നതായി തെറ്റിദ്ധരിക്കുന്നു.

ശ്ലോകം 25

നാഹം പ്രകാശഃസർവ്വസ്യ യോഗമായാസമാവൃതഃ

മൂഢോയം നാഭിജാനാതി ലോകോ മാമജമവ്യയം

യോഗമായാശക്തിയാൽ ആവൃതമായിരിക്കുന്ന എന്നെ എല്ലാവർക്കും പ്രകാശിപ്പി ക്കാനാവില്ല. അതിനാൽ മൂഢന്മാർ നിറഞ്ഞ ലോകം അജവും അവ്യയവുമായ എന്നെ അറിയുന്നില്ല. ബ്രഹ്മം മായയാലാവൃതമാണ്. അത് ദുർല്ലഭം ജ്ഞാനികൾക്ക് മാത്രം സ്വയം അനാവൃതമായി പ്രകാശിക്കുന്നു. മറ്റുള്ളവർ ഇരുട്ടിൽ തപ്പുന്ന അന്ധന്മാരാണ്. അവർക്ക് ബ്രഹ്മത്തെ അനുഭവിക്കാനോ അറിയാനോ കഴിയുന്നില്ല. ഭൂരിപക്ഷക്കാരായ മൂഢന്മാർ ന്യൂനപക്ഷക്കാരായ ജ്ഞാനികളുടെ വാക്ക് വിശ്വ സിക്കുന്നുമില്ല.

ശ്ലോകം 26

വേദാഹം സമതീതാനി വർത്തമാനാനി ചാർജ്ജുന

ഭവിഷ്യാണി ച ഭൂതാനി മാം തു വേദ ന കശ്ചന

അതീതകാലത്ത് നടന്നവയും വർത്തമാനത്തിൽ നടക്കുന്നവയും ഭാവിയിൽ നടക്കാൻ പോകുന്നവയും ആയ സർവ്വത്തേയും ഞാനറിയുന്നു. എന്നെ ആരും അറിയുന്നുമില്ല. ഞാൻ സർവ്വജ്ഞനാകയാൽ,ത്രികാലത്തിലുമുള്ള സർവ്വചരാചരത്തേയും എനിക്കറിയാം. അവക്ക് എന്നെ അറിയാനാവുന്നില്ല.

ശ്ലോകം 27

ഇഛാദ്വേഷസമുത്ഥേന ദ്വന്ദ്വമോഹേന ഭാരത

സർവ്വഭൂതാനി സമ്മോഹം സർഗ്ഗേയാന്തി പരന്തപ

ഹേ,പരന്തപനായ ഭാരതാ, സർഗ്ഗവേളയിൽത്തന്നെ ഇഛ,ദ്വേഷം എന്നിവയിൽനിന്നുയരുന്ന ദ്വന്ദ്വങ്ങളുടെ മോഹവലയത്തിൽസർവ്വഭൂതങ്ങളും കുടുങ്ങുന്നു.മനുഷ്യൻ ജന്മനാ മോഹവലയത്തിൽ ബന്ധനസ്ഥനാണ്. മായയുടെ കുരുക്കിലാണ്. സർഗ്ഗേ എന്നതുകൊണ്ട് ഒരു വ്യക്തിയുടെ ജനനമല്ല, പ്രപഞ്ചസൃഷ്ടിയും പറയുന്നു. പ്രപഞ്ചം ഉണ്ടായമുതൽ മായാപ്രപഞ്ചമാണ്. രാഗദ്വേഷാദിദ്വന്ദ്വങ്ങൾ മനുഷ്യന്റെ ശത്രുക്കളാണ്. അവയെ ജയിക്കാൻ പ്രകാശമാനമായ ബ്രഹ്മത്തിൽ രതി വേണം. അർജ്ജുനൻ ഭാസമാനമായ ചൈതന്യത്തിൽ രതിയുള്ള ഭാരതനാണ്. ശത്രുതപനനുമാണ്. അതിനാൽ ജന്മനാ തന്നെ മൂടിയ മായയുടെ ഇരുട്ടിനെ അകറ്റാനും പ്രകാശം ദർശിക്കാനും കഴിവുണ്ട്. മോഹത്തിൽനിന്ന് രക്ഷപ്പെടാനുള്ള ത്രാണിയുണ്ട്.

ശ്ലോകം 28

യേഷാം ത്വന്തഗതം പാപം ജനാനാം പുണ്യകർമ്മണാം

തേ ദ്വന്ദ്വമോഹനിർമുക്താ ഭജന്തേ മാം ദൃഢവ്രതഃ

പുണ്യകർമ്മഫലമായി, ഏതു ജനത്തിന്റെ പാപം പോകുന്നുവോ, അവർ ദ്വന്ദ്വമോഹങ്ങളിൽനിന്ന് മുക്തരായി, ദൃഢവ്രതരായി എന്നെ ഭജിക്കുന്നു

ശ്ലോകം 29

ജരാമരണമോക്ഷായ മാമാശ്രിത്യ യതന്തി യേ

തേ ബ്രഹ്മ തദ്വിദുഃകൃത്സ്നമദ്ധ്യാത്മം കർമ്മ ചാഖിലം

ആര് ജരാമരണമോക്ഷത്തിനായി,എന്നെ ആശ്രയിച്ച് പ്രയത്നിക്കുന്നുവോ , അവർ ബ്രഹ്മത്തേയും അദ്ധ്യാത്മരഹസ്യത്തേയും അഖിലകർമ്മങ്ങളേയും അറിയുന്നു. ജരാമരണമോക്ഷം ഇവിടെ അമൃതത്വമാണ്. അമൃതത്വമിഛിച്ച് എന്നെ ആശ്രയിച്ച് പ്രയത്നിക്കുന്നവർക്ക് അമൃതത്വം ലഭിക്കുന്നു.

മഹത്വമേ, മൃത്യുവിൽ നിന്നെനിക്കെന്നനശ്വരത്വത്തെയെടുത്തു കാട്ടും

എന്നു പാടിയ കവി ബ്രഹ്മത്തെ ആശ്രയിച്ച ജ്ഞാനിയാണ്. അത്തരം ജ്ഞാനിക്ക് പ്രപഞ്ചരഹസ്യം സ്വയം പ്രകാശിച്ച് ദർശനവിധേയമാകുന്നു. അനേകജീവജാലങ്ങളുടെ കർമ്മരഹസ്.ം വെളിപ്പെടുന്നു. ബ്രഹ്മാനുഭൂതി ലഭിക്കുന്നു.

ശ്ലോകം 30

സാധിഭൂതാധിദൈവം മാം സാധിയജ്ഞം ച യേ വിദുഃ

പ്രയാണകാലേപി ച മാം തേ വിദുർയുക്തചേതസഃ

എന്നെ അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിവയോടുകൂടി ആരറിയുന്നുവോ, അവർ പ്രയാണകാലത്തിലും യുക്തചേതസ്സായി എന്നെത്തന്നെ പ്രാപിക്കുന്നു. സർവ്വഭൂതങ്ങളും സർവ്വജീവജാലങ്ങളും ബ്രഹ്മമാണ്. സർവ്വസഗുണേശ്വരന്മാരും ബ്രഹ്മമാണ്. സർവ്വ യജ്ഞവും ബ്രഹ്മമാണ്. ബ്രഹ്മം മാത്രമേ ഉള്ളു. ഇതറിഞ്ഞവർ മരണത്തിലും ബ്രഹ്മത്തെ പ്രാപിക്കുന്നു. അവന്ന് ശോകമില്ലാത്ത ജ്യോതിഷ്മതി ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

അദ്ധ്യായം 8 അക്ഷരബ്രഹ്മയോഗം

നടരാജഗുരു താരകബ്രഹ്മയോഗം എന്നും ഭക്തിവേദാന്തസ്വാമി പ്രഭുപാദർ പരമപദപ്രാപ്തി എന്നും ഈ അദ്ധ്യായത്തെ വിളിക്കുന്നു.

ശ്ലോകം 1 അർജ്ജുന ഉവാചഃ

കിം തദ് ബ്രഹ്മഃകിമദ്ധ്യാത്മം കിം കർമ്മ പുരുഷോത്തമഃ

അധിഭൂതം ച കിം പ്രോക്തമധിദൈവം കിമുച്യതേ

ശ്ലോകം 2

അധിയജ്ഞഃ കഥം കോത്ര ദേഹേസ്മിൻ മധുസൂദന

പ്രയാണകാലേ ച കഥം ജ്ഞായോസി നിയതാത്മഭിഃ

ഹേ,പുരുഷോത്തമാ, മധുസൂദനാ, പറയപ്പെട്ട ആ ബ്രഹ്മം എന്ത്. അദ്ധ്യാത്മം എന്ത്. കർമ്മം എന്ത്. അധിഭൂതം എന്ത്. അധിദൈവതമെന്ന് എന്തിനെ പറയുന്നു. ഈ ദേഹത്തിൽ അധിയജ്ഞം എന്ത്. പ്രയാണകാലത്ത് നിയതാത്മാക്കൾ (യോഗികൾ) എങ്ങനെ ബ്രഹ്മത്തെ അറിയുന്നു.

ഏഴാം അദ്ധ്യായത്തിന്റെ അവസാനശ്ലോകത്തിൽ പറഞ്ഞതിന്റെ തുടർച്ചയായിട്ടാണ് എട്ടാം അദ്ധ്യായം ആരംഭിക്കുന്നത്. ജ്ഞാനവിജ്ഞാനയോഗത്തിൽ ഉപദേശിച്ചതിന്റെ സംശയങ്ങളുമായി അക്ഷരബ്രഹ്മയോഗം ഉപദേശിക്കപ്പെടുന്നു.

ശ്ലോകം 3

അക്ഷരം ബ്രഹ്മ പരമം സ്വഭാവോദ്ധ്യാത്മമുച്യതേ

ഭൂതഭാവോദ്ഭവകരോ വിസർഗ്ഗഃ കർമ്മസംജ്ഞിതഃ

ശ്ലോകം 4

അധിഭൂതം ക്ഷരോ ഭാവഃ പുരുഷശ്ചാദിദേവതം

അധിയജ്ഞോഹമേവാത്ര ദേഹേ ദേഹഭൃതാം വര

ബ്രഹ്മം അക്ഷരമാണ്. പരമമാണ്. സ്വഭാവമാണ് അദ്ധ്യാത്മം .ഭൂതഭാവത്തിന്റെ ഉത്ഭവത്തിന് കാരണമായ വിസർഗ്ഗമാണ് കർമ്മം. ക്ഷരഭാവമുള്ളത് അധിഭൂതമാണ്. പുരുഷനാണ് അധിദൈവതം. ദേഹമെടുത്തവരിൽ വെച്ച് വരിഷ്ഠനായവനേ, ദേഹത്തിലെ അധിയജ്ഞം ഞാൻതന്നെയാണ്.(ആത്മാവ്).

അക്ഷരം ബ്രഹ്മമാണ്. പരമമാണ്. ഞാൻ ഈ കുത്തിക്കുറിക്കുന്ന അക്ഷരങ്ങൾ കാലപ്പോക്കിൽ മഞ്ഞച്ചു മങ്ങിയേക്കാം. പക്ഷേ ആ അക്ഷരങ്ങളെ ജ്വലിപ്പിച്ച വിചാരങ്ങൾക്കും മൂലമായിനിന്ന അക്ഷരബ്രഹ്മത്തിന് മങ്ങലില്ല. നാശമില്ല. അത്

താരകബ്രഹ്മമായ പ്രണവമാണ്. അത് ദ്യോവിൽ മിന്നുന്ന കാഞ്ചനക്കുറിപ്പുകളായി എന്നും ഒളി ചിതറുന്നു. വ്യോമത്തിലാണ് അക്ഷരങ്ങളുടെ സ്ഥാനം. ചിദാകാശത്തിലെന്ന പോലെ എന്റെ ഹൃദാകാശത്തിലും അക്ഷരബ്രഹ്മം പ്രകാശിക്കുന്നു. എന്റെ അദ്ധ്യാത്മകത അതിന്റെ സ്വഭാവമാണ്. അക്ഷരം അധിആത്മാവാണ്. വിചാരം ആത്മനിഷ്ഠമാണ്. അദ്ധ്യാത്മികമെന്നാൽ ആത്മനിഷ്ഠമായ ബ്രഹ്മമാണ്. ഭൂതസൃഷ്ടിക്ക് കാരണമായിരിക്കുന്ന വിസർഗ്ഗം (creative urge) കർമ്മമാണ്. ഇത് വംശസൃഷ്ടിക്ക് മാത്രമല്ല, കലകൾക്കും ശാസ്ത്രങ്ങൾക്കും ഉത്ഭവസ്ഥാനമാണ്. നിരന്തരം നടന്നുകൊണ്ടിരിക്കുന്ന സംസാരചക്രത്തിൽ പിതൃക്കളുടേയും പുത്രന്മാരുടേയും ശൃംഖലക്ക് കാരണമാണ് കർമ്മം.അക്ഷരലോകത്തിൽ പുതിയ പുതിയ പ്രതിഭകളുടെ പ്രഭവത്തിനു കാരണമാണ് കർമ്മം. ക്ഷരഭാവമുള്ള ഈ പ്രപഞ്ചവും ഈ ശരീരവും അക്ഷരമായ ബ്രഹ്മത്തിൽ വീണ്ടും വീണ്ടും സ്വഭാവഹേതുവായി പ്രഭവിക്കയും പ്രലയിക്കയും ചെയ്യുന്നു. ഈ സർഗ്ഗക്രിയയുടെ അധിദൈവം പുരുഷനെന്ന പേരിൽ അറിയപ്പെടുന്നു. ഞാൻ തന്നെയാണ് അധിയജ്ഞം. ഈ മഹത്തായ ജീവിതയജ്ഞം ഞാൻതന്നെ. ശരീരമെടുത്തവരിൽ വെച്ച് ശ്രേഷ്ഠനായ നിന്റെ ശരീരത്തിലിരുന്ന് ഈ ജീവിതയജ്ഞം നടത്തുന്നവനും , യജ്ഞം തന്നെയും ബ്രഹ്മമായ ഞാനാണ്,ആത്മാവാണ്.

ശ്ലോകം 5

അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കളേബരം

യഃപ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയം

ഏതൊരുവൻ അവസാനകാലത്ത് എന്നെ സ്മരിച്ചുകൊണ്ട് ശരീരത്തിൽനിന്നും മുക്തനാവുന്നുവോ അവൻ എന്റെ ഭാവം പ്രാപിക്കുന്നു, സംശയമില്ല.

ശ്ലോകം 6

യം യം വാപി സ്മരൻഭാവം ത്യജത്യന്തേ കളേബരം

തം തമേവൈതി കൌന്തേയ സദാ തദ്ഭാവഭാവിതഃ

എപ്പോഴും ഒന്നിൽത്തന്നെ അതിന്റെ സ്വഭാവത്തെ ഭാവിച്ചിട്ട്,അതിനെ സ്മരിച്ചിട്ട് കളേബരം ത്യജിക്കുന്നവൻ അതിന്റെ ഭാവത്തെത്തന്നെ പ്രാപിക്കുന്നു. എന്തിനെ ധ്യാനിക്കുന്നുവോ, അതായിത്തീരുന്നു. ഞാൻ ചിദ്രൂപമായ ആത്മാവാണ് എന്നു ധ്യാനിക്കുന്നവൻ ആത്മാവാണ്. ഒരു വെറും ശരീരം മാത്രമാണെന്ന് ധ്യാനിക്കുന്നവൻ വെറും ശരീരവുമാണ്. ബ്രഹ്മധ്യാനം ചെയ്യുന്നവൻ ബ്രഹ്മമാണ്. അഹം ബ്രഹ്മാസ്മി എന്ന ഭാവനയോടെ ജീവിക്കുന്നവൻ മരിക്കുമ്പോഴും അങ്ങനെ സ്മരിക്കുന്നു, ബ്രഹ്മപദം പ്രാപിക്കുന്നു.

ശ്ലോകം 7

തസ്മാത് സർവ്വേഷു കാലേഷു മാമനുസ്മര യുദ്ധ്യ ച

മയ്യർപ്പിതമനോബുദ്ധിർ മാമേവൈഷ്യസ്യസംശയഃ

അതിനാൽ സർവ്വകാലത്തിലും എന്നിലർപ്പിച്ച മനസ്സോടും ബുദ്ധിയോടും കൂടി ,എന്നെ അനുസ്മരിച്ചുകൊണ്ട് സംശയരഹിതനായി യുദ്ധം ചെയ്യുക. ഇവിടെ. സർവ്വകാലങ്ങളിലും ചെയ്യേണ്ട ജീവിതായോധനത്തെക്കുറിച്ചാണ് കുരുപാണ്ഡവയുദ്ധത്തെക്കുറിച്ചല്ല പറയുന്നത്. ജീവിതായോധനമാണ് സർവ്വകാലങ്ങളിലുംചെയ്യേണ്ട യുദ്ധം. ബ്രഹ്മത്തിൽ സമർപ്പിച്ച മനോബുദ്ധികളോടെ, ബ്രഹ്മനിഷ്ഠനായി ബ്രഹ്മസ്മരണയോടെ ജീവിതധർമ്മങ്ങളെ സംശയരഹിതനായി നിറവേറ്റാനാണ് പറയുന്നത്.

ശ്ലോകം 8

അഭ്യാസയോഗയുക്തേന ചേതസാ നാന്യഗാമിനാ

പരമം പുരുഷം ദിവ്യം യാതി പാർത്ഥാനുചിന്തയൻ

അഭ്യാസയോഗയുക്തവും മറ്റൊന്നിൽ ഗമിക്കാത്തതുമായ ചേതസ്സോടെ ദിവ്യമായ പരമപുരുഷനെ മാത്രം ചിന്തിക്കുന്നവൻ അവനെത്തന്നെ പ്രാപിക്കുന്നു. യോഗത്തിലെ ഏകാഗ്രതയെ പ്രശംസിച്ച് പറയുന്നു. ഏതൊന്നിലാണോ ഏകാഗ്രത ഉറച്ചത് അതിലാണ് നിപുണനാവുക. അതുതന്നെയായി ഭവിക്കുക. ബ്രഹ്മത്തിൽ ഏകാഗ്രത ഉറച്ചവനാണ് ബ്രഹ്മവിത്തായി, ബ്രഹ്മമായി ഭവിക്കുന്നത്.

ശ്ലോകം 9

കവിം പുരാണം അനുശാസിതാരം അണോരണീയാംസമനുസ്മരേദ് യഃ

സർവ്വസ്യ ധാതാരമചിന്ത്യരൂപമാദിത്യവർണ്ണം തമസഃപരസ്മാത്

കവിയും പുരാണനും അനുശാസിതാവും അണുവേക്കാൾ അണുവും സർവ്വത്തിന്റേയും ധാതാവും അചിന്ത്യരൂപവും തമസ്സിനും അപ്പുറത്തുള്ളതുമായ ആദിത്യവർണ്ണത്തെ അനുസ്മരിക്കുക.

ഒരാൾ എന്തിനെ ധ്യാനിക്കുന്നുവോ അതായിത്തീരുന്നു എന്ന് പറഞ്ഞു. കവി സർവ്വജ്ഞനാണ്. ഉള്ളിലുദിക്കുന്ന വിചാരങ്ങളെ സുമധുരാക്ഷരങ്ങളാക്കി, പുറത്തു പ്രകാശിപ്പിക്കുന്നവനാണ്. അക്ഷരബ്രഹ്മത്തെ ജ്ഞാനി ധ്യാനിക്കുന്നു. അതിനാൽ കവിയായി തീരുന്നു. അക്ഷരത്തിന് നാശമില്ല. അക്ഷരത്തെ ധ്യാനിക്കുന്നവനും അക്ഷരമാണ്, നാശമില്ലാത്തവനാണ്. അതിനാലവൻ പണ്ടേക്കു പണ്ടേയുള്ള പുരാണനാണ്. നശ്വരജഗത്തിന്റെ ഉൽപ്പത്തിക്കുമുമ്പേ അക്ഷരമുണ്ടായിരുന്നു. പ്രളയശേഷവും അത് വൃദ്ധാചലം പോലെ നിലനിൽക്കും. പ്രഭവപ്രലയങ്ങളെ അതിജീവിച്ച ഈ വൃദ്ധൻ പുരാണനെങ്കിലും നിത്യനൂതനനുമാണ്. നവനവോന്മേഷശാലിയാണ്. അവൻ അനുശാസിതാവായി, ബുദ്ധി,അഹങ്കാരം,മനസ്സ്,ശരീരം എന്നിവയെ അടക്കി ഭരിക്കുന്നു.നിയതേന്ദ്രിയനായ ധ്യാനിയും അവയെ അടക്കി ചിത്തനിരോധം ചെയ്തിരിക്കുന്ന അനുശാസിതാവാണ്. ബ്രഹ്മത്തിന് സ്ഥൂലശരീരമില്ലാത്തതിനാൽ അത് അചിന്ത്യവും അണുവേക്കാൾ അണുതരവുമാണ്. ബ്രഹ്മോപാസകൻ തന്റെ സ്ഥൂലശരീരത്തെക്കുറിച്ച് ചിന്തിക്കാതായിരിക്കുന്നു. അതിന്റെ ഭാരം അയാളെ ബുദ്ധിമുട്ടിക്കുന്നില്ല. അയാൾ അചിന്ത്യരൂപമായ ആത്മാവായി മാറിയിരിക്കുന്നു. ശരീരത്തിൻ ഭാരക്കുറവിനാൽ അയാളുടെ കൂർമ്മബുദ്ധിയായ ആത്മാവ് അണുവിനേക്കാൾ ചെറുതായി സർവ്വജീവജാലങ്ങളിലും ചരാചരങ്ങളിലും ഉൾപ്പൂകിയിരിക്കുന്നു. തന്റെ ആത്മാവിന്റെ സർവ്വഗതത്വത്താലും സർവ്വവ്യാപിത്വത്താലും സർവ്വശരീരത്തിലും അയാൾ തന്നെത്തന്നെ കാണുന്നു. ഈ ദർശനം ആദിത്യവർണ്ണത്തിലാണ്. ഏഴാം അദ്ധ്യായം ഏഴാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ച ശ്വേതശ്വേതരോപനിഷത്തിലെ ശ്ലോകത്തിലുള്ളതാണ് ആദിത്യവർണ്ണം തമസഃ പരസ്താദ് എന്നത്. ഗീതയിലും അതേ പടിയാണ് വർണ്ണന. ഇത് അക്ഷരബ്രഹ്മയോഗത്തിലും ജ്ഞാനവിജ്ഞാനയോഗത്തിലും ആയി വിശദീകരിക്കപ്പെടുന്നു. അക്ഷരബ്രഹ്മോപാസകരുടെ സ്വാനുഭൂതിയിൽ ആദിത്യവർണ്ണമായ ആ പരമജ്യോതിസ്സിന്റെ പ്രാധാന്യം അപരിമിതമാണ്.

ആദിത്യവർണ്ണേ തപസോധിജാതോ വനസ്പതിസ്തവ വൃക്ഷോഥബില്വഃ

തസ്യഫലാനിതപസാനുദന്തു മായാന്തരായാശ്ച ബാഹ്യാ അലക്ഷ്മിഃ

(ഋഗ്വേദം.ഖില സൂക്തം)

ആശ്വലായനശാഖക്കാർ കേരളത്തിൽ പ്രബലരായിരുന്നു. വടശ്ശേരി പരമേശ്വരനെപ്പോലുള്ള ശാസ്ത്രജ്ഞർ ആശ്വലായനരാണ്. ആശ്വലായനർ ബാലഖില്യം എന്ന ഖിലസൂക്തം മുഴുവൻ സ്വീകരിക്കുന്നവരാണ്. അതിനാൽ ഗീതയിലും ശ്വേതശ്വേതരത്തിലും എടുത്തുപറയുന്ന ആദിത്യവർണ്ണമുള്ള പരമപദം കേരളീയരായ ആശ്വലായനക്കാർക്ക് സുപരിചിതമാണ്. സൂര്യപ്രഭയുള്ള, ജ്യോതിസ്വരൂപമായ ഒന്നിനെ ശക്തിയായും(സ്ത്രീ) പുരുഷനായും സങ്കൽപ്പിക്കുന്നു. ആ ചിഛക്തിയുടെ താപമാണ് തപസ്സ്. അതിൽനിന്ന് ചെടികളും വൃക്ഷങ്ങളും നിറഞ്ഞ ഈ ഭൂമി സൃഷ്ടിക്കപ്പെട്ടു. ഉപഭോഗവസ്തുക്കളുണ്ടായിത്തീർന്നു. ഉപഭോഗഫലങ്ങൾ അഥവാ കർമ്മഫലങ്ങളെ തപസ്സുകൊണ്ടു തന്നെ ദൂരീകരിക്കണം. മറ്റൊന്നുകൊണ്ടും സാദ്ധ്യമല്ല. മായയുടെ ആന്തരവും ബാഹ്യവുമായ അലക്ഷ്മിയെ അകറ്റിക്കളയണം. ശ്രീസൂക്തത്തിലെ ആറാം മന്ത്രം ആണ് ആദിത്യവർണ്ണേ . ഇതിന്ന് യാ അന്തരാശ്ച എന്നൊരു പാഠഭേദവും കാണുന്നുണ്ട്. ഏതൊക്കെ പ്രതിബന്ധങ്ങളാണോ ഉള്ളത് (ആന്തരവും ബാഹ്യവും) അവയെ നീക്കുക എന്ന ഒരർത്ഥവുമുണ്ട്.

അർജ്ജുനന്ന് സ്വാനുഭൂതിയുണ്ടായപ്പോഴും ദിവി സൂര്യസഹസ്രങ്ങൾ ഉദിച്ച പ്രഭയാണ് കണ്ടത്. ഗായത്രീമന്ത്രോപാസകർക്ക് ഗായത്രീദർശനം ഇതുപോലെ ഒരനുഭൂതിയാണ്. ഗായത്രിയുടെ ഋഷി തപസ്സുകൊണ്ട് ജ്യോതിഷ്മതി നേടിയ വിശ്വാമിത്രനാണ് എന്ന് ബൃഹച്ചൌനകഹോരയിലെ 11ആം അദ്ധ്യായം ഉദ്ധരിച്ച് കൈക്കുളങ്ങര രാമവാരിയർ പറഞ്ഞിട്ടുണ്ട്. (ഹൃദ്യപഥ ഹോരാവ്യാഖ്യാനം). തപസ്സുകൊണ്ടല്ലാതെ ആരും ഒന്നും സൃഷ്ടിക്കുന്നില്ല, ഒന്നും നേടുന്നുമില്ല. ഭാതത്തിലെ ബുദ്ധന്മാരിൽ ഒരാളാണ് ശുനശ്ശേഫനെ യാഗശാലയിൽനിന്ന് സംരക്ഷിച്ച വിശ്വാമിത്രനെന്നതും സന്ദർഭവശാൽ ഓർത്തുപോകുന്നു.

ശ്ലോകം 10

പ്രയാണകാലേ മനസാചലേന ഭക്ത്യാ യുക്തോ യോഗബലേന ചൈവ

ഭ്രുവോർമദ്ധ്യേ പ്രാണമാവേശ്യ സമ്യക് സ തം പരം പുരുഷമുപൈതി ദിവ്യം

അക്ഷരബ്രഹ്മത്തെ ആദിത്യവർണ്ണമായി ദർശിച്ചവർ പ്രയാണകാലത്ത് അചഞ്ചലമായ മനസ്സോടും ഭക്തിയോടുംകൂടി യോഗബലത്താൽ ഭ്രൂമദ്ധ്യത്തിൽ പ്രാണനെ സമ്യക്കായി ആവേശിപ്പിച്ചിട്ട്,പരമവും ദിവ്യവുമായ പുരുഷനെ പ്രാപിക്കുന്നു. ഭ്രൂമദ്ധ്യത്തിൽ പ്രാണനെ ഉറപ്പിച്ചുനിർത്തിയവരുടെ പ്രാണത്യാഗം എത്ര സുഖകരമാണ്. മണിയുടെ നാദം മണിക്കുള്ളിൽത്തന്നെ ലയിച്ച് ഇല്ലാതാകുന്നതുപോലെയോ, പാത്രത്തിനു കീഴീൽവെച്ച ദീപനാളം എപ്പോഴോ എങ്ങനെയോ എന്ന് ആരുമറിയാതെ അണയുന്നതുപോലെയോ ശാന്തമായി അവർ ശരീരമുപേക്ഷിക്കുന്നു എന്ന് ജ്ഞാനേശ്വരൻ ഈ പ്രയാണത്തെ ഉപമിക്കുന്നു.

9ആം ശ്ലോകത്തിലെ അനുശാസിതാരം തിയോളജിയേയും അണോരണീയാംസം തത്വചിന്തയേയും ആദിത്യവർണ്ണം കവിത്വത്തേയും സൂചിപ്പിക്കുന്നു. മതം,തത്വചിന്ത, കവിത എന്ന 3 മണ്ഡലങ്ങളിൽ ഒരാൾക്ക് എത്തിപ്പെടാവുന്നഏറ്റവും പരമപദമാണ്ബ്രഹ്മാനുഭൂതി. അജ്ഞതയുടെ തമസ്സിൽനിന്ന് ജ്ഞാനത്തിന്റെ പരമപ്രകാശത്തിലേക്കുള്ള പ്രയാണമാണ് ഈ അനുഭൂതി. ജീവിതത്തിൽനിന്ന് മരണത്തിലേക്കുള്ള പ്രയാണം സംസാരത്തിൽനിന്ന് ബ്രഹ്മാനുഭൂതിയിലേക്കുള്ളപോലെ ശാന്തവും സുഖകരവുമാണ്. കവി എന്ന വാക്കിന് ശ്ലോകം ചമക്കുന്നവൻ എന്നല്ല ഇവിടെ അർത്ഥം. ഋഷികവി എന്നാണ്. സർവ്വജ്ഞനും ദർശകനുമാകയാൽ സരസ്വതിയുടെ വരപ്രസാദത്താൽ വാഗ്മിത്വം നേടിയവനും കൂടിയാണ് കവി. നടരാജഗുരു എഴുതുന്നു. The word Kavi, which can merely mean a poet or a man of imagination in the usual sense , as referring to the Absolute is to be specially noted here. It has within its own range of meaning divinities that are omniscient dwelling in the region of the primordial sun. From the immanent to the transcendent all personalised values can be covered with this expression.

കവിയും തത്വചിന്തകനും ദാർശനികനും താന്താങ്ങളുടെ വിചാരത്തെ ഏകാഗ്ര മാക്കി ഭ്രൂമദ്ധ്യത്തിലെ ആജ്ഞാചക്രത്തിൽ നിർത്തുന്നവരാണ്. ഭാരതീയർ ഭ്രൂമദ്ധ്യ ത്തിൽ തിലകവും കുറിയും അണിയുന്നവരാണ്. തീവ്രതപസ്സുകൊണ്ട് ചുട്ടുപൊ ള്ളുന്ന ഭ്രൂമദ്ധ്യത്തിൽനിന്ന് ഉത്ഭവിക്കുന്ന സൃഷ്ടിശക്തിയെ ഈ തിലകക്കുറി സൂ ചിപ്പിക്കുന്നു. സ്ത്രീകൾ പൊട്ടുതൊടുന്നതും ഇതേ സൃഷ്ടിശക്തിയെ സൂചിപ്പിക്കാ നാണ്. ഇവിടെ സൃഷ്ടി അഥവാ സർഗ്ഗം വെറും വംശവൃദ്ധിയേയോ ഉത്പാദനക്ഷ മതയേയോ മാത്രമല്ല, കാവ്യാദികളേയും സൂചിപ്പിക്കുന്നു. ഭ്രൂമദ്ധ്യത്തിൽനിന്ന് നേ രെ ഒരു രേഖ വരച്ചാൽ അത് ചെന്നുമുട്ടുക ഭാഷ.ശ്രുതി,നിരൂപണം ,ഓർമ്മ ഇവ യെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗങ്ങളിലാണ്. പിറ്റ്യൂറ്ററി,പീനിയൽഗ്രന്ഥികളും ഇതിനു നേർക്കു കിടക്കുന്നു. മനുഷ്യന് ശിവനെന്നെ പോലെ ഒരു മൂന്നാം തൃക്ക ണ്ണുണ്ട്. അതിനെ ആജ്ഞാചക്രവും അതിനു നേരെ സ്ഥിതി ചെയ്യുന്ന മസ്തിഷ്ക ഭാഗങ്ങളും പ്രതിനിധാനം ചെയ്യുന്നു. ഈശ്വരാനുകൂല്യമുണ്ടെങ്കിൽ, അഭ്യാസയുക്ത നായ കവിക്ക് പ്രയാണകാലത്തും ഈ ബ്രഹ്മാനുഭൂതി സാദ്ധ്യമാകുന്നു. അയാൾ ശാന്തനായി ഈ ലോകത്തിലെ താമസം മതിയാക്കി പോകുന്നു,ബ്രഹ്മപദംപൂകുന്നു.

ശ്ലോകം 11

യദക്ഷരം വേദവിദേ വദന്തി വിശന്തി യദ്യതയോ വീതരാഗഃ

യദിഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേപദം സംഗ്രഹേണ പ്രവക്ഷ്യേ

വേദവിത്തുകൾ ഏതൊന്നിനെ അക്ഷരമെന്ന് പറയുന്നുവോ, വീതരാഗന്മാരായ യതികൾ ഏതൊന്നിൽ പ്രവേശിക്കുന്നുവോ, ഏതൊന്നിനെ ഇഛിച്ചാണോ മനുഷ്യർ ബ്രഹ്മചര്യത്തിൽ നിഷ്ഠയുള്ളവരായിരിക്കുന്നത്, ആ പദത്തെ ഞാൻ സംഗ്രഹിച്ച് പറഞ്ഞുതരാം. ഭഗവദ്ഗീതയുടെ മദ്ധ്യത്തിലെ 6 അദ്ധ്യായം തത് എന്ന പദത്തിന്റെ വിശദീകരണമാണ്, തത് പദസംഗ്രഹേണ എന്നതുകൊണ്ട് അതിനെ സംഗ്രഹിക്കുന്നു എന്നും അർത്ഥം. കഠോപനിഷത്ത് പറയുന്നു:-

സർവ്വേ വേദായത് പദമാമനന്തി തപാംസി സർവ്വാണി ച യദ് വദന്തി

യദിഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേ പദം സംഗ്രഹേണ ബ്രവീമി- ഓം ഇത്യേ തത്

അതിനാൽ ഇവിടെ പറയപ്പെട്ട അക്ഷരം പ്രണവമാണ്. വേദവിത്തും യതിയും ബ്രഹ്മചാരിയും ലക്ഷ്യമാക്കുന്നത്, ആദിത്യവർണ്ണവും നാശരഹിതവും ആയ പര മപദത്തെത്തന്നെ. ആ അക്ഷരപ്രണവത്തെ അറിഞ്ഞു പ്രാപിക്കുന്നവരെല്ലാം അതാ യി മാറുന്നു.

ശ്ലോകം 12

സർവ്വദ്വാരാണി സംയമ്യേ മനോ ഹൃദി നിരുദ്ധ്യ ച

മൂർദ്ധ്ന്യാധായാത്മനഃപ്രാണമാസ്ഥിതോ യോഗധാരണാം

ശ്ലോകം 13

ഓമിത്യേകാക്ഷരം ബ്രഹ്മവ്യാഹരൻ മാമനുസ്മരൻ

യഃ പ്രയാതി ത്യജൻ ദേഹം സ യാതി പരമാം ഗതിം

സർവ്വദ്വാരങ്ങളേയും സംയമം ചെയ്തിട്ട് മനസ്സിനെ ഹൃദയത്തിൽ നിരോധിച്ചിട്ട്, പ്രാണനെ മൂർദ്ധാവിൽ ഉറപ്പിച്ചിട്ട് യോഗധാരണം ചെയ്തവൻ,ഓം എന്ന ഏകമാ യ അക്ഷരബ്രഹ്മം ഉച്ചരിച്ച് എന്നെ അനുസ്മരിച്ച്, ശരാരത്തെ ത്യജിക്കുന്നു. പര മഗതി പ്രാപിക്കുന്നു. ഇന്ദ്രിയങ്ങൾ എനിക്ക് അതുവേണം ഇതുവേണം എന്ന് ശാ ഠ്യം പിടിച്ച് വിഷയങ്ങളിൽ കടിച്ചുതൂങ്ങുന്നു. ഇന്ദ്രിയങ്ങളും വിഷയങ്ങളും

തമ്മിലുള്ള ബന്ധത്തെ സർവ്വദ്വാരങ്ങളും അടച്ചുപിടിച്ച് വിഛേദിച്ചവൻ മനസ്സിനെ ഹൃദയത്തിൽ നിരോധിക്കുന്നു. അവൻ സഹൃദയനായിത്തീരുന്നു. ഹൃദയത്തിൽ ജീവകാരുണ്യമധു ഒഴുകുന്നവനായി ഭവിക്കുന്നു. സ്വന്തസ്വാർത്ഥലാഭങ്ങൾക്കായി അന്യനെ ചൂഷണം ചെയ്യാനോ ജന്തുക്കളെ കൊല്ലാനോ അവനു സാദ്ധ്യമല്ലാതാവുന്നു. മൂർദ്ധാവിലെ ആജ്ഞാചക്രത്തിൽ പ്രാണനെ സ്ഥിരമായി ഉറപ്പിച്ച് അവൻ വിചാരശീലനാവുന്നു. ഹൃദയാലുവും വിചാരശീലനുമായ വ്യക്തി യോഗധാരണം ചെയ്ത് എന്നെ (ഈശ്വരനെ) മാത്രം അനുസ്മരിച്ച് ഓം എന്ന ഏകാക്ഷരി ഉച്ചരിച്ച് എന്നിൽത്തന്നെ വിലയിക്കുന്നു. പുനരാവർത്തിരഹിതമായ നിർഗ്ഗുണപരബ്രഹ്മത്തിൽ ചെന്നുചേരുന്നു.

ശ്ലോകം 14

അനന്യചേതഃസതതം യോ മാം സ്മരതി നിത്യശഃ

തസ്യാഹം സുലഭഃപാർത്ഥഃ നിത്യയുക്തസ്യയോഗിനഃ

മറ്റൊന്നിലും മനസ്സു വെക്കാതെ എന്നും എപ്പോഴും എന്നെ സ്മരിക്കുന്ന നിത്യയുക്തനായ യോഗിക്ക് അങ്ങനെ എന്നെ സുഭമായി കിട്ടുന്നു. ഏകാഗ്രമായ തപസ്സു കൊണ്ട് ഫലസിദ്ധി ഉണ്ടാവുന്നു. ബ്രഹ്മതപസ്സ് ഒന്നുകൊണ്ട് മാത്രമേ ബ്രഹ്മസായൂജ്യം ലഭിക്കയുള്ളു .തപസ്സനുഷ്ഠിക്കാത്തവന് ബ്രഹ്മസായൂജ്യം ദുർല്ലഭമാണ്.

ശ്ലോകം 15

മാമുപേത്യ പുനർജന്മ ദുഃഖാലയമശാശ്വതം

നാപ്നുവന്തി മഹാത്മാനഃ സംസിദ്ധിം പരമാം ഗതാഃ

എന്നെ പ്രാപിച്ച് പരമഗതി ലഭിച്ച മഹാത്മാക്കൾ അശാശ്വതവും ദുഃഖാലയവുമായ പുനർജന്മത്തെ പ്രാപിക്കുന്നില്ല. അവർ ഞാനായിത്തീരുന്നു.ധർമ്മക്ഷയം സംഭവിക്കുമ്പോൾ, ധർമ്മസംസ്ഥാപനത്തിനായി സ്വമേധയാ യോഗശക്തിയാൽ സർവ്വജ്ഞപുരുഷരായി അവതരിക്കുമെന്നല്ലാതെ ,സംസാരദുഃഖമോ അജ്ഞതയോ നിറഞ്ഞ സാധാരണ മാനവജന്മം അവർക്ക് പിന്നീടൊരിക്കലും ഉണ്ടാവുകയില്ല.

ശ്ലോകം 16

ആബ്രഹ്മഭുവനാല്ലോകാഃ പുനരാവർത്തിനോർജ്ജുന

മാമുപേത്യ തു കൌന്തേയ പുനർജന്മ ന വിദ്യതേ

ബ്രഹ്മഭുവനം മുതലായ ലോകങ്ങൾക്കുപോലും പുനരാവർത്തിയുണ്ട്. എന്നാൽ എന്നെ പ്രാപിച്ചവന് പുനർജന്മമില്ല. ബ്രഹ്മഭുവനമെന്ന് പറയുന്നത് ത്രിമൂർത്തികളിലൊരാളായ ബ്രഹ്മാവിന്റെ ലോകം എന്ന അർത്ഥത്തിലാണ്. 17ആം ശ്ലോകത്തിൽനിന്ന് ഈ അർത്ഥം സ്പഷ്ടമായി ഗ്രഹിക്കാം.

ശ്ലോകം 17

സഹസ്രയുഗപര്യന്തമഹര്യദ്ബ്രഹ്മണോ വിദുഃ

രാത്രിം യുഗസഹസ്രാന്തം തേഹോരാത്രവിദോ ജനാഃ

ബ്രഹ്മാവിന്റെ അഹോരാത്രത്തെ വിദഗ്ദ്ധമായി പഠിച്ചറിഞ്ഞവർ (ജ്യോതിഷികൾ) അദ്ദേഹത്തിന്റെ ഒരു പകൽ സഹസ്രയുഗപര്യന്തമാണെന്നറിയുന്നു. രാത്രിയും സഹസ്രയുഗമാണെന്ന് അവരറിയുന്നു. ആയിരം യുഗമുള്ള ബ്രഹ്മദിനത്തിനും കൂടി ഒരു രാത്രിയുണ്ട്. ബ്രഹ്മനിശക്കുമുണ്ട് ഒരവസാനവും ഒരു പകലും. അഹോരാത്രരൂപമായ എല്ലാം തുടച്ച്ചയായി പുനരാവർത്തിക്കുന്നു. രാത്രിക്കു പകലും പക

ലിനു രാത്രിയുമുണ്ടെന്ന പോലെ ജനനത്തിനു മരണവും മരണത്തിനു ജനനവുമുണ്ടെന്ന് ജ്യോതിഷികളുടെ ശാസ്ത്രം പഠിക്കാത്തവർക്കുകൂടി അറിയാം. പിന്നെയാണോ ബ്രഹ്മാവിന്റെ അഹോരാത്രങ്ങളെ കുറിച്ച് അറിയുന്ന വിദ്വാന്മാർക്ക്. ബ്രഹ്മലോകങ്ങൾക്ക് പോലും പുനരാവർത്തിയുണ്ടെന്ന് അവർ ഗ്രഹിച്ചിരിക്കുന്നു.

ശ്ലോകം 18

അവ്യക്താദ് വ്യക്തയഃസർവ്വാഃ പ്രഭവന്ത്യഹരാഗമേ

രാത്ര്യാഗമേ പ്രലീയന്തേ തത്രൈവാവ്യക്തസംജ്ഞകേ

അവ്യക്തത്തിൽനിന്ന് അഹസ്സിന്റെ ആഗമത്തിൽ എല്ലാ വ്യക്തികളും വ്യക്തമാകുന്നു, പ്രഭവിക്കുന്നു. രാത്രിയുടെ ആഗമത്തിൽ അവ്യക്തമെന്ന് പേരായ അതിൽത്തന്നെ പ്രലയിക്കുന്നു. സാംഖ്യയോഗത്തിൽ അവ്യക്താനി ഭൂതാനി എന്ന് ഭഗവാൻ വ്യാസൻ പറഞ്ഞതിനെ ഒന്നുകൂടി ആവർത്തിക്കുകയാണിവിടെ. ദിവസം പുലരുന്നു . അതുവരെ അവ്യക്തമായിരുന്ന പ്രകൃതി നയനങ്ങൾക്ക് വ്യക്തമാകുന്നു. അതുവരെ അവ്യക്തമായിരുന്ന വിചാരങ്ങളും വീണ്ടും വ്യക്തമാകുന്നു. അവ്യക്തമായ ബ്രഹ്മോർജ്ജത്തിൽനിന്ന് വ്യക്തമായ പ്രപഞ്ചങ്ങളും ഗ്രാഹാദികളും ജീവജാലങ്ങളും മനുഷ്യരും എല്ലാം വീണ്ടും വ്യക്തമാകുന്നു, പ്രഭവിക്കുന്നു. ഉറക്കവും ഉണർച്ചയും പ്രലയവും പ്രഭവവും മരണവും ജനനവും രാവും പകലും ഒന്നിനൊന്ന് പിൻതുടർന്ന് വരുന്നു. വിദ്വാന്മാർ ഇതറിഞ്ഞാണ് പുനർജന്മമുണ്ടെന്ന് പറയുന്നത്.

ശ്ലോകം 19

ഭൂതഗ്രാമഃ സ ഏവായം ഭൂത്വാ ഭൂത്വാ പ്രലീയതേ

രാത്ര്യാഗമേവശഃപാർത്ഥ പ്രഭവത്യഹരാഗമേ

ഭൂതങ്ങളുടെ ഗ്രാമങ്ങൾ(സംഘാതങ്ങൾ, സമൂഹങ്ങൾ) അവശന്മാരായിട്ട് അഹസ്സു വരുമ്പോളൊക്കെ വീണ്ടും വീണ്ടും ജനിക്കുന്നു, രാത്രിയിൽ ലയിക്കുന്നു. അവർക്ക് സ്വന്തം ഭാഗധേയത്തെ നിയന്ത്രിക്കാനാവുന്നില്ല. അവർ ജനിമൃതിചക്രത്തിൽ പെട്ട് അസ്വതന്ത്രരായി ഉഴലുകയേ ഗതിയുള്ളു. എന്നാൽ, പുനർജന്മമില്ലാത്ത അവസ്ഥയെ പ്രാപിച്ച ജ്ഞാനിയുടെ കാര്യമോ.

ശ്ലോകം 20

പരസ്തസ്മാത്തു ഭാവോന്യോവ്യക്തോവ്യക്താത് സനാതനഃ

യഃ സ സർവ്വേഷു ഭൂതേഷു നശ്യത്സു ന വിനശ്യതി

ഇപ്പറഞ്ഞ അവ്യക്തത്തിൽ നിന്നു ഭിന്നവും പരവുമായ അവ്യക്തം സനാതനമാണ്. അത് സർവ്വഭൂതങ്ങളും നശിച്ചാലും നശിക്കുന്നില്ല. തമസ്സ് അവ്യക്തമായ നിദ്രാവസ്ഥയാണ്. ആ അവ്യക്താവസ്ഥക്കും പരമായ അവ്യക്താവസ്ഥയാണ് പറയപ്പെടുന്നത്. തമസാൽ പരമായ ആദിത്യവർണ്ണമായ ആ അവ്യക്തം സർവ്വഭൂതങ്ങളും പ്രലയിക്കുന്ന സാക്ഷാൽപ്രളയകാലത്തുപോലും നാശമില്ലാതെ അവശേഷിക്കുന്ന ചൈതന്യമാണ്, ഊർജ്ജമാണ്.(എനർജി)

ഞാൻ എട്ടാം വയസ്സുമുതൽ ആവർത്തിച്ചാവർത്തിച്ച് കാണുന്ന ഒരു ശൈശവസ്വപ്നമുണ്ട്. ഒരു ചൈതന്യസാഗരദർശനം. ആദിത്യവർണ്ണമായ ഈ പരമപദം തന്നെയാണതെന്നാണ് എന്റെ നിഗമനം.

ശ്ലോകം 21

അവ്യക്തോക്ഷര ഇത്യുക്തസ്തസ്മാഹുഃപരമാം ഗതിം

യം പ്രാപ്യ ന നിവർത്തന്തേ തദ്ധാമ പരമം മമ

ആ അവ്യക്തം (സർവ്വഭൂതങ്ങളും പ്രലയിച്ചാലും നശിക്കാത്ത ചൈതന്യസാഗരം) അക്ഷരമെന്ന് പറയപ്പെടുന്നു. അതിനെ പരമഗതി എന്ന് പറയുന്നു. ഏതൊന്നിനെ പ്രാപിച്ചവൻ മടങ്ങിവരുന്നില്ലയോ, അത് (തത്) എന്റെ പരമധാമമായ ആ ജ്യോതിർദ്ധാമമാണ്. ആ അക്ഷരബ്രഹ്മത്തെ അറിഞ്ഞവൻ ജ്യോതിഷ്മതിയായിത്തീരുന്നു. സാധകനും ലക്ഷ്യവും ഏകാഗ്രധ്യാനത്തിലൂടെ ഒന്നാകുന്ന അദ്വൈതാവസ്ഥയാണത്.

ശ്ലോകം 22

പുരുഷഃസ പരഃ പാർത്ഥ ഭക്ത്യാ ലഭ്യസ്ത്വനന്യയാ

യസ്യാന്തഃസ്ഥാനി ഭൂതാനി യേന സർവ്വമിദം തതം

പരപുരുഷനായ അവൻ അനന്യഭക്തിയാൽ മാത്രം ലഭിക്കുന്നവനാണ്. അവനിൽ സർവ്വഭൂതങ്ങളും സ്ഥിതി ചെയ്യുന്നു. അവൻതന്നെയാണ് ഇവിടെ സർവ്വവും. ആത്മനിഷ്ഠമായ ആത്മാർത്ഥപ്രേമം കൊണ്ടേ ആ പരമപദം പൂകാനാവു. അതിനാൽ ജ്ഞാനിയിൽത്തന്നെ യോഗിയും ഭക്തനും ചേർന്നിരിക്കുന്നുണ്ട്. ഈശാവാസ്യം ഇദം സർവ്വം . യേന സർവ്വം ഇദം തദം . അവൻ ഇക്കാണുന്ന സർവ്വവുമാണ്. അവന്റെ അന്തരാത്മാവിലാണ് പഞ്ചഭൂതാത്മകമായ ഈ പ്രപഞ്ചം സ്ഥിതി ചെയ്യുന്നത്. ജ്യോതിശ്ചക്രത്തെ അന്തഃസ്ഥാനത്തിൽ ധരിച്ച,സർവ്വവ്യാപിയായ ആത്മചൈതന്യരൂപം പ്രാപിച്ച, ജ്ഞാനിയും അക്ഷരബ്രഹ്മം തന്നെ.

ശ്ലോകം 23

യത്ര കാലേ ത്വനാവൃത്തിമാവൃത്തിം ചൈവ യോഗിനഃ

പ്രയാതാ യാന്തി തം കാലം വക്ഷ്യാമി ഭരതർഷഭ

ഹേ,ഭരതർഷഭാ, ഏതു കാലത്ത് പ്രയാണം ആരംഭിക്കുന്നന യോഗികൾ പുനരാവർത്തിയില്ലാത്ത പദം പ്രാപിക്കുന്നുവോ തിരിച്ചുവരുന്നുവോ ആ കാലങ്ങളെ പറയാം.

ശ്ലോകം 24

അഗ്നിർജ്യോതിരഹഃശുക്ല ഷണ്മാസാ ഉത്തരായണം

തത്ര പ്രയാതാ ഗച്ഛന്തി ബ്രഹ്മ ബ്രഹ്മവിദോ ജനാഃ

അഗ്നി,ജ്യോതിസ്സ്,പകൽ,ശുക്ലപക്ഷം, ആറുമാസമുള്ള ഉത്തരായനം എന്നിവയിൽ പ്രയാണം ചെയ്യുന്ന ബ്രഹ്മവിത്തായ ജനം ബ്രഹ്മം പ്രാപിക്കുന്നു. ഉത്തരായനം മകരം ഒന്നുമുതൽ ആരംഭിക്കുന്നു. മകരം ഒന്നിനാണ് ദക്ഷിണേന്ത്യയിൽ തൈപ്പൊങ്കൽ,മകരജ്യോതിദർശനം എന്നിവ. ഉത്തരആഷാഢനക്ഷത്രത്തിൽ സൂര്യൻ നിൽക്കുന്ന കാലത്ത് സൂര്യാസ്തമയവേളയിൽ എതിർഭാഗത്തെ രാശിയായ കർക്കിടകത്തിൽ അഗസ്ത്യോദയം ദർശിക്കാവുന്ന വേളയാണിത്. ജ്യോതിശ്ശാസ്ത്രപരമായ ഈ കാരണങ്ങളാൽ മകരസംക്രമകാലം ശ്രദ്ധേയമായിരിക്കുന്നു. ഉത്തരായനകാലം ഭാരതത്തിലെ സന്യാസപ്രസ്ഥാനങ്ങൾക്കെല്ലാം പ്രധാനപ്പെട്ട ഒന്നാണ്. ഇക്കാലത്താണ് ഗോവസൂരിപ്രയോഗത്തിനുള്ള ടീകയും കൊണ്ട് സന്യാസിസംഘങ്ങൾ കൽക്കത്തയിലും പ്രാന്തപ്രദേശങ്ങളിലും സഞ്ചരിച്ചിരുന്നതെന്ന് പാശ്ചാത്യഡോക്ടർമാർ 18ആം ശതകത്തിന്റെ ആദ്യകാലത്തുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരായനകാലം സ്ത്രീകളുടെ മാർകഴിനീരാട്ടും, തൈപ്പൊങ്കലും തൈപ്പൂയവും ശിവരാത്രിയും തിരുവാതിരയും കൊണ്ട് ആഘോഷനിർഭരമാണ്. ഭഗവന്നാമം പാടിയും ആടിയും കഴിയുന്ന ഈ പുണ്യാവസരം സൂര്യലോകപ്രാപ്തിയുടേതെന്ന് വിളിക്കപ്പെടുന്നത്, ഭൂമി

ഇക്കാലത്ത് സൂര്യനോട് ഏറ്റവും അടുത്ത് വരികയാലാണ്. സൂര്യന്റെ ആകർഷണപരിധിക്ക് ഏറ്റവും അടുത്താണ് അപ്പോൾ ഭൂമി. സൂര്യൻ ആത്മാവാണ്, ചൈതന്യമാണ്. പ്രകാശസ്ഥാനമാണ്. ചന്ദ്രാടിസ്ഥാനത്തിലുള്ള ശുക്ലപക്ഷത്തിൽ ആദിത്യവർണ്ണയായ ദേവിക്കാണ് പ്രാമുഖ്യം. ശുക്ലപക്ഷചതുർദ്ദശിയിൽ ചന്ദ്രനെ നോക്കി ദേവീധ്യാനം ചെയ്താൽ ദേവീദർശനം സാധിക്കും. പ്രകാശം പരത്തുന്ന സർവ്വവും സൂര്യമണ്ഡലാന്തർഗതമായ ചൈതന്യത്തെ സൂചിപ്പിക്കുന്നു. അവയിൽ, പടിപാടിപ്പോകുന്ന പഥികരും അന്ത്യയാത്ര പോകുന്ന സുകൃതികളും ബ്രഹ്മലോകം പ്രാപിക്കുന്നു.

ശ്ലോകം 25

ധൂമോ രാത്രിസ്തഥാ കൃഷ്ണഃഷണ്മാസാ ദക്ഷിണായനം

തത്ര ചാന്ദ്രമസം ജ്യോതിർയോഗീ പ്രാപ്യ നിവർത്തതേ

ധൂമം,രാത്രി, കൃഷ്ണപക്ഷം,ദക്ഷിണായനത്തിലെ ആറുമാസങ്ങൾ എന്നീ ചാന്ദ്രമാസജ്യോതിസ്സുകളിൽ ഗമിക്കുന്ന യോഗി തിരിച്ചുവരുന്നു. ദക്ഷിണായനം സൂര്യനിൽനിന്ന് ഭൂമി അകലേക്ക് പോകുന്ന കാലമാണ്. അപ്പോൾ ഭൂമിമേൽ ചന്ദ്രന്റെ പ്രഭാവം അധികമാകുന്നു.കാന്തികമണ്ഡലം ചാന്ദ്രകാന്തികമണ്ഡലത്തോട് അധികം പ്രതികരിക്കുന്നു.സൂര്യൻ പ്രകാശനക്ഷത്രം, സ്വയം കത്തിജ്വലിക്കുന്ന അഗ്നി. ചന്ദ്രൻ കെട്ടടങ്ങിയ ഉപഗ്രഹം. സ്വപ്രകാശമില്ലാതെ, പ്രതിഫലിപ്പിച്ച പ്രകാശം കൊണ്ട് തിളങ്ങുന്ന വസ്തു. ഉത്തരായനത്തിൽ സൂര്യനും ദക്ഷിണായനത്തിൽ ചന്ദ്രനും ഭൂമിമേലും അതിന്റെ ജീവജാലങ്ങളിന്മേലും കാന്തികപ്രഭാവം ചെയുത്തുന്നു. ചന്ദ്രമണ്ഡലം ഭൂമിയുടെ ആകർഷണവലയത്തിനുള്ളിലാകയാൽ ചന്ദ്രയാനം ഭൂമിയിലേക്ക് തിരിച്ചുവരുമെന്നതിന്ന് സൂചനയാണ്.

ദക്ഷിണായനം ഭാരതത്തിലെ ആരുരുക്ഷുക്കളായ ശമണന്മാരുടെ പര്യൂഷൻപർവ്വകാലമാണ്. ഭാദ്രമാസം മുതൽ ആശ്വിനമാസവാരം വരെ നീണ്ടുനിൽക്കുന്ന പര്യൂഷൻപർവ്വം കേരളീയർക്ക് വാമനാവതാരകാലമാണ്. ശ്രീഭഗവതി, ദുർഗ്ഗ മുതലായവരെ സഗുണോപാസന ചെയ്യുന്ന കാലവുമാണ്. തമിഴ് സംഘകാലത്തെ പരിപാടലിനു തുല്യമാണ് പര്യൂഷൻകാലത്ത് ജൈനസന്യാസിമാർ അനുഷ്ഠിച്ചിരുന്ന ചൈത്യപരിപാടി അഥവാ പരിപത്തി. ഇത് അവരുടെ പഞ്ചകർമ്മങ്ങളിലൊന്നാണ്. മറ്റു നാലെണ്ണം അഹിംസ, സധാർമ്മികഭക്തി, ക്ഷമാപണം,ഉപവാസം എന്നിവയാണ്. സംവത്സരിയുടെ ആരംഭത്തിൽ ജൈനന്മാർ കൽപ്പസൂത്രപരായണം, ശമദമാദികൾക്കുള്ള പ്രതിജ്ഞ ,പ്രതിക്രമം ഇവ നടത്തുന്നു. പൂർവ്വജന്മകൃതമായ പാപം നീങ്ങാനുള്ള പ്രായശ്ചിത്തകർമ്മമാണിത്. കാലത്തിന് അതീതമാണ് ബ്രഹ്മം. പിന്നെ കാലത്തെ ആധാരമാക്കി ബ്രഹ്മപ്രാപ്തി എങ്ങനെ നിർണ്ണയിക്കും. സൂര്യനും ചന്ദ്രനും ഭൂമിയും ഏതേതു കാലങ്ങളിൽ ഏറ്റവും അടുത്തുവന്ന് പരസ്പരാകർഷണം നടത്തുന്നു എന്ന് നോക്കിയാണ് ഒരു നിർണ്ണയം. അത് തികച്ചും ജ്യോതിശ്ശാസ്ത്രപരമാണ്. മറ്റൊന്ന് അഹിംസയെ ആധാരമാക്കിയാണ്. മഴക്കാലത്ത് പർവ്വം ആരംഭിച്ചാൽ നിരവധി ജന്തുക്കളേയും അവയുടെ കൃമികീടങ്ങളേയും അണ്ഡങ്ങളേയും സഞ്ചാരവേളകളിൽ നശിപ്പിക്കേണ്ടിവരും. അതിനാൽ അഹിംസാവാദികളായ ഭാരതീയർ (ബ്രാഹ്മണ,ബൌദ്ധ,ജൈനഭേദമില്ലാതെ)മഴക്കാലം ഗുഹകളിലോ വീട്ടിലോ ഗ്രന്ഥപാരായണവും സ്വാദ്ധ്യായവുമായി കഴിച്ചുകൂട്ടുന്നു. ഇതിന്റെ പേരാണ് ചാതുർമ്മാസ്യം. ദക്ഷിണായനകാലം ദക്ഷിണേന്ത്യയിൽ വർഷക്കാലമാണ്. ഉത്തരേന്ത്യയിൽ അക്കാലത്ത് മഴയില്ല. ദക്ഷിണേന്ത്യൻ സന്യാസിമാർ അതിനാൽ ഉത്തരായനത്തെ പര്യൂഷൻ പർവ്വമായി സ്വീകരിക്കുന്നു. ദക്ഷിണായനകാലത്ത് പുറത്തിറങ്ങിയാൽ നിരവധി ജന്തുക്കളെ അറിയാതെ ഹിംസിക്കേണ്ടിവരുമെന്നതിനാലാണ് ദക്ഷിണായനകാലത്ത് പ്രയാണം ചെയ്യുന്നവർവീണ്ടും വീണ്ടും ജനിക്കേണ്ടിവരുമെന്ന് പറയുന്നത്. വ്യാസമുനി ദക്ഷിണേന്ത്യക്കാരനായിരുന്നിരിക്കണം എന്നതിന് ഇതും ഒരു തെളിവായിരിക്കണം. 24ആം ശ്ലോകത്തിൽ ദേവയാനവും 25ആം

ശ്ലോകത്തിൽ പിതൃയാനവും പറയപ്പെട്ടു. യജ്ഞങ്ങളിൽ ദേവയജ്ഞത്തിന്റേയും പിതൃയജ്ഞത്തിന്റേയും ഫലം ഈ പ്രയാണം കൊണ്ട് ലഭിക്കുന്നു. ശുക്ലയജുർവ്വേദികളേയും കൃഷ്ണയജുർവ്വേദികളേയും സൂചിപ്പിക്കുന്നു എന്നും പറയപ്പെടുന്നു.

ശ്ലോകം 26

ശുക്ലകൃഷ്ണേ ഗതിഹ്യേതേ ജഗതഃശാശ്വതേ മതേ

ഏകയാ യാത്യനാവൃത്തിമന്യയാവർത്തതേ പുനഃ

ശുക്ലം,കൃഷ്ണം എന്ന ഈ രണ്ടു ഗതികൾ (മാർഗ്ഗം) ജഗത്തിൽ ശാശ്വതമായിട്ടുണ്ട്. ഒന്ന് ആവർത്തിരഹിതമാണ്. മറ്റേത് പുനരാവർത്തിയുള്ളതും. നിരയനമായ ജ്യോതിശ്ചക്രവും സായനമായ ഒന്നുമുണ്ട്. നിരയനചക്രം സൂര്യമണ്ഡലാന്തർഗ്ഗതമായ തേജസ്സിലേക്ക് നയിക്കുന്നു. സൂര്യതേജസ്സ് നക്ഷത്രമണ്ഡലമാണ്, അപരിമിതമാണ്. ചന്ദ്രമണ്ഡലം പ്രത്യേകക്ഷേത്രത്തിൽ കുടുങ്ങിക്കിടക്കുന്ന പരിമിതിയുള്ള തേജസ്സാണ്, സായനചക്രമാണ്. സൂര്യതേജസ്സ് നിർഗുണപരബ്രഹ്മം. ചന്ദ്രതേജസ്സ് സഗുണേശ്വരം. സൂര്യതേജസ്സ് ബ്രഹ്മം. ചന്ദ്രതേജസ്സ് മായാപ്രകൃതി. സൂര്യതേജസ്സ് അചലം. ചന്ദ്രതേജസ്സ് ചഞ്ചലപ്രകൃതി. ആവർത്തനോന്മുഖമായ ചന്ദ്രയാനം കൃഷ്ണവർണ്ണമായ ഭൂമിയുടെ തമസ്സിലേക്ക് നയിക്കുന്നു. ആദിത്യവർണ്ണമായ തേജസ്സിലേക്ക് സൂര്യതേജസ്സിനേ നയിക്കാനാവൂ.

ശ്ലോകം 27

നൈതേ സൃതി പാർത്ഥ ജാനൻ യോഗീ മുഹ്യതി കശ്ചന

തസ്മാത് സർവ്വേഷു കാലേഷു യോഗയുക്തോ ഭവാർജ്ജുനാ

അർജ്ജുനാ, ഈ രണ്ടു മാർഗ്ഗങ്ങളേയും അറിഞ്ഞ യോഗി മോഹിതനാവുകയില്ല. അതിനാൽ സർവ്വകാലത്തും യോഗയുക്തനായി ഭവിക്കുക.

ശ്ലോകം 28

വേദേഷു യജ്ഞേഷു തപസ്സു ചൈവ ദാനേഷു യത് പുണ്യഫലം പ്രദിഷ്ടം

അത്യേതി തത് സർവ്വമിദം വിദിത്വാ യോഗീ പരം സ്ഥാനമുപൈതി ചാദ്യം

വേദം,യജ്ഞം,തപസ്സ്, ദാനം എന്നിവയാൽ എന്തെല്ലാം പുണ്യഫലം ലഭിക്കുമോ അതെല്ലാം ഇതറിയുന്ന യോഗി അതിക്രമിക്കുന്നു. എല്ലാത്തിനും ആദ്യമായ പരമമായ സ്ഥാനം പ്രാപിക്കുന്നു. ഈ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവനെ സിദ്ധികൾ പ്രലോഭിപ്പിക്കുകയില്ല. കവിയായാലും അക്ഷരബ്രഹ്മജ്ഞാനിയായാലും തത്വജ്ഞാനിയായാലും അക്ഷരബ്രഹ്മയോഗി അഹങ്കരിക്കുന്നില്ല.ശുക്ലവും കൃഷ്ണവുമായ മാർഗ്ഗങ്ങളറിഞ്ഞ് വിഭൂതികളിൽ അഹങ്കരിക്കാതെ അവൻ വിനയശാലിയായിരിക്കുന്നു. നാലുവരി ശ്ലോകമെഴുതിയാലോ നാലാൾ പണ്ഡിതനെന്ന് വിളിച്ചാലോ അഹങ്കരിക്കാനൊന്നുമില്ല എന്ന് അവനറിയാം. അവന്റെ മാർഗ്ഗം പ്രകാശസാഗരങ്ങൾ അലയടിച്ചാർത്തെത്തിവന്ന് പ്രശാന്തമാകുന്ന ഊർജ്ജഭൂമികളാണ്. ലക്ഷ്യം പ്രകാശസ്ഥാനമായ ആദിത്യവർണ്ണം മാത്രം. അക്ഷരബ്രഹ്മം മാത്രം. പേരും സ്ഥാനമാനങ്ങളും പുണ്യപാപഫലങ്ങളും കടന്ന്, അതീതമായൊരു അതീന്ദ്രിയലോകത്തിലെത്തിയവനാണ് ആദ്യമെന്ന് വിളിക്കപ്പെട്ട അനാദിപുരുഷപദം പൂകുന്നത്.

അഹസ്സൊടുങ്ങവേ നിലാവൊഴുകുമെന്നകത്തളത്തിൽ വന്നിരുന്ന നിന്മുന്നിൽ

അനാദിപൂരുഷാ, നിവേദിക്കട്ടെ ഞാൻ മനോവചക്രിയാമധുരമീയന്നം
(ബാലാമണിയമ്മ)

അദ്ധ്യായം 9

രാജവിദ്യാ രാജഗുഹ്യയോഗം

ജീവിതത്തിന്റെ ആനന്ദം കാട്ടിത്തരുന്ന രാജവിദ്യാരാജഗുഹ്യം പവിത്രമിദമുത്തമം ഗീതയുടെ മദ്ധ്യഭാഗത്ത് തൂക്കിയിട്ട അതിമനോഹരമായ സ്യമന്തകരത്നമാണ്. ഗീതാമാല്യത്തിനു നടുവിൽ പ്രത്യക്ഷാവഗമമായ ഈ മുത്ത്. മധുരമായ ഈ മുത്തു ജപിച്ചുകൊണ്ടാണ് ജ്ഞാനദേവൻ പ്രാമത്യാഗം ചെയ്തത്. കർമ്മയോഗത്തിൽ കർമ്മഫലത്തെ അത്യുൽക്കടമായ ഭക്തിഭാവനയോടെ ഈശ്വരന് സമർപ്പിക്കുന്നു. കർമ്മവും ഭക്തിയും സമന്വയിച്ചാൽ രാജയോഗമായി. എനിക്ക് ഈ അദ്ധ്യായത്തോട് ഒരു മമതയുണ്ട്. ലോകം മുഴുവനും പ്രകാശം പരത്തുന്ന വിവസ്വാനെ എന്റെ ചെറുജീവിതമാകുന്ന നെയ് വിളക്ക് കൊളുത്തി,ആരാധിക്കുന്നു. എന്റെ അനുഭവങ്ങളുടെ ഒരു കുമ്പിൾ ജലം അർപ്പിച്ച് ആ ജ്ഞാനപാരാവാരത്തെ ഞാൻ പൂരിപ്പിക്കുന്നു. ആ ഭാവനയാണ് എന്നെ ഞാനാക്കുന്നത്. എന്നെ ഭഗവാനു പ്രിയയാക്കുന്നുത്. ലാക്കുകളുടെ ഈ തുളസിമാലയും ഞാൻ അവിടുത്തേക്ക് അർപ്പണമാക്കി ചെയ്യുന്ന കർമ്മമത്രേ.

ശ്ലോകം 1 ശ്രീഭഗവാനുവാചഃ

ഇദം തുതേ ഗുഹ്യതമം പ്രവക്ഷ്യാമ്യനസൂയവേ

ജ്ഞാനം വിജ്ഞാനസഹിതം യജ്ഞാത്വാ മോക്ഷ്യസേശുഭാത്

ഏറ്റവും ഗുഹ്യമായ വിശിഷ്ടാനുഭവസഹിതം ഈ ജ്ഞാനത്തെ അനസൂയനായ നിനക്ക് ഞാൻ പറഞ്ഞുതരാം. ഇതിനെ അറിഞ്ഞ് അശുഭങ്ങളിൽനിന്ന് നീ മോക്ഷം പ്രാപിക്കും.

ഭാരതത്തിൽ ഓരോ ശിശുവും-ആണായാലും പെണ്ണായാലും - ജന്മമെടുക്കുന്നത് സർവ്വഭൂതങ്ങൾക്കുമായുള്ള ധർമ്മഭണ്ഡാരത്തിന്റെ രക്ഷക്കായിട്ടാണെന്ന് വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. സർവ്വഭൂതസ്യ ധർമ്മകോശസ്യ ഗുപ്തയേ. ഗുപ്തമായത് മറഞ്ഞിരിക്കുന്നതും സംരക്ഷിക്കപ്പെടേണ്ടതുമായ ഒന്നാണ്. ആ ജ്ഞാനഭണ്ഡാരത്തിന്റെ താക്കോൽ ഗുപ്തയോഗികളായ ഗൃഹസ്ഥന്മാർക്കും വ്യക്തയോഗികളായ ജ്ഞാനികൾക്കും ഒരുപോലെ പ്രാപ്തമാണെന്നതാണ് ഗീതയുടെ സന്ദേശം. കാരണം ആ നിധി ആർക്കും സ്വന്തമല്ല, സർവ്വ ഭൂതങ്ങൾക്കും കൂടിയുള്ളതാണ്.ആ ധർമ്മനിധിയെ അറം അഥവാ ധർമ്മം കാക്കുന്ന ഭാരതീയർ എന്ന നാഗവംശീയർ സംരക്ഷിച്ചുപോരുന്നു. ഈ മഹാജ്ഞാനനിധിയെ സ്വാനുഭൂതിസഹിതെ മറ നീക്കി കാട്ടുകയാണ് കൃഷ്ണൻ. അനസൂയനായ പാർത്ഥന് ആ മറ നീക്കിക്കൊടുക്കുന്നതിൽ അദ്ദേഹത്തിന് ആനന്ദമുണ്ട്.

ശ്ലോകം 2

രാജവിദ്യാ രാജഗുഹ്യം പവിത്രമിദമുത്തമം

പ്രത്യക്ഷാവഗമം ധർമ്മ്യം സുസുഖം കർത്തുമവ്യയം

ഇത് രാജവിദ്യയാണ്,രാജഗുഹ്യമാണ്. പവിത്രവും ഉത്തമവുമാണ്. പ്രത്യക്ഷാവഗമമാണ്. എല്ലാവരും അനുസരിക്കേണ്ട ധർമ്മമാർഗ്ഗമാണ്. അനുഷ്ഠിക്കാൻ സുഖകരമാണ്. നാശരഹിതമാണ്.വിദ്യകളുടേയും ഗുപ്തജ്ഞാനങ്ങളുടേയും ചക്രവർത്തിയായ ഈ അപൂർവ്വരഹസ്യം സർവ്വഭൂതങ്ങൾക്കും അനുഷ്ഠിക്കാവുന്ന ധർമ്മമാർഗ്ഗമാണ്. അതുകൊണ്ടാണ് ഈ ധർമ്മപഥത്തെ മാത്രം മറ്റുമാർഗ്ഗങ്ങളിൽനിന്ന് വേർതിരിച്ചെടുത്ത് ബുദ്ധൻ ഉപദേശിച്ചത് പവിത്രവും ഉത്തമവുമായ രാജയോഗം

ഓരോ വ്യക്തിക്കും പ്രത്യക്ഷമായി അറിയാൻ കഴിയുന്ന സ്വാനുഭവജ്ഞാനമാണ്. ഇങ്ങനെ പരസ്യമായ ഈ രഹസ്യത്തെ അനുഭവിച്ചറിയണമെങ്കിൽ ശ്രദ്ധ വേണം.

ശ്ലോകം 3

അശ്രദ്ധധാനാഃപുരുഷാ ധർമ്മസ്യാസ്യ പരന്തപ

അപ്രാപ്യ മാം നിവർത്തന്തേ മൃത്യുസംസാരവർത്മനി

ധർമ്മത്തിൽ അശ്രദ്ധ കാട്ടുന്ന പുരുഷന്മാർ എന്നെ പ്രാപിക്കാതെ മൃത്യുസംസാര മാർഗ്ഗത്തിലേക്ക് തിരിച്ചുപോകുന്നു. പിതൃയാനത്തിൽ മനുഷ്യർ ജനനമരണരൂപ മായ പുനരാവർത്തിചക്രത്തിലേക്ക് തിരിച്ചുപോകുന്നു. അവരുടെ ഈ വാഴ്ചക്ക് കാരണം ധർമ്മപഥത്തിൽ വരുത്തിയ അശ്രദ്ധയാണ്. ഭക്തിശ്രദ്ധകളോടെ ധർമ്മം ആചരിക്കയും അതിന്റെ ഫലത്തെ ഈശ്വരന് അർപ്പിക്കയും ചെയ്യുമ്പോൾ ഈശ്വ രത്വം പ്രാപിക്കുന്നു. പുനരാവർത്തിരഹിതമായ പരമപദം പൂകുന്നു. ഈ ധർമ്മ പഥസഞ്ചാരത്തെ ബുദ്ധമതവും ഉയർത്തിപ്പിടിക്കുന്നു.

ശ്ലോകം 4

മയാ തതമിദം സർവ്വം ജഗദവ്യക്തമൂർത്തിനാ

മത് സ്ഥാനി സർവ്വഭൂതാനി ന ചാഹം തേഷ്വവസ്ഥിതഃ

അവ്യക്തമൂർത്തിയായ എന്നാൽ ഇക്കാണുന്ന സർവ്വജഗത്തും നിറഞ്ഞിരിക്കുന്നു. സർവ്വഭൂതങ്ങളും എന്റെ സ്ഥാനത്തിരിക്കുന്നു. ഞാനാകട്ടെ,അവയിലിരിക്കുന്നില്ല. ആത്മാവ് ശരീരത്തിലിരിക്കുന്നു എന്നതല്ല ശരി. എല്ലാ ശരീരങ്ങളും ആത്മാവിലി രിക്കുന്നു എന്നതാണ്.കുടത്തിൽ വായു ഉണ്ട് എന്നതല്ല ശരി, കുടം വായുവിലിരി ക്കുന്നു എന്നതാണ്. ചൈതന്യരൂപമായ ഖം ഗ്രഹനക്ഷത്രാദികളിലിരിക്കുന്നു എന്ന തല്ല ശരി, ഗ്രഹനക്ഷത്രാദികൾ ചൈതന്യമായ ഖത്തിലിരിക്കുന്നു എന്നതാണ്. എന്നിൽ ഈശ്വരചൈതന്യമുണ്ട് എന്നല്ല, ഞാൻ ആ ചൈതന്യത്തിലാണ് ഇരിക്കു ന്നതും ശ്വസിക്കുന്നതും ജീവിക്കുന്നതും വിലയിക്കുന്നതുമെന്നാണ് ശരി. പരമപ ദമായ ചൈതന്യധാമത്തിലാണ്, ചിത്കണം മാത്രമായ എന്റെ സ്ഥിതി. ചൈതന്യ സാഗരത്തിലാണ് തുള്ളിയായ ഞാനിരിക്കുന്നത്. സർവ്വ പ്രാണികളിലും ആത്മാവി രിക്കുന്നു എന്ന പ്രാഥമികസങ്കൽപത്തിൽനിന്ന് ,സർവ്വജീവികളും ആത്മപ്രകാശത്തി ലിരിക്കുന്നു എന്ന പരമാർത്ഥസത്യത്തിലേക്ക് പതുക്കെ നമ്മെ നയിക്കുന്നത് ആ അനുഭൂതി ഉണ്ടാക്കിത്തരാനാണ്.

ശ്ലോകം 5

ന ച മത്സ്ഥാനി ഭൂതാനി പശ്യമേ യോഗമൈശ്വരം

ഭൂതഭൃന്ന ച ഭൂതസ്ഥോ മമാത്മാ ഭൂതഭാവനാഃ

എന്നാൽ ഭൂതങ്ങൾ എന്റെ സ്ഥാനത്തിരിക്കുന്നുമില്ല. നോക്കു, എന്റെ ഐശ്വരമായ യോഗവൈഭവം. എന്റെ ആത്മാവ് ഭൂതങ്ങളെ ഭരിക്കുന്നു, ഭൂതങ്ങളെ ഭാവിക്കു ന്നു . ഭൂതങ്ങളിലിരിക്കുന്നില്ല. ഓരോ ചിത്കണവും ചൈതന്യസാഗരത്തിന്റെ അംശമാണ്. എന്നാലവ സാഗരമാവുന്നില്ല. അവയൊന്നും തന്നെ ഞാനല്ല. ഞാനവ യെ ഭാവന ചെയ്യുന്നു.സൃഷ്ടിക്കുന്നു. അവയിൽ മാത്രം ഒതുങ്ങിയിരിക്കുന്നില്ല. കവിയുടെ ആത്മാംശം കവിതകളിലും രചനകളിലും കഥാപാത്രങ്ങളിലും ഉടനീളം തുടിച്ചുനിൽക്കുന്നു. എങ്കിലും കവിതയും രചനയും കഥാപാത്രവും പൂർണ്ണമായും കവിയല്ല. അതുപോലെയാണ് പഞ്ചഭൂതാത്മകമായ ജഗത്തും . വ്യാസന്റെ ആത്മാം ശം തുടിച്ചുനിൽക്കുന്ന ഗീത വായിക്കുമ്പോലും ഐശ്വരമായ ആ യോഗവൈഭവം കൺമുന്നിൽ ദൃശ്യമാകുന്നു.

ശ്ലോകം 6

യഥാകാശസ്ഥിതോ നിത്യം വായുഃ സർവ്വത്രഗോ മഹാൻ

തഥാ സർവ്വാണി ഭൂതാനി മത്സ്ഥാനീത്യുപധാരയ

സർവ്വത്ര സഞ്ചരിക്കുന്ന വായു നിത്യവും ആകാശസ്ഥിതനായി മഹാനായി വർത്തിക്കുന്നതുപോലെ സർവ്വഭൂതങ്ങളും എന്നിലിരിക്കുന്നു എന്നറിയുക. ഭൂതങ്ങൾ സഞ്ചരിക്കുന്നവയാണ്. പരിണമിക്കുന്നവയാണ്. ചൈതന്യം പരിണമിക്കാത്ത നിരയനമാണ്. സായനമായ ഭൂതപ്രപഞ്ചവും ജനിമൃതിചക്രങ്ങളും നിരയനമായ ശാശ്വതമായ പരമപദമായ ചൈതന്യത്തിൽത്തന്നെ ഇരിക്കുന്നു. ഈ വൈരുദ്ധ്യാത്മകവാദത്തെ (ഡയലക്ടിക്സ്) വായുവിന്റെ ഉപമയിലൂടെ കാണിക്കുന്നു. നിരയനനക്ഷത്രമാർഗ്ഗത്തിൽ സായനങ്ങളും ക്ഷേത്രസ്ഥിതന്മാരുമായ ഗ്രഹങ്ങൽ സഞ്ചരിക്കുകയും ഒരേ സ്ഥാനത്തുതന്നെ വർത്തിക്കയും ചെയ്യുന്നു.(ഒരേ കക്ഷ്യ അഥവാഭ്രമണപഥത്തിൽ). ചലനവും അചഞ്ചലത്വും ഒരേ സമയം (simultaneous) സംഭവിക്കുന്നു.

ശ്ലോകം 7

സർവ്വഭൂതാനി കൌന്തേയ പ്രകൃതിം യാന്തി മാമികാം

കൽപക്ഷയേ പുനസ്താനി കൽപ്പാദൌ വിസൃജാമ്യഹം

സർവ്വഭൂതങ്ങളും എന്റെ പ്രകൃതിയിൽ ഇരിക്കുന്നു. ലയിക്കുന്നു (കൽപം കഴിയുമ്പോൾ). കൽപ്പാരംഭത്തിൽ ഞാനവയെ വീണ്ടും പുനർസൃഷ്ടിക്കുന്നു.

ശ്ലോകം 8

പ്രകൃതിം സ്വാമവിഷ്ടഭ്യ വിസൃജാമി പുനഃപുനഃ

ഭൂതഗ്രാമമിമം കൃത്സ്നമവശം പ്രകൃതേർവശാത്.

പ്രകൃതിവശന്മാരായി അവശന്മാരായിത്തീർന്ന ഭൂതസമൂഹങ്ങളെ സ്വപ്രകൃതിയെ അവലംബിച്ച ഞാൻ വീണ്ടും പുറത്തുവിടുന്നു. ഭൂതങ്ങളുടെ പ്രകൃതിക്ക് ചേർന്നതാണ് വീണ്ടും ജനനം. അത് അവർ ചെയ്യുന്നു. സൃഷ്ടി സ്വയംപൂർണ്ണമായ ഒരാളുടെ സ്വഭാവമാണ് എന്ന് ശങ്കരാചാര്യർ പറഞ്ഞിട്ടുണ്ട്. അതിനാൽ പൂർണ്ണത എന്ന സ്വഭാവത്തെ ആശ്രയിച്ച് തന്നിൽനിന്ന് വീണ്ടും വീണ്ടും ഭൂതങ്ങളെ സൃഷ്ടിക്കുന്നത് ബ്രഹ്മത്തിന്റെ സ്വഭാവവുമാണ്. ഈ സൃഷ്ടികൾ സ്വഭാവജന്യമാ് . അതിൽ ബ്രഹ്മത്തിന് ആസക്തിയില്ല.

ശ്ലോകം 9

ന ച മാം താനി കർമ്മാണി നിബധ്നന്തി ധനഞ്ജയ

ഉദാസീനവദാസീനമസക്തം തേഷു കർമ്മസു

ആ കർമ്മങ്ങളിൽ അസക്തനായി ഉദാസീനനെപ്പോലിരിക്കുന്ന എന്നെ, കർമ്മങ്ങൾ ബന്ധിക്കുന്നില്ല. സ്വന്തം മാതൃകയാണ് മറ്റുള്ളവർക്ക് കൃഷ്ണൻ കാട്ടിത്തരുന്നത്. ഞാൻ സർവ്വഭൂതങ്ങളുടേയും സർവ്വ കർമ്മങ്ങളുടേയും സ്രഷ്ടാവാണ്. എന്നാൽ അതെന്റെ സ്വഭാവമെന്നറിഞ്ഞ്, കർമ്മത്തിലോ ഫലത്തിലോ ആസക്തി കൂടാതെ ഉദാസീനനെപ്പോലെയാണ് നിർവ്വഹിക്കുന്നത്. ഫലാസക്തി ഇല്ലാത്തതിനാൽ സൃഷ്ടി കർമ്മം എന്നെ ബന്ധിക്കുന്നില്ല. ഒരാൾ തനിക്കൊരു കുഞ്ഞുണ്ടായി അത് വളർന്ന് തനിക്കെന്തു തരുമെന്ന് ചിന്തിക്കുന്നതായാൽ അയാൾ ബന്ധനസ്ഥനായി. ഈശ്വരൻ തനിക്കു തന്ന വരദാനമെന്നു കരുത് വാത്സല്യപൂർവ്വം ഈശ്വരാർപ്പണമായി വളർത്തുന്ന പക്ഷം ബന്ധനസ്ഥനാവുന്നില്ല. കവി രചനകൾ കൊണ്ടുവരുന്ന പണത്തി

നും പ്രശസ്തിക്കും കാത്തിരിക്കുന്ന പക്ഷം തന്റെ സൃഷ്ടിയുടെ ബന്ധനത്തിലാണ്. ആത്മനിവേദനഭാവത്തിൽ രചനകളെ ഈശ്വരാർപ്പണമാക്കുന്ന പക്ഷം പണമോ പദവിയോ രചനയോ അയാലെ ബന്ധനസ്ഥനാക്കുന്നില്ല. പ്രപഞ്ചസൃഷ്ടികൊണ്ട് ബ്രഹ്മവും ബാധിക്കപ്പെടാത്തത് ഫലത്തിലുള്ള അനാസക്തി കൊണ്ടാണ്.

ശ്ലോകം 10

മയാദ്ധ്യക്ഷേണ പ്രകൃതിഃ സൂയതേ സചരാചരം

ഹേതുനാനേന കൌന്തേയ ജഗദ് വിപരിവർത്തതേ

എന്റെ അദ്ധ്യക്ഷതയിൽ പ്രകൃതി ചരാചരങ്ങളെ പ്രസവിക്കുന്നു. അതു ഹേതുവായി ജഗത്തിന്റെ വിപരിവർത്തനം സംഭവിക്കുന്നു. പുരുഷന് അദ്ധ്യക്ഷതയുണ്ട്. സ്ത്രീയാണ് പ്രസവിക്കുന്നത്. അദ്ധ്യക്ഷതയും പ്രസവവും തന്നിൽത്തന്നെ നടക്കുന്ന അർദ്ധനാരീശ്വരരൂപമാണ് പരമപദം. സ്വപ്രകൃതിയാൽ അത് പ്രസവിക്കുന്നു. സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. പ്രപഞ്ചവ്യാപാരം അവിരാമം തുടർന്നുപോകുന്നു.

ശ്ലോകം 11

അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം

പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം

ഭൂതമഹേശ്വരമായ എന്റെ പരംഭാവത്തെ അറിയാത്ത മൂഢന്മാരായ ജനങ്ങൾഎന്നെ മനുഷ്യരൂപം ആശ്രയിച്ചിരിക്കുന്നവനെന്ന് കരുതി അവമതിക്കുന്നു.

എല്ലാ മനുഷ്യരൂപങ്ങളും എല്ലാ അവതാരങ്ങളും ബ്രഹ്മത്തിലിരിക്കുന്ന ചിത്കണങ്ങളാണ്. സർവ്വഭൂതങ്ങൾക്കും ഈശ്വരനും ഇരിപ്പിടവും പരമധാമവും ലിംഗഭേദമില്ലാത്തതുമായ മഹസ്സാണ് ഞാൻ. അപ്രകാരമുള്ള എന്നെ ശരിക്കു മനസ്സിലാക്കാത്തവർ ഒന്നുകിൽ ഏതെങ്കിലുമൊരു അവതാരരൂപത്തിൽ മാത്രം അവരോധിച്ച് സഗുണേശ്വരമതങ്ങളുണ്ടാക്കുന്നു. അല്ലെങ്കിൽ, മനുഷ്യദേഹമാണ് ഞാനെന്ന് കരുതി വൈരുദ്ധ്യാത്മകഭൌതികവാദത്തിൽ കുടുങ്ങുന്നു. രണ്ടായാലും വിഡ്ഢിത്തം തന്നെ . രണ്ടും എന്നെ നിന്ദിക്കലാണ്.

ശ്ലോകം 12

മോഘാശാ മോഘകർമ്മാണോ മോഘജ്ഞാനാ വിചേതസഃ

രാക്ഷസീമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ

ശ്ലോകം 13

മഹാത്മാനസ്തു മാം പാർത്ഥ ദൈവീം പ്രകൃതിമാശ്രിതാഃ

ഭജന്ത്യനന്യമനസോ ജ്ഞാത്വാ ഭൂതാദിമവ്യയം

വ്യർത്ഥമായ ആശകളും വ്യർത്ഥകർമ്മങ്ങളും വ്യർത്ഥമായഅറിവും ഉള്ള ചേതസ്സു കെട്ടവർ രാക്ഷസവും ആസുരവും മോഹനവുമായ പ്രകൃതിയെ ആശ്രയിക്കുന്നു. മഹാത്മാക്കൾ ദൈവീപ്രകൃതിയെ ആശ്രയിച്ച് എന്നെ നാശരഹിതമായ ഭൂതാദികാരണം എന്നറിഞ്ഞ് അനന്യമാനസരായി ഭജിക്കുന്നു.ഇന്ദ്രിയപ്രീതിക്കുവേണ്ടി ആശിക്കുകയും കർമ്മം ചെയ്യുകയും ചെയ്യുന്നത് ആസുരീപ്രകൃതികളാണ്. ഇതിനെത്തന്നെ രാക്ഷസി എന്നും മോഹിനി എന്നും വിളിക്കുന്നു. മോഹജാലത്തിൽ കുടുക്കുന്നവളാണ് മോഹിനി. ആസുരികൾക്ക് അറിവുണ്ടായിട്ടും കാര്യമില്ല. ഇന്ദ്രിയപൂരണത്തിനുള്ള അമിതമായ ആശയാൽ ആ അറിവ് വ്യർത്ഥമായിപ്പോ

കുന്നു. ദൈവീപ്രകൃതിയെ ആശ്രയിച്ച് അനന്യമാനസരായി ഭജിക്കുന്നവർ ഫലം ആഗ്രഹിക്കുന്നില്ലെങ്കിലും ഫലം ലഭിക്കുന്നു. അനന്യമാനസരായി ശ്രദ്ധാപൂർവ്വം വിചാരിക്കാനുള്ള കഴിവാണ് ധ്യാനം തരുന്നത്.

തത്രാന്വഹം കൃഷ്ണകഥാപ്രഗായതാം അനുഗ്രഹേണ ശൃണവം മനോഹരാഃ

താഃശ്രദ്ധയാമേനുപദം വിശൃണ്വതഃ പ്രിയശ്രവസ്യംഗ മമാഭവദ്രുചിഃ

അതിൽ അഭിരുചിയുണ്ടായാൽ മനുഷ്യൻ രക്ഷപ്പെട്ടു.

ശ്ലോകം 14

സതതം കീർത്തയന്തോ മാം യതന്തശ്ച ദൃഢവ്രതാഃ

നമസ്യന്തശ്ച മാം ഭക്ത്യാ നിത്യയുക്താ ഉപാസതേ

എപ്പോഴും ദൃഢവ്രതരായി യത്നിക്കുന്നവരും എന്നെ കീർത്തിക്കുന്നവരുമായി, ഭക്തിയോടുകൂടി എന്നെ സ്മരിക്കുന്നവരായി, അതിൽ നിത്യയുക്തരായി മഹാത്മാക്കൾ എന്നെ ഉപാസിക്കുന്നു.

ശ്ലോകം 15

ജ്ഞാനയജ്ഞേന ചാപ്യന്യേ യജന്തോ മാമുപാസതേ

ഏകത്വേന പൃഥക്ത്വേന ബഹുധാ വിശ്വതോമുഖം

ചിലർ ജ്ഞാനയജ്ഞത്താൽ എന്നെ യജിക്കുന്നു. ഏകഭാവത്തിലും പൃഥക്ഭാവത്തിലും പലവിധത്തിൽ വിശ്വരൂപനായ എന്നെ ഉപാസിക്കുന്നു. ഏകത്വം അദ്വൈതമാണ്. പൃഥക്ത്വം നാനാത്വവും. ഈശ്വരനെ സഗുണരൂപത്തിൽ പലതായി ഉപാസിക്കുന്ന രീതിയാണത്. വിഷ്ണു,ശിവൻ,കാളി, കർത്താവ്,യേശു എന്നെല്ലാം നാനാരൂപത്തിൽ ന്നെ ആരാധിക്കുന്ന സഗുണേശ്വരാരാധന എന്ന ദ്വൈതസിദ്ധാന്തവും നിലവിലുണ്ട്. ഈ ബഹുവിധങ്ങളായ ഉപാസനാമാർഗ്ഗങ്ങളെല്ലാം തന്നെ എന്നിലെത്തുന്നു. കാരണം,

ശ്ലോകം 16

അഹംക്രതുരഹം യജ്ഞഃ സ്വധാഹമഹമൗഷധം

മന്ത്രോഹമഹമേവാജ്യമഹമഗ്നിരഹം ഹുതം

ക്രതുവും യജ്ഞവും ഞാനാണ്. മന്ത്രവും ആജ്യവും അഗ്നിയും ആഹൂതിയും ഞാനാണ്. ശ്രുതിപ്രകാരമുള്ള എല്ലാ വൈദികകർമ്മങ്ങളും(ജ്യോതിഷ്ടോമം മുതലായവ)ഞാനാണ്. ഔപാസനം മുതൽ ഈശാനബലി വരെയുള്ള സ്മൃതിപ്രകാരമുള്ള യജ്ഞങ്ങളും പഞ്ചമഹായജ്ഞങ്ങളും ഞാനാണ്. പിതൃശ്രാദ്ധത്തിലുപയോഗിക്കുന്ന സ്വധ എന്ന ഘൃതവും ഞാനാണ്. ഔഷധവിദ്യ അറിയുന്നവർ ശരീരത്തെ നിലനിർത്താനും ആരോഗ്യത്തിനുമായി നൽകുന്ന അന്നം ,ഔഷധം മുതലായവയും ഞാനാണ്. മന്ത്രോപാസകരുടെ മന്ത്രമെല്ലാം ഞാനാണ്. ആജ്യപന്മാർക്ക് മുഖ്യമായ ആജ്യം (ചരു, പുരോഡാശം)ഞാനാണ്. അഗ്നിയും അഗ്നിയിൽ ചെയ്യുന്ന ആഹൂതിയും ഞാൻതന്നെയാണ്. അപ്രകാരം ഞാൻ വിശ്വതോമുഖനായിരിക്കുന്നു. വിഭിന്ന ആരാധനാസമ്പ്രദായക്കാർ അവരവരുടെ രീതിയിൽ ചെയ്യുന്നതെല്ലാം ഞാനാണ്, അവയുടെ ഫലവും ഞാനാണ്.

ശ്ലോകം 17

പിതാഹമസ്യ ജഗതോ മാതാ ധാതാ പിതാമഹഃ

വേദ്യം പവിത്രമോങ്കാരം ഋക്സാമയജുരേവ ച

ഞാൻ ഈ ജഗത്തിന്റെ പിതാവും മാതാവും ധാതാവുമാണ്.ഞാനാണ് അറിയപ്പെ ടേണ്ട വിഷയം. പവിത്രമായ ഓങ്കാരവും , ഋക്ക്, യജുസ്സ്, സാമം മുതലായ വേദങ്ങളും ഞാനാണ്. അതിനാൽ അവയെ ഉപാസിക്കുന്നവരെല്ലാം എന്നെത്തന്നെ ഉപാസിക്കുന്നു

ശ്ലോകം 18

ഗതിർഭർത്താ പ്രഭുഃസാക്ഷീ നിവാസഃ ശരണം സുഹൃത്

പ്രഭവഃപ്രളയഃസ്ഥാനം നിധാനം ബീജമവ്യയം

ഗതിയും ഭർത്താവും പ്രഭുവും സാക്ഷിയും നിവാസവും ശരണവും സുഹൃത്തും ഞാനാണ്. എല്ലാ ജീവജാലങ്ങളും ഏതൊരു പ്രാപ്യസ്ഥാനത്തെത്തുവാൻ തിരക്കു പിടിച്ച് ഓടുന്നുവോ ആ സ്ഥാനവും ഗതിയും ഞാൻതന്നെ. സർവ്വചരാചരങ്ങ ൾക്കും ശരണം ഞാൻ മാത്രമാണ്. അവരുടെ സുഹൃത്തും ഞാനാണ്. വസ്തുക്കൾ പ്രഭവിക്കുന്നത് എന്തിൽനിന്നോ പ്രലയിക്കുന്നത് ഏതിലേക്കോ ആ സ്ഥാനവും ഞാൻതന്നെ. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ എന്നിൽത്തന്നെ സംഭവിക്കുന്നു.ഞാൻ എല്ലാത്തിനും ആധാരമാണ്. എന്നെ അവ്യയമായ (നാശരഹിതം)വിത്ത് എന്ന് പറയുന്നത് ഞാനാകുന്ന ബീജത്തിൽനിന്ന് പ്രപഞ്ചവൃക്ഷം വീണ്ടും വീണ്ടും മുളച്ച് വരുന്നതുകൊണ്ടാണ്.

ശ്ലോകം 19

തപാമ്യഹമഹം വർഷം നിഗൃഹ്ണാമ്യുത്സൃജാമി ച

അമൃതം ചൈവ മൃത്യുശ്ച സദസച്ചാഹമർജ്ജുന

ഹേ, അർജ്ജുനാ, ഞാൻ തപിക്കുന്നു, വർഷത്തെ നിഗ്രഹിക്കുകയും ഉത്സർജ്ജിക്കു കയും ചെയ്യുന്നു. അമൃതവും മൃത്യുവും ഞാനാണ്. സത്തും അസത്തുംഞാനാണ്.

ഞാൻ നിത്യതപം ചെയ്യുന്നു. അപ്രകാരം സർവ്വർക്കും ചൂടു നൽകുന്നു. ഇക്കാര്യ ത്തിൽ ഞാൻ സൂര്യസമനാണ്. എന്റെ താപം കൊണ്ട് എട്ടുമാസം വെയിലും നാ ലുമാസം വൃഷ്ടിയും ലഭിക്കുന്നു. മഴ ഇല്ലാതാക്കുന്നതും മഴ പെയ്യിക്കുന്നതും ഞാ നാണ്. വർഷമെന്ന വാക്കിന് മഴ എന്നു മാത്രമല്ല അർത്ഥം. സംവത്സരം എന്നു കൂടിയാണ്. കാലത്തെ ഉണ്ടാക്കുന്നതും ഋതുചക്രത്തെ പ്രവർത്തിപ്പിക്കുന്നവനും സൂര്യനാണ്.സൂര്യസമനായ ഭഗവാനാണ്. പുതുസംവത്സരങ്ങളേയും ഋതുക്കളേയും തപശ്ശക്തിയാൽ തന്നിൽനിന്നു തന്നെ സ്രവിപ്പിക്കുന്നവനും ഭാവിവംശങ്ങളുടെ ജനയിതാവും ഞാനാണ്. അതിനാൽ ഞാനാണ് അമൃതത്വം. പൂർവ്വികവംശങ്ങളെ നശിപ്പിച്ചതും ഞാനാകയാൽ ഞാൻ മൃത്യുവുമാണ്. കാലത്തിന്റെ സവിശേഷമായ ഈ ലീലയുടെ സാക്ഷിയും, ആ ലീലയും, ലീലയാടുന്ന പുരുഷനും ഞാൻ തന്നെ യാണ്. അഹം ക്രതു എന്നതുമുതൽ ഇതുവരെയുള്ള ഭാഗം കൊണ്ട് ബ്രഹ്മസ്വരൂ പം നിർദ്ദേശിക്കുന്നു.

ശ്ലോകം 20

ത്രൈവിദ്യാ മാം സോമപാഃപൂതപാപാ യജ്ഞൈരിഷ്ട്വാ സ്വർഗതിം പ്രാർത്ഥയന്തേ

തേ പുണ്യമാസാദ്യ സുരേന്ദ്രലോകമശ്നന്തി ദിവ്യാൻ ദിവി ദേവഭോഗാൻ

ത്രിവേദികളും സോമപരും പാപം തീർന്ന് യജ്ഞത്താൽ എന്നിൽ ഇഷ്ടത്തോടുകൂടി സ്വർഗ്ഗതിക്കായി പ്രാർത്ഥിക്കുന്നു. അവര് പുണ്യലോകങ്ങളായ സുരേന്ദ്രലോകത്തെ ആഗ്രഹിച്ച് അതുനേടി ദിവ്യങ്ങളായ ദേവഭോഗങ്ങൾ ആസ്വദിച്ച് അനുഭവിക്കുന്നു. ബ്രഹ്മസായൂജ്യം പ്രാപിച്ചവരുടേതിനേക്കാൾ താഴെയാണ് സ്വർഗ്ഗലോകകാമികളുടെ

നില. എങ്കിലും അവരുടെ ആഗ്രഹത്തേയും സാക്ഷിയായി നിന്ന് ബ്രഹ്മം തന്നെ നിവർത്തിക്കുന്നു.

ശ്ലോകം 21

തേ തം ഭുക്ത്വാ സ്വർഗ്ഗലോകം വിശാലം ക്ഷീണേപുണ്യേ മർത്ത്യലോകം വിശന്തി

ഏവം ത്രയീധർമ്മമനുപ്രവന്നാ ഗതാഗതം കാമകാമാ ലഭന്തേ

വിശാലമായ സ്വർഗ്ഗലോകം ഭുജിച്ചശേഷം പുണ്യം ക്ഷയിക്കുമ്പോൾ അവർ വീണ്ടും മർത്ത്യലോകത്തെത്തുന്നു. ത്രയീധർമ്മത്തെ അനുസരിക്കുന്ന കാമത്തെ കാമിക്കുന്നമനുഷ്യർ ഇപ്രകാരം ഗതാഗതവുമായി കഴിയുന്നു. പിതൃയാനത്തിലെ പോക്കുവരവിനെ സൂചിപ്പിക്കുന്നു. ത്രയീധർമ്മം ത്രയീവിദ്യ. സ്വർഗ്ഗകാമികളായ വേദപാരംഗതരുടെ വിഢ്ഢിത്തത്തോട് ഒരിത്തിരി പരിഹാസമുണ്ടെങ്കിലും അവരുടെ ഗതാഗതത്തിലെ ആനന്ദം സ്ഫുരിപ്പിക്കുമാറും ,അതിന്റെ അനിവാര്യതയും വംശോദ്ധാരണവും സൂചിപ്പിക്കുമാറും വ്യത്യസ്തമായ വൃത്തത്തിൽ 20, 21 ശ്ലോകങ്ങൾ ഇണക്കിയിരിക്കുന്നതിനെക്കുറിച്ച് നടരാജഗുരു അഭിപ്രായപ്പെടുന്നു:-There is exaltation and joy implied. The lower Dharma(Right behaviour) of the Vedas is not discarded in favour of the higher dharma of the Upanishads, or the latter considered at the expense of the former. Both are accepted in the spirit of the same song, which knows no duality anywhere…. That is why we find the sublime meter present together with the touch of sarcasm fitted into the song, the poetic result is similar that found in Dante and Milton and one forgets the doctrine in the sheer musical delight of the sublime song.

ശ്ലോകം 22

അനന്യാശ്ചിന്തയന്തോ മാം യേ ജനാഃപര്യുപാസതേ

തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം

ഏതൊരു ജനമാണോ അന്യചിന്ത കൂടാതെ എന്നെ ഉപാസിക്കുന്നത്, നിത്യാഭിയുക്തരായ അവരുടെ യോഗക്ഷേമം ഞാൻ വഹിക്കുന്നു. യോഗഃ അപ്രാപ്തസ്യ പ്രാപണം ക്ഷേമഃ തദ് രക്ഷണം എന്ന് ശങ്കരഭാഷ്യം. ഇതുവരെ നേടിയിട്ടില്ലാത്ത ലക്ഷ്യമേതോ അതിനെ പ്രാപിക്കലാണ് യോഗം. ആ നേടിയ യോഗത്തെ സംരക്ഷിക്കലാണ് ക്ഷേമം. മറ്റൊരു ചിന്തയിലും മനസ്സ് പോകാതെ, ഏകാഗ്രചിത്തരായി, ബ്രഹ്മത്തിലുറച്ച മനസ്സോടെ ഇരിക്കുന്നവർക്ക് ബ്രഹ്മപദപ്രാപ്തി എന്ന ലക്ഷ്യത്തിലെത്താൻ(യോഗം) ഭഗവാൻ സഹായിക്കുന്നു. യോഗം വഹിച്ചുകൊണ്ട് താൻതന്നെ എഴുന്നള്ളുന്നു. ഒരിക്കൽ ലഭിച്ചുകഴിഞ്ഞ യോഗത്തെ കൈവിടാതെ കാത്ത് ജീവിതത്തെ ഉടനീളം ധന്യമാക്കുന്ന (ക്ഷേമം)ചുമതലയും ഭഗവാൻതന്നെ ഏറ്റെടുക്കുന്നു.

ശ്ലോകം 23

യേപ്യന്യദേവതാ ഭക്താ യജന്തേ ശ്രദ്ധയാന്വിതാ

തേപി മാമേവ കൊന്തേയ യജന്ത്യവിധിപൂർവ്വകം

ഏതു ഭക്തന്മാർ ശ്രദ്ധാന്വിതരായി അന്യദ്വതകളെ യജിക്കുന്നുവോ, അവരും അവിധിപൂർവ്വകമാണെങ്കിലും എന്നെത്തന്നെയാണ് യജിക്കുന്നത്. ലോകത്തിൽ സർവ്വവും ഭഗവാനാകയാൽ, ഭഗവാനല്ലാതെ മറ്റൊന്ന് ഇല്ലായ്കയാൽ, എന്തിനെ യജിച്ചാലും അത് ഭഗവാനെ യജിക്കലായി മനസ്സിലാക്കണം.

ആകാശാത് പതിതം തോയം യഥാ ഗഛതി സാഗരം
സർവ്വദേവ നമസ്കാരഃ കേശവം പ്രതി ഗഛതി

ആകാശത്തുനിന്ന് വർഷിച്ച ജലം മുഴുവനും എപ്രകാരം സാഗരത്തിൽ ചെന്നുചേരുന്നുവോ അതുപോലെ സർവ്വദേവന്മാരിൽ സമർപ്പിച്ച നമസ്കാരവും കേശവനിലേക്ക് ഗമിക്കുന്നു.

ശ്ലോകം 24

അഹം ഹി സർവ്വയജ്ഞാനാം ഭോക്താ ച പ്രഭുരേവ ച

ന തു മാമഭിജാനന്തി തത്വേനാതശ്ച്യവന്തി തേ

എന്തെന്നാൽ ഞാനാണ് സർവ്വയജ്ഞങ്ങളുടേയും ഭോക്താവും പ്രഭുവും. എന്നാൽ അവർ എന്നെ തത്വേന അറിയുന്നില്ല. അതിനാൽ വഴുതിവീഴുന്നു (ച്യവന്തി). താത്വികമായി എന്നെ അറിയാതെ എന്റെ പരബ്രഹ്മസ്വരൂപമറിയാതെ, യജിക്കുന്നതിനാൽ ജനങ്ങൾ പരമപദത്തിൽ എത്താതെ വഴുതിവീണുപോകുന്നു. സംസാരസാഗരത്തിൽ ഗമനാഗമനം തന്നെ ഈ വീഴ്ചയുടെ അനന്തരഫലം.

ശ്ലോകം 25

യാന്തി ദേവവ്രതാ ദേവാൻ പിതൃൂൻ യാന്തി പിതൃവ്രതാഃ

ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ് യാജിനോപി മാം

ദേവവ്രതർ ദേവന്മാരെ പ്രാപിക്കുന്നു. പിതൃവ്രതർ പിതൃക്കളെ പ്രാപിക്കുന്നു. ഭൂതങ്ങളെ യജിക്കുന്നവർ ഭൂതങ്ങളെ പ്രാപിക്കുന്നു. എന്നെ യജിക്കുന്നവർ എന്നെ പ്രാപിക്കുന്നു. യദ് ധ്യായതേ തദ് ഭവതി. എന്തിനെ ധ്യാനിക്കുന്നുവോ , എന്തിനെ ഭാവന ചെയ്യുന്നുവോ, അതായിത്തീരുന്നു. ഇന്ദ്രിയാനുഭവമണ്ഡലങ്ങളെ യജിക്കുന്നവർക്ക് ദേവോചിതമായ ഭോഗജീവിതം ലഭിക്കുന്നു. പിതൃക്കളെ യജിക്കുന്നവർ പൂർവ്വസംസ്കാരത്തിനും പൈതൃകത്തിനും യോജിച്ച ധന്യജീവിതം നയിക്കുന്നു. ഭൂതശരീരത്തേയും ഭൌതികവസ്തുക്കളേയും യജിക്കുന്ന ശാസ്ത്രജ്ഞലോകം ഭൌതികവസ്തുക്കളെത്തന്നെ പ്രാപിക്കുന്നു. ബ്രഹ്മാത്മൈക്യഭാവം ഉറച്ച് ബ്രഹ്മനിഷ്ഠരായവർപ്രഹ്മപദം പ്രാപിക്കുന്നു.

ശ്ലോകം 26

പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയഛതി

തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ

ഇല, പുഷ്പം, പഴം, ജലം എവയിലേതെങ്കിലുമൊന്ന് ആർ എനിക്ക് ഭക്തിപൂർവ്വം അർപ്പിക്കുന്നുവോ ശുദ്ധാത്മാവായ അവന്റെ ഭക്തിപൂർവ്വം നൽകപ്പെട്ട ആ ഉപഹാരം ഞാൻ പ്രേമപൂർവ്വം സ്വീകരിക്കുന്നു.വഴിപാടിനല്ല വില. അത് നൽകുമ്പോളുള്ള മാനസികഭാവത്തിനാണ്. വലിച്ചെറിഞ്ഞു കൊടുത്ത രത്നഹാരമല്ല, പ്രേമപൂർവ്വം സമർപ്പിച്ച കുന്നിക്കുരുവോ തുളസിമാലയോ ആണ് ഭഗവാൻ മന്ദസ്മിതാർദ്രമായ മുഖത്തോടെ സ്വീകരിക്കുക. മറ്റൊന്നും നിങ്ങൾക്ക് സമർപ്പിക്കാനില്ലെങ്കിൽ, കേഴേണ്ടതില്ല. ഈ മനോഹരമായ ജീവിതപുഷ്പമുണ്ടല്ലോ ആ പാദാരവിന്ദത്തിൽ വെക്കാൻ. പ്രഭാതം മുതൽ രാത്രി വരെ അനുഷ്ഠിക്കുന്ന കൊച്ചുകൊച്ചുകാര്യങ്ങളുണ്ടല്ലോ അവിടുത്തേക്ക് അർപ്പിക്കാൻ. പറയുന്ന വാക്കുകളുണ്ടല്ലോ അവിടുത്തേക്ക് പദമഞ്ജരി കോർക്കാൻ. ഇരിക്കുന്നതും നടക്കുന്നതും നിൽക്കുന്നതും ഉറങ്ങുന്നതും പറയുന്നതും ഉണരുന്നതും കേൾക്കുന്നതും ചെയ്യുന്നതുമായ സർവ്വവുമുണ്ടല്ലോ പ്രേമപൂർവ്വം ആ പാദാരവിന്ദങ്ങളിൽ വെക്കാൻ. ഉറക്കം മുതൽ ഉണർച്ചവരേയും ഉണർച്ച മുതൽ ഉറക്കം വരേയുമുള്ള സർവ്വകർമ്മവും അവിടേക്ക് വഴിപാടാണല്ലോ. ഈ ജന്മത്തിൽ എനിക്ക് വരദാനമായി കിട്ടിയ ഈ ശരീരവും ജീവിതയാത്രയും അവിടുത്തേക്കാണല്ലോ. ഈ ജാവിതം അവിടുത്തെ അപദാനങ്ങൾ കുറിച്ചിട്ട ചുമരെഴുത്തല്ലേ. അവിടത്തെ പ്രേമം

ഉദ്ഘോഷിക്കുന്ന ശിലാലിഖിതമല്ലേ. ഈ ജീവിതം നിന്റെ തിരുനാമം പാടാൻ കിട്ടിയ അപൂർവ്വാവസരമല്ലേ. എന്റെ ജീവിതം നിന്റെ മുരളീഗാനമല്ലേ. നിന്നിൽനി ന്നൊഴുകി പ്രസരിച്ച് നിന്നിലേക്കുതന്നെ തിരിച്ചെത്തുന്ന ഈ മനോഹരഗീതത്തിന്റെ പ്രഭു നീയായിരിക്കെ മറ്റെന്തു വഴിപാടു വേണം.

ശ്ലോകം 27

യത് കരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യത്

യത് തപസ്യസി കൌന്തേയ തത് കുരുഷ്വ മദർപ്പണം

നീ എന്തു ചെയ്യുന്നുവോ എന്ത് അശിക്കുന്നുവോ എന്ത് ഹോമിക്കുന്നുവോ എന്ത് കൊടുക്കുന്നുവോ എന്ത് തപസ്സ് ചെയ്യുന്നുവോ അതൊക്കെയും എനിക്ക് അർപ്പണ മായി ചെയ്യുക

ശ്ലോകം 28

ശുഭാശുഭഫലൈരേവം മോക്ഷ്യസേ കർമ്മബന്ധനൈഃ

സന്യാസയോഗയുക്താത്മാ വിമുക്താ മാമുപൈഷ്യസി

ഇപ്രകാരം ചെയ്താൽ ശുഭാശുഭഫലങ്ങളോടുകൂടിയ കർമ്മബന്ധനത്തിൽനിന്ന് മോക്ഷം കിട്ടും. സന്യാസയോഗയുക്തനായ നീ വിമുക്തനായി എന്നെ പ്രാപിക്കും. സർവ്വവും ഈശ്വരാർപ്പണമായി ചെയ്യുന്നവനാണ് സന്യാസി. കാഷായവസ്ത്ര ധാരിയോ തലയും താടിയും നീട്ടിയവനോ അല്ല. ബാഹ്യലക്ഷണങ്ങളല്ല, ആന്തര മനോഭാവമാണ് ഒരാളെ സന്യായയോഗയുക്തനാക്കുന്നത്. ജീവന്മുക്തിയുടെ രഹ സ്യവും അതുതന്നെ.

ശ്ലോകം 29

സമോഹം സർവ്വഭൂതേഷു ന മേ ദ്വേഷ്യോസ്തി ന പ്രിയഃ

യേ ഭജന്തി തു മാം ഭക്ത്യാ മയി തേ തേഷു ചാപ്യഹം

ഞാൻ എല്ലാ ഭൂതങ്ങളിലും സമമാണ്. എനിക്ക് ദ്വേഷം ആരോടുമില്ല. പ്രിയവുമി ല്ല. ആരാണോ എന്നെ ഭക്തിപൂർവ്വം ഭജിക്കുന്നത് , അവർ എന്നിലും ഞാൻ അവരിലും സ്ഥിതി ചെയ്യുന്നു. ഭഗവാന് എല്ലാവരിലും സമഭാവനയാണ്. ബ്രഹ്മം സർവ്വജീവജാലങ്ങളേയും ഒരുപോലെയാണ് കാണുന്നത്. ആരിലും പ്രത്യേക മമത യോ വിരോധമോ ഇല്ല. എന്നാൽ, ഏകാഗ്രമായി ബ്രഹ്മോപാസന ചെയ്തവൻ ബ്രഹ്മമായി ഭവിക്ക കൊണ്ട്, താദാത്മ്യം സംഭവിച്ചിരിക്കുന്നു. അതൊരു സ്വാഭാ വികപ്രക്രിയ മാത്രമാണ്.

ശ്ലോകം 30

അപി ചേത് സുദുരാചാരാ ഭജതേ മാമനന്യഭാക്

സാധുരേവ സമന്തവ്യഃ സമ്യഗ് വ്യവസിതോ ഹി സഃ

ദുരാചാരനായിരുന്നാലും കൂടി എന്നെ അന്യചിന്ത കൂടാതെ ഭജിച്ചാൽ അവനെ സാധു എന്നുതന്നെ വിചാരിക്കണം. എന്തെന്നാൽ അവൻ സമ്യക്കായ പാതയിൽ ഉറച്ചുകഴിഞ്ഞു.

നൃസിംഹപുരാണത്തിൽനിന്ന് ഭക്തിവേദാന്തസ്വാമികൾ താഴെ പറയുന്ന ശ്ലോകം ഉദ്ധരിക്കുന്നു:

ഭഗവതി ചഹരാവനന്യചേതാഃ ദൃശമലിനോപി വിരാജതേ മനുഷ്യഃ

നഹി ശശികലുഷഛവിഃകദാചിത് തിമിരപരാഭവതാമുപൈതി ചന്ദ്രഃ

അനന്യചേതസ്സായ ഭക്തൻ അറിയാതെ പാപം ചെയ്തുപോയാലും ചന്ദ്രനിലെ മുയൽക്കളങ്കം പോലെ മാത്രമേ കരുതേണ്ടതുള്ളു. വീഴ്ചകൾ പറ്റിയാലും സമ്യക്കായ പാതയിൽ ഋജുമാർഗ്ഗത്തിൽ കാലുറപ്പിച്ച അവനെ സാധുവെന്നല്ലാതെ പാപി എന്ന് വിളിക്കേണ്ടതില്ല.

ശ്ലോകം 31

ക്ഷിപ്രം ഭവതി ധർമ്മാത്മാ ശശ്വഛാന്തിം നിഗഛതി

കൌന്തേയ പ്രതിജാനീഹി ന മേ ഭക്തഃ പ്രണശ്യതി

അവൻ വേഗത്തിൽ ധർമ്മാത്മാവായിത്തീരുന്നു. ശാശ്വതശാന്തിയെ പ്രാപിക്കുന്നു. എന്റെ ഭക്തൻ ഒരിക്കലും നശിക്കുന്നില്ലെന്ന് അറിയുക

ശ്ലോകം 32

മാം ഹി പാർത്ഥ വ്യപാശ്രിത്യ യേപി സ്യുഃപാപയോനയഃ

സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാസ്തേപി യാന്തി പരം ഗതിം

സ്ത്രീകളും വൈശ്യരും ശൂദ്രരും പാപയോനികളും കൂടി എന്നെ ശരണം പ്രാപിച്ച് പരമഗതി പ്രാപിക്കുന്നു. എന്തുകൊണ്ടാണ് സ്ത്രീകളേയും വൈശ്യരേയും ശൂദ്രരേയും വേദാദ്ധ്യനത്തിന് അർഹതയില്ലാത്തവരായി ശ്രുതി പറയുന്നത്. ജ്ഞാനത്തിന് സത്വഗുണാധിക്യം വേണം. അത് സ്ത്രീകളിലും ഉണ്ടെന്നിരിക്കെ എന്തിന് സ്ത്രീകളെ മാറ്റി നിറുത്തി. സമയക്കുറവാണ് ഇതിനു കാരണം.കുടുംബാംഗങ്ങൾക്കായി എപ്പോഴും സേവനമനുഷ്ഠിക്കുന്നതിനാൽ സ്ത്രീക്ക് വേദാദ്ധ്യയനത്തിന് സമയം കിട്ടാതെ പോകുന്നു. മണിക്കൂറുകളോളം മനനം ചെയ്യാനും സ്വാദ്ധ്യായത്തിനും സമയം കിട്ടാതാവുന്നു. എന്നാൽ ചെയ്യുന്ന ഓരോ കർമ്മവും ഈശ്വരാർപ്പണമായി ചെയ്ത് ഈ കടമ്പ ചാടിക്കടക്കാനും അവൾക്കാവും. മുത്തശ്ശിമാരുടെ രാജയോഗത്തെക്കുറിച്ച് ബാലാമണിയമ്മ എഴുതിയ കവിത ഓർമ്മ വരുന്നു. നൈവേദ്യം എന്ന കവിതാസമാഹാരത്തിലാണ് അതുള്ളത്. അവരുടെ ജാതകങ്ങളിൽ രാജയോഗമുണ്ട്. കരി പുരണ്ട കയ്യും മുഖവുമായി അടുക്കളപ്പണിയിലേർപ്പെട്ട മുത്തശ്ശിക്ക് രാജയോഗമേത്. ഒരു മാങ്ങ പഴുത്തുവീണാൽ അതിന്റെ സ്വാദു പോലും നോക്കാതെ പേരക്കുട്ടികൾക്കായി കരുതിവെക്കുന്നവർക്ക് എന്തു സുഖം. നിങ്ങൾക്ക് തെറ്റി. കുടുംബാംഗങ്ങളുടെ സുഖത്തിൽ നിർവൃതിയടയുന്ന ആ വൃദ്ധമാനസങ്ങളെ അളക്കേണ്ടത് നിങ്ങളുടെ സ്വാർത്ഥസുഖത്തിന്റെ അളവുകോൽ വെച്ചല്ല. സുഖവും ദുഃഖവും മനസ്സാണ് നിർണ്ണയിക്കുന്നത്. അടിമപ്പണിയാണെന്ന് ആവലാതിപ്പെട്ട് ചെയ്യുന്ന ഏതു കർമ്മവും ദുഃഖം തരുന്നു. ഈശ്വരാർപ്പണമായി, അന്യന് സുഖം വരാനായി ചെയ്യുന്ന കർമ്മം മനസ്സുഖവും ശാന്തിയും തരുന്നു. സുഖത്തിന്റെ അളവുകോൽ ഓരോരുത്തർക്കും ഓരോന്നാണെന്ന് വിസ്മരിക്കരുത്. വൈശ്യനിൽ രജസ്സും തമസ്സുമുണ്ട്. സാത്വികഗുണം ഉണ്ടെങ്കിലും അനുപാതം കുറവാണ്. അതിനാൽ അവൻ കച്ചവടം,ബിസിനസ്സ്, മുതലായവയിലേക്ക് സ്വാഭാവികമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമയം അതിനായി ചെലവിടുന്നു. വേദം പഠിക്കാൻ മെനക്കെടുന്നില്ല. ശൂദ്രന് തമോഗുണാധിക്യം മൂലം പഠിക്കാനുള്ള കഴിവും താൽപ്പര്യവും കുറവാമ്. ദാസ്യം അഥവാ സേവനവൃത്തിയിലാണ് അവർ ഉപജീവനം കാണുന്നത്. ജനനം നോക്കിയല്ല, കർമ്മം നോക്കിയാണ് ഈ തൊഴിൽവിഭജനം. ഗുണം നോക്കിയാണ് കർമ്മം . ഏതു പ്രവൃത്തി ചെയ്യുന്നവരായാലും ചെയ്യുന്നത് ഈശ്വരാർപ്പണമായി ചെയ്താൽ ആർക്കും ഈശ്വരനെ പ്രാപിക്കാമെന്നതാണ് ഇവിടെ സന്ദേശം. സമത്വത്തിന്റെ അതീവസുന്ദരമായ ദൃഷ്ടാന്തമാണ് ഇവിടെ കാണുന്നത്. പാശ്ചാത്യനാടുകളിലെ ഫ്രാൻസിലാണ് ഈക്വാലിറ്റി എന്ന പദം

ആദ്യമായി ഭരണസംവിധാനം ശ്രവിച്ചത്. ഇന്ത്യക്കാകട്ടെ , അതിന്നെത്രയോ മുമ്പേ കൃഷ്ണന്റെ ഗീത ഈ പദവും ആശയവും പരിചയപ്പെടുത്തിയിട്ടുണ്ട്.

ശ്ലോകം 33

കിം പുനർബ്രാഹ്മണാഃപുണ്യാ ഭക്താ രാജർഷയസ്തഥാ

അനിത്യമസുഖം ലോകമിമം പ്രാപ്യ ഭജസ്വ മാം

പുണ്യവാന്മാരായ ബ്രാഹ്മണരുടേയും ഭക്തരായ രാജർഷിമാരുടേയും കഥ പിന്നെ പറയാനുണ്ടോ. അനിത്യവും അസുഖവുമായ ഈ ലോകത്തിൽ വന്നുചേർന്ന സ്ഥിതിക്ക് എന്നെ ഭജിക്കുക. ജനനമരണരൂപത്തിൽ പുനരാവർത്തിയുള്ള ലോകം അനിത്യവും അസുഖജനകവുമാണ്. ഇവിടെ പുനർജ്ജനിക്കാതിരിക്കലാണ് ഇതിൽനിന്നുള്ള മോക്ഷമാർഗ്ഗം. അതു സാധിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഇവിടെ ജനിച്ച സ്ഥിതിക്ക്, ഒന്നേ കരണീയമായിട്ടുള്ളു.എന്നെ ഭജിക്കുക , എന്നെ പ്രാപിക്കുക. അതെങ്ങനെ വേണം.

ശ്ലോകം 34

മന്മനാഭവ മദ്ഭക്താ മദ് യാജീ മാം നമസ്കുരു

മാമേവൈഷ്യസി യുക്ത്വൈവമാത്മാനം മത് പരായണഃ



എന്റെ മനസ്സായി ഭവിക്കുക. എന്റെ ഭക്തനാവുക. എന്നെ യജിക്കുക. എന്നെ നമസ്കരിക്കുക. ഇപ്രകാരം എന്നെ പരമലക്ഷ്യമാക്കി മത് പരായണനായി ആത്മാവിൽ എന്നെ യോജിപ്പിച്ച് എന്നെ പ്രാപിക്കുക. എന്റെ മനസ്സായി ഭവിക്കുക. അതിമനോഹരമായ ഒരു കൽപനയാണ് എന്റെ മനസ്സായി ഭവിക്കുക എന്നത്. മന്മനാഭവ. എന്റെ മനസ്സ് പ്രപഞ്ചമനസ്സായും ഈശ്വരമനസ്സായും തീരുക എന്നാൽ ഞാൻ ഈ പ്രപഞ്ചമാവുക,ഈശ്വരനാവുക. പ്രപഞ്ചത്തെ ഞാനായിത്തന്നെ സ്നേഹിക്കുക. അഹിംസ അപ്പോഴാണ് പൂർണ്ണമാവുക. എന്നിൽ ജീവകാരുണ്യമധു നിറയും, ഐശ്വരമായ യോഗവൈഭവം തുടിക്കും. ബ്രഹ്മാത്മൈക്യഭാവത്താൽ ഞാനെന്ന നരൻ നാരായണനായിത്തീരും. ഇതാണ് ഗീതാസന്ദേശം. ഇതേ വാക്കുകൾ 18ആം അദ്ധ്യായം 65ആം ശ്ലോകത്തിൽ വീണ്ടും എടുത്തുപറയുന്നുണ്ട്. ഉപസംഹാരത്തിൽ ഇതേ വാക്ക് എടുത്തുപറയുന്നതിനാൽ ഗ്രന്ഥതാൽപ്പര്യവും ഇതാണെന്ന് വ്യക്തം. 700 ശ്ലോകമുള്ള ഭഗവദ്ഗീതയിൽ രണ്ടാം അദ്ധ്യായം 11ആം ശ്ലോകം മുതൽ 18ആം അദ്ധ്യായത്തിലെ 65ആം ശ്ലോകം വരെ 630 ശ്ലോകപുഷ്പങ്ങളാണുള്ളത്. അവയെ ഏതാണ്ട് ഈ രൂപത്തിൽ കോർത്ത് മാലകെട്ടിയിരിക്കുന്നു. മനോഹരമായ ഈ ഗീതമാലിക ഭഗവാന്റെ കഴുത്തിൽ വനമാലയായി വാടാതെ നിൽക്കുന്നു.

അദ്ധ്യായം 10

വിഭൂതിയോഗം

ശ്ലോകം 1 ശ്രീഭഗവാനുവാചഃ

ഭൂയ ഏവ മഹാബാഹോ ശ്രുണു മേ പരമം വചഃ

യത്തേഹം പ്രിയമാണായ വക്ഷ്യാമി ഹിതകാമ്യയാ

എനിക്ക് പ്രിയങ്കരനായ നിനക്ക് ഹിതം ആഗ്രഹിച്ചുകൊണ്ട് ഞാൻ പറയുന്ന പരമവചസ്സുകളെ വീണ്ടും കേട്ടാലും. കീർത്തിയും ധനവും ജ്ഞാനവും സൌന്ദര്യവും ത്യാഗവുമാണ് ഭഗവാന്റെ വിഭൂതികളെന്ന് പരാശരൻ പറയുന്നു. പരാശരപുത്രനായ വ്യാസൻ വിഭൂതികളെ ഇവിടെ വിസ്തരിച്ച് പറയുകയാണ്. കവിക്ക് പ്രിയങ്കരനായ ഭഗവാന്റെ വിഭൂതി വിസ്തരിച്ച് പറയുന്ന ഹിതകാമി കവി തന്നെയാണ്. കേൾക്കുന്നവൻ മഹാബാഹുവായ ഭഗവാനും.

തനിക്ക് പ്രിയങ്കരനായ അർജ്ജുനന്റെ ഹിതകാമിയായി ഈ പരമവചസ്സുകൾ മൊഴിയുന്നത് ഭഗവാനാണ് എന്നെടുത്താൽ, കേൾക്കുന്നവൻ അർജ്ജുനനായി. എത്ര കേട്ടാലാണ് ആ പരമവചസ്സുകൾ മതിയാവുക.ഭൂയം(വീണ്ടും) എന്ന് നാം ആവർത്തിച്ചു പറയുന്ന വേളയിൽ എന്റെ വിഭൂതികൾ കേട്ടോളു എന്ന് ഭഗവാനും പറയുന്നു,കവിയും പറയുന്നു. എത്ര ആവർത്തിച്ചു പാടിയാലും കവിക്ക് അതിൽ തൃപ്തി വരലില്ല. കേൾക്കാനും പറയാനും ഇഷ്ടമുള്ള സജ്ജനങ്ങൾക്കായി ഞാനും അത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ ഭാവന വിസ്മയാവഹമായ തേജസ്സാർന്ന് ഉണർന്നെഴുനേൽക്കട്ടെ. എന്റെ ബുദ്ധിയിൽ നിത്യാനന്ദവപുസ്സായ മഹസ്സ് ഒളി ചിതറട്ടെ. ചിദ്സാഗരത്തിൽ മൌനവിസ്മൃതിയിലാണ്ട് ധ്യാനലീനനായ വൃദ്ധാചലമായി, എന്റെ ആത്മാവ് അനന്തശയനം കൊള്ളട്ടെ.

ശ്ലോകം 2

ന മേ വിദുഃസുരഗണാഃ പ്രഭവം ന മഹർഷയഃ

അഹമാദിർഹി ദേവാനാം മഹർഷീണാം ച സർവ്വശഃ

സുരഗണങ്ങളോ മഹർഷിമാരോ എന്റെ പ്രഭവത്തെ അറിയുന്നില്ല. സർവ്വവിധത്തിലും ഞാൻ അവരുടെയെല്ലാം ആദിയാകുന്നു. ഭൂമിയിൽ ജന്മമെടുത്തവരോ ദേവപിതൃലോകങ്ങലിലേക്ക് ഗമിച്ചവരോ ആയ ഒരാത്മാവും എന്നെ അറിഞ്ഞിട്ടില്ല. പ്രപഞ്ചത്തിനു തന്നെ ആദിമൂലമായ എന്നെ പിന്നീട് അവതരിച്ച ആത്മാക്കൾ എങ്ങനെ അറിയാനാണ്. ആദിദേവന്റെ നാഭിത്താമരയിലാണ് പ്രപഞ്ചവും സപ്തർഷിസമൂഹവും നക്ഷത്രജാലവും സൂര്യചന്ദ്രാത്മകമായ ലോകവും ഉണ്ടായത്. അതിന്നും ശേഷമാണ് ഭൂമിയിൽ മനുഷ്യരുണ്ടായത്. ഭൂമിയിലെ മനുഷ്യർക്കും വിഷയങ്ങളെ പ്രകാശിപ്പിക്കുന്ന ഇന്ദ്രിയാധീശ്വരന്മാരായ ദേവന്മാർക്കും ദർശകരായ ഋഷിമാർക്കും മാത്രമ

ല്ല, ദിക്കാകെ ദ്യോതിപ്പിക്കുന്ന സൂര്യാദികൾക്കും (ദ്യോതനാത് ദേവഃ)ബ്രഹ്മ പുത്രന്മാരായ സപ്തർഷികൾക്കും മുമ്പ് ഉണ്ടായ ഒന്നിനെ അവരെല്ലാം എങ്ങനെ അറിയും. ഋഗ്വേദത്തിലെ നാസദീയസൂക്തത്തിൽ പറയുന്നപോലെ കാണാനോ കേൾക്കാനോ ആരുമില്ലാത്ത അവസ്ഥയിലും അനാദിയായി ശോഭിച്ച ഒന്നിനെ ആർ ഗ്രഹിക്കും.

ശ്ലോകം 3

യോ മാമജമനാദിം ച വേത്തി ലോകമഹേശ്വരം

അസംമൂഢഃ സ മർത്ത്യേഷു സർവ്വപാപൈഃ പ്രമുച്യതേ

എന്നെ അജനും അനാദിയും ലോകമഹേശ്വരനുമായിട്ട് ആരറിയുന്നുവോ, മർത്ത്യരിൽവെച്ച് ബുദ്ധിമാനായ അവൻ സർവ്വപാപവിമുക്തനായിത്തീരുന്നു. ആർക്കും അറിയാനാവാത്ത ഒന്നിനെ മർത്ത്യരിൽ അസംമൂഢനായ ഒരുവൻ ഭാവനയിൽ, കുശാഗ്രബുദ്ധി ഉപയോഗിച്ച് തെളിഞ്ഞ് കാണാനിട വരുന്ന പക്ഷം പാപമുക്തനാവുമെന്ന് പറഞ്ഞു. അങ്ങനെയുള്ളവരുടെ എണ്ണം വിരലിലെണ്ണാം. രണ്ടായിരമോ അയ്യായിരമോ വർഷം മുമ്പ് ജനിച്ചവരിൽ അനാദിപുരുഷനെ തിരയുന്നതും പുതിയ മതങ്ങളുണ്ടാക്കുന്നതും വ്യർത്ഥമാണെന്ന് കാലത്തെ കൽപ്പം,യുഗം എന്ന് അറിയുന്ന ഭാരതീയർക്ക് അറിയാം. പ്രവാചകന്മാരും ദർശകരും അസംമൂഢരായ മർത്ത്യർ മാത്രമാണ്, ആദിമൂലമായ പുരുഷനല്ല. ജനനമില്ലാത്ത അനാദിയായ ഒന്നിനെ ജനനവും മരണവുമുള്ള ഏതെങ്കിലും മനുഷ്യനിലാരോപിക്കുന്നത് മൂഢത്വമാണ്. ഇത് അസംമൂഢനായ മനുഷ്യൻ(ബുദ്ധിമാൻ)മാത്രം അറിയുന്നു.

ശ്ലോകം 4

ബുദ്ധിർജ്ഞാനമസംമോഹഃ ക്ഷമാ സത്യം ദമഃശമഃ

സുഖം ദുഃഖം ഭവോഭാവോ ഭയം ചാഭയമേവ ച

ശ്ലോകം 5

അഹിംസാ സമതാ തുഷ്ടിസ്തപോ ദാനം യശോയശഃ

ഭവന്തി ഭാവാ ഭൂതാനാം മത്ത ഏവ പൃഥഗ് വിധാഃ

ബുദ്ധി,ജ്ഞാനം, അസമ്മോഹം,ക്ഷമ,സത്യം,ദമം, ശമം, സുഖം, ദുഃഖം ഉത്ഭവം, നാശം, ഭയം,അഭയം,അഹിംസ,സമത, സന്തുഷ്ടി, തപസ്സ്,ദാനം, യശസ്സ്, അയശസ്സ് എന്നിങ്ങനെ ഭൂതങ്ങളുടെ നാനാവിധഭാവങ്ങളും എന്നിൽനിന്നുണ്ടാവുന്നു. അതുകൊണ്ടാണ് ഞാൻ ലോകമഹേശ്വരനാണ് എന്ന് പറയുന്നത്.

ശ്ലോകം 6

മഹർഷയഃസപ്തപൂർവ്വേ ചത്വാരോ മനവസ്തഥാ

മദ്ഭാവാ മാനസാ ജാതാ യേഷാം ലോക ഇമാഃ പ്രജാഃ

സപ്തർഷിമാരും അവർക്കു മുമ്പുണ്ടായ നാലു പേരും മനുക്കളും എന്റെ ഭാവത്തോടുകൂടിയവരും മാനസപുത്രന്മാരുമാകുന്നു. ഈ ലോകത്തിലെ

പ്രജകളെല്ലാം അവരുടേതാണ്. സനകാദിമുനികളും ,സപ്തർഷിമാരും മനുക്കളും ബ്രഹ്മഭാവത്തോടെ മാനസപുത്രരായി സങ്കൽപമാത്രയിൽ ജനിക്കുകയും ആ പ്രജാപതിമാരിൽനിന്ന് പ്രജകളുണ്ടായി, മാനവവംശം സ്ഥാപിക്കപ്പെടുകയും ചെയ്തു. ചില സെമിറ്റിക്ക് മതങ്ങൾ 2000, 2500 വർഷം മുമ്പ് ജീവിച്ച മനുഷ്യരെ പ്രജാപതികളായി സങ്കൽപ്പിക്കുന്നു ഭാരതീയർ പ്രപഞ്ചോൽപ്പത്തികാലത്തെ ആദിപിതാവായി ബ്രഹ്മാവിനേയും, ആ ബ്രഹ്മാവിന്റേയും പിതാവായി അനന്തശയനനായ മഹാവിഷ്ണുവിനേയും സങ്കൽപ്പിക്കുന്നു. പുരാണത്തിലെ കശ്യപപ്രജാപതിയേയോ അതിന്നു ശേഷമുള്ളവരേയോ പോലെ സകല ജീവജാലങ്ങളുടേയും പ്രജാപതിയല്ല, മനുഷ്യരുടെ മാത്രം പിതാവാണ് ബൈബിളിലെ ആദം. അതിനെ ഭാരതത്തിലെ കാലഗണനയോട് തുലനം ചെയ്യുന്നത് വ്യഥാവ്യായാമമാണ്.

ശ്ലോകം 7

ഏതാം വിഭൂതിം യോഗം ച മമ യോ വേത്തി തത്ത്വതഃ

സോവികമ്പേന യോഗേന യുജ്യതേ നാത്ര സംശയഃ

എന്റെ ഈ വിഭൂതിയോഗത്തെ താത്വികമായി ഏതൊരുവൻ അറിയുന്നുവോ, അവൻ വ്യതിചലിക്കാത്ത യോഗയുക്തനായിത്തീരുമെന്നതിൽ സംശയമില്ല. നിർഗുണനായ ഞാൻ ജീവാനുഗ്രഹത്തിനായി ലോകസൃഷ്ടിക്കായി മായാരൂപം കൈക്കൊണ്ട് വിവിധരൂപങ്ങളേയും അവയിൽ വിവിധഭാവങ്ങളേയും പ്രകാശിപ്പിക്കയാണ്. ഈ ലോകം എന്റെ വിഭൂതിയാണ്. യോഗമായാശക്തിയാൽ ഏകമായ ഞാൻ ബഹുരൂപമായി, കാണപ്പെടുകയാണ്. താത്വികമായി ഈ രഹസ്യമറിഞ്ഞവൻ എന്റെ വിഭൂതിയെ അറിഞ്ഞുകഴിഞ്ഞു. അവൻ ഇളക്കമില്ലാത്ത യോഗാവസ്ഥയെ പ്രാപിക്കുന്നു.

ശ്ലോകം 8

അഹം സർവ്വസ്യ പ്രഭവോ മത്തഃ സർവ്വം പ്രവർത്തതേ

ഇതി മത്വാ ഭജന്തേ മാം ബുധാ ഭാവസമന്വിതാഃ

ഞാൻ സർവ്വത്തിന്റേയും പ്രഭവസ്ഥാനമാണ്. എന്നിൽനിന്ന് സർവ്വവും പ്രവർത്തിക്കുന്നു. ഈ സത്യം മനസ്സിലാക്കിയ ബുധന്മാർ ഭാവസമന്വിതരായി എന്നെ ഭജിക്കുന്നു.

നാരായണാദ് ബ്രഹ്മജായതേ നാരായണാദ് പ്രജാപതിഃപ്രജായതേ
നാരായണാദിന്ദ്രോ ജായതേ നാരായണാ ത്വാഷ്ടാവസവോ ജായതേ
നാരായണാ ദ്വാദശാദിത്യാഃ (നാരായണോപനിഷത്ത്)

ഏകോ വൈ നാരായണാസീന്ന ബ്രഹ്മാ ന ഈശാനോനാപോനാഗ്നി സമൌനേ മേ ദ്യാവാപൃഥിവീ നക്ഷത്രാണി ന സൂര്യഃ(മഹോപനിഷത്ത്). കാര്യം കാരണത്തിൽനിന്ന് ഭിന്നമല്ലായ്കയാൽ സർവ്വവും നാരായണൻ തന്നെ. സർവ്വം ബ്രഹ്മമയം തന്നെ. ഇതറിഞ്ഞ് ഭക്തിപൂർവ്വം , നാരായണഭാവത്തിൽത്തന്നെ ജ്ഞാനി നാരായണനെ ഭജിക്കുന്നു.

ശ്ലോകം 9

മച്ചിത്താ മദ്ഗതപ്രാണാ ബോധയന്തഃപരസ്പരം

കഥയന്തശ്ച മാം നിത്യം തുഷ്യന്തി ച രമന്തി ച

മച്ചിത്തരായി, എന്നിലേക്ക് ഗമിച്ച പ്രാണങ്ങളോടുകൂടി പരസ്പരം എന്നെ ബോധിപ്പിക്കുന്നവരായി , നിത്യം കഥിക്കുന്നവരായി അവർ സന്തോഷപൂർവ്വം രമിക്കുന്നു.ജീവിതത്തിൽ ഒട്ടനവധി കഠിനപരീക്ഷണങ്ങൾ നേരിടുമ്പോൾ പോലും യോഗയുക്തരായ ജ്ഞാനികൾ സന്തുഷ്ടരായിരിക്കുന്നു. പരമാനന്ദം അനുഭവിക്കുന്നു. പ്രപഞ്ചം ഒരു ലീലയാണെന്നതുപോലെ അതിൽ രമിക്കുന്നു. അവർക്ക് എപ്പോഴും ഹരികഥകൾ പറയണം. കേൾക്കണം. തനിക്കു തുല്യരായ സജ്ജനങ്ങളോട് ഹരികഥകൾ പറയാനും കേൾക്കാനും ഇട വരണം. ഇങ്ങനെ എന്നിലേക്ക് മാത്രം തിരിച്ചുവെച്ച ഏകാഗ്രമായ പ്രാണശക്തിയോടു കൂടിയവൻ മച്ചിത്തമായി ഭവിക്കുന്നു. ഈശ്വരചിത്തമായി ഭവിക്കുക എന്നാൽ അതിൽപ്പരം ഒരു ഭാഗ്യമുണ്ടോ. എപ്പോഴും ചിത്തത്തിൽ ഈശ്വരനുള്ള ഒരാൾ ഈശ്വരതുല്യനല്ലേ. ഈശ്വരചിത്തനാവുക എന്നാൽ ഈശ്വരനാവുക തന്നെയല്ലേ. പരസ്പരതന്മയീഭാവത്താൽ ഭക്തനും ഭഗവാനും ഒന്നാകുന്നതിനാലാണ് മച്ചിത്തർ ഏതു പ്രതികൂലസാഹചര്യത്തിലും ആനന്ദിക്കുന്നതും രമിക്കുന്നതും.

ശ്ലോകം 10

തേഷാം സതതയുക്താനാം ഭജതാം പ്രീതിപൂർവ്വകം

ദദാമി ബുദ്ധിയോഗം തം യേന മാമുപയാന്തി തേ

എപ്പോഴും യോഗയുക്തരായി, പ്രീതിപൂർവ്വം ഭജിക്കുന്നവർക്ക് എന്നെ പ്രാപിക്കാനാവശ്യമായ ബുദ്ധിയോഗം ഞാൻതന്നെ കൊടുക്കുന്നു. ഭക്തിയോഗം കൊണ്ട് ജ്ഞാനയോഗവും അങ്ങനെ സുലഭമായി ലഭിക്കുന്നു. എപ്പോഴും ഈശ്വരചിന്തനം ചെയ്യുക. അതിനെ പ്രബോധനം ചെയ്യുക എന്ന ഭക്തിയോഗലക്ഷണം തന്നെയാണ് ബ്രഹ്മാഭ്യാസത്തിനും.

തത് ചിന്തനം തത് കഥനം അന്യോന്യം തത് പ്രബോധനം

ഏതദേകപരത്വം ച ബ്രഹ്മാഭ്യാസം വിദുർബുധഃ(പഞ്ചദശി)

അതിനാൽ ഈ ഏകാഗ്രത കൊണ്ട് ബ്രഹ്മജ്ഞാനം ലഭിക്കുന്നു.

ശ്ലോകം 11

തേഷാമേവാനുകമ്പാർത്ഥമഹമജ്ഞാനജം തമഃ

നാശയാമ്യാത്മഭാവസ്ഥോ ജ്ഞാനദീപേന ഭാസ്വതാ

അവരോടുള്ള അനുകമ്പ കാരണം ഞാൻ അവരുടെ ആത്മഭാവത്തിലിരുന്നു കൊണ്ട്, ഭാസമാനമായ ജ്ഞാനദീപത്താൽ അജ്ഞാനം കൊണ്ടുണ്ടായ തമസ്സിനെ നശിപ്പിക്കുന്നു.ഇരുട്ടിനെ പ്രകാശം നീക്കുന്നു. അജ്ഞാനത്തെ ജ്ഞാനം നീക്കുന്നു.തമോഗുണത്തെ സത്വഗുണം നീക്കുന്നു. സത്വഗുണപ്രധാനമാണ് വിഷ്ണു. നിരന്തരമായ വിഷ്ണുഭജനത്താൽ ചിത്തത്തിലെ താമസഗുണമെല്ലാം നീങ്ങി സത്വപ്രകാശം തെളിയുന്നു.അങ്ങനെ വിഷ്ണു ഭക്തന്റെ ആത്മഭാവത്തിലിരുന്ന് സർവ്വത്ര പ്രഭ തൂകുന്നു.

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ

ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീഗുരുവേ നമഃ

അജ്ഞാനത്തിന്റെ ഇരുട്ടകറ്റി ജ്ഞാനദീപം കൊളുത്തിവെക്കുന്ന അമ്മയെ പ്പോലെ വാത്സല്യനിധിയായ ഈശ്വരൻ ഗുരുരൂപത്തിൽ ഭക്തന്റെ ഉൾക്ക ണ്ണു തുറപ്പിച്ച് അവന്ന് ജ്ഞാനഭിക്ഷ നൽകുന്നു.

ശ്ലോകം 12. അർജ്ജുന ഉവാചഃ-

പരംബ്രഹ്മ പരംധാമ പവിത്രം പരമം ഭവാൻ

പുരുഷം ശാശ്വതം ദിവ്യമാദിദേവമജം വിഭും

ശ്ലോകം 13

ആഹുസ്ത്വാമൃഷയഃസർവ്വേ ദേവർഷിർനാരദസ്തഥാ

അസിതോ ദേവലോ വ്യാസഃ സ്വയം ചൈവ ബ്രവീഷി മേ

അവിടുന്ന് പരബ്രഹ്മമാണ്, പരംധാമമാണ്, പരമപവിത്രമാണ് . അവിടു ത്തെ ശാശ്വതനായ ദിവ്യപുരുഷൻ ആദിദേവൻ അജൻ, വിഭു എന്ന് സർവ്വ ഋഷിമാരും നാരദനും അസിതനും ദേവലനും വ്യാസനും പറഞ്ഞ് കേട്ടിട്ടുണ്ട്. അവിടുന്നും ഇപ്പോൾ അങ്ങനെ പറയുന്നു.

ദേവർഷി നാരദൻ ഉപാസനാകാണ്ഡത്തിന്റെ ഉപജ്ഞാതാവാണ്. ഋഗ്വേദത്തി ലെ അസിതൻ കാശ്യപപുത്രനാണ്. കറുത്തവനെന്ന് അർത്ഥമുള്ള അസിത ന്റെ പുത്രനാണ് ദേവലൻ. വ്യാസനും അസിതനെപ്പോലെ കറുത്തവനാണ്. (കൃഷ്ണദ്വൈപായനൻ). വ്യാസരചിതമായ മഹാഭാരതത്തിൽ കഥാപാത്രമാ യ അർജ്ജുനന്റെ വാക്കിൽ വ്യാസന്റെ പേരുവരുന്നു. ഇവിടെ നാരദനൊഴി കെ മറ്റുള്ളവരെല്ലാം കറുത്തവരാണ്. (ശ്രീകൃഷ്ണനടക്കം).നാരദൻ മാത്രമാ ണ് പ്രകാശിക്കുന്ന വെണ്മേഘനിറമുള്ള ഋഷി. കറുത്തവരും വെളുത്തവരു മായ (അവർണ്ണസവർണ്ണ) ഋഷിമാരെല്ലാം ഒരേപോലെ പരബ്രഹ്മത്തെ വർണ്ണിച്ചവരാണ്. വ്യാസന്റെ ഗുരുപരമ്പരയുടെ രൂപവും ഈ ശ്ലോകം തരുന്നു.

ശ്ലോകം 14

സർവ്വമേതദൃതം മന്യേ യന്മാം വദസി കേശവ

ന ഹി തേ ഭഗവൻ വ്യക്തിം വിദുർദ്ദേവാ ന ദാനവാഃ

കേശവാ, അങ്ങെന്നോടു പറഞ്ഞതെല്ലാം ഋതമാണെന്നു തന്നെ ഞാൻ വിശ്വ സിക്കുന്നു. ഭഗവാനേ, അങ്ങയുടെ വ്യക്തിത്വത്തെ ദേവന്മാർക്കൊന്നും അറിയുകയില്ല.

ശ്ലോകം 15

സ്വയമേവാത്മനാത്മാനം വേത്ഥ ത്വം പുരുഷോത്തമ

ഭൂതഭാവന ഭൂതേശ ദേവദേവ ജഗത്പതേ

ഹേ, പുരുഷോത്തമാ, സർവ്വഭൂതങ്ങളുടെ ഉത്ഭവസ്താനവും ഭൂതേശ്വരനും ദേവദേവനുമായ ജഗത്പതേ, അങ്ങ് ആത്മാവിനാൽ അങ്ങയുടെ ആത്മാ

വിനെത്തന്നെ അറിയുന്നു. ജ്ഞാനം തന്നെയാണ് ഭഗവാൻ ജ്ഞാനത്തെ ജ്ർാനം കൊണ്ട് അറിയണം. ആത്മാവിനെ ആത്മാവു കൊണ്ട് അറിയണം. ഭഗവാനെ ഭഗവാൻ മാത്രമാണ് അറിയുന്നത്.

വദന്തി തത് തത്വവിദസ്തത്വം യജ്ഞാനമദ്വയം

ബ്രഹ്മേതി പരമാത്മേതി ഭഗവാൻ ഇതി ശബ്ദതേ (ഭാഗവതം)

അനിർവ്വചനീയമായ ബ്രഹ്മത്തെ അറിയുന്നത് ബ്രഹ്മം മാത്രം.

ശ്ലോകം 16

വക്തുമർഹസ്യശേഷേണ ദിവ്യാഹ്യാത്മവിഭൂതയഃ

യാഭിർവിഭൂതിഭിർലോകാനിമാംസ്ത്വം വ്യാപ്യതിഷ്ഠസി

ഏതെല്ലാം വിഭൂതികളാൽ ഈ ലോകങ്ങലെ വ്യാപിച്ച് അങ്ങ് സ്ഥിതി ചെയ്യുന്നുവോ ദിവ്യമായ ആ ആത്മവിഭൂതികളെ അശേഷം പറയാൻ അങ്ങു മാതരമാണ് അർഹൻ.

ശ്ലോകം 17

കഥം വിദ്യാമഹം യോഗിംസ്ത്വാം സദാ പരിചിന്തയൻ

കേഷു കേഷു ച ഭാവേഷു ചിന്ത്യോസി ഭഗവാൻ മയാ

ഹേ, മഹായോഗിയായ ഭഗവാനേ, അങ്ങയെ സദാ പരിചിന്തനം ചെയ്യുന്നവനായ ഞാൻ എപ്രകാരം അങ്ങയെ അറിയണം. ഏതേതു ഭാവങ്ങളിലാണ് അങ്ങ് ചിന്തിക്കപ്പെടേണ്ടത്. താൻ ആരുരുക്ഷുവാണെന്നും ഭക്തനാകയാൽ യോഗാരൂഢനാവാൻ അർഹനാണെന്നും ആ ജ്യോതിഷ്മതി തന്നിൽ കൊളുത്താൻ മഹായോഗീശ്വരനായ പരബ്രഹ്മമല്ലാതെ മറ്റൊന്നില്ലെന്നുമുള്ള അവസ്ഥയിൽ അർജ്ജുനൻ എത്തിക്കഴിഞ്ഞു. അർജ്ജുനവിഷാദയോഗത്തിലെ സംമൂഢനായ മനുഷ്യനല്ല, വിഭൂതിയോഗത്തിൽ നമ്മുടെ കൺമുന്നിലുള്ളത്. സ്വാനുഭൂതിക്ക് ദാഹിക്കുന്ന ജ്ഞാനഭിക്ഷുവും ഭക്തനുമായ ഉത്തമശിഷ്യനാണ്.

ശ്ലോകം 18

വിസ്തരേണാത്മനോ യോഗം വിഭൂതിം ച ജനാർദ്ദന

ഭൂയഃ കഥയ തൃപ്തിർഹി ശൃണ്വതോ നാസ്തി മേമൃതം.

ജനാർദ്ദനാ, അങ്ങയുടെ യോഗവും വിഭൂതികളും വിസ്തരിച്ച് ഇനിയുമിനിയും പറഞ്ഞാലും അമൃതനിഷ്യന്ദിയായ അവ ശ്രവിക്കുന്ന എനിക്ക് തൃപ്തിയാവുന്നില്ല.

ശൃണ്വതാം രസജ്ഞാനാം സ്വാദുസ്വാദു പദേപദേ (ഭാഗവതം).
ശൌനകാദികൾ നൈമിശാരണ്യത്തിൽവെച്ച് സൂതനോടു പറഞ്ഞതുപോലെ അനുപദം സ്വാദു തുളുമ്പിനിൽക്കുന്ന കവിതയാണത്. അതു കേട്ടാൽ രസജ്ഞരായ ആസ്വാദകർക്ക് മതി വരലില്ല. അർജ്ജുനൻ രസജ്ഞനായ ആസ്വാദകനാണ്. ഭഗവാന്റെ കവിത തുളുമ്പുന്ന പദമഞ്ജരികൾ കേട്ടിട്ടും കേട്ടിട്ടും അദ്ദേഹത്തിന് മതി വരുന്നില്ല.

ശ്ലോകം 19 ശ്രീഭഗവാനുവാച:

ഹന്ത തേ കഥയിഷ്യാമി ദിവ്യാഹ്യാത്മവിഭൂതയഃ

പ്രധാന്യതഃ കുരുശ്രേഷ്ഠ നാസ്ത്യന്തോ വിസ്തരസ്യ മേ

ദിവ്യങ്ങളായ ആത്മവിഭൂതികളില് പ്രാധാന്യമുള്ളവ നിനക്ക് പറഞ്ഞു തരാം. എന്നാൽ എന്റെ വിഭൂതികൾ വിസ്തരിച്ചാൽഅവക്ക് അന്ത്യമില്ല.

ശ്ലോകം 20

അഹമാത്മാ ഗുഡാകേശ സർവ്വഭൂതാശയസ്ഥിതഃ

അഹമാദിശ്ച മധ്യം ച ഭൂതാനാമന്ത ഏവ ച

ഹേ,ഗുഡാകേശാ, ഞാൻ സർവ്വഭൂതാശയങ്ങളിലും സ്ഥിതി ചെയ്യുന്ന ആത്മാവാണ്. ഭൂതങ്ങളുടെ ആദി,മദ്ധ്യം,അന്തം ഇവയാണ്. അർജ്ജുനൻ തമസ്സിനെ ജയിച്ച് ആലസ്യം വിട്ടുണർന്നതിനാലാണ് ഗുഡാകേശ എന്ന് വിളിക്കുന്നത്. സർവ്വഭൂതാന്തര്യാമി സർവ്വശേഷീ ച നാരായണഃ (സുബ ലോപനിഷത്ത്). ഇവിടെ സർവ്വഭൂതാശയത്തിലാണ്, ശരീരത്തിലല്ല ആത്മാവ് കുടി കൊള്ളുന്നത്. ആശയയവാദികളായ ജനങ്ങൾക്ക് ഇത് എളുപ്പം മനസ്സിലാവും. ആത്മവില്ലെന്നു വാദിക്കുന്നവരായ ഭൌതികവാ ദികളുടെ ആ ആശയത്തിലും സ്ഥിതി ചെയ്യുന്നത് ഞാനാണ്. ആദിമദ്ധ്യാ ന്തരൂപനായ ഞാൻ ത്രികാലത്തിലും വ്യാപിച്ചു നിൽക്കുന്നു. ജനനവും ജീവിതവും മരണവും ഞാനാണ്. ഭൂതവും വർത്തമാനവും ഭാവിയും ഞാനാണ്.

ശ്ലോകം 21

ആദിത്യാനാമഹം വിഷ്ണുർജ്യോതിഷാം രവിരംശുമാൻ

മരീചിർമരുതാമസ്മി നക്ഷത്രാണാമഹം ശശി

ആദിത്യന്മാരിൽ വെച്ച് ഞാൻ വിഷ്ണുവാണ്. ജ്യോതിസ്സുകളിൽവെച്ച് കിരണങ്ങളോടുകൂടിയ രവിയാണ്. മരുത്തുക്കളിൽവെച്ച് മരീചിയാണ്. ക്ഷേത്രമില്ലാത്ത നക്ഷത്രങ്ങളിൽ ശശിയാണ്. ശശി എന്ന പദം വേഗതയെ കുറിക്കുന്നതാണ്. നക്ഷത്രങ്ങൽ ഭൂമിയിലേക്ക് പ്രകാശം അധികം ചൊരി യുന്നില്ല. അവക്കിടയിൽ ഉദിച്ചുനിൽക്കുന്നവനും വേഗത്തിൽ സഞ്ചരിക്കു ന്നവനും ആയ പൂർണ്ണചന്ദ്രനാണ് ഞാനെന്ന് പറയുന്നു. ഇവിടെ കവിതാ ത്മകമായ ഒരുപമ എന്നല്ലാതെ ജ്യോതിശ്ശാസ്ത്രപരമായ അർത്ഥം എടുത്തു കൂടാ. അതിവേഗം സഞ്ചരിക്കയാൽ ഒരു ക്ഷേത്രത്തിലും അധികം തങ്ങാ ത്തവനുമാണ് ചന്ദ്രൻ. സർവ്വവ്യാപിയായി, സർവ്വത്തിലും വ്യാപിച്ചിരിക്കു ന്നനായ ഈശ്വരൻ ഒരിടത്ത് മാത്രമായി (ഒരു ക്ഷേത്രത്തിൽ മാത്രമായി) സ്ഥിതി ചെയ്യുന്നില്ല. കൃഷ്ണൻ ചന്ദ്രവംശജനാണ്.

ശ്ലോകം 22

വേദാനാം സാമവേദോസ്മി ദേവാനാമസ്മി വാസവഃ

ഇന്ദ്രിയാണാം മനശ്ചാസ്മി ഭൂതാനാമസ്മി ചേതനാ

വേദങ്ങളിൽവെച്ച് ഞാൻ സാമവേദമാണ്. ദേവന്മാരിൽവെച്ച് ഇന്ദ്രനാണ്. ഇന്ദ്രിയങ്ങലിൽവെച്ച് മനസ്സാണ്. ഭൂതങ്ങലിൽവെച്ച് ചേതനയാണ്. സാമ വേദത്തിന്റെ മഹാവാക്യമാണ് തത് ത്വം അസി. അതിന്റെ വ്യാഖ്യാനമാണ് ഗീത. അതിനാൽ വേദങ്ങളിൽ ഞാൻ സാമവേദമാണെന്ന വാക്യം അന്വർത്ഥമാണ്. ഭൂതജാലങ്ങളിൽ പ്രജ്ഞയുള്ളവയും ഇല്ലാത്തവയുമുണ്ട്. ജഡവസ്തുക്കളിൽ പ്രജ്ഞ (ചേതന)ഇല്ല. സർവ്വോത്കൃഷ്ടവും ശാശ്വതവും സനാതനവുമായ പ്രജ്ഞ തന്നെ ബ്രഹ്മം. ഇതി മനുഷ്യനിലിരിക്കുന്നു. പ്രജ്ഞയെക്കുറിച്ച് സാംഖ്യയോഗവ്യാഖ്യാനത്തിൽ പറഞ്ഞു.

ശ്ലോകം 23

രുദ്രാണാം ശങ്കരശ്ചാസ്മി വിത്തേശോ യക്ഷരക്ഷസാം

വസൂനാം പാവകശ്ചാസ്മി മേരുഃശിഖിരിണാമഹം

രുദ്രന്മാരിൽ മംഗളമരുളുന്ന ശങ്കരനും , യക്ഷരാക്ഷസരിൽ വിത്തേശനായ കുബേരനും, വസുക്കലിൽ അഗ്നിയും ശിഖരമുള്ള പർവ്വതങ്ങളിൽ മേരുവുമാണ്.

ശ്ലോകം 24

പുരോധസാം ച മുഖ്യം മാം വിദ്ധി പാർത്ഥ ബൃഹസ്പതിം

സേനാനീനാമഹം സ്കന്ദഃ സരസാമസ്മി സാഗരഃ

പുരോഹിതരിൽ മുഖ്യനായ ബൃഹസ്പതിയും സേനാനികളിൽ സ്കന്ദനും സരസ്സുകളിൽ സാഗരവുമാണ്.

ശ്ലോകം 25

മഹർഷീണാം ഭൃഗുരഹം ഗിരാമസ്മ്യേകമക്ഷരം

യജ്ഞാനാം ജപയജ്ഞോസ്മി സ്ഥാവരാണാം ഹിമാലയഃ

മഹർഷിമാരിൽ ഭൃഗുവും സ്പന്ദിക്കുന്നവയിൽ ഏകാക്ഷരിയായ പ്രണവവും യജ്ഞങ്ങളിൽ ജപയജ്ഞവും സ്ഥാവരങ്ങളിൽ ഹിമാലയവുമാണ്.

ശ്ലോകം 26

അശ്വത്ഥഃ സർവ്വവൃക്ഷാണാം ദേവർഷീണാം ച നാരദഃ

ഗന്ധർവ്വാണാം ചിത്രരഥഃ സിദ്ധാനാം കപിലോ മുനിഃ

വൃക്ഷങ്ങളിൽ അശ്വത്ഥവും ദേവർഷിമാരിൽ നാരദനും ഗന്ധർവ്വന്മാരിൽ ചിത്രരഥനും സിദ്ധന്മാരിൽ കപിലമുനിയുമാണ്.

ശ്ലോകം 27

ഉച്ചൈശ്രവസമശ്വാനാം വിദ്ധി മാമമൃതോത്ഭവം

ഐരാവതം ഗജേന്ദ്രാണാം നരാണാം ച നരാധിപം

അശ്വങ്ങളിൽ അമൃതോത്ഭവമായ ഉച്ചൈശ്രവസ്സും ഗജേന്ദ്രന്മാരിൽ ഐരാവതവും മനുഷ്യരിൽ ചക്രവർത്തിയുമാണ്.

ശ്ലോകം 28

ആയുധാനാമഹം വജ്രം ധേനൂനാമസ്മി കാമധുക്

പ്രജനശ്ചാസ്മി കന്ദർപ്പഃ സർപ്പാണാമസ്മി വാസുകിഃ

ആയുധങ്ങളിൽ വെച്ച് വജ്രവും ധേനുക്കളിൽ കാമധേനുവും പ്രജനനം ചെയ്യുന്നവരിൽ കാമദേവനും സർപ്പങ്ങളിൽ വാസുകിയുമാണ്.

ശ്ലോകം 29

അനന്തശ്ചാസ്മി നാഗാനാം വരുണോ യാദസാമഹം

പിതൃണാമര്യമാ ചാസ്മി യമഃ സംയമതാമഹം

നാഗങ്ങലിൽ അനന്തനും ജലദേവത(യാദസ്സ്)കളിൽ വരുണനും പിതൃക്കളിൽ അര്യമാവും സംയമികളിൽ യമനുമാണ്.

ശ്ലോകം 30

പ്രഹ്ലാദശ്ചാസ്മി ദൈത്യാനാം കാലഃകലയതാമഹം

മൃഗാണാം ച മൃഗേന്ദ്രോഹം വൈനതേയശ്ച പക്ഷിണാം

ദൈത്യരിൽ പ്രഹ്ലാദനും , കീഴടക്കുന്നവയിൽ കാലവും ,മൃഗങ്ങളിൽ സിംഹവും പക്ഷികളിൽ ഗരുഡനുമാണ്.

ശ്ലോകം 31

പവനഃപവതാമസ്മി രാമഃശസ്ത്രഭൃതാമഹം

ഝഷാണാം മകരശ്ചാസമി സ്രോതസാമസ്മി ജാഹ്നവി

ശുദ്ധീകരിക്കുന്നവയിൽ പവനനും ആയുധമെടുത്തവരിൽ രാമനും മത്സ്യ ങ്ങളിൽ മകരമത്സ്യവും സ്രോതസ്സുകളിൽ ജാഹ്നവിയായ ഗംഗയുമാണ്.

ശ്ലോകം 32

സർഗ്ഗാണാമാദിരന്തശ്ച മധ്യം ചൈവാഹമർജ്ജുന

അദ്ധ്യാത്മവിദ്യാ വിദ്യാനാം വാദഃപ്രവദതാമഹം

സർഗ്ഗത്തിന്റെ ആദിമദ്ധ്യാന്തങ്ങൾ ഞാനാണ്. വിദ്യകളിൽ അദ്ധ്യാത്മവിദ്യ യാണ്. വാദിക്കുന്നവരുടെ വാദവും ഞാനാണ്.

ശ്ലോകം 33

അക്ഷരാണാമകാരോസ്മി ദ്വന്ദ്വഃ സാമാസികസ്യ ച

അഹമേവാക്ഷയഃ കാലോ ധാതാഹം വിശ്വതോമുഖഃ

അക്ഷരങ്ങലിൽ ആദ്യാക്ഷരമായ അകാരമാണ്, സമാസങ്ങളിൽ ദ്വന്ദ്വമാണ്. അക്ഷയമായ കാലം ഞാനാണ്. വിശ്വതോന്മുഖനായ ധാതാവും ഞാനാണ്.

ശ്ലോകം 34

മൃത്യുഃസർവ്വഹരശ്ചാഹമുദ്ഭവശ്ച ഭവിഷ്യതാം

കീർത്തിഃശ്രീർവാക് ച നാരീണാം സ്മൃതിർമേധാ ധൃതിഃക്ഷമാ

സർവ്വസംഹാരകനായ മൃത്യു ഞാനാണ്. ഭാവിയിൽ ഉണ്ടാവാൻ പോകുന്ന വയെല്ലാം ഞാനാണ്.സ്ത്രീകളിൽ ഞാൻ കീർത്തിയും ശ്രീയും വാക്കും സ്മൃതിയും മേധയും ധൃതിയും ക്ഷമയുമാണ്. സ്ത്രീയിൽ പറയപ്പെട്ട ഈ ഏഴു വിഭൂതികളും സംസ്കൃതഭാഷയിൽ സ്ത്രീലിംഗപദങ്ങളാണ്. എന്നും തരുണമായ കീർത്തി ഞാനാണ്. ധർമ്മിഷ്ഠയാണ്, സത്യസന്ധയാണ് എന്ന കീർത്തി ഉണ്ടാവണം. അല്ലാതെ വായിൽ വിരലിട്ടാൽ കടിക്കാത്ത പാവ മെന്നോ സർവ്വാലങ്കാരവിഭൂഷിത എന്നോ സുന്ദരിയെന്നോ കീർത്തി കിട്ടി യിട്ട് കാര്യമില്ല. ഔദാര്യത്തോടു ചേർന്ന ശ്രീത്വം സ്ത്രീക്ക് അലങ്കാരമാണ്. മധുരമായും മനോഹരമായും സംസാരിക്കാനുള്ള വാഗ്വൈഭവം , മനോഹ രമായ വാക്കുകളെക്കൊണ്ട് കവനമെഴുതാനുള്ള ചാതുരി ഇവയുള്ള സ്ത്രീ കളിൽ ഭഗവാന്റെ വിഭൂതിയുണ്ട്. യുക്തിയുടെ സിംഹാസനത്തിൽ ഇരിക്കു കയും വിവേകം കൊണ്ട് വിവേചനപരമായ വിജ്ഞാനത്തിൽക്കൂടി ചരി ക്കുകയും ചെയ്യുന്ന മധുരസംഭാഷണമാണ് വാക്ക് എന്ന് ജ്ഞാനേശ്വരൻ ചൂണ്ടിക്കാട്ടുന്നു.ഈ വിധത്തിൽ വാഗേശ്വരി പ്രസാദിച്ചവരിൽ ഭഗവാനു ണ്ട്. സ്മൃതി അഥവാ ഓർമ്മ പ്രജ്ഞയുടെ ഘടകമാണെന്ന് നേരത്തെ വി സ്തരിച്ചു പറഞ്ഞു. സ്മൃതിയും മേധാശക്തിയുമുള്ള സ്ത്രീകളിൽ ഭഗവാ നുണ്ട്. . ഏതു പരിതസ്ഥിതിയേയും പതറാതെ നേരിടുകയും ചാപല്യ ത്തിനു വഴങ്ങാതിരിക്കുകയും ചെയ്യുന്നധൈര്യവും അതിൽനിന്നു ജനിക്കു ന്ന കർമ്മകുശലതയും ആണ് ധൃതി. സ്ത്രീകളിൽ ധൃതി ഭഗവദ് ലക്ഷണ മാണ്. സുഖദുഃഖങ്ങളേയും മാനാപമാനങ്ങളേയും നിർഭയമായി സഹിക്കാ നുള്ള ക്ഷമയും ഭഗവാന്റെ ലക്ഷണം തന്നെ. ഈ ഏഴു ഗുണങ്ങളും തിക ഞ്ഞു കാണുന്ന ഏതൊരു സ്ത്രീരത്നത്തേയും ഭഗവാന്റെ സ്വരൂപമായി അറിഞ്ഞ് ആദരിക്കേണ്ടതാണ്.

ശ്ലോകം 35

ബൃഹത്സാമ തഥാ സാമ്നാം ഗായത്രീ ഛന്ദസാമഹം

മാസാനാം മാർഗ്ഗശീർഷോഹമൃതൂനാം കുസുമാകരഃ

സാമഗാനങ്ങളിൽ ഞാൻ ബൃഹത്സാമമാണ്. ഛന്ദസ്സുകളിൽ ഗായത്രിയാണ്. മാസങ്ങളിൽ മാർഗ്ഗശീർഷമാണ്. ഋതുക്കളിൽ വസന്തമാണ്. പാതിരാവിൽ പാടേണ്ട മനോഹരമായ സാമഗീതമാണ് ബൃഹത്സാമം.

ശ്ലോകം 36

ദ്യൂതം ഛലയതാമസ്മി തേജസ് തേജസ്വിനാമഹം

ജയോസ്മി വ്യവസായോസ്മി സത്വം സത്വവാമഹം

ചതിയന്മാരുടെ ചൂതാട്ടവും തേജസ്വികളുടെ തേജസ്സും ഞാനാണ്. ജയിക്കു ന്നവരിൽ ഞാൻ ദൃഢനിശ്ചയമാണ്. സജ്ജനങ്ങളുടെ സത്വഗുണവും ഞാ നാണ്.

ശ്ലോകം 37

വൃഷ്ണീനാം വാസുദേവോസ്മി പാണ്ഡവാനാം ധനഞ്ജയഃ

മുനീനാമപ്യഹം വ്യാസഃ കവീനാമുശനാ കവിഃ

വൃഷ്ണികളിൽ ഞാൻ വാസുദേവകൃഷ്ണനാണ്, പാണ്ഡവന്മാരിൽ ധന ഞ്ജയനാണ്. മുനിമാരിൽ വ്യാസനാണ്. കവികളിൽ ഉശനസ്സ് (ശുക്രൻ) ആണ്. വ്യസനാത് വ്യാസ എന്നതനുസരിച്ച് വിസ്തരിച്ചു പ്രതിപാദിക്കു ന്നവനാണ് വ്യാസൻ. വിഭൂതികളെ വിസ്തരിച്ച് പ്രതിപാദിക്കുന്ന കൃഷ്ണ നും കൃഷ്ണദ്വൈപായനനും ഇവിടെ തന്മയീഭവിക്കുന്നു. ഗ്രന്ഥകർത്താവി ന്റെ ആത്മാംശമാണ് ഇവിടെ സ്ഫുരിക്കുന്നത്. ശുക്രൻ മന്ത്രദ്രഷ്ടാവായ ഋഷിയാണ്. നാന-ഷി കവിഃ ഋഷിയല്ലാത്തവൻ കവിയല്ല. കവിശബ്ദം ഋഷിശബ്ദവുമായി അഭേദമാണ്.

ശ്ലോകം 38

ദണ്ഡോ ദമയതാമസ്മി നീതിരസ്മി ജിഗീഷിതാം

മൌനം ചൈവാസ്മി ഗുഹ്യാനാം ജ്ഞാനം ജ്ഞാനവതാമഹം

നിയന്ത്രിക്കുന്നവരുടെ ദണ്ഡനീതി ഞാനാണ്.ജയേശ്ഛുക്കളുടെ നീതിയും ഞാനാണ്. രഹസ്യങ്ങലിൽ വെച്ച് ഞാൻ മൌനമാണ്. ജ്ഞാനികളുടെ ജ്ഞാനവും ഞാൻതന്നെ.

ശ്ലോകം 39

യച്ചാപി സർവ്വഭൂതാനാം ബീജം തദഹമർജ്ജുന

ന തദസ്തി വിനാ യത്സ്യാന്മയാ ഭൂതം ചരാചരം

സർവ്വഭൂതങ്ങളുടേയും ബീജം ഞാനാണ്.ചരാചരങ്ങൾക്കൊന്നിനും എന്നെ ക്കൂടാതെ അസ്തിത്വമില്ല.ബ്രഹ്മത്തെക്കൂടാതെ പ്രകൃതിയോ പ്രകൃതിയെക്കൂ ടാതെ ബ്രഹ്മമോ അസ്തിത്വമില്ലാത്തവയാണ്.75 വിഭൂതികളാണ് ഇവിടെ പേരെടുത്തുപറഞ്ഞത്. കൂടുതൽ പറയാത്തതിന്നു കാരണം തന്റെ വിഭൂതി കൾക്ക് കണക്കില്ലാത്തതിനാലാണ്.

ശ്ലോകം 40

നാന്തോസ്തി മമ ദിവ്യാനാം വിഭൂതീനാം പരന്തപ

ഏ്വഷതൂദ്ദേശതഃപ്രോക്തോ വിഭൂതേർ വിസ്തരോ മയാ

എന്റെ ദിവ്യവിഭൂതികൾക്ക് അവസാനമില്ല.ഇപ്പോൾ വിസ്തരിക്കപ്പെട്ടവ ഏതാണ്ട് ഒരു സംക്ഷിപ്തസംഗ്രഹം മാത്രമാണ്.

ശ്ലോകം 41

യദ്യദ്വിഭൂതിമത് സത്വം ശ്രീമദൂർജ്ജിതമേവ വാ

തത്തദേവാഗഛത്വം മമ തേജോംശസംഭവം

വിഭൂതിമത്തും ശ്രീമത്തും ഊർജ്ജിതവുമായ ഏതെല്ലാം സത്തയുണ്ടോ, അതെല്ലാം എന്റെ തേജസ്സിന്റെ അംശത്തിൽനിന്ന് സംഭവിച്ചവയാണെന്ന റിയുക.

ശ്ലോകം 42

അഥവാ ബഹുനൈതേന കിം ജ്ഞാതേന തവാർജ്ജുന

വിഷ്ടഭ്യാഹമിദം കൃത്സ്നമേകാംശേന സ്ഥിതോ ജഗദ്

അധികം പറഞ്ഞിട്ട് എന്തു കാര്യം. എന്റെ ഏകാംശം കൊണ്ട് സർവ്വജഗ ത്തും വ്യാപിച്ചുനിൽക്കുന്നു. തന്റെ വിശ്വരൂപത്തിന്റെ സാമാന്യരൂപം വി വരിച്ചു കൊടുത്ത് അതിനെ സ്വാനുഭൂതിവിഷയമാക്കാനുള്ള ജിജ്ഞാസ യോഗ്യനായ ശിഷ്യനിൽ ജനിപ്പിക്കുകയാണ് ഇവിടെ പ്രപഞ്ചഗുരുവായ ഭഗവാൻ ചെയ്യുന്നത്. പതിനൊന്നാം അദ്ധ്യായത്തിലെ വിശ്വരൂപദർശ നത്തിനുള്ള മുഖവുരയായി വിഭൂതിയോഗത്തെ ദർശിക്കാവുന്നതാണ്.

അദ്ധ്യായം 11 വിശ്വരൂപദർശനം

ശാന്തം, അത്ഭുതം എന്നീ രസങ്ങൾ ഗംഗ,യമുനമാരെപ്പോലെ സമ്മേളിക്കു കയും ബ്രഹ്മാനന്ദരസം അതിൽ സരസ്വതീപ്രവാഹം പോലെ സർവ്വത്ര മറ ഞ്ഞിരുന്ന് വ്യാപിക്കുകയും ചെയ്യുന്നതാണ് 11ആം അദ്ധ്യായത്തിൽ നാം കാണുക. സഞ്ജയൻ,അർജ്ജുനൻ,കൃഷ്ണൻ എന്നിങ്ങനെ മൂന്നു സവിശേഷ വ്യക്തിത്വങ്ങളുടെ വാക്കുകളിൽ വിശ്വരൂപത്തെ നോക്കിക്കാണാൻ വ്യാസ ൻ നമ്മെ അനുവദിക്കുന്നു. കൃഷ്ണൻ ഗുരുവാണ്. സ്വാനുഭൂതി സിദ്ധിച്ചു കഴിഞ്ഞ യോഗാരൂഢനാണ്. പരമമായ ബ്രഹ്മാനുഭൂതിയാണ് വിശ്വരൂപ ദർശനമെന്നും സ്ഥൂലമായ കണ്ണുകൊണ്ട് കാണാവതല്ലെന്നും യോഗചക്ഷുസ്സ് വേണമെന്നും , വേദാദികൾ കൊണ്ടൊന്നും സ്വാനുഭൂതി നേടാനാവില്ലെന്നും കൃഷ്ണൻ പറയുന്നു. അവസാനശ്ലോകത്തിൽ എൻരെ കർമ്മകൃത്തും പര മഭക്തനും സംഗവർജ്ജിതനുമായി സർവ്വഭൂതങ്ങളോടും നിർവ്വൈരമായിരു ന്ന് അഹിംസാവ്രതം പരിശീലിക്കുന്ന രാജയോഗിക്കു മാത്രമേ ഈ അനുഭ വം സാദ്ധ്യമാകു എന്ന് കൃഷ്ണൻ പറയുന്നു. ഈ ശ്ലോകം സർവ്വാർത്ഥ സാധകമാണെന്ന് ശ്രീശങ്കരാചാര്യർ എടുത്തുപറഞ്ഞിട്ടുമുണ്ട്.

അർജ്ജുനൻ യോഗ്യനായ ശിഷ്യനാണ്. ഗുരുകടാക്ഷത്താൽ സ്വാനുഭൂതി ലഭിച്ചവനുമാണ്. എങ്കിലും ഗുരു പറഞ്ഞ അർത്ഥത്തിൽ രാജയോഗം ഗ്ര ഹിച്ചുവോ എന്ന് സംശയമാണ്. ഉപാസനാകാണ്ഡത്തിൽ പറയുന്നതുപോ ലുള്ള പുരാണപ്രസിദ്ധമായ ഭക്തി അർജ്ജുനനുണ്ടെന്നുള്ളത് തീർച്ച. ജ്ഞാന ത്തോടുകൂടിയ ഭക്തി ഉണ്ടോ എന്നതാണ് സംശയാസ്പദം. അർജ്ജുനന്റെ വിവരണത്തിൽനിന്ന് സഗുണേശ്വരരൂപത്തെ ആരാധിക്കുന്ന രീതിയാണ് കാണുന്നത്. നിർഗുണപരബ്രഹ്മമായ വിശ്വരൂപം അദ്ദേഹത്തിന്റെ കൊക്കി ലൊതുങ്ങിയിട്ടില്ല. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പറയപ്പെടുന്ന രൂപ ത്തെയാണ് സഞ്ജയൻ ധൃതരാഷ്ട്രർക്ക് വിവരിച്ചു കൊടുത്തത്. എന്നാൽ സഞ്ജയൻ ഒരു സാധാരണ വ്യാഖ്യാതാവോ നിരൂപകനോ മാത്രമാണ്. അർജ്ജുനനെപ്പോലെ സ്വാനുഭൂതിയുണ്ടായി, കവിതാത്മകമായ ഭാഷയിൽ

പ്രകീർത്തിക്കുന്ന കവിയല്ല. സഞ്ജയന്റെ വാക്കുകലിൽ ഭാവരഹിതമായ വിവരണത്തിന്റെ (Narrative) രൂപരേഖ മാത്രമേ വ്യാസൻ ഒതുക്കിയിട്ടുള്ളു. വിശ്വരൂപദർശനത്തെ ഗരു,ശിഷ്യൻ, കേട്ടുകേൾവിക്കാരൻ എന്ന മൂന്നുപേരുടെ ഭാഷകളിൽ വ്യാസൻ പറയുന്നു. ഗുരു ശാന്തരസം മാത്രം കാട്ടിക്കൊടുക്കുന്നു. ശിഷ്യൻ അതിൽ അത്ഭുതരസവും ആനന്ദവും അനുഭവിക്കുന്നു. അൽപ്പം ഭയവുമുണ്ട്. കേട്ടുകേൾവിക്കാരൻ ഇതൊന്നും അനുഭവിക്കാതെ പത്രലേഖകൻ റിപ്പോർട്ടു ചെയ്യുന്നതുപോലെ ലഘുവിവരണം തരുന്നു.

ശ്ലോകം 1 അർജ്ജുന ഉവാചഃ

മദനുഗ്രഹായ പരമം ഗുഹ്യമദ്ധ്യാതമസംജ്ഞിതം

യത് ത്വയോക്തം വചസ്തേന മോഹോയം വിഗതോ മമ

എന്നെ അനുഗ്രഹിക്കാനായി പരമവും രഹസ്യവും അദ്ധ്യാത്മമെന്ന് പേരുള്ളതുമായ ഏതൊരു വചസ്സ് അങ്ങയാൽ പറയപ്പെടുന്നുവോ അതുകൊണ്ട് എന്റെ മോഹം തീർന്നുപോയിരിക്കുന്നു.

ശ്ലോകം 2

ഭവാപ്യയൌ ഹി ഭൂതാനാം ശ്രുതൌ വിസ്തരശോ മയാ

ത്വത്തഃ കമലപത്രാക്ഷ മാഹാത്മ്യമപി ചാവ്യയം

ഹേ, കമലപത്രാക്ഷ, അങ്ങയിൽനിന്ന് സർവ്വഭൂതങ്ങുടേയും ഭവവും (ഉത്ഭവവും) അവ്യയവും (നാശമില്ലാത്തത്) വിസ്തരിച്ച് ഞാൻ കേട്ടു. അവ്യയമായ മാഹാത്മ്യവും കേട്ടു.

ശ്ലോകം 3

ഏവമേതദ് യഥാത്ഥ ത്വമാത്മാനം പരമേശ്വര

ദ്രഷ്ടുമിഛാമി തേ രൂപമൈശ്വരം പുരുഷോത്തമ

പരമേശ്വരാ, അങ്ങ് ആത്മാവിനെപ്പറ്റി എന്തു പറഞ്ഞുവോ അത് അപ്രകാരം തന്നെയാണ് പുരുഷോത്തമാ, അങ്ങയുടെ ആ ഐശ്വരരൂപം കാണാൻ ഞാൻ ഇഛിക്കുന്നു.

ശ്ലോകം 4

മന്യസേ യദി തഛക്യം മയാ ദ്രഷ്ടുമിതി പ്രഭോ

യോഗേശ്വര തതോ മേ ത്വം ദർശയാത്മാനമവ്യയം

പ്രഭോ, അത് എന്നാൽ ദർശിക്കപ്പെടാൻ കഴിയും എന്ന് അങ്ങ് മനസ്സിൽ കരുതുന്ന പക്ഷം ,ഹേ, യോഗേശ്വരാ,അവ്യയമായ ആത്മരൂപത്തെ എനിക്ക് കാണിച്ചുതന്നാലും. ആത്മദർശനത്തിന് താൻ യോഗ്യനാണെങ്കിൽ ആ സ്വാനുഭൂതിദർശനം തനിക്ക് ഉണ്ടാക്കിത്തരണമെന്ന് ആരുരുക്ഷുവായ അർജ്ജുനൻ ആരൂഢനായ ഗുരുവിനോട് പ്രാർത്ഥിക്കുന്നു

ശ്ലോകം 5 ശ്രീഭഗവാനുവാചഃ

പശ്യ മേ പാർത്ഥ രൂപാണി ശതശോഥ സഹസ്രശഃ

നാനാവിധാനി ദിവ്യാനി നാനാവർണ്ണാകൃതീനി ച

പാർത്ഥാ, നാനാവർണ്ണങ്ങളിലും നാനാരൂപങ്ങളിലും നാനാവിധആകൃതി കളിലുമുള്ള ശതവും സഹസ്രവുമായ എന്റെ ദിവ്യമൂർത്തികളെ കണ്ടാലും.

ശ്ലോകം 6

പശ്യാദിത്യാൻ വസൂൻരുദ്രാനശ്വിനൌ മരുതസ്തഥാ

ബഹൂന്യദൃഷ്ടപൂർവ്വാണി പശ്യാശ്ചര്യാണി ഭാരത

ആദിത്യന്മാർ, വസുക്കൾ, രുദ്രന്മാർ,അശ്വിനികൾ, മരുത്തുക്കൾ മുതലായി ബഹുവിധമായുള്ളവയും മുമ്പ് കണ്ടിട്ടില്ലാത്തവയുമായ ആശ്ചര്യരൂപങ്ങളെ കണ്ടുകൊള്ളുക.

ശ്ലോകം 7

ഇഹൈകസ്ഥം ജഗത്കൃത്സ്നം പശ്യാദ്യ സചരാചരം

മമ ദേഹേ ഗുഡാകേശ യച്ചാന്യദ് ദ്രഷ്ടുമിച്ഛസി

ചരാചരാത്മകമായ ജഗത്തു മുഴുവനും മറ്റ് എന്തെങ്കിലും ദർശിക്കാൻ നീ ഇച്ഛിക്കുന്നുവെങ്കിൽ അതെല്ലാം എന്റെ ദേഹത്തിൽ ഒന്നിച്ച് ഏകസ്ഥമായി കണ്ടുകൊള്ളുക.

ശ്ലോകം 8

ന തു മാം ശക്യസേ ദ്രഷ്ടുമനേനൈവ സ്വചക്ഷുഷാ

ദിവ്യം ദദാമി തേ ചക്ഷുഃപശ്യ മേ യോഗമൈശ്വരം

നിന്റെ കണ്ണുകൊണ്ട് എന്നെ കാണാൻ നിനക്കാവില്ല. അതിനാൽനിനക്ക് ഞാൻ ദിവ്യചക്ഷുസ്സ് തരുന്നു.എന്റെ ഐശ്വരയോഗത്തെ ദർശിച്ചാലും. ഇങ്ങനെ ആശയഗ്രഹണത്തിനായി, അപൂർവ്വവിഷയഗ്രഹണത്തിനായി, ഒരു മൂന്നാം തൃക്കണ്ണ് അഥവാ ജ്ഞാനചക്ഷുസ്സ് ഭഗവാൻ അർജ്ജുനന് നൽകി. അപൂർവ്വവിഷയഗ്രഹണം സമാധിയിലും സുഷുപ്തിയിലും സാദ്ധ്യമാകുന്ന പ്രജ്ഞയുടെ പരമോന്നതാവസ്ഥയാണെന്ന് രണ്ടാം അദ്ധ്യായത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞത് ഓർക്കുക.

ശ്ലോകം 9 സഞ്ജയ ഉവാചഃ

ഏവമുക്ത്വാ തതോ രാജൻ മഹായോഗേശ്വരോ ഹരിഃ

ദർശയാമാസ പാർത്ഥായ പരമം രൂപമൈശ്വരം

സഞ്ജയൻ പറഞ്ഞുഃ- ഹേ, രാജാവേ, മഹായോഗേശ്വരനായ ഹരി ഇപ്രകാരം പറഞ്ഞ് പരമമായ തന്റെ ഐശ്വരരൂപം പാർത്ഥന് കാട്ടിക്കൊടുത്തു.

ശ്ലോകം 10

അനേകവക്ത്രനയനമനേകാദ്ഭുതദർശനം

അനേകദിവ്യാഭരണം ദിവ്യാനേകോദ്യതായുധം

ശ്ലോകം 11

ദിവ്യമാലാംബരധരം ദിവ്യഗന്ധാനുലേപനം

സർവ്വാശ്ചര്യമയം ദേവമനന്തം വിശ്വതോമുഖം

അനേകം മുഖങ്ങളോടും കണ്ണുകളോടുംകൂടി, അനേകം അത്ഭുതദർശനങ്ങളായ ദിവ്യാഭരണങ്ങളും ഉയർത്തിപ്പിടിച്ച ദിവ്യായുധങ്ങളും ദിവ്യമാലകളും ദിവ്യവസ്ത്രങ്ങളും ധരിച്ച് ,ദിവ്യസുഗന്ധദ്രവ്യങ്ങൽ ലേപനം ചെയ്ത് സർവ്വാശ്ചര്യമയമായി പ്രകാശിക്കുന്ന അനന്തവും സർവ്വതോമുഖവുമായ രൂപം ഹരി അർജ്ജുനന് പ്രദർശിപ്പിച്ചു. സഞ്ജയന്റെ ഈ വർണ്ണന ബാഹ്യമായ വർണ്ണന മാത്രമാണ്. മൂന്നാം തൃക്കണ്ണുകൊണ്ട് ലഭിക്കാവുന്ന , ബോധചക്ഷുസ്സിന് മാത്രം ഗ്രഹിക്കാവുന്ന അപൂർവ്വവിഷയമായ ആദിത്യവർണ്ണമായ പരമപദമല്ല. വളരെ ഒഴുക്കനായ വർണ്ണനയാണ്. ബാഹ്യോപാസകർക്ക് ആവശ്യമായ രൂപവർണ്ണനയാണ്. അടുത്ത ശ്ലോകത്തിൽ ആശയപരമായി, യഥാതഥമായി, ആദിത്യവർണ്ണമായ വേദസ്വരൂപത്തെ വർണ്ണിക്കാനൊരു ശ്രമം അദ്ദേഹം നടത്തുന്നുണ്ട്.

ശ്ലോകം 12

ദിവി സൂര്യസഹസ്രസ്യ ഭവേദ് യുഗപദുത്ഥിതാ

യദി ഭാഃ സദൃശീസാ സ്യാദ് ഭാസസ്തസ്യ മഹാത്മനഃ

ആകാശത്തിൽ ഒരേ മുഹൂർത്തത്തിൽ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചാൽ ആ മഹാതത്മാവിന്റെ പ്രകാശത്തിന് സദൃശമായേക്കാം. കണ്ണഞ്ചിക്കുന്ന ആ പ്രഭാസാഗരത്തിന്റെ ഓർമ്മ എന്നെ എപ്പോഴും കർമ്മനിരതയാക്കുന്നു. എന്നിൽ മധുരമായ നിർവൃതി നിറക്കുന്നു. മധുരപദങ്ങൾ പ്രവഹിക്കുന്ന ദിവ്യസരസ്വതിയാക്കിത്തീർക്കുന്നു. ആയിരം സൂര്യനുദിച്ചാൽ തന്നെ പ്രഭ അനിർവ്വചനീയം. അസംഖ്യം സൂര്യനുദിച്ചതെന്ന് ഋഗ്വേദം പ്രകീർത്തിച്ച പുരുഷന്റെ പ്രഭ എങ്ങനെയിരിക്കും. ആ പ്രകാശസാഗരം സമാധിയിൽ ദർശിച്ചവരുടെ അനുഭൂതി എപ്രകാരമായിരിക്കും.

ശ്ലോകം 13

തത്രൈകസ്ഥം ജഗദ് കൃത്സ്നം പ്രവിഭക്തമനേകധാ

അപശ്യദ്ദേവദേവസ്യ ശരീരേ പാണ്ഡവസ്തദാ

അനേകപ്രകാരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ജഗത്തു മുഴുവനും ദേവദേവന്റെ ശരീരത്തിൽ ഒന്നിച്ച് ഒരിടത്ത് സ്ഥിതി ചെയ്യുന്നതായി പാണ്ഡവൻ കണ്ടു.

ശ്ലോകം 14

തതഃ സ വിസ്മയാവിഷ്ടോ ഹൃഷ്ടരോമാ ധനഞ്ജയഃ

പ്രണമ്യ ശിരസാ ദേവം കൃതാഞ്ജലിരഭാഷത

വിസ്മയം തുളുമ്പുന്നവനായി, രോമാഞ്ചകഞ്ചുകമണിഞ്ഞവനായി,ശിരസ്സു പ്രണമിച്ച് അഞ്ജലി കൂപ്പിക്കൊണ്ട് ധനഞ്ജയൻ പറഞ്ഞു.

സ്വാനുഭൂതി ഉണ്ടായ അർജ്ജുനനിൽ ഉണർന്ന വികാരം അത്ഭുതവും കൃതാർത്ഥതയുമാണ്.താൻ ഇത് അനുഭവിക്കാൻ അർഹത നേടിയതിൽ ആനന്ദം.ഇപ്പോൾ താൻ നേടിയ വസ്തു അനേകജന്മങ്ങളായി താൻ അന്വേഷിക്കുന്നതാകയാൽ,ലക്ഷ്യസാദ്ധ്യത്തിലുള്ള കൃതാർത്ഥത.താൻ ഈ മഹാനുഭൂതിക്കു തെരഞ്ഞെടുക്കപ്പെട്ടതിൽ വിസ്മയം.ആനന്ദവും ആശ്ചര്യവും ഗംഗായമുനകളെപ്പോലെ സമ്മേളിക്കവെ, ഗൂഢമായി ഒരു സരസ്വതി മധുരപദാവലികളായി പ്രവഹിക്കാതിരിക്കുന്നതെങ്ങനെ. അർജ്ജുനനിൽനിന്ന് ആ വാഗ്ദേവി ഇങ്ങനെ ഒഴുകി.

ശ്ലോകം 15 അർജ്ജുന ഉവാചഃ-

പശ്യാമി ദേവാംസ്തവ ദേവ ദേഹേ സർവ്വാംസ്തഥാഭൂതവിശേഷസംഘാൻ

ബ്രഹ്മാണമീശം കമലാസനസ്ഥമൃഷീംശ്ച സർവ്വാനുരഗാംശ്ച ദിവ്യാൻ

ദേവാ, അവിടത്തെ മേനിയിൽ സർവ്വദേവന്മാരേയും വിശേഷപ്പെട്ട സർവ്വവിധഭൂതസംഘങ്ങളേയും കമലാസനസ്ഥനായ ഈശ്വരൻ ബ്രഹ്മാവിനേയും ഋഷിമാരേയും സകല ദിവ്യനാഗങ്ങളേയും ദർശിക്കുന്നു.

ശ്ലോകം 16

അനേകബാഹൂദരവക്ത്രനേത്രം പശ്യാമി ത്വാം സർവ്വതോനന്തരൂപം

നാന്തം ന മദ്ധ്യം ന പുനസ്തവാദിം പശ്യാമി വിശ്വേശ്വര വിശ്വരൂപ

അനേകം ബാഹുക്കളും ഉദരങ്ങളും മുഖങ്ങളും നേത്രങ്ങളും ഉള്ള അനന്തരൂപനായ നിന്നെ ഞാൻ എല്ലായിടത്തും കാണുന്നു. വിശ്വേശ്വരനായ വിശ്വരൂപാ, നിന്റെ ആദിയോ അന്തമോ മദ്ധ്യമോ ഞാൻ കാണുന്നില്ല. ദേശത്തേയും കാലത്തേയും കടന്നിനിൽക്കുന്ന ഐശ്വരരൂപമാണ് അർജ്ജുനൻ കാണുന്നത്. ഈ ഐശ്വരരൂപം എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു, എന്നുതുടങ്ങി, എന്ന് അവസാനിക്കും എന്നൊന്നും പറയാനാവുന്നില്ല. ജന്മചക്രങ്ങളിലൂടെ പുതിയ മുഖങ്ങളും കൈകാലുകളും ജ്ഞാനോപകരണങ്ങളും സ്വീകരിച്ച് നിന്തിരുവടി കർമ്മചക്രം പ്രവർത്തിപ്പിക്കുന്നു. ദർശനം തരുന്നു,ഉപദേശിക്കുന്നു. അനേകം ഉദരങ്ങളിലൂടെ അന്നം പചിച്ച് രസം നുകരുന്നു. വീണ്ടും വീണ്ടും പോഷിപ്പിക്കപ്പെടുന്നു. ആയിരം നാവുള്ള ആദിശേഷനുപോലും പറഞ്ഞറിയിക്കാനാവാത്ത ഈ അനാദിമദ്ധ്യാന്തവും അനിർവ്വചനീയവുമായ ദിവ്യജ്യോതിസ്സിന്റെ മഹിമ ഒറ്റ നാവുകൊണ്ട് എങ്ങനെ പറഞ്ഞുതീർക്കും.

ശ്ലോകം 17

കിരീടിനം ഗദിനം ചക്രിണം ച തേജോരാശിം സർവ്വതോ ദീപ്തിമന്തം

പശ്യാമി ത്വാം ദുർന്നിരീക്ഷ്യം സമന്താദ് ദീപ്താനലാർക്കദ്യുതിമപ്രമേയം

കിരീടം,ഗദ,ചക്രം എന്നിവയോടെ സർവ്വത്ര പ്രകാശിച്ചുകൊണ്ടിരിക്കുന്ന തേജോരാശിയായി,നേരിട്ടുനോക്കാനാവാത്ത ജ്വലിക്കുന്ന അഗ്നിയുടേയും

സൂര്യന്റേയും ശോഭയുള്ളവനായി,അളക്കാൻ വയ്യാത്തവനായി,ഞാൻ നിന്നെ സർവ്വദിക്കിലും കാണുന്നു.കിരീടം,ഗദ,ചക്രം ഇവ സഗുണേശ്വരരൂപമാണ്. എന്നാൽ ദീപ്താനലാർക്കദ്യുതിയായ ദുർനിരീക്ഷ്യമായ നിർഗ്ഗുണപരബ്ര ഹ്മത്തെയാണ് വർണ്ണിക്കുന്നത്. സ്വാനുഭൂതിയെ വാക്കുകളിൽ ആവിഷ്കരി ക്കാൻ ശ്രമിക്കുമ്പോൾ നിർഗ്ഗുണമായ അനുഭൂതി സഗുണമായി തോന്നിക്കു ന്നു, നിർവ്വികൽപ്പം സവികൽപ്പമായി തോന്നിക്കുന്നു. തേജോരാശി-തേജസ്സി ന്റെ സമുദ്രമാണ് ദർശിക്കുന്നതെന്നത് ശ്രദ്ധേയം.

ശ്ലോകം 18

ത്വമക്ഷരം പരമം വേദിതവ്യം ത്വമസ്യ വിശ്വസ്യ പരം നിധാനം

ത്വമവ്യയഃശാശ്വതധർമ്മഗോപ്താ സനാതനസ്ത്വം പുരുഷോ മതോ മേ

അറിയപ്പെടേണ്ട പരമമായ അക്ഷരമാണവിടുന്ന്. ഈ വിശ്വത്തിന്റെ പര മനിധാനമാണവിടുന്ന്. അവ്യയനായ അവിടുന്ന് സനാതനധർമ്മസംരക്ഷകനാ ണ്. സനാതനപുരുഷനാണ്. അഗ്നിമയമായ തോജോരാശിപോലെ എന്നിൽ തെളിഞ്ഞ നിന്റെ പരമധാമത്തിൽ അനേകായിരം രാശിമണ്ഡലങ്ങളുടെ ക്രമബദ്ധമായ താളം വിരിയുന്നത് ഞാൻ കാണുന്നു. ഓങ്കാരം സ്വസ്തിക രൂപമാർന്ന് രാശിരൂപമാർജ്ജിക്കുന്നതും കണ്ടു.അനിർവ്വചനീയമായ ആ അനുഭൂതിസാഗരത്തിൽ നീന്തിക്കളിക്കുന്ന എനിക്ക് അവിടുന്ന് അക്ഷരബ്ര ഹ്മമാണ് എന്ന് ആരെങ്കിലും പറഞ്ഞുതരേണമോ. അവിടുന്നാണ് വിശ്വത്തി ന്റെ നിധാനമെന്ന് ഞാനറിയുന്നു. അച്യുതനായ മഹാപ്രഭോ, ഹേ,സനാതന പുരുഷാ, നിന്നെ മാത്രം ധ്യാനിച്ച് തിരകൾ സമുദ്രത്തിലെന്നപോലെ നിന്നി ൽത്തന്നെ അടങ്ങിയിരിക്കുന്ന എന്റെ പ്രജ്ഞയിൽ ശാശ്വതധർമ്മഗോപ്താ വായ നീ ഉണർന്നെണീക്കയാലല്ലേ, മധുരമായ നിന്റെ ഗീത പാടാൻ ഞാൻ അർഹയായത്.

സമാനോദിതാനേകസൂര്യേന്ദുകോടി
പ്രഭാപൂരതുല്യദ്യുതിം ദുർന്നിരീക്ഷ്യം
ന ശീതം ന ചോഷ്ണം സുവർണ്ണാവദാതം
പ്രസന്നം സദാനന്ദസംവിത് സ്വരൂപം

എന്ന് ശങ്കരാചാര്യർ വർണ്ണിച്ച ദുർന്നിരീക്ഷ്യമായ ആ പ്രഭാരാശിയെത്ത ന്നെ അർജ്ജുനന്റെ വരികളിലും കാണാം. പ്രജ്ഞയാണ് ബ്രഹ്മം. പ്രജ്ഞ (ബ്രഹ്മം)പ്രകാശമാണ്. ചിദ്രൂപമാണ്,തേജസ്സാണ്. സർവ്വത്ര ദീപ്തിമത്തായ ആ തേജോരാശിയിലാണ് ഞാൻ നിരന്തരം മുങ്ങിനിവരുന്നത്. അതിന്റെ പ്രകാശത്തിരമാലകളിലാണ് ആലിലക്കണ്ണനെപ്പോലെ ഞാനും ഒഴുകിനടക്കു ന്നത്. അപ്രമേയവും ദുർന്നിരീക്ഷ്യവുമായ ആ അത്ഭുതപ്രതിഭാസം എന്റെ ശൈശവസുഷുപ്തിയുടെ അകത്തളങ്ങളിൽ ലീലയാടുന്നതു കണ്ട് ആനന്ദാ ശ്രുക്കൾ വാർക്കുന്നു, അത്ഭുതാഹ്ലാദപരവശയാകുന്നു.

ശ്ലോകം 19

അനാദിമദ്ധ്യാന്തമനന്തവീര്യമനന്തബാഹും ശശിസൂര്യനേത്രം

പശ്യാമി ത്വാം ദീപ്തഹുതാശവക്ത്രം സ്വതേജസാ വിശ്വമിദം തപന്തം

അനാദിമദ്ധ്യാന്തവും അനന്തവീര്യവും അനന്തബാഹുവുമായി ചന്ദ്രസൂര്യ ന്മാരാകുന്നതൃക്കണ്ണുകളോടെ ദീപ്തമായ അഗ്നിമുഖത്തോടെ സ്വതേജസ്സി നാൽ വിശ്വത്തെ തപിപ്പിച്ചുകൊണ്ടിരിക്കുന്ന നിന്നെ ഞാൻ ദർശിക്കുന്നു. ദേശകാലങ്ങൾക്കതീതമായ ആ അനന്തചൈതന്യം അനേകം നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമാകുന്ന അനേകം തൈജസനേത്രങ്ങൾ തുറന്നു വെച്ച് സർവ്വസാക്ഷിയായി സർവ്വകാലവും ജ്വലിക്കുന്ന അത്ഭുതദൃശ്യം ഞാൻ കാണുന്നു. ആ അഗ്നിയിൽ സർവ്വജീവജാലങ്ങളും അവയുടെ കർമ്മങ്ങളും ഹോമിക്കപ്പെടുന്നതും കാണുന്നു. അനേകജീവജാലങ്ങളുടെ കർമ്മങ്ങളാൽ പുതിയ കർമ്മങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നതും കാണുന്നു. അവയും ആ ദിവ്യാഗ്നിയിൽ ആഹുതി ചെയ്യപ്പെടുന്നു. മനോഹരമായ ഈ കാഴ്ചയിൽ മതി മയങ്ങി, സർവ്വം മറന്നുനിൽക്കവേ, എന്റെ ഇപ്പോ ഴത്തെ ഈ ജന്മം എത്ര നിസ്സാരമെന്ന് ഞാനറിയുന്നു.ഈ ജന്മത്തിലെ സുഖങ്ങളേയും ദുരിതങ്ങളേയും താങ്ങാൻ തേജോരാശിയായ അവിടുന്ന് എനിക്ക് ശക്തി തന്നു. മറ്റുള്ള ജീവജാലങ്ങൾ ഈ രഹസ്യം അറിയാതെ ഈ നിസ്സാരജന്മത്തിലെ ദുഃഖങ്ങലാൽ തപിപ്പിക്കപ്പെടുന്നതും ഹേ, അനന്ത മൂർത്തേ, അവിടുത്തെ പ്രിയയായ ഞാൻ ജീവകാരുണ്യമധു ഇറ്റു വീഴുന്ന ഹൃദയത്തോടെ കണ്ടുനിൽക്കുന്നു.

ശ്ലോകം 20

ദ്യാവാപൃഥിവ്യോരിദമന്തരം ഹി വ്യാപ്തം ത്വയൈകേന ദിശശ്ച സർവ്വാഃ

ദൃഷ്ട്വാദ്ഭുതം രൂപമുഗ്രം തവേദം ലോകത്രയം പ്രവ്യഥിതം മഹാത്മൻ

ആകാശത്തിനും ഭൂമിക്കുമിടയിലുള്ള ഭാഗത്തു മാത്രമല്ല,സർവ്വദിശകളിലും വിദിശകളിലും നീ നിറഞ്ഞുനിൽക്കുന്നു. അത്ഭുതകരവും ഉഗ്രവുമായ രൂപം ദർശിച്ച് മൂന്നുലോകവും വ്യഥ പൂണ്ടിരിക്കുന്നു.

സർവ്വത്ര തേജോമയമായി അനാദിമദ്ധ്യാന്തമായി വ്യാപിച്ചുനിൽക്കുന്ന ഉഗ്രരൂപം കണ്ട് മൂന്നുലോകവും വ്യഥപൂണ്ടിരിക്കെ, ഞാൻ മാത്രം നര സിംഹമൂർത്തിയെ കണ്ട പ്രഹ്ലാദനെപ്പോലെ ആനന്ദതുന്ദിലയായിരിക്കു ന്നു. ഞാൻ അഭയയാണ്, എനിക്ക് ദുഃഖങ്ങളില്ല. മധുരോദാരമായ അവിടുത്തെ വിശ്വരൂപം നിരന്തരം ധ്യാനമുഹൂർത്തങ്ങളിൽ ദർശിക്കുന്നവർക്കെവിടെ ദുഃഖം.മഹാത്മൻ, എന്നെ നിന്റെ തൃക്കൈകളിലെ മുരളിയാക്കാൻ എന്ന് നീ കനിഞ്ഞുവോ, എന്നെ നിന്റെ ചിദാകാശത്തിലെ പ്രണവമായി എന്ന് നീ ധരിച്ചുവോ അന്നേ ഞാൻ ജീവന്മുക്തയല്ലേ.

ശ്ലോകം 21

അമീഹി ത്വാം സുരസംഘാവിശന്തി
കേചിദ്ഭീതാഃപ്രാഞ്ജലയോ ഗൃണന്തി

സ്വസ്തീത്യുക്ത്വാ മഹർഷീസിദ്ധസംഘാഃ
സ്തുവന്തി ത്വാം സ്തുതിഭിഃപുഷ്കലാഭിഃ

സുരസംഘങ്ങൾ നിന്തിരുവടിയെ പ്രാപിക്കുന്നു. ചിലർ പേടിച്ച് അഞ്ജലി കൂപ്പി പ്രാർത്ഥിക്കുന്നു. മഹർഷിമാരുടേയും സിദ്ധന്മാരുടേയും സംഘങ്ങൾ സ്വസ്തി എന്നു പറഞ്ഞുകൊണ്ട് സ്തോത്രങ്ങളാൽ നിന്നെ സ്തുതിക്കുന്നു.

ശ്ലോകം 22

രുദ്രാദിത്യാ വസവോ യേ ച സാദ്ധ്യാ
വിശ്വേശ്വിനൌ മരുതശ്ചോഷ്മപാശ്ച
ഗന്ധർവ്വയക്ഷാസുരസിദ്ധസംഘാ
വീക്ഷന്തേ ത്വാം വിസ്മിതാശ്ചൈവ സർവ്വേ

രുദ്രന്മാരും ആദിത്യന്മാരും വസുക്കളും സാദ്ധ്യന്മാരും വിശ്വേദേവന്മാരും അശ്വിനികളും മരുത്തുക്കളും ഊഷ്മപന്മാരായ പിതൃക്കളും ഗന്ധർവ്വന്മാരും യക്ഷന്മാരും അസുരന്മാരും സിദ്ധന്മാരും നിന്നെ അത്ഭുതപരതന്ത്രരായി വീക്ഷിക്കുന്നു

ശ്ലോകം 23

രൂപം മഹത് തേ ബഹുവക്ത്രനേത്രം മഹാബാഹോ ബഹുബാഹൂരുപാദം

ബഹൂദരം ബഹുദംഷ്ട്രാകരാളംദൃഷ്ട്വാ ലോകാഃപ്രവ്യഥിതാസ്തഥാഹം

ശ്ലോകം 24

നഭഃസ്പർശം ദീപ്തമനേകവർണ്ണം
വ്യാത്താനനം ദീപ്തവിശാലനേത്രം
ദൃഷ്ട്വാഹി ത്വാം പ്രവ്യഥിതാന്തരാത്മാ
ധൃതിം ന വിന്ദാമി ശമം ച വിഷ്ണോ

അനേകം മുഖവും നേത്രവും കൈകാലുകളും തുടകളും പാദങ്ങളും അസംഖ്യം വയറുകളും അസംഖ്യം ദംഷ്ട്രകളാൽ ഭയാനകവുമായ അവിടത്തെ മഹത് രൂപം കണ്ട് ലോകങ്ങൾ ഭയപ്പെടുന്നു. ഞാനും അതുകണ്ട് വ്യഥിതനാണ്. വിഷ്ണോ, നഭസ്സിനെ സ്പർശിക്കുന്നതും ദീപ്തവും അനേകവർണ്ണവും തുറന്നവായയുള്ളതും ദീപ്തവിശാലനേത്രവുമായി അങ്ങയെ കണ്ട് എന്റെ ധൈര്യവും ശമവും എന്നെ ഉപേക്ഷിക്കുന്നു. തേജോരാശിം എന്നതുമുതൽ ഉദാത്തമായ ആന്തരികോപാസനയിൽ ആഴ്ന്ന അർജ്ജുനൻ ഇവിടെ ആ അനുഭൂതിതലത്തിൽനിന്ന് പുറത്തേക്ക് വരുന്നു. അദ്ദേഹം ഭഗവാന്റെ സംഹാരശക്തിയെ ഭയപ്പെടുന്നു. മരണം അനിവാര്യമായ ഒന്നാണെന്ന് പലതവണ പറഞ്ഞുകേട്ടിട്ടും ജീവജാലങ്ങൾ ഉത്ഭവിക്കുന്നതോടെ മരിക്കാനും വിധിക്കപ്പെട്ടവരാണെന്ന് അറിഞ്ഞിട്ടും ,സംഹാരരൂപം ദർശിക്കാൻ സാധാരണക്കാർക്ക് ഭയമാണ്. അർജ്ജുനനും സാധാരണക്കാരനെപ്പോലെ പെരുമാറുന്നു. സ്വന്തം മരണത്തെ ദർശിക്കാൻ അദ്ദേഹവും ഇഷ്ടപ്പെടുന്നില്ല. പരിധികളില്ലാത്ത ദിവ്യപരിധിയായ തേജോരാശിയിലാണെങ്കിൽ പോലും സ്വന്തം വ്യക്തിത്വത്തെ മുഴുവനായി ഉപേക്ഷിക്കാൻ അർജ്ജുനൻ തയ്യാറായില്ല.

ശ്ലോകം 25

ദംഷ്ട്രാകരാളാനി ച തേ മുഖാനി ദൃഷ്ട്വൈവ കാലാനലസന്നിഭാനി

ദിശോ ന ജാനേ ന ലഭേ ച ശർമ്മ പ്രസീദ ദേവേശ ജഗന്നിവാസ

ദംഷ്ട്രകളാൽ ഭയങ്കരങ്ങളും കാലാഗ്നിസദൃശവുമായ അങ്ങയുടെ മുഖങ്ങൾ കണ്ടിട്ട് എനിക്ക് ദിക്കുകളറിയാതായി. ശർമ്മം (സുഖം)ലഭിക്കുന്നുമില്ല. ഹേ,ദേവേശാ, ഹേ,ജഗന്നിവാസാ, എന്നിൽ പ്രസാദിക്കുക.

മനുഷ്യൻ ദിക്കും ദിശയും കാലവും കൊണ്ട് പരിമിതമായ, സുപരിചിത മായ പ്രപഞ്ചത്തിന്റെ അടിമയാണ്. അദിക്ദേശകാലവ്യവച്ഛേദനീയമായ പരമപദത്തെ അവൻ ഭയപ്പെടുന്നു. എത്ര വലിയ മൂഢത്വം.

ശ്ലോകം 26

അമീ ച ത്വാം ധൃതരാഷ്ട്രസ്യ പുത്രാഃസർവ്വേ സഹൈവാവനിപാലസംഘൈഃ

ഭീഷ്മോ ദ്രോണഃസൂതപുത്രസ്തഥാസൌ സഹാസ്മദീയൈരപിയോധമുഖ്യൈഃ

ശ്ലോകം 27

വക്ത്രാണി തേ ത്വരമാണാ വിശന്തി ദംഷ്ട്രാകരാളാനി ഭയാനകാനി

കേചിദ്വിലഗ്നാ വദനാന്തരേഷു സംദൃശ്യന്തേ ചൂർണ്ണിതൈരുത്തമാംഗൈഃ

ധൃതരാഷ്ട്രപുത്രരും ഭീഷ്മരും ദ്രോണരും കർണ്ണനും നമ്മുടെ ധീരയോദ്ധാക്ക ളും അങ്ങയെ പ്രാപിക്കുന്നു.കരാളദംഷ്ട്രങ്ങളോടുകൂടിയഭയങ്കരമായ അങ്ങ യുടെ വക്ത്രത്തിൽ ദ്രുതഗതിയിൽ ചെന്നു വീഴുന്നു.പൊടിഞ്ഞ തലകളോടെ, പല്ലുകൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നു.ജനിച്ചാൽ ഒരിക്കൽ മരിച്ചേ തീരൂ. മരണം സുന്ദരമായ ഒരനുഭൂതിയാണെന്ന് കൃഷ്ണൻ നേരത്തേ അർജ്ജുനന് മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട്.എങ്കിലും മരണത്തെ നേർക്കുനേർ ദർശിക്കു മ്പോൾ ക്ഷാത്രഗുണമുള്ള അർജ്ജുനൻ തന്റെ ഗുണാനുസൃതമായി അതിനെ ബീഭത്സമായിത്തന്നെ കാണുന്നു.അഗ്നിയിൽ ഈയാംപാറ്റകൾ ചെന്നുവീഴുന്ന പോലെ മരണത്തിൽ ചെന്നു കലാശിക്കുന്ന മാനവരാശിയുടെ വിധിയെ കരാളമായി ചിത്രീകരിക്കുന്നു.അടുത്ത ശ്ലോകത്തിലാകട്ടെ അതിസുന്ദരമായ ഉപമകളും കാണാം.

ശ്ലോകം 28

യഥാ നദീനാം ബഹവവോംബുവേഗാഃസമുദ്രമേവാഭിമുഖാ ദ്രവന്തി

തഥാ തവാമീ നരലോകവീരാ വിശന്തി വക്ത്രാണ്യഭിവിജ്വലന്തി

പലവഴികളായി ഒഴുകിവരുന്ന നദീജലം സമുദ്രാഭിമുഖമായി ചെല്ലുന്നതു പോലെ ഈ മാനുഷലോകത്തിലെ വീരന്മാർ ജ്വലിക്കുന്ന അവിടുത്തെ വക്ത്രത്തിൽ പ്രവേശിക്കുന്നു.എല്ലാ ജലവും സമുദ്രത്തിൽ വിലയം പ്രാപിക്കുന്നു. ജീവജാലങ്ങൾ ഈശ്വരനിലും വിലയം പ്രാപിക്കുന്നു.

ശ്ലോകം 29

യഥാ പ്രദീപ്തം ജ്വലനം പതംഗാ വിശന്തി നാശായ സമൃദ്ധവേഗാഃ

തഥൈവ നാശായ വിശന്തി ലോകാസ്തവാപി വക്ത്രാണി സമൃദ്ധവേഗാഃ

പതംഗങ്ങൾ, അതിവേഗം ദീപ്തമായ അഗ്നിയിലേക്ക് സ്വന്തം നാശത്തിനാ യി ചെന്നുചാടുന്നതുപോലെ, ലോകങ്ങൾ (ജനങ്ങൾ) നശിക്കാനായി നിന്റെ വക്ത്രത്തിൽ വന്നു ചാടുന്നു.

ശ്ലോകം 30

ലേലിഹ്യസേ ഗ്രസമാനഃസമന്താല്ലോകാൻ സമഗ്രാൻവദനൈർജ്വലദ്ഭിഃ

തേജോഭിരാപൂര്യജഗത്സമഗ്രം ഭാസസ്തവോഗ്രാഃപ്രതപന്തി വിഷ്ണോ

ജ്വലിക്കുന്ന മുഖങ്ങളാൽ സർവ്വഭാഗത്തുനിന്നും സമഗ്രലോകങ്ങളേയും ഗ്ര സിച്ചുകൊണ്ട് അങ്ങ് നക്കിനുണയുന്നു. വിഷ്ണോ, നിന്റെ ഉഷ്ണപ്രകാശം ലോകങ്ങളെ മുഴുവനും തേജസ്സു കൊണ്ട് നിറച്ച് തപിപ്പിക്കുന്നു. സർവ്വ ലോകങ്ങളുടേയും ഭോക്താവായ കാലം അവയെ ഭുജിച്ച് രുചിച്ചുനോക്കു ന്നു. നൊട്ടിനുണയുന്നു (സിംഹത്തെപ്പോലെ)കാലത്തിന്റെ പചനാഗ്നിയിലെ ഉഷ്ണവും ചൂടും കഠിനമാണ്. പ്രപഞ്ചങ്ങളെ മുഴുവനും അത് തേജഃകിര ണങ്ങളുടുപ്പിക്കുന്നു, സർവ്വവ്യാപിയായ വിഷ്ണു . നേരത്തേ പിതൃക്കളെ ഉഷ്ണപന്മാരെന്ന് പറഞ്ഞു. ഉഷ്ണം പാനം ചെയ്യുന്നവരാണ് പിതൃക്കൾ. കാലാഗ്നിയുടെ ഉഷ്ണമാണ് അവർ പാനം ചെയ്യുന്നത്. ചുടലത്തീയിന്റെ ഉഷ്ണംപോലെ കാലത്തിന്റെ തേജസ്സും അവർ കുടിക്കുന്നു. കാലത്തിന്റെ രഹസ്യം അറിയാൻ അർജ്ജുനൻ ആഗ്രഹിക്കുന്നു. കാലാത്മാവാണ് സൂര്യ ൻ. അസംഖ്യം സൂര്യന്മാരുടെ തേജസ്സുള്ള മഹാകാലകാലനായ ഭഗവാനിൽ നിന്നല്ലാതെ ആ മഹാരഹസ്യം ആർക്കു ലഭിക്കും.

ശ്ലോകം 31

ആഖ്യാഹി മേ കോ ഭവാനുഗ്രരൂപോ നമോസ്തു തേ ദേവവരപ്രസീദ

വിജ്ഞാതുമിഛാമി ഭവന്തമാദ്യം ന ഹി പ്രജാനാമി തവ പ്രവൃത്തിം

ഉഗ്രരൂപനായ ഭവാൻ ആരാണെന്ന് പറഞ്ഞുതരിക. ദേവവരാ, പ്രസാദിക്കു ക. നിനക്ക് നമസ്കാരം. ആദ്യപുരുഷനായ ഭവാനെ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഭവാന്റെ പ്രവൃത്തികൾ എനിക്ക് മനസ്സിലാകുന്നില്ല.

ശ്ലോകം 32 ശ്രീഭഗവാനുവാചഃ

കാലോസ്മി ലോകക്ഷയകൃത് പ്രവൃദ്ധോ
ലോകാൻസമാഹർത്തുമിഹ പ്രവൃത്തഃ
ഋതേപി ത്വാം ന ഭവിഷ്യന്തി സർവ്വേ
യേവസ്ഥിതാഃപ്രത്യനീകേഷു യോധാഃ

ലോകക്ഷയകൃത്തും പ്രവൃദ്ധവുമായ കാലമാണ് ഞാൻ. ലോകങ്ങളെ സംഹരിക്കലാണ് ഇവിടെ (എന്റെ)പ്രവൃത്തി. നീ ഒഴിഞ്ഞാലും (ത്വം ഋതേ. നീ യുദ്ധം ചെയ്യാതിരുന്നാലും)ഇരുഭാഗത്തുമുള്ള യോദ്ധാക്കളെല്ലാം ഇല്ലാ തായിത്തീരും. ആരും ബാക്കി നിൽക്കുകയില്ല. കാലത്തിന്റെ പ്രവൃത്തി ലോകങ്ങളെ ക്ഷയിപ്പിക്കലാണ്. ലോകസംഹാരമാണ് അതിന്റെ ക്രിയ. ജനി ച്ചതെല്ലാം കാലത്തിന്റെ മഹാമൌനത്തിലേക്ക് ആണ്ട് വിസ്മൃതമായിത്തീ രുന്നു. അതേ സമയം കാലം വീണ്ടും വീണ്ടും പ്രവൃദ്ധമായി വരുന്നു. പുതിയ സംവത്സരങ്ങളാൽ പോഷിക്കപ്പെട്ട് പുതിയ വംശങ്ങളുടെ സ്വാദു നുണഞ്ഞ് കാലം പ്രവൃദ്ധമാവുന്നു.ഒരു വ്യക്തി കാലത്തിന്റെ ഈ ഋത ത്തിൽനിന്ന് മാറിനിൽക്കാൻ ആഗ്രഹിച്ചാലും അവനതിന് സാദ്ധ്യമല്ല. കർമ്മത്തിൽനിന്ന് ഒരാൾ ഒഴിഞ്ഞുനിന്നു എന്നുവെച്ച് കാലത്തിന്റെ ഋത

ത്തെ തോൽപ്പിക്കാനുമാവില്ല. ഈ പരമമായ സത്യമാണ് ഓരോ മനുഷ്യ നും അറിയേണ്ടതും അറിയാത്തതും.

ശ്ലോകം 33

തസ്മാദ് ത്വമുത്തിഷ്ഠ യശോ ലഭസ്വ
ജിത്വാ ശത്രൂൻഭുംക്ഷ്വ രാജ്യം സമൃദ്ധം
മയൈവൈതേ നിഹതാഃപൂർവ്വമേവ
നിമിത്തമാത്രം ഭവ സവ്യസാചിൻ

അതിനാൽ നീ എഴുന്നേൽക്കുക. ശത്രുക്കളെ ജയിച്ച് യശസ്സു നേടുക. സമൃദ്ധമായ രാജ്യം ഭരിക്കുക. ഞാൻ ഇവരെയെല്ലാം ആദ്യമേ വധിച്ചുകഴിഞ്ഞിരിക്കുന്നു. ഹേ, സവ്യസാചീ, നീ വെറും നിമിത്തമാത്രമാണ്.

സവ്യസാചിൻ എന്ന വിളിയിൽ നേർത്ത ഒരു പരിഹാസമുണ്ട്. ഞാൻ സവ്യസാചിയാണ്, ഞാനാണ് ഭീഷ്മദ്രോണാദികളേയും കുരുസൈന്യത്തേയും വധിച്ചതെന്ന് അഹങ്കരിക്കാനില്ല. അവരെ വധിച്ചുവല്ലോ എന്ന് യുദ്ധാനന്തരം കുറ്റബോധം ഉണ്ടാകേണ്ടതുമില്ല. ക്ഷത്രിയോചിതമായ ഒരു കർമ്മം ചെയ്യുന്നു,അതിനെ ഭഗവാനു സമർപ്പിക്കുന്നു എന്നു മാത്രം കരുതി നിമിത്തമാത്രമായി തീരുക. കാലമൃത്യുവിന് ഇരയാവുന്ന വലിയ സമൂഹത്തെ , നിമിത്തമാത്രമായി വർത്തിക്കുന്ന അർജ്ജുനൻ ഒറ്റക്ക് വിചാരിച്ചാൽ ജയിക്കാനാവില്ല. കാലമാണ് സർവ്വവും ചെയ്യുന്നത്, ആ കാലം ഞാനാണ് എന്ന് ഭഗവാൻ പറയുന്നു. അങ്ങാരാണ്, അങ്ങയുടെ പ്രവൃത്തി എന്താണ് എന്ന ചോദ്യത്തിന് സമുചിതമായ മറുപടി.

ശ്ലോകം 34

ദ്രോണം ച ഭീഷ്മം ച ജയദ്രഥം ച
കർണ്ണം തഥാന്യാനപി യോധവീരാൻ

മയാ ഹതാംസ്ത്വം ജഹി മാ വ്യഥിഷ്ഠാ
യുദ്ധ്യസ്വ ജേതാസി രണേ സപത്നാൻ

എന്നാൽ കൊല്ലപ്പെട്ടുകഴിഞ്ഞ ഭീഷ്മരേയും ദ്രോണരേയും കർണ്ണനേയും മറ്റ് യോദ്ധാക്കളേയും നീ വധിച്ചുകൊള്ളുക. ഈ രണത്തിൽ നീ ശത്രുക്കളെ ജയിക്കും.

ശ്ലോകം 35 സഞ്ജയ ഉവാചഃ-

ഏതത് ശ്രുത്വാ വചനം കേശവസ്യ കൃതാഞ്ജലിർവേപമാനഃകിരീടി

നമസ്കൃത്വാ ഭൂയ ഏവാഹകൃഷ്ണം സഗദ്ഗദം ഭീതഭീതഃപ്രണമ്യ

കേശവന്റെ ഈ വചനങ്ങൾ കേട്ട് അർജ്ജുനൻ ഭയന്നുവിറച്ചു. കൃഷ്ണനെ പ്രണമിച്ച് നമസ്കരിച്ച് അഞ്ജലി കൂപ്പി ഗദ്ഗദത്തോടെ വീണ്ടും പറഞ്ഞു.

ശ്ലോകം 36 അർജ്ജുന ഉവാചഃ-

സ്ഥാനേ ഋഷീകേശ തവ പ്രകീർത്ത്യാ ജഗത് പ്രഹൃഷ്യത്യനുരജ്യതേ ച

രക്ഷാംസി ഭീതാനി ദിശോ ദ്രവന്തി സർവ്വേ നമസ്യന്തി ച സിദ്ധസംഘാഃ

ഹൃഷീകേശാ, നിന്റെ കീർത്തി കൊണ്ട് ജഗത്ത് സന്തോഷിക്കുന്നു. സുഖിക്കുന്നു. രക്ഷസ്സുകൾ ഭീതിപൂർവ്വം ദിക്കുകളിലേക്ക് ദ്രവിക്കുന്നു. സിദ്ധസംഘങ്ങൾ സർവ്വവും നമസ്കരിക്കുന്നു.കാലത്തിന്റെ മഹിമ എത്ര അപാരം. അതിന്റെ മഹിമയാലാണ് ദുഃഖമെന്ന പോലെ സുഖവും ജഗത്തിന് ലഭിക്കുന്നത്. തമസ്സുകളുടെ ഇരുട്ടുപിടിച്ച ഗുഹകളിലെല്ലാം ജ്ഞാനപ്രകാശം പരക്കുമ്പോൾ അജ്ഞാനം ഓടിഒളിക്കുന്നു. ഇരുട്ട് ദ്രവീകരിച്ച് ഇല്ലാതാവുന്നു. സജ്ജനങ്ങളെല്ലാം കാലപുരുഷന്റെ മഹിമാവിനെ വാഴ്ത്തി സ്തുതിക്കുന്നു. ഭഗവാൻ ഇന്ദ്രിയാധീശ്വരനായ ഋഷീകേശനാകയാൽ സിദ്ധലോകത്തിനും സജ്ജനങ്ങൾക്കും സുഖവും ശാന്തിയും അരുളുന്ന പരംപൊരുളാണ്.

ശ്ലോകം 37

കസ്മാച്ച തേ ന നമേരൻമഹാത്മൻ ഗരീയസേ ബ്രഹ്മണോപ്യാദികർത്രേ

അനന്തദേവേശ ജഗന്നിവാസ ത്വമക്ഷരം സദസത്തദ്പരം യത്

മഹാത്മൻ, ശ്രേഷ്ഠനും ബ്രഹ്മാവിന്റെ പോലും ആദികർത്താവും ആയ അങ്ങയെ ആരു നമസ്കരിക്കാതിരിക്കും. ഹേ, ജഗന്നിവാസാ, സത്തിനും അസത്തിനും അപ്പുറത്തുള്ള അതിനും അപ്പുറത്തെ അക്ഷരമാണ് നീ. സത്തിനും അസത്തിനും അപ്പുറം തത്. തത് എന്നതിനും അപ്പുറത്താണ് അക്ഷരം(ഓം) ആയ ത്വം(നീ). പ്രണവരൂപമായ അക്ഷരബ്രഹ്മമാണ് നീ. നിന്റെ തത്വം ഗ്രഹിക്കയാൽ ഞാൻ ഈ ഭൂമിയിൽ ഭാഗ്യശാലികളിൽവെച്ച് ഭാഗ്യശാലിയായിത്തീർന്നു.

ശ്ലോകം 38

ത്വമാദിദേവഃപുരുഷഃപുരാണസ്ത്വമസ്യ വിശ്വസ്യ പരം നിധാനം

വേത്താസി വേദ്യം ച പരം ച ധാമ ത്വയാ തതം വിശ്വമനന്തരൂപ

അവിടുന്ന് ആദിദേവനായ പുരാണപുരുഷനാണ്. ഈ വിശ്വത്തിന്റെ പരമാശ്രയമാണ്. അറിയുന്നവനും അറിയപ്പെടുന്നതും നീയാണ്. പരമധാമവും നീയാണ്. ഹേ, അനന്തരൂപാ, അങ്ങ് ഈ വിശ്വമാകെ വ്യാപിച്ചുനിൽക്കുന്നു. ജ്ഞാതാവും ജ്ഞേയവും ജ്ഞാനവും ഒന്നാകുന്ന അദ്വൈതമാണിവിടെ പ്രകീർത്തിക്കപ്പെടുന്നത്. ആ മഹത്തായ മനോനിലയിൽ അർജ്ജുനൻ എത്തിച്ചേർന്നിരിക്കുന്നു.

ശ്ലോകം 39

വായുർയമോഗ്നിർവരുണഃശശാങ്കഃപ്രജാപതിസ്ത്വം പ്രപിതാമഹശ്ച

നമോ നമസ്തേസ്തു സഹസ്രകൃത്വഃപുനശ്ച ഭൂയോപി നമോ നമസ്തേ

വായുവും യമനും അഗ്നിയും വരുണനും ശശാങ്കനും പ്രജാപതിയും പിതാമഹനും അങ്ങുതന്നെ. അങ്ങേക്ക് നമസ്കാരങ്ങൾ. നമസ്കാരങ്ങൾ. ഏവം സദ് വിപ്രാ ബഹുധാ വദന്തി എന്ന വേദവാക്യത്തെ അദ്വൈതാനുഭൂതിയിൽ ,സ്വാത്മീകരിച്ച അർജ്ജുനൻആ ബ്രഹ്മാനുഭൂതിക്കു മുന്നിൽ വീണ്ടും വീണ്ടും വണങ്ങി, നമോവാകമർപ്പിക്കുന്നു.

ശ്ലോകം 40

നമഃപുരസ്താദഥ പൃഷ്ഠതസ്തേ നമോസ്തുതേ സർവ്വത എവ സർവ്വഃ

അനന്തവീര്യാമിതവിക്രമസ്ത്വം സർവ്വം സമാപ്നോഷി തതോസി സർവ്വം

ഹേ,സർവ്വമേ, മുന്നിലും പിന്നിലും നമസ്കാരം. സർവ്വഭാഗത്തുനിന്നും നമസ്കാരം. അനന്തവീര്യനും അമിതവിക്രമനുമായ അങ്ങ് സർവ്വവും വ്യാപിച്ചുനിൽക്കുന്നു. സർവ്വവും നീ തന്നെ.

സർവ്വേശ്വരവാദമാണ് അദ്വൈതത്തിന്റെ കാതൽ. ഏകേശ്വരവാദികളായ മതങ്ങൾ ഉദ്ഘോഷിക്കുന്നു: ഈശ്വരൻ ഒന്നേ ഉള്ളു.

സർവ്വേശ്വരവാദികളായ മതങ്ങൾക്ക് അതിൽ എതിർപ്പില്ല. അവർ പ്രതി വചിക്കുന്നു:- ഈശ്വരൻ ഒന്നേ ഉള്ളു. ഈശ്വരൻ മാത്രമേ ഉള്ളു. സർവ്വ വും ഈശ്വരനാണ്. ത്വം ഏകം. ഈശാവാസ്യമിദം സർവ്വം. സർവ്വം ബ്രഹ്മ മയം.അതിനാൽ ഈശ്വരനെ അവർ സർവ്വ എന്ന് അഭിസംബോധന ചെയ്യു ന്നു. തൂണിലും തുരുമ്പിലും പുഴുവിലും പുല്ലിലും പാമ്പിലും ചണ്ഡാലനി ലും അവർ അവനെത്തന്നെ നമസ്കരിക്കുന്നു. അതാണ് അദ്വൈതമഹിമ. അതിനേക്കാൾ മഹത്തായ ഒരാശയം ഇനി ലഭിക്കാനില്ല.

ശ്ലോകം 41

സഖേതി മത്വാ പ്രസഭം യദുക്തം
ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേതി
അജാനതാ മഹിമാനം തവേദം
മയാ പ്രമാദാത് പ്രണയേന വാപി

ശ്ലോകം 42

യച്ചാവഹാസാർത്ഥമസത്കൃതോസി വിഹാരശയ്യാസനഭോജനേഷു

ഏകോഥവാപ്യച്യുത തത്സമക്ഷം തത് ക്ഷാമയേ ത്വാമഹമപ്രമേയം

അങ്ങയുടെ മഹിമ അറിയാതെ സഖാവെന്ന് മാത്രം കരുതി പ്രമാദം കൊ ണ്ടോ പ്രണയം കൊണ്ടോ ഹേ,കൃഷ്ണാ, ഹേ,സഖേ എന്നും മറ്റും ഞാൻ അലക്ഷ്യമായി പറഞ്ഞുപോയിട്ടുണ്ട്. കളിക്കുമ്പോഴോ കിടക്കുമ്പോളോ ഇരിക്കുമ്പോളോ ഉണ്ണുമ്പോളോ ഒറ്റക്കോ മറ്റുള്ളവരുടെ സമക്ഷത്തിൽവെ ച്ചോ അപഹാസമായി നിന്നെ പരിഹസിച്ചിട്ടുള്ളതെല്ലാം, അച്യുതാ, ക്ഷമി ക്കണേ. അപ്രമേയനായ നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു.

സാംഖ്യയോഗം 54ആം ശ്ലോകത്തിൽ സ്ഥിതപ്രജ്ഞൻ എങ്ങനെ പ്രഭാഷണം ചെയ്യും,സഞ്ചരിക്കും,എങ്ങനെ സ്ഥിതി ചെയ്യുമെന്ന് അർജ്ജുനൻ ചോദിച്ചു. കുട്ടിക്കാലം മുതലേ പരിചയിച്ച കൃഷ്ണൻ സ്ഥിതപ്രജ്ഞനായ യോഗീശ്വര നാണ് എന്നദ്ദേഹം കരുതിയിരുന്നില്ല. ഇപ്പോഴിതാ, വിശ്വരൂപദർശനത്തോ ടെ മഹായോഗീശ്വരനായ കൃഷ്ണന്റെ യഥാർത്ഥരൂപം അദ്ദേഹം ദർശിച്ചി രിക്കുന്നു. ഈ മഹദ്വ്യക്തിയെയാണോ -ജ്യോതിശ്ചക്രങ്ങളേയും ഹൃദയ ത്തിൽ ധരിക്കുകയും പ്രഭവിപ്പിക്കുകയും പ്രലയിപ്പിക്കുകയും ചെയ്യുന്ന ഈ മഹാകാലസ്വരൂപനെയാണോ , താൻ അറിവില്ലായ്മ കൊണ്ടോ സ്നേഹക്കൂടുതൽ കൊണ്ടോ തന്ന അതിസ്വാതന്ത്ര്യം കൊണ്ടോ അലക്ഷ്യ

മായി എടോ കൃഷ്ണാ എന്ന് വിളിച്ചുപോയത്. ഈ മഹാത്മാവിനെയാണോ താൻ സാധാരണക്കാരനെന്നു കരുതി പലവട്ടം കളിയാക്കിയിട്ടുള്ളത്. അമിതപരിചയം പരിഹാസത്തിനു കാരണമായിത്തീരും. അർജ്ജുനനും അത് സംഭവിച്ചു. തന്റെ യുഹൃത്തിന്റെ യഥാർത്ഥരൂപം ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ആശയലോകങ്ങളിലേക്ക് ചെറുതായൊന്ന് പ്രവേശിച്ച് ആ ആത്മാവിനെ സ്പർശിച്ചപ്പോൾ ലഭിച്ച ദിവ്യാനുഭൂതി നുകർന്ന അർജ്ജുനൻ ഇതുവരെ താനെന്തേ അത് ഗ്രഹിക്കാതിരുന്നതെന്ന് ചിന്തിച്ചുപോകുന്നു.

ശ്ലോകം 43

പിതാസി ലോകസ്യ ചരാചരസ്യ ത്വമസ്യപൂജ്യശ്ച ഗുരുർഗരീയാൻ

ന ത്വത്സമോസ്തുഭ്യധികഃകൃതോന്യോ ലോകത്രയേപ്യപ്രതിമപ്രഭാവ

അപ്രതിമമായ പ്രഭാവമുള്ളവനേ, നീ ചരാചരങ്ങളുടെയും ലോകങ്ങളുടേയും പിതാവാണ്. വരിഷ്ഠനും പൂജ്യനുമായ ഗുരുവാണ്. ലോകത്രയത്തിൽ നിനക്ക് സമനായി ആരുമില്ല. നിന്നെക്കാൾ ശ്രേഷ്ഠനായി ആരാണുള്ളത്.

ശ്ലോകം 44

തസ്മാത് പ്രണമ്യ പ്രണിധായ കായം പ്രസാദയേ ത്വാമഹമീശമീഡ്യം

പിതേവ പുത്രസ്യ സഖേവ സഖ്യുഃപ്രിയഃപ്രിയായാർഹസി ദേവ സോഢും

അതിനാൽ ഞാൻ സ്തുത്യര്ഹനായ ഈശനായ അങ്ങയെ ദണ്ഡനമസ്കാരത്താൽ പ്രസാദിപ്പിച്ച് പ്രണമിക്കുന്നു. പിതാവ് പുത്രന്റേയും സ്നേഹിതൻ സ്നേഹിതന്റേയും പ്രിയൻ പ്രിയയുടേയും അപരാധം പൊറുക്കുന്നതുപോലെ , ഹേ, ദേവാ, എന്റെ അപരാധം പൊറുക്കുക.

ശ്ലോകം 45

അദൃഷ്ടപൂർവ്വം ഹൃഷിതോസ്മിദൃഷ്ട്വാ ഭയേന ച പ്രവ്യഥിതം മനോ മേ

തദേവ മേ ദർശയ ദേവരൂപം പ്രസീദ ദേവേശ ജഗന്നിവാസ

മുമ്പ് നേരിട്ടു കാണാത്ത ഈ രൂപം കണ്ട് ഞാൻ സന്തുഷ്ടനായി. എങ്കിലും എന്റെ മനസ്സിൽ ഭയം നടുക്കം ജനിപ്പിച്ചിരിക്കുന്നു. ദേവാ, നിന്റെ പഴയ രൂപം തന്നെ എനിക്ക് കാട്ടിത്തരാൻ പ്രസാദിക്കേണമേ.

ശ്ലോകം 46

കിരീടിനം ഗദിനം ചക്രഹസ്തമിഛാമിത്വാം ദ്രഷ്ടുമഹം തഥൈവ

തേനൈവ രൂപേണ ചതുർഭുജേന സഹസ്രബാഹോ ഭവ വിശ്വമൂർത്തേ

പഴയതുപോലെ, കിരീടവും ഗദയും ചക്രവും ധരിച്ച് നിന്നെക്കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ഹേ,സഹസ്രബാഹോ, ഹേ,വിശ്വമൂർത്തേ, ചതുർഭുജങ്ങളോടുകൂടിയ രൂപം തന്നെ കൈക്കൊണ്ടാലും.

അഗാധമായി വിസ്തൃതമായി പരന്നുകിടക്കുന്ന ആഴിക്കും ആകാശത്തിനും വിഷ്ണുവിനും നീലനിറമാണ്. അവർ മരീചിമാലകളാകുന്ന മഞ്ഞപ്പട്ടു

ഞൊറിഞ്ഞുടുത്തുനിൽക്കുന്നു. ഈ മനോഹരദൃശ്യം സ്വസ്തികമായ ചതുർഭുജങ്ങളോടെ മനസ്സിൽ തെളിഞ്ഞുകാണട്ടെ. ചതുർഭദ്രങ്ങളെ ധരിച്ച ആ നാലു തൃക്കൈകൾ വേദത്തിൽ നാലു കൊമ്പുള്ള ഋഷഭനായി സ്മരിക്കപ്പെടുന്നു. ഒരു കയ്യിൽ കാലചക്രമാകുന്നസുദർശനം .സാധാരണക്കാർക്ക് ഭീതിജനകമായ ആ ചക്രം എനിക്കെന്നും സുദർശനം തന്നെ. ഒരു കയ്യിൽ തൂവെള്ളവലംപിരിശംഖ്. ആ പാഞ്ചജന്യത്തിന്റെ പ്രണവധ്വനി എന്റെ ചിദാകാശത്തിൽ നിരന്തരം മണിപത്മങ്ങൽ വിടർത്തിക്കൊണ്ടിരിക്കുന്നു. അവയിലൊരു മണിപത്മമല്ലയോ, താമരക്കണ്ണാ, നിന്റെ മൂന്നാം തൃക്കയ്യിൽ നീ ലാളിക്കുന്നത്. ആ സഹസ്രാരപത്മത്തിലെ മധുവിദ്യയാൽ നീ എന്നിൽ എന്നെന്നും ആനന്ദമൂർഛ നിറക്കുന്നു. കൌമോദകി എന്ന നാലാം തൃക്കയ്യിലെ ഗദ ദുർജ്ജനങ്ങളെ പ്രഹരിക്കുന്നു. ലോകത്തിലെ സജ്ജനങ്ങൾക്ക് മോദം വളർത്തുന്നു. വിശ്വമോഹനമായ നിന്റെ പഴയ രൂപം കൈക്കൊള്ളുക. എന്നെ അനുഗ്രഹിക്കുക.

മുഖേ മന്ദഹാസം നഖേ ചന്ദ്രഭാസം കരേ ചാരുചക്രം സുരേശാഭിവന്ദ്യം

ഭുജംഗോശയാനം ഭജേപത്മനാഭം ഹരേരന്യദൈവം ന മന്യേ ന മന്യേ

ശ്ലോകം 47 ശ്രീഭഗവാനുവാചഃ

മയാ പ്രസന്നേന തവാർജ്ജുനേദം രൂപം പരം ദർശിതമാത്മയോഗാത്

തേജോമയം വിശ്വമനന്തമാദ്യം യന്മേത്വദന്യേന ന ദൃഷ്ടപൂർവ്വം

അർജ്ജുനാ, നിന്നിൽ പ്രസന്നനായ ഞാൻ ആത്മയോഗം കൊണ്ട് ഈ പരമമായ രൂപം നിനക്ക് കാണിച്ചുതന്നു. തേജോമയമായ ഈ വിശ്വരൂപം അനന്തവും ആദ്യവുമാണ്. എന്റെ ഈ രൂപം നീയൊഴികെ ആരും കണ്ടിട്ടില്ല.

ശ്ലോകം 48

ന വേദയജ്ഞാദ്ധ്യയനൈർന്ന ദാനൈർ ന ച ക്രിയാഭിർന്ന തപോഭിരുഗ്രൈഃ

ഏവം രൂപഃശക്യ അഹം നൃലോകേ ദ്രഷ്ടും ത്വദന്യേന കുരുപ്രവീര

ഹേ, കുരുപ്രവീരാ, മാനവസോകത്തിൽ നിനക്കല്ലാതെ മറ്റാർക്കും ഈ രൂപം കാണാനായിട്ടില്ല. വേദപഠനം കൊണ്ടോ സ്വാദ്ധ്യായം കൊണ്ടോ, യജ്ഞം കൊണ്ടോ, ദാനം കൊണ്ടോ ക്രിയകൊണ്ടോ ഉഗ്രതപസ്സു കൊണ്ടോ ഇത് കാണാൻ സാദ്ധ്യമല്ല. നാൽപ്പത്തേഴും നാൽപ്പത്തെട്ടും ശ്ലോകങ്ങളിലൂടെ കൃഷ്ണന്റെ സ്വന്തം വാക്കുകളിൽ ഉത്തമമായ ഉപാസനാഫലമാണ് യോഗദർശനം എന്ന് പറയപ്പെട്ടിരിക്കുന്നു. കൃഷ്ണന്റെ ഉത്തമമായ അഭിപ്രായം, അർജ്ജുനന്റെ മദ്ധ്യമമായ അഭിപ്രായം, സഞ്ജയന്റെ അധമമായ അഭിപ്രായം എന്ന് മൂന്നുവിധം അഭിപ്രായത്തിലൂടെ വ്യാസമുനി വിശ്വരൂപത്തെ വരച്ചുകാട്ടുന്നു.

ശ്ലോകം 49

മാ തേ വ്യഥാ മാ ച വിമൂഢഭാവോ ദൃഷ്ട്വാ രൂപം ഘോരമീദൃങ്മമേദം

വ്യപേതഭീഃപ്രീതമനാഃപുനസ്ത്വം തദേവ മേ രൂപമിദം പ്രപശ്യ

ഈ ഘോരരൂപം കണ്ടിട്ട് നീ വ്യസനിക്കേണ്ട. വിമൂഢഭാവം കൈക്കൊള്ളുകയും വേണ്ട. നിർഭയനും പ്രീതിയുള്ള മനസ്സോടുകൂടിയവനുമായി എന്റെ ഈ രൂപം (പഴയ രൂപം) വീണ്ടും കണ്ടുകൊള്ളുക.

കാലത്തിന് ഉഗ്രവും സൌമ്യവുമായ രണ്ട് ഭാവങ്ങളുണ്ട്. ഉഗ്രഭാവത്തിൽ അത് മൃത്യുവാണ്. അതിനെക്കണ്ട് മനുഷ്യൻ വേപഥു പൂണ്ടുനിൽക്കുന്നു. സ്വന്തം നിസ്സാരതയോർത്ത് ദുഃഖിക്കുന്നു. അങ്ങനെ ദുഃഖിക്കേണ്ട ആവശ്യമില്ല. അപരിഹാര്യമായ ഒന്നിനെച്ചൊല്ലി ദുഃഖിക്കുന്നത് വിഡ്ഢിത്തമാണ്. സൌമ്യമായരൂപം അമൃതമാണ്. സ്ഥിതിയും സൃഷ്ടിയും അനുസ്യൂതം സംഭവിക്കുന്ന ആ അമൃതത്വകേന്ദ്രത്തെക്കുറിച്ച് വിചാരിക്കാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. ഉഗ്രവും സൌമ്യവുമായ ആ രണ്ട് ഭാവങ്ങളേയും യോഗേശ്വരനായ കൃഷ്ണൻ കാണിച്ചുകൊടുക്കുന്നു.

ശ്ലോകം 50 സഞ്ജയ ഉവാചഃ-

ഇത്യർജ്ജുനം വാസുദേവസ്തഥോക്ത്വാ സ്വകംരൂപം ദർശയാമാസ ഭൂയഃ

ആശ്വാസയാമാസ ച ഭീതമേനം ഭൂത്വാ പുനഃസൌമ്യവപുർമ്മഹാത്മാ

വാസുദേവൻ അർജ്ജുനനോട് ഇപ്രകാരം പറഞ്ഞിട്ട് സ്വന്തം സൌമ്യരൂപം പിന്നെയും കാണിച്ചുകൊടുത്തു. അപ്രകാരം ആ മഹാത്മാവ് ഭയപരവശനായ അവനെ സമാശ്വസിപ്പിച്ചു.

ശ്ലോകം 51 അർജ്ജുന ഉവാചഃ

ദൃഷ്ട്വേദം മാനുഷംരൂപം തവ സൌമ്യം ജനാർദ്ദന

ഇദാനീമസ്മി സംവൃത്തഃസചേതാഃപ്രകൃതിം ഗതഃ

ജനാർദ്ദനാ, അങ്ങയുടെ സൌമ്യമായ ഈ മാനുഷരൂപം കണ്ടിട്ട് ഞാൻ സ്വസ്ഥചേതസ്സും സ്വപ്രകൃതിയെ പ്രാപിച്ചവനുമായിത്തീർന്നിരിക്കുന്നു. പ്രേമാഞ്ജനമെഴുതിയ ഭക്തിവിലോചനം കൊണ്ട് ഞാൻ ഈ സൌമ്യരൂപം ആവോളം പാനം ചെയ്യട്ടെ.

ശ്ലോകം 52 ശ്രീഭഗവാനുവാചഃ

സുദുർദ്ദശമിദംരൂപം ദൃഷ്ടവാനസി യന്മമ

ദേവാ അപ്യസ്യ രൂപസ്യ നിത്യം ദർശനകാംക്ഷിണഃ

ഇപ്പോൾ നീ ദർശിച്ച എന്റെ രൂപം കാണാൻ പ്രയാസമാണ്. ദേവന്മാർപോലും നിത്യവും ഈ രൂപം കാണാൻ കാംക്ഷിച്ചുകൊണ്ടിരിക്കുന്നു.

ശ്ലോകം 53

നാഹം വേദൈർന തപസാ ന ദാനേന ന ചേജ്യയാ

ശക്യ ഏവംവിധോ ദ്രഷ്ടും ദൃഷ്ടവാനസി മാം യഥാ

എന്നെ എപ്രകാരം നീ കണ്ടുവോ, ആ വിധമുള്ള രൂപത്തെ വേദം,തപസ്സ്, ദാനം ഇവകൊണ്ടൊന്നും കാണാൻ സാദ്ധ്യമല്ല. എത്രമാത്രം ഉത്തമമായ ഉപാസന കൊണ്ടാണ് വിശ്വരൂപദർശനം സാദ്ധ്യമാവുക എന്ന് ഒരിക്ക

ൽക്കൂടി വ്യക്തമാക്കുന്നു. ഭക്തിയോഗത്തിന്റെ മഹിമയെ പറയുന്നതാണ് ഈ വരികൾ.

ശ്ലോകം 54

ഭക്ത്യാ ത്വനന്യയാ ശക്യ അഹമേവംവിധോർജ്ജുന

ജ്ഞാതും ദ്രഷ്ടും ച തത്വേന പ്രവേഷ്ടും ച പരംതപ

പരന്തപനായ അർജ്ജുനാ, ഏവംവിധമായ എന്നെ താത്വികമായി അറിയാനും ദർശിക്കാനും അതിൽ പ്രവേശിക്കാനും തന്മയീഭാവം പ്രാപിക്കാനും അനന്യമായ ഭക്തി ഒന്നുകൊണ്ടേ സാധിക്കയുള്ളു. സ്വാനുഭൂതിയും ഭക്തിയോഗവും ഒന്നാണ്. ആദിശങ്കരൻ തർക്കവും വാദവും മാത്രമല്ല, സ്വാനുഭൂതിയും കൂടി സർവ്വജ്ഞപീഠം കയറാനാവശ്യമാണെന്ന് തെളിയിച്ചു കാണിച്ച മഹാത്മാവാണ്. ശങ്കരന്റെ സ്വാനുഭൂതി നിറഞ്ഞൊഴുകുന്ന ഗീതങ്ങളും സൌന്ദര്യലഹരിയും അദ്ദേഹത്തിന്റേതല്ലെന്ന് വാദിക്കുന്നവർ ഇക്കാര്യം മറക്കുന്നു. സർവ്വഭൂതങ്ങളിലും ഭൂതമഹേശ്വരഭാവം ദർശിച്ച് അദ്വൈതമെന്ന സർവ്വേശ്വരവാദത്തെ ക്രോഡീകരിച്ച ശങ്കരൻ സ്വാനുഭൂതി നേടിയ യോഗീശ്വരനായിരുന്നു. അതിനാൽ അദ്ദേഹം ഭക്തിയെ തള്ളിപ്പറഞ്ഞില്ല. ഭക്തിയും ജ്ഞാനവും അവയുടെ പാരമ്യത്തിൽ ഒന്നുതന്നെയാണ്. 55ആം ശ്ലോകത്തെ സർവ്വാർത്ഥസാരമെന്ന് അദ്ദേഹം എടുത്തുപറഞ്ഞിരിക്കുന്നത് എന്റെ ഈ അഭിപ്രായത്തിന് ഉപോൽബലകമാണ്.

ശ്ലോകം 55

മത്കർമ്മകൃന്മത്പരമോ മദ്ഭക്തഃസംഗവർജ്ജിതഃ

നിർവൈരഃസർവ്വഭൂതേഷു യഃ സ മാമേതി പാണ്ഡവ

പാണ്ഡവാ, കർമ്മങ്ങൾ എനിക്ക് അർപ്പണമായി ചെയ്ത്, എന്നെ പരമാശ്രയമായി കരുതി എന്റെ ഭക്തനായി സംഗരഹിതനായി സർവ്വഭൂതങ്ങളിലും വൈരം കൂടാതെ (അഹിംസാവ്രതനായി) ഇരിക്കുന്നവനാരോ അവൻ എന്നെ പ്രാപിക്കുന്നു. യഃ സഃ മാം ഏതി എന്നതിന് ആരോ അവൻ ഞാൻതന്നെ എന്നും പറയാം. ഈശ്വരത്വം പ്രാപിച്ചവൻ ഈശ്വരൻ തന്നെയാണ്.ഭക്തൻ ഈശ്വരനും നരൻ നാരായണനുമാവുന്നത് അദ്വൈതമാണ്. അറിയുന്നവനും അറിയപ്പെടുന്നവനും തന്മയീഭവിക്കലാണിത്. ഉപാസകനും ഉപാസനാവിഷയവും ജ്ഞാതാവും ജ്ഞേയവും ഒന്നാവുന്ന അദ്വൈതമേഖലയിൽ ഭക്തി അഥവാ സ്വാനുഭൂതിയുടെ പ്രാധാന്യം ശങ്കരനെന്നല്ല, ഒരദ്വൈതിയും കാണാതിരുന്നിട്ടില്ല.

അദ്ധ്യായം 12 ഭക്തിയോഗം

ആറാം അദ്ധ്യായത്തിൽ ഏകാഗ്രതയെക്കുറിച്ച് പറയുമ്പോൾത്തന്നെ ഭക്തി യോഗത്തിലേക്ക് പ്രവേശനം ലഭിച്ചു.ഏഴാംദ്ധ്യായത്തിൽ ഏകാഗ്രതയെ ഈ ശ്വരോന്മുഖമാക്കാനുള്ള ഉപായം പറഞ്ഞു. എട്ടാമദ്ധ്യായത്തിൽ ആ സാധന യെ ജീവിതാവസാനം വരെ തുടർന്നുകൊണ്ടുപോകാനുള്ള സാതത്യയോഗ മാണ് പറഞ്ഞത്. ഒമ്പതാം അദ്ധ്യായം സർവ്വവും ഈശ്വരാർപ്പണമായി ചെയ്യുന്ന രാജയോഗമെന്ന ഭക്തിമാർഗ്ഗമാണ്. ആത്മസമർപ്പണത്തിനുശേഷം പുഴുമുതൽ ബ്രഹ്മം വരെ നിറഞ്ഞുനിൽക്കുന്ന പരമേശ്വരചൈതന്യത്തെ ആത്മസാത്കരിക്കുന്ന വിഭൂതിയോഗം പറഞ്ഞു. പതിനൊന്നാം അദ്ധ്യായ ത്തിൽ ഓരോ കണത്തിലും നിറഞ്ഞ വിരാട്സ്വരൂപദർശനം സമഗ്രമായി അനുഭവപ്പെടുത്തിത്തന്നു.ഭക്തിരസത്തെ ഇങ്ങനെ പലവിധത്തിൽ അൽപ്പാ ൽപമായി അനുഭവപ്പെടുത്തിത്തന്നശേഷം ഭക്തിയോഗം എന്ന പന്ത്രണ്ടാം അദ്ദ്യായം ആരംഭിക്കുന്നു. ഇത് താരതമ്യേന ചെറിയ ഒരദ്ധ്യായമാണ്. എ ന്നാൽ അമൃതനിഷ്യന്ദിയാണ്. ഭഗവാൻ ഇതിനെ ധർമ്മ്യാമൃതമെന്ന് വിളി ക്കുന്നു. ഇതിലെ ഓരോ പദവും അമൃതുപോലെ മധുരമാണ്. പന്ത്രണ്ടാമ ദ്ധ്യായം പവിത്രതീർത്ഥമാണെന്ന് ആചാര്യ വിനോബഭാവെ പറഞ്ഞിട്ടുണ്ട്. ഒരുതുള്ളി അമൃതു പാനം ചെയ്താൽത്തന്നെ മൃതസഞ്ജീവനം നേടാം. അതുകൊണ്ടാവാം ഈ അദ്ധ്യായത്തിൽ വെറും ഇരുപതു തുള്ളി(20 ശ്ലോ കം) മതിയെന്ന് ചികിത്സകനായ ശ്രീകൃഷ്ണഭഗവാൻ തീരുമാനിച്ചത്. ഇതു വരെ പറഞ്ഞതിന്റെ എല്ലാം സമഗ്രമായ സാരമാണിതെന്ന് വേണമെങ്കിൽ പറയാം. തത് എന്ന രണ്ടാം ബാഗം കഴിയുംമുമ്പ് ഭഗവാൻ താൻ ഇതുവ രെ പറഞ്ഞതിനെയെല്ലാം ഒരിക്കൽക്കൂടി ആവർത്തിച്ച് സംഗ്രഹിക്കയാണ്.

ശ്ലോകം 1 അർജ്ജുന ഉവാചഃ-

ഏവം സതതയുക്താ യേ ഭക്താസ്ത്വാം പര്യുപാസതേ

യേ ചാപ്യക്ഷരമവ്യക്തം തേഷാം കേ യോഗവിത്തമാഃ

ഇപ്രകാരം സതതം(എപ്പോഴും)യോഗയുക്തരായി അവിടുത്തെ പര്യുപാ സിക്കുന്ന ഭക്തന്മാർ അവ്യക്തമായ അക്ഷരബ്രഹ്മത്തെത്തന്നെ ഉപാസി ക്കുന്നു. ആ ഭക്തരിൽവെച്ച് ഏറ്റവും ശ്രേഷ്ഠനായ യോഗി ആരാണ്.

ശ്ലോകം 2 ശ്രീഭഗവാനുവാചഃ

മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ

ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ

എന്നിൽ മനസ്സിനെ ആവേശിപ്പിച്ചിട്ട് നിത്യയുക്തന്മാരായി പരയായ (അ ഭൌതികമായ) ശ്രദ്ധയോടുകൂടി ഏതൊരാൾ എന്നെ ഉപാസിക്കുന്നുവോ അവരാണ് യുക്തതമന്മാരെന്നാണ് എന്റെ മതം.

ശ്ലോകം 3

യേ ത്വക്ഷരമനിർദ്ദേശ്യമവ്യക്തം പര്യുപാസതേ

സർവ്വത്രഗമചിന്ത്യം ച കൂടസ്ഥമചലം ധ്രുവം

ശ്ലോകം 4

സന്നിയമ്യേന്ദ്രിയഗ്രാമം സർവ്വത്ര സമബുദ്ധയഃ

തേ പ്രാപ്നുവന്തി മാമേവ സർവ്വഭൂതഹിതേ രതാഃ

ഏവരാണോ സർവ്വത്ര ഗമിക്കുന്നതും അചിന്ത്യവും കൂടസ്ഥവും അചല വും ധ്രുവവും(നിത്യം) അനിർദ്ദേശ്യവും അവ്യക്തവുമായ അക്ഷരബ്രഹ്മ ത്തെ പര്യുപാസിക്കുന്നത് അവർ ഇന്ദ്രിയങ്ങളെയെല്ലാം സംയമം ചെയ്ത് സർവ്വത്ര സമബുദ്ധികളായി സർവ്വഭൂതഹിതത്തിൽ രതിയോടുകൂടി എന്നെ ത്തന്നെ പ്രാപിക്കുന്നു.

ശ്രദ്ധ,ഏകാഗ്രത, തന്മയതാഭാവം ഇവ സഗുണോപാസകനും നിർഗ്ഗുണോപാ സകനും ഒരുപോലെ ആവശ്യമാണ്. സഗുണോപാസകന് ഏകാഗ്രതയോടെ ധ്യാനിക്കാൻ ഒരു രൂപമുണ്ട്.ചിന്തിക്കാനൊരു വിഷയമുണ്ട്. നിർഗുണോ പാസകന് അചിന്ത്യവും അരൂപവുമായ ഒന്നിനെയാണ് ഏകാഗ്രമായി ധ്യാനിക്കേണ്ടത്. തീർച്ചയായും ഇത് സ്രമകരമായ ഒരു പണിയാണ്.

ശ്ലോകം 5

ക്ലേശോധികതരസ്തേഷാമവ്യക്താസക്തചേതസാം

അവ്യക്താഹി ഗതിർദുഃഖം ദേഹവദ്ഭിരവാപ്യതേ

അവ്യക്തത്തിൽ ആസക്തചേതസ്സുകളായ നിർഗ്ഗുണോപാസകർക്ക് ക്ലേശം അധികമാണ്. കാരണം അവ്യക്തത്തലേക്കുള്ള ഗതി ദേഹമുള്ളവർക്ക് ദുഃഖം നൽകുന്നു. ദേഹം (പ്രകൃതി)വ്യക്തമാണ്. നശ്വരമാണ്. ബ്രഹ്മം അവ്യക്തമാണ്, അനശ്വരമാണ്. ദേഹമുള്ള ഒരു സാധകൻ അവ്യക്തത്തി ലേക്കുള്ള സഞ്ചാരത്തിൽ ഒരുപാട് ദുഃഖങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേ ണ്ടിവരും. ദേഹവദ്ഭി എന്നതിന് ദേഹാഭിമാനവദ്ഭിഃ എന്നാണ് ശങ്കരാചാ ര്യർ അർത്ഥം പറഞ്ഞിരിക്കുന്നത്. ദേഹാഭിമാനമുള്ള മനുഷ്യന് അതില്ലാ ത്ത അവസ്ഥയിലേക്ക് എത്താൻ പ്രയാസമാണ്. എളുപ്പം സഗുണേശ്വരാ രാധനയാണ് എന്നതുകൊണ്ട് ആർക്കും നിർഗ്ഗുണബ്രഹ്മോപാസന സാദ്ധ്യമല്ല എന്ന അർത്ഥമില്ല. ദേഹാഭിമാനമില്ലാത്ത സുകൃതികൾക്ക് അത് സാധിക്കു ന്നുണ്ട്. പ്രയാസമുള്ള കാര്യങ്ങൾ ചെയ്തു തീർക്കുന്നതിലും അതിൽ ആ നന്ദം കണ്ടെത്തുന്നതിലും മനുഷ്യന് സ്വാഭാവികമായ ഒരു രസമുണ്ട്. നിർഗ്ഗുണോപാസകർ ദൃഢവ്രതരായി അക്ഷരബ്രഹ്മത്തെ ധ്യാനിച്ച് ഈ സ്വാഭാവികരസം നുകരുന്നുണ്ട്.

ശ്ലോകം 6

യേ തു സർവ്വാണി കർമ്മാണി മയി സന്യസ്യ മത്പരാഃ

അനന്യേനൈവ യോഗേന മാം ധ്യായന്ത ഉപാസതേ

ശ്ലോകം 7

തേഷാമഹം സമുദ്ധർത്താ മൃത്യുസംസാരസാഗരാത്

ഭവാമി ന ചിരാത് പാർത്ഥ മയ്യാവേശിതചേതസാം

ആരാണോ സർവ്വകർമ്മവും എന്നിൽ സമർപ്പിച്ച് (എന്നിൽ സന്യസിച്ച്) മത്പരായണരായി അനന്യമായ യോഗത്തോടെ എന്നെ ധ്യാനിച്ചുപാസിക്കുന്നത് , എന്നിൽ ആവേശിക്കപ്പെട്ട തേജസ്സോടുകൂടിയ അവർക്ക് വേഗത്തിൽ മൃത്യുസംസാരസാഗരത്തിൽ നിന്ന് , ഞാൻ കൈപിടിച്ച് കയറ്റുന്നവനായി(സമുദ്ധർത്താവായി)ഭവിക്കുന്നു. പല സെമിറ്റിക്ക് മതങ്ങളും ഈ കൈപിടിച്ച് കയറ്റലിനെ വാച്യാർത്ഥത്തിൽ തെറ്റിദ്ധരിച്ചിട്ടുണ്ട്. മരിച്ചുപോകുന്ന ആത്മാവിനെ വഴിയിൽവെച്ച് സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കും നയിക്കുന്ന മാർഗ്ഗദർശിയായും സഗുണേശ്വരനായും പല മതങ്ങളും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഈ വാച്യമായ അർത്ഥം ഗീത ഉദ്ദേശിക്കുന്നില്ല. ഏകാഗ്രഭക്തിയും ഈശ്വരാർപ്പണമായ കർമ്മവും കൊണ്ട് ജനനമരണരൂപമായസംസാരചക്രത്തിന്റെ പരിധിക്കപ്പുറം കടന്ന് ജീവന്മുക്തനാകുന്നു എന്നാണ് അർത്ഥം.

ശ്ലോകം 8

മയ്യേന മന ആധത്സ്വ മയി ബുദ്ധിം നിവേശയ

നിവസിഷ്യസി മയ്യേവ അത ഊർദ്ധ്വം ന സംശയഃ

എന്നിൽത്തന്നെ മനസ്സുറപ്പിക്കുക. എന്നിൽത്തന്നെ ബുദ്ധിയെ സന്നിവേശം ചെയ്യുക. അതിന്നുമുകളിൽ (ശേഷം) നീ എന്നിൽത്തന്നെ നിവസിക്കുന്നതാണ്. ഇങ്ഹനെ നീയും ഞാനും എന്ന ഭേദം കൂടാതെ താദാത്മ്യം പ്രാപിക്കുന്ന അദ്വൈതം ജീവന്മുക്തിയാണ്.

ശ്ലോകം 9

അഥ ചിത്തം സമാധാതും ന ശക്നോഷി മയി സ്ഥിരം

അഭ്യാസയോഗേന തതോ മാമിച്ഛാപ്തും ധനഞ്ജയ

ചിത്തത്തെ എന്നിൽത്തന്നെ സ്ഥിരസമാധിയാക്കി നിർത്താൻ നിനക്ക് സാധിക്കുന്നില്ലെന്നിരിക്കട്ടെ, അങ്ങനെയെങ്കിൽ അഭ്യാസയോഗം കൊണ്ട് എന്നെ പ്രാപിക്കാൻ ശ്രമിക്കുക. ദിവസം മുഴുവനും എന്നിൽ ചിത്തമുറപ്പിക്കാനാവുന്നില്ലെങ്കിൽ, 24 മണിക്കൂറിൽ ഒരു നിമിഷമെങ്കിലും മനസ്സും ബുദ്ധിയും എന്നിലർപ്പിക്കുക. ദിവസവും ആ ഒരു നിമിഷം ധ്യാനം അഭ്യസിച്ചഭ്യസിച്ച് നിനക്ക് കാലക്രമത്തിൽ വിഷയസുഖങ്ങളോട് വിരക്തി വരും.

ശ്ലോകം 10

അഭ്യാസേപ്യസമർത്ഥോസി മത്കർമ്മപരമോ ഭവ

മദർത്ഥമപി കർമ്മാണി കുർവ്വൻ സിദ്ധിമവാപ്സ്യസി

അഭ്യാസയോഗത്തിലും നീ സമർത്ഥനല്ല എന്നു വരികിൽ, എനിക്കായിക്കൊണ്ട് കർമ്മങ്ങളനുഷ്ഠിക്കുക. എന്നിൽ മനസ്സുറപ്പിച്ച് കർമ്മം ചെയ്യുന്നതുകൊണ്ടും നിനക്ക് സിദ്ധി ലഭിക്കും.

ശ്ലോകം 11

അഥൈതദപ്യശക്തോസി കർത്തും മദ്യോമാശ്രിതഃ

സർവ്വകർമ്മഫലത്യാഗം തതഃകുരു യതാത്മവാൻ

അതും ചെയ്യാനശക്തനാണെന്നു വരികിൽ എന്നോടുള്ള യോഗത്തെത്തന്നെ ആശ്രയിച്ച് മനസ്സംയമത്തോടെ സർവ്വകർമ്മഫലങ്ങളേയും ത്യാഗം ചെയ്യുക. ഈ മാർഗ്ഗങ്ങളെല്ലാം ശ്രേഷ്ഠമാർഗ്ഗങ്ങൾ തന്നെയാണ്. ഇതിലേതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.

ശ്ലോകം 12

ശ്രേയോഹി ജ്ഞാനമഭ്യാസാത് ജ്ഞാനാദ്ധ്യാനം വിശിഷ്യതേ

ധ്യാനാത് കർമ്മഫലത്യാഗസ്ത്യാഗാച്ഛാന്തിരനന്തരം

അഭ്യാസത്തേക്കാൾ ശ്രേയസ്കരമാണ് ജ്ഞാനം. ജ്ഞാനത്തേക്കാളും വിശിഷ്ടമാണ് ധ്യാനം. ധ്യാനത്തേക്കാൾ വിശിഷ്ടമാണ് കർമ്മഫലത്യാഗം. ത്യാഗത്തിനു ശേഷമാണ് ശാന്തി ലഭിക്കുന്നത്. മനുഷ്യൻ ഉഴലുന്നത് അൽപ്പം ശാന്തി ലഭിക്കാനാണ്. സമാധാനം ലഭിക്കാനാണ്. അതുവേണം ഇതുവേണം എന്ന് ശാഠ്യം പിടിക്കുന്ന മനസ്സിന് ശാന്തിയെവിടെ. കർമ്മഫലങ്ങളെ ത്യാഗം ചെയ്ത് കർമ്മം ചെയ്യുന്ന നിഷ്കാമകർമ്മയോഗിക്ക് ശാന്തി ലഭിക്കുന്നു.അമ്മയോട് രണ്ടു മക്കളിൽ ആരാണ് പ്രിയങ്കരനെന്നു ചോദിച്ചാൽ പറയാൻ വിഷമിച്ചുപോകും.ഇടത്തെക്കണ്ണോ വലത്തെക്കണ്ണോ പ്രിയം എന്നതിന് ഉത്തരം പറയാനാവുമോ.. അതുപോലുള്ള ചോദ്യമാണ് അർജ്ജുനൻ ചോദിച്ചിരിക്കുന്നത്. തനിക്ക് പ്രിയപ്പെട്ടത് സഗുണോപാസകനോ നിർഗ്ഗുണോപാസകനോ എന്ന് പറയാൻ ഭഗവാൻ വിഷമിക്കുന്നു. എന്നാൽ തനിക്ക് പ്രിയങ്കരനായ മനുഷ്യന്റെ സവിശേഷഗുണങ്ങളേയും ലക്ഷണങ്ങളേയും പറയാൻ അദ്ദേഹത്തിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടുന്നങ്ങോട്ടുള്ള വരികളിൽ ആ ലക്ഷണങ്ങൾ പറയുന്നു.

ശ്ലോകം 13

അദ്വേഷ്ടാ സർവ്വഭൂതാനാം മൈത്രഃകരുണ ഏവ ച

നിർമ്മമോ നിരഹങ്കാരഃ സമദുഃഖഃ സുഖഃ ക്ഷമീ

ശ്ലോകം 14

സന്തുഷ്ടഃസതതം യോഗീ യതാത്മാ ദൃഢനിശ്ചയഃ

മയ്യർപ്പിതമനോബുദ്ധിർ യോ മദ്ഭക്തഃ സ മേ പ്രിയഃ

സർവ്വഭൂതങ്ങളോടും വിദ്വേഷമില്ലാത്തവനും (സർവ്വഭൂതങ്ങളിലും) മൈത്രിയും കരുണയുമുള്ളവനും ഒന്നിനോടും പ്രത്യേകമമതയില്ലാത്തവനും അഹങ്കാരമില്ലാത്തവനും സുഖദുഃഖങ്ങളിൽ സമത്വഭാവമുള്ളവനും ക്ഷമാശീലനും എപ്പോഴും സന്തുഷ്ടനും യോഗിയും യതാത്മാവും ദൃഢനിശ്ചയനും എന്നിലർപ്പിച്ച മനോബുദ്ധികളോടു കൂടിയവനുമായ എന്റെ ഭക്തൻ എനിക്ക് പ്രിയങ്കരനാണ്.

അമ്പലത്തിലോ പല്ളിയിലോ പോകുന്നതോ വഴിപാടു കഴിക്കുന്നതോ വേദാദികൾ കാണാപ്പാഠം പഠിക്കുന്നതോ അല്ല ഭഗവാൻ തനിക്ക് പ്രിയമായി പറഞ്ഞത്. ആത്മാധിഷ്ഠിതമായ ചില ഗുണവിശേഷങ്ങളാണ്. ഒന്നാമത്തേത് അഹിംസയാണ്. സകല ജീവജാലങ്ങളോടും മൈത്രിയും കരുണയും കാട്ടുക,ഒന്നിനോടും ദ്വേഷം ഇല്ലാതിരിക്കുക, മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മം കൊണ്ടും അഹിംസാവ്രതം പാലിക്കുക. സർവ്വത്ര സമദർശിയായിരിക്കുക. ഒന്നിനോടും പ്രത്യേകമമതയോ ആസക്തിയോ വേണ്ട, ദ്വേഷവും വേണ്ട. ആരെങ്കിലും തന്നെ ഉപദ്രവിച്ചാൽ പൂർവ്വജന്മകൃതമായ തെറ്റിന്റെ ഫലമാവാമെന്ന് സമാധാനിക്കയല്ലാതെ ഭക്തൻ കോപിക്കാറില്ല. ഏതെങ്കിലും ദുഃഖം വന്നാൽ തത് തേനുകമ്പാം സുസമീക്ഷമാണോഭുഞ്ജാന ഏവാത്മകൃതം വിപാകം (ഭാഗവതം) എന്നേ കരുതുകയുള്ളു. ഭഗവാന്റെ അനുകമ്പ കൊണ്ട് ഇത്രയല്ലേ സംഭവിച്ചുള്ളു എന്ന് ആശ്വസിക്കും. ഉറുമ്പിനെപ്പോലും നോവിക്കാതെ സദാ പ്രസന്നചിത്തനായി സ്നേഹവാരിധിയായി, അയാൾ തന്റെ സാന്നിദ്ധ്യം കൊണ്ട് ലോകത്തെ പുണ്യതീർത്ഥമാക്കും.

ശ്ലോകം 15

യസ്മാന്നോദ്വിജതേ ലോകോ ലോകാന്നോദ്വിജതേ ച യഃ

ഹർഷാമർഷഭയോദ്വേഗൈർമുക്തോ യഃ സ ച മേ പ്രിയഃ

ഏതൊരുവനിൽനിന്ന് ലോകം ഭയപ്പെട്ടോടുന്നില്ലയോ, ലോകത്തിൽനിന്ന് യാതൊരുവൻ ഭയപ്പെട്ടോടുന്നില്ലയോ, ഹർഷം,അമർഷം ,ഭയം,ഉദ്വേഗം എന്നിവയിൽനിന്ന് ആരു മുക്തനായിരിക്കുന്നുവോ, അവൻ എനിക്ക് പ്രിയനാകുന്നു. ബാഹ്യലോകം ഭക്തനെ ബാധിക്കുന്നില്ല. ലോകം എത്രയൊക്കെ കഷ്ടത നിറഞ്ഞ ജീവിതം തന്നാലും ഭക്തൻ അതിൽനിന്ന് ഓടിയൊളിക്കാറില്ല. അയാളെക്കണ്ട് ആരും ഭയപ്പെടുന്നുമില്ല. വാളെടുത്തവനെക്കണ്ടാലേ ജനം പരിഭ്രമിക്കൂ. ഭക്തൻ ഒന്നിനെതിരെയും വാളെടുത്തിട്ടില്ല. അവന്റെ ചുറ്റും കിളികൾക്കും അണ്ണാറക്കണ്ണനും മറ്റു ജന്തുജാലങ്ങൾക്കും പരിഭ്രമമില്ലാതെ കളിച്ചുനടക്കാം. അവനിൽനിന്ന് ഒരുപദ്രവവും ആരും പ്രതീക്ഷിക്കുന്നില്ല. ഈ ഗുണങ്ങളോടുകൂടി തന്റെ മകൻ വളർന്നുവരണമെന്ന് പ്രാർത്ഥിച്ച ഒരമ്മ മലയാളസാഹിത്യത്തിലുണ്ട്. നാലപ്പാട്ടിന്റെ ഇന്നത്തെ അമ്മ.

ശ്ലോകം 16അനപേക്ഷഃശുചിർദക്ഷഃ ഉദാസീനോ ഗതവ്യഥഃ

സർവ്വാരംഭപരിത്യാഗീ യോ മദ്ഭക്തഃ സ മേ പ്രിയഃ

ഒന്നും അപേക്ഷിക്കാത്തവനും ഒന്നും ആവശ്യമില്ലാത്തവനുമാണ് ഭക്തൻ. അവൻ ബാഹ്യമായും ആന്തരമായും ശുചിയാണ്. താൻ ചെയ്യുന്ന കർമ്മത്തിൽ ദക്ഷനാണ്. (നിപുണൻ) ലാഭാലാഭങ്ങളിൽ ഉദാസീനനാണ്. എന്തു സംഭവിച്ചാലും വ്യഥ ഇല്ലാത്തവനാണ്. സർവ്വകർമ്മങ്ങളേയും പരിത്യാഗം ചെയ്തവനാണ്. അവനാണ് എനിക്ക് പ്രിയങ്കരൻ

ശ്ലോകം 17

യോ ന ഹൃഷ്യതി ന ദ്വേഷ്ടി ന ശോചതി ന കാംക്ഷതി

ശുഭാശുഭപരിത്യാഗി ഭക്തിമാൻ യഃ സ മേ പ്രിയഃ

ആരാണോ സുഖത്തിൽ ഏറെ സന്തോഷിക്കാതിരിക്കയും ആരോടും ദ്വേഷിക്കാതിരിക്കയും ചെയ്യുന്നത്, ആരാണോ ഏറെ ദുഃഖിക്കാത്തവനും ഒന്നും ആശിക്കാത്തവനും ആയിരിക്കുന്നത് ശുഭാശുഭങ്ങളെ പരിത്യജിച്ച ആ ഭക്തിമാൻ എനിക്ക് പ്രിയങ്കരനാണ്.

ശ്ലോകം 18

സമഃശത്രൌ ച മിത്രേ ച തഥാ മാനാപമാനയോഃ

ശീതോഷ്ണസുഖദുഃഖേഷു സമഃസംഗവിവർജ്ജിതഃ

ശ്ലോകം 19

തുല്യനിന്ദാസ്തുതിർമൌനി സന്തുഷ്ടോ യേന കേനചിത്

അനികേതഃസ്ഥിരമതിർ ഭക്തിമാൻ മേ പ്രിയോ നരഃ

ശത്രുമിത്രാദികളിലും മാനാപമാനങ്ങളിലും ശീതോഷ്ണസുഖദുഃഖാദികളിലും സമനായി, സംഗങ്ങൾ വർജ്ജിച്ചവനായി, നിന്ദയിലും സ്തുതിയിലും തുല്യമായി മൌനം പാലിക്കുന്നവനായി, കിട്ടിയതുകൊണ്ട് സംതൃപ്തനായി ഗൃഹത്തിൽ ആസക്തിയില്ലാത്തവനായി സ്ഥിരബുദ്ധിയായിരിക്കുന്ന ഭക്തിമാൻ എനിക്ക് പ്രിയങ്കരനാണ്. ഈ ഭക്തിലക്ഷണങ്ങളിലൊന്നുംതന്നെ പൂജ,ഹോമം,വഴിപാട് ഇവ പറയുന്നില്ല. ഭക്തിശ്രദ്ധാദികൾ വേണ്ടത് മേൽപ്പറഞ്ഞ ആത്മഗുണങ്ങൾ വർദ്ധിപ്പിക്കുന്നതിലാണ്. സ്ഥിതപ്രജ്ഞനായ ജ്ഞാനി, ഫലത്യാഗം ചെയ്ത കർമ്മയോഗി, ഇവരുടെ ലക്ഷണവും ഉത്തമഭക്തന്റെ ലക്ഷണവും ഒന്നുതന്നെയാണെന്നും ശ്രദ്ധിക്കണം.

ശ്ലോകം 20

യേ തു ധർമ്മ്യാമൃതമിദം യഥോക്തം പര്യുപാസതേ

ശ്രദ്ധധാനാ മത്പരമാ ഭക്താസ്തേതീവ മേ പ്രിയാഃ

ഏതു ഭക്തൻ മത്പരമനായി ശ്രദ്ധാപൂർവ്വം ഇതുവരെ പറഞ്ഞ അമൃതധർമ്മത്തെ ഉപാസിക്കുന്നുവോ അവനാണ് എനിക്ക് അതീവപ്രിയൻ.

ഇഷ്ടമുള്ളതിനെക്കുറിച്ച് പറയാൻ പ്രിയം കൂടും. ഭക്തന്മാർ തനിക്ക് പ്രിയങ്കരരാകയാലാണ് അവരെക്കുറിച്ച് പറയുന്ന വാക്കുകളും അമൃതമെന്ന് വിളിക്കപ്പെടുന്നത്. ഭക്തന്മാർ ആത്മസാക്ഷാത്കാരം പാണികളിലേന്തി ജഗത്തിനാകെ മാതൃക കാട്ടിക്കൊടുക്കണം. താണ നിലത്തേക്കോടുന്ന ജലം പോലെ വിനയശാലികളാണ് അവർ. അതിനാൽ ആ ഋഷിമാരെ ഞാൻ ശിരസ്സിൽ ധരിക്കുന്നു. അവരുടെ പാദമുദ്ര വക്ഷസ്സിൽ ധരിക്കുന്നു. എന്റെ കയ്യിലെ മണിപത്മത്താൽ ഞാനവരെ അർച്ചിക്കുന്നു. അവരുമായി സഹവസിക്കാനാണ് അരൂപിയായ ഞാൻ രൂപമെടുത്ത് അവതരിക്കുന്നത്. ഭക്തന്മാർ എന്നെ ധ്യാനിക്കുന്നതുപോലെ ഞാൻ ഭക്തന്മാരേയും പ്രേമപൂർവ്വം ധ്യാനിക്കുന്നു. അമൃതമായ ഈ അന്യോന്യരതിഭാവത്തിന്റെ രാസലീലയിൽ ഞാൻ സ്വയം മറന്ന് ലീലയാടുന്നു.

ഭാഗം 3 അസി

അദ്ധ്യായം 13 ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം

തത് എന്നാൽ പരമാത്മാവ്.ത്വം ജീവാത്മാവ്. പരമാത്മജീവാത്മകാകളെ വിശദീകരിച്ച ശേഷം ജീവാത്മപരമാത്മൈക്യമാകുന്ന അസി എന്ന മൂന്നാം ഭാഗത്തിലേക്ക് ഗീത പ്രവേശിക്കുന്നു. ഇതിലെ ആദ്യാദ്ധ്യായം നിത്യാനിത്യ വിവേകമായ ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗമാണ്. അനിത്യവും പഞ്ചഭൂതാത്മകവുമാണ് ശരീരം. അത് ക്ഷേത്രം. അതിന്റെ ജ്ഞാതാവായി ക്ഷേത്രജ്ഞനെന്ന നിത്യമായ പരമാത്മാവ്. ശർവ്വശരീരങ്ങളിലും നിറഞ്ഞിരിക്കുന്ന ആ ചൈതന്യം ഞാൻ എന്ന് അറിയുക.

പ്രപഞ്ചശരീരം(ബ്രഹ്മാണ്ഡം). അതിന്റെ കൊച്ചുപതിപ്പ് ശരീരം (പിണ്ഡാണ്ഡം).അവയുടെ പ്രതീകങ്ങളാണ് ഭാരതീയസംസ്കാരത്തിന്റെ ഈറ്റില്ലങ്ങളായ ക്ഷേത്രങ്ങൾ .ഭാരതീയരുടെ വിചാരധാര ഉണർന്നതും വളർന്നതും ഉറങ്ങിയതും ക്ഷേത്രങ്ങളിലാണ്. ഓരോ കുഞ്ഞിന്റെ ഓർമ്മയിലുമുണ്ടാവും ഏതെങ്കിലുമൊരു ക്ഷേത്രത്തെക്കുറിച്ച ഓർമ്മയുടെ നിറമുള്ള വളപ്പൊട്ടുകൾ. കുഞ്ഞിമക്കളുടേയും പേരക്കുട്ടികളുടേയും ശരീരക്ഷേത്രങ്ങളെ പാലൂട്ടി വളർത്തി സംരക്ഷിച്ച് പൂവും പൊട്ടും വെച്ചലങ്കരിച്ച് അവരുടെ മനസ്സിന്റെ ഗർഭഗൃഹത്തിലെ ആത്മാവാകുന്ന ക്ഷേത്രജ്ഞനെ ഉണർത്താൻ പ്രണവമന്ത്രം ഉച്ചരിക്കുന്നവരാണ് ഇന്നാട്ടിലെ അമ്മമാർ. ഞാനും അത്തരമൊരമ്മയാണ്. ക്ഷേത്രക്ഷേത്രജ്ഞന്മാരെക്കുറിച്ച് ശരിക്കറിയാതെ എന്റെ ഉത്തരവാദിത്തം നൂറുശതമാനം വിജയകരമായി നിർവ്വഹിക്കാനാവില്ല എന്ന് വിശ്വസിക്കുന്ന അമ്മ. അതിനാൽ അടിതൊട്ട് മുടിവരെ അമൃതധാരയായ ഗീതയുടെ ഈ തേൻതുള്ളികൾ ഞാൻ വീണ്ടും വീണ്ടും നുണയാറുണ്ട്.

ഒരു കാലത്ത് ഞാനും എന്റെ മുത്തശ്ശിയുടെ ഒക്കത്തിരുന്ന് ക്ഷേത്രദർശനം നടത്തിയിരുന്നു.ഗുരൂവായൂരിലെ കിഴക്കേ നടയിൽനിന്ന് കുന്നിക്കുരു വാരിയിടീച്ചപ്പോൾ ഞാൻ നാലഞ്ച് കുന്നിക്കുരു മോഷ്ടിച്ചു.ശൈശവത്തിന്റെ നിരുപദ്രവകരമായ ഒരു മോഹം. അമ്മമ്മ അറിയാതെ കൈക്കലാക്കിയ ആ കുന്നിമണികളുമായി , ഇപ്രപഞ്ചത്തെസ്സർവ്വമുണ്ടൊതുക്കിയിട്ടെന്ന കൈപ്പിടിമുറുക്കത്തോടെ, ഒരു മടക്കയാത്ര. ആ സന്തോഷം ഏറെ നീണ്ടുനിന്നില്ല . ഭഗവാന്റെ സ്വത്ത് ഭഗവാനുതന്നെ തിരിച്ചേൽപ്പിക്കാതെ അമ്മമ്മക്ക് സമാധാനമുണ്ടായില്ല. ഒരു ചെറിയ അനുഭവം. മനോഹരമായ ഈ പ്രപഞ്ചമുൾപ്പെടെ നമുക്ക് പ്രിയങ്കരമായതെല്ലാം ഭഗവാന്റെ സ്വത്തായി ഭഗവദ്പാദങ്ങളിൽ സമർപ്പിച്ചുകൊണ്ടുള്ള നിഷ്കാമകർമ്മയോഗവും കർമ്മസന്യാസയോഗവും അനുഷ്ഠിക്കുമ്പോഴൊക്കെ പ്രപഞ്ചങ്ങൾ ശൈശവത്തിൽ കണ്ട കുന്നിക്കുരുമണികളുടെ രൂപത്തിലാണ് എന്റെ ഓർമ്മയുടെ കണ്ണിൽ വിടർന്നുനിൽക്കുന്നത്.

ജഗദ് ഗുഞ്ജസഹസ്രാണി യഥാസംഖ്യാന്യണാവണൌ

അപരസ്പരലഗ്നാനി കാനനം ബ്രഹ്മനാമവത്

സൂര്യവംശത്തിന്റെ കുലഗുരുവും 18 ജ്യോതിഷാചാര്യന്മാരിൽ ഒരാളുമായ വസിഷ്ഠനാണതു പറഞ്ഞത്. ആയിരം കുന്നിക്കുരുമണികൾ പരസ്പരം തൊടാതെയും കൂട്ടിമുട്ടാതെയും നിരന്തരം തിരിഞ്ഞുകൊണ്ടിരിക്കുന്ന ബ്രഹ്മ കാനനമാണ് പ്രപഞ്ചം. ഈ ക്ഷേത്രത്തിന്റെ സൌന്ദര്യം ആവോളം പാനം ചെയ്ത് അതിനെ സാക്ഷിയായി നോക്കിനിന്ന് എന്റെ കൊച്ചുഹൃച്ചക്രത്തി ൽ അതുധരിച്ച ക്ഷേത്രജ്ഞൻ ഞാനും. ക്ഷേത്രത്തിന്റെ സൊന്ദര്യം പാനം ചെയ്യാം. സാക്ഷിയായി നോക്കിനിൽക്കാം. ഹൃച്ചക്രത്തിൽ ധരിക്കാം. എന്റേ തെന്ന് മാത്രം കരുതിപ്പോകരുത്. ഈശ്വരന്റേതെന്ന് ധരിക്കുക. ആത്മസമ ർപ്പണത്തിനു തയ്യാറാവുക. അപ്പോൾ ബ്രഹ്മാണ്ഡങ്ങളെ മുഴുവനും കൈപ്പി ടിയിലൊതുക്കുന്ന ജ്യോതിഷ്മതി നമുക്കു മുന്നിൽ താനേ തുറക്കുന്നു.

എൻകൊച്ചുകൈപ്പിടിക്കുള്ളിതൊതുങ്ങുമീ-
ത്തങ്കക്കുടത്തെ ബ്രഹ്മാണ്ഡമാക്കി
വീണ്ടുമെൻ കയ്യിലൊതുക്കിത്തരുന്നു, ഹാ,
നീണ്ടുനിൽക്കുന്ന നിന്നിന്ദ്രജാലം (നാലപ്പാട്ട്)

ഇപ്പോൾ ഞാൻ കാണുന്നതിലൊക്കെ ഞാനുണ്ട്, ക്ഷേത്രജ്ഞനുണ്ട്. എല്ലാ ക്ഷേത്രത്തിലും ഞാനുണ്ട്.

എൻ ചുടുചോര പേർത്തിറ്റിറ്റു വീണൊരാ-
സ്സഞ്ചാരമാർഗ്ഗത്തെസ്സംസ്മരിക്കേ
ഓരോ കരിങ്കൽനുറുങ്ങുമെൻ കണ്ണുകൾ-
ക്കോരോ മഹേശ്വരലിംഗമായി
പുല്ലിൻകൊടികളോരോന്നുമെന്നുള്ളിലാ-
ക്കല്യാണകൃഷ്ണന്റെ മെയ് വടിവായ്(നാലപ്പാട്ട്)

പ്രതിഫലമിഛരിക്കാത്ത എന്റെ പ്രേമത്തിനു ലഭിച്ചഭഗവദ് പ്രസാദമാണത്. നമ്മൾ സ്ത്രീകൾ- അമ്മമാരും അമ്മമ്മമാരും - പകരുന്ന സ്നേഹവാത്സ ല്യങ്ങളിലും പറയുന്ന കഥകളിലും ആ ചൈതന്യമുണ്ട്. ക്ഷേത്രജ്ഞന്റെ ചൈതന്യം. ആ തിരിയിൽനിന്ന് കൊളുത്തപ്പെട്ട പന്തങ്ങളായി നമ്മുടെ ഉണ്ണിമാരിൽ കോടിസൂര്യപ്രഭയുള്ള ക്ഷേത്രജ്ഞന്മാർ ഉദിച്ചുയരട്ടെ.

ശ്ലോകം 1 അർജ്ജുന ഉവാചഃ-

പ്രകൃതിം പുരുഷം ചൈവ ക്ഷേത്രം ക്ഷേത്രജ്ഞമേവ ച

ഏതദ് വേദിതുമിഛരാമി ജ്ഞാനം ജ്ഞേയം ച കേശവ

പ്രകൃതി, പുരുഷൻ ക്ഷേത്രം,ക്ഷേത്രജ്ഞൻ ജ്ഞാനം ജ്ഞേയം ഇവയെപ്പറ്റി അറിയാൻ ഞാൻ ഇഛരിക്കുന്നു.

ശ്ലോകം 2 ശ്രീഭഗവാനുവാചഃ

ഇദം ശരീം കൌന്തേയ ക്ഷേത്രമിത്യഭിധീയതേ

ഏതദ് യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ

ഈ ശരീരം ക്ഷേത്രമെന്ന് അറിയപ്പെടുന്നു. ഇതിനെ ആരറിയുന്നുവോ അവനെ ക്ഷേത്രജ്ഞനെന്ന് അറിവുള്ളവർ പറയുന്നു. ക്രമത്തിൽ ക്ഷയി ക്കുന്നതിനാൽ ക്ഷകാരവും ആ ക്ഷയത്തിൽനിന്ന് ത്രാണനം ചെയ്യപ്പെടുന്ന

തിനാൽ ത്രകാരവും കൂടിയതാണ് ക്ഷേത്രം.പഞ്ചഭൂതാത്മകവും വ്യക്തവു മായ ശരീരമാണത്. കൃഷിഭൂമിയേയും ക്ഷേത്രമെന്നാണ് പറയുക. ക്ഷേത്ര ത്തിന്റെ ക്ഷേത്രഫലം കാണുന്ന ഗണിതരീതി അങ്ങനെയാണ് ഉണ്ടായത്. കൃഷിസ്ഥലത്ത് വിത്തുവിതച്ച് മുളച്ച് അഭിവൃദ്ധിപ്പെട്ട് ഫലമുണ്ടാകുന്നതു പോലെ ശരീരത്തിൽ വിതച്ച പ്രാരബ്ധകർമ്മഫലങ്ങളാകുന്ന പുണ്യപാപങ്ങ ൾ അഭിവൃദ്ധിപ്പെടുന്നു. എത്രയൊക്കെ പുതിയ മരുന്നും മന്ത്രവും കണ്ടു പിടിച്ചാലും വൈദ്യശാസ്ത്രം എങ്ങനെയൊക്കെ കിണഞ്ഞു പരിശ്രമിച്ചാ ലും ഒരുനാൾ ശരീരം ക്ഷയിക്കുക തന്നെ ചെയ്യും .ഇങ്ങനെ ക്ഷയിഷ്ണു വാകയാൽ ശരീരം ക്ഷേത്രമാണ്. ആ ക്ഷതി അഥവാ നാശത്തിൽ നിന്ന് ത്രാണനം ചെയ്യുന്ന ജ്ഞാനം ഈ ശരീരത്തിനകത്തിരുന്നുതന്നെ സമ്പാദിക്കാ നാവുമെന്നതുകൊണ്ട് ശരീരം ക്ഷേത്രമാണ്. ശരീരം ജഡവസ്തു,അനിത്യം. ആത്മാവ് ചൈതന്യം,നിത്യം. ഈ നിത്യാനിത്യവസ്തുവിവേകം കൂടാതെ ഒരു ഭാരതീയതത്വചിന്തയും മുന്നോട്ട് പോയിട്ടില്ല.

ശ്ലോകം 3

ക്ഷേത്രജ്ഞം ചാപി മാം വിദ്ധി സർവ്വക്ഷേത്രേഷു ഭാരത

ക്ഷേത്രക്ഷേത്രജ്ഞയോർജ്ഞാനം യത്തജ്ഞാനം മതം മമ

അഖണ്ഡാകാരമായ ബുദ്ധിവൃത്തിയിൽ രതിയുള്ളവനായ ഭാരതാ, സർവ്വ ക്ഷേത്രങ്ങളിലുമുള്ള ക്ഷേത്രജ്ഞൻ ഞാൻതന്നെ എന്നറിഞ്ഞാലും ക്ഷേത്രക്ഷേ ത്രജ്ഞജ്ഞാനമാണ് ജ്ഞാനം എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. നിത്യ വസ്തുവും അനിത്യവസ്തുവും രണ്ടും ഞാനാണ്. ഞാനല്ലാതെ മറ്റൊന്നില്ല. ക്ഷേത്രവും ക്ഷേത്രജ്ഞനും ഞാനാണെന്നറിയുന്ന ബ്രഹ്മജ്ഞാനമാണ് യഥാ ർത്ഥജ്ഞാനം. ജ്ഞാനം ബ്രഹ്മസ്വരൂപമാണ്. ഉപാധിസംബന്ധം മൂലംബ്രഹ്മം മനുഷ്യശരീരത്തിൽ അൽപ്പജ്ഞനായ ജീവാത്മാവായിരിക്കുന്നു. മനുഷ്യന് ജ്ഞാനമുണ്ടാവുമ്പോൾ ഉപാദിയായ ശരീരാഭിമാനം പൂർണ്ണമായി നശിച്ച് ജീവാത്മപരമാത്മൈക്യം വരുന്നു. ഉറുമ്പിന്റെ ശരീരത്തിലും ക്ഷേത്രജ്ഞൻ ഞാനാണ്. ആനയുടെ ശരീരക്ഷേത്രത്തിലും ഞാനാണിരിക്കുന്നത്. പ്രപഞ്ച ക്ഷേത്രത്തിൽ സർവ്വത്ര ക്ഷേത്രജ്ഞനായ എന്നെത്തന്നെ ദർശിക്കുക.

കാണുന്നവനും കാണപ്പെടുന്നവനും ജഗത്തും വേറെവേറെയാണെന്ന് നവീ നസാംഖ്യർ ഭേദം കൽപ്പിക്കുന്നു. എന്നാൽ അന്തഃകരണത്തിന്റെ അനുഭൂതി യെ ആധാരമാക്കി പുരുഷൻ നിർഗ്ഗുണനും സ്വതന്ത്രനുമാണെന്നും തീർച്ച പ്പെടുത്തുന്നു. സഗുണമായ പ്രകൃതി നശ്വരമാണ്. നശ്വരമായ ജഗത്തിനും ശരീരത്തിനും നാശം സംഭവിച്ചശേഷം ഏതൊരു നിത്യസത്യമായ അവ്യ ക്തം ശേഷിക്കുന്നുവോ അതാണ് ജ്ഞേയം

ആത്മാ ക്ഷേത്രജ്ഞ ഇത്യുക്തഃ സംയുക്തഃപ്രകൃതൈർഗുണൈഃ

തൈരേവതുവിനിർമുക്തഃ പരമാത്മേത്യുദാഹൃതഃ(മഹാഭാരതം)

ആത്മാവ് എപ്പോൾ പ്രകൃതിയിലോ ശരീരത്തിലോ ബന്ധനസ്ഥനായി ഇരിക്കുന്നുവോ അപ്പോൾ അത് ക്ഷേത്രജ്ഞനായ ജീവാത്മാവാണ്. കാളി ദാസൻ കുമാരസംഭവത്തിൽ പരമേശ്വരനെ വർണ്ണിക്കുന്നു: പുരുഷന്റെ ലാഭത്തിനു വേണ്ടി ചേഷ്ടിക്കുന്ന പ്രകൃതിയും നീയാണ്, താൻതന്നെ ഉദാ സീനനായിരുന്നിട്ട് ആ പ്രകൃതിയുടെ ദ്രഷ്ടാവായ പുരുഷനും നീയാണ്.

ശാന്തിപർവ്വത്തിൽ വ്യാസൻ സാംഖ്യരുടെ 25 തത്വങ്ങളുടെ വിചാരം ചെയ്യുന്നു. ഇതിലുമപ്പുറത്തുള്ള 26ആം തത്വത്തെ അറിഞ്ഞവനാണ് ബുദ്ധനെന്ന് പറയുന്നു. സാംഖ്യരുടെ 25 തത്വത്തിനപ്പുറമുള്ള തത്വത്തെ അറിഞ്ഞവനെ സാമാന്യമായി വിളിക്കുന്ന പേരാണ് ബുദ്ധനെന്നത്. ജ്ഞാനേന്ദ്രിയങ്ങളെക്കൊണ്ട് ലോകത്തിലുള്ള പദാർത്ഥങ്ങളുടെ യാതൊരു ജ്ഞാനമുണ്ടാകുന്നുവോ, അതുതന്നെയാണ് നമ്മുടെ സകല ലോകങ്ങളും. അതിനാൽ ജഗത്തിന് അഥവാ പ്രകൃതിക്ക് തന്നെ ജ്ഞാനമെന്ന് പേരിട്ടിരിക്കുന്നു. ഈ ദൃഷ്ടിയിൽ പുരുഷനെ ജ്ഞാതാവ് എന്ന് പറയുന്നു.യഥാർത്ഥമായി അറിയപ്പെടേണ്ടവനായ ജ്ഞേയം , ജ്ഞാനത്തിനും ജ്ഞാതാവിനും അതീതമാകയാൽ അവനെ പരമപുരുഷനെന്ന് വിളിക്കുന്നു.

യാതൊന്നിനെ ഉപാസന ചെയ്യേണമോ അത് നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമല്ല. എന്നാല് മനസ്സിന് ഗോചരമാണ്. മനസ്സിന് ഗോചരമല്ലാത്ത ഒന്നിനെ ഉപാസിക്കാനാവില്ല. ഉപാസനക്ക് ചിന്തനം, മനനം,ധ്യാനം എന്നൊക്കെയാണ് അർത്ഥം. ഉപാസിക്കപ്പെടുന്ന വസ്തുവിന് രൂപം ആവശ്യമില്ല. ഗുണം ആവശ്യമാണ്. ആ ഗുണം മനസ്സിന് അനുഭവസിദ്ധമായാലേ മനസ്സ് അതിനെക്കുറിച്ച് ചിന്തിക്കയുള്ളു. പുരുഷൻ നിർഗ്ഗുണൻ. പ്രകൃതി സഗുണം. രണ്ട് ഭിന്നങ്ങളായ അനാദികളെ സാംഖ്യർ സങ്കൽപ്പിക്കുന്നു. സത്തയിൽ നിന്നല്ലാതെ അസത്തയിൽനിന്ന് യാതൊന്നും ഉണ്ടാകയില്ലെങ്കിൽ നിർഗുണപുരുഷനിൽനിന്ന് പ്രകൃതി എങ്ങനെ ഉണ്ടായി. പുരുഷൻ സഗുണനെന്നു വരികിൽ നശ്വരനാണെന്നും വരും. നശ്വരമായ ഒന്നിന് പ്രപഞ്ചനിയമപദ്ധതിയെ അനാദികാലമായി തുടരാൻ എങ്ങനെ സാധിക്കും. അതീതമായ തത്വത്തെ പ്രകൃതിവാദികൾക്ക് ഇനിയും അന്വേഷിച്ച് കണ്ടുപിടിക്കേണ്ടതായിരിക്കുന്നു.

അമൃതത്വം,അനശ്വരത്വം എന്ന ഒന്ന് ഇല്ലെങ്കിൽ മനുഷ്യർ കീർത്തി സമ്പാദിക്കാൻ ഇത്ര പാടുപെടുന്നതെന്തിന്. സ്പെൻസർ, കോംതെ മുതലായ ആധിഭൌതികവാദികൾ ഏതെങ്കിലും ക്ഷണികസുഖത്തിൽ ഭ്രമിക്കാതെ ഇപ്പോഴുള്ളതും മേല്‍ ഉണ്ടാവുന്നതുമായ മനുഷ്യജീവികളുടെ ചിരന്തനസുഖത്തിനുവേണ്ടി പരിശ്രമിക്കുന്നതാണ് മനുഷ്യന്റെ നൈതികമായ പരമകർത്തവ്യമെന്ന് കരുതുന്നതെന്തിനാണ്.ഈ ചിരന്തനസുഖത്തിന്റെ, ഈ അനശ്വരമംഗളത്തിന്റെ കൽപ്പന -ഇന്ദ്രിയാതീതമായ അമൃതത്വത്തിന്റെ കൽപ്പന- എവിടെനിന്ന് വന്നു. അത് മനുഷ്യന് സ്വഭാവസിദ്ധമാണെന്ന് വരികിൽ ഇക്കാണുന്ന നശ്വരശരീരത്തിനും അപ്പുറത്ത് അനശ്വരമായ ഒരു വസ്തുവുണ്ടെന്നും അതിന്റെ ഒരംശം മനുഷ്യനിലും നിർല്ലീനമായിരിക്കുന്നുണ്ടെന്നും സമ്മതിക്കേണ്ടിവരും. ഇല്ലാത്ത ഒന്ന് മനുഷ്യനിൽ സാക്ഷാത്പ്രതീതി എങ്ങനെ ഉണ്ടാക്കും. ഉള്ളതല്ലാതെ ഇല്ലാത്തത് എങ്ങനെ അനുഭവിക്കും.

ഇതിന് ഉത്തരം കിട്ടാതെ വരുമ്പോൾ അതിൽനിന്ന് ഒഴിയാൻ ആളുകൾ ഒരു എളുപ്പമാർഗ്ഗം കണ്ടുപിടിക്കുന്നു. കാണാത്ത വസ്തുവിനെക്കുറിച്ച് എന്തിന് അന്വേഷിക്കുന്നു. കണ്ടതിനെ , നന്നായി അറിഞ്ഞതിനെ സ്നേഹിച്ചാൽ പോരേ. ബുദ്ധൻ കണ്ടതിനെയെല്ലാം സ്നേഹിച്ച കാരുണ്യവാനാണ്. അദ്ദേഹം സ്നേഹിക്കാൻ പഠിപ്പിച്ചു. പക്ഷേ, സ്വയം സ്നേഹിക്കാൻ പഠിക്കുംമുമ്പ് അദ്ദേഹവും കാണാത്തതിനെ തിരഞ്ഞ് കണ്ടുപിടിച്ചിട്ടുണ്ട്. സാധാരണക്കാരന് അതിലുള്ള വൈഷമ്യം കണ്ടിട്ടാണ് നാം കണ്ടറിയുന്ന

പ്രപഞ്ചത്തെ സ്നേഹിച്ചാൽ മതി എന്ന് അദ്ദേഹം പറഞ്ഞത്.കാണാത്ത വസ്തു ഇല്ലാഞ്ഞിട്ടല്ല, തേടിക്കണ്ടു പിടിച്ച് അനുഭവിക്കാഞ്ഞിട്ടുമല്ല.

എല്ലാ മനുഷ്യരും സാധാരണക്കാരല്ല. മനുഷ്യമനസ്സിൽ അറിയാത്തതിനെ അറിയാനുള്ള ആകാംക്ഷയും ജിജ്ഞാസയും സഹജമാണ്. ജ്ഞാനതൃഷ്ണ യെ അടക്കാൻ സാദ്ധ്യമല്ല. അതിനെ അടക്കാനും നശിപ്പിക്കാനും ശ്രമിക്ക യുമരുത്. ഈ ആകാംക്ഷ നശിക്കുക എന്നുവെച്ചാൽ അതിനർത്ഥം മാനവ വംശം തന്നെ നശിക്കുക എന്നതാണ്. അത് സംഭവിച്ചുകൂടാ. സംഭവിക്കയു മില്ല. കാന്റും ഹെഗലും ഷോപ്പനോവറുമെല്ലാം അമൃതവും അനാദിയുമാ യി ദിക്കിനും കാലത്തിനും അതീതമായി സ്വതന്ത്രവും സമവും സർവ്വവ്യാ പിയും ഏകവും നിരന്തരവും നിരാകാരവുമായ നിർഗ്ഗുണത്തിന്റെ അസ്തിത്വത്തേയും അതിൽനിന്ന് സഗുണജഗത്തിന്റെ ഉൽപ്പത്തിയേയും കുറിച്ച് ബോധവാന്മാരായിരുന്നു.

നമുക്ക് ജ്ഞാനമുണ്ട്. ആ ജ്ഞാനം ശരീരത്തിന്റേതല്ല. ആത്മാവ് ജ്ഞാതാ വാണ്.ജ്ഞാതാവിന് നാമരൂപാത്മകജഗത്തിന്റെ ജ്ഞാനം ഉണ്ടാവുന്നു. നാമ രൂപാത്മകജഗത്തിന്റെ മൂലമായ വസ്തുതത്വജ്ഞാനവുമുണ്ടാകുന്നു. ഈ മൂലവസ്തുജ്ഞാനമാണ് ജ്ഞേയം. ആത്മാവ് ക്ഷേത്രജ്ഞ്ർനാണ്. ജ്ഞേയം ഇന്ദ്രിയാതീതവും നിത്യവുമായ ബ്രഹ്മം. ജ്ഞനമല്ലാതെ ജ്ഞാതാവോ ജ്ഞേയമോ ഇല്ലെന്ന വാദത്തെ വേദാന്തം അംഗീകരിച്ചിട്ടില്ല. അവ മൂന്നും ഒന്നായിച്ചേരുന്ന ഉജ്വലമുഹൂർത്തത്തെ (സ്വാനുഭൂതി)അംഗീകരിച്ചിട്ടുമുണ്ട്. ദ്രഷ്ടാവിന് സർവ്വജ്ഞാനവും ഉണ്ടാവണമെങ്കിൽ(സർവ്വജ്ഞത്വം) സ്വതന്ത്രമാ യ ഒരു വസ്തു അവശ്യം ഉണ്ടായിരിക്കണമെന്ന് വേദാന്തസൂത്രഭാഷ്യത്തിൽ ശങ്കരൻ സ്ഥാപിച്ചിട്ടുണ്ട്. ബാഹ്യജഗത്ത് മിഥ്യയാണെന്ന് പറയുമ്പോൾ ബാ ഹ്യജഗത്തിന്റെ ദൃശ്യമായ നാമരൂപാദികൾ മിഥ്യയാണെന്നാണ് ഗ്രഹിക്കേ ണ്ടത്. ക്ഷേത്രക്ഷേത്രജ്ഞവിചാരത്തിൽ ദേഹേന്ദ്രിയപ്രപഞ്ചാദികളായ നശ്വര നാമരൂപങ്ങളുടെ അപ്പുറത്തെ നിത്യമായ ഒരാത്മതത്വമുണ്ടെന്ന് സ്ഥാപിച്ചി രിക്കുന്നു. ശരീരത്തിന്റെ മൂലത്തിലും പ്രപഞ്ചത്തിന്റെ മൂലത്തിലുമുള്ള നിത്യവസ്തു ഒന്ന് എന്ന് തീരുമാനിക്കുന്നു. യതോ വാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹാ - ഏതൊന്നാണോ വാക്കിനെ കടന്നുപോകുന്നത്, മനസ്സിനു കൂടി അപ്രാപ്യമായത്- ആ നിത്യവസ്തുവാണ് വേദാന്തിയുടെ ബ്രഹ്മം. അതിനെ ഇന്നപ്രകാരത്തിലുള്ളതെന്ന് ലക്ഷണം നിർണ്ണയിക്കാനേ ആവു. പൂർണ്ണസ്വരൂപം നിർണ്ണയിക്കാനോ നിർവ്വചിക്കാനോ ആവില്ല. അതിന് സത്തും ഇല്ല,അസത്തും ഇല്ല. യാതൊന്നുണ്ടായിരുന്നുവോ അത് ഏകമായിത്ത്നെ ഇരുന്നു(നാസദീയസൂക്തം).ദ്വന്ദ്വങ്ങളിൽനിന്നെല്ലാം ആരുടെ മനസ്സ് മോചിതമായിത്തീരുന്നുവോ അവൻ ജ്ഞേയത്തെ അറിഞ്ഞ ജ്ഞാതാ വായി ബ്രഹ്മപദം പൂകുന്നു. ഈ അപരോക്ഷാനുഭൂതി വാക്കുകൊണ്ട് പറഞ്ഞുമനസ്സിലാക്കിക്കൊടുക്കാവതല്ല, സ്വയം അനുഭവിച്ചറിയേണ്ടതാണ്.

ശ്ലോകം 4

തത്ക്ഷേത്രം യച്ച യാദൃക് ച തദ്വികാരി യതശ്ച യത്

സ ച യോ യത്പ്രഭാവശ്ച തത് സമാസേന മേ ശൃണു

ഈ ക്ഷേത്രം ഏതു സ്വരൂപമുള്ളതാണ്. ഏതു വികാരമുള്ളതാണ്. ഏതു ധർമ്മമുള്ളതാണ്. എങ്ങനെ ഭവിച്ചതാണ്. ആ ഭവിച്ചവൻ(ക്ഷേത്രജ്ഞൻ)

ഏതു പ്രഭാവമുള്ളവനാമ്. ഇത് ഞാൻ സംക്ഷിപ്തമായി പറയാം. കേട്ടോളൂ.

ശ്ലോകം 5

ഋഷിഭിർബഹുധാ ഗീതം ഛന്ദോഭിർവിവിധൈഃ പൃഥക്

ബ്രഹ്മസൂത്രപദൈശ്ചൈവ ഹേതുമദ്ഭിർവിനിശ്ചിതൈഃ

ഋഷിമാർ പലവിധത്തിലും വിവിധങ്ങളായ ഛന്ദസ്സുകളിൽ യുക്തിയുക്ത വും സുനിശ്ചിതവുമായ ബ്രഹ്മസൂത്രപദങ്ങളെക്കൊണ്ട് ഇതിനെ പാടിപ്പു കഴ്ത്തിയിട്ടുണ്ട്.

ഋഷിമാർ അനുഭൂതി ഉണ്ടായ ദർശകരാണ്. ബ്രഹ്മാത്മൈക്യാനുഭൂതി ആനന്ദാനുഭവമാണെന്നും അതുതന്നെയാണ് ബ്രഹ്മമെന്നും തൈത്തരീയോപ നിഷത്തിലുണ്ട്.ബ്രഹ്മഭവതി യ ഏവം വേദ(ബൃഹദാരണ്യകം)ബ്രഹ്മ വേദ ബ്രഹ്മൈവ ഭവതി(മുണ്ഡകം).ബ്രഹ്മാനുഭവമുണ്ടായവൻ ബ്രഹ്മമായതു കൊ ണ്ടാണ് ഋഷിമാരുടെ വാക്കിന് വില. ബ്രഹ്മാനുഭവമുണ്ടായവൻ ആനന്ദ ത്താൽ മതിമറന്ന് പാടിപ്പോകുന്ന കവിയാകയാലാണ് ബഹുധാ ഗീതമെന്ന് പറഞ്ഞിരിക്കുന്നത്.

ശ്ലോകം 5

മഹാഭൂതാന്യഹങ്കാരോ ബുദ്ധിരവ്യക്തമേവ ച

ഇന്ദ്രിയാണി ദശൈകം ച പഞ്ച ചേന്ദ്രിയഗോചരഃ

ശ്ലോകം 6

ഇഛാ ദ്വേഷഃസുഖം ദുഃഖം സംഘാതശ്ചേതനാ ധൃതിഃ

ഏതത് ക്ഷേത്രം സമാസേന സവികാരമുദാഹൃതം

പഞ്ചമഹാഭൂതങ്ങൾ,അഹങ്കാരം,ബുദ്ധി,അവ്യക്തം,ദശേന്ദ്രിയങ്ങൾ, മനസ്സ്, പഞ്ചേന്ദ്രിയഗോചരമായ അഞ്ചു വിഷയങ്ങൾ എന്നിവ അടങ്ങിയതാണ് ക്ഷേത്രം. ഈ ക്ഷേത്രത്തെ ഇഛ,ദ്വേഷം, സുഖം,ദുഃഖം,സംഘാതം, ചേതന, ധൃതി എന്നീ വികാരങ്ങളോടെ ഞാൻ സംക്ഷേപിച്ച് പറഞ്ഞിരിക്കുന്നു. ദ്രഷ്ടാവിൽനിന്ന് അന്യമായത് ദൃശ്യം. ദൃശ്യജഗത്തിന് ജഡത്വം കൽപ്പിച്ചി ട്ടുണ്ട്. ദൃശ്യത്വാത് ജഡത്വം. അതിനെ സാംഖ്യം 24 തത്വം കൊണ്ട് വിവ രിക്കുന്നു. അനാദിയും സഗുണയുമായ പ്രകൃതിയെ സങ്കൽപ്പിക്കുമ്പോൾ ദ്വൈതവാദം ഉണ്ടായിത്തീരുന്നു. ഇത് അദ്വൈതികൾ ഒഴിവാക്കുന്നു. അവ ർ പറയുന്നു, നിത്യസത്യം ഒന്നുമാത്രം. മറ്റെല്ലാം അതിന്റെ അനുരൂപങ്ങൾ. പ്രകൃതി(മായ) നിത്യമെങ്കിലും സ്വതന്ത്രമല്ല.സഗുണം നിർഗ്ഗുണത്തിന്റെ പ്രതീ യമാനരൂപം മാത്രമാണ്. ഒരേ ഒരു ചിദ്വസ്തു ഇന്ദിയവിഭ്രമത്താലും അ ജ്ഞാനത്താലും പലതായി തോന്നുന്നു. നിർഗുണത്തെ സഗുണമാക്കി തോന്നി ക്കുന്നത് ജ്ഞാനത്തിന്റെ ഗതി തടയുന്ന ഇന്ദ്രിയങ്ങളുടെ പണിയാണ്. സൂര്യ പ്രകാശത്തിലടങ്ങിയ പ്രകാശകണികകൾ നമുക്ക് ദൃശ്യമാകുന്നില്ല.വെളിച്ചം മാത്രം കാണുന്നു.നിറങ്ങൾ കാണുന്നു. ഇന്ദ്രിയങ്ങളുടെ ഈ അജ്ഞാനമാണ് ദൈവീമായ.ജ്ഞാനം കൊണ്ട് ഇതിൽനിന്ന് മുക്തി നേടാം. ത്രിഗുണാത്മിക യായ മായ സ്വതന്ത്രമല്ലെന്നും ഒരേ ഒരു നിർഗ്ഗുണപരബ്രഹ്മത്തിൽ ഇന്ദ്രി

യങ്ങൾ അജ്ഞാനം കാരണം സഗുണദൃശ്യരൂപങ്ങൾ അദ്ധ്യാരോപം ചെയ്യുകയാണെന്നും ഉള്ള സിദ്ധാന്തമാണ് വിവർത്തവാദം. ജഗത്ത് പരമാണുസംയോഗത്താൽ ഉത്ഭവിച്ചു എന്ന നൈയായികന്മാരുടെ സിദ്ധാന്തം ആരംഭവാദമാണ്.ഏകവും സത്യവും ത്രിഗുണാത്മകവുമായ പ്രകൃതിയാണ് ജഡജഗത്തിന്റെ മൂലകാരണമെന്നും ഈ ത്രിഗുണാത്മകപ്രകൃതിയിലടങ്ങിയിരിക്കുന്ന ഗുണവികാസപരിണാമത്താൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു എന്നുമുള്ള സാംഖ്യവാദത്തെ ഗുണപരിണാമവാദമെന്ന് വിളിക്കുന്നു. അദ്വൈതത്തിന്റെ വിവർത്തവാദം നൈയായികസാംഖ്യരുടെ ഈ വാദങ്ങളെ ഖണ്ഡിക്കുന്നു. ഒരേ മൂലദ്രവ്യത്തിൽ അനേകം അനിത്യരൂപങ്ങളുടെ അദ്ധ്യാരോപമുണ്ടായി എന്ന് വിവർത്തവാദം സമർത്ഥിക്കുന്നു. വിവർത്തവാദപ്രകാരം അസത്തയിൽനിന്ന് സത്തയെങ്ങനെയുണ്ടായി എന്ന സൽക്കാര്യവാദത്തിന്റെ ചോദ്യം ഉത്ഭവിക്കുന്നില്ല. കാരണം സത്തോ അസത്തോ ഇല്ല. ഒരേ ഒരേക വസ്തു. ചൈതന്യം മാത്രം. അതിനെ പലവിധത്തിൽ കാണുന്നു. നിർഗ്ഗുണവും സഗുണവും ആ ഒന്നിൽത്തന്നെ കാണുന്നു, വിവർത്തവാദം- പ്രകൃതിയുടെ പിന്നീടുള്ള വിസ്താരം ഗുണപരിണാമവാദം കൊണ്ടുണ്ടായി എന്ന് സ്വീകരിക്കുവാൻ അതിന് ബുദ്ധിമുട്ടില്ല. പ്രകൃതിനിയമങ്ങൽക്ക് നിത്യത്വമുണ്ട്. അത് പ്രകൃത്യതീതമായ ബ്രഹ്മത്തിന്റെ കൃപയാലാണ്. ഇതാണ് സാംഖ്യവും അദ്വൈതവും തമ്മിലുള്ള ഒരേ ഒരു വ്യത്യാസം. ജഗത്ത് സത്യമാണ്. ബ്രഹ്മം അമൃതമാണ്. ബ്രഹ്മാമൃതം ജഗത്സത്യം (ബൃഹദാരണ്യകം)

തർക്കിച്ച് സിദ്ധാന്തിക്കുന്നതല്ല,കാര്യം. ദുഃഖസമയങ്ങളിൽ പോലും സമത്വഭാവനയോടെ ആചരിക്കുന്ന സ്ഥിരസ്വഭാവം ഉണ്ടാവണമെങ്കിൽ പരമേശ്വരസ്വരൂപത്തിന്റെ പൂർണ്ണജ്ഞാനം അനുഭവപ്പെടുകതന്നെ വേണം.ഇതിന്ന് വംശപാരമ്പര്യം, സംസ്കാരം, ഇന്ദ്രിയനിഗ്രഹം, ദീർഘകാലപരിശ്രമം, ധ്യാനം ,ഉപാസന എന്നിവയുടെയെല്ലാം സഹായം ആവശ്യമുണ്ട്. യഥാർത്ഥസാധുപുരുഷനും വേദാന്തശാസ്ത്രിയും തമ്മിൽ അതാണ് വ്യത്യാസം. സാധുവിന് ആനുഭവികജ്ഞാനമുണ്ട്. വേദാന്തശാസ്ത്രിക്ക് ശുഷ്കമായ പാണ്ഡിത്യമേ ഉള്ളു. രണ്ടും വേണമെന്ന് ശങ്കരൻ ഊന്നിപ്പറയുന്നു. യഥാർത്ഥസാധുപുരുഷനെ എങ്ങനെ തിരിച്ചറിയാം.എന്തൊക്കെയാണയാളുടെ ജ്ഞാനസാധനങ്ങൾ.ഗീത ഇരുപത് ലക്ഷണങ്ങളെ എണ്ണിപ്പറയുന്നു.

ശ്ലോകം 8

അമാനിത്വ,മദംഭിത്വ,മഹിംസാ,ക്ഷാന്തി,രാർജ്ജവം,

ആചാര്യോപാസനം, ശൌചം, സ്ഥൈര്യ,മാത്മവിനിഗ്രഹഃ

ശ്ലോകം 9

ഇന്ദ്രിയാർത്ഥേഷു വൈരാഗ്യ,മനഹങ്കാരം, ഏവ ച

ഇന്ദ്രിയാണി ദശൈകം ച പഞ്ചചേന്ദ്രിയഗോചരാഃ

ശ്ലോകം 10

അസക്തി,രനഭിഷ്വംഗഃപുത്രദാരഗൃഹാദിഷു,

നിത്യം ച സമചിത്തത്വമിഷ്ടാനിഷ്ടോപപത്തിഷു

ശ്ലോകം 11

മയി ചാനന്യയോഗേന ഭക്തിരവ്യഭിചാരിണീ

വിവക്തദേശസേവിത്വമരതിർജനസംസദി

ശ്ലോകം 12

അദ്ധ്യാത്മജ്ഞാനനിത്യത്വം തത്വജ്ഞാനാർത്ഥദർശനം

ഏതജ്ഞാനമിതി പ്രോക്തമജ്ഞാനം യദതോന്യഥാ

ജ്ഞാനസമ്പാദനത്തിനു വേണ്ടി മനുഷ്യൻ എത്രയെത്ര കഠിനപ്രയത്നങ്ങൾ ചെയ്യുന്നു. വർഷങ്ങളോളം വിദ്യാലയങ്ങളിലും കലാലയങ്ങളിലും വായ നശാലകളിലും പുസ്തകങ്ങളിൽ മുഖവും മനസ്സും പൂഴ്ത്തി ഇരിക്കുന്നു. അനേകം വിശിഷ്ടഗ്രന്ഥങ്ങളുടെ ഓരോ താളിലും മറഞ്ഞിരിക്കുന്ന അപൂ ർവ്വവിജ്ഞാനത്തെ സൂക്ഷ്മപരിശോധന നടത്തി വ്യാഖ്യാനിക്കുന്നു.എന്നാൽ അത്തരം ഗ്രന്ഥവിജ്ഞാനത്തേയോ ബിരുദാനന്തരബിരുദങ്ങളേയോ ഗീത ജ്ഞാനസാധനമായി ഗണിക്കുന്നില്ല. ജ്ഞാനസാധനങ്ങലിൽ ആദ്യം പറഞ്ഞത് അമാനിത്വമാണ്. തന്നെ ആളുകൾ പൂജ്യനായി കരുതണമെന്നോ പ്രശംസി ക്കണമെന്നോ ജ്ഞാനി കരുതുന്നില്ല. പുകഴ്ത്തിപ്പറഞ്ഞാൽ മുഖസ്തുതി ഭാരമായി കരുതുന്നു. ശരശ്ചന്ദ്രചാറ്റർജ്ജിയെക്കുറിച്ച് ഒരു കഥയുണ്ട്. അദ്ദേ ഹത്തെ ഒരാൾ നിരന്തരം പുകഴ്ത്തിപ്പോന്നു. അദ്ദേഹത്തിന് ഈ മുഖസ്തു തി നീരസമുളവാക്കി. ഒരിക്കൽ മുഖസ്തുതിക്കാരൻ പറഞ്ഞു:-താങ്കളുടെ രചനകൾ എത്ര മഹത്തരം. ആളുകൾ ടാഗോറിന്റെ കവിതകൾ അവയേ ക്കാൾ മഹത്വമുള്ളവയെന്ന് കരുതുന്നു. ടാഗോറിന്റെ കവിത രണ്ടാംതരമാ ണെന്നാണ് എന്റെ അഭിപ്രായം.

ചാറ്റർജി സൌമ്യമായി പറഞ്ഞു:- സ്നേഹിതാ, ടാഗോറിനെപ്പോലെയുള്ള വർ രചിക്കുന്നത് ഞങ്ങളെപ്പോലെയുള്ള രസികന്മാർക്ക് വേണ്ടിയാണ്. എന്നെപ്പോലെയുള്ളവർ രചിക്കുന്നത് താങ്കളെപ്പോലുള്ളവർക്കുവേണ്ടിയും. വിനയവും ഞാൻ കേമനാണെന്ന ഭാവമില്ലായ്മയുമാണ് അമാനിത്വം. രണ്ടാമത്തേത് അദംഭിത്വമാണ്. ഇല്ലാത്ത ഗുണങ്ങൾ തനിക്കുണ്ടെന്ന് ജ്ഞാ നി നടിക്കുകയില്ല. താൻ ചെയ്ത നല്ല കർമ്മങ്ങൾ പറഞ്ഞുനടക്കുകയില്ല. വേഷവിധാനം കൊണ്ട് ശരീരത്തെ മോടി പിടിപ്പിക്കുകയില്ല. ആരെയും സ്തുതിക്കാനോ തന്റെ അറിവ് പ്രകടിപ്പിക്കാനോ മെനക്കെടുകയില്ല. അവ ന്റെ ഗൃഹത്തിൽ സൌകര്യങ്ങൾ പരിമിതമായിരിക്കും. സ്വധർമ്മതൽപ്പര നും ആത്മജ്ഞാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ ചതുരനുമായിരിക്കും. ബാഹ്യമായി നിസ്സാരനും ദരിദ്രനും എന്ന് തോന്നിക്കുമെങ്കിലും ജ്ഞാനി ജ്ഞാനം കൊണ്ട് ഹൃദയം നിറഞ്ഞ പൂർണ്ണപുരുഷനാണ്.

അടുത്തത് അഹിംസയാണ്. അഹിംസ ജ്ഞാനിയുടെ ലക്ഷണമാണ്. ബ്രാഹ്മ ണനും ബൌദ്ധനും ജൈനനും അവരുടെ അഹിംസകൊണ്ട് സമമാണ്. അവ രെല്ലാം ജ്ഞാനികളാണ്. ഇന്ന് ജീവശാസ്ത്രം പഠിക്കുന്നതിനായി അനേകം ജീവികളെ ഹിംസിക്കുന്നുണ്ട്. ഒരുശരീരം നിലനിർത്താനായി അനേകം ശരീ രങ്ങളെ വധിക്കുന്ന ഗവേഷണരീതി ശരിയല്ല. ജ്ഞാനമാർഗ്ഗത്തിനു നിരക്കു ന്നതല്ല. ശാസ്ത്രവിധി അനുസരിച്ച് നടത്തുന്ന ഹിംസ അഹിംസയാണെന്ന് വാദിച്ച പൂർവ്വപക്ഷങ്ങളെ കാരുണ്യശാലിയും ജ്ഞാനിയുമായ ശങ്കരാചാ

ര്യർ എതിർത്തത് ഇക്കാരണം കൊണ്ടാണ്.നാവിന്റെ രുചിക്കുവേണ്ടി മാത്രം ജീവികളെ കൊന്നുതിന്നുന്ന ഒരാൾ എത്രയൊക്കെ ഗ്രന്ഥം പഠിച്ചാലും ജ്ഞാനിയാകുന്നില്ല. ഉറുമ്പിനേയോ ഈച്ചയേയോ പോലും നശിപ്പിക്കാൻ ജ്ഞാനിക്ക് മനസ്സു വരില്ല. അവയിലെല്ലാം സർവ്വേശ്വരചൈതന്യം കുടി കൊള്ളുന്നത് ജ്ഞാനി കാണുന്നു. കരുണാമയനാണ് ജ്ഞാനി. സാധുപുരുഷനും വേദാന്തശാസ്ത്രിയും തമ്മിലുള്ള വ്യത്യാസം ഇത്തരം മനോഭാവങ്ങളിലാണ്. അഹിംസയെക്കുറിച്ച് എത്ര പറഞ്ഞാലും മതിയാവില്ല. ജ്ഞാനേശ്വരൻ ഇതിന്നുവേണ്ടി എത്രയേറെ ഉദാഹരണങ്ങളും ഉപമകളുമാണ് ഉപയോഗിച്ചിരിക്കുന്നത്.

ക്ഷാന്തി സഹനശക്തിയാണ്. ആരോടും അസഹിഷ്ണുത ഇല്ലാത്തവനും സഹനശക്തിയുള്ളവനുമാണ് ജ്ഞാനി. ജീതത്തിന്റെ സർവ്വഭാരവും പിറുപിറുപ്പില്ലാതെ സഹിക്കുന്നവനാണ്. ആർജ്ജവം വക്രതയില്ലായ്മയാണ്. അമൃതുപോലെ മനസ്സും ബുദ്ധിയും ഋജുവായി പ്രവഹിക്കുന്നു. ആചാര്യോപാസനം ഗുരുജനങ്ങളോടുള്ള ഭക്തിയാണ്. ശൌചം ബാഹ്യവും ആന്തരവുമായ പരിശുദ്ധി. സ്ഥൈര്യം ദൃഢമായ ലക്ഷ്യബോധം. ആത്മനിഗ്രഹം മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് വശത്താക്കിവെക്കലാണ്. ഇന്ദ്രിയവിഷയങ്ങളോട് ജ്ഞാനിക്ക് കടുത്ത വൈരാഗ്യമാണ്. ലൌകികസുഖങ്ങൾ അവന്ന് ശരശയ്യയാണ്. വൈരാഗ്യമെന്നാൽ നിസ്സംഗത്വമാണ്. ജ്ഞാനി അഹങ്കാരമില്ലാത്തവനായിരിക്കും. മനുഷ്യസഹജമായ ജനനം,മരണം, വാർദ്ധക്യം, രോഗം ഇവയുടെ ദുഃഖങ്ങളും ദോഷങ്ങളും നന്നായി മനസ്സിലാക്കിയിരിക്കും. ഇനിയൊരു ജന്മമോ ഈ ദുഃഖങ്ങലോ വരാതിരിക്കാൻ ശ്രദ്ധാപൂർവ്വം തയ്യാറെടുക്കും. ഒരു വസ്തുവിലും അയാൾക്ക് ആസക്തിയില്ല. ഇഷ്ടമായാലും അനിഷ്ടമായാലും എന്തുതന്നെ സംഭവിച്ചാലും നിത്യവും സമചിത്തത കാത്തുസൂക്ഷിക്കും.

മയി അനന്യയോഗേന അവ്യഭിചാരിണീ ഭക്തി . എന്നിൽ മറ്റൊരു ചിന്തയും കൂടാതെ ,ഏകാഗ്രമായിരിക്കുന്ന ഭക്തി ജ്ഞാനിയുടെ ലക്ഷണമായി ഭഗവാൻ പറഞ്ഞിരിക്കുന്നു. ഭക്തി ജ്ഞാനസാധനങ്ങളിൽ ഒന്നാണ്. ഭക്തിയോഗവും ജ്ഞാനയോഗവും ഒന്നുതന്നെയാണ്. ജ്ഞാനിക്ക് ഏകാന്തദേശങ്ങളിലിരുന്ന് ധ്യാനിക്കാനാണിഷ്ടം. ഏകാന്തത അവർ ഇഷ്ടപ്പെടുന്നു. ആളുകൾ കൂടുന്ന സ്ഥലങ്ങളോട് അവർക്ക് അരതി(പ്രതിപത്തിയില്ലായ്മ)ഉണ്ട്. തിരക്കുകളിൽനിന്ന് അകന്ന് പ്രശാന്തമായ വനത്തിലോ നദിക്കരയിലോ കുന്നിൻപുറത്തോ തന്റെ ആത്മചിന്തയുമായി തനിച്ചിരിക്കാനാണ് ജ്ഞാനി ഇഷ്ടപ്പെടുന്നത്. എന്നും അദ്ധ്യാത്മജ്ഞാനത്തിൽ മുഴുകി ജീവിക്കാനാണ് താൽപ്പര്യപ്പെടുന്നത്. തത്വജ്ഞാനത്തിന്റെ ആഴവും അർത്ഥവും അളക്കലാണ് അയാളുടെ വിനോദം. ഈ സ്വഭാവങ്ങളെയെല്ലാം ചേർത്താൽ ജ്ഞാനിയുടെ ഏകദേശരൂപമായി. ഇതിനു വിപരീതമായ ലക്ഷണങ്ങളുള്ളവരാരും ജ്ഞാനികളല്ല.

ശ്ലോകം 13

ജ്ഞേയം യത് തത് പ്രവക്ഷ്യാമി യജ്ഞാത്വാമൃതമശ്നുതേ

അനാദിമത് പരംബ്രഹ്മ ന സത് തന്നാസദുച്യതേ

ജ്ഞേയം ഏതൊന്നോ ,ഏതൊന്നിന്റെ ജ്ഞാനത്താൽ അമൃതത്വം ലഭിക്കു മോ, അതും ഞാൻ പറഞ്ഞുതരാം. അനാദിയായ പരംബ്രഹ്മമാണത്. അതിനെ സത്തെന്നോ അസത്തെന്നോ പറയാൻ സാദ്ധ്യമല്ല

ശ്ലോകം 14

സർവ്വതഃപാണിപാദം തത് സർവ്വതോക്ഷിശിരോമുഖം

സർവ്വതഃ ശ്രുതിമല്ലോകേ സർവ്വമാവൃത്യ തിഷ്ഠതി

സർവ്വത്ര പാണിപാദങ്ങളോടുകൂടി സർവ്വത്ര കണ്ണുകളും ശിരസ്സുകളും മുഖങ്ങളുമായി, സർവ്വത്ര കേൾക്കപ്പെടുന്ന അത്, ലോകത്തിൽ സർവ്വത്ര വ്യാപിച്ച് നിൽക്കുന്നു. ബ്രഹ്മമല്ലാത്ത ഒന്നും പ്രപഞ്ചത്തിലില്ല. എവിടെ ത്തിരിഞ്ഞാലും അതിന്റെ കണ്ണും മൂക്കും ചെവിയും അവയവങ്ങളുമുണ്ട്. എവിടെയും വ്യാപിച്ചിരിക്കുന്ന അതിനെ കാണാൻ ആർക്കും സാധിക്കു ന്നില്ല എന്നത് ആശ്ചര്യകരമായിരിക്കുന്നു.

ശ്ലോകം 15

സർവ്വേന്ദ്രിയഗുണാഭാസം സർവ്വേന്ദ്രിയവിവർജ്ജിതം

അസക്തം സർവ്വഭൃച്ചൈവ നിർഗുണം ഗുണഭോക്തൃ ച

അത് സർവ്വ ഇന്ദ്രിയങ്ങളുടേയും ഗുണങ്ങളെ പ്രകാശിപ്പിക്കുന്നു, എന്നാൽ അതിന് ഇന്ദ്രിയങ്ങളൊന്നും തന്നെ ഇല്ല. അത് ഒന്നിനോടും ആസക്തിയില്ലാ ത്തതാണ്. എന്നാൽ സർവ്വത്തിനേയും താങ്ങി നിർത്തുന്നതുമാണ്. നിർഗ്ഗുണ മാണ്,സർവ്വഗുണങ്ങളുടേയും ഭോക്താവുമാണ്.

ശ്ലോകം 16

ബഹിരന്തശ്ച ഭൂതാനാമചരം ചരമേവ ച

സൂക്ഷ്മത്വാത് തദവിജ്ഞേയം ദൂരസ്ഥം ചാന്തികേ ച തത്

ഭൂതങ്ങളുടെ ബഹിർഭാഗത്തും അന്തർഭാഗത്തും അതുണ്ട്. അചരവും ചരവും ബ്രഹ്മമാണ്. സൂക്ഷ്മമാകയാൽ അത് അവിജ്ഞേയമാണ്. അറി യപ്പെടാത്തതാണ്. അത് ദൂരത്തിരിക്കുന്നു. എന്നാൽ അടുത്തും ഇരിക്കുന്നു.

ശ്ലോകം 17

അവിഭക്തം ച ഭൂതേഷു വിഭക്തമിവ ച സ്ഥിതം

ഭൂതഭർതൃ ച തജ്ജ്ഞേയം ഗ്രസിഷ്ണു പ്രഭവിഷ്ണു ച

അത് ജ്ഞേയമാണ്. ഒരേ സമയം അവിഭക്തവും വിഭക്തവുമാണ്. ഭൂത ങ്ങളെ ഭരിക്കുന്നതാണ്. ഗ്രസിഷ്ണുവും പ്രഭവിഷ്ണുവും ആണ്. ആ വിഷ്ണുതത്വത്തെ ഞാൻ നിരന്തരം മനസാ ധ്യാനിക്കുന്നു. അതിന്റെ കാരുണ്യത്താൽ ജ്യോതിസ്സുകൾക്കും ജ്യോതിസ്സായ അതിൽത്തന്നെ എന്റെ ഹൃദയം വിലയിച്ചുപോയിരിക്കുന്നു.

ശ്ലോകം 18

ജ്യോതിഷാമപി തജ്ജ്യോതി സത്മസഃപരമുച്യതേ

ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം ഹൃദി സർവ്വസ്യ വിഷ്ഠിതം

ജ്യോതിസ്സുകൾക്കും ജ്യോതിസ്സായ അത് തമസ്സിനുമപ്പുറത്തുള്ളതാണ്. (ആദിത്യവർണ്ണം)ജ്ഞാനമാണ്. ജ്ഞേയമാണ്, ജ്ഞാനഗമ്യവുമാണ്. സർവ്വ ഹൃദയങ്ങളിലും സ്ഥിതി ചെയ്യുന്നുണ്ട്. ഇത്ര അടുത്തിരുന്നിട്ടും അതിനെ മനുഷ്യർ അറിയുന്നില്ല എന്നത് ആശ്ചര്യമാണ്.

ശ്ലോകം 19

ഇതി ക്ഷേത്രം തഥാജ്ഞാനം ജ്ഞേയം ചോക്തം സമാസതഃ

മദ്ഭക്ത ഏതദ്വിജ്ഞായ മദ്ഭാവായോപപദ്യതേ

ഇപ്രകാരം സംക്ഷേപിച്ച് ക്ഷേത്രം ,ജ്ഞാനം, ജ്ഞേയം, എന്നിവ പറയപ്പെട്ടു. എന്റെ ഭക്തൻ ഇതിനെ അനുഭവിച്ചറിഞ്ഞ് എന്റെ ഭാവം പ്രാപിക്കാൻ അർഹനായിത്തീരുന്നു.

ശ്ലോകം 20

പ്രകൃതിം പുരുഷം ചൈവ വിദ്ധ്യനാദീ ഉഭാവപീ

വികാരംശ്ച ഗുണാംശ്ചൈവ വിദ്ധി പ്രകൃതിസംഭവാൻ

പ്രകൃതിയും പുരുഷനും അനാദിയാണെന്നറിയുക. വികാരങ്ങളും ഗുണങ്ങളും പ്രകൃതിയിൽ നിന്ന് ഉണ്ടായി എന്നും അറിയുക.

ശ്ലോകം 21

കാര്യകാരണകർതൃത്വേ ഹേതുഃ പ്രകൃതിരുച്യതേ

പുരുഷഃ സുഖദുഃഖാനാം ഭോക്തൃത്വേ ഹേതുരുച്യതേ

കാര്യകാരണങ്ങളുടെ കർതൃഭാവത്തിനു ഹേതു പ്രകൃതിയാണെന്ന് പറയപ്പെടുന്നു. സുഖദുഃഖങ്ങളുടെ ഭോക്തൃത്വഹേതു പുരുഷനാണെന്നും പറയപ്പെടുന്നു. ക്ഷേത്രത്തിൽ ക്ഷേത്രജ്ഞനായിരിക്കുന്ന പുരുഷനെ പ്രപഞ്ചക്ഷേത്രത്തിൽ സർവ്വജ്ഞപുരുഷനെന്നും ശരീരക്ഷേത്രത്തിൽ കർമ്മപുരുഷനെന്നും സുശ്രുതസംഹിത വിളിക്കുന്നു. കർതൃത്വഭോക്തൃത്വാഭിമാനങ്ങൾ കർമ്മപുരുഷനുണ്ട്. കർമ്മപുരുഷൻ ശരീരജന്യമായ പരിമിതികൾക്ക് വിധേയനാണ്. അതിനാൽ ചിലപ്പോൾ സംസാരിയായിത്തീരാനിടയുണ്ട്. ഇക്കാരണത്താലാണ് സുഖദുഃഖങ്ങളുടെ ഭോക്തൃത്വഹേതു പുരുഷനാണെന്ന് പറയുന്നത്. ഇവിടെ പുരുഷനെന്നതിന് കർമ്മപുരുഷനെന്ന അർത്ഥമേ എടുക്കാവൂ. സർവ്വജ്ഞപുരുഷന് കർതൃത്വമോ ഭോക്തൃത്വമോ ഇല്ല.

ശ്ലോകം 22

പുരുഷഃ പ്രകൃതിസ്ഥോ ഹി ഭുംക്തേ പ്രകൃതിജാൻ ഗുണാൻ

കാരണം ഗുണസംഗോസ്യ സദസദ്യോനിജന്മസു

പുരുഷൻ പ്രകൃതിയിലിരുന്ന് പ്രകൃതിജഗുണങ്ങളെ ഭുജിക്കുന്നു. (അനുഭവിക്കുന്നു). അവന്റെ ഗുണസംഗമാണ് സദ്യോനികളിലും അസദ്യോനികളിലും ജന്മമെടുക്കാൻ കാരണമായിത്തീരുന്നത്. സത്വഗുണത്തോട് സംഗമുണ്ടായാൽ

സദ്യോനികളിൽ യോഗ്യരായ മാതാപിതാക്കളുടെ കുഞ്ഞായി ജനിക്കുന്നു. തമോഗുണസംഗമുണ്ടായാൽ മറിച്ചും സംഭവിക്കുന്നു.

ശ്ലോകം 23

ഉപദ്രഷ്ടാനുമന്താ ച ഭർത്താ ഭോക്താ മഹേശ്വരഃ

പരമാത്മേതി ചാപ്യുക്തോ ദേഹേസ്മിൻ പുരുഷഃപരഃ

ഈ ദേഹത്തിൽ ഇരിക്കുന്ന പരമപുരുഷനെ സർവ്വത്തിനും ഉപദേഷ്ടാവ് (സാക്ഷി) എന്നും അനുമന്താവ് (അനുമതി തരുന്നവൻ) എന്നും ഭർത്താ വെന്നും ഭോക്താവെന്നും മഹേശ്വരനെന്നും പരമാത്മാവെന്നും പറയുന്നു. നാം ചെയ്യുന്നതിനും പറയുന്നതിനും മനസ്സിൽ വിചാരിക്കുന്നതിനു കൂടി യും അത് സാക്ഷിയാണ്.നമ്മുടെ സർവ്വക്രിയകളും അതിന്റെ അനുമതിയോ ടെ നടക്കുന്നു. നമ്മളെ ഭരിക്കുന്നതും അനുഭവങ്ങളെ ഭുജിക്കുന്നതും അതാ ണ്. ആ സത്തയെ മഹേശ്വരനെന്നോ പരമാത്മാവെന്നോ ഒക്കെവിളിക്കുന്നു.

ശ്ലോകം 24

യ ഏവം വേത്തി പുരുഷം പ്രകൃതിം ച ഗുണൈഃ സഹ

സർവ്വഥാ വർത്തമാനോപി ന സ ഭൂയോപജായതേ

(പാഠഭേദം ന സ ഭൂയോപജായതേ എന്നതിനു പകരം സ യോഗീ മയി വർത്തതേ). ഇപ്രകാരം പുരുഷനേയും പ്രകൃതിയേയും ആരറിയുന്നുവോ അവൻ എപ്രകാരം ജീവിച്ചാലും പിന്നീട് ഈ ഭൂമിയിൽ ജനിക്കുന്നില്ല. (യോഗിയായി എന്നിൽത്തന്നെ വർത്തിക്കുന്നു.)ഈ ജന്മം നമ്മുടെ വർത്ത മാനമാണ്.ഈ ജന്മത്തിൽ,ഇപ്പോൾ, ജ്ഞേയത്തെ അറിഞ്ഞ് ജ്ഞാനിയാവുക. ബാഹ്യസാക്ഷാത്കാരം നേടുക. പിന്നെ ഭൂതമോ ഭാവിയോ നമ്മെ അലട്ടു കയില്ല.

ശ്ലോകം 25

ധ്യാനേനാത്മനി പശ്യന്തി കേ ചിദാത്മനമാത്മനാ

അന്യേ സാംഖ്യേന യോഗേന കർമ്മയോഗേന ചാപരേ

ചിലർ ധ്യാനം കൊണ്ട് ആത്മാവിനെ ആത്മാവിൽത്തന്നെ കാണുന്നു.മറ്റു ചിലർ സാംഖ്യയോഗം കൊണ്ടും കർമ്മയോഗം കൊണ്ടും അറിയുന്നു. മാർഗ്ഗത്തിലേ വ്യത്യാസമുള്ളു ലക്ഷ്യത്തിൽ വ്യത്യാസമില്ല. ഇവരെല്ലാവരും സംസാരസാഗരം തരണം ചെയ്യുന്നു.

ശ്ലോകം 26

അന്യേ ത്വേവമജാനന്തഃ ശ്രുത്വാന്യേഭ്യ ഉപാസതേ

തേപി ചാതിതരന്ത്യേവ മൃത്യും ശ്രുതിപരായണാഃ

മറ്റു ചിലർ നേരിട്ടറിവില്ലെങ്കിലും പറഞ്ഞുകേട്ട് ഉപാസിക്കുന്നു. കേട്ടിട്ടും കേട്ടിട്ടും മതിവരാത്ത ശ്രുതിപരായണരായ അവരും മൃത്യുസാഗരത്തെ തരണം ചെയ്യുന്നു. ഭഗവദ്കഥകൾ കേൾക്കാനും സദ്സംഗം ചെയ്യാനും താൽപ്പര്യമുള്ളവർ പോലും സംസാരസാഗരം തരണം ചെയ്യുന്നതിന് സമ

ർത്ഥരാകുന്നു എന്ന് വരികിൽ ആത്മസാക്ഷാത്കാരം നേടിയവരുടെ കഥ പറയാനുണ്ടോ.

ശ്ലോകം 27

യാവത് സംജായതേ കിഞ്ചിത് സത്വം സ്ഥാവരജംഗമാ

ക്ഷേത്രക്ഷേത്രജ്ഞസംയോഗാത് തദ്വിദ്ധി ഭരതർഷഭ

സ്ഥാവരമോ ജംഗമമോ ആയി ഏതൊരു വസ്തു ഉണ്ടായാലും അതെല്ലാം ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുള്ള സംയോഗം കൊണ്ടാണ് എന്ന് അറിയുക.ജഡവസ്തു ക്ഷേത്രം. ചൈതന്യം ക്ഷേത്രജ്ഞൻ.ജഡവും ചൈതന്യവും ചേർന്നതാണ് ഈ സ്ഥാവരജംഗമജഗത്തു മുഴുവനും. ഈ മേശ ജഡം. അതിനെ അതാക്കി നിർത്തുന്ന അനേകം ആറ്റങ്ങൾ ചൈതന്യം . ജലം ജഡം. അതിലെ ഓക്സിജൻ ഹൈഡ്രജൻ മോളിക്യൂളുകളിൽ ചൈതന്യവത്തായ അനേകം ആറ്റങ്ങൾ സമ്മേളിച്ചിരിക്കുന്നു. ഈ ശരീരം അചേതനം,ജഡം. അതിൽ ചിദ്രൂപമായ ആത്മാവ് സർവ്വത്ര വ്യാപിച്ചിരിക്കുന്നു.

ശ്ലോകം 28

സമം സർവ്വേഷു ഭൂതേഷു തിഷ്ഠന്താ പരമേശ്രം

വിനശ്യത്സ്വവിനശ്യന്തം യഃ പശ്യതി സ പശ്യതി

പരമേശ്വരൻ സർവ്വഭൂതങ്ങളിലും സമമായിട്ട് കുടികൊള്ളുന്നു.
നശിക്കുന്നവയിൽ അവനെ അനശ്വരനായിട്ട് ആരു കാണുന്നുവോ, അവൻ മാത്രമേ കാണുന്നുള്ളു.മറ്റുള്ളവരൊക്കെ കണ്ണുമ്ടായിട്ടും കാണാത്തവരാണ്. സർവ്വഭൂതങ്ങളിലും ചൈതന്യമായി ,അവ്യക്തമായി, വ്യാപിച്ചിരിക്കുന്ന ആ പരമേശ്വരനെ കണ്ടവൻ ഈ നസ്വരമായ ശരീരത്തിലും അനശ്വരമായ അവനെത്തന്നെ ദർശിക്കുന്നു. പിന്നെ അവനെങ്ങനെ ഒരു ശരീരത്തെ ഹിംസിക്കാനാവും. ഇതാണ് അദ്വൈതിയുടെ അവസ്ഥ. ഈ ഗീതയുടെ വ്യാഖ്യാനാരംഭത്തിൽ ശ്രീ സച്ചിദാനന്ദൻ പ്രസ്താവിച്ചതുപോലെയല്ല അദ്വൈതി ചിന്തിക്കുന്നത്. അദ്വൈതിക്ക് ശരീരം ജഡവസ്തുതന്നെ.മൃണ്മയം തന്നെ. എന്നാൽ ആ മൺതരിയിലുംകൂടി പരമേശ്വരചൈതന്യമാണ് ദർശിക്കുന്നത്. അതിനാൽ മൃണ്മയമെങ്കിലും ശരീരത്തെ നശിപ്പിക്കാൻ അയാൾക്ക് സാധിക്കുകയില്ല.

ശ്ലോകം 29

സമം പശ്യൻഹി സർവ്വത്ര സമവസ്ഥിതമീശ്വരം

ന ഹി നസ്ത്യാത്മനാത്മാനം തതോ യാതി പരാം ഗതിം

സർവ്വത്ര സമമായി ഇരിക്കുന്ന ഈശ്വരനെ കാണുന്നവൻ ആത്മാവുകൊണ്ട് ആത്മാവിനെ നശിപ്പിക്കയില്ല. അതിനാൽ അദ്ദേഹം പരമഗതിപ്രാപിക്കുന്നു

ശ്ലോകം 30

പ്രകൃത്യൈവ ച കർമ്മാണി ക്രിയമാണാനി സർവ്വശഃ

യഃ പശ്യതി തഥാത്മാനമകർത്താരം സ പശ്യതി

സർവ്വകർമ്മങ്ങളും പ്രകൃതിതന്നെയാണ് ചെയ്യുന്നതെന്നും ആത്മാവ് ഒന്നും ചെയ്യാത്ത അകർത്താവാണെന്നും ആരു കാണുന്നുവോ അവൻമാത്രം കാണുന്നു. ആത്മാവ് നിഷ്ക്രിയനാണ്. കർത്താവാണ്. കർമ്മബന്ധം ആത്മാവിനില്ല. അതു മനസ്സിലാക്കി കർമ്മബന്ധങ്ങളൊഴിഞ്ഞ് സ്ഥിതി ചെയ്യുന്നവൻ മാത്രമാണ് യഥാർത്ഥദർശകൻ

ശ്ലോകം 31

യദാ ഭൂതപൃഥക്ഭാവമേകസ്ഥമനുപശ്യതി

തത ഏവ ച വിസ്താരം ബ്രഹ്മ സംപദ്യതേ തദാ

ഭൂതങ്ങൾക്ക് വെവ്വേറെ ഭാവമുണ്ട്. എങ്കിലും അവ ഏകസ്ഥമായി ഒന്നിൽത്തന്നെ സ്ഥിതി ചെയ്യുന്നു. അവ ഒന്നിന്റെ തന്നെ വിസ്തരിക്കപ്പെട്ട ഭാവങ്ങൾ മാത്രമാണ്. ഇത് ഒരാൾ എപ്പോൾ ശരിക്ക് ദർശിക്കുന്നുവോ, അപ്പോൾ അയാൾ ബ്രഹ്മം സമ്പാദിച്ചുകഴിഞ്ഞു. ഭൂമിയിൽ കല്ലും മണ്ണും മരവും വൈരക്കല്ലുമുണ്ട്. നക്ഷത്രവും ഗ്രഹവും ഉപഗ്രഹവുമുണ്ട്. പുല്ലും പൂവും പുഴുവും ഉറുമ്പും ഈച്ചയും സിംഹവും പശുവും മനുഷ്യനുമുണ്ട്. ഇവയെല്ലാം ഏകമായ ഒരേ ചൈതന്യത്തിന്റെ വിസ്തരഭാവങ്ങൾ മാത്രമാണ്. ഈ സത്യമാണ് പരമമായ സത്യം.

ശ്ലോകം 32

അനാദിത്വാന്നിർഗുണത്വാത് പരമാത്മായമവ്യയഃ

ശരീരസ്ഥോപി കൌന്തേയ ന കരോതി ന ലിപ്യതേ

അവ്യയമായ പരമാത്മാവ് തന്റെ അനാദിത്വവും നിർഗുണത്വവും കാരണം, ശരീരത്തിൽ ക്ഷേത്രജ്ഞനായിരിക്കുന്നുണ്ടെങ്കിലുംകൂടി, ഒന്നും ചെയ്യുന്നില്ല. മാലിന്യങ്ങൾ ഏൽക്കുന്നതുമില്ല. വാസനകൾ അതിനെ തീണ്ടുന്നില്ല. സൂര്യബിംബം ജലത്തിൽ പ്രതിബിംബിച്ചാലും അതിന് നനവ് തട്ടുകയില്ല. മുഖക്കണ്ണാടിയിൽ പ്രതിബിംബിക്കുന്ന മുഖത്തിന് കണ്ണാടിയിലെ കറ തട്ടുകയില്ല. കാറ്റും പൂഴിയും കൂടിച്ചേരുകയില്ല. അഗ്നിയും പഞ്ഞിയും പിരിച്ച് നൂലാക്കാൻ സാധിക്കില്ല. അതുപോലെയാണ് ആത്മാവും ശരീരവും. ഒരിടത്ത് ഒന്നിച്ചിരിക്കുന്നുവെങ്കിലും അവ തികച്ചും വ്യത്യസ്തഗുണങ്ങളുള്ളവയാണ്. ശരീരം അഗ്നിയിൽ ദഹിക്കുന്നു,ചീഞ്ഞുനാറുന്നു,പുഴു തിന്നുന്നു. അനാദിയായ ആത്മാവിനെ അഗ്നി എരിക്കുന്നില്ല,ആയുധം മുറിക്കുന്നില്ല. ഈ വസ്തുത മനസ്സിലാക്കിയ വ്യക്തി താൻ ശരീരമല്ല, ആത്മാവാണെന്നറിഞ്ഞ് ആത്മസ്വരൂപം പ്രാപിക്കുന്നു.

ശ്ലോകം 33

യഥാ സർവ്വഗതം സൌക്ഷ്മ്യാദാകാശം നോപലിപ്യതേ

സർവ്വത്രാവസ്ഥിതോ ദേഹേ തഥാത്മാ നോപലിപ്യതേ

ആകാശം സർവ്വഗതമാണ്. സർവ്വത്തിലും വ്യാപിച്ചിരിക്കുന്നതാണ്. എങ്കിലും അതിന്റെ സൂക്ഷ്മത്വം കാരണം അതിന് മാലിന്യമേൽക്കുന്നില്ല. അതുപോലെ സർവ്വദേഹങ്ങളിലും വ്യാപിച്ച ആത്മാവും മാലിന്യമേൽക്കുന്നില്ല. ആകാശത്തിൽ സർവ്വഭൂതങ്ങളും ഇരിക്കുന്നു. ആകാശം സർവ്വഭൂതങ്ങ

ളിലും സൂക്ഷ്മാവസ്ഥയിൽ ഉൾച്ചേർന്നുനിൽക്കുന്നു.അതാണ് ആത്മാവിന്റെയും അവസ്ഥ.പരമാത്മാവിൽ സർവ്വഭൂതങ്ങളും ഇരിക്കുന്നു. പരമാത്മാവ് ജീവാത്മരൂപത്തിൽ സർവ്വഭൂതങ്ങളിലും ഇരിക്കുന്നു. എങ്കിലും ഭൂതങ്ങളുടെ വാസനാമാലിന്യം ആത്മാവിനെ ബാധിക്കുന്നില്ല.സർവ്വചേർക്കുണ്ടിലും പ്രകാശിക്കുന്ന സൂര്യന്റെ മേൽ ചേറുപുരളാറില്ലല്ലോ.

ശ്ലോകം 34

യഥാ പ്രകാശയത്യേകഃകൃത്സ്നം ലോകമിമം രവിഃ

ക്ഷേത്രം ക്ഷേത്രീ തഥാ കൃത്സ്നം പ്രകാസയതി ഭാരത

സൂര്യൻ ഒന്നേയുള്ളു. ഏകമായ സൂര്യൻ ഭൂലോകത്തെ മുഴുവനും പ്രകാശിപ്പിക്കുന്നു. അതുപോലെ ഒരൊറ്റ ക്ഷേത്രി(ക്ഷേത്രജ്ഞൻ)സർവ്വ ക്ഷേത്രങ്ങളെയും പ്രകാശിപ്പിക്കുന്നു.വ്യത്യസ്തശരീരങ്ങളിലിരിക്കുന്ന ക്ഷേത്രജ്ഞനായ ജീവാത്മാവ് വാസ്തവത്തിൽ വെവ്വേറെയല്ല. പ്രപഞ്ചക്ഷേത്രജ്ഞനായിരിക്കുന്ന പരമാത്മാവിന്റെ ചൈതന്യം തന്നെയാണ്. ആ ഏകചൈതന്യം കൊണ്ടാണ് പലവിധത്തിലുള്ള അനേകം ഭൂതങ്ങൾ പ്രകാശിപ്പിക്കപ്പെടുന്നത്.

ശ്ലോകം 35

ക്ഷേത്രക്ഷേത്രജ്ഞയോരേവമന്തരം ജ്ഞാനചക്ഷുഷാ

ഭൂതപ്രകൃതിമോക്ഷം ച യേ വിദുർ യാന്തി തേ പരം

ഇപ്രകാരം ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുല്ള വ്യത്യാസം ഭൂതങ്ങൾക്ക് പ്രകൃതിയിൽനിന്നുള്ള മോക്ഷം എന്നിവയെ ജ്ഞാനചക്ഷുസ്സു കൊണ്ട് അറിയുന്നവർ പരമപദം പൂകുന്നു. സമാധിയിലോ സുഷുപ്തിയിലോ ലഭിക്കുന്ന പ്രജ്ഞയുടെ അപൂർവ്വവിഷയഗ്രഹണശക്തിയാണ് ജ്ഞാനചക്ഷുസ്സ്. ഏകാഗ്രധ്യാനം കൊണ്ട് ജ്ഞാനചക്ഷുസ്സ് നേടിയവർ നിത്യമായ ക്ഷേത്രജ്ഞനും അനിത്യമായ ക്ഷേത്രവും തമ്മിലുള്ള അന്തരം (നിത്യാനിത്യവസ്തുവിവേകം) ഘ്രഹിക്കുന്നു. ആ അന്തരം ഗ്രഹിക്കൽ മാത്രമാണ് ഭൂതങ്ങൾക്ക് സഗുണവും അനിത്യവുമായ പ്രകൃതിയുടെ പിടിയില്നിന്ന് മോചനം നേടാനുള്ള വഴി. അപൂർവ്വവിഷയഗ്രഹണമാകുന്ന സ്വാനുഭൂതിയിൽ ഈച്ചയുടെ ചിറകുവീശുന്ന സമയം കൊണ്ട് മനുഷ്യൻ പ്രകൃതിബന്ധം വിഛേദിച്ച് ജീവന്മുക്തനായി പരമപദം പൂകുന്നു. ഇത് പൂർവ്വജന്മസുകൃതമെന്നല്ലാതെ മര്റൊന്നും പറയാനില്ല.

അദ്ധ്യായം 14 ഗുണത്രയവിഭാഗയോഗം

നിത്യമുക്തനും സച്ചിദാനന്ദരൂപനും ക്ഷേത്രജ്ഞനുമായ ആത്മാവ് സത്തും അസത്തുമായ യോനികളിൽ ഗുണസംഗം മൂലം വന്നു ജനിക്കുന്നതായി ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗത്തിൽ പറഞ്ഞു. ഗുണങ്ങളുടെ സ്വഭാവമെന്ത്. അവ എങ്ങനെ പുരുഷനെ തങ്ങളുടെ ബന്ധനത്തിൽ കൊണ്ടുവരുന്നു. ഗുണബന്ധമോചനം എങ്ങനെ സാധിക്കുന്നു. ഈ വക കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യപ്പെടുന്നു.

വേദാന്തം മായ എന്നും സാംഖ്യം പ്രകൃതി എന്നും തന്ത്രങ്ങൾ മഹത്തെന്നും വിളിക്കുന്ന ഗുണാത്മികയായ ശക്തിയേയും അതിന്റെ ബന്ധനത്തേയും ബന്ധനമുക്തിയേയും നമുക്ക് ഭഗവദ്വചനങ്ങളിലൂടെ ദർശിക്കാം.

ശ്ലോകം 1 ശ്രീഭഗവാനുവാചഃ

പരം ഭൂയഃപ്രവക്ഷ്യാമി ജ്ഞാനാനാം ജ്ഞാനമുത്തമം

യജ്ഞാത്വാ മുനയഃസർവ്വേ പരാം സിദ്ധിമിതോ ഗതഃ

ഏതൊന്നിനെ അറിഞ്ഞിട്ടാണോ സർവ്വമുനിമാരും പരമമായ സിദ്ധി പ്രാപിക്കുന്നത് ,ജ്ഞാനങ്ങലിൽവെച്ച് ഉത്തമമായ ആ പരമജ്ഞാനത്തെ ഞാൻ പറഞ്ഞുതരാം. മുനി ഏകാകിയായിരുന്ന് ആനന്ദലഹരിയിൽമുഴുകുന്ന ധ്യാനിയാണ്. ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ ഈശ്വരനും ഏകമാണെന്ന് പറയുന്നുണ്ട്. ഏകാന്തത ഈശ്വരത്വത്തിന്റെ ലക്ഷണമാണ്. മുനി മൌനിയുമാണ്. സർവ്വവാക്കുകളും തന്നിൽ വിലയിപ്പിക്കുന്ന മഹാമൌനമായ മഹത്തിനെക്കുറിച്ചാണ് പറയുന്നതെന്നതിനാൽ അതിനെ അറിഞ്ഞ മുനി എന്ന പദം ഉപയോഗിക്കുന്നു.

ശ്ലോകം 2

ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്മയമാഗതഃ

സർഗ്ഗേപി നോപജായന്തേ പ്രളയേ ന വ്യഥന്തി ച

ഈ ജ്ഞാനത്തെ ആശ്രയിച്ചിട്ട് എന്റെ സാധർമ്മ്യത്തിൽ വന്നവർ പിന്നെ സർഗ്ഗാരംഭത്തിലും കൂടി വീണ്ടും ജനിക്കുകയില്ല. പ്രലയത്തിൽ ദു)ഖിക്കുന്നുമില്ല. ഒരു വസ്തുവിന്റെ ധർമ്മം മറ്റൊന്നിലുണ്ടാവുമ്പോൾ അവതമ്മിൽ സാധർമ്മ്യം ഉണ്ടാവുന്നു.ജ്ഞാനോദയത്തിനുശേഷം ജ്ഞാനി ഭഗവദ്ധർമ്മം പ്രാപിക്കുകയാൽ ഭഗവാനുമായി സാധർമ്മ്യം വന്നുകഴിഞ്ഞു. അതിനാൽ പ്രഭവകാലത്ത് പുനർജ്ജനിയോ പ്രലയകാലത്ത് മൃത്യുവോ അയാൾക്കില്ല. ജനനമരണങ്ങലിൽനിന്ന് സ്വതന്ത്രനായിക്കഴിഞ്ഞു. അമൃതത്വം പ്രാപിച്ച് അനാദിയായ പരമേശ്വരനിൽ വിലയം പ്രാപിച്ചുകഴിഞ്ഞു.

ശ്ലോകം 3

മമ യോനിർമഹദ്ബ്രഹ്മ തസ്മിൻ ഗർഭം ദധാമ്യഹം

സംഭവഃസർവ്വഭൂതാനാം തതോ ഭവതി ഭാരത

മഹത്ബ്രഹ്മം എന്റെ യോനിയാണ്. അതിൽ ഞാൻതന്നെ ഗർഭദാനം ചെയ്യുന്നു . സർവ്വഭൂതങ്ങളും അതിൽനിന്ന് സംഭവിക്കുന്നു. സ്ത്രീപുരുഷഭേദമില്ലാത്ത നപുംസകലിംഗമാണ് മഹഃശബ്ദം. ശാരദാതിലകത്തിലെ പ്രഥമശ്ലോകം ഈ മഹത്തിനെ പ്രതിപാദിക്കുന്നു.

നിത്യാനന്ദവപുർന്നിരന്ത്രഗലത് പഞ്ചാശദർണ്ണൈഃക്രമാദ്

വ്യാപ്തം യേന ചരാചരാത്മകമിദം ശബ്ദാർത്ഥരൂപം ജഗത്

ശബ്ദബ്രഹ്മ യദൂചിരേ സുകൃതിനശ്ചൈതന്യമന്തർഗ്ഗതം

തദ്വോവ്യാദനിശം ശശാങ്കസദനം വാചാമധീശം മഹഃ

മഹത്തിൽനിന്ന് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്ന അമ്പത്തൊന്ന് അക്ഷരാളികളാൽ ചരാചരാത്മകവും ശബ്ദാർത്ഥരൂപവുമായ ജഗത്ത് വ്യാപിച്ചിരിക്കുന്നു. യോഗികൾ സമാധികൊണ്ട് പ്രാപിക്കുന്നതും, ബിംബപ്രതിബിംബാത്മകവുമായ ജഗത്ത് ഏതൊരു പ്രണവസ്വരൂപത്തിൽനിന്ന് ഉണ്ടായോ ആ പരമപദവുമാണ് മഹത്ത് എന്ന് രാഘവഭട്ടൻ തുടർന്ന് പറയുന്നു. സുകൃതികളായ മനുഷ്യരുടെ പ്രതിഭയിലാണ് സൃഷ്ടി നടക്കുന്നത് എന്ന് ആർക്കാണറിയാത്തത്. നിത്യാനന്ദരൂപമായ മഹത്ത് ശിവശക്തിയാണ്, അവിനാഭാവമാണ്(ഒന്നില്ലാതെ മറ്റൊന്ന് ഇല്ലാത്ത അവസ്ഥ) ശിവശക്തിമാർക്ക്. ശബ്ദം ദേവിയെങ്കിൽ അർഥം ശിവനാണ്. അവ തമ്മിൽ പിരിഞ്ഞിരിക്കുന്നില്ല.

വാഗർത്ഥാവിവ സംപൃക്തൌ വാഗർത്ഥപ്രതിപത്തയേ

ജഗദപിതരൌ വന്ദേ പാർവ്വതീപരമേശ്വരൌ(കാളിദാസൻ)

നിത്യശുദ്ധബുദ്ധസ്വഭാവവും പരമാനന്ദസ്വരൂപവുമുള്ള ബ്രഹ്മത്തിന്റെ സ്വാത്മവിവർത്തനരൂപമായ ജഗത്തിന്റെ ഉൽപ്പത്തിസ്ഥാനമാകയാൽ മഹത്ത് മഹായോനിയാണ്. അർത്ഥശാസ്ത്രത്തിൽ ശബ്ദസൃഷ്ടി,അർത്ഥസൃഷ്ടി ഇത്യാദി കുണ്ഡലിനികളിൽനിന്ന് ഉത്ഭവിക്കുന്ന കുണ്ഡലീപരദേവതയെ മഹഃശബ്ദേന തേജോരൂപാ കുണ്ഡലിനീ എന്ന് വിളിക്കുന്നു. ഈ ശക്തി ജ്യോതിശ്ശാസ്ത്രജ്ഞന് ആദിത്യേന്ദുതേജോമദ്ധ്യസ്തയായി ഗായത്രീരൂപത്തിലാണ് ദർശനമരുളുന്നത്. അവൾ അദ്വൈതിയുടെ നിത്യാനന്ദമയിയാണ്. സുധാവർഷിണിയാണ്. സരസ്വതീരൂപത്തിൽ സാധകന്മാർക്ക് സുധാരസസഹോദരസരസസൂക്തിസംസ്ഫൂർണ്ണാഹ്ലാദജനകയാണ്. വേദവും വേദാർത്ഥവുമെല്ലാം മഹസ്സാണ്. മഹത്തിന്റെ സ്വാത്മവിവർത്തരൂപമാണ് ജഗത്ത്. വർണ്ണരൂപത്തിൽ പശ്യന്തിയും ശബ്ദാർത്ഥരൂപാത്മകമായ പദത്തിൽ മദ്ധ്യമയും വാക്യരൂപത്തിൽ വൈഖരിയുമായ ഈ ത്രിബീജാത്മിക ഭൈരവിയാണ്. ഈ തിരുവലയാധീശ്വരിയെ മഴമംഗലം നൈഷധം ചമ്പുവിൽ വേദമാകുന്ന ശാഖിക്കൊമ്പത്ത് അൻപോടു പൂക്കുന്ന കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പെന്ന് വിളിക്കുന്നു. പഞ്ചാശദ്വർണ്ണങ്ങളെ നിരന്തരം പ്രവഹിപ്പിക്കുന്ന ഈ അക്ഷരബ്രഹ്മത്തിന്റെ സ്ഫോടം സുകൃതികളുടെ അന്തരാത്മാവിൽ നടക്കുന്നു. സംഗീതവും സാഹിത്യവും പ്രപഞ്ചവും സൃഷ്ടിക്കുന്ന വാചാമധീശ്വരിയായ യോനി- അതിൽ ഗർഭാധാനം നടത്തുന്നതും ബ്രഹ്മം തന്നെ. ബ്രഹ്മയോനിയിൽ ബ്രഹ്മം തന്നെ ഗർഭാധാനം നട

ത്തുന്നതിനാൽ ദേവി ദേവനും ദേവിയുമാണ്. ഒരേ സമയം ശിവനുമാണ്, ശക്തിയുമാണ്.

ശ്ലോകം 4

സർവ്വയോനിഷു കൌന്തേയ മൂർത്തയഃ സംഭവന്തി യാഃ

താസാം ബ്രഹ്മ മഹദ് യോനിരഹം ബീജപ്രദഃപിതാ

സർവ്വയോനികളിലും മൂർത്തികൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അവയുടെയെല്ലാം ഉത്ഭവസ്ഥാനം മഹത്തായ ബ്രഹ്മയോനിയാണ്. ഞാനാണ് ബീജദാതാവായ പിതാവ്. മനുഷ്യയോനിയിലും തിര്യഗ്യോനിയിലും നിരന്തരം പുതിയ മൂർത്തികൾ അവതരിക്കുന്നത് നാം കാണുന്നു. മൂർത്തി എന്നാൽ മൂർത്തിമത്തായത്, വ്യക്തമായത്. വിഗ്രഹം,ശരീരം ,ഈ യോനികൾക്കും മൂർത്തികൾക്കുമെല്ലാം പ്രഭവസ്ഥാനം മഹത്തെന്ന ബ്രഹ്മയോനി തന്നെ. ഇവയ്ക്കുവേണ്ട ചൈതന്യമായ ബീജം നൽകുന്ന പിതാവും ബ്രഹ്മം തന്നെ. ജഡമായ ദൃശ്യമൂർത്തികൾക്ക് അദൃശ്യമായ ചൈതന്യം നൽകുന്നത് ബ്രഹ്മമാണ്.

ശ്ലോകം 5

സത്വം രജസ്തമ ഇതി ഗുണാഃപ്രകൃതിസംഭവാഃ

നിബധ്നന്തി മഹാബാഹോ ദേഹേ ദേഹിനമവ്യയം

സത്വം,രജസ്സ്,തമസ്സ് എന്നീ ഗുണങ്ങൾ പ്രകൃതിയിൽ നിന്നുണ്ടായി.അവ അവ്യയനായിരിക്കുന്ന ദേഹിയെ ദേഹത്തില് ബന്ധിക്കുന്നു. ഗുണം എന്ന പദത്തിന് കയറെന്നും അർത്ഥമുണ്ട്. ദേഹിയെ ദേഹത്തോടു ബന്ധിക്കുന്ന മൂന്നു കയറുകളാണ് ത്രിഗുണങ്ങൾ. ഗുണിക്കുട എന്നാൽ വർദ്ധിപ്പിക്കുക. ഗുണങ്ങൽ പ്രകൃതിയെ വർദ്ധിപ്പിക്കുന്നു,പോഷിപ്പിക്കുന്നു.പ്രകാശമാണ് സത്വം.ചുവപ്പാണ് രജസ്സ്. ഇരുട്ടാണ് തമസ്സ്. സൂര്യപ്രകാശത്തിൽ നാം ഏഴുവർണ്ണം കാണുന്നു. അവസാനത്തെ ചുവപ്പുനിറം നേത്രങ്ങൽക്ക് കാണാവുന്ന ഏറ്റവും അടുത്ത പ്രകാശരശ്മിയുടെ നിറമാണ്. അത് രജസ്സാണ്. അതുകഴിഞ്ഞാൽ ഒന്നുകിൽ ഇരുട്ടുപരക്കും (സായംസന്ധ്യ) അല്ലെങ്കിൽ പ്രകാശം വരും (ഉഷസ്സന്ധ്യ) ഏറ്റവും അകലെയുള്ള പ്രകാശരശ്മിതരംഗം വയലറ്റ്നിറത്തിലോ ഇൻഡിഗോ നിറത്തിലോ കാണും. സ്ഥൂലനേത്രങ്ങൾക്ക് കാണാനാവാത്ത സാത്വികമയമായ പ്രകാശലോകം അതിനപ്പുറമാണ്. സുഷുപ്തിയിൽ വ്യക്തിയുടെ സാത്വികരാജസികതാമസികഗുണാധിക്യമനുസരിച്ച് ഈ നിറങ്ങൾ ദർശിക്കുന്നു.

ശ്ലോകം 6

തത്ര സത്വം നിർമ്മലത്വാത് പ്രകാശകമനാമയം

സുഖസംഗേന ബധ്നാതി ജ്ഞാനസംഗേന ചാനഘ

ഹേ,പാപരഹിതാ, സത്വഗുണം അതിന്റെ നിർമ്മലത്വം ഹേതുവായി പ്രകാശമയമാണ്. കളങ്കമില്ലാത്തതാണ്. സത്വഗുണം ദേഹിയെ ബന്ധിക്കുന്നത് സുഖസംഗം കൊണ്ടും ജ്ഞാനസംഗം കൊണ്ടുമാണ്. ദേഹിയുടെ ബന്ധനങ്ങളിൽവെച്ച് ഏറ്റവും സുഖകരവും അഭികാമ്യവുമാണ് സത്വഗുണത്തിന്റെ

ബന്ധനം. ബ്രഹ്മാനന്ദസുഖത്തോടും ജ്ഞാനത്തോടുമുള്ള സംഗം കൊണ്ടാണ് സത്വം ദേഹിയെ ബന്ധിക്കുന്നത്. പരിശുദ്ധവും പ്രകാശപൂർണ്ണവുമാണ് സത്വം. ബന്ധനങ്ങലിൽവെച്ച് ഉത്തമമായ അതിന്റെ ബന്ധനത്തെ ആരുരുക്ഷുക്കൾ കാംക്ഷിക്കുന്നു. ജ്ഞാനയജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന കവികളും ശാസ്ത്രജ്ഞർന്മാരും യോഗികളും സത്വഗുണത്താൽ ദേഹത്തോടു ബന്ധിക്കപ്പെട്ട ദേഹികളാണ്.

ശ്ലോകം 7

രജോ രാഗാത്മകം വിദ്ധി തൃഷ്ണാ സംഗസമുത്ഭവം

തന്നിബധ്നാതി കൌന്തേയ കർമ്മസംഗേന ദേഹിനം

രജോഗുണം രാഗാത്മകമാണ്. തൃഷ്ണാസംഗത്തിൽനിന്നുണ്ടായതാണ്. കർമ്മസംഗത്താൽ അത് ദേഹിയെ ബന്ധിക്കുന്നു. എനിക്ക് അതുവേണം ഇതുവേണം എന്ന ആഗ്രഹമാണ് തൃഷ്ണ. ഒരു വസ്തുവിനോടുള്ള തൃഷ്ണ അതിൽ രാഗം ജനിപ്പിക്കുന്നു. രാഗമെന്നാൽ അനുരാഗം. ചുവപ്പ് എന്നുംഅർത്ഥമുണ്ട്. അനുരാഗചിഹ്നമാണ് ചുവന്ന പുഷ്പം. ചുവപ്പ് ക്രോധലക്ഷണവുമാണ്. രാഗദ്വേഷങ്ങളും ക്രോധവും ചുവപ്പാണ്. രാഗാത്മകമായരജസ്സ് ഇഷ്ടപ്പെട്ട വസ്തുവിനെ ലഭിക്കാനായി ചെയ്യുന്ന കർമ്മത്താൽ ദേഹിയെ ബന്ധിക്കുന്നു. ലോകത്തിൽ അധികം ആളുകളും രജസ്സിനാൽ ബന്ധിക്കപ്പെട്ടവരാണ്. വീടും സുഖഭോഗവസ്തുക്കളും കുടുംബവുംമറ്റുമായി ഇഷ്ടവസ്തുക്കളും അവ ലഭിക്കാനുള്ള കർമ്മവും ഏറിയേറിവരുന്നു. ഈ കുരുക്കിൽനിന്ന് മനുഷ്യൻ രക്ഷപ്പെടുന്നില്ല. പൂന്താനം പാടിയതുപോലെ,

മണ്ടിമണ്ടിക്കരേറുന്നു മോഹവും എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും.

ശ്ലോകം 8

തമസ്ത്വജ്ഞാനജം വിദ്ധി മോഹനം സർവ്വദേഹിനാം

പ്രമാദാലസ്യനിദ്രാഭിസ്തന്നിബധ്നാതി ഭാരത

തമസ്സ് അജ്ഞാനത്തിൽ നിന്നുണ്ടാവുന്നു. അത് സർവ്വ ദേഹികളേയും മോഹിപ്പിക്കുന്നു. പ്രമാദം, ആലസ്യം,നിദ്ര എന്നിവകളാൽ ബന്ധിക്കുന്നു. സത്വഗുണത്തിന്റെ നേരെ വിപരീതമാണ് തമസ്സ്. സത്വം ജ്ഞാനമാണെങ്കിൽ തമസ്സ് അജ്ഞാനമാണ്. സത്വം പ്രകാസമാണെങ്കിൽ തമസ്സ് ഇരുട്ടാണ്. തമസ്സ് അതികഠിനമായ മടിയാണ്. തമസ്സിനടിമപ്പെട്ടാൽ എപ്പോഴും അലസന്മാരായി കിടന്നുറങ്ങും. അജ്ഞാനം മൂലം പ്രമാദം സംഭവിക്കും. ലക്ഷ്യബോധമോ ഉദ്ദേശസ്ഥിരതയോ വികാരമൃദുലതയോ കർമ്മകൌശലതയോ ഇല്ലാത്തവരായിരിക്കും തമസ്സിന് അടിമപ്പെട്ടവർ.

ശ്ലോകം 9

സത്വം സുഖേ സഞ്ജയതി രജഃകർമ്മണി ഭാരത

ജ്ഞാനമാവൃത്യ തു തമഃപ്രമാദേ സഞ്ജയത്യുത

സത്വം സുഖത്തിൽ (ബ്രഹ്മാനന്ദം) എത്തിക്കുന്നു. രജസ്സ് കർമ്മത്തിലെത്തിക്കുന്നു. തമസ്സ് ജ്ഞാനത്തെ ആവരണം ചെയ്ത് പ്രമാദത്തിൽ എത്തിക്കു

ന്നു. ജ്ഞാനത്തെ ആവരണം ചെയ്തിരിക്കുന്ന തമസ്സിനെ നീക്കി, രജോരാശിയെ അടക്കി, ആദിത്യവർണ്ണമായ ബ്രഹ്മാനന്ദപദത്തിലേക്ക് സത്വം മനുഷ്യനെ നയിക്കുന്നു. കവി കാവ്യം രചിക്കുമ്പോൾ,ശാസ്ത്രജ്ഞൻ ശാസ്ത്രസത്യം കണ്ടെത്തുമ്പോൾ,ദർശകൻ ശബ്ദബ്രഹ്മരസം നുകരുമ്പോൾ,ആ അപൂർവ്വവിഷയഗ്രഹണത്തിലുള്ള ശാന്തിയും ആനന്ദവും അനുഭവിക്കാനിടയാക്കുന്നത് അയാളിലുള്ള സത്വഗുണമാണ്.

ഒരു ഭരണാധികാരിയോ ഉദ്യോഗസ്ഥയോ വീട്ടമ്മയോ തന്റെ കർത്തവ്യകർമ്മങ്ങൾ സമർത്ഥമായി നിർവ്വഹിക്കുമ്പോൾ രജോഗുണമാണ് പ്രവർത്തിക്കുന്നത്. ഉറങ്ങുമ്പോഴും മടി പിടിച്ചിരിക്കുമ്പോളും തമോഗുണം മറ്റു ഗുണങ്ങളെ കീഴ്പ്പെടുത്തിയിരിക്കുന്നു.

ശ്ലോകം 10

രജസ്തമശ്ചാഭിഭൂയ സത്വം ഭവതി ഭാരത

രജഃസത്വം തമശ്ചൈവ തമഃസത്വം രജസ്തഥാ

ചിലപ്പോൾ രജസ്സിനേയും തമസ്സിനേയും അതിക്രമിച്ച് സത്വം തല പൊക്കുന്നു. ചിലപ്പോൾ സത്വത്തേയും തമസ്സിനേയും കീഴടക്കി രജോഗുണം വികസിക്കുന്നു. ചിലപ്പോൾ സത്വരജസ്സുകളെ തമോഗുണം കീഴടക്കുന്നു. ഒരു വ്യക്തിയിൽത്തന്നെ ഈ മൂന്നു ഗുണങ്ങളുമുണ്ട്.

ഞാൻ ഗീതക്ക് വ്യാഖ്യാനമെഴുതുമ്പോൾ എന്നിൽ മുന്നിട്ടുനിൽക്കുന്നത് സത്വഗുണപ്രകാശമാണ്. എഴുതുക എന്ന കർമ്മം രജസ്സാണെങ്കിലും കർമ്മത്തേക്കാൾ മുൻതൂക്കം സാത്വികമായ വിചാരധാരക്കാണ്. തത്വപ്രകാശം ലഭിക്കുന്ന ബുദ്ധിക്കാണ്. ജ്ഞാനജന്യമായ സത്വഗുണത്തിനാണ്. ഞാൻ അടുക്കളപ്പണി ചെയ്യുകയോ, വസ്ത്രം അലക്കുകയോ, പതോളജി ഡിപ്പാർട്ടുമെന്റിലെ ഔദ്യോഗികകർമ്മങ്ങൾ നിർവ്വഹിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ രജോഗുണമാണ് പ്രകടമാവുന്നത്. രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ സത്വരജോഗുണങ്ങൾ ഉറങ്ങുമ്പോൾ തമോഗുണം എന്നെ കീഴടക്കുന്നു. വിഭ്രാമകങ്ങളും മോഹനങ്ങളുമായ സ്വപ്നങ്ങൾ എന്നെ ചുഴലുന്നു. ആ അജ്ഞാനതമസ്സിനപ്പുറം സുഷുപ്തിയിൽ ആദിത്യവർണ്ണമായ പരമപദത്തെത്തന്നെ പ്രബലമായ എന്റെ സത്വഗുണപ്രവാഹം എനിക്ക് കാട്ടിത്തരുന്നു.

ശ്ലോകം 11

സർവ്വദ്വാരേഷു ദേഹേസ്മിൻ പ്രകാശ ഉപജായതേ

ജ്ഞാനം യദാ തദാ വിദ്യാത് വിവൃദ്ധം സത്വമിത്യുത

എപ്പോൾ ഈ ദേഹത്തിൽ സർവ്വ ഇന്ദ്രിയദ്വാരങ്ങളിലും ജ്ഞാനപ്രകാശം പ്രകടമാകുന്നുവോ അപ്പോൾ സത്വം വികസ്വരമായിരിക്കുന്നു എന്ന് അറിയുക.ജ്ഞാനദ്വാരങ്ങളിലൂടെ ഇന്ദ്രിയപ്രത്യക്ഷമായി പ്രാപഞ്ചികജ്ഞാനം നമുക്ക് ലഭിക്കുന്നുണ്ട്.ഞാൻ കണ്ണിലൂടെ കാണുന്നു,ചെവിയിലൂടെ കേൾക്കുന്നു,ത്വക്കിലൂടെ സ്പർശിക്കുന്നു.മൂക്കിലൂടെ ഘ്രാണിക്കുന്നു. നാവിലൂടെ രുചിക്കുന്നു. ബാഹ്യമായ വിഷയങ്ങളിൽനിന്ന് ഇവയെ ഞാൻ നിവർത്തിക്കുമ്പോളും എന്റെ ജ്ഞാനപ്രകാശം ഈ ഇന്ദ്രിയദ്വാരം വഴി പുറത്തേക്ക്

പ്രകാശിക്കുന്നു. ബാഹ്യേന്ദ്രിയവും ബാഹ്യവിഷയവും തമ്മിലുള്ള സ്പർശത്തിൽനിന്നുണ്ടായ ജ്ഞാനമല്ല,ആന്തരമായ ആത്മസ്പർശം കൊണ്ടുണ്ടായ ജ്ഞാനം. അതുവരെ കണ്ട വസ്തുക്കൾക്ക് എന്റെ ആത്മസ്പർശം പുതിയൊരു മാനവും ഭാവവും നൽകുന്നു. അത്തരം ആത്മപ്രകാശം എന്നിൽ സ്ഫുരിക്കാൻ തുടങ്ങുമ്പോഴാണ് എന്നിൽ സാത്വികഗുണം വർദ്ധിച്ചുകൊണ്ടിരിക്കയാണെന്ന് മറ്റുള്ളവർ തിരിച്ചറിയുന്നത്. ഞാൻ കവിത എഴുതുന്നു, തത്വചിന്തനം ചെയ്യുന്നു, അതെല്ലാം എന്റെ ആത്മപ്രകാശമാണ്. അതോടെ ഓരോ കർമ്മവും വെറും കർമ്മമല്ലാതായിത്തീരുന്നു.ഓരോന്നും ഉദാത്തമായ ഒരു ആശയസ്ഫുരണമായി മാറുന്നു. ആ അവസ്ഥയും എന്റെ ആത്മപ്രകാശനമാണ്. ഈ ലക്ഷണങ്ങളിൽനിന്ന് എന്നെ സത്വഗുണപ്രധാനിയെന്ന് ചുറ്റുമുള്ളവർ മനസ്സിലാക്കുന്നു.

ശ്ലോകം 12

ലോഭഃപ്രവൃത്തിരാരംഭഃ കർമ്മണാമശമഃ സ്പൃഹാ

രജസ്യേതാനി ജായന്തേ വിവൃദ്ധേ ഭരതർഷഭ

ലോഭം,പ്രവൃത്തി,പുതിയ കർമ്മങ്ങൾ തുടങ്ങൽ അശാന്തി ആഗ്രഹം എന്നിവ രജോഗുണം സമൃദ്ധമാവുമ്പോൾ ഉണ്ടാവുന്നവയാണ്.മറ്റുള്ളവരുടെ കയ്യിലിരിക്കുന്ന ധനം കൈക്കലാക്കണമെന്ന ആശയാണ് ലോഭം. രാഷ്ട്രത്തലവന്മാർ ഈ ലോഭം ഹേതുവായി എത്രയോ യുദ്ധങ്ങൾ നയിച്ചിട്ടുണ്ട്. ബിസിനസ്സുകാർ ഇതിനായി കരിഞ്ചന്തയും പൂഴ്ത്തിവെപ്പും കള്ളക്കടത്തും നടത്താറുണ്ട്. ലോഭം കൊണ്ട് ആർത്തി തീരാത്തവർ പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ടേ ഇരിക്കും. പണം മതിയായി എന്ന് തോന്നിയിട്ടുള്ള രാജസികവ്യക്തിത്വങ്ങൾ വളരെ ചുരുക്കമാണ്. പത്തുകിട്ടുകിൽ നൂറുമതിയെന്നും, ശതമാകിൽ സഹസ്രം മതിയെന്നും ആശ വർദ്ധിച്ചുകൊണ്ടേ പോകുന്നു. കർമ്മവും തഥൈവ. ആശ വർദ്ധിക്കുന്നവന് ശമമില്ല,ശാന്തിയില്ല. ഇത്തരക്കാരെ കണ്ടാൽ അവർ രജോഗുണപ്രധാനികളാണെന്ന് മനസ്സിലാക്കണം.

ശ്ലോകം 13

അപ്രകാശോപ്രവൃത്തിശ്ച പ്രമാദോ മോഹ ഏവ ച

തമസ്യേതാനി ജായന്തേ വിവൃദ്ധേ കുരുനന്ദന

പ്രകാശരാഹിത്യം (ഇരുട്ട്) ഒരു പ്രവൃത്തിയും ചെയ്യാതിരിക്കൽ, പ്രമാദം, മോഹം (തെറ്റിദ്ധാരണ) എന്നിവ തമോഗുണവർദ്ധനവിലാണ് കാണുന്നത്. അജ്ഞാനം ഇരുട്ടാണ്. തമോഗുണപ്രധാനികൾ അതിന്റെ പടുകുഴിയിലാണ്. അവർ ഒരു കർമ്മവും ആരംഭിക്കുന്നില്ല. അവർക്ക് ബുദ്ധിയുടെ തെളിവ് നഷ്ടപ്പെട്ടിരിക്കുന്നു. അതികഠിനമായ തെറ്റിദ്ധാരണകൾക്ക് വശംവദരായിരിക്കുന്നു. അലസരും പ്രമാദികളും അജ്ഞാനികളുമായിരിക്കുന്നവരിൽ താമസഗുണമാണ് അധികം. ഉണ്ണലും ഉറങ്ങലുമല്ലാതെ വേറെ പണിയൊന്നും അവർക്കില്ല. സമയം പോക്കാൻ പരദൂഷണം ചെയ്യുന്നതാണ് ഇവർ ആകെ ചെയ്യുന്ന കർമ്മം. ഉണർന്നിരിക്കുന്നു എന്നതുമാത്രമാണ് ഇവരുടെ നിഘണ്ടുവിൽ പ്രജ്ഞ എന്ന പദത്തിന് അർത്ഥം. ഇവർ നല്ലതൊന്നും

വിചാരിക്കുന്നില്ല,പ്രവർത്തിക്കുന്നുമില്ല. എത്ര കഠിനമായ ബന്ധനത്തിലേ ക്കാണ് തമോഗുണം ദേഹിയെ വലിച്ചിഴക്കുന്നതെന്ന് നോക്കുക.

ശ്ലോകം 14

യദാ സത്വേ പ്രവൃദ്ധേ തു പ്രളയം യാതി ദേഹഭൃത്

തദോത്തമവിദാം ലോകാനമലാൻ പ്രതിപദ്യതേ

സത്വഗുണം പ്രവൃദ്ധമായിരിക്കുമ്പോൾ ദേഹത്തിന് പ്രലയം(മരണം) സംഭ വിച്ചാൽ ആ ദേഹത്തിന്റെ കർമ്മപുരുഷൻ ഉത്തമന്മാരായ ജ്ഞാനികളുടെ അമലമായ പുണ്യലോകങ്ങളെ പ്രാപിക്കും.

ശ്ലോകം 15

രജസി പ്രലയം ഗത്വാകർമ്മസംഗിഷു ജായതേ

തഥാ പ്രലീനസ്തമസി മൂഢയോനിഷു ജായതേ

രജസ്സ് പ്രവൃദ്ധമായിരിക്കുമ്പോളാണ് പ്രലയം സംഭവിച്ചതെങ്കിൽ കർമ്മ ത്തിൽ സംഗമുള്ള മനുഷ്യർക്കിടയിൽത്തന്നെ വീണ്ടും വന്നുജനിക്കുന്നു. തമോഗുണം പ്രവൃദ്ധമായിരിക്കെ മരണം പ്രാപിച്ചവൻ മൂഢയോനികളി ലാണ് ചെന്നു പിറക്കുക. മൃഗം,മരം,ചെടി ഇവയാണ് മൂഢയോനികൾ.

ശ്ലോകം 16

കർമ്മണഃസുകൃതസ്യാഹുഃ സാത്വികം നിർമ്മലം ഫലം

രജസസ്്തു ഫലം ദുഃഖമജ്ഞാനം തമസഃഫലം

സുകൃതകർമ്മങ്ങളുടെ ഫലമായിട്ടാണ് നിർമ്മലമായ സാത്വികഗുണം ഒരാ ൾക്ക് ലഭിക്കുന്നത്.രജോഗുണത്തിന്റെ ഫലം ദുഃഖവും താമസഗുണത്തിന്റെ ഫലം അജ്ഞാനവുമാണ്.

ശ്ലോകം 17

സത്വാത് സഞ്ജായതേ ജ്ഞാനം രജസോ ലോഭ ഏവ ച

പ്രമാദമോഹൌ തമസോ ഭവതോജ്ഞാനമേവ ച

സത്വഗുണത്തിൽനിന്ന് ജ്ഞാനവും, രജോഗുണത്തിൽനിന്ന് ലോഭവും തമോ ഗുണത്തിൽനിന്ന് പ്രമാദവും മോഹവും അജ്ഞാനവും ഉണ്ടാവുന്നു.

ശ്ലോകം 18

ഊർദ്ധ്വം ഗച്ഛന്തി സത്വസ്ഥാ മദ്ധ്യേ തിഷ്ഠന്തി രാജസാഃ

ജഘന്യഗുണവൃത്തിസ്ഥാ അധോ ഗച്ഛന്തി താമസാഃ

സത്വഗുണപ്രധാനി ഉന്നതലോകങ്ങളിലേക്ക് ഉയരുന്നു. രജോഗുണികൾ മനു ഷ്യലോകത്തിൽ തങ്ങുന്നു. തമോഗുണപ്രധാനികൾ അധോലോകത്തിലേക്കും പോകുന്നു.ഉയർച്ചയും താഴ്ച്ചയും ഗുണങ്ങളെ ആധാരമാക്കിയതാണ്. കാല ദേശപരിധികൾക്കും വാക്കിനും അതീതമായ പരമപദമാണ് ഉപരിലോകം. അത് സത്വഗുണപ്രധാനിക്ക് മാത്രമേ പ്രാപ്യമാവുന്നുള്ളു.

ശ്ലോകം 19

നാന്യം ഗുണേഭ്യഃ കർത്താരം യദാ ദ്രഷ്ടാനുപസശ്യതി

ഗുണേഭ്യശ്ച പരംവേത്തി മദ്ഭാവം സോധിഗഛതി

ദ്രഷ്ടാവായ ക്ഷേത്രജ്ഞൻ(സാക്ഷി) എപ്പോൾ ഗുണങ്ങളിൽനിന്ന് അന്യമായി ഒരു കർത്താവുമില്ല എന്ന സത്യം ദർശിക്കുന്നുവോ , എപ്പോൾ ഗുണങ്ങ ൾക്ക് അതീതമായ പരമപദം അനുഭവിക്കുന്നുവോ, അപ്പോൾ അവൻ എന്റെ ഭാവത്തിൽ പ്രവേശിക്കുന്നു. സത്വഗുണാധിക്യമുള്ള പ്രകൃതിയാൽ ബന്ധിക്കപ്പെട്ട ദേഹി തന്റെ ജ്ഞാനപാരമ്യത്തിൽ ഒരുജ്വലമുഹൂർത്തത്തിൽ, പരമമായ സത്യം സ്വാനുഭൂതിയിൽ സാക്ഷാത്കരിക്കുന്നു. അതോടെ ഗുണ ങ്ങളാണ് കർത്താവെന്നും താൻ സാക്ഷി മാത്രമാണെന്നും ബോധമുദിക്കു ന്നു. ഗുണാതീതമായ ആ പരമപദത്തിലെത്താൻ സത്വഗുണം സഹായിക്കു ന്നു. ഇപ്പോൾ ജീവാത്മാവെന്ന ക്ഷേത്രജ്ഞൻ പരമാത്മൈക്യം പ്രാപിച്ചുക ഴിഞ്ഞു.മദ്ഭാവം അഥവാ ജീവാത്മപരമാത്മപരസ്പരതന്മയത കൊണ്ട് ജീവാത്മാവിന് കൈവരുന്ന ഈശ്വരഭാവം ഈശ്വരത്വം തന്നെ. ജഡശരീര ത്തിൽ കുടുങ്ങിയ ചൈതന്യമായ ആത്മാവ് ആ കുടുക്കിൽനിന്നൂരിപ്പോന്ന് സർവ്വത്ര ചൈതന്യമായി വ്യാപിച്ചുനിൽക്കുന്ന തന്റെ നിജസ്വരൂപത്തെ ദർശിക്കുന്ന അസുലഭവും അനിർവ്വചനീയവുമായ സ്വാനുഭൂതി സത്വഗുണ പ്രധാനികൾക്ക് സ്വഭാവസിദ്ധമാണ്. മദ്ഭാവം സത്വഗുണപ്രധാനിക്ക് സ്വഭാ വം (സ്വന്തം ഭാവം) തന്നെയാണ്.

ശ്ലോകം 20

ഗുണാനേതാനതീത്യ ത്രീൻ ദേഹീ ദേഹസമുദ്ഭവാൻ

ജന്മമൃത്യുജരാദുഃഖൈർ വിമുക്തോമൃതമശ്നുതേ

ദേഹി ദേഹത്തിന്റെ ഉത്ഭവത്തിനു കാരണമായ ത്രിഗുണങ്ങൾക്ക് അതീത നായി, ജനനമരണവാർദ്ധക്യാദി ദുഃഖങ്ങളിൽനിന്ന് മുക്തി നേടി, അമൃതം അനുഭവിക്കുന്നു. സ്വാനുഭൂതി നേടിയ ദേഹി ശരീരത്തിനു മാത്രം അനുഭ വിക്കേണ്ടിവരുന്ന ദുഃഖങ്ങളിൽനിന്ന് മുക്തനാവുന്നു. അമൃതത്വകേന്ദ്രമായ സ്വസ്വഭാവത്തെ പ്രാപിച്ച് നിത്യശാന്തി അടയുന്നു.ത്രിഗുണങ്ങളെ അതിക്ര മിക്കുമ്പോൾ മാത്രമേ ഈ പരമപദത്തിലെത്താൻ മനുഷ്യനു സാധിക്കുക യുള്ളു. ത്രിഗുണങ്ങളെ അതിക്രമിക്കാനാവട്ടെ, സാത്വികനു മാത്രമേ കഴി യൂ. സത്വഗുണം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യം ഇതാണ്.

ശ്ലോകം 21 അർജ്ജുന ഉവാചഃ

കൈർലിംഗൈർസ്ത്രീൻ ഗുണാനേതാനതീതോ ഭവതി പ്രഭോ

കിമാചാരഃകഥം ചൈതാംസ്ത്രീൻ ഗുണാനതിവർത്തതേ

പ്രഭോ, ത്രിഗുണങ്ങളെ അതിക്രമിച്ചു കടന്നവന്റെ ലക്ഷണമെന്ത്. അവന്റെ ആചാരങ്ങളെന്തെല്ലാം. എങ്ങനെയാണ് ത്രിഗുണങ്ങളെ അതിവർത്തിക്കുന്നത്.

ശ്ലോകം 22 ശ്രീഭഗവാനുവാചഃ-

പ്രകാശം ച പ്രവൃത്തിം ച മോഹമേവ ച പാമ്ഡവ

ന ദ്വേഷ്ടി സംപ്രവൃത്താനി ന നിവൃത്താനി കാംക്ഷതി

പാണ്ഡവാ, പ്രകാശം,പ്രവൃത്തി,മോഹം എന്നിവയെ ഉള്ളപ്പോൾ ദ്വേഷിക്കുകയോ ഇല്ലാത്തപ്പോൾ കാംക്ഷിക്കുകയോ ചെയ്യാത്തവനാണ് ഗുണാതീതൻ. ഉറക്കം തമസ്സാണ്. എന്നുവെച്ച് ഉറങ്ങാതിരിക്കാൻ ആർക്കും സാദ്ധ്യമല്ല. ഉറക്കം വരുമ്പോൾ അതിനെ ഇല്ലാതാക്കാൻ ശ്രമിക്കേണ്ടതില്ല. ഇന്നിപ്പോൾ വിദ്യാർത്ഥികള്ക്കിടയിൽ, പ്രത്യേകിച്ചും വൈദ്യവിദ്യാർത്ഥികൾക്കിടയിൽ പടർന്നുപിടിച്ചിട്ടുള്ള ഒരു ദുശ്ശീലമാണ് പരീക്ഷക്കാലത്ത് ഉറക്കത്തെ തടഞ്ഞുനിർത്താനുള്ള ഗുളികകൾ കഴിക്കൽ. ഇത് ശരിയല്ല. ഉറക്കം വരാത്തപ്പോൾ ഉറങ്ങാനായി ഉറക്കഗുളിക കഴിക്കുന്നതും ശരിയായ സമീപനമല്ല. ഗുണാതീതന് ഇതുരണ്ടും ആവശ്യമില്ല. ഉറക്കം വരുമ്പോൾ അതിനെ ദ്വേഷിച്ച് തടഞ്ഞുനിർത്താറില്ല. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കേണ്ട ഗതികേടുമില്ല. എപ്പോഴും പ്രശാന്തനായ അയാൾക്ക് നിദ്ര സ്വാഭാവികമായി സംഭവിക്കുന്ന ഒരു പ്രക്രിയ മാത്രമാണ്. ഇതുപോലെ രാജസികമായ കർമ്മങ്ങളേയും ഗുണാതീതൻ ദ്വേഷിക്കയോ കാംക്ഷിക്കയോ ചെയ്യാറില്ല. ഏതു പണിയും രാഗദ്വേഷമോ കാംക്ഷകളോ കൂടാതെ നിർവ്വഹിക്കാൻ ഗുണാതീതനു കഴിയുന്നു.ഇന്നതു ചെയ്യണമെന്നോ ചെയ്യരുതെന്നോ ഉള്ള നിയമങ്ങൾക്ക് ദൃഷിയായിരിക്കുന്നത് സർവ്വസാക്ഷിയായ താൻതന്നെയായിരിക്കയാൽ അയാൾ ഒന്നും പ്രവർത്തിക്കുന്നില്ല, ഒന്നിൽനിന്നും നിവർത്തിക്കുന്നുമില്ല.

ഞാൻ ഗീതാവ്യാഖ്യാനമെഴുതുന്നു. മണിക്കൂറുകളോളം ധ്യാനിച്ചും വിചാരിച്ചും വിചാരിച്ചത് പകർത്തിയും ഉള്ള എന്റെ ഇരുപ്പ് കാണുന്നവർ വിചാരിക്കുന്നു, ഇവർ ഒന്നും ചെയ്യാതെ വെറുതേ ഇരിക്കയാണെന്ന്. അവർ അകർമ്മമെന്നു കരുതുന്ന ഇത് എന്നെ സംബന്ധിച്ചേടത്തോളം ഒരു മഹദ്കർമ്മമാണ്. ഞാൻ പത്തോളജിയിലെ ഔദ്യോഗികകർമ്മങ്ങൾ ചെയ്യുന്നു,വീട്ടുകാര്യം നോക്കുന്നു. അപ്പോൾ ആളുകൾ പറയുന്നു, എത്രമാത്രം ജോലിയാണ് അവർ ചെയ്യുന്നതെന്ന്. എന്നെ സംബന്ധിച്ച് അകർമ്മങ്ങളായവ അവർക്ക് മഹദ്കർമ്മങ്ങളായി തോന്നുന്നു. അകർമ്മത്തിൽ കർമ്മവും കർമ്മത്തിൽ അകർമ്മവും ദൃശ്യമാകുന്നു.പ്രവൃത്തികളെ ഞാൻ ദ്വേഷിക്കുന്നില്ല. അവയിൽനിന്ന് നിവൃത്തിക്കാൻ കാംക്ഷിക്കുന്നുമില്ല. പ്രകാശം,പ്രവൃത്തി,മോഹം എന്നിവക്ക് അതാതിന്റെ സ്ഥാനം സ്വജീവിതത്തിൽ നൽകാൻ ഗുണാതീതന് സ്വതസ്സിദ്ധമായ കഴിവുണ്ട്.

ശ്ലോകം 23

ഉദാസീനവദാസീനോ ഗുണൈർയോ ന വിചാല്യതേ

ഗുണാ വർത്തന്ത ഇത്യേവ യോവതിഷ്ഠതിനേംഗതേ

ത്രിഗുണങ്ങലാൽ ചഞ്ചലിതനാകാതെ ഉദാസീനനെപ്പോലെ ഇരിക്കുന്ന ഏതൊരുവൻ ഗുണങ്ങൾ അതാതിന്റെ ധർമ്മം പ്രവർത്തിക്കുന്നു എന്ന് സ്ഥിരചിത്തനായിരിക്കുന്നുവോ അവനെ ഗുണാതീതനെന്ന് പറയാം. ഞാൻ ഒന്നും ചെയ്യുന്നില്ല.ഗുണങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് ഗുണാതീതന് അറിയാം. അതിനാൽ അയാൾ ത്രിഗുണങ്ങളിൽ ഉദാസീനനായി, അവയുടെ പ്രവൃത്തികളാൽ തന്റെ ചിത്തത്തെ ഇളക്കാതെ സ്ഥിതപ്രജ്ഞനായി സ്ഥിതി ചെയ്യുന്നു.

ശ്ലോകം 24

സമദുഃഖസുഖഃസ്വസ്ഥഃ സമലോഷ്ടാശ്മകാഞ്ചനഃ

തുല്യപ്രിയാപ്രിയോ ധീരസ്തുല്യനിന്ദാത്മസംസ്തുതിഃ

ദുഃഖത്തിലും സുഖത്തിലും സമചിത്തത കൈവിടുന്നില്ല. സ്വസ്ഥനായി,കല്ലും കാഞ്ചനവും സമമായി കരുതി, പ്രിയവും അപ്രിയവും തുല്യമായി കാണുന്നു. ആ ധീരൻ സ്തുതിച്ചാലും നിന്ദിച്ചാലും ഒരേപോലെ വിചാരിക്കുന്നു.

നാലുപുറത്തുള്ളോരെത്ര നിന്ദിക്കുമെന്നാലുമെത്രക്കു പുകഴ്ത്തിയാലും

ആകാശം തന്നെയിടിഞ്ഞുവീണെന്നാലുമാകാത്ത കർമ്മത്തിൽക്കൈചെല്ലാതെ

സ്വരൂപത്തിൽ ലയിച്ച് ശാന്തനും ആത്മാരാമനുമായി, മരുവുന്ന ആ സ്ഥിതപ്രജ്ഞനെ പുത്രനായി ലഭിക്കാൻ ദേവകീമാതാവിനെപ്പോലെ ഭാരതമാതാവും എത്ര തപം ചെയ്തിരിക്കുന്നു.

ശ്ലോകം 25

മാനാപമാനയോസ്തുല്യസ്തുല്യോ മിത്രാരിപക്ഷയോഃ

സർവ്വാരംഭപരിത്യാഗീ ഗുണാതീതഃ സ ഉച്യതേ

മാനാപമാനവും അവന്നു തുല്യമാണ്. സുഹൃത്തിലും ശത്രുവിലും അവന് സമത്വമാണ്. സർവ്വകർമ്മാരംഭവും പരിത്യജിച്ച സംന്യാസിയായ അവനെ ഗുണാതീതനെന്ന് വിളിക്കുന്നു.സനായശീലരാമപ്പണ്ടുള്ളോരുടെ ധന്യസ്മരണ ഉള്ളിൽ സൂക്ഷിച്ച് ഓരോ ബാരതപൊരനും സ്ഥിതപ്രജ്ഞനായി വളരണമെന്ന് കൃഷ്ണന്റെ ഗീതയെപ്പോലെയും ഗാന്ധിജിയെപ്പോലെയും നാലപ്പാട്ടിന്റെ ഇന്നത്തെ അമ്മയും ആഹ്വാനം ചെയ്തു. സൌമ്യവും മൃദുലവും ആയ വത്സലഭാഷയിൽ.

ശ്ലോകം 26

മാം ചയോവ്യഭിചാരേണ ഭക്തിയോഗേന സേവതേ

സ ഗുണാൻ സമതീത്യൈതാൻ ബ്രഹ്മഭൂയായ കൽപ്പതേ

എന്നെ വഴിതെറ്റാത്ത ഏകാഗ്രഭക്തിയോടെ ആരു സേവിക്കുന്നുവോ അവൻ ഗുണാതീതനായി ബ്രഹ്മം തന്നെയായിത്തീരുന്നു. ഏകാഗ്രഭക്തിയോടെ ബ്രഹ്മോപാസന ചെയ്യുന്നവൻ ത്രിഗുണാതീതമായ ബ്രഹ്മപദം പ്രാപിക്കുന്നു.

ശ്ലോകം 27

ബ്രഹ്മണോ ഹി പ്രതിഷ്ഠാഹമമൃതസ്യാവ്യസ്യ ച

ശാശ്വതസ്യ ച ധർമ്മസ്യ സുഖസ്യൈകാന്തികസ്യ ച

കാരണം,ഞാൻ അമൃതവും അവ്യയവും ശാശ്വതവും ധർമ്മവും സുഖവും ഐകാന്തികവുമായ ബ്രഹ്മത്തിൽത്തന്നെ പ്രതിഷ്ഠിക്കപ്പെടുന്നു. എന്നെ ഭജിക്കുന്നവൻ ബ്രഹ്മമായിത്തീരുന്നു. ഞാൻ ബ്രഹ്മമാണ്. അഹം ബ്രഹ്മാസ്മി. അമൃതവും അവ്യയവും ധർമ്മവും അഖണ്ഡസുഖാനുഭൂതിയും ഏകമായ

ഐകാന്തികനും ഞാനാണ്. ബ്രഹ്മമല്ലാതെ മറ്റൊന്നില്ല. ഏകാകിയായ ബ്രഹ്മവും ഏകാകിയായ ബ്രഹ്മോപാസകനും ഏകാന്തത്തിലിരുന്ന് ധ്യാനിക്കുന്നതിൽ ആനന്ദം കാണുന്നു.

തന്നെത്തന്നെ വർണ്ണിക്കാൻ കൃഷ്ണൻ ഉപയോഗിച്ച ഈ പദങ്ങളെക്കുറിച്ച് ശങ്കരൻ പറയുന്നു. ഒന്നുകിൽ സർവ്വരിലും കാരുണ്യം ചൊരിയുന്ന തന്റെ ഈസ്വരശക്തിയെയാവാം കൃഷ്ണൻ പരാമർശിക്കുന്നത്. അല്ലെങ്കിൽ, ജീവാത്മാവിന്റെ (സഗുണബ്രഹ്മത്തിന്റെ)ആധാരമായ പരമാത്മാവിനെ (നിർഗ്ഗുണ ബ്രഹ്മത്തെ)യാണ് ഇവിടെ കൃഷ്ണൻ പ്രതിനിധീകരിക്കുന്നത്. രാമാനുജന്റെ അഭിപ്രായത്തിൽ ഈ ശ്ലോകത്തിലെ അഹം ജീവന്മുക്തനായ ആത്മാവാണ്. മാദ്ധ്വന്റെ അഭിപ്രായത്തിൽ അഹം മായയാണ്.

ഇവിടെ പ്രതിഷ്ഠ എന്ന പദം അതീന്ദ്രിയബ്രഹ്മമാകുന്ന മൂർത്തിയെ പ്രതിഷ്ഠിക്കാനുള്ള ശില എന്നർത്ഥത്തിൽ കൃഷ്ണൻ ഉപയോഗിച്ചിരിക്കുന്നതായി നടരാജഗുരു പറയുന്നു.അദ്ദേഹത്തിന്റെ വാക്കുകളിൽ, Krishna here describes himself as the ontological basis of the Absolute , and explains that by being the basis he does not lose the status of representing higher value such as Amritha (nectar of immortality) and avyaya (unexpended principle) . He is also the basis of all ethical values connoted by the word Dharma (right conduct) and even of happiness,pure and simple.

കൈവല്യത്തിനു തുല്യമായ ഏകാന്തത പ്ലോട്ടിനസ്സിന്റെ ഏകാന്തതയിൽനിന്ന് ഏകാന്തതയിലേക്കുള്ള പറക്കലിനു സമമാണെന്ന് ഗുരു തുടർന്നുപറയുന്നു. ഭക്തൻ തന്റെ ധ്യാനവിഷയമായ ബ്രഹ്മത്തിലേക്ക് ഏകാന്തതയിൽ ഏകാന്തനായി പറക്കുന്ന വിചാരങ്ങളോടെ ഇരിക്കുന്നു. ഏകാഗ്രധ്യാനത്തിന്റേതായ ആ മുഹൂർത്തങ്ങലിൽ ലഭിക്കുന്ന ബ്രഹ്മാനന്ദം അനുപമം,അനിർവ്വചനീയം.

അദ്ധ്യായം 15 പുരുഷോത്തമയോഗം

ക്ഷരപുരുഷനിൽനിന്നും അക്ഷരപുരുഷനിൽനിന്നും വിഭിന്നമായും രണ്ടിനും ആധാരമായും ഇരിക്കുന്ന പുരുഷോത്തമനെയാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നത്. ഈ അദ്ധ്യായം ശാസ്ത്രസാരമാണെന്ന് അവസാനശ്ലോകം പറയുന്നു.തത്രാ പരാ ഋഗ്വേദോയജുർവ്വേദഃസാമവേദോഥർവ്വവേദഃ ശിക്ഷാ കൽപ്പോ വ്യാകരണം നിരുക്തം ഛന്ദോ ജ്യോതിഷമിതി. അഥ പരായയാ തദക്ഷരമധിഗമ്യതേ എന്ന മുണ്ഡകോപനിഷത്തിലെ വാക്യമനുസരിച്ച് അക്ഷരബ്രഹ്മത്തെ അറിയാൻ സഹായിക്കുന്ന അക്ഷരബ്രഹ്മവിദ്യ പരാവിദ്യയാണ്. അത് അദൃശ്യവും അഗ്രാഹ്യവും അഗോത്രവും അവർണ്ണവും അചക്ഷുവും അശ്രോത്രവും അപാമിപാദവും നിത്യവും വിഭുവും സർവ്വഗതവും സുസൂക്ഷ്മവും അവ്യയവും സർവ്വഭൂതങ്ങളുടേയും യോനിയുമായി ധീരന്മാർ കാണുന്നു.

യത്തദദ്രേശ്യമഗ്രാഹ്യമഗോത്രമവർണ്ണമചക്ഷുഃശ്രോത്രം തദപാണിപാദം

നിത്യംവിഭും സർവ്വഗതം സുസൂക്ഷ്മം തദവ്യയം യദ്ഭൂതയോനിം പരിപശ്യന്തി ധീരാഃ

ഊർണ്ണനാഭി നൂലുകളെ സൃഷ്ടിക്കയും തന്നിലേക്കുതന്നെ വലിക്കുകയും ചെയ്യുന്നതുപോലെ, മനുഷ്യനിൽനിന്ന് തലമുടിനാരു മുളക്കുംപോലെ, അക്ഷരപുരുഷനിൽനിന്ന് ബ്രഹ്മം സംഭവിക്കുന്നു. മുണ്ഡകോപനിഷത്തിലെ ഈ അക്ഷരബ്രഹ്മത്തെ ഗീത എട്ടാം അദ്ധ്യായത്തിൽ വിസ്തരിച്ചു പറഞ്ഞു. പതിനൊന്നാം അദ്ധ്യാത്തിൽ അതിന്റെ കാലാഗ്നിരൂപം കാണിച്ചുതന്നു. കരാളമായ ഇളകിക്കളിക്കുന്ന സപ്തജിഹ്വകളിലേക്ക് ഭൂതങ്ങൾ ഹവിസ്സർപ്പിക്കുന്ന കാഴ്ച അർജ്ജുനനെ അത്ഭുതപരതന്ത്രനാക്കി. സൃഷ്ടിസ്ഥിതിസംഹാരരൂപമായ അക്ഷരപുരുഷനിൽനിന്നും പരമായ പുരുഷോത്തമനെ ഇനി പറയുന്നു. അക്ഷരപുരുഷോത്തമനെ ശരിക്ക് അറിഞ്ഞവനു മാതരമേ ബ്രഹ്മവിദ്യ പറഞ്ഞുകൊടുക്കാവു എന്ന് മുണ്ഡകം പറയുന്നതിനാൽ പുരുഷോത്തമയോഗത്തെ അവസാനത്തേക്ക് വെച്ചിരിക്കയാണ്.

തസ്മൈ സ വിദ്വാനുപസന്നായ സമ്യക്
പ്രശാന്തചിത്തായ ശമാന്വിതായ
യേനാക്ഷരം പുരുഷം വേദസത്യം
പ്രോവാച താം തത്വതോ ബ്രഹ്മവിദ്യാം

പുരുഷോത്തമൻ ബ്രഹ്മത്തിൽനിന്നും പരമാണ്. തദേതത് സത്യം. യഥാ സുദീപ്താത് പാവകാത് വിസ്ഫുലിംഗാഃ സഹസ്രശഃ പ്രഭവന്തേ സരൂപാഃ തഥാക്ഷരാത് വിവിധാഃ സോമ്യഭാവാഃ പ്രജായന്തേ തത്ര ചൈവാപിയന്തി.

ദിവ്യോഹ്യമൂർത്തഃപുരുഷഃ സബാഹ്യാന്തരോഹ്യജ

അപ്രാമോഹ്യമനാഃശുഭ്രോ ഹ്യക്ഷരാത് പരതഃപരം

ഇത് സത്യമാകുന്നു. എപ്രകാരം സുദീപ്തമായ അഗ്നിയിൽനിന്ന് സമാനരൂപങ്ങളായ സ്ഫുലിംഗങ്ങൾ ആയിരക്കണക്കിൽ ഉത്ഭവിക്കുന്നുവോ, അപ്രകാരം ഹേ,സൌമ്യാ, അക്ഷരത്തിൽനിന്ന് വിവിധഭാവങ്ങൾ ഉണ്ടാവുന്നു. അതിൽത്തന്നെ ലയിക്കുന്നു. പുരുഷൻ ദിവ്യവും അമൂർത്തവും പുറത്തും

ഉള്ളിലും ഇരിക്കുന്നതും അജവും അപ്രാമവും അമനസ്സും ശുഭ്രവും പരമ മായ അക്ഷരത്തിന്റേയും പരവുമാകുന്നു. ഈ പുരുഷോത്തമനെ പ്രാപി ക്കുന്നതിന് ആദ്യം അസ്വത്ഥരൂപമായ സംസാരവൃക്ഷത്തെ അറിഞ്ഞ് അതി നെ നശിപ്പിക്കണം.

ശ്ലോകം 1

ഊർദ്ധ്വമൂലമധഃശാഖമശ്വത്ഥം പ്രാഹുരവ്യയം

ഛന്ദാംസി യസ്യ പർണ്ണാനി യസ്തം വേദ സ വേദവിത്

മേലോട്ട് വേരുകളും താഴേക്ക് ശാഖകളുമുള്ള അവ്യയമായ അശ്വത്ഥത്തെ ക്കുറിച്ച് മുമ്പുള്ളവർ പറഞ്ഞിട്ടുണ്ട്. ഛന്ദസ്സുകൾ അതിന്റെ ഇലകളാണ്. അതിനെ അറിയുന്നവനെ വേദവിത്തെന്ന് വിളിക്കുന്നു. ഊർദ്ധ്വമൂലോവാക് ശാഖ ഏഷോശ്വത്ഥഃസനാതന, ഊർദ്ധ്വമൂലമവാക്ശാഖം വൃക്ഷം യോ വേദസംപ്രതി എന്നും മറ്റും ശ്രുതിയുള്ളതിനാൽ പൂർവ്വികരാൽ പറയപ്പെട്ട അശ്വത്ഥം എന്ന് എടുത്തുപറയുന്നു. കഠോപനിഷത്തിലും മൈത്രേയ്യുപനി ഷത്തിലും ശ്വേതശ്വേതരത്തിലും ഈ വൃക്ഷത്തെ പരാമർശിച്ചിട്ടുണ്ട്. അശ്വത്ഥം എന്നാൽ ആൽവൃക്ഷമെന്ന് സാമാന്യമായി പറയാം. എന്നാൽ ശങ്കരാചാര്യർ നശ്വഃ അപി സ്ഥിതാഇതി എന്ന് അർത്ഥം പറയുന്നു. നാളെ ക്ക് നശിക്കുന്നത്, നിലനിൽപ്പില്ലാത്തത് എന്നാണ് അതിനർത്ഥം.സംസാരവൃ ക്ഷം നശിക്കുന്നതാണ് എന്ന് സാരം. അതേ സമയം മുമ്പുള്ളവർ അതിനെ അവ്യയം എന്ന് പറഞ്ഞിട്ടുമുണ്ട്. നശിക്കുന്നതും നശിക്കാത്തതുമാണത്. ഒരു നദിയിലെ വെള്ളം ഒഴുകുന്നു.നദി എപ്പോഴുമുണ്ട്. പക്ഷേ,ഈ നിമി ഷത്തിൽ തൊട്ട വെള്ളത്തുള്ളിയല്ല അടുത്ത നിമിഷം നാം തൊടുന്നത്. സംസാരപ്രവാഹവും അങ്ങനെയാണ്. പ്രവാഹം അനുസ്യൂതം തുടരുന്ന തിനാൽ അവ്യയമാണ്,ഇന്നുകാണുന്ന ശരീരികളല്ല നാളത്തെ പ്രവാഹത്തി ലുള്ളതെന്നതിനാൽ അത് നശിക്കുന്നതുമാണ്. ഈ വൃക്ഷത്തിന് ഒരു പ്രത്യേ കതയുണ്ട്.സാധാരണ വൃക്ഷങ്ങൾക്ക് മൂലം താഴെയും ശാഖ മേലെയുമാ ണ്. ഇവിടെ മൂലമായ ബ്രഹ്മം മുകളിലും ശാഖകൾ താഴെയുമാണ്. കാഞ്ഞിരക്കുരുവിൽനിന്നുണ്ടായ വൃക്ഷത്തിൽ ആ ബീജത്തിന്റെകയ്പ്പുരസം വ്യാപിച്ചിരിക്കും. ബീജത്തിന്റെ സ്വഭാവമാണ് വൃക്ഷത്തിന്റെ രസംഅഥവാ സ്വഭാവം. . ഇവിടെ ബ്രഹ്മമാണ് ബീജം. ആ ബ്രഹ്മരസം ഇലകളിലുമുണ്ട്. അവ സദാ ഇളകിക്കൊണ്ട് ഗീതങ്ങൾ മൂളുന്നു. അതിനാലവ ഛന്ദസ്സുകളെ ജനിപ്പിക്കുന്നു. അരയാലിലകളുടെ നൃത്തത്തിൽ ഛന്ദോബദ്ധമായ ഗീതമു ണ്ട്, വേദമന്ത്രധ്വനിയുണ്ട്.രസാസ്വാദകർ കവികളാണ്,സഹൃദയരാണ്. അവരിലാണ് ഛന്ദാർണ്ണവം കുടികൊള്ളുന്നത്. വൃക്ഷത്തേയും അതിന്റെ മൂലത്തേയും അതിലെ ബ്രഹ്മരസത്തേയും അറിഞ്ഞവർ ജനിപ്പിക്കുന്ന ഛ ന്ദോബദ്ധമായ വേദവാക്യങ്ങളിലൂടെ ബ്രഹ്മവും ബ്രഹ്മരസവും നിരന്തരം പോഷിപ്പിക്കപ്പെടുന്നു. ഇപ്രകാരം അറിഞ്ഞവനെയാണ് ഋഷികവി എന്ന് വിളിക്കുന്നത്. അശ്വത്ഥത്തിന്റെ വിത്ത് ബ്രഹ്മമായിരിക്കുന്നതുപോലെ അശ്വത്ഥത്തെ അറിഞ്ഞവൻ വേദങ്ങളുടേയും വിത്തായിരിക്കുന്നു. ഇപ്രകാ രം അശ്വത്ഥവും വേദങ്ങളും നാളേക്ക് നശിക്കുക,നിരന്തരം പോഷിപ്പിക്ക പ്പെടുക എന്ന രണ്ടു കാര്യങ്ങളിൽ സാധർമ്മ്യം പുലർത്തുന്നു. പതഞ്ജലി യക്ഷരൂപത്തിൽ അരയാലിലിരുന്ന് മഹാഭാഷ്യസൂത്രം ഇലകളിലെഴുതി താഴേക്കിട്ടുകൊടുത്ത് ഭർതൃഹരിയെ പഠിപ്പിച്ചു എന്ന് ഐതിഹ്യമുണ്ട്.

ഇലകൾ ഛന്ദസ്സുകളാണെന്ന പരാമർശമാണ് ഈ ഐതിഹ്യത്തിനുകാരണം. ഒരു ആലങ്കാരികഭാഷ്യമാണത്.വേദപദ്ധതികളും മറ്റും കാലപ്പഴക്കം കൊണ്ട് നഷ്ടപ്പെട്ടുപോകുന്നതിനാൽ നശ്വരമാണ്. എന്നാൽ പുതിയ തലമുറക്കാർ അവയെ വീണ്ടും പഠിക്കുകയും ക്രോഡീകരിക്കുകയും നവീകരിക്കയും സംരക്ഷിക്കയും ചെയ്യുന്നതിനാൽ അവ്യയവുമാണ്. പതഞ്ജലിയുടെ മഹാഭാഷ്യം കാലപ്പഴക്കം കൊണ്ട് നഷ്ടമായപ്പോൾ അപൂർവ്വവിഷയഗ്രഹണം കൊണ്ട് ഭർത്തൃഹരി അവ വീണ്ടെടുത്ത് സംരക്ഷിച്ചു എന്നാണ് സാരം.

ശ്ലോകം 2

അധശ്ചോർദ്ധ്വം പ്രസൃതാസ്തസ്യ ശാഖം ഗുണപ്രവൃദ്ധാ വിഷയപ്രവാളാഃ

അധശ്ച മൂലാന്യനുസന്തതാനി കർമ്മാനുബന്ധീനി മനുഷ്യലോകേ

ത്രിഗുണങ്ങളാൽ പ്രവൃദ്ധമായിരിക്കുന്ന ശാഖകൾ സംസാരവൃക്ഷത്തിനുണ്ട്. ആ ശാഖകളിൽ വിഷയങ്ങളാകുന്ന തളിരുകൾ കാണാം. കൊമ്പുകൾ മുകളിലേക്കും ചുവട്ടിലേക്കും പടർന്നിരിക്കുന്നു. കീഴ്ഭാഗത്തുള്ള മനുഷ്യലോകത്തിൽ കർമ്മാനുബന്ധിനികളായ വേരുകൾ വ്യാപിച്ചിരിക്കുന്നു.

ഗുണങ്ങൾ ചിലപ്പോൾ മുകളിലേക്കും ചിലപ്പോൾ താഴേക്കും വളരുന്നു. സത്വഗുണപ്രധാനിയായ മനുഷ്യമനസ്സ് മുകളിലേക്കും തമോഗുണപ്രധാനമായത് ചുവട്ടിലേക്കും രജോഗുണപ്രധാനമായത് മദ്ധ്യഭാഗത്തും പടർന്നു നിൽക്കുന്നതിനെയാണ് താഴേക്കും മുകളിലേക്കും വളർന്ന കൊമ്പുകളായി പറയുന്നത്. ഇവയെ വളർത്തുന്നതും പാലിക്കുന്നതും പോഷിപ്പിക്കുന്നതും ത്രിഗുണാത്മകമായ സാക്ഷാൽ ജഗജ്ജനനി തന്നെ. ഇന്ദ്രിയവിഷയങ്ങളാകുന്ന തളിരുകൾ സർവ്വത്ര ചുവന്ന് പൊടിച്ച് നിൽക്കുന്ന സംസാരവൃക്ഷം സംസാരികൾക്ക് മനോമോഹനമാണ്. വിഷയങ്ങളുടെ പ്രവാളകാന്തിയിൽ അവർക്ക് രാഗം ജനിക്കുന്നു.വിഷയത്തിൽ രാഗം ജനിച്ച മനസ്സും തളിരും രാഗത്താൽ ചുവന്നിരിക്കുന്നു. മൂലം മുകളിലുള്ള ബ്രഹ്മമാണ്. എങ്കിലും താഴെ മനുഷ്യലോകത്തും ആ മൂലത്തിൽനിന്ന് പൊടിച്ച് താഴേക്കു പതിക്കുന്ന അനേകം കർമ്മാനുബന്ധിനികളായ വേരുകളുണ്ട്. ഇവർ മൂലമായ ബ്രഹ്മത്തെ പ്രതിനിധാനം ചെയ്യുന്നു.ഇവരിൽനിന്ന് വേദവൃക്ഷം വീണ്ടും വീണ്ടും പൊട്ടിത്തഴച്ച് വളരുന്നു.

ശ്ലോകം 3

ന രൂപമസ്യേഹ തഥോപലഭ്യതേ നാന്തോ ന ചാദിർ ന ച സംപ്രതിഷ്ഠം

അശ്വത്ഥമേനം സുവിരൂഢമൂലമസംഗശസ്ത്രേണ ദൃഢേന ഛിത്വാ

ഇതിന്റെ രൂപം ആർക്കും കാണാൻ ഉപലഭ്യമല്ല. ആദിയോ അന്തമോ നിലനിൽപ്പോ ആരും അറിയുന്നില്ല. ദൃഢമായി വേരൂന്നിനിൽക്കുന്ന ഈ അശ്വത്ഥത്തെ ദൃഢമായ അസംഗം എന്ന ആയുധം കൊണ്ടുവേണം മുറിക്കാൻ. സംസാരവൃക്ഷം അദൃശ്യമാണ്. സൂക്ഷ്മമാണ്. അതെപ്പോളുണ്ടായി, എപ്പോൾ നശിക്കും എപ്പോൾ എങ്ങനെ നിലനിൽക്കും ഇതൊന്നും സംസാരി അറിയുന്നതുതന്നെയില്ല. സംസാരത്തോടുള്ള സംഗം ത്യജിക്കുക മാത്രമാണ് സംസാരവൃക്ഷം നശിപ്പിക്കാനുള്ള ഒരേ ആയുധം. സംഗം ത്യജിച്ചാലാകട്ടെ,

അശ്വത്ഥമെന്ന പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് ആ നിമിഷം തന്നെ വൃക്ഷം നശിക്കുകയും ചെയ്യും. എന്തിനാണ് സംസാരവൃക്ഷത്തെ വെട്ടി വീഴ്ത്തുന്നത്.

ശ്ലോകം 4

തതഃപദം തത് പരിമാർഗ്ഗിതവ്യം യസ്മിൻ ഗതാ ന നിവർത്തന്തി ഭൂയഃ

തമേവ ചാദ്യം പുരുഷം പ്രപദ്യേ യതഃപ്രവൃത്തിഃപ്രസൃതാ പുരാണീ

അതിനുശേഷം ആ പദത്തെ അന്വേഷിക്കുക. ഏതൊന്നിൽനിന്നാണോ ഏറ്റവും പുരാണമായ പ്രവാഹം പ്രവർത്തിക്കുന്നത്, ആ ആദ്യപുരുഷനെ ശരണം പ്രാപിക്കുക. അക്ഷരബ്രഹ്മത്തിനുമപ്പുറത്തുള്ള പുരുഷോത്തമനെ പ്രാപിക്കാൻ അക്ഷരബ്രഹ്മസംജാതമായ ഈ സംസാരവൃക്ഷത്തെ മുഴുവനായി വൈരാഗ്യമാകുന്ന മഴുകൊണ്ട് മുറിച്ചുനീക്കണം. അപ്പോൾ ദൂരത്തെന്ന് തോന്നുന്ന ആ ദിവ്യ,അചിന്ത്യ,സൂക്ഷ്മപ്രതിഭാസത്തെ അരികിലേക്കാൾ അരികിൽ സ്വന്തം ഹൃദയത്തിൽത്തന്നെ കാണാം.

ബൃഹച്ച തദ്ദിവ്യമചിന്ത്യരൂപം സൂക്ഷ്മാച്ചതത് സൂക്ഷമതരം വിഭാതി

ദൂരാത് സുദൂരേ തദിഹാന്തികേച പശ്യത് സ്വിഹൈവ നിഹിതംഗുഹായാം (മുണ്ഡകോപനിഷത്ത്).

കണ്ണുകൊണ്ടോ വാക്കുകൊണ്ടോ ഇന്ദ്രിയങ്ങളാലോ തപസ്സുകൊണ്ടോ കർമ്മം കൊണ്ടോ അത് ഗ്രഹിക്കാവതല്ല.

ജ്ഞാനപ്രസാദേന വിശുദ്ധസത്വസ്തതസ്തു തം പശ്യതേ നിഷ്കലം ധ്യായമാനഃ ജ്ഞാനപ്രസാദം കൊണ്ട് വിശുദ്ധസാത്വികമനസ്കനായ ഒരാൾ നിഷ്കലമായ അതിനെ ധ്യാനിച്ച് ദർശിക്കുന്നു. വാക്കുകൊണ്ട് അതിനെ പ്രാപിക്കാവതല്ല. അതിനാൽ അക്ഷരബ്രഹ്മത്തിന്റെ സ്ഫോടമായ ഈ അക്ഷരജഗത്താകുന്ന വേദവൃക്ഷത്തേയും ധ്യാനി ഒടുവിൽ തിരസ്കരിക്കുക തന്നെ ചെയ്യണം. വേദാദ്ധ്യയനവും കാവ്യപ്രപഞ്ചവും അപൂർവ്വവിഷയ ഗ്രഹണവുമെല്ലാം അക്ഷരബ്രഹ്മോപാസകന്റെ സിദ്ധികളാണ്. ആ സിദ്ധികളെക്കൂടി ഉപേക്ഷിക്കാൻ പരമസാത്വികനായ ഒരാൾ തയ്യാറാവുമ്പോൾ അയാളുടെ പ്രജ്ഞ സുഷുപ്തിഅവസ്ഥയിൽനിന്ന് തുരീയത്തിലേക്ക് കടക്കുന്നു. അക്ഷരബ്രഹ്മപുരുഷനിൽനിന്ന് പുരുഷോത്തമനിലേക്ക് പ്രവേശിക്കണം. സുഖസംഗം കൊണ്ടും ജ്ഞാനസംഗം കൊണ്ടും മനുഷ്യനെ സംസാരത്തോടു ബന്ധിക്കുന്ന ബന്ധനംകൂടി വിച്ഛേദിക്കുമ്പോളാണ് അക്ഷരബ്രഹ്മപുരുഷനിൽനിന്ന് പുരുഷോത്തമനിലേക്ക് പ്രവേശിക്കുന്നത്.

യദേതദ്ധൃദയം മനശ്ചൈതത്ഃ സംജ്ഞാനമാജ്ഞാനം വിജ്ഞാനം പ്രജ്ഞാനം മേധാദൃഷ്ടിർമതിർ മനീഷാജൂതിഃ സ്മൃതിഃസങ്കൽപ്പഃ ക്രതുരസുഃകാമോവശ ഇതി സർവ്വാണ്യേവൈതാനി പ്രജ്ഞാനസ്യ നാമധേയാനി ഭവന്തി. ഹൃദയം,മനസ്സ്,വസ്തുക്കളെ മനസ്സിലാക്കാനുള്ള ഗ്രാഹ്യശക്തി(പ്രജ്ഞാനം), ആജ്ഞാശക്തി, വിജ്ഞാനം,പ്രജ്ഞാനം(പ്രതിഭ),മേധ, ദൃഷ്ടി, ധൃതി, മതി, മനീഷ (വിചാരസ്വാതന്ത്ര്യം)ജൂതി(രോഗാദികളെക്കൊണ്ട് മനസ്സിനു സംഭവിക്കുന്ന മ്ലാനത) സ്മൃതി, സങ്കൽപ്പം, ക്രതു(നിർണ്ണയിക്കാനുള്ള കഴിവ്), അസു (ജീവനശക്തി) ഇങ്ങനെ സർവ്വ ആന്തരികഭാവങ്ങളും പ്രജ്ഞാനത്തിന്റെ

തന്നെ നാമധേയങ്ങളാണെന്ന് ഐതരേയത്തിൽ പറയുന്നു. മേധ,ധൃതി,മതി, സ്മൃതി ഇവ സ്ത്രീകളിൽ ഭഗവാനാണെന്ന് നേരത്തേ പറഞ്ഞു. കൌഷീത കിഉപനിഷത്തിൽ യോവൈ പ്രാണഃസാ പ്രജ്ഞാ യാ വൈ പ്രജ്ഞാ സ പ്രാണഃ എന്ന് വ്യക്തമാക്കിയിരിക്കുന്നു. പരബ്രഹ്മം ഈ പ്രജ്ഞയാണ്. പ്രജാപതി,ദേവന്മാർ,പഞ്ചമഹാഭൂതങ്ങൾ, സർവ്വജീവജാലങ്ങളും സ്ഥാവ രജംഗമജഗത്തു മുഴുവനും പ്രജ്ഞാനേത്രമാണ്. പ്രജ്ഞാനത്തിൽ പ്രതിഷ്ഠി ക്കപ്പെട്ടതാണ്. ലോകനേത്രം പ്രജ്ഞാനേത്രമാണ്. പ്രജ്ഞയാണ്. അതിന്റെ ആശയം പ്രജ്ഞാനമാണ്,ബ്രഹ്മമാണ്.

സർവ്വം തത് പ്രജ്ഞാനേത്രം പ്രജ്ഞാനേ പ്രതിഷ്ഠിതം .പ്രജ്ഞാനേത്രോ ലോകഃപ്രജ്ഞാ പ്രതിഷ്ഠാ പ്രജ്ഞാനം ബ്രഹ്മഃ(ഐതരേയം). ജീവാത്മപര മാത്മൈക്യം പ്രാപിച്ച് പുരുഷോത്തമയോഗം നേടിയ ഋഷിമാർ പ്രജ്ഞ കൊണ്ട് സ്വാത്മാവിനാൽ ഈ ലോകത്തുനിന്ന് ഉത്ക്രമിച്ചിട്ട് സർവ്വകാമ ങ്ങളും നേടി സ്വരൂപത്തിൽ അമൃതന്മാരായി ഭവിക്കുന്നു. അപരബ്രഹ്മ ത്തിൽ നിന്ന് പരബ്രഹ്മത്തിലേക്കും അക്ഷരപുരുഷനിൽനിന്ന് പുരുഷോത്ത മനിലേക്കും സുഷുപ്തിയിൽനിന്ന് തുരീയത്തിലേക്കും പ്രജ്ഞയുടെ സ്വർണ്ണനൂൽ ധാര മുറിയാതെ പ്രവഹിക്കുന്നു. ആ ചിരപുരാതനമായ പ്രജ്ഞാപ്രവാഹത്തിന്റെ ആദിപുരുഷനായി ഇവിടെ പുരുഷോത്തമനെ പറഞ്ഞിരിക്കുന്നു.

ശ്ലോകം 5

നിർമാനമോഹാ ജിതസംഗദോഷാ അദ്ധ്യാത്മനിത്യാ വിനിവൃത്തകാമാഃ

ദ്വന്ദ്വൈർവിമുക്താഃസുഖദുഃഖസംജ്ഞൈർഗഛന്ത്യമൂഢാഃപദമവ്യയം തത്

മാനമോ മോഹമോ ഇല്ലാത്തവനും സംഗദോഷങ്ങളെ ജയിച്ചവനും നിത്യം അദ്ധ്യാത്മതത്വത്തിൽ അടിയുറച്ചവനും കാമങ്ങളിൽ നിന്ന് പിന്തിരിഞ്ഞ വനും സുഖദുഃഖമെന്ന ദ്വന്ദ്വങ്ങളിൽനിന്ന് വിമുക്തി നേടിയവനും അമൂ ഢനുമായ വ്യക്തി ആ അവ്യയമായ പരമപദത്തിൽ പ്രവേശിക്കുന്നു. ആ പരമമായ തുരീയപദം എങ്ങനെയുള്ളതാണ്.

ശ്ലോകം 6

ന തദ് ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകാഃ

തദ് ഗത്വാ ന നിവർത്തന്തേ തദ്ധാമ പരമം മമ

സൂര്യനോ ചന്ദ്രനോ അഗ്നിയോ അല്ല അതിനെ പ്രകാശിപ്പിക്കുന്നത്. ഏതി നെ പ്രാപിച്ചാൽ പിന്നെ തിരിച്ചുവരികയില്ലയോ, അതാണ് എന്റെ പരമ പദം. സൂര്യചന്ദ്രാദികൾക്കും പ്രപഞ്ചങ്ങൾക്കും അതീതമായ അന്തർലോച നമാണ് അതിനെ പ്രകാശിപ്പിച്ചുതരുന്നത്. ആ ചക്ഷുസ്സിന്റെ വാസസ്ഥാനം വിദൃതി എന്നും നന്ദനം എന്നും പേരുള്ള ബ്രഹ്മരന്ധ്രമാണ്. ആജ്ഞാചക്ര ത്തിൽ അക്ഷരപുരുഷനെന്നപോലെ ബ്രഹ്മരന്ധ്രത്തിലാണ് പുരുഷോത്തമന്റെ സ്ഥിതി. സ ഏതമേവ സീമാനം വിദാര്യൈതയാ ദ്വാരാ പ്രാപദ്യത.സൈഷാ വിദൃതിർന്നാമദ്വാസ്ത ദേതന്നാന്ദനം തസ്യത്രയ ആവസ്ഥാത്രയഃസ്വപ്നാഃ അയമാവസ്ഥോയമാവസ്ഥോയമാവസ്ഥ ഇതി. ബ്രഹ്മലോകാനുഭൂതിയാൽ ആനന്ദസന്ദായകമായ ആ ഭാഗത്തിന് നാന്ദനം എന്ന് പേരുണ്ട്. ആ ആന

ന്ദസ്ഥാനത്ത് പ്രവേശിച്ചുകഴിഞ്ഞ പ്രജ്ഞ അതുവരെ ഉണ്ടായിരുന്ന തന്റെ മൂന്ന് അവസ്ഥകളെ ആലോകനം ചെയ്ത് ,അവയും തന്റെ സ്ഥാനങ്ങളാണെന്ന് കാണുന്നു. മൂന്നുതരം സ്വപ്നങ്ങളാണ് അപ്പോൾ തന്റെ അനുഭവങ്ങളായി തുരീയൻ കാണുന്നത്.

1. ജാഗ്രദവസ്ഥയിലെ അനുഭവങ്ങൾ
2. സ്വപ്നനിദ്രയിലെ അനുഭവങ്ങൾ
3. സുഷുപ്തിയിലെ ദർശനാനുഭവങ്ങൾ

ഇവ മൂന്നും സ്വപ്നം മാത്രമാണെന്നും യഥാർത്ഥസ്വരൂപം തുരീയമാണെന്നും ബ്രഹ്മരന്ധ്രത്തിൽ പ്രവേശിച്ച തുരീയൻ മനസ്സിലാക്കുന്നു.ബ്രഹ്മരന്ധ്രം ജ്യോതിശ്ശാസ്ത്രജ്ഞർ ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന തമോദ്വാരം പോലെ സർവ്വചൈതന്യങ്ങൾക്കും ഇരിപ്പിടമായ ഒരു അവ്യക്തമണ്ഡലമാണ്. ആ മണ്ഡലത്തിലെ സുധാസാഗരത്തിൽ പ്രവേശിച്ചവൻ നേരത്തേ പറഞ്ഞ സ്വപ്നാവസ്ഥകളിലേക്ക് തിരിച്ചുവരുന്നില്ലെന്നു മാത്രമല്ല, സ്വാത്മചൈതന്യവുമായി താദാത്മ്യം പ്രാപിച്ച് പുരുഷോത്തമനായി ഭവിക്കയും ചെയ്യുന്നു. സോപാധികബ്രഹ്മത്തിൽനിന്ന് നിരുപാധികബ്രഹ്മത്തിലെത്തിയിരിക്കുന്നു. സവികൽപ്പസമാധിയിൽനിന്ന് നിർവ്വികല്പ്പസമാധിയിലെത്തിയിരിക്കുന്നു. അവന് പിന്നെ തിരിച്ചുവരവില്ല.

ശ്ലോകം 7

മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ

മനഃഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി

സനാതനമായ എന്റെതന്നെ അംശമാണ് ജീവലോകത്തിൽ ജീവനുള്ള ഭൂതങ്ങളായി പ്രകൃതിസ്ഥമായിരിക്കുന്ന,മനസ്സടക്കമുള്ള ആറിന്ദ്രിയങ്ങളെ ആകർഷിക്കുന്നത്.ജീവാത്മാവ് ഷഡിന്ദ്രിയങ്ങളെ തന്നിലേക്ക് ആകർഷിച്ച്നിർത്തുന്നു. കർഷതി എന്ന ആ കർമ്മത്താൽ ജീവാത്മാവ് കൃഷ്ണമായിത്തീരുന്നു. ജീവാത്മാവ് പരമാത്മസമുദ്രത്തിന്റെ കണികയാണ്. തുള്ളിയാണ്. അതിനാൽ പരമാത്മാവു തന്നെയാണ്. അതുകൊണ്ടാണ് ജീവാത്മാവിന് നിർവ്വികൽപ്പ സമാധി സാധിക്കുന്നതുതന്നെ.

ശ്ലോകം 8

ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ

ഗൃഹീത്വൈതാനി സംയാതി വായുർഗ്ഗന്ധാനിവാശയാത്

ജീവാത്മാവ്(ഈശ്വരൻ) ശരീരം എടുക്കുമ്പോളും (ബ്രഹ്മരന്ധ്രത്തിലൂടെ) ഉത്ക്രമിക്കുമ്പോളും ആശയങ്ങളിൽനിന്ന് ഇവയെ,പൂവിൽനിന്ന് ഗന്ധത്തെ വായുവെന്നപോലെ എടുത്തുകൊണ്ടുപോകുന്നു. ഇന്ദ്രിയങ്ങളേയും മനസ്സിനേയും ആശയങ്ങളേയും സൂക്ഷ്മരൂപത്തിൽ വഹിച്ചുകൊണ്ട് വരികയും പോവുകയും ചെയ്യുന്ന ആത്മാവിനെ സൌരഭ്യവാഹിയായ കാറ്റിനോട് താരതമ്യപ്പെടുത്തുന്നു. ഇവിടെ സ്ഥൂലശരീരത്തിലെ ഇന്ദ്രിയങ്ങളല്ല പറയപ്പെട്ടത്.അവ ശരീരത്തോടൊപ്പം നശിക്കുന്നു. ഇന്ദ്രിയജന്യമായ വാസനാജാലമാണ് സൂക്ഷ്മശരീരരൂപമായി മരണത്തിലും ആത്മാവിനെ അനുഗമിക്കുന്ന പ്രാണൻ. അതും കൊണ്ടാണ് ഓരോ ജീവിയും പുനർജ്ജനിക്കുന്നത്.

ശ്ലോകം 9

ശ്രോത്രം ചക്ഷുഃസ്പർശനം ച രസനം ഘ്രാണമേവ ച

അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ

ശ്രോത്രം,ചക്ഷുസ്സ്,സ്പർശനം,രസനം,ഘ്രാണം എന്നീ പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും അടിസ്ഥാനമാക്കി ഇവൻ(ജീവൻ) വിഷയങ്ങളെ അനുഭവിക്കുന്നു. ഇങ്ങനെ ആത്മാവ് എപ്പോഴും ജീവികളുടെ കൂടെത്തന്നെയുണ്ട്. എന്നിട്ടും നാം അതിനെ ദർശിക്കുന്നില്ല.

ശ്ലോകം 10

ഉത്ക്രാമന്തം സ്ഥിതം വാപി ഭുഞ്ജാനം വാ ഗുണാന്വിതം

വിമൂഢാ നാനുപശ്യന്തി പശ്യന്തി ജ്ഞാനചക്ഷുഷാഃ

മരിക്കുന്നതോ,ഭുജിക്കുന്നതോ, ഗുണത്തോടുകൂടിയതോ സ്ഥിതി ചെയ്യുന്നതോ ആയി കാണപ്പെടുന്ന ജീവാത്മാവിനെ മൂഢന്മാർ ദർശിക്കുന്നില്ല. ജ്ഞാനചക്ഷുസ്സുള്ളവർ കാണുന്നു.വ്യാപാരങ്ങളൊന്നുമില്ലാതെ ചിദേകരസമായിരിക്കുന്ന ആത്മരൂപത്തെ അറിയാൻ ജ്ഞാനക്കണ്ണുവേണം. സ്ഥൂലേന്ദ്രിയങ്ങൾക്ക് അതിനെ പ്രാപിക്കാനാവില്ല.

ശ്ലോകം 11

യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതം

യതന്തോപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ

യതികളും യോഗികളും ആത്മാവിൽ അവസ്ഥിതനായിരിക്കുന്നവനെ ദർശിക്കുന്നു. പരിശ്രമികളാണെങ്കിൽപോലും അകൃതാത്മാക്കളായ മനുഷ്യർ എന്നെ ദർശിക്കുന്നില്ല. അന്തഃകരണശുദ്ധിയുള്ളവർക്കേ എന്നെ കാണാനാവൂ. വെറും ശാസ്ത്രപഠനം മാത്രം പോരാ, ഹൃദയശുദ്ധിയും വേണം പുരുഷോത്തമസാക്ഷാത്കാരത്തിന്. കലാകാരനും യോഗിയും തമ്മിൽ അതാണ് വ്യത്യാസം. അക്ഷരബ്രഹ്മം വരെ കലാകാരനും യോഗിയും ഒരേ നിലയിലാണ്. അവിടുന്നങ്ങോട്ട് ഹൃദയശുദ്ധിയില്ലാത്ത കലാകാരന് പ്രവേശനമില്ല. ഹൃദയശുദ്ധിയുള്ള കലാകാരനാകട്ടേ, ഒരേ സമയം ഋഷിയുമാണ്, കവിയുമാണ്. ഋഷികവിയാണ്. അത്തരം കവികളെ മാത്രമേ പൌരാണികഭാരതം കവിയായി ഗണിച്ചിരുന്നുള്ളു . നാനൃഷി കവി എന്നതുകൊണ്ട് ഋഷിയല്ലാത്തവൻ കവിയല്ല എന്ന് ഉദ്ഘോഷിച്ച നാടാണ് ഭാരതം.

ശ്ലോകം 12

യദാദിത്യഗതം തേജോ ജഗദ്ഭാസയതേഖിലം

യച്ചന്ദ്രമസി യച്ചാഗ്നൌ തത്തേജോ വിദ്ധി മാമകം

ഏതൊരു ആദിത്യതേജസ്സ് ജഗത്തിനെ മുഴുവൻ പ്രകാശിപ്പിക്കുന്നുവോ, ആ സൂര്യതേജസ്സും, ചന്ദ്രനിലും അഗ്നിയിലും കാണുന്ന തേജസ്സും എന്റെതന്നെ തേജസ്സാണെന്നറിയുക. കവിയുടേയും ഋഷിയുടേയും ആത്മതേജസ്സും സൂര്യ

ചന്ദ്രാഗ്നികളുടെ തേജസ്സും എന്റേതാണ്. ഏഴാം ശ്ലോകത്തിൽ പറഞ്ഞതിനെ ഒന്നുകൂടി ഉറപ്പിച്ചു പറയുകയാണിവിടെ.

ശ്ലോകം 13

ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ

പുഷ്ണാമി ചൌഷധീഃസർവ്വാഃ സോമോ ഭൂത്വാ രസാത്മകഃ

ഞാൻ എന്റെ ഓജസ്സിനാൽ ഭൂമിയെ ആവേശിച്ചിട്ട്, ഭൂതജാലങ്ങളെയെല്ലാം ധാരണം ചെയ്യുന്നു. ഞാൻ രസാത്മകനായ സോമനായി സർവ്വഔഷധിക ളേയും പോഷിപ്പിക്കുന്നു. സൂര്യന്റെ തേജസ്സിൽനിന്നുണ്ടായ ഓജസ്സ് ഭൂമിയെ ആവേശിക്കുന്നു. അതിനാൽ ഭൂമിയിലെ ചരാചരങ്ങളായ ജീവജാലങ്ങ ളെല്ലാം ജീവസന്ധാരണം ചെയ്യുന്നു. ഇത് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞ സത്യമാണ്. സോമരസം ബ്രഹ്മരസമാണ്. ചന്ദ്രൻ സോമരസത്തെ പ്രതിനി ധാനം ചെയ്യുന്നു. ആ അമൃതമായ സോമരസം കൊണ്ട് ഔഷധികൾ വീണ്ടും വീണ്ടും പുനർന്നവകളായി പോഷിപ്പിക്കപ്പെടുന്നു. വിത്തുകൾ നിലാവു കൊള്ളിച്ചാൽ വീര്യവത്താവുമെന്ന് ഗ്രാമീണർ വിചാരിക്കുന്നുണ്ട്. സൂര്യചന്ദ്രന്മാരും ചരാചരങ്ങളും ജീവജാലങ്ങളുമെല്ലാം ഈശ്വരതേജസ്സിന്റെ അംശം മാത്രമാണ്. എങ്ങനെയാണ് ഈശ്വരൻ അഗ്നിതേജസ്സായി, ഊർജ്ജമാ യി ജീവികളിൽ കുടി കൊള്ളുന്നതെന്ന് പറയാം.

ശ്ലോകം 14

അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ

പ്രാണാപാനസമായുക്തഃപചാമ്യന്നം ചതുർവ്വിധം

ഞാൻ വൈശ്വാനരനായി പ്രാണികളുടെ ദേഹത്തെ ആശ്രയിച്ചവനായിട്ട് പ്രാണൻ,അപാനൻ എന്നിവരോടു ചേർന്ന് ചതുർവ്വിധമായ അന്നത്തെ പാകം വരുത്തുന്നു. കർമ്മപുരുഷന്റെ അന്തർഭാഗത്തുള്ള അഗ്നിയാണ് വൈശ്വാനരൻ. ഇതിനെ ജഠരാഗ്നി എന്നും പറയാം.തസ്യ മദ്ധ്യേ മഹാന ഗ്നിർവ്വിശ്വാർച്ചിർ വിശ്വതോമുഖഃ അഗ്നിയെ കാറ്റ് ഉജ്വലിപ്പിക്കുന്നു. പ്രാണികളിലിരിക്കുന്ന അഗ്നിയെ മേലോട്ടും കീഴോട്ടും ചലിക്കുന്ന പ്രാ ണൻ,അപാനൻ എന്ന കാറ്റുകളാണ് ഉജ്വലിപ്പിക്കുന്നത്. ഖ്യാദ്യം (കടിച്ചുതി ന്നേണ്ടവ),ചോഷ്യം(ചവക്കേണ്ടവ), പേയം(കുടിക്കേണ്ടവ) എന്നിങ്ങനെയുള്ള അന്നങ്ങളുണ്ട്. ഇവയെയെല്ലാം ദഹിപ്പിക്കുന്നത് വൈശ്വാനരനാണ്.

പ്രപഞ്ചശരീരത്തിലും ജഠരാഗ്നിയുണ്ട്. അതിന്റെ ജ്വാലകൾ പ്രവഹാനിലനാ ൽ ആളിക്കത്തിക്കപ്പെടുന്നു. അപ്പോൾ സപ്തജിഹ്വനായ അഗ്നി കാലാഗ്നി എന്ന പേരിൽ ആളിക്കത്തി സർവ്വത്തേയും വിഴുങ്ങുന്നു. ഈ കാലാഗ്നിരൂ പമാണ് വിശ്വരൂപദർശനം കാണിച്ചുതന്നത്. അന്നം ചതുർവ്വിധമുണ്ട്. പാർത്ഥിവം, ആപ്യം,തൈജസം,വായവ്യം എന്നിങ്ങനെ. മനുഷ്യൻ ഭൂമി യിലുണ്ടാവുന്ന എല്ലാ പാർത്ഥിവവസ്തുക്കളേയും ആഹരിക്കുന്നു. ചാതക പ്പക്ഷി മഴവെള്ളമായ ആപ്യം മാത്രമേ കുടിക്കൂ. അന്തരീക്ഷത്തിൽ ജനിച്ച ദ്രവവസ്തുവാമ് ആപ്യം. സർപ്പം വായവ്യമായ വായു ഭക്ഷിക്കുന്നു. ബാ ലഖില്യർ തൈജസമായ അഗ്നി ഭക്ഷിച്ചുകൊണ്ട് സൂര്യരഥത്തിനു മുന്നിൽ സഞ്ചരിക്കുന്ന അരുണവർണ്ണരായ സിദ്ധസംഘമാണ്. ഇവരാണ് ഖിലസൂക്ത

ത്തിന്റെ ഋഷിമാർ. ഈ പറഞ്ഞ പാർത്ഥിവവും ആപ്യവും വായവ്യവും തൈജസവും ആയ അന്നവും അവയെ ഭക്ഷിക്കുന്നവരും അന്നംപചിക്കുന്ന അഗ്നിയും ഞാൻതന്നെയാണ്.

ശ്ലോകം 15

സർവ്വസ്യചാഹം ഹൃദി സന്നിവിഷ്ടോ മത്തഃസ്മൃതിർജ്ഞാനമപോഹനം ച

വേദൈശ്ചസർവ്വൈരഹമേവ വേദ്യോ വേദാന്തകൃദ് വേദവിദേവ ചാഹം

ഞാൻ സർവ്വഹൃദയങ്ങളിലും ഇരിക്കുന്നു.എന്നിൽനിന്നാണ് സ്മൃതിയും ജ്ഞാനവും അപോഹനവും (വിസ്മൃതി) ഉണ്ടായത്.സർവേദങ്ങളാലും അറിയപ്പെടേണ്ടവൻ ഞാനാണ്. വേദാന്തകൃത്തും വേദകൃത്തും ഞാൻ. വേദകൃത്തായ ഋഷിമുതൽ പുൽക്കൊടിവരെ സർവ്വവസ്തുക്കളിലും ഒരേ ചൈതന്യമാണിരിക്കുന്നത്. മനുഷ്യരിൽ സ്മൃതി,ജ്ഞാനം എന്നിവയുണ്ടാക്കുന്നതും വിസ്മൃതിക്കും അജ്ഞാനത്തിനും കാരണമാവുന്നതും ഒരേ ശക്തിയാണ്. നിത്യശുദ്ധവും ബുദ്ധവും മുക്തവും സത്യവും സൂക്ഷ്മവും പരിപൂർണ്ണവും അദ്വയവും സദാനന്ദചിന്മാത്രയും ശാന്തവുമായ എന്നെ സർവ്വവസ്തുക്കളിലുമുള്ള നിർവ്വികൽപ്പബ്രഹ്മമെന്ന് അറിയുക.

ശ്ലോകം 16

ദ്വാവിമൌ പുരുഷൌ ലോകേ ക്ഷരശ്ചാക്ഷര ഏവ ച

ക്ഷരഃസർവ്വാണി ഭൂതാനി കൂടസ്ഥോക്ഷര ഉച്യതേ

ലോകത്തിൽ ക്ഷരമെന്നും അക്ഷരമെന്നും രണ്ടു പുരുഷന്മാരുണ്ട്. സർവ്വഭൂതങ്ങളും ക്ഷരമാണ്. കൂടസ്ഥനെയാണ് അക്ഷരമെന്നു പറയുന്നത്. കൂടമിവ തിഷ്ഠതി ഇതി കൂടസ്ഥ. കൂടം കപടമാണ്. മായയാണ്. മായാപ്രകൃതിയാകുന്ന ഉപാധിയോടുകൂടിയ , മായയിലിരിക്കുന്ന, സോപാധികബ്രഹ്മമാണ് കൂടസ്ഥനായ അക്ഷരപുരുഷൻ.

ശ്ലോകം 17

ഉത്തമഃപുരുഷസ്ത്വന്യഃപരമാത്മേത്യുദാഹൃതഃ

യോ ലോകത്രയമാവിശ്യ ബിഭർത്ത്യവ്യയ ഈശ്വരഃ

ഉത്തമപുരുഷനാകട്ടെ, ഇവരിൽനിന്ന് അന്യനാണ്. പരമാത്മാവെന്ന് പറയപ്പെടുന്നവനാണ്. മൂന്നുലോകങ്ങളേയും വ്യാപിച്ചിട്ട് അവ്യയനായ ഈശ്വരനാണ് എന്ന് ധരിക്കുക. സ്ഥാവരജംഗമങ്ങളെ പ്രകാശിപ്പിക്കുന്ന സൂര്യൻ അവയിൽനിന്ന് അന്യമായിരിക്കുന്നതുപോലെ ക്ഷരാക്ഷരപുരുഷന്മാരെ പ്രകാശിപ്പിക്കുന്ന പുരുഷോത്തമൻ അവരില്നിന്ന് അന്യനായിരിക്കുന്നു. അവൻ തന്റെ പരമപ്രകാശത്തെ സ്ഥൂലം, സൂക്ഷ്മം ,കാരണം എന്ന അശരീരങ്ങൾക്കും ഭൂർ,ഭുവ,സ്വർല്ലോകങ്ങൾക്കും നൽകുന്നതിനാൽ സർവ്വാധാരനാണ്. അതേസമയം സ്വയം നിരാധാരനുമാണ്. ജാഗ്രദവസ്ഥയിൽ ഇന്ദ്രിയങ്ങളോടു ചോർന്ന് വ്യവഹാരങ്ങൾ നടത്തുന്നതും സ്വപ്നത്തിൽ സൂക്ഷ്മശരീരത്തിലിരുന്നതും സുഷുപ്തിയിൽ അപൂർവ്വവിഷയഗ്രഹണം കാരണശരീരത്തിലൂടെ നിർവ്വഹിച്ചതും സമാധ്യവസ്ഥയിൽ തുരീയമായി നിരാധാരമായി നിർവ്വികൽപ്പമായി പ്രജ്ഞാപാരമിതത്തിൽ ലയിച്ചതും ഞാൻതന്നെ.

ഞാൻ ജാഗ്ദ്,സ്വപ്ന,സുഷുപ്ത്യവസ്ഥകളിൽ അവയെ പ്രകാശിപ്പിച്ച് കണ്ടറിയുന്നു. അവയോടു സംബന്ധപ്പെടാതെ അവയിൽനിന്ന് സ്വതന്ത്ര നായി തുരീയത്തിലിരിക്കുന്നു. ആ എന്നെ പുരുഷോത്തമനെന്ന് അറിയുക.

ശ്ലോകം 18

യസ്മാത് ക്ഷരമതീതോഹമക്ഷരാദപിചോത്തമഃ

അതോസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ

ഏതൊന്നിനാൽ ഞാൻ ക്ഷരത്തിന്ന് അതീതവും അക്ഷരത്തേക്കാൾ ഉത്തമ വുമായിരിക്കുന്നുവോ, അതിനാൽ ലോകത്തിലും വേദങ്ങളിലും ഞാൻ പുരുഷോത്തമൻ എന്ന് പ്രസിദ്ധനാകുന്നു. പുരുഷോത്തമനെ അറിയുന്ന വനും പുരുഷോത്തമനാകുന്നു.

ശ്ലോകം 19

യോ മാമേവമസംമൂഢോ ജാനാതി പുരുഷോത്തമം

സ സർവ്വവിദ് ഭജതി മാം സർവ്വഭാവേന ഭാരത

ആരാണോ വ്യാമോഹങ്ങളൊന്നുമില്ലാതെ, എന്നെ ഇപ്രകാരം പുരുഷോത്ത മനെന്ന് അറിയുന്നത് സർവ്വജ്ഞനായ അയാൾ സർവ്വഭാവത്തിലും എന്നെ ത്തന്നെ ഭജിക്കുന്നു.സർവ്വഭാവത്തിലും എന്നെ ഭജിക്കുക എന്ന പുരുഷോ ത്തമയോഗത്തെയാണ് ബഹുദൈവാരാധന എന്ന് പാശ്ചാത്യർ കളിയാക്കി പ്പറയാനിടയായത്.സർവ്വഭൂതങ്ങളിലും പുരുഷോത്തമനെ കാണുന്ന പുരു ഷോത്തമൻ, സർവ്വഭൂതങ്ങളേയും ഈശ്വരനെന്നു മനസ്സിലാക്കിആരാധിക്കും, കൈകൂപ്പി തൊഴും. സർവ്വഭൂതങ്ങൾക്കും സേവനം ചെയ്യും.സർവ്വഭൂത ങ്ങളേയും സ്നേഹിക്കും. ആ കാരുണ്യവാന്റെ ഓരോ നോക്കിലും വാക്കി ലും കർമ്മത്തിലും സർവ്വഭൂതങ്ങളോടുമുള്ള പ്രേമവും കരുണയും അഹിംസയും തുടിച്ചുനിൽക്കും.

ശ്ലോകം 20

ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ

ഏതദ് ബുദ്ധ്വാ ബുദ്ധിമാൻ സ്യാത് കൃതകൃത്യശ്ച ഭാരത

ഹേ,പാപരഹിതനായ ഭാരതാ, ഇപ്രകാരം അത്യന്തം രഹസ്യതമമായ ഈ ശാസ്ത്രം ഞാൻ നിന്നോടു പറയുന്നു. ഈ ശാസ്ത്രത്തെ ബോധിച്ചാൽ ബു ദ്ധിമാനും കൃതകൃത്യനുമായിത്തീരും. ഏറ്റവും രഹസ്യമായ ബ്രഹ്മവിദ്യ യാണ് ഉപദേശിക്കുന്നത്.ഗീതയുടെ ആരംഭം മുതൽക്കുതന്നെ ഭഗവാൻ പറയാൻ തുടങ്ങിയ പ്രജ്ഞയുടെ മറുകര ഈ അദ്ധ്യായത്തോടെത്തന്നെ കണ്ടുകഴിഞ്ഞു. ഇത് അനഘനായ ബ്രഹ്മവിദ്യാരതനു മാത്രം ഉപദേശിക്കാ വുന്ന ഗൂഢശാസ്ത്രമാണ്. ഇതറിഞ്ഞവൻ അഥവാ ബോധിച്ചവൻ ബോധി വൃക്ഷച്ചോട്ടിലിരുന്നാലും ഇല്ലെങ്കിലും ബുദ്ധനായിത്തീരും. കൃതകൃത്യനാ വും. ആദ്യശ്ലോകത്തിൽ പറഞ്ഞ സംസാരവൃക്ഷം ഇപ്പോൾ അവന്ന് ബോ ധിവൃക്ഷമായി പരിണമിച്ചിരിക്കുന്നു. ഈ പ്രജ്ഞാപാരമിതശാസ്ത്രം ഭാര തത്തിന്റെ അതിപ്രാചീനമായ ഗൂഢശാസ്ത്രമാണ്. പ്രജ്ഞാപാരമിതം അതീ ന്ദ്രിയവിവേകത്തിന്റെ സാരമാണ്.

പ്രജ്ഞാപാരമിതമെന്ന പേരിലറിയപ്പെടുന്ന ബുദ്ധമതഗ്രന്ഥങ്ങൾ ബുദ്ധൻ തന്റെ ഏറ്റവും അടുത്ത അനുയായികൾക്കും അതീന്ദ്രിയജ്ഞാനികൾക്കു മായി നൽകിയ പ്രഭാഷണങ്ങളുടേയും ഉപദേശങ്ങളുടേയും രൂപത്തിലാണ്. അതിന്റെ ശൈലിയെക്കുറിച്ച് ഇങ്ങനെ പറയപ്പെടുന്നു. Its style is profoundly metaphysical ,esoterical and symbolically mystical, in keeping with its original Esoterism.

ബുദ്ധന്റെ വാക്കുകൾ പകർത്തിയ മഹാകാശ്യപനെന്ന ശിഷ്യനിൽനിന്നാണ് ഈ ഗുഹ്യശാസ്ത്രം പിന്നീട് നാഗാർജ്ജുനന് ലഭിച്ചത്. നാഗാർജ്ജുനന്റെ അഭിപ്രായത്തിൽ ശാക്യമുനി ബുദ്ധൻ തന്റെ ഗ്രന്ഥത്തെ സൂക്ഷിക്കാൻ നാഗങ്ങളെ ഏൽപ്പിച്ചു. അവ സ്വീകരിക്കാൻ തയ്യാറെടുപ്പുള്ള മനുഷ്യർ ഉണ്ടാവുന്ന കാലം വരെ സാഗരത്തിനടിയിലെ രാജധാനിയിൽ നാഗങ്ങൾ അവ സൂക്ഷിച്ചുവെച്ചു. ശാക്യമുനിക്കുമുമ്പുള്ള ഋഷിമാരും ഇതേ നിഗൂഢ ജ്ഞാനം ഇതുപോലെ പഠിപ്പിച്ചിട്ടുണ്ട് എന്ന് നാഗാർജ്ജുനൻ പറയുന്നു. യോഗികളായ നാഗങ്ങളിലൂടെ ഈ ഗുഹ്യശാസ്ത്രം തലമുറകളിലേക്ക് പക രുന്നു. നാഗാർജ്ജുനന് തന്നെ സാഗരമദ്ധ്യത്തിലെ നാഗരാജധാനിയിലെ നാഗ രാജാവിൽനിന്നാണ് ഇത് ഗ്രഹിക്കാൻ കഴിഞ്ഞത്.

സാഗരം ജലപ്രപഞ്ചമാണ്. അമാനുഷമായ ചൈതന്യസാഗരത്തിൽനിന്നാണ് ഈ നിഗൂഢശാസ്ത്രം ഉണ്ടായതെന്നും ആ നിഗൂഢവും അമാനുഷവുമായ അതീന്ദ്രിയലോകത്തെ ചക്രവർത്തിയായ പുരുഷോത്തമനെ ഗ്രഹിച്ച നാഗാർജ്ജുനനും പുരുഷോത്തമനായി ഭവിച്ചു എന്നും സാരം. കടലിലെ (പാലാഴിയിലെ) യോഗേശ്വരനായ നാഗം(അനന്തൻ) ആണ് ഈ ജ്ഞാനം സംരക്ഷിക്കുന്നത്.

നേത്രത്തിന്റെ ബോധം, ശ്രോത്രത്തിന്റെ ബോധം, നാസികയുടെ ബോധം, രസനയുടെ ബോധം,ശരീരബോധം,മനസ്സിന്റെ ബോധം എന്ന ആറു തത്വം ജാഗ്രദവസ്ഥയിലെ ബോധത്തിനുണ്ടെന്ന് പ്രജ്ഞാപാരമിതം പറയുന്നു. പൃ ഥ്വി, ജലം,അഗ്നി,വായു,ആകാശം, ബോധം എന്ന് ആറു മൌലികവസ്തു ക്കളാണ് ഉള്ളത്. അജ്ഞാനം,വിചാരം,ജന്മബോധം ,മാനസികവും ഭൌതിക വുമായ ആറുമൌലികവസ്തുക്കൾ,ഇന്ദ്രിയബോധം, സ്പർശം, ഇന്ദ്രിയവേ ദ്യമായ അനുഭവങ്ങൾ, ദാഹം,ഗ്രഹണം,സ്ഥിതി, ജനനം,ജര,മൃത്യു ഇവയാ ണ് 12 നിദാനങ്ങൾ. അർജ്ജുനനെന്ന യോഗ്യനായ ശിഷ്യന് മഹായോഗേശ്വ രനായ കൃഷ്ണൻ പഠിപ്പിക്കുന്ന ഗീതയിലും ഇവ ഓരോന്നിനെ അതാതു സ്ഥാനത്ത് പ്രതിപാദിക്കുന്നു. കൃഷ്ണൻ സമുദ്രമദ്ധ്യത്തിൽ അനന്തനാഗോ പരി യോഗനിദ്ര ചെയ്യുന്ന , കാലാകാലങ്ങളിൽ ധർമ്മം ക്ഷയിക്കുമ്പോൾ അവതരിച്ച് ധർമ്മോപദേശം ചെയ്യുന്ന അനുഗ്രഹമൂർത്തിയാണ്. ശരീരം ,മനസ്സ്,വാക്ക് എന്നിവയുടെ സർവ്വദൈവീകപ്രവൃത്തികളും വിവേകത്തിനു മുമ്പ് സംഭവിക്കുകയും വിവേകത്തിനുശേഷം തുടർന്നും സംഭവിക്കുകയും ചെയ്യുന്നവയാണെന്ന് പ്രജ്ഞാപാരമിതത്തെപ്പോലെ ഗീതയും പഠിപ്പിക്കുന്നു. ജ്ഞാനത്തിനു മുമ്പും പിമ്പും മനോവാക് കായങ്ങളുടെ ദൈവീവൃത്തി സംഭവിക്കുന്നു. ശൂന്യത,തഥാത എന്ന് നിഷേധാത്മകവും ധനാത്മകവുമായ രണ്ടു തത്വങ്ങളെ ആധാരമാക്കിയ പ്രജ്ഞാപാരമിതം അനിത്യം, നിത്യം (ബ്രഹ്മം,മായ) എന്ന രണ്ട് ഉപാധികളെക്കൊണ്ട് ശാസ്ത്രസത്യം തെളിയിക്കു ന്നതിൽ വേദാന്തത്തിനു തുല്യമാണ്. പ്രജ്ഞാപാരമിതത്തെക്കുറിച്ച് ഗുരു നിത്യചൈതന്യയതി അയച്ചുതന്ന റഫറൻസിൽനിന്ന് ചില വരികളുദ്ധരി ക്കുന്നു.

As modern scholars have noted ,those great thinkers of ancient India thought, as Kant did seventeen centuries afterwards, that the world is will and representation. For the doctrine of Shunyatha implies that true knowledge is attainable only by the All-Enlightened Mind, free of all ignorance, of all illusions, and transcendent over representation, over appearences, born of the willpower of mind.

The sage has gone down into the depths of his heart .He has seen there and here he forestalls our critique of pure reason-the external world ,in the phenomenon of representation, taking shape and vanishing there. He has seen the dissolution of all that we call the Ego,of the substantial soul. Because Buddhsm denies it and of the phenomenal ego,because its fall is involved in that of the external world. In place of this world of moral suffering and material obstacles ,of internal egoisms and external adversity.,an apparently bottomless gulf opens in the heart -a luminous and as it were submarine gulf, unfathomable full of ineffeble beauties of fleeting depths and infinite transparencies on the surface of this vacuity into which the eye plunges dazzled.The mirage of things plays in changing colours,but there things, as we know exist only as such-Thathata- and therefore, are as if they were not.

ബോധിച്ചവന്റെ മനസ്സിൽ അജ്ഞാനമില്ല. അവിദ്യയില്ല. അവൻ ഭൗതികമായ ഇന്ദ്രിയലോകത്തിന് അതീതനാണ്. അവന്നുമാത്രമേ ശൂന്യത എന്ന് വിളിക്കുന്ന കാരണജലധിയിലേക്ക് പ്രവേശനമുള്ളു. സ്വന്തം ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിയ മുനി ആ ഗഹ്വരത്തിൽ ഭൗതികപ്രപഞ്ചങ്ങൾ സൃഷ്ടിക്കപ്പെടുന്നതും മശിക്കുന്നതും ദർശിക്കുന്നു. പുറംലോകത്തിന്റെ മാനാപമാനങ്ങളിൽനിന്നും അഹങ്കാരത്തിൽനിന്നും മുക്തനാകുന്നു. ഈ സംസാരപ്രപഞ്ചത്തിനു പകരം മുനിഹൃദയത്തിൽ ആഴമളക്കാനാവാത്ത ഒരു ചിദാനന്ദസൌന്ദര്യസാഗരം കാണപ്പെടുന്നു. ആ ശൂന്യതയുടെ ഉപരിതലത്തിൽ ദൃഷ്ടി ചെന്നുമുട്ടുന്നിടത്തൊക്കെ വർണ്ണനൃത്തം.അക്ഷരസ്ഫോടം. ചിദാനന്ദം. അവിടെ വസ്തുക്കൾ എന്താണോ അതായി(തഥാത)കാണപ്പെടുന്നു. ജാഗ്ദ്സ്വപ്നസുഷുപ്തികളിൽ ദർശിച്ചതല്ലാത്ത, ശരിയായ അവസ്ഥയിൽ ആ ചൈതന്യസാഗരോപരി, പുരുഷോത്തമനെ മുനി ദർശിക്കുന്നു. ആഴമറിയാത്ത,അറ്റമില്ലാത്ത ഏകാഗ്രധ്യാനത്തിന്റെ പരിശുദ്ധമായ ശൂന്യതയിൽ എല്ലാം ആ ചൈതന്യമായി ദർശിക്കുന്നു. മനസ്സ് പ്രപഞ്ചത്തിൽനിന്നും മനസ്സിൽനിന്നു തന്നെയും മുക്തമാകുന്നു.അവനവനെ നശിപ്പിച്ച മനസ്സ്, തനിക്കതീതമായ ഒരു മഹാശക്തിയായി ,മഹാത്ഭുതമായി, അളക്കാനാവാത്ത മഹാസാഗരത്തിന്റെ അഗാധതയിൽനിന്ന് വിജയശ്രീലാളിതമായി പൊന്തിവരുന്നു. അമരത്വത്തിന്റെ അമൃതകുംഭവും കയ്യിലേന്തിക്കൊണ്ട് ആ പുണ്യപുരാതനപുരുഷൻ പ്രളയജലോപരി വൃദ്ധാചലമെന്നപോലെ ഉയർന്നുനിൽക്കുന്നു.

ഇവിടെ മനുഷ്യമനസ്സാണ് പ്രപഞ്ചവും സൌരയൂഥവും എല്ലാം സൃഷ്ടിക്കുന്നത്.ദ്രവ്യം ചിന്തയുടെ സാന്ദ്രീകൃതമായ അവസ്ഥ മാത്രമാണ്. ദൃശ്യമായ ജഗത്ത് ചിന്തയുടെ സാന്ദ്രാവസ്ഥയാണ്. ജഡം ചൈതന്യത്തിന്റെ സാന്ദ്രാവസ്ഥയാണ്. പുരുഷോത്തമൻ കണ്ണാടിപോലെയാണ്. അതിൽ പ്രതിഫലിക്കുന്നതെല്ലാം മായയാണ്. മനുഷ്യമനസ്സിലെ പുരുഷോത്തമൻ മായയായ ദൃശ്യജഗത്തിനെ തന്നിൽ പ്രതിഫലിപ്പിക്കുന്നു.സംസാരവും നിർവ്വാണവും ഭേദമില്ലാത്ത അവസ്ഥയിലേക്ക് നാം എത്തിച്ചേരുന്നു. ബോധമുദിച്ച മനസ്സിൽ ഒന്നുമാത്രമേ ഉല്ളു ,രണ്ടില്ല. എല്ലാം ദ്വന്ദ്വങ്ങളും തീർന്ന അദ്വൈതഭൂമികയാണത്.The phenomena are the ocean of mind conceived as waves of thoughts. The absolute is the waves conceived as ocean..Thus the duality is present in appearance. But not in

reality.മനസ്സിന്റെ സാഗരത്തിൽ വസ്തുക്കൾ ചിന്താതരംഗങ്ങളാണ്. പരബ്രഹ്മം സാഗരമായി ദർശിക്കപ്പെടുന്ന തരംഗങ്ങളും . സാഗരവും തരംഗവും വേർപിരിക്കാനാവില്ല. മനുഷ്യമനസ്സ് തിരയടങ്ങിയ ചിദാനന്ദസാഗരമാകുമ്പോൾ അദ്വൈതാനുഭൂതിയാണ് ഫലം. അത്തരം മനസ്സിന്റെ ശക്തി നിസ്സീമമാണ്.

സർവ്വവസ്തുക്കളും ,മനുഷ്യനടക്കം, ശാശ്വതനിർവ്വാണത്തിൽ ലയിച്ചുകിടക്കുന്ന പുരുഷോത്തമനാണ്. എന്നാൽ,മിഥ്യയായ പുറംപൂച്ചുകളാൽ മോഹിതനായ മനുഷ്യൻ അജ്ഞാനനിദ്രയിൽ കിടന്ന് താൻശരിയെന്ന് കരുതുന്ന ചില മിഥ്യാസ്വപ്നങ്ങൾ കാണുകയാണ്.ഈ മിഥ്യയിൽനിന്നുണരുമ്പോൾ, നിർവ്വാണം ഇവിടേയും എവിടേയും എപ്പോഴും സർവ്വവസ്തുക്കളിലുമുണ്ട് എന്നും അത് അനാദിയും അജവും ശാന്തവും ഗുണാതീതവുമാണെന്നും സാക്ഷാത്കരിക്കുന്നു. ആനന്ദകരമായ അതീന്ദ്രിയാനുഭൂതി അറിയുന്ന സമാധിയിൽ യോഗി ഈ അതീന്ദ്രിയജ്ഞാനരഹസ്യത്തെ സ്പർശിക്കുന്നു.

പ്രജ്ഞാപാരമിതം ബോധിസത്വന്മാരുടെ അമ്മയാണ്. അവൾ ബോധിസത്വന്മാർക്ക് ജന്മം നൽകുന്നു. പാലിച്ച് പോഷിപ്പിച്ച് വളർത്തുന്നു. അവൾ ശക്തിയാണ്. തിബത്തിൽ രക്ഷക എന്നർത്ഥത്തിൽ അവളെ ഡോൾമ എന്ന് വിളിക്കുന്നു. കാരുണ്യദേവതയായ അവളെ ബുദ്ധമതം താര എന്നും വിളിക്കുന്നു. അക്ഷരബ്രഹ്മം താരകബ്രഹ്മമാണ്. മഹത്തായ ദൈവീശക്തിയാണ്, മായയാണ്,പരാവിദ്യയാണ്.

ഭഗവദ്ഗീത ഈ മഹത്തായ യോഗിമാർഗ്ഗത്തെ ഉപദേശിക്കുന്ന മഹദ്ഗ്രന്ഥമാണ്. ചിരപുരാതനവും ബ്രാഹ്മീസ്ഥിതി എന്ന പേരിൽ അറിയപ്പെടുന്നതും ദക്ഷിണേന്ത്യൻ നാഗവംശീയരിൽ പ്രചാരത്തിലിരുന്നതുമായ നിഗൂഢ ജ്ഞാനശാസ്ത്രത്തെയാണ് വ്യാസമുനി പ്രതിപാദിക്കുന്നത്. അതിനാൽ പ്രജ്ഞാപാരമിതവും ബ്രാഹ്മീസ്ഥിതിയും തമ്മിലുള്ള താരതമ്യപഠനം രസാവഹമാണ്. ഹിന്ദുമതെ ബുദ്ധമതത്തെ ധ്വംസനം ചെയ്തു എന്ന് ചരിത്രമെഴുതിവെച്ച പാശ്ചാത്യരാരും ഗീതയോ പ്രജ്ഞാപാരമിതമോ പഠിച്ചിട്ടില്ല. രണ്ടും ഒന്നാണെന്നറിയണമെങ്കിൽ രണ്ടും നന്നായി പഠിച്ചിരിക്കണമല്ലോ. ഈ രഹസ്യശാസ്ത്രത്തോടൊപ്പം ബുദ്ധജൈനമതങ്ങളും ഹിന്ദുമതവും വ്യത്യസ്തങ്ങളല്ല, അതാതു കാലത്ത് ഉണ്ടായ പരിഷ്കരണം മാത്രമാണെന്ന രഹസ്യസത്യവും ലോകത്തിനു മുന്നിൽ അനാവരണം ചെയ്യാൻ ഭാരതീയർ ശ്രദ്ധാലുക്കളായിത്തീരട്ടെ. സത്യം ബോധിച്ച ധാരാളം ബുദ്ധന്മാർ ബോധിയെ ബോധിച്ച് കൃതകൃത്യരാവട്ടെ.

അദ്ധ്യായം 16 ദൈവാസുരസമ്പദ്വിഭാഗയോഗം

അശോച്യാനന്വശോചസ്ത്വം എന്നാരംഭിക്കുന്ന രണ്ടാമദ്ധ്യായത്തിലെ 11ആം ശ്ലോകം മുതൽ ഇതിഗുഹ്യതമം സാസ്ത്രം എന്നാരംഭിക്കുന്ന 15ആം അദ്ധ്യായത്തിലെ 20 ശ്ലോകം വരെയുള്ള ഭാഗം മനസ്സിലാക്കിക്കഴിഞ്ഞാൽ ഗീത മുഴുവനായി മനസ്സിലാക്കിക്കഴിഞ്ഞു. അതിലധികം അറിയേണ്ടതായിട്ട് ഒന്നുമില്ല. ഈ ഭാഗങ്ങലിൽ നിർവ്വിശേഷമായ പരബ്രഹ്മത്തെ ഗുരു ശിഷ്യ ന് പടിപടിയായി അനാവരണം ചെയ്തുകൊടുത്തു. ശിഷ്യൻ ബ്രഹ്മജ്ഞാ നമാകുന്ന പരമവിവേകം ലഭിച്ച് ആരൂഢനായിത്തീർന്നു. ആരുരുക്ഷുവാ യിരുന്ന കാലത്തും ബ്രഹ്മജ്ഞാനാനുഭവത്തിനു ശേഷവും ശരീരവും വാ ക്കും മനസ്സും എപ്രകാരം ദൈവീസമ്പത്തിയെ അവലംബിച്ചിരിക്കുന്നു എന്ന് ഈ അദ്ധ്യായത്തിൽ പറയുന്നു. ജ്ഞാനാനുഭവത്തിനു മുമ്പും പിമ്പും ആരുരുക്ഷുവിലും ആരൂഢനിലും ദൈവീവൃത്തി സംഭവിക്കുന്നു. ദൈവീവൃത്തിക്ക് വിപരീതമായ ആസുരീവൃത്തികളേയും ഈ അദ്ധ്യായം വിവരിക്കുന്നു.

ശ്ലോകം 1 ശ്രീഭഗവാനുവാചഃ

അഭയം സത്വസംശുദ്ധിർജ്ഞാനയോഗവ്യവസ്ഥിതിഃ

ദാനം ദമശ്ച യജ്ഞശ്ച സ്വാദ്ധ്യായസ്തപ ആർജ്ജവം

ശ്ലോകം 2

അഹിംസാ സത്യമക്രോധസ്ത്യാഗഃശാന്തിരപൈശുനം

ദയാ ഭൂതേഷ്വലോലുപ്തം മാർദ്ദവം ഹ്രീരചാപലം

ശ്ലോകം 3

തേജഃക്ഷമാ ധൃതിഃശൌചമദ്രോഹോ നാതിമാനിതാ

ഭവന്തി സംപദം ദൈവീമഭിജാതസ്യ ഭാരത

അഭയം,അന്തഃകരണശുദ്ധി,ജ്ഞാനയോഗത്തിലുറച്ച മനസ്ഥിതി, ദാനം, ദമം, യജ്ഞം, സ്വാദ്ധ്യായം, തപസ്സ്, ആർജ്ജവം, അഹിംസ,സത്യഭാഷണം, ക്രോധ മില്ലായ്മ,ത്യാഗം,ശാന്തി,പരദൂഷണം പറഞ്ഞ് കലഹിപ്പിക്കുന്ന സ്വഭാവമി ല്ലായ്മ, സർവ്വഭൂതദയ,വിഷയലോലുപതയില്ലായ്മ, മൃദുലഹൃദയം, ലജ്ജ, ചാപല്യമില്ലായ്മ, തേജസ്സ്, ദ്രോഹബുദ്ധിയില്ലായ്മ, ദുരഭിമാനമില്ലായ്മ, എന്നിവ ദൈവീസമ്പത്തിയിൽ ജനിച്ചവന് ഭവിക്കുന്നു. ഇവിടെ യജ്ഞം പഞ്ചമഹായജ്ഞം അനുഷ്ഠിച്ചുകൊണ്ടുള്ള ജീവിതമാണ്. വൈദികയജ്ഞ മല്ല.

ഭാഗവതോത്തമന്മാർക്ക് അവശ്യം വേണ്ട ഗുണമാണ് അഭയം. വിവേകാന ന്ദസ്വാമികൾ അഭയരായിരിക്കുക എന്ന് ആഹ്വാനം ചെയ്തു. അഭയമാക ണമെങ്കിൽ ഭഗവാനുമായി തന്മയീഭാവം നേടി അദ്വൈതാവസ്ഥയിലെത്ത ണം. മേൽപ്പത്തൂരിന്റെ നാരായണീയത്തിൽ പറയുന്നുഃ-

ഭീതിർന്നാമദ്വിതീയാത് ഭവതിനനുമനഃകൽപ്പിതം ച ദ്വിതീയാ

തേനൈക്യാഭ്യാസശീലോ ഹൃദയമിഹയഥാശക്തിബുദ്ധ്യാനിരുദ്ധ്യാം

മായാവിദ്ധേതു തസ്മാൻ പുനരപി നതഥാഭാതി മായാദിനാഥം

ത്വാം ഭക്ത്യാ മഹത്യാ സതതമനു ഭജന്നീശ ഭീതിം വിജഹ്യാം

ഭയമുണ്ടാകുന്നത് രണ്ടാമതൊരു വസ്തുവിൽനിന്നാണ്. ആ ദ്വിതീയവസ്തു വാകട്ടെ, മനഃകൽപ്പിതമാകയാൽ ഇല്ലാത്തതാണുതാനും.ഐക്യാഭ്യാസം അഥവാ അദ്വൈതം പരിശീലിക്കാൻ ഹൃദയത്തെ ബുദ്ധി കൊണ്ടറിഞ്ഞ് നിരോധിക്കണം. ഹൃദയം മായാബദ്ധമാണ്. അതിനാൽ നിരോധിച്ചിട്ടും അത് അദ്വൈതത്തിൽ ഉറച്ച് ശോഭിക്കുന്നില്ല. അതിനാൽ മായാധിപനായ പുരുഷോത്തമനെത്തന്നെ ഭക്തിപൂർവ്വം സേവിച്ച് മായയെ ജയിച്ച് ഞാൻ ഭയത്തെ നീക്കുന്നു. നിർമ്മലമായ അന്തഃകരണത്തോടെ ഞാൻ ജ്ഞാനയോഗ ത്തിൽ അടിയുറച്ച് നിൽക്കുന്നു.ഓരോ കർമ്മവും യജ്ഞമായി ഞാൻ ഈശ്വരനിലർപ്പിക്കുന്നു.ജ്ഞാനഭക്തികർമ്മയോഗങ്ങളുടെ സമന്വയത്താൽ ഞാൻ സംസാരസാഗരത്തെ ഗോഷ്പദമാക്കി കടന്നുചെല്ലുന്നു. ജ്ഞാനഭിക്ഷ അർത്ഥിച്ചുവരുന്നവർക്ക് വഴികാട്ടിക്കൊടുത്ത് ജ്ഞാനദാനം ചെയ്യുന്നു. ഇ ന്ദ്രിയനിഗ്രഹം ചെയ്ത് നിരന്തരം ധ്യാനയോഗത്തിൽ ഏർപ്പെടുന്നു. സ്വാ ദ്ധ്യായം,അഹിംസ,തപസ്സ്,സത്യം എന്നീ ചതുർഭദ്രങ്ങളാൽ എന്റെ ജീവിത ത്തിന് ഞാൻ പ്രകാശം നൽകുന്നു. ശാന്തമായ ഹൃദയത്തോടെ ദൈനന്ദിന കർമ്മങ്ങളിലേർപ്പെടുന്നു. എന്റെ വാക്കും വിചാരവും എപ്പോഴും പൊരു ത്തപ്പെട്ടുപോകുന്നു. ഈ ഗുണങ്ങൾ പരമഭാഗവതോത്തമയായ എന്റെ ദൈ വീസമ്പത്തികളാണ്. .പരമഭാഗവതോത്തമന്റെ ഗുണങ്ങൾ എന്നിലുണ്ടോ എന്നറിയാൻ ദൈവീസമ്പത്തിയെക്കുറിച്ച വിവരണം സഹായിക്കുന്നുണ്ട്. ഞാനാരെയും ദ്രോഹിക്കുന്നില്ല. പരദൂഷണം പറയുന്നില്ല. വാക്കിലും കർമ്മത്തിലും ഹൃദയത്തിലും അഹിംസയും ധർമ്മവും പുലർത്തുന്നു. തേജസ്സും ക്ഷമയും ധൈര്യവും കർമ്മകുശലതയും എന്റെ ദൈവീസമ്പത്തി കളാണ്. ശിഷ്യന് ആത്മവിശകലനം നടത്താനാണ് പുരുഷോത്തമയോഗശേ ഷം ദൈവാസുരിസമ്പദ്വിഭാഗയോഗം ഉപദേശിക്കുന്നത്.

ശ്ലോകം 4

ദംഭോ ദർപ്പോഭിമാനശ്ച ക്രോധഃപാരുഷ്യമേവ ച

അജ്ഞാനം ചാഭിജാതസ്യ പാർത്ഥ സമ്പദമാസുരീം

ഇല്ലാത്തത് ഉണ്ടെന്ന് നടിക്കുന്ന ദംഭം, ധനം മുതലായവയെക്കുറിച്ചുള്ള ഞെളിയലായ ദർപ്പം, ദുരഭിമാനം, ക്രോധം, പാരുഷ്യം, അജ്ഞാനം എന്നി വ ആസുരീസമ്പത്തിയോടെ ജനിച്ചവരിൽ കാണുന്നു. അയാൾ ഹിംസയുടേ യും അതൃപ്തിയുടേയും അസത്യത്തിന്റേയും ക്ഷോഭത്തിന്റേയും മൂർത്തിമ ദ്ഭാവമായിരിക്കും.

ശ്ലോകം 5

ദൈവീസമ്പദ്വിമോക്ഷായ നിബന്ധായാസുരീ മതാ

മാ ശുചഃസംപദം ദൈവീമഭിജാതോസി പാണ്ഡവ

ദൈവീസമ്പത്ത് മോക്ഷത്തിനു കാരണമാകുന്നു. ആസുരീസമ്പത്ത് ബന്ധ ത്തിനും. ദുഃഖിക്കേണ്ട. നീ ദൈവീസമ്പത്തോടെ ജനിച്ചവനാണ്.

ശ്ലോകം 6

ദ്വൌ ഭൂതസർഗ്ഗാ ലോകേസ്മിൻ ദൈവ ആസുര ഏവ ച

ദൈവോ വിസ്തരശഃപ്രോക്ത ആസുരാ പാർത്ഥ മേ ശൃണു

രണ്ടുതരം ഭൂതസൃഷ്ടി ലോകത്തിലുണ്ട്. ദൈവവും ആസുരിയും .ദൈവീസ മ്പത്തി വിസ്തരിച്ചുപറഞ്ഞു. ഇനി ആസുരിയെ പറയാം. കേട്ടോളു.

ശ്ലോകം 7

പ്രവൃത്തിം ച നിവൃത്തിം ച ജനാ ന വിദുരാസുരാഃ

ന ശൌചം നാപി ചാചാരോ ന സത്യം തേഷു വിദ്യതേ

പ്രവൃത്തിക്കേണ്ടതെന്ത്, നിവൃത്തിക്കേണ്ടതെന്ത് എന്ന് ആസുരജനങ്ങൾക്ക് അറിവില്ല.അവർക്ക് ശൌചമില്ല,സദാചാരമില്ല,സത്യവുമില്ല.

ശ്ലോകം 8

അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരം

അപരസ്പരസംഭൂതം കിമന്യത് കാമഹൈതുകം

അവർ വാദിക്കുന്നു: ജഗത്ത് അസത്യമാണ്, ആധാരങ്ങളില്ലാത്തതാണ്, കാമം കൊണ്ട് സ്ത്രീപുരുഷന്മാർ സംയോഗിച്ച് ഉണ്ടായതല്ലാതെ ഇവിടെ മറ്റെന്തുണ്ട്.

ശ്ലോകം 9

ഏതാം ദൃഷ്ടിമവഷ്ടഭ്യ നഷ്ടാത്മാനോൽപ്പബുദ്ധയഃ

പ്രഭവന്ത്യുഗ്രകർമ്മാണഃ ക്ഷയായ ജഗതോഹിതാഃ

ഈ ദൃഷ്ടിയെ (കാഴ്ചപ്പാടിനെ) മുറുക്കിപ്പിടിച്ച് നഷ്ടാത്മാക്കളും അൽപ്പ ബുദ്ധികളുമായി, ക്രൂരകർമ്മങ്ങൾ ചെയ്യുന്നവരും ലോകത്തിന് അഹിതം പ്രവർത്തിക്കുന്നവരുമായ അവർ ലോകം നശിപ്പിക്കാൻ ജനിക്കുന്നു.

ശ്ലോകം 10

കാമമാശ്രിത്യ ദുഷ്പൂരം ദംഭമാനമദാന്വിതാഃ

മോഹാദ്ഗൃഹീത്വാസദ്ഗ്രാഹാൻ പ്രവർത്തന്തേശുചിവ്രതഃ

പൂരിപ്പിച്ചാലും പൂരിപ്പിക്കാനാവാത്ത കാമത്തെ ആശ്രയിച്ച് ദംഭം, ദുരഭി മാനം,മദം എന്നിവയോടുകൂടി വൃത്തികെട്ട വ്രതങ്ങളോടുകൂടിയ അവർ മോഹത്താൽ അസദ്വൃത്തരായി ജീവിക്കുന്നു.

ശ്ലോകം 11

ചിന്താമപരിമേയാം ച പ്രളയാന്താമുപാശ്രിതാഃ

കാമോപഭോഗപരമാ ഏതാവദിതി നിശ്ചിതാഃ

ശ്ലോകം 12

ആശാപാശശതൈർബദ്ധാഃ കാമക്രോധപരായണാഃ

ഈഹന്തേ കാമഭോഗാർത്ഥമന്യായേനാർത്ഥസഞ്ചയാൻ

പ്രലയാന്ത്യത്തിൽ (മരണകാലത്ത്) അളക്കാനാവാത്ത ചിന്തകളിൽ കുടുങ്ങി, കാമോപഭോഗം തന്നെയാണ് പരമമെന്ന് നിശ്ചയിച്ച് ആശാപാശശതങ്ങളി ൽപ്പെട്ട്, കാമക്രോധവശഗരായി, കാമഭോഗങ്ങൾക്കായി അന്യായമായി അർത്ഥം സംഭരിച്ചുവെക്കാൻ തിരക്കുകൂട്ടുന്നു. മരണകാലത്തുപോലും ആസുരിവൃത്തികൾ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല.

ശ്ലോകം 13

ഇദമദ്യ മയാലബ്ധമിമം പ്രാപ്സ്യേ മനോരഥം

ഇദമസ്തീദമപി മേ ഭവിഷ്യതി പുനർധനം

ഇന്ന് ഞാൻ ഈ വസ്തു സമ്പാദിച്ചു. ഞാൻ ഈ മനോരഥം സാധിക്കും. എനിക്ക് ഇത്ര ആസ്തിയുണ്ട്. ഇത്രകൂടിലഭിക്കും. എന്നൊക്കെ ആസുരീ വൃത്തികൾ കണക്ക് കൂട്ടിക്കൊണ്ടേ ഇരിക്കും.

ശ്ലോകം 14

അസൌ മയാ ഹതഃശത്രുർഹനിഷ്യേ ചാപരാനപി

ഈശ്വരോഹമഹം ഭോഗീ സിദ്ധോഹം ബലവാൻ സുഖീ

ആ ശത്രുവിനെ ഞാൻ വധിച്ചു. അപരനേയും ഹനിക്കും. ഞാനാണ് ഈശ്വരൻ,ഞാനാണ് ഭോഗി. ഞാനാണ് സിദ്ധൻ ,ഞാൻ ബലവാനും സുഖിയുമാണ് എന്ന് അഹങ്കരിക്കും.

ശ്ലോകം 15

ആഢ്യോഭിജനവാനസ്മി കോന്യോസ്തി സദൃശോ മയാ

യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാനവിമോഹിതഃ

ഞാൻ ആഢ്യനാണ്.വലിയ തറവാട്ടുകാരനാണ്. എനിക്ക് സദൃശനായി മറ്റാരുണ്ട്. ഞാൻ യാഗം ചെയ്യും. ദാനം ചെയ്യും,സുഖിക്കും എന്ന് അജ്ഞാനത്താൽ മോഹിതരായി അവർ കരുതുന്നു.

ശ്ലോകം 16

അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ

പ്രസക്താഃ കാമഭോഗേഷു പതന്തി നരകേശുചൌ

അനേകചിത്തവിഭ്രാന്തിയോടുകൂടി, മോഹജാലങ്ങളാൽ ചുറ്റപ്പെട്ട് കാമ ഭോഗങ്ങളിൽ മുഴുകി അവർ മലിനമായ നരകലോകങ്ങളിൽ പതിക്കുന്നു. സ്വന്തം നാകവും നരകവും പണിയുന്നത് അവനവൻ തന്നെയാണ്. ശാന്തി യില്ലാതെ വിഭ്രാന്തചിത്തനായി ഉഴലുന്നവർ നരകം സൃഷ്ടിക്കുന്നു. ശാരീരി

കമായും മാനസികമായും തളർന്ന് സ്വയം നിർമ്മിച്ച നരകത്തിൽ കിടന്ന് ഉഴലുന്നു.

ശ്ലോകം 17

ആത്മസംഭാവിതാഃസ്തബ്ധാ ധനമാനമദാന്വിതാഃ

യജന്തേനാമയജ്ഞൈസ്തേ ദംഭേനാവിധിപൂർവ്വകം

സ്വയം കേമനെന്ന് നടിച്ച് ആരെയും വിലവെക്കാതെ എനിക്ക് ധനമുണ്ടെന്ന് ദുരഭിമാനവും മദവും കൊണ്ട് ദംഭത്തോടുകൂടി അവർ വിധിയൊന്നും നോക്കാതെ യജ്ഞത്തിന്റെ പേരിൽ പലതും കാട്ടിക്കൂട്ടുന്നു

ശ്ലോകം 18

അഹങ്കാരം ബലം ദർപ്പം കാമം ക്രോധം ച സംശ്രിതാഃ

മാമാത്മപരദേഹേഷു പ്രദ്വിഷന്തോഭ്യസൂയകാഃ

അഹങ്കാരം, ബലം,ദ്ർപ്പം,കാമം,ക്രോധം എന്നിവ ചേർന്ന് അസൂയാലുക്കളായി സ്വന്തം ദേഹത്തിലും മറ്റു ദേഹങ്ങളിലും കുടികൊണ്ടിരിക്കുന്ന പരമാത്മാവായ എന്നെ ദ്വേഷിച്ചുകൊണ്ട് അവർ ജീവിതം നയിക്കുന്നു.

ശ്ലോകം 19

താനഹം ദ്വിഷതഃക്രൂരാൻ സംസാരേഷു നരാധമാൻ

ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവ യോനിഷു

സർവ്വരേയും ദ്വേഷിച്ചുകൊണ്ടും ദ്രോഹിച്ചും കഴിയുന്ന അശുഭന്മാരും നരാധമന്മാരുമായ ആ ക്രൂരന്മാരെ ഞാൻ സംസാരത്തിൽ അസുരയോനികളിലേക്ക് തന്നെ വീണ്ടും വീണ്ടും എറിയുന്നു.

ശ്ലോകം 20

ആസുരീം യോനിമാപന്നാ മൂഢാ ജന്മനി ജന്മനി

മാമപ്രാപ്യൈവ കൌന്തേയ തതോ യാന്ത്യധമാം ഗതിം

അസുരയോനിയിൽ ജനിച്ചും മരിച്ചും കഴിയുന്ന ആ മൂഢന്മാർ ജന്മജന്മാന്തരങ്ങളിൽ എന്നെ പ്രാപിക്കാൻ കഴിയാതെ അധമഗതിയിലേക്ക് നീങ്ങുന്നു.

ശ്ലോകം 21

ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ

കാമഃക്രോധസ്തഥാലോഭസ്തസ്മാദേതത് ത്രയം ത്യജേത്

നരകത്തിലേക്ക് മൂന്നു വാതിലുകളാണുള്ളത്. കാമം,ക്രോധം,ലോഭം. ആത്മനാശം വരുത്തുന്ന ഇവ മൂന്നിനേയും ഉപേക്ഷിക്കണം.

ശ്ലോകം 22

ഏതൈർവിമുക്തഃകൌന്തേയ തമോദ്വാരൈസ്ത്രിഭിർന്നരഃ

ആചരത്യാത്മനഃശ്രേയസ്തതോ യാതി പരാം ഗതിം

ഈ മൂന്നു തമോദ്വാരങ്ങളേയും ഉപേക്ഷിച്ച നരൻ ആത്മശ്രേയസ്സിന്നായി സാധന ആചരിക്കുന്നു. അങ്ങനെ പരമഗതി ലഭിക്കുന്നു.

ശ്ലോകം 23

യഃശാസ്ത്രവിധിമുത്സൃജ്യ വർത്തതേ കാമകാരതഃ

ന സ സിദ്ധിമവാപ്നോതി ന സുഖം ന പരാം ഗതിം

ആരാണോ ശാസ്ത്രവിധിയെ ഉപേക്ഷിച്ച് കാമകാരനായി തന്നിഷ്ടം പോലെ നടക്കുന്നത് അവന്ന് സിദ്ധിയോ സുഖമോ പരമഗതിയോ ലഭിക്കുന്നില്ല.

ശ്ലോകം 24

തസ്മാഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൌ

ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ്മ കർതൃമിഹാർഹസി

അതിനാൽ നിനക്ക് കാര്യം,അകാര്യം എന്നിവ വ്യവസ്ഥപ്പെടുത്താൻ ശാസ്ത്രമാണ് പ്രമാണം. ശാസ്ത്രവിധാനപ്രകാരമുള്ള കർമ്മങ്ങളെ അറിഞ്ഞ് ഇവിടെ (ഈലോകത്തിൽ) നീ പ്രവർത്തിക്കുക.

പുരുഷോത്തമയോഗത്തിന്റെ അവസാനം ഇതാണ് മഹത്തായ നിഗൂഢ ശാസ്ത്രമെന്ന് പ്രസ്താവിച്ചു. ഈ അദ്ധ്യാത്തിൽ ശാസ്ത്രസമ്മതമായ ദൈവീവൃത്തിയെ അവലംബിക്കാൻ പറയുന്നു.ജന്മനാ ദൈവീസമ്പത്തിയോടെ ജനിച്ച അർജ്ജുനന് അതിൽ വിജയം ലഭിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു. പുരാണപ്രസിദ്ധങ്ങളായ ദേവാസുരയുദ്ധങ്ങൾ ദൈവി,ആസുരിഗുണങ്ങളുള്ള രണ്ടുവിധം മനുഷ്യരുടെ യുദ്ധങ്ങളാണ്.അസുരൻ ആസുരീസമ്പത്തിയോടെ പിറന്ന മനുഷ്യനാണ്. ലക്ഷണം വെച്ച് ഇന്നും ഇത്തരം അസുരന്മാരെ നമുക്ക് കാണാനാവും. സ്വർഗ്ഗവും നരകവും മറ്റെവിടേയും തിരയേണ്ടതില്ല. അവയും ഈ ഭൂമിയിലാണ്. ദൈവീസമ്പത്തുള്ള മനുഷ്യരുടെ ഹൃദയമാണ് സ്വർഗ്ഗം. ആസുരസമ്പത്തിയുള്ളവരുടെ മനസ്സാണ് നരകം.

അദ്ധ്യായം 17 ശ്രദ്ധാത്രയവിഭാഗയോഗം

ലോകത്തിൽ എന്തുതന്നെ നേടിയെടുക്കണമെങ്കിലും ശ്രദ്ധ വേണം.

ലോകത്തിൽ എന്തുതന്നെ നേടിയെടുക്കണമെങ്കിലും ശ്രദ്ധ വേണം. അശ്രദ്ധയോടെ ചെയ്യുന്ന ഒരുകാര്യവും വിജയിക്കുകയില്ല. വിദ്യാഭ്യാസമനശ്ശാസ്ത്രജ്ഞർ വിദ്യാർത്ഥികളുടെ ശ്രദ്ധയെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1. Attentive Listening
2. Marginal Listening
3. Projective listening

മൂന്നാമത്തേത് കലാത്മകമായ ശ്രദ്ധയാണ്. ഇതിനുള്ള കഴിവ് വിരലിലെണ്ണാവുന്ന പ്രതിഭാശാലികൾക്കേ ഉണ്ടാവൂ. ഒരു കുട്ടി ബുദ്ധന്റെ തത്വസംഹിതകളെ ഗ്രഹിക്കാൻ ശ്രമിക്കുന്നു. അദ്ദേഹം തന്റെ ഭാര്യയേയും കുട്ടിയേയും വിട്ടുപോകാനുണ്ടായ സാഹചര്യം ബുദ്ധന്റെ മനോനിലയിൽ നിന്നുകൊണ്ട് ഗ്രഹിക്കാൻ ആ കുട്ടിക്ക് സാധിക്കുന്നില്ല. അതല്ലെങ്കിൽ, ഇന്ത്യാപാക്ക് വിഭജനത്തോട് ഒടുവിൽ ഗാന്ധിക്ക് സ്വീകരിക്കേണ്ടിവന്ന നിലപാടിനെ വിമർശിക്കുന്ന വിദ്യാർത്ഥി അതിലേക്ക് അദ്ദേഹത്തെ നയിച്ച സംഭവവികാസങ്ങളും അദ്ദേഹത്തിന്റെ ജീവിതദർശനവും സമഗ്രമായി എടുക്കുന്നില്ല. സ്വന്തം മാനസികതലത്തിൽ നിന്നുകൊണ്ട് ബുദ്ധനേയോ മഹാത്മാഗാന്ധിയേയോ അപഗ്രഥിക്കുന്ന ഇത്തരം ശ്രദ്ധയെ Attentive Listening എന്ന് പറയു ന്നു. കേട്ട കാര്യം മനസ്സിൽ തട്ടാതെ അപ്പോൾത്തന്നെ വിസ്മരിച്ചുപോകുന്ന താണ് Marginal Listening. Marginal Listening താമസവും Attentive Listening രാജസവു മാണ് .ഇവയിൽനിന്ന് തികച്ചും വ്യത്യസ്തമാണ് സാത്വികമായ Projective listening.

ഞാൻ ഗുരുവാണെന്ന് സങ്കൽപ്പിക്കുക. എന്റെ മുന്നിൽ മൂന്നു ശിഷ്യന്മാർ ഇരിക്കുന്നു. ശൂന്യം എന്ന പദം ഗുരു ഉച്ചരിക്കുന്നു. ഒരു കുട്ടി അതിന്റെ അർത്ഥം ഗണിതശാസ്ത്രത്തിലെ സിംബലായ സീറോ അഥവാ പൂജ്യം എന്ന് ഗ്രഹിക്കുന്നു. ഗുരു ആ പദം ഉച്ചരിച്ചതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുന്നില്ല.അൽപ്പസമയം കൊണ്ട് ആ പദം അവൻ മറന്നുപോകുന്നു. ഇത് താമസികമായ Marginal Listening. രണ്ടാമത്തെ കുട്ടി അതോ പദത്തെ തന്റെ അറിവും അനുഭവവും വെച്ച് അപഗ്രഥിക്കുന്നു. ഗുരു ഈ പദം ഉച്ചരിച്ചത് വെറുതെയാവാൻ വഴിയില്ല എന്ന് ഗ്രഹിക്കുന്നു.അവൻ കൂടുതൽ ആലോചിക്കുന്നു. ശൂന്യം ഗണിതശാസ്ത്രത്തിനു സംഭാവന ചെയ്ത ഭാരതീയശാസ്ത്രസംസ്കാരത്തെക്കുറിച്ച് പഠിച്ച് സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കുന്നു. ശൂന്യവാദികളായ പാശ്ചാത്യ,പൌരസ്ത്യതത്വചിന്തകരെക്കുറിച്ച് പഠിക്കുന്നു. ഈ കുട്ടിയുടേത് Attentive Listening എന്ന രാജസശ്രദ്ധയാണ്. താൻ പണ്ടുകേട്ടതും അറിഞ്ഞതുമായ ചിലതിനെ ഒരു പദം കേട്ട മാത്രയിൽ വീണ്ടും ഓർമ്മിച്ച് അവയുടെ വെളിച്ചത്തിൽ പദത്തെ വ്യാഖ്യാനിക്കാനുള്ള കഴിവ് അയാൾ നേടുന്നു.ഈ രണ്ടുവിധ ശ്രദ്ധകളും സാധാരണ കണ്ടുവരാറുള്ളവയാണ്. മൂന്നാമത്തെ കുട്ടി ഒരു ജീനിയസ്സാണ്. അയാൾക്കും Attentive Listening ഉണ്ട്. അയാളും തന്റെ അറിവിലൂടെയും ഓർമ്മശക്തിയിലൂടെയും കേട്ട പദത്തെ വ്യാഖ്യാനിക്കുന്നുണ്ട്. പക്ഷേ

അയാളുടെ ചിന്ത അവിടെ അവസാനിക്കുന്നില്ല. ഈ ഒരു പ്രത്യേകപദം തങ്ങളുടെ ചിന്തക്ക് വിഷയമാക്കാൻ മുന്നോട്ടുവെച്ച ഗുരുവിന് ആ പദത്തിൽ ചില സവിശേഷാർത്ഥങ്ങളുണ്ടാവണം. അതെന്തായിരിക്കാമെന്ന് അറിയാനുള്ള ജിജ്ഞാസ കൊണ്ട് ഗുരുവിന്റെ ജീവിതം വ്യക്തിത്വം അദ്ദേഹം ഉച്ചരിക്കുന്ന ഓരോ വാക്കിലും പ്രത്യക്ഷമാവുന്ന ആശയം ഇവയിലേക്കെല്ലാം മൂന്നാമത്തെ കുട്ടി തീർത്ഥയാത്ര നടത്തുന്നു. ഗുരു രചിച്ച ഗ്രന്ഥങ്ങൾ ശ്രദ്ധിച്ചു പഠിക്കുന്നു. ഗുരുമുഖത്തുനിന്നും ഗുരുവിന്റെ ജീവിതത്തിൽനിന്നും അദ്ദേഹം ഉച്ചരിച്ച ശൂന്യമെന്ന പദം വെറും ശൂന്യമല്ലെന്നും ശൂന്യമെന്ന് വ്യാഖ്യാനിച്ചേക്കാവുന്ന ചൈതന്യമയമായ മണ്ഡലമാണെന്നും ദിക്കും ദേശവും കാലവും ഗതിയും ഇല്ലാത്തതെന്ന അർത്ഥമാണ് ഗുരു ആ പദത്തിനു കൊടുത്തതെന്നും മനസ്സിലാക്കുന്നു.ഗുരുവിന്റെ ആധുനികവും പൌരാണികവുമായ ശാസ്ത്രപരിചയം ശരിക്കു മനസ്സിലാക്കിയ ശിഷ്യൻ അദ്ദേഹത്തിന്റെ ശൂന്യത്തിൽ ഒരു Minskowsky space കാണുന്നു. A fieldfree Minskowsky space cannot exist എന്ന ആധുനികസിദ്ധാന്തത്തെ അസത്ത എന്നൊന്നില്ല ,ചൈതന്യമയമായ സത്ത അസത്തയായി അനുഭവപ്പെടുകയാണ് എന്ന പൌരാണികസിദ്ധാന്തവുമായി താരതമ്യപ്പെടുത്തുന്നതിൽ വിദഗ്ദ്ധനായ തന്റെ ഗുരു ശൂന്യമെന്ന ഒറ്റ പദത്തിൽ ഒതുക്കിവെച്ച അർത്ഥത്തെ ഗുരുപാദങ്ങളിൽ ഇരുന്നുകൊണ്ട് ശിഷ്യൻ ഗ്രഹിക്കുന്നു. ശിഷ്യൻ ഗുരുവിന്റെ മനസ്സന്നാഹത്തോടെ നടത്തുന്ന ഈ ശ്രദ്ധവെച്ച പഠനമാണ് Projective listening. അഥവാ കലാത്മകമായ ശ്രദ്ധ. ഇത് സാത്വികശ്രദ്ധയാണ്.

ശ്ലോകം1.അർജ്ജുനഉവാചഃ-

യേ ശാസ്ത്രവിധിമുത്സൃജ്യയജന്തേ ശ്രദ്ധയാന്വിതാഃ

തേഷാം നിഷ്ഠാ തു കാ കൃഷ്ണാ സത്വമാഹോ രജസ്തേമഃ

കൃഷ്ണാ, മറ്റു ശാസ്ത്രവിധികൾ നോക്കാതെ ചിലർ ശ്രദ്ധാപൂർവ്വം യജിക്കുന്നു. അവരുടെ നിഷ്ഠ എങ്ങനെയാണ്. സാത്വികമോ രാജസമോ താമസമോ. കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തിൽ ശാസ്ത്രവിധി അനുസരിച്ച് പ്രവർത്തിക്കാൻ ഭഗവാൻ നിർദ്ദേശിച്ചു. സാധാരണക്കാർക്ക് ശാസ്ത്രവിധി അറിഞ്ഞുകൂടാ. എങ്കിലും അവർ ഭക്തിപൂർവ്വം നിഷ്ഠാപൂർവ്വം യജ്ഞം ചെയ്യുന്നു. അത്തരക്കാരെ ഏതു ഗുണവിഭാഗത്തിലാണ്പെടുത്തുക.

ശ്ലോകം 2. ശ്രീഭഗവാനുവാചഃ

ത്രിവിധാ ഭവതി ശ്രദ്ധാ ദേഹിനാം സാ സ്വഭാവജാ

സാത്വികീ രാജസീ ചൈവ താമസീ ചേതി താം ശൃണു

ദേഹികൾക്ക് സാവബാവസിദ്ധമായി മൂന്നുതരം ശ്രദ്ധയുണ്ട്. സാത്വികം, രാജസം,താമസം. അവയെക്കുറിച്ച് കേട്ടുകൊള്ളുക.

ശ്ലോകം 3

സത്വാനുരൂപാ സർവ്വസ്യ ശ്രദ്ധാ ഭവതി ഭാരത

ശ്രദ്ധാമയോയം പുരുഷോ യോ യച്ശ്രദ്ധഃ സ ഏവ സഃ

ഓരോരുത്തരുടെ ശ്രദ്ധ അവരവരുടെ സത്വത്തിന് (സംസ്കാരത്തിന്)അനുരൂപമായിരിക്കും. ഒരാളുടെ ശ്രദ്ധ ഏതുവിധമോ അയാളുടെ ഗുണവും അതാണ്. ഒരാൾ സാത്വികശ്രദ്ധയുള്ളവനാണെങ്കിൽ അയാൾ തീർച്ചയായും സാത്വികപ്രകൃതിയായിരിക്കും.

ശ്ലോകം 4

യജന്തേ സാത്വികാ ദേവാൻ യക്ഷരക്ഷാംസി രാജസഃ

പ്രേതാൻ ഭൂതഗണാംശ്ചാന്യേ യജന്തേ താമസാ ജനാഃ

സാത്വികർ പ്രകാശവാന്മാരായ ദേവന്മാരെ യജിക്കുന്നു. രാജസികർ യക്ഷന്മാരേയും രക്ഷസ്സുകളേയും യജിക്കുന്നു. വിഷ്ണു മുതലായ ദേവന്മാരെ യജിക്കുന്നത് സാത്വികരാണ്. യക്ഷകിന്നരഗൻധർവ്വ,രാക്ഷസാദികൾക്ക് രാജസരാണ് സേവ ചെയ്യുന്നത്.ഭൂതകാലത്തുണ്ടായിരുന്ന പരേതാത്മാക്കൾക്ക് യജ്ഞം നടത്തുന്നത് (പിണ്ഡം വെക്കുക) താമസികരാണ്.

ശ്ലോകം 5

അശാസ്ത്രവിഹിതം ഘോരം തപ്യന്തേ യേ തപോ ജനാഃ

ദംഭാഹങ്കാരസംയുക്താഃ കാമരാഗബലാന്വിതാഃ

ശ്ലോകം 6

കർശയന്തഃശരീരസ്ഥം ഭൂതഗ്രാമമചേതസഃ

മാം ചൈവാന്തഃശരീരസ്ഥം താൻ വിദ്ധ്യാസുരനിശ്ചയാൻ.

ഢംഭോടും അഹങ്കാരത്തോടും കൂടി കാമം,രാഗം,ബലം ഇവയോടുകൂടി ശാസ്ത്രവിഹിതമല്ലാത്ത ഘോരതപസ്സുകൾ ആചരിക്കുന്ന കൂട്ടരുണ്ട്. ശരീരത്തിലെ ജഡവസ്തുക്കളായ അവയവസംഘാതങ്ങളെ ക്ഷീണിപ്പിച്ചുകൊണ്ട് ശരീരാന്തർഗ്ഗതമായ എന്നെ ക്ലേശിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. ഇവർ ആസുരപ്രകൃതികളാണ്. ഉപവാസം മുതലായ കഠിനവ്രതം കൊണ്ട് ശരീരത്തെ ശോഷിപ്പിക്കുന്നതും ,അഹങ്കാരത്തോടെ രാവണനെപ്പോലെ ഘോരതപസ്സനുഷ്ഠിക്കുന്നതും ശ്രദ്ധാപൂർവ്വം തന്നെയാണ്. എന്നാലവ ആസുരീവൃത്തിയാണ്, ദൈവീവൃത്തിയല്ല. ആത്മപീഢനം തപസ്സല്ല,അത് നിഷിദ്ധമാണ്. വിവേകപൂർവ്വം ആത്മനിയന്ത്രണം ചെയ്യലാണ് ശാസ്ത്രവിഹിതമായ തപസ്സ്.

ശ്ലോകം 7

ആഹാരസ്ത്വപി സർവ്വസ്യ ത്രിവിധോ ഭവതി പ്രിയഃ

യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിമം ശൃണു

ആഹാരത്തിൽ സർവ്വർക്കുമുള്ള പ്രിയം മൂന്നുവിധമാണ്. യജ്ഞം,തപസ്സ്, ദാനം എന്നിവയും അപ്രകാരമാണ്.അവയെക്കുറിച്ച് കേട്ടാലും.

ശ്ലോകം 8

ആയുഃസത്വബലാരോഗ്യസുഖഃപ്രീതിവിവർദ്ധനാഃ

രസ്യാഃസ്നിഗ്ദ്ധാഃസ്ഥിരാ ഹൃദ്യാ ആഹാരാഃസാത്വികപ്രിയാഃ

ആയുസ്സ്,സത്വബലം,ആരോഗ്യം, സുഖം,പ്രീതി എന്നിവയെ വർദ്ധിപ്പിക്കുന്ന തും രസപൂർണ്ണവും സ്നിഗ്ദ്ധവുമായ ഹൃദ്യമായ ആഹാരങ്ങളാണ് സാ ത്വികപ്രിയരുടെ ഇഷ്ടങ്ങൾ മധുരമുള്ളതും എണ്ണ,നെയ്യ് ഇവ ചേർത്തവയും അവർ ഇഷ്ടപ്പെടുന്നു.

ശ്ലോകം 9

കടൃമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ

ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാമയപ്രദാഃ

കടുരസം(എരിവ്) അമ്ലം(പുളി), ലവണം(ഉപ്പ്) ചൂട്,തീഷ്ണം രൂക്ഷം, ദഹനക്കേടുണ്ടാക്കുന്നവ ഇങ്ങനെയുള്ള ആഹാരം രാജസമാണ്. അവ ദേഹത്തിനും മനസ്സിനും ദുഃഖവും ശോകവും രോഗവും ഉണ്ടാക്കുന്നു. മെഴുക്കുചേർക്കാത്ത കടൃമ്ലലവണങ്ങൾ രോഗമുണ്ടാക്കുന്നു.

ശ്ലോകം 10

യാതയാമം ഗതരസം പൂതി പര്യൂഷിതം ച യത്

ഉഛിഷ്ടമപി ചാമേധ്യം ഭോജനം താമസപ്രിയം

വെന്തിട്ട് ഒരുയാമം (3 മണിക്കൂർ) കഴിഞ്ഞ് തണുത്താറിയതും രസം പോയ തും മണമുള്ളതും കെട്ടതും എച്ചിലായതും അമേധ്യവുമായ ഭോജനം താമസപ്രകൃതികൾക്ക് പ്രിയമാണ്.മത്സ്യമാംസങ്ങളും മദ്യവും മറ്റും താമസഭക്ഷണമാണ്.

ശ്ലോകം 11

അഫലാകാംക്ഷിഭിർയജ്ഞോ വിധിദൃഷ്ടോ യ ഇജ്യതേ

യഷ്ടവ്യമേവേതി മനഃ സമാധായ സ സാത്വികഃ

ഫലാകാംക്ഷയില്ലാത്തവരാൽ ശാസ്ത്രവിഹിതമായ ഏതു യജ്ഞം ഇത് യജിക്കേണ്ടതാണ് എന്നിപ്രകാരം കരുതിക്കൊണ്ട് മനസ്സിനെ സമാധിയി ലിരുത്തി ചെയ്യപ്പെടുന്നുവോ, ആ യജ്ഞം സാത്വികമാണ്. ദ്വന്ദ്വഭാവനകളി ല്ലാതെ മനസ്സ് സമാധിയിലിരിക്കെ, പ്രിയാപ്രിയരഹിതമായി, തന്റെ കടമ എന്നു കരുതിക്കൊണ്ട് ചെയ്യുന്ന കർമ്മങ്ങൾ സാത്വികങ്ങളാണ്.

ശ്ലോകം 12

അഭിസന്ധായ തു ഫലം ദംഭാർത്ഥമപി ചൈവ യത്

ഇജ്യതേ ഭരതശ്രേഷ്ഠ തം യജ്ഞം വിദ്ധി രാജസം

ഒരു നിശ്ചിതഫലം കിട്ടാനായിട്ടും പൊങ്ങച്ചം കാട്ടാനും ചെയ്യുന്ന യജ്ഞം രാജസമാണ്.

ശ്ലോകം 13

വിധിഹീനമസൃഷ്ടാന്നം മന്ത്രഹീനമദക്ഷിണം

ശ്രദ്ധാവിരഹിതം യജ്ഞം താമസം പരിചക്ഷതേ

വിധിവിഹിതമല്ലാതെ അന്നം സൃഷ്ടിക്കാതെ, മന്ത്രഹീനമായി അദക്ഷിണമായി ചെയ്യുന്ന യജ്ഞം താമസമാണ്.

ശ്ലോകം 14

ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൌചമാർജ്ജവം

ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ

ദേവന്മാർ, ദ്വിജന്മാർ,ഗുരുനാഥന്മാർ,പ്രാജ്ഞന്മാർ എന്നിവരെ പൂജിക്കുക, ശൌചം, ആർജ്ജവം,ബ്രഹ്മചര്യം ,അഹിംസ എന്നിവയാണ് ശരീരം കൊണ്ട് ചെയ്യേണ്ട തപസ്സ്. ദ്വിജൻ ശൂദ്രനായി ജനിച്ച്, സ്വകർമ്മം കൊണ്ട് കാലക്രമേണ ബ്രാഹ്മണ്യം നേടിയവനാണ്. കർമ്മം ബ്രാഹ്മണ്യം നിശ്ചയിക്കുന്നു. പ്രാജ്ഞൻ മുജ്ജന്മസുകൃതത്താൽ പൂർവ്വജന്മസ്മരണയോടുകൂടി അവതരിക്കുന്നവനാണ്. ജന്മനാ ബ്രാഹ്മണനാണ്. ഗീതയിൽ അർജ്ജുനന്റെ ഗുരുവായ കൃഷ്ണൻ ദ്വിജനല്ല, പ്രാജ്ഞനാണ്.

ശ്ലോകം 15

അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ച യത്

സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ

ആർക്കും ഉദ്വേഗം ജനിപ്പിക്കാത്തതും സത്യവും ഹിതവും പ്രിയവുമായ വാക്യം പറയുക,സ്വാദ്ധ്യായം ചെയ്യുക. ഇതാണ് വാക്കിന്റെ തപസ്സ്

ശ്ലോകം 16

മനഃപ്രസാദഃസൌമ്യത്വം മൌനമാത്മവിനിഗ്രഹഃ

ഭാവസംശുദ്ധിരിത്യേതത് തപോ മാനസമുച്യതേ

മനഃപ്രസാദം,സൌമ്യത്വം, മൌനം, ആത്മനിഗ്രഹം, വിചാരശുദ്ധി ഇവ മനാസികതപസ്സിന്റെ ലക്ഷണങ്ങളാണ്. ഈ മൂന്നു തപസ്സും നമുക്കുണ്ടോ ഇല്ലയോ എന്ന് സ്വയം വിലയിരുത്തേണ്ടതാണ്.

ശ്ലോകം 17

ശ്രദ്ധയാ പരയാ തപ്തം തപസ്തത് ത്രിവിധം നരൈഃ

അഫലാകാംക്ഷിഭിർയുക്തൈഃ സാത്വികം പരിചക്ഷതേ

ഫലത്തിൽ ആശയില്ലാതെ ഏകാഗ്രമായ ശ്രദ്ധയോടെ ശാരീരികവും മാനസികവും വാങ്മയവുമായി മൂന്നുവിധം തപസ്സ് ആചരിക്കുന്നത് സാത്വികതപസ്സാണ്.

ശ്ലോകം 18

സത്കാരമാനപൂജാർത്ഥം തപോ ദംഭേന ചൈവ യത്

ക്രിയതേ തദിഹ പ്രോക്തം രാജസം ചലമധ്രുവം

ഏതൊരു തപസ്സ് മറ്റുള്ളവരിൽനിന്ന് സൽക്കാരവും ബഹുമാനവും പൂജയും ലഭിക്കാനായി പൊങ്ങച്ചത്തോടുകൂടി ചെയ്യപ്പെടുന്നുവോ ,ചഞ്ചലവും വ്യവസ്ഥയില്ലാത്തതതുമായ അത് രാജസതപസ്സാണ്.

ശ്ലോകം 19

മൂഢഗ്രാഹേണാത്മനോ യത് പീഡയാ ക്രിയതേ തപഃ

പരസ്യോത്സാദനാർത്ഥം വാ തത് താമസമുദാഹൃതം

മൂഢമായ തെറ്റിദ്ധാരണ വെച്ചുകൊണ്ട് ആത്മപീഢനമായിട്ടോ മറ്റുള്ളവരെ ദ്രോഹിക്കാനോ ചെയ്യുന്ന തപസ്സ് താമസമാണ്.

ശ്ലോകം 20

ദാതവ്യമിതി യദ്ദാനം ദീയതേനുപകാരിണേ

ദേശേ കാലേ ച പാത്രേ ച തദ്ദാനം സാത്വികം സ്മൃതം

കൊടുക്കേണ്ടത് കർത്തവ്യമാണെന്ന ബോധത്തോടെ പ്രത്യുപകാരം ചെയ്യാൻ കഴിവില്ലാത്തവന് ഉചിതമായ ദേശത്തിലും കാലത്തിലും പാത്രത്തിലും നൽകുന്ന ദാനം സാത്വികമാണ്. ദാനം വാങ്ങാൻ അർഹതപ്പെട്ടവനാണോ അല്ലയോ എന്ന് നോക്കി സൽപ്പാത്രത്തിൽ ദാനം ചെയ്യുന്നതാണ് സാത്വികം.

ശ്ലോകം 21

യത്തു പ്രത്യുപകാരാർത്ഥം ഫലമുദ്ദിശ്യ വാ പുനഃ

ദീയതേ ച പരിക്ലിഷ്ടം തദ്ദാനം രാജസം സ്മൃതം

ശ്ലോകം 22

അദേശകാലേ യദ്ദാനമപാത്രേഭ്,ശ്ച ദീയതേ

അസത്കൃതമവജ്ഞാതം തത് താമസമുദാഹൃതം

പ്രത്യുപകാരം ലഭിക്കുമെന്ന് ആശിച്ചോ പിന്നീടുള്ള ഫലം ഉദ്ദേശിച്ചോ വളരെ ക്ലേശിച്ച് ചെയ്യുന്ന ദാനം രാജസമാണ്. ദേശം,കാലം,പാത്രം നോക്കാതെ അനർഹർക്ക് നല്ല വാക്കു പറയാതെയും അവജ്ഞയോടുകൂടിയും വലിച്ചെറിഞ്ഞുകൊടുക്കുന്ന ദാനം താമസമാണ്.

ശ്ലോകം 23

ഓം തത് സദിതി നിർദ്ദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ

ബ്രഹ്മണാസ്തേന വേദാശ്ച യജ്ഞാശ്ച വിഹിതാഃ പുരാ

ബ്രഹ്മത്തിന് ഓം തത് സത് എന്നിങ്ങനെ മൂന്നു വിധത്തിൽ നിർദ്ദേശമുണ്ട്. അവകൊണ്ടാണ് ബ്രാഹ്മണാദികളേയും വേദയജ്ഞാദികളേയും മുമ്പ് നിശ്ചയിച്ചിട്ടുള്ളത്.

ശ്ലോകം 24

തസ്മാദോമിത്യുദാഹൃത്യ യജ്ഞദാനതപക്രിയാഃ

പ്രവർത്തന്തേ വിധാനോക്താഃ സതതം ബ്രഹ്മവാദിനാം

ഓം എന്ന് ഉച്ചരിച്ചുകൊണ്ട് ബ്രഹ്മവാദികളാൽ നിശ്ചയിക്കപ്പെട്ട യജ്ഞവും ദാനവും തപസ്സും ആരംഭിക്കുന്നു. ശാസ്ത്രവിഹിതമായ എന്തു ചെയ്യുമ്പോഴും ബ്രഹ്മവാദികൾ പ്രണവം ഉച്ചരിക്കുന്നു.

ശ്ലോകം 25

തദിത്യനഭിസന്ധായ ഫലം യജ്ഞതപഃക്രിയാഃ

ദാനക്രിയാശ്ച വിവിധാഃ ക്രിയന്തേ മോക്ഷകാംക്ഷിഭിഃ

മോക്ഷം കാംക്ഷിക്കുന്നവർ തത് എന്ന് ഉച്ചരിച്ചുകൊണ്ട് ഫലത്തെ കുറിച്ച് ആലോചിക്കാതെ, നാനാവിധം യജ്ഞങ്ങളും തപസ്സുകളും ദാനങ്ങളും നിർവ്വഹിക്കുന്നു. ഓം പ്രണവമാണ്. അക്ഷരബ്രഹ്മമാണ്. തത് പുരുഷോത്തമനാണ്. ബ്രഹ്മവാദികളും മോക്ഷേഛുക്കളും അവയെ ഉച്ചരിച്ചുകൊണ്ട് ചെയ്യുന്ന സർവ്വകർമ്മങ്ങളും സത്ത് ആണ്.

ശ്ലോകം 26

സദ്ഭാവേ സാധുഭാവേ ച സദിത്യേതത് പ്രയുജ്യതേ

പ്രശസ്തേ കർമ്മണി തഥാ സഛബ്ദഃ പാർത്ഥ യുജ്യതേ

സദ്ഭാവത്തേയും (ഉണ്മ,സത്യം)സാധുഭാവത്തേയും (നന്മ)സത് എന്നാണ് എല്ലാവരും പറയുന്നത്. അതുപോലെ പ്രശസ്തകർമ്മങ്ങളേയും സദ് എന്ന ശബ്ദത്താൽ സൂചിപ്പിക്കാം.(സദ്കർമ്മം)

ശ്ലോകം 27

യജ്ഞേ തപസി ദാനേ ച സ്ഥിതിഃസദിതി ചോച്യതേ

കർമ്മ ചൈവ തദർത്ഥീയം സദിത്യേവാഭിധീയതേ

യജ്ഞം,തപസ്സ്,ദാനം ഇവയിലുള്ള സ്ഥിതി അഥവാ നിഷ്ഠയേയും സത് എന്ന് പറയുന്നു. അതിന്റെ പൂരണത്തിനായി ചെയ്യപ്പെടുന്ന സർവ്വസാധനകളേയും സത് എന്ന് പറയുന്നു.

ശ്ലോകം 28

അശ്രദ്ധയാ ഹൃതം ദത്തം തപസ്തപ്തം കൃതം ച യത്

അസദിത്യുച്യതേ പാർത്ഥ ന ച തത് പ്രേത്യ നോ ഇഹ

അശ്രദ്ദയോടെ ചെയ്യുന്ന തപസ്സും ദാനവും യജ്ഞവുമെല്ലാം അസത്താണ്. അത് ഇഹത്തിലും പരത്തിലും പ്രയോജനമില്ലാത്തതാണ്. 26,27,28 ശ്ലോകങ്ങളിൽ സത്തിനേയും അസത്തിനേയും പ്രതിപാദിച്ചു. ഞാൻ സത്തുമല്ല അസത്തുമല്ല എന്ന് നേരത്തെ പറഞ്ഞിട്ടുമുണ്ട്. കൂട്ടിവെച്ച് വായിക്കുമ്പോൾ ഓം തത് സത് എന്നതിലെ സത്ത് ബ്രഹ്മവാചകമല്ല, എന്നാൽ ഓം തത് ബ്രഹ്മവാചകമാണ്. അവ അക്ഷരപുരുഷനേയും പുരുഷോത്തമനേയും യഥാക്രമം സൂചിപ്പിക്കുന്നു. ബ്രഹ്മവാചകമായ ഈ മന്ത്രം ഉച്ചരിച്ച് അനു

ഷ്ഠിക്കുന്ന ശ്രദ്ധാപൂർവ്വവും ശാസ്ത്രാനുസൃതവുമായ സാത്വികദാനവും യജ്ഞവും തപസ്സും ഉണ്മയാണ്,സത്താണ്,സത്യമാണ്. അങ്ങനെയല്ലാത്ത തെല്ലാം അസത്തുമാണ്.

അദ്ധ്യായം 18 മോക്ഷസന്യാസയോഗം

തത് എന്ന പുരുഷോത്തമനേയും ത്വം എന്ന അക്ഷരപുരുഷോത്തമനേയും ഇണക്കുന്ന അസി എന്ന ഈ ഭാഗത്തിന്റെ അവസാനവും ഗീതയുടെ ഉപ സംഹാരവുമാണ് മോക്ഷസന്യാസയോഗം. ഈ ഉപസംഹാരത്തിൽ ജ്ഞാന ത്തേയും കർമ്മത്തേയും തന്റെ ഇച്ഛാശക്തിയാൽ ഇണക്കേണ്ടത് എങ്ങനെ യെന്ന് സമഗ്രമായി കാട്ടിത്തരുന്നു.ഗീതാസംഗ്രഹമാണ് ഈ അദ്ധ്യായം.

മഹാവിഷ്ണുവിന് മൂന്നു മൂർത്തികളുണ്ടെന്ന് ഗാർഗ്ഗ്യായനന്റെ പ്രണവ വാദത്തിലും നാരായണീയത്തിലും കാണാം. വിഷ്ണു,ബ്രഹ്മാവ്,ശിവനെ ന്നിവരാണ് ആ ത്രിമൂർത്തികൾ.ഇവരുടെ മൂന്നുപേരുടേയും സമന്വയമാണ് മഹാവിഷ്ണു. വിഷ്ണു ഋഗ്വേദത്തേയും പ്രജ്ഞയേയും ബ്രഹ്മാവ് യജു ർവ്വേദത്തേയും കർമ്മത്തേയും പ്രതിനിധാനം ചെയ്യുന്നു. ജ്ഞാനത്തേയും കർമ്മത്തേയും കൂട്ടിയിണക്കുന്ന ഇച്ഛാശക്തിയും സാമവേദവും ശിവനാ ണ്, വിഷ്ണുവുമാണ്. മൂന്നും ചേർന്ന മഹാവിഷ്ണു അഥർവ്വവേദമാണ്.



ഋഗ്വേദത്തേയും യജുർവേദത്തേയും (പ്രജ്ഞയേയും കർമ്മത്തേയും) കൂട്ടി യിണക്കുന്ന ശക്തിയാണ് സാമം. ഈ കൂട്ടിയിണക്കൽ കൊണ്ടാണ് വസ്തു ക്കൾ നിലനിൽക്കുന്നത്. ശക്തിയെന്നാൽ ഊർജ്ജമാണ്. കാലം,ദേശം ചലനം മുതലായ പ്രപഞ്ചക്രിയകൾക്കെല്ലാം ആധാരമായിരിക്കുന്ന ഊർജ്ജശക്തി യാണ് ഇച്ഛ. അതിനെ ചിലർ സംഹാരശക്തിയെന്നും പറയാറുണ്ട്. എങ്കിലും സ്ഥിതിക്കും അതേ ഊർജ്ജശക്തി വേണം. വേദങ്ങലിൽ ഞാൻ സാമവേദമാണെന്ന് ഭഗവാൻ പറയുന്നു. സംഹാരശക്തിയുടെ പ്രതിരൂപ മായ കാലാനലസന്നിഭമായ വിശ്വരൂപം കാട്ടിക്കൊടുക്കുകയും ചെയ്യുന്നു. എങ്കിലും താൻ ഗുണാതീതമായ മഹാവിഷ്ണുവാണ്,താമസികഗുണമുള്ള ശിവനല്ല എന്നും വ്യക്തമായി പറയുന്നു

ഊർജ്ജം അദൃശ്യമാണ്. അതിനെ നാം അറിയുന്നത് അത് നിർവ്വഹിക്കുന്ന കർമ്മങ്ങളിൽനിന്നാണ്. ഊർജ്ജം പ്രജ്ഞയായും കർമ്മമായും വികാരമായും ലോകത്തിൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. അവയെ കുറിച്ച് സമഗ്രമായ ജ്ഞാനം അങ്ങനെ നമുക്ക് നൽകുന്നു.

അകാരം വൈഷ്ണവി. ഉകാരം ബ്രാഹ്മി. മകാരം അവയെ ഇണക്കുന്ന മാഹേശ്വരി. ജ്ഞാനം ,കർമ്മം(വൈഷ്ണവി, ബ്രാഹ്മി) വിപരീതങ്ങളാണ്. ആ വിപരീതധ്രുവങ്ങളെ ഇണക്കലാണ് സാമവേദമായ മാഹേശ്വരിയുടെ ചുനതല. സാമത്തിൽ സപ്തസ്വരമുണ്ട്. ആദ്യകാലസംഹിതകളിൽ മൂന്ന് ശക്തികളെ പ്രതിനിധീകരിക്കുന്ന മൂന്ന് സ്വരങ്ങളാണ് സാമത്തിലുണ്ടായിരുന്നത്. സാമം പഠിക്കുന്നവൻ ജ്ഞാനവും കർമ്മവും കൂട്ടിയിണക്കി അതിന്റെ സമന്വയമായ അഥർവ്വവും അറിയുന്നു. അവൻ ധർമ്മാർത്ഥകാമമോക്ഷങ്ങളെ പ്രാപിക്കുന്നു. അക്ഷരബ്രഹ്മത്തിലൂടെ പരമപുരുഷോത്തമനിലേക്കുള്ള പ്രയാണമാണത്.

ശിവൻ താമസഗുണമാകയാൽ ഇച്ഛയും സാമവും താസമഗുണമാവണമല്ലോ. സാത്വികമായ വിഷ്ണു എങ്ങനെ താമസമായ സാമമാവും. ഈ ചോദ്യത്തിനുത്തരം പ്രജ്ഞയെക്കുറിച്ച് വിവരിച്ചപ്പോൾ തന്നു. നിദ്ര എന്നാൽ സാത്വികരാജസഗുണങ്ങളെ തമസ്സ് അടിപ്പെടുത്തലാണ്. മഹാവിഷ്ണുവിന്റെ യോഗനിദ്രയിലും തമസ്സുണ്ട്. എന്നാൽ ആ തമസ്സ് ഒരു പ്രത്യേകതമസ്സാണ്. സമാധിയിലും സുഷുപ്തിയിലും യോഗനിദ്രയിലും അപൂർവ്വവിഷയഗ്രഹണം സാദ്ധ്യമാകുന്നതിനാൽ പ്രജ്ഞാനഘനഗംഭീരമായ തപസ്സിനു തുല്യമായ തമസ്സാണ് അത്. അതിനപ്പുറത്തെ ആദിത്യവർണ്ണമായ പുരുഷന്റെ സ്ഥാനത്തേക്ക് അതിലൂടെ കടന്നുപോകണമെന്നതിനാൽ പുരുഷസാക്ഷാത്കാരത്തിന് ആവശ്യവുമാണ്. പരമസാത്വികനായ വിഷ്ണുവിന്റെ പ്രജ്ഞ ലഭിക്കാൻ ഒരാൾ ഏകാഗ്രതപസ്സായ യോഗനിദ്രയുടെ തമസ്സിലൂടെ കടന്നുപോകേണ്ടതുണ്ട്.

ബന്ധം അനാദിയാണ്. സംസാരം അനാദിയാണ്. പക്ഷേ, ഭാരതീയതത്വചിന്തയിൽ ബന്ധത്തിനും ഒരവസാനമുണ്ട്. സമാധിയിൽ ബ്രഹ്മസാക്ഷാത്ക്കാരം ലഭിച്ചവന്റെ സംസാരബന്ധം അറ്റുപോകുന്നു.ഇതിനു വിപരീതമാണ് മോക്ഷത്തിന്റെ സ്ഥിതി. മോക്ഷത്തിന് ആദിയുണ്ട് പക്ഷേ അവസാനമില്ല. ഒരിക്കൽ മോക്ഷം ലഭിച്ചവൻ അനന്തകാലം മുക്തനാണ്. ബന്ധങ്ങളുടെ ബന്ധനത്തിൽനിന്നൊഴിഞ്ഞ് മോക്ഷസന്യാസയോഗത്തിലേക്ക് പ്രവേശിക്കുന്ന ജീവാത്മാവിനെ അനാവരണം ചെയ്യുന്നതോടെ ഗീത തന്റെ ദൌത്യം സാധിക്കുന്നു.

ശ്ലോകം 1 അർജ്ജുന ഉവാചഃ

സന്യാസസ്യ മഹാബാഹോ തത്വമിഛാമി വേദിതും

ത്യാഗസ്യ ച ഹൃഷീകേശ പൃഥക് കേശിനിഷൂദന

മഹാബാഹോ, ഇന്ദ്രിയാധീശ്വരാ, കേശിനിഷൂദനാ, സന്യാസത്തിന്റേയും ത്യാഗത്തിന്റേയും തത്വം വേർതിരിച്ചറിയാൻ ഞാൻ ആഗ്രഹിക്കുന്നു

ശ്ലോകം 2 ശ്രീഭഗവാനുവാചഃ

കാമ്യാനാം കർമ്മണാം ന്യാസം സന്യാസം കവയോ വിദുഃ

സർവ്വകർമ്മഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണാഃ

കാമ്യകർമ്മങ്ങളെ ത്യജിക്കലാണ് സന്യാസമെന്ന് വിദ്വാന്മാരായ കവികൾ പറയുന്നു. സർവ്വകർമ്മഫലത്യാഗമാണ് ത്യാഗമെന്ന് ജ്ഞാനികൾ പറയുന്നു. പുത്രനെ വേണ്ടവർ പുത്രകാമേഷ്ടി ചെയ്ത് പ്രജാപതിയേയും , സ്വർഗ്ഗത്തെ വേണ്ടവർ ഇന്ദ്രനേയും പ്രീതിപ്പെടുത്തുന്നത് കാമ്യകർമ്മമാണ്. കാമ്യകർമ്മത്യാഗമാണ് സന്യാസമെന്ന് ഒരു പക്ഷമുണ്ട്. കാമ്യകർമ്മങ്ങളും നിത്യനൈമിത്തികകർമ്മങ്ങളും ത്യജിക്കുന്നതിനു പകരം അവയുടെ ഫലം ത്യജിക്കലാണ് സന്യാസമെന്നും ഒരു പക്ഷമുണ്ട്.കർമ്മം എന്ന് പറയുന്നത് ബാഹ്യകർമ്മം മാത്രമല്ല, ആന്തരമായ കർമ്മവും കൂടിയാണ്. ഒരാളുടെ വിചാരം,മതം, അഭിപ്രായം,തത്വശാസ്ത്രം ഇതൊക്കെയാണ് അയാളുടെ ബാഹ്യകർമ്മത്തെ നിയന്ത്രിക്കുന്നത്. ജീവിതത്തെക്കുറിച്ച് ഒരാൾക്കുള്ള അഭിപ്രായമാണ് അയാലുടെ കർമ്മങ്ങളെ നിയന്ത്രിക്കുന്നത്. അതേസമയം ഒരാൾ സ്വീകരിക്കുന്ന ശീലങ്ങൾ അയാളുടെ വിചാരത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. വിചാരം,കർമ്മം,കർത്താവ് എന്നിവ തമ്മിൽ അഭേദ്യമായ ബന്ധം അങ്ങനെ സ്ഥാപിക്കപ്പെടുന്നുണ്ട്.കർത്താവിനു പകരം ജ്ഞാതാവ് എന്നും കർമ്മത്തിനു പകരം ജ്ഞാനമെന്നും എടുത്താലും ഇതേ ബന്ധം തന്നെ കാണാൻ കഴിയും. ജ്ഞേയവും ജ്ഞാതാവും തമ്മിലുള്ള പാരസ്പര്യമാണ് ജ്ഞാനത്തിലേക്ക് നയിക്കുന്നത്. വിചാരവും കർത്താവും തമ്മിലുള്ള പാരസ്പര്യം കർമ്മത്തിലേക്കും നയിക്കുന്നു. കർമ്മഫലപ്രാപ്തിക്കാണ് കർമ്മം ചെയ്യുന്നതെന്ന വിചാരത്തെ ത്യജിച്ചുകൊണ്ട് ശ്രദ്ധാപൂർവ്വം കർമ്മം ചെയ്യണം. അപ്പോൾ കർമ്മം ഉദാത്തമായിത്തീരും.

ശ്ലോകം 3

ത്യാജ്യാ ദോഷവദിത്യേകേ കർമ്മ പ്രാഹുർമനീഷിണഃ

യജ്ഞദാനതപഃകർമ്മ ന ത്യാജ്യമിതി ചാപരേ

ചില മനീഷികൾ ദോഷകർമ്മങ്ങളാണ് ത്യജിക്കപ്പെടേണ്ടതെന്ന് പറയുന്നു. യജ്ഞവും ദാനവും തപസ്സും ഒരിക്കലും ത്യജിക്കാൻ പാടില്ലാത്ത കർമ്മങ്ങളാണെന്നും പറയുന്നു. ഇന്നതു ചെയ്യരുത്, ചെയ്താൽ ദോഷമുണ്ടാവും എന്നുള്ളതാണ് നിഷിദ്ധകർമ്മം. ഉദാഹരണമായി കഞ്ചാവു വലിക്കരുത്, പുകവലി പാടില്ല, മദ്യപാനം അരുത് അതെല്ലാം ശരീരത്തിനും മനസ്സിനും കേടു വരുത്തും . ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ലാത്തവ മൂന്നെണ്ണമാണ്- ജീവിതയജ്ഞം, സൽപ്പാത്രത്തിൽ ദാനം, ഏകാഗ്രമായ തപസ്സ്.

ശ്ലോകം 4

നിശ്ചയം ശൃണു മേ തത്ര ത്യാഗേ ഭരതസത്തമ

ത്യാഗോ ഹി പുരുഷവ്യാഘ്ര ത്രിവിധഃ സംപ്രകീർത്തിതഃ

ഭാരതോത്തമനായ പുരുഷവ്യാഘ്രാ, ത്യാഗത്തെക്കുറിച്ച് എന്റെ നിശ്ചയം ഇനി കേൾക്കുക. ത്യാഗം മൂന്നുവിധത്തിലുണ്ട്. മൂന്നാം ശ്ലോകത്തിൽ പറയപ്പെട്ട പൂർവ്വപക്ഷാഭിപ്രായം സാംഖ്യന്മാരുടേതും ജൈമിനിയുടേതുമാ

ണെന്ന് നടരാജഗുരു അഭിപ്രായപ്പെടുന്നു. പൂർവ്വപക്ഷത്തെ അവതരിപ്പിച്ച ശേഷം ഭഗവാൻ സ്വാഭിപ്രായം പറയുന്നു.

ശ്ലോകം 5

യജ്ഞദാനതപഃകർമ്മ ന ത്യാജ്യം കാര്യമേവ തത്

യജ്ഞോ ദാനം തപശ്ചൈവ പാവനാനി മനീഷിണാം

യജ്ഞം,ദാനം,തപസ്സ് ഇവ ത്യജിക്കാൻ പാടില്ല. അവ മനീഷികളെ പരിശുദ്ധരാക്കുന്നു. പൂർവ്വപക്ഷത്തോട് ഭഗവാൻ യോജിക്കുന്നു. മനസ്സിനെ പവിത്രമാക്കുന്നവയാണ് അവ. അവയും ഫലേഛ കൂടാതെ വേണം ചെയ്യാനെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു. ഫലേഛ വെടിഞ്ഞു ചെയ്യുക എന്നാൽ, സാത്വികമായ യജ്ഞവും ദാനവും തപസ്സും അനുഷ്ഠിക്കുക എന്നാണ് അർത്ഥം.

ശ്ലോകം 6

ഏതാന്യപി തു കർമ്മാണി സംഗം ത്യക്ത്വാ ഫലാനി ച

കർത്തവ്യാനീതി മേ പാർത്ഥ നിശ്ചിതം മതമുത്തമം

പാർത്ഥാ, ഈ കർമ്മങ്ങൾ പോലും സംഗവും ഫലാകാംക്ഷയും കൂടാതെ ചെയ്യണമെന്നാണ് എന്റെ സുനിശ്ചിതമായ മതം. സാത്വികയജ്ഞവും ദാനവും തപസ്സും അനുഷ്ഠിക്കാനുള്ള ഉപദേശം സുചിന്തിതവും സുനിശ്ചിതവുമാണ്. ചെയ്യേണ്ട ചുമതലകളെ ത്യജിക്കുന്നത് സന്യാസമല്ല,തമസ്സാണ്.

ശ്ലോകം 7

നിയതസ്യ തു സന്യാസഃ കർമ്മണോ നോപപദ്യതേ

മോഹാത്തസ്യ പരിത്യാഗസ്താമസഃ പരികീർത്തിതഃ

നിയതകർമ്മങ്ങളെ സന്യസിക്കണമെന്ന് പറയുന്നത് ശരിയല്ല. ഒരാൾ മോഹവലയത്തിൽപ്പെട്ട് അജ്ഞത കൊണ്ട് നിയതകർമ്മങ്ങളെ ത്യജിച്ചാൽ അതിന്റെ പേര് താമസമെന്നാണ്,സന്യാസമെന്നല്ല.എന്റെ കുടുംബത്തോടും നാടിനോടും സമൂഹത്തോടും ലോകത്തോടും എനിക്ക് ചില കർത്തവ്യങ്ങളുണ്ട്. അത്തരം കർത്തവ്യങ്ങളെ പാലിക്കാതെ ആ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഓടിയൊളിച്ചാൽ സന്യാസിനിയാവില്ല, തമസ്സിന് അടിമയാവുകയാണ് ചെയ്യുക.

ശ്ലോകം 8

സുഖമിത്യേവ യത്കർമ്മ കായക്ലേശഭയാത് ത്യജേത്

സ കൃത്വാ രാജസം ത്യാഗം നൈവ ത്യാഗഫലം ലഭേത്

ആരാണോ ശരീരക്ലേശത്തെ ഭയന്നും, ഇത് ദുഃഖമാണെന്ന് കണ്ടും കർമ്മത്തെ ത്യജിക്കുന്നത് അവന് സന്യാസമോ ത്യാഗഫലമോ ലഭിക്കില്ല. അവന്റെ ത്യാഗം രാജസമാണ്. ഗാർഹസ്ഥ്യം കൊണ്ടും സംസാരം കൊണ്ടും ദുഃഖമുണ്ടാവും. സംസാരത്തിൽനിന്ന് പേടിച്ച് ഓടുന്നത് സന്യാസമല്ല. ഗൃഹസ്ഥൻ കുടുംബശ്രേയസ്സിനായി അനേകം കർമ്മം ചെയ്യേണ്ടിവരും

,അവ കായക്ലേശമുണ്ടാക്കുന്നവയാവാം. എന്ന് വെച്ച് അതില്നിന്ന് ഓടി പ്പോവരുത്. സ്ത്രീകൾക്ക് ഗാർഹസ്ഥ്യത്തിന്റെ ഉത്തരവാദിത്തങ്ങളും കായ ക്ലേശങ്ങളും പുരുഷന്മാരേക്കാൾ ഏറെയാണ്. വീട്ടിലെ ഉപ്പുതൊട്ട് കർപ്പൂ രം വരെ സർവ്വം വീട്ടമ്മയുടെ കയ്യിലാണിരിക്കുന്നത്. അവയിൽനിന്ന് ഓടിയൊളിക്കുന്നത് ത്യാഗമല്ല. സർവ്വകർമ്മഫലത്യാഗം ചെയ്തുകൊണ്ട് സർവ്വസംസാരകർമ്മങ്ങളും ഉത്തരവാദിത്തത്തോടെ നിറവേറ്റുന്ന വീട്ടമ്മ ഏതു വലിയ സന്യാസിയേക്കാളും വലിയ സന്യാസിനിയാണ്. എന്താണ് സാത്വികത്യാഗം.

ശ്ലോകം 9

കാര്യമിത്യേവ യത്കർമ്മ നിയതം ക്രിയതേർജ്ജുന

സംഗം ത്യക്ത്വാ ഫലം ചൈവ സ ത്യാഗഃസാത്വികോ മതഃ

ഇത് എന്റെ കാര്യമാണ് (കർത്തവ്യം) എന്നറിഞ്ഞ് സംഗമോ ഫലേഛയോ കൂടാതെ ചെയ്യപ്പെടുന്ന നിയതകർമ്മം സാത്വികത്യാഗമെന്നാണ് മതം. കു ഞ്ഞിനെ ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നൽകി സംരക്ഷിക്കുന്ന ത് അവൻ തിരിച്ച് എന്തെങ്കിലും തരുമെന്ന ഫലാശയോടെയാവരുത്. എ ന്റെ വിദ്യാർത്ഥികളെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് പഠിപ്പിക്കുന്ന ത് അവർ എന്നെ ഏതെങ്കിലും കാലത്ത് ബഹുമാനിക്കുമെന്നോ ഓർമ്മി ക്കുമെന്നോ വിചാരിച്ചിട്ടാവരുത്. സൽപ്പാത്രത്തിൽ ജ്ഞാനദാനം ചെയ്യണം. അത് പ്രശസ്തി മോഹിച്ചാവരുത്. ഇതിന്റെ പേരാണ് സാത്വികത്യാഗം. .കർമ്മത്തിനല്ല, കർമ്മം ചെയ്യുമ്പോൽ ഉള്ള വിചാരത്തിനാണ് സാത്വിക രാജസതാമസപ്രകൃതികൾക്ക് തമ്മിൽ ഭേദം.

ശ്ലോകം 10

ന ദ്വേഷ്ട്യകുശലം കർമ്മ കുശലേ നാനുഷജ്ജതേ

ത്യാഗീ സത്വസമാവിഷ്ടോ മേധാവീ ഛിന്നസംശയഃ

സത്വഗുണസമ്പന്നനും മേധാവിയും സംശയരഹിതനുമായ ത്യാഗി, തനിക്കി ഷ്ടമില്ലാത്ത കർമ്മങ്ങളെ വെറുക്കുന്നില്ല. ഇഷ്ടമുള്ള കാര്യങ്ങളിൽ ആസക്ത നാകുന്നുമില്ല. ഗീത ആരംഭിച്ചത് തനിക്കിഷ്ടമില്ലാത്തതെന്ന് തോന്നിയ ഒരു കർമ്മത്തിൽനിന്ന് പിന്തിരിഞ്ഞോടുന്ന അർജ്ജുനനെ സംശയരഹിതനാക്കുന്ന തിനാണ്.ജീവിതയാത്രയിൽ നമുക്ക് ഇഷ്ടമുള്ളതും ഇല്ലാത്തതുമായ കർമ്മ ങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. ദ്വേഷമോ രാഗമോ കൂടാതെ നിർഭയ നായി ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കേണ്ടതായി വരും. അത്തരം സ ന്ദർഭങ്ങളിലാണ് ഗീത നമ്മുടെ തുണക്കെത്തുന്നത്. ജീവിതത്തിന്റെ നിർണ്ണാ യകഘട്ടങ്ങളിലെല്ലാം ആ സാരഥി നമ്മുടെ തേരു തെളിക്കാനെത്തുന്നു.

എനിക്ക് എഴുതാനും വായിക്കാനും ഇഷ്ടമാണ്. എന്നുവെച്ച്, ഇരുപത്തി നാലു മണിക്കൂറും പുസ്തകങ്ങളുമായി കഴിയാൻ എന്റെ ഔദ്യോഗിക ജീവിതം അനുവദിക്കുന്നില്ല. മറ്റ് ഉത്തരവാദിത്തങ്ങളും അവയുടേതായ പ്രാധാന്യം ഒട്ടും കുറയാതെ നിര്വ്വഹിക്കേണ്ടവയാണ്, അവക്കുള്ള സമ യം പുസ്തകവായനക്ക് വേണ്ടി നീക്കിവെക്കാവുന്നതല്ല.എനിക്ക് അടുക്ക ളപ്പണി ഇഷ്ടമല്ല. അടുക്കളയിലേക്ക് കടക്കില്ല എന്ന് ശാഠ്യം പിടിക്കാനും

സാദ്ധ്യമല്ല. ദിവസത്തിൽ ,ചുരുങ്ങിയത് രണ്ടുതവണയെങ്കിലും അടുക്കളയിൽ പ്രവേശിക്കാതെ എന്റെ ഗാർഹസ്ഥ്യം സുഗമമായി നടന്നുപോവുകയില്ല. കർമ്മത്തിൽ അകർമ്മവും അകർമ്മത്തിൽ കർമ്മവും കണ്ടുകൊണ്ട് അതെന്റെ ഉത്തരവാദിത്തമാണ് എന്ന് സംശയരഹിതമായി അറിഞ്ഞുകൊണ്ട് നിസ്സംഗതയോടെ കർമ്മങ്ങൾ ചെയ്യുന്നതിലാണ് കർമ്മരഹസ്യം.

ശ്ലോകം 11

ന ഹി ദേഹഭൂതാ ശക്യം ത്യക്തും കർമ്മാണ്യശേഷതഃ

യസ്തു കർമ്മഫലത്യാഗീ സ ത്യാഗീത്യഭിധീയതേ

ദേഹഭൃത്തായ ജീവന് അശേഷം കർമ്മങ്ങളേയും ത്യജിക്കുവാൻ ഒരു കാലത്തും സാദ്ധ്യമല്ല. അതിനാൽ ആരാണോ കർമ്മഫലത്തെ ത്യജിക്കുന്നത് അവനെയാണ് ത്യാഗി എന്ന് വിളിക്കേണ്ടത്.ശരീരം എടുത്ത ഒരാത്മാവിനും കർമ്മങ്ങളിൽനിന്നൊഴിഞ്ഞ് നിൽക്കാൻ സാദ്ധ്യമല്ല. കർമ്മഫലത്തെ ത്യജിക്കാം. മുഴുവൻ കർമ്മങ്ങളേയും ത്യജിക്കുക അസാദ്ധ്യമാണ്. കർമ്മഫലത്യാഗത്തിന്റെ പ്രയോജനമെന്താണ്.

ശ്ലോകം 12

അനിഷ്ടമിഷ്ടം മിശ്രം ച ത്രിവിധം കർമ്മണഃഫലം

ഭവത്യാഗീനാം പ്രേത്യ ന തു സന്യാസിനാം കചചിത്

അനിഷ്ടമായത്,ഇഷ്ടമായത് , അനിഷ്ടവും ഇഷ്ടവും മിശ്രമായത് ഇങ്ങനെ മൂന്നുവിധം ഫലങ്ങളാണ് അത്യാഗികളായ മനുഷ്യർക്ക് ലഭിക്കുന്നത്. അങ്ങനെ ഒരു ഫലം സന്യാസിക്കില്ല. കർമ്മഫലം ത്യജിച്ചുകൊണ്ട് കർമ്മം ചെയ്യുന്ന ഒരാള് കർമ്മജമായ പ്രതികൂലഫലങ്ങളോ അനുകൂലഫലങ്ങളോ മിശ്രഫലഹഅങ്ങളോ അനുഭവിക്കാതെ ജീവന്മുക്തി നേടുന്നു.

ശ്ലോകം 13

പഞ്ചൈതാനി മഹാബാഹോ കാരണാനി നിബോധ മേ

സാംഖ്.േ കൃതാന്തേ പ്രോക്താനി സിദ്ധയേ സർവ്വകർമ്മണാ

സർവ്വകർമ്മസിദ്ധിക്കായി കൃതാന്തത്തിൽ സാംഖ്യത്തിൽ പറയപ്പെട്ട അഞ്ചുകാരണങ്ങളെ എന്നിൽനിന്നറിഞ്ഞാലും.

കൃതാന്തേ എന്നതിന് കർമ്മപരിസമാപ്തിയെക്കുറിക്കുന്ന ഉപനിഷത്തുക്കൾ, അദ്ധ്യാത്മികജ്ഞാനഗ്രന്ഥങ്ങളെന്ന് ചിന്മയാനന്ദൻ പറയുന്നത് നവീന സാംഖ്യത്തിൽ അഞ്ചു കാരണങ്ങളെ പരാമർശിക്കുന്നില്ല എന്നതിനാലാണ്. വ്യാസകാലത്ത് സാംഖ്യത്തിൽ ഇതുണ്ടായിരിക്കാമെന്ന് അദ്ദേഹം പറയുന്നുണ്ട്. കൃതാന്തനെന്നാൽ കാലനാണ്. കൃതയുഗത്തിന്റെ അന്തം എന്നും അർത്ഥമുണ്ട്. കൃതങ്ങളായ സർവ്വ കർമ്മങ്ങളുടേയും അവസാനമെന്നും അർത്ഥമുണ്ട്. സാംഖ്യം ജ്ഞാനമാണ്, സർവ്വകർമ്മങ്ങളുടേയും അവസാനത്തിൽ പ്രകാശിക്കുന്ന പരമജ്ഞാനമാണ്. കൃതയുഗാന്ത്യത്തിലും ത്രേതായുഗാദിയിലുമായി നടപ്പിലായ കപിലസാംഖ്യ,യോഗപദ്ധതികളെ കുറിച്ചാണ് ഗീത പറയുന്നത്. നവീനസാംഖ്യത്തെക്കുറിച്ചല്ല.

ശ്ലോകം 14

അധിഷ്ഠാനം തഥാ കർത്താ കരണം ച പൃഥഗ്വിധം

വിവിധാശ്ച പൃഥക് ചേഷ്ടാ ദൈവം ചൈവാത്ര പഞ്ചമം

അധിഷ്ഠാനം, കർത്താവ്, വിവിധങ്ങളായ കരണേന്ദ്രിയങ്ങൾ,ചേഷ്ടകൾ, അഞ്ചാമതായി ദൈവം, ഇവയാണ് പഞ്ചകാരണങ്ങൾ.ശരീരം അഥവാ ക്ഷേത്രം അധിഷ്ഠാനം. ഞാൻചെയ്യുന്നു, അനുഭവിക്കുന്നു എന്നഭിമാനിക്കുന്ന ആത്മാവ് ക്ഷേത്രജ്ഞൻ. അഞ്ച് ജ്ഞാനേന്ദ്രിയം, അഞ്ച് കർമ്മേന്ദ്രിയം, മനസ്സ് ബുദ്ധി ഇവ 12 കരണങ്ങള്. മേലോട്ടും കീഴോട്ടും വിലങ്ങനെയുമുള്ള വ്യാപാരകാരണങ്ങളായി പത്തുവിധവായുക്കൾ കാരണം ഉണ്ടാവുന്ന ചലനം മുതലായ ചേഷ്ടകൾ ഇതൊന്നും കൂടാതെ പുരുഷോത്തമനെന്ന ദൈവം. ആകെ 25 തത്വം. സാംഖ്യസിദ്ധാന്തത്തിൽ ഇത് കാണുന്നു. ദൈവം എന്ന വാക്ക് നവീനസാംഖ്യം ഉപയോഗിക്കുന്നില്ല. പ്രാചീനപദ്ധതിയിലുണ്ട്. വ്യാസൻ അത് ഉപയോഗിക്കുന്നതിനാൽ അദ്ദേഹം പറയുന്നത് കൃതയുഗാന്ത്യത്തിലുണ്ടായ സാംഖ്യത്തെക്കുറിച്ചാണ്. ദൈവമഭിവ്യക്തം പൌർവ്വദേഹികം മുതലായ വാക്യങ്ങളിലും പഴയ സാംഖ്യം ആസ്തികമായിരുന്നു എന്ന് കാണുന്നു. എഡി രണ്ടാം ശതകത്തോടടുത്ത് കേരളത്തിൽ പ്രചാരത്തിലിരുന്ന ജ്ഞാനപദ്ധതികളെക്കുറിച്ച് കൂലവാണികൻ ചാത്തനാരുടെ മണിമേഖല പരാമർശിക്കുന്നു.ഉയിരെന്നും ആത്മാവെന്നും പുരുഷനെന്നുമറിയപ്പെടുന്നതിനെ കാവ്യം ഇങ്ങനെ വർണ്ണിക്കുന്നു

ഉലകായ് നികഴ്ന്തു വന്തവഴിയേ ഇലൈ ചെന്റു അടങ്കി അന്തമിൽ
പ്രളയമായ് അടങ്കി ഇറും അളവും ഒന്റായ് പരന്തു നിത്തിയമാം

അറിരുർക്കു എളുതായ് മുക്കുണം അന്റിപ്പൊറിയുണർവിക്കും
പൊതുവുമന്റി എപ്പൊരുളും തോന്റുതർക്കിടം അന്റി അപ്പൊരുളെല്ലാം
അറിന്തിടർക്കു ഉണർവ്വായ് ഒന്റായ് എങ്കും പരന്റു നിത്തിയമായ്
നിന്റുളവുണർവായ് നികഴ്തരും പുരുടൻ

സർവ്വവും തന്നിൽ വിലയിക്കയും പ്രളയകാലത്ത് ഏകമായി നിത്യമായി ഗുണരഹിതമായി ഒരു വസ്തുവും പ്രഭവിക്കാത്ത ശൂന്യമായി സർവ്വപൊരുളും അറിയുന്ന ചൈതന്യമായി, എങ്ങും വ്യാപിച്ച് അന്തര്യാമിയായ ചൈതന്യമായി നിൽക്കുന്ന ഗീതയിലെ പുരുഷോത്തമനും ആധുനികസാംഖ്യത്തിലെ പുരുടനും, പ്രാചീനസാംഖ്യത്തിലെ ദൈവവും ഒന്നുതന്നെ. പേരിലേ ഭേദമുള്ളു. സാംഖ്യന്റെ മൂലപ്രകൃതിയെ മണിമേഖല മൂലപ്പകുതി എന്ന് വിളിക്കുന്നു. കൂടുതൽ അനുയോജ്യമായ പദവും അതാണ്. മൂലമായ പുരുഷന്റെ പകുതി മൂലപ്പകുതി. എല്ലാപ്പൊരുളും തോന്റുതർക്ക് ഇടം എന്ന് ചൊല്ലപ്പെടുന്നതും, അപ്പൊരുളെല്ലാം തോന്റുവതർക്ക് ഇടം ഇല്ലാത്ത പോലെ ശൂന്യമായി തോന്നുന്നതും, അപ്പൊരുളെല്ലാം വിളങ്ങുന്നതിന്ന് (അറിയുക) ഉണർവ്വായി ഏകമായി സർവ്വവ്യാപിയായി ഇരിക്കുന്നതുമായ ചൈതന്യത്തിൻ അർദ്ധാംഗിനി. അതിൽനിന്ന് ചിത്തവും മഹാനും ആകാശവും വായുവും അഗ്നിയും ജലവും പൃഥ്വിയും മനസ്സും അഹങ്കാരവും ഇന്ദ്രിയാദികരണങ്ങളും ഉണ്ടായി പ്രപഞ്ചപ്രഭവം നടക്കുന്നു. (സാംഖ്യമതം). പ്രാചീനസാംഖ്യവും വേദാന്തവും വിഭിന്നങ്ങളായിരുന്നില്ലെന്ന് ദൈവമെന്ന പദം കാണിക്കുന്നു.പ്രാചീനസാംഖ്യം ആസ്തികമായിരുന്നു. നവീന

സാംഖ്യകാലത്താണ് അതിലേക്ക് നാസ്തികവാദം വന്നത്.ഗീത പ്രാചീനസാം ഖ്യമാണ് പിന്തുടരുന്നത്.

ശ്ലോകം 15

ശരീരവാങ്മനോഭിർയത് കർമ്മപ്രാരഭതേ നരഃ

ന്യായ്യം വാ വിപരീതം വാ പഞ്ചൈതേ തസ്യ ഹേതവഃ

മനുഷ്യൻ മനോവാക്കായങ്ങളെക്കൊണ്ട് എന്തെല്ലാം കർമ്മം ചെയ്യുന്നുവോ അവ ന്യായമായാലും അന്യായമായാലും അവയുടെ ഹേതു മേൽപ്പറഞ്ഞ അഞ്ചുകാരണങ്ങളാണ്. ഗീതാവ്യാഖ്യാനത്തിന്റെ തുടക്കത്തിൽ സച്ചിദാനന്ദൻ പറഞ്ഞ വാക്കുകൾ ഉദ്ധരിക്കയുണ്ടായി. കർമ്മം ശരീരം കൊണ്ടാണ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. ക്ഷേത്രമായ ശരീരവും കരണങ്ങളും മാത്രമുണ്ടായാൽ കർമ്മം ചെയ്യാനാവില്ല എന്ന് ഗീത പറയുന്നു.ക്ഷേത്രപുരുഷനു കർമ്മം ചെയ്യാൻ ക്ഷേത്രജ്ഞപുരുഷനും പുരുഷോത്തമനും കൂടി വേണം. വാക്ക് ശരീരത്തിന്റെ ചേഷ്ടയാണെന്ന സച്ചിദാനന്ദന്റെ നിഗമനവും തെറ്റാണ്. വാക്ക് അക്ഷരപുരുഷന്റെ ചേഷ്ടയാണ്. വാഗിന്ദ്രിയം അടക്കം അവയവങ്ങളെല്ലാം പൂർണ്ണവളർച്ച പ്രാപിച്ച മനുഷ്യരെ എല്ലാവരേയും വാക്ക് അനുഗ്രഹിക്കുന്നത് കാണുന്നില്ല. അക്ഷരപുരുഷനിൽനിന്ന് അഗ്നിസ്ഫുലിംഗങ്ങളാണ് വാഗ്രൂപത്തിൽ സ്ഫോടമായി വിരിയുന്നത്. ശരീരചേഷ്ടകൾ ശരീരം മരിക്കുന്നതോടെ അവസാനിക്കുന്നു. അക്ഷരപുരുഷന്റെ ചേഷ്ടയായ വാക്ക് ശരീരത്തെ അതിജീവിക്കുന്നു.

ശ്ലോകം 16

തത്രൈവം സതി കർത്താരമാത്മാനം കേവലം തു യഃ

പശ്യത്യകൃതബുദ്ധിത്വാന്ന സ പശ്യതി ദുർമ്മതിഃ

ഇപ്രകാരമിരിക്കെ ദുർമ്മതിയായ ആർ, കേവലാത്മാവിനെ കർത്താവെന്ന് കാണുന്നുവോ, അവൻ ഒന്നും കാണുന്നില്ല. പുരുഷൻ സാക്ഷിയാണ്,കർത്താവല്ല. അക്ഷരപുരുഷനാണ് കർത്താവ്,പുരുഷോത്തമനല്ല. നിത്യസാക്ഷി മാത്രമായ, കേവലാത്മാവായ പുരുഷോത്തമനെ ക്ഷേത്രജ്ഞനായിരിക്കുന്ന ജീവാത്മാവായിരിക്കുന്ന അക്ഷരപുരുഷനിൽനിന്ന് വേർതിരിച്ചറിയാത്തവൻ ഒന്നും അറിയുന്നില്ല.

ശ്ലോകം 17

യസ്യ നാഹംകൃതോ ഭാവോ ബുദ്ധിർയസ്യ ന ലിപ്യതേ

ഹത്വാപി സ ഇമാംല്ലോകാൻ ന ഹന്തി ന നിബദ്ധ്യതേ.

ഏതൊരുവന് അഹങ്കാരഭാവമില്ലയോ ആരുടെ ബുദ്ധി അതിൽ(അഹങ്കാരത്തിൽ) ലയിക്കുന്നില്ലയോ, അവൻ ലോകത്തെ മുഴുവനും ഹനിച്ചാലും ആ ഹത്യയാൽ ബന്ധിതനാകുന്നില്ല.പുരുഷോത്തമൻ ഒന്നിന്റേയും കർത്താവല്ല. അതിനാൽ ഞാനാണ് കർമ്മം ചെയ്യുന്നതെന്ന അഹങ്കാരം യോഗയുക്തനായ പുരുഷോത്തമന് സംഭവിക്കയില്ല. കർമ്മബന്ധം ഉണ്ടാവില്ല. ശരീരമെന്ന ക്ഷേത്രമോ, ക്ഷേത്രജ്ഞനോ ചെയ്യുന്നവക്ക് സാക്ഷി മാത്രമാണ് പുരുഷോത്തമൻഅർജ്ജുനന്റെ കർമ്മം അക്ഷരപുരുഷനായ കൃഷ്ണന്റെ കർമ്മമാണ്.

യോഗനിദ്രാവശഗനും പുരുഷോത്തമനുമായ മഹാവിഷ്ണുവിന്റേതല്ല. അർജ്ജുനനിലെ ഇച്ഛാശക്തിയായ ശൈവത്തെ ഉണർത്തുകയാണിവിടെ. മൂന്നു പുരുഷന്മാരും ഒന്നിച്ച് അർജ്ജുനനിൽ ഉണരണം. ഗുണാതീതനായ മഹാവിഷ്ണു, സത്വഗുണനായ വിഷ്ണു ഇവർ ജ്ഞാനയോഗത്തോടെ അർജ്ജുനനിൽ ഉണർന്നു. ഇനിയിപ്പോൾ ചെയ്യാനിരിക്കുന്ന ഹിംസാത്മകമായ യുദ്ധത്തിൻ ശൈവം ഉണരണം. മനസ്സിൽ ഒരുതരി വിദ്വേഷമില്ലാതെ, ഫലത്തിൽ ആശയില്ലാതെ, നിർവ്വഹിക്കണം. ഇവിടെ മാത്രമാണ് യോദ്ധാവിന്റെ കടമയായ സ്വധർമ്മമായ, ശത്രുക്കളെ ഹനിക്കുക എന്ന ഹിംസാകർമ്മം കേൾക്കുന്നത്. ഞാൻ വധിക്കുന്നു എന്ന അഹങ്കാരമോ കുറ്റബോധമോ ഇല്ലാതെ വധക്രിയയിൽ മനസ്സിനോ ബുദ്ധിക്കോ ആസക്തി കൂടാതെ നിസ്സംഗനായി വേണം യുദ്ധം ചെയ്യാൻ. കർമ്മത്തേക്കാളും കർമ്മം ചെയ്യുന്നവന്റെ വിചാരവും മനോനിലയുമാണ് പ്രധാനം.

ശ്ലോകം 18

ജ്ഞാനം ജ്ഞേയം പരിജ്ഞാതാ ത്രിവിധാ കർമ്മചോദനാ

കരണം കർമ്മ കർത്തേതി ത്രിവിധഃ കർമ്മസംഗ്രഹഃ

ജ്ഞാനം, ജ്ഞേയം, ജ്ഞാതാവ് ഇവ മൂന്നുമാണ് കർമ്മത്തിന് പ്രചോദനം തരുന്നത്. കാരണം ,കർമ്മം,കർത്താവ് ഇവ മൂന്നും കർമ്മസംഗ്രഹമാണ്. കർമ്മത്തെ മൂന്നായി സംഗ്രഹിക്കാം.

1. കരണങ്ങൾ. കരണേന്ദ്രിയങ്ങൾ
2. കർമ്മം
3. കർമ്മം ചെയ്യുന്നവൻ (കർത്താവ്)

അർജ്ജുനനാണ് ഇവിടെ കർമ്മം ചെയ്യേണ്ടവൻ.കർമ്മം യുദ്ധമാണ്. ബാഹ്യാവയവങ്ങളും ആയുധങ്ങളും ഉപയോഗിച്ച യുദ്ധം വെറും ബാഹ്യമായ കാഴ്ചയാണ്. യുദ്ധത്തിനു പ്രചോദനമായ മൂന്നെണ്ണം ആന്തരമാണ്.

1. യുദ്ധകർമ്മത്തെക്കുറിച്ചും അത് നിർവ്വഹിക്കേണ്ടതിനെക്കുറിച്ചുമുള്ള ജ്ഞാനം.വില്ലെടുത്തവരിൽ മുമ്പനും പാശുപതം വരെ കയ്യിലുള്ളവനുമായ പാർത്ഥന് ആയോധനവിദ്യയിലുള്ള ജ്ഞാനം അദ്വിതീയമാണ്. അതുമാത്രം പോരാ, ഏതൊരു മഹദ്വിചാരത്തോടെ യുദ്ധം ചെയ്യണമോ ആ വിചാരം ഉണ്ടാവണം. അതാണ് ഭഗവാൻ ഉപദേശിച്ച ജ്ഞാനം.
2. ജ്ഞേയം.ഇവിടെ പുരുഷോത്തമൻ
3. ജ്ഞേയത്തെക്കുറിച്ച് ജ്ഞാനം നൽകുന്നവനായി അർജ്ജുനനിൽ ക്ഷേത്രജ്ഞനായിരിക്കുന്ന അക്ഷരപുരുഷനായ കൃഷ്ണൻ. നരന്റെ അന്തഃകരണത്തിലിരിക്കുന്ന നാരായണനാണ് അവന്റെ ജ്ഞാതാവും ജ്ഞേയവും ജ്ഞാനവും. വെറും ശരീരമാണ് കർമ്മം ചെയ്യുന്നതെന്ന ഭൌതികവാദിയുടെ വാദത്തെ മൂന്നു കർമ്മചോദനങ്ങൾ, മൂന്നു കർമ്മസംഗ്രഹങ്ങൾ, അഞ്ച് കർമ്മകാരണങ്ങൾ എന്നിവയെ വിശദമാക്കി ഗീത ഖണ്ഡിക്കുന്നു.

ശ്ലോകം 19

ജ്ഞാനം കർമ്മ ച കർത്താ ച ത്രിധൈവ ഗുണഭേദതഃ

പ്രോച്യതേ ഗുണസംഖ്യാനേ യഥാവച്ഛൃണു താന്യപി

ഗുണഭേദം കൊണ്ട് ജ്ഞാനം,കർമ്മം,കർത്താവ് എന്നിവയെ മൂന്നായി ഗുണവിവേചനം ചെയ്യുന്ന സാംഖ്യശാസ്ത്രത്തിൽ (സാംഖ്യം) പറയപ്പെടുന്ന അവയെ യഥാവിധി കേട്ടാലും.സാത്വികം,രാജസം,താമസം എന്ന് കർത്താവ്,കർമ്മം,ജ്ഞാനം ഇവയെ സാംഖ്യം മൂന്നായി തിരിക്കുന്നു. ഓരോന്നിന്റെ ലക്ഷണങ്ങളാണ് ഇനി പറയുന്നത്.

ശ്ലോകം 20

സർവ്വഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ

അവിഭക്തം വിഭക്തേഷുതജ്ഞാനം വിദ്ധി സാത്വികം

വിഭക്തമായി പലതായി കാണപ്പെടുന്ന സർവ്വഭൂതങ്ങളിലും അവിഭക്തവും അവ്യയവുമായ ഏകഭാവത്തെ കാണുന്ന ഭാവമാണ് സാത്വികം. അദ്വൈതമാണ് സാത്വികജ്ഞാനം. സാംഖ്യവും അദ്വൈതവും ഒന്നുതന്നെയാണ്. കൃഷ്ണനെപ്പോലെ ഗൌഡപാദരും ശങ്കരനും ഇതറിഞ്ഞിരുന്നു.

ശ്ലോകം 21

പൃഥക്ത്വേന തു യജ്ഞാനം നാനാഭാവാൻ പൃഥഗ്വിധാൻ

വേത്തി സർവ്വേഷു ഭൂതേഷു തജ്ഞാനം വിദ്ധി രാജസം.

സർവ്വഭൂതത്തിലും നാനാവിധത്തിലും നാനാഭാവത്തിലും പല ആത്മാക്കളുണ്ടെന്ന് വിശ്വസിക്കുന്ന ദ്വൈതമതങ്ങളെല്ലാം രാജസമാണ്. രാജർഷികളുടെ ജ്ഞാനമാണെങ്കിലും ഗീത രാജസജ്ഞാനത്തെയല്ല, അദ്വൈതമായ സാത്വികജ്ഞാനത്തെയാണ് ഉത്തമമെന്ന് പറയുന്നത്.

ശ്ലോകം 22

യത്തു കൃത്സ്നവദേകസ്മിൻ കാര്യേ സക്തമഹൈതുകം

അതത്ത്വർത്ഥവദൽപ്പം ച തത്താമസമുദാഹൃതം

ഏതെങ്കിലും ഒരു കാര്യത്തിൽ യാതൊരു കാരണവും കൂടാതെ തത്വാർത്ഥവിചാരം കൂടാതെ ഇതിനപ്പുറം ഒന്നുമില്ല എന്ന് ഒട്ടിനിൽക്കുന്ന അൽപ്പജ്ഞാനം താമസമാണ്.ശരീരത്തിനപ്പുറം ഒന്നുമില്ലെന്ന് കരുതുന്നവർ തല തിരിഞ്ഞ താമസജ്ഞാനികളാണ്. രജോഗുണപ്രധാനികൾ ദ്വൈതികളും സാത്വികർ അദ്വൈതികളുമാണ്.

ശ്ലോകം 23

നിയതം സംഗരഹിതമരാഗദ്വേഷതഃ കൃതം

അഫലപ്രേപ്സുനാ കർമ്മ യത്തത് സാത്വികമുച്യതേ

ഫലം വേണ്ട എന്നു കരുതുന്നവരാൽ സംഗം കൂടാതേയും രാഗദ്വേഷങ്ങളോടുകൂടാതെയും ചെയ്യപ്പെടുന്ന നിയതകർമ്മം സാത്വികകർമ്മമാണ്. ഇങ്ങനെ വേണം കർമ്മം ചെയ്യാനെന്നാണ് ഗീത ഉപദേശിക്കുന്നത്.

ശ്ലോകം 24

യത്തു കാമേപ്സുനാ കർമ്മ സാഹംകാരേണ വാ പുനഃ

ക്രിയതേ ബഹുലായാസം തദ് രാജസമുദാഹൃതം

കാമം കാരണം ഫലം വേണമെന്നാശിച്ച് അഹങ്കാരത്തോടെ ആയാസപ്പെട്ട് ചെയ്യുന്ന കർമ്മം രാജസമാണ്. രാഗദ്വേഷങ്ങൾ,സുഖദുഃഖങ്ങൾ മുതലായ ദ്വന്ദ്വങ്ങളെ ഉണ്ടാക്കുന്നു. ഇത്തരം കർമ്മം ത്യജിക്കണം.

ശ്ലോകം 25

അനുബന്ധം ക്ഷയം ഹിംസാമനവേക്ഷ്യ ച പൌരുഷം

മോഹാദാരഭ്യതേ കർമ്മ യത്തത്താമസമുച്യതേ

താൻ ചെയ്യുന്ന കർമ്മത്തിന്റെ അനുബന്ധമോ (ഭവിഷ്യത്ത്)അതുകൊണ്ടുണ്ടാവുന്ന ക്ഷയമോ (സമൂഹത്തിന്) ഹിംസയോ കണക്കാക്കാതെ തനിക്ക് ആ കർമ്മത്തിനുള്ള പൌരുഷം ഉണ്ടോ എന്നുപോലും നോക്കാതെ മോഹം കൊണ്ട് ചാടിപ്പുറപ്പെട്ട് ചെയ്യുന്ന കർമ്മം താമസമാണ്.

ശ്ലോകം 26

മുക്തസംഗോനഹംവാദീ ധൃത്യുത്സാഹസമന്വിതഃ

സിദ്ധ്യസിദ്ധ്യോർനിർവ്വികാരഃ കർത്താ സാത്വിക ഉച്യതേ

സംഗം വെടിഞ്ഞ് അഹംഭാവമില്ലാതെ കർമ്മകുശലതയോടും ഉത്സാഹത്തോടും കൂടി സിദ്ധിയിലും അസിദ്ധിയിലും നിർവ്വികാരമായി (ജയാപജയം നോക്കാതെ) കർമ്മം ചെയ്യുന്നവൻ സാത്വികനായ കർത്താവാണ്.

ശ്ലോകം 27

രാഗീ കർമ്മഫലപ്രേപ്സുർ ലുബ്ധോ ഹിംസാത്മകോശുചിഃ

ഹർഷശോകാന്വിതഃ കർത്താ രാജസഃ പരികീർത്തിതഃ

വിഷയത്തിൽ രാഗമുള്ളവനും ഫലം കാംക്ഷിക്കുന്നവനും ലുബ്ധനും ഹിംസാത്മകനും അശുദ്ധനും ഹർഷശോകങ്ങളനുഭവിക്കുന്നവനും ആയ കർത്താവ് രാജസനാണ്.

ശ്ലോകം 28

അയുക്തഃപ്രാകൃതഃസ്തബ്ധഃ ശഠോ നൈഷ്കൃതികോലസഃ

വിഷാദീ ദീർഘസൂത്രീ ച കർത്താ താമസ ഉച്യതേ

അയുക്തനും (യോഗയുക്തനല്ലാത്തവൻ) മനശാന്തിയില്ലാത്തവനും സംസ്കാരശൂന്യനും വിനയമില്ലാത്തവനും കപടക്കാരനും ഏഷണിക്കാര

നും അലസനും വിഷാദശീലനുമായ വ്യക്തി ദീർഘസൂത്രിയായിരിക്കും. അയാൾക്ക് ഒരു തീരുമാനവും എടുക്കാനാവില്ല. ചെയ്യേണ്ടതൊന്നും ചെയ്യാതെ എല്ലാ തീരുമാനവും നീട്ടിക്കൊണ്ടുപോകും. അത്തരം ദീർഘ സൂത്രിയായ കർത്താവ് താമസനാണ്.

ശ്ലോകം 29

ബുദ്ധേർഭേദം ധൃതേശ്ചൈവ ഗുണതസ്ത്രിവിധം ശൃണു

പ്രോച്യമാനമശേഷേണ പൃഥക്ത്വേന ധനഞ്ജയ

അർജ്ജുനാ, ബുദ്ധിയുടേയും കർമ്മകുശലതയുടേയും ഗുണവ്യത്യാസമനു സരിച്ചുള്ള മൂന്നു വ്യത്യസ്തഭേദങ്ങളെ പൂർണ്ണമായും വെവ്വേറെയായും പറയാം,കേട്ടുകൊള്ളുക.

ശ്ലോകം 30

യയാ ധർമ്മമധർമ്മം ച കാര്യം ചാകാര്യമേവ ച

അയഥാവത്പ്രജാനാതി ബുദ്ധിം സാ പാർത്ഥ രാജസി

ഏതൊന്നുകൊണ്ട് ധർമ്മത്തേയും അധർമ്മത്തേയും കാര്യത്തേയും അകാര്യത്തേയും അയഥാർത്ഥമായി അറിയുന്നുവോ, അത് രാജസ ബുദ്ധിയാണ്. രാജസബുദ്ധി ധർമ്മത്തെ അധർമ്മമായും കാര്യത്തെ അകാര്യമായും ശരീരത്തെ ആത്മാവായും തെറ്റിദ്ധരിക്കാനിടയുള്ള വൈരുദ്ധ്യാത്മകഭൌതികവാദിയുടെ ബുദ്ധിയാണ്.

ശ്ലോകം 32

അധർമ്മം ധർമ്മമിതി യാ മന്യതേ തമസാവൃതാ

സർവ്വാർത്ഥാൻ വിപരീതാംശ്ച ബുദ്ധിഃ സാ പാർത്ഥ താമസി

അധർമ്മം ധർമ്മം മുതലായവയെ തമസ്സുകൊണ്ട് ആവൃതമാകയാൽ സർവ്വാർത്ഥത്തിലും വിപരീതമായി ധരിക്കുന്നതാണ് താമസബുദ്ധി. രാജസബുദ്ധി ധർമ്മാധർമ്മങ്ങളെ അയഥാർത്ഥമായി ധരിക്കുന്നു. താമസ ബുദ്ധി അവയെ മുഴുവനായി തെറ്റിദ്ധരിച്ച് തലകീഴാക്കുന്നു. വിപരീത ബുദ്ധിയാണ് താമസി. രാജസത്തിന് ധർമ്മമേത് അധർമ്മമേത് എന്ന സംശയചിന്തയെങ്കിലുമുണ്ട്. താമസിക്ക് അതുപോലുമില്ല. നേരെ വിപ രീതമായി ധരിച്ച് തന്റെ മുയലിന് നാലുകൊമ്പെന്ന് പറഞ്ഞുനടക്കും.

ശ്ലോകം 33

ധൃത്യാ യയാ ധാരയതേ മനഃപ്രാണേന്ദ്രിയക്രിയാഃ

യോഗേനാവ്യഭിചാരിണ്യാ ധൃതിഃ സാ പാർത്ഥ സാത്വികീ

യോഗത്താൽ അവ്യഭിചാരിണിയായ(സ്ഥിരമായ) ഏതൊരു കർമ്മകുശല തയാൽ മനസ്സ്,പ്രാണൻ,ഇന്ദ്രിയങ്ങൾ എന്നിവയുടെ ക്രിയകളെയെല്ലാം നേരായി ധാരണം ചെയ്യുന്നുവോ ആ ധൃതിയാണ് (കർമ്മകുശലത) സാത്വികമായ ധൃതി. ഏതു പ്രതിബന്ധം വന്നാലും സാത്വികധൃതിയുള്ള വർ തന്റെ ഋജുമാർഗ്ഗത്തിൽനിന്ന് പിന്മാറുകയില്ല.ദൃഢനിശ്ചയത്തോടെ

ആകാശംതന്നെ ഇടിഞ്ഞുവീണാലും ആകാത്ത കർമ്മത്തിൽക്കൈചെല്ലാതെ നേരെ നടന്ന് ലക്ഷ്യം പ്രാപിക്കും.

ശ്ലോകം 34

യയാ തു ധർമ്മകാമാർത്ഥാൻ ധൃത്യാ ധാരയതേർജ്ജുന

പ്രസംഗേന ഫലാകാംക്ഷി ധൃതിഃസാ പാർത്ഥ രാജസി

ഏതൊരു കർമ്മകുശലത കൊണ്ടാണോ ധർമ്മം,അർത്ഥം, കാമം എന്ന മൂന്നു പുരുഷാർത്ഥങ്ങളെ ധാരണം ചെയ്യുകയും അവയിലുള്ള സംഗം ഹേതുവായി ഫലകാംക്ഷിയായിരിക്കുകയും ചെയ്യുനനുവോ ആ ധൃതി രാജസിയാണ്.

ശ്ലോകം 35

യയാ സ്വപ്നം ഭയം ശോകം വിഷാദം മദമേവ ച

ന വിമുഞ്ചന്തി ദുർമ്മേധാ ധൃതിഃ സാ പാർത്ഥ താമസി

ദുഷിച്ച മേധ കൊണ്ട് ഒരാൾ സ്വപ്നം, ഭയം,ശോകം,വിഷാദം ,മദം ഇവയെ വിടാതെ പിടിച്ചിരിക്കുന്നു. അങ്ങനെയുള്ള ധൃതി താമസധൃതിയാണ്. ഉപബോധാത്മകമനസ്സിന്റെ നിഷേധാത്മകഭാവങ്ങളിൽ കുടുങ്ങിക്കിടന്ന് ബുദ്ധി ദുഷിച്ചുപോയവന്റെ കർമ്മകുശലത താമസമാണ്.

ശ്ലോകം 36

സുഖം ത്വിദാനീം ത്രിവിധം ശൃണു മേ ഭരതർഷഭ

അഭ്യാസാദ് രമതേ യത്ര ദുഃഖാന്തം ച നിഗച്ഛതി

അഭ്യാസം കൊണ്ട് ഏതൊന്നിൽ ആളുകള് രമിക്കുകയും ദുഃഖം അറിയാതിരിക്കുകയും ചെയ്യുന്നുവോ, ആ സുഖവും മൂന്നുതരമുണ്ട്. കേട്ടോളൂ.

ശ്ലോകം 37

യത്തദഗ്രേ വിഷമിവ പരിണാമേമൃതോപമം

തത്സുഖം സാത്വികം പ്രോക്തമാത്മബുദ്ധിപ്രസാദജം

തുടക്കത്തിൽ വിഷംപോലെയും അവസാനം അമൃതിനുതുല്യമായും ഇരിക്കുന്നതും ആത്മബോധത്തിന്റെ പ്രസാദാത്മകത്തിൽനിന്ന് ജനിക്കുന്നതുമായ സുഖമാണ് സാത്വികസുഖം. നെല്ലിക്കയുടെ സ്വാദുപോലെ ആദ്യം ചവർപ്പും പിന്നെ മധുരവുമാണ്.

ശ്ലോകം 38

വിഷയേന്ദ്രിയസംയോഗാദ് യത്തദഗ്രേമൃതോപമം

പരിണാമേ വിഷമിവ തത്സുഖം രാജസം സുഖം

വിഷയേന്ദ്രിയങ്ങളുടെ സംയോഗത്തിൽനിന്ന് ജനിച്ചതാകയാൽ ആദ്യം അമൃതരസമായി തോന്നിയാലും അവസാനം വിഷമായി പരിണമിക്കുന്ന

താണ് രാജസസുഖം. ക്ഷണികമായ വിഷയസുഖം അവസാനം ദുഃഖം തരുന്നതിനാൽ വർജ്ജ്യമാണ്.

ശ്ലോകം 39

യദഗ്രേ ചാനുബന്ധേ ച സുഖം മോഹനമാത്മനഃ

നിദ്രാലസ്യപ്രമാദോത്ഥം തത്താമസമുദാഹൃതം

നിദ്ര,ആലസ്യം,ഭ്രാന്ത് എന്നിവയിൽനിന്ന് ജനിക്കുന്നതും ആത്മശക്തിയെ മയക്കിക്കിടത്തുന്നതുമായ സുഖം താമസമാണ്.

ശ്ലോകം 40

ന തദസ്തി പൃഥിവ്യാം വാ ദിവി ദേവേഷു വാ പുനഃ

സത്വം പ്രകൃതിജൈർമുക്തം യദേഭിഃ സ്യാത്രിഭിർഗുണൈഃ

പ്രകൃതിജങ്ങളാണ് ത്രിഗുണങ്ങൾ. അവയിൽനിന്ന് മുക്തമായ ഒരു ജീവിയും ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിലെ ദേവന്മാർക്കിടയിലും കൂടി ഇല്ല.

ചിന്തകന്മാർ, ദാർശനികർ,കവികൾ എന്നിവരിൽ സാത്വികഗുണം ഏറിയിരിക്കും. അവരാണ് ബ്രഹ്മജ്ഞാനം നേടുന്ന ബ്രാഹ്മണർ. ഭരണാധിപർ, ന്യായാധിപർ,സൈന്യാധിപർ ഇവരിൽ രാജസമാണ് അധികം. അവർ ക്ഷത്രിയരാണ്. കച്ചവടക്കാരും പണക്കാരും സംഗീതാദികലാകുശലരും വൈശ്യരാണ്. അവരിൽ രജസ്സും തമസ്സും സാത്വികവും ഉണ്ട് (മിശ്രം)തമോഗുണത്തേക്കാൾ രജോഗുണം അധി കമായിരിക്കും. ശൂദ്രരിൽ തമോഗുണം കൂടിയും മറ്റുള്ളവ കുറഞ്ഞും ഇരിക്കും.ആദ്യം പറഞ്ഞ മൂന്നു വർണ്ണങ്ങളേയും സഹായിച്ചുകൊണ്ട് നിൽക്കുന്ന സർവ്വീസ് ക്ലാസ് ആണ് അവർ. അലസരും പ്രമാദികളും നിദ്രാവശഗരുമായവർ ഇതിനെല്ലാം താഴെയാണ്.

മനുഷ്യന്റെ സ്വഭാവം സ്വധർമ്മം എന്നിവ അവരുടെ ഗുണമനുസരി ച്ചാണ് നിർണ്ണയിക്കപ്പെടുന്നത്. ബാഹ്യരൂപമോ പൂണൂലോ വേഷമോ ജന്മഗൃഹമോ വെച്ചല്ല. സൂക്ഷ്മമായ ഗുണത്താലാണ് മനുഷ്യൻ തന്റെ കർമ്മം തെരഞ്ഞെടുക്കുന്നത്. ആ കർമ്മം അവന്റെ വർണ്ണാശ്രമങ്ങളെ നിശ്ചയിക്കുന്നു.

ശ്ലോകം 41

ബ്രാഹ്മണക്,ത്രിയവിശാം ശൂദ്രാണാം ച പരന്തപ

കർമ്മാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ

ബ്രാഹ്മണർ,ക്ഷത്രിയർ,വൈശ്യർ,ശൂദ്രർ എന്നിവരുടെ കർമ്മങ്ങളെ അവരവരുടെ സ്വഭാവജമായ ഗുണാനുസൃതമായാണ് വിഭജിച്ചിരിക്കു ന്നത്.

ശ്ലോകം 42

ശമോ ദമസ്തപഃശൌചം ക്ഷാന്തിരാർജ്ജവമേവ ച

ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ്മസ്വഭാവജം

ശമം,ദമം,തപസ്സ്,ശൌചം,ക്ഷാന്തി, ആർജ്ജവം, ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം ഇവ ബ്രഹ്മകർമ്മങ്ങളാണ്. ഈ സാത്വികധർമ്മം അനുഷ്ഠിക്കുന്നവരാണ് ബ്രാഹ്മണർ.

ശ്ലോകം 43

ശൌര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം

ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മസ്വഭാവജം

ശൌര്യം,തേജസ്സ്,ധൃതി,ജാഗ്രത,യുദ്ധത്തിൽ പിന്തിരിഞ്ഞ് ഓടാതിരിക്കൽ, ദാനം, ഈശ്വരഭാവം ഇവ ക്ഷത്രിയന്റെ സ്വഭാവജങ്ങളായ കർമ്മങ്ങളാണ്.

ശ്ലോകം 44

കൃഷി ഗൌരക്ഷവാണിജ്യം വൈശ്യകർമ്മസ്വഭാവജം

പരിചര്യാത്മകം കർമ്മം ശൂദ്രസ്യാപി സ്വഭാവജം

കൃഷി,പശുസംരക്ഷണം, വാണിജ്യം ഇവ വൈശ്യന്റെ സ്വഭാവജകർമ്മമാണ്. പരിചരണമാണ് ശൂദ്രന്റെ സ്വാഭാവികകർമ്മം(വൈദ്യം മുതലായവ)

ശ്ലോകം 45

സ്വേ സ്വേ കർമ്മണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ

സ്വകർമ്മനിരതഃസിദ്ധിം യഥാ വിന്ദതി തച്ഛൃണു

അവനവന്റെ സ്വഭാവത്തിനനുസരിച്ച് ലഭിച്ച കർമ്മങ്ങളിൽ അഭിരതിയുള്ള മനുഷ്യർക്ക് സിദ്ധി ലഭിക്കുന്നു.സ്വകർമ്മനിരതൻ എങ്ങനെ സിദ്ധി നേടുന്നു എന്ന് കേട്ടുകൊള്ളുക.

ശ്ലോകം 46

യതഃപ്രവൃത്തിർഭൂതാനാം യേന സർവ്വമിദം തതം

സ്വകർമ്മണാ തമഭ്യർച്ച്യ സിദ്ധിം വിന്ദതി മാനവഃ

ഏതിൽനിന്നാണോ സർവ്വഭൂതങ്ങളുണ്ടായിവരുന്നത് ആര് ഈ സർവ്വത്തേയും വ്യാപിച്ചുനിൽക്കുന്നവോ, അവനെ (പുരുഷോത്തമനെ) മനുഷ്യൻ സ്വകർമ്മം കൊണ്ട് അർച്ചിച്ച് സിദ്ധി നേടുന്നു.

ശ്ലോകം 47

ശ്രേയാൻ സ്വധർമ്മോ വിഗുണഃ പരധർമ്മാത് സ്വനുഷ്ഠിതാത്

സ്വഭാവനിയതം കർമ്മ കുർവ്വൻ നാപ്നോതി കിൽബിഷം

പരധർമ്മം നനമനായി ചെയ്യുന്നതിനേക്കാൾ ഗുണം കുറഞ്ഞതായാലും സ്വധർമ്മം ചെയ്യുന്നതാണ് ശ്രേയസ്കരം. സ്വഭാവത്തിന് നിയതമായ കർമ്മം ചെയ്യുന്നവന് കളങ്കം തട്ടുന്നില്ല.

ശ്ലോകം 48

സഹജം കർമ്മ കൌന്തേയ സദോഷമപി ന ത്യജേത്

സർവ്വാരംഭാ ഹി ദോഷേണ ധൂമോനാഗ്നിരിവാവൃതാഃ

സഹജകർമ്മം(സ്വഭാവാനുസൃതമായി കിട്ടിയ സ്വധർമ്മം)ദോഷമുള്ളതാണെങ്കിൽ പോലും അത് ത്യജിക്കരുത്. എന്തെന്നാൽ,സർവ്വകർമ്മാരംഭങ്ങളും പുകയാൽ അഗ്നിയെന്നപോലെ ദോഷത്താൽ മൂടപ്പെട്ടവ തന്നെയാണ്. ക്ഷത്രിയനായ അർജ്ജുനന്റെ സഹജകർമ്മമാണ് യുദ്ധം. അതിൽ ഹിംസ എന്ന ദോഷമുണ്ട്. എങ്കിലും അതിൽനിന്ന് പിന്തിരിഞ്ഞോടാൻ നിർവ്വാഹമില്ല. യുദ്ധത്തിൽ ചെയ്യുന്ന പാപത്തേക്കാൾ കഠിനമായ ദോഷം പിന്തിരിഞ്ഞോടുന്നതു കൊണ്ട് സംഭവിക്കും. തന്നെ വിശ്വസിച്ച് അണിനിരന്ന അനേകം പേർക്ക് അതുകൊണ്ട് മൃത്യു സംഭവിക്കും.

ശ്ലോകം 49

അസക്തബുദ്ധിഃസർവ്വത്ര ജിതാത്മാ വിഗതസ്പൃഹഃ

നൈഷ്കർമ്മയസിദ്ധിം പരമാം സന്യാസേനാധിഗഛതി

ഒന്നിലും ഒട്ടാത്ത ആസക്തിയില്ലാത്ത ബുദ്ധിയോടുകൂടി,ജിതാത്മാവായി, മോഹങ്ങളൊന്നുമില്ലാതെ ജീവിക്കുന്നവൻ സന്യാസത്താൽ പരമമായ നൈഷ്കർമ്മ്യസിദ്ധി പ്രാപിക്കുന്നു. നൈഷ്കർമ്മ്യസിദ്ധി നേടിയവനു മാത്രമേ മുക്തി സംഭവിക്കയുള്ളു.

ശ്ലോകം 50

സിദ്ധിം പ്രാപ്തോ യഥാ ധർമ്മാ തതാപ്നോതി നിബോധ മേ

സമാസേനൈവ കൌന്തേയ നിഷ്ഠാ ജ്ഞാനസ്യ യാ പരാ

നൈഷ്കർമ്മ്യസിദ്ധി പ്രാപിച്ചവർ ജ്ഞാനത്തിന്റെ പരമമായ നിഷ്ഠയാകുന്ന ബ്രഹ്മാനുഭൂതി എങ്ങനെ പ്രാപിക്കുന്നു എന്ന് ചുരുക്കിപ്പറയാം

ശ്ലോകം 51

ബുദ്ധ്യാ വിശുദ്ധയാ യുക്തോ ധൃത്യാത്മാനം നിയമ്യ ച

ശബ്ദാദീൻ വിഷയാംസ്ത്യക്ത്വാ രാഗദ്വേഷൌ വ്യുദസ്യ ച

വിശുദ്ധമായ ബുദ്ധിയോടുകൂടി കർമ്മകുശലതയാൽ ആത്മസംയമനം ചെയ്ത് ശബ്ദാദി വിഷയങ്ങളെ ത്യജിച്ച് രാഗദ്വേഷങ്ങളെ വർജ്ജിക്കുന്നു

ശ്ലോകം 52

വിവിക്തസേവീ ലഘ്വാശീ യതവാക്കായമാനസഃ

ധ്യാനയോഗപരോ നിത്യം വൈരാഗ്യം സമുപാശ്രിതഃ

ആരും സേവിക്കാനില്ലാത്ത നിർജ്ജനപ്രദേശത്ത് മിതമായ ഭക്ഷണം മാത്രം കഴിച്ച് മനസ്സ്,വാക്ക്, ശരീരം എന്നിവയെ നിയന്ത്രിച്ച് നിത്യവും ധ്യാനയോഗപരനായിട്ട് വൈരാഗ്യത്തെ ആശ്രയിക്കുന്നു

ശ്ലോകം 53

അഹങ്കാരം ബലം ദർപ്പം കാമം ക്രോധം പരിഗ്രഹം

വിമുച്യ നിർമ്മമഃശാന്തോ ബ്രഹ്മഭൂയായ കൽപ്പതേ

അഹങ്കാരം, ബലം,ദർപ്പം,കാമം,ക്രോധം ,പരിഗ്രഹം ഇവയെ ഒഴിവാക്കി നിർമ്മമനും ശാന്തനുമായി ബ്രഹ്മമായി സ്വയം കൽപ്പിക്കുന്നു.

ശ്ലോകം 54

ബ്രഹ്മഭൂതഃപ്രസന്നാത്മാ ന ശോചതി ന കാംക്ഷതി

സമഃസർവ്വേഷു ഭൂതേഷു മദ്ഭക്തിം ലഭതേ പരാം

ഞാനാണ് ബ്രഹ്മമെന്ന് ബോധമുദിച്ച് പ്രസന്നാത്മാവായ അവൻ ഒന്നും കാംക്ഷിക്കുന്നില്ല,ദുഃഖിക്കുന്നുമില്ല. സർവ്വഭൂതങ്ങളേയും സമഭാവത്തിൽ കാണുന്ന അവന്ന് എന്നിൽ പരാഭക്തി ലഭിക്കുന്നു

ശ്ലോകം 55

ഭക്ത്യാ മാമഭിജാനാതി യാവാൻ യശ്ചാസ്മി തത്വതഃ

തതോ മാം തത്വതോ ജ്ഞാത്വാ വിശതേ തദനന്തരം

ഭക്തിയാൽ ഞാനെന്തെന്നും എന്റെ തത്വമെന്തെന്നും ഗ്രഹിക്കുന്നു. അങ്ങനെ എന്റെ തത്വം അറിഞ്ഞശേഷം എന്നോട് ഒന്നായി സാരൂപ്യം പ്രാപിക്കുന്നു

ശ്ലോകം 56

സർവ്വകർമ്മാണ്യപി സദാ കുർവ്വാണോ മദ് വ്യപാശ്രയഃ

മത് പ്രസാദാദവാപ്നോതി ശാശ്വതം പദമവ്യയം

സർവ്വകർമ്മങ്ങളും എന്നെ ആശ്രയിച്ച് മാത്രം സദാ ചെയ്യുന്നവൻ എന്റെ പ്രസാദത്താൽ ശാശ്വതവും അവ്യയവുമായ പരമപദം പ്രാപിക്കുന്നു. സാരൂപ്യത്തിൽനിന്ന് സായൂജ്യത്തിലേക്ക് ഏറെ ദൂരമില്ല.

ശ്ലോകം 57

ചേതസാ സർവ്വകർമ്മാണി മയി സന്യസ്യമത്പരഃ

ബുദ്ധിയോഗമുപാശ്രിത്യ മച്ചിത്തഃ സതതം ഭവ

ചേതസ്സുകൊണ്ട്, സർവ്വകർമ്മങ്ങളും എനിക്കായി സന്യസിച്ച് (ഈശ്വരാർപ്പണം) മത് പരായണനായി ബുദ്ധിയോഗത്തെ ആശ്രയിച്ച് എപ്പോഴും എന്റെ ചിത്തമായി ഭവിക്കുക.കർമ്മവും ഭക്തിയും ജ്ഞാനവും ഒന്നായി ഇവിടെ സമന്വയിക്കുന്നു. മൂന്നും വെവ്വേറെയല്ല. ഒന്നിന്റെ തന്നെ വകഭേദങ്ങളാണ്. കർമ്മങ്ങളെ ഈശ്വരാർപ്പണമാക്കുന്ന കർമ്മയോഗവും

മത്പരായണനാകുന്ന ഭക്തിയോഗവും , ആശ്രയിക്കേണ്ട ബുദ്ധിയോഗം എന്ന ജ്ഞാനയോഗവും ചേർന്ന് ഒരാളെ ഈശ്വരചിത്തനാക്കി മാറ്റുന്നു. അപ്രകാരം ഈശ്വരചിത്തനായാൽ, വിഷ്ണുചിത്തനായാൽ, എന്താണ് സംഭവിക്കുക.

ശ്ലോകം 58

മച്ചിത്തഃസർവ്വദുർഗ്ഗാണി മത്പ്രസാദാത് തരിഷ്യസി

അഥ ചേത്വമഹങ്കാരാന്ന ശോഷ്യസി വിനക്ഷ്യസി

എന്റെ ചിത്തമായി ഭവിച്ചാൽ നീ എന്റെ പ്രസാദം കൊണ്ട് സർവ്വ ദുർഗ്ഗമങ്ങളായ ജീവിതപ്രതിസന്ധികളേയും തരണം ചെയ്യും. എന്നാൽ, അഹങ്കാരം ഹേതുവായി ഇതു കേൾക്കാൻ തയ്യാറല്ലെങ്കിൽ നശിച്ചുപോവുകയും ചെയ്യും.

ശ്ലോകം 59

യദഹങ്കാരമാശ്രിത്യ ന യോത്സ്യ ഇതി മന്യസേ

മിഥ്യൈഷ വ്യവസായസ്തേ പ്രകൃതിസ്ത്വാം നിയോക്ഷ്യതി

അഹങ്കാരത്തെ ആശ്രയിച്ച് ഞാൻ യുദ്ധം ചെയ്യില്ല എന്ന് നീ കരുതുന്നുണ്ടല്ലോ, നിന്റെ ആ തോന്നൽ മിഥ്യയാണ്. പ്രകൃതി നിന്നെക്കൊണ്ട് യുദ്ധം ചെയ്യിക്കും.

ശ്ലോകം 60

സ്വഭാവജേന കൌന്തേയ നിബദ്ധഃസ്വേന കർമ്മണാ

കർത്തും നേഛസി യന്മോഹാത് കരിഷ്യസ്യവശോപി തത്

നിനക്ക് സ്വഭാവജമായിട്ടുള്ള സ്വന്തം കർമ്മത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന നീ, മോഹം കാരണം അതു ചെയ്യാൻ ഇഛിക്കാതെ ഒഴിഞ്ഞു മാറുന്ന പക്ഷം, അവശനായിട്ട് (പ്രകൃതിയാൽ പ്രേരിതനായി മറ്റു വഴിയില്ലാതെ) പിന്നീട് ഈ യുദ്ധം ചെയ്യേണ്ടതായി വരും.

ശ്ലോകം 61

ഈശ്വരഃസർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുന തിഷ്ഠതി

ഭ്രാമയൻ സർവ്വഭൂതാനി യന്ത്രാരൂഢാനി മായയാ

യന്ത്രാരൂഢന്മാരായ സർവ്വഭൂതങ്ങളേയും മായയാൽ ചക്രം ചുറ്റിച്ചുകൊണ്ടിരിക്കുന്ന ഈശ്വരൻ സർവ്വഭൂതങ്ങളുടേയും ഹൃദയത്തിലിരിക്കുന്നുണ്ട്.പ്രപഞ്ചം ഗോളയന്ത്രരൂപമാണ്. അതിലുള്ള സർവ്വഭൂതങ്ങളും യന്ത്ര ഊഞ്ഞാലിലെന്നപോലെ ഇരിക്കുന്നു. അതിനെ നിയാമകശക്തി (ഈശ്വരൻ)ചക്രം ചുറ്റിക്കുന്നു. ഈ പ്രപഞ്ചയന്ത്രസംവിധാനത്തിന് കാരണക്കാരനായ ശക്തി ഓരോ ഹൃദയത്തിലുമുണ്ട്. അവിടെയിരുന്നാണ് സംസാര ചക്രം കറക്കുന്നത്. അതിനാൽ രാജസഗുണരൂപമായ അതിന്റെ തിരിച്ചിലിൽനിന്ന് ഞാൻ ഒഴിഞ്ഞുനിൽക്കുമെന്ന് അർജ്ജുനൻ വ്യാമോഹിക്കേണ്ട

തില്ല.യുദ്ധം ചെയ്യാതിരിക്കാൻ അർജ്ജുനന്റെ ക്ഷത്രിയപ്രകൃതി അനുവദിക്കയില്ല.

ശ്ലോകം 62

തമേവ ശരണം ഗഛ സർവ്വഭാവേന ഭാരത

തത് പ്രസാദാത് പരാംശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്വതം

അവനെത്തന്നെ (ഈശ്വരനെ)സർവ്വഭാവത്താലും ശരണം പ്രാപിക്കുക. അവന്റെ പ്രസാദത്താൽ പരമശാന്തിയുടെ ശാശ്വതസ്ഥാനം നിനക്ക് പ്രാപിക്കാം. തന്റെ ഉള്ളിലിരിക്കുന്ന നാരായണന്റെ പ്രസാദത്താൽ ബ്രഹ്മാനുഭൂതി ലഭിക്കുന്നു.

ശ്ലോകം 63

ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാദ് ഗുഹ്യതരം മയാ

വിമൃശ്യൈതദശേഷേണ യഥേഛസി തഥാ കുരു

ഇപ്രകാരം അതീവ രഹസ്യമായ ജ്ഞാനം നിനക്ക് ഞാൻ ഉപദേശിച്ചു തന്നു. ഇതിനെ നന്നായി വിചാരിച്ച് (മനനംചെയ്ത്) ധ്യാനിച്ച് ഓർമ്മിച്ച് നിന്റെ ഇഷ്ടം പോലെ പ്രവർത്തിക്കുക.

ശ്ലോകം 64

സർവ്വഗുഹ്യതമം ഭൂയഃ ശൃണു മേ പരമം വചഃ

ഇഷ്ടോസി മേ ദൃഢമിതി തതോ വക്ഷ്യാമി തേ ഹിതം

സർവ്വത്തിലും വെച്ച് രഹസ്യമായ എന്റെ പരമവാക്യം കേൾക്കുക. കാരണം, നീ എനിക്ക് പ്രിയമേറിയവനാണ്. നിന്റെ ഹിതമേ ഞാൻ പറയൂ. എന്താണ് സർവ്വത്തിലും വെച്ച് നിഗൂഢമായ പരമവചസ്സ്. 9ആം അദ്ധ്യായത്തിൽ ഉപദേശിച്ച അതേ വചസ്സു തന്നെ.

ശ്ലോകം 65

മന്മനാ ഭവ മദ്ഭക്താ മദ്യാജീ മാം നമസ്കുരു

മാമേവൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോസി മേ

എന്റെ മനസ്സായി ഭവിക്കുക (മന്മനാഭവ). എന്റെ ഭക്തനാവുക. എന്നെ യജിക്കുക,നമസ്കരിക്കുക. നീ എന്നിൽത്തന്നെ എത്തിച്ചേരുമെന്നത് സത്യമാണ്. നിനക്ക് ഹിതമേ ഞാൻ പറയുകയുള്ളു, നീ എനിക്ക് അത്രയും പ്രിയനാണ്.

ശ്ലോകം 66

സർവ്വധർമ്മാൻ പരിത്യജ്യ മാമേകശരണം വ്രജ

അഹം ത്വാ സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ

സർവ്വധർമ്മങ്ങളേയും പരിത്യജിച്ച് ഏകമായ എന്നെ ശരണം പ്രാപിക്കുക. ഞാൻ നിന്നെ സർപ്പപാപങ്ങളിൽനിന്നും മോചിപ്പിക്കും. ദുഃഖിക്കരുത്.

ഇത് ഗീതയുടെ ഉപസംഹാരമന്ത്രമാണ്.ആരെക്കുറിച്ച് ദുഃഖിക്കേണ്ടതില്ലയോ അവരെക്കുറിച്ച് നീ ദുഃഖിക്കുന്നു എന്നാണ് ഭഗവാൻ ആദ്യം പറഞ്ഞ ഗീതാമന്ത്രം .നീ ദുഃഖിക്കരുത്, നിന്റെ ദുഃഖം തീർക്കുന്നവൻ ഞാനാണെന്ന് അവസാനിപ്പിക്കുന്നു. ഇനിയുള്ള 12 ശ്ലോകം ഫലശ്രുതി മുതലായവയാണ്.ദുഃഖമോചനമാണ് ഗീതയുടെ ലക്ഷ്യം. ദുഃഖമോചനത്തിന് ജ്ഞാനവും ഭക്തിയും നിഷ്കാമകർമ്മവും ഉപകരിക്കും. അവനവന്റെ സ്വഭാവമനുസരിച്ച് അവനവൻ തന്നെ മാർഗ്ഗം തെരഞ്ഞെടുക്കണം. അതുകൊണ്ടാണ് യഥേഛസി എന്ന് 63ആം ശ്ലോകത്തിൽ ഉപയോഗിച്ചത്. എല്ലാ പക്ഷികൾക്കും ചിറകുണ്ട്. ചില പക്ഷികൾ വളരെ ഉയരത്തിൽ പറക്കുന്നു.ചിലവ ഭൂമി വിട്ട് പൊന്തുന്നില്ല. മനുഷ്യന്റെ നിലയും അതാണ്. സ്വഭാവജമായ ഗുണാനുസൃതമായി തന്നാലാവുന്ന മാർഗ്ഗം തെരഞ്ഞെടുക്കണം. വേദാന്തസാരമാണ് ഗീത. ആത്യന്തികമായ ദുഃഖനിവൃത്തിയെ മോക്ഷമെന്ന് വേദാന്തശാസ്ത്രം സിദ്ധാന്തിക്കുന്നു.ഈ പദം ലഭിക്കാൻ ദുഃഖമാകുന്ന സംസാരവൃക്ഷത്തിന്റെ കൊമ്പും വേരും മുറിക്കണം. ഇരുട്ടുമാറ്റാൻ പ്രകാശം വേണം. തിരി കത്തിക്കാൻ എണ്ണയും തീപ്പെട്ടിയും വിളക്കും വേണം. തിരി തീർന്നാൽ വീണ്ടും ഇരുട്ടുവരും. സൂര്യസദൃശമായ ആത്മപ്രകാശം കൊണ്ട് അവിദ്യയെ എന്നേക്കുമായി നീക്കിക്കളയണം. ബ്രഹ്മാനുഭൂതിയുടെ അഖണ്ഡാനന്ദാനുഭൂതിധാരയിൽ ലയിച്ച് പരമഭാഗവതോത്തമനായി ആത്മവിസ്മൃതിയിൽ നാദബ്രഹ്മോപാസന ചെയ്യണം. ഇത് മോക്ഷമാർഗ്ഗമാണ്.

ഗീത രത്നം കൊണ്ടുതീർത്ത ശ്രീകോവിലാണെങ്കിൽ, അതിന്റെ താഴികക്കുടമാണ് അർത്ഥചിന്താമണിയെന്ന ഉത്തമരത്നത്താൽ തീർത്ത 18ആം അദ്ധ്യായമെന്ന് ജ്ഞാനേശ്വരിയിലുണ്ട്.ക്ഷേത്രത്തിന്റെ താഴികക്കുടം ദർശിച്ചാല് അത് ദേവതയെ തൊഴുത ഫലമാണെന്ന് സമ്പ്രദായം. ഈ അദ്ധ്യെ ഇതുവരെ പറഞ്ഞെ എല്ലാ അദ്ധ്യായങ്ങളുടേയും സമഗ്രമായ വിവരണമാണ്. സമന്വയമാണ്. അതിനാൽ ഗീതാസാരം ഗ്രഹിക്കാൻ ഈ അദ്ധ്യം ശ്രദ്ധിച്ച് വായിച്ചാൽ മതി.

ഗീതയിൽ നന്നാലുപാദങ്ങളടങ്ങിയ അനേകം ശ്ലോകങ്ങളും, വിവിധശ്ലോകങ്ങളടങ്ങിയ 18 അദ്ധ്യായങ്ങളും ഉണ്ടെങ്കിലും ആ ശ്ലോകപുഷ്പങ്ങളിലടങ്ങിയ മധുവിന് ഒരേ രസമേ ഉള്ളു. ബ്രഹ്മരസം. അനേകം രത്നങ്ങൾ കോർത്ത രത്നഹാരമാണ് ഗീത. അനവധി മുത്തുകോർത്ത മുത്തുമാലയാണ് ഗീത. അനേകം സുഗന്ധപുഷ്പങ്ങൾ കോർത്ത് രചിച്ച വിജയവൈജയന്തിയാണ് ഗീത. രത്നഹാരത്തിനും മുത്തുമാലക്കും രത്നവും മുത്തും അനവധി. പക്ഷേ ശോഭ ഒന്ന്. പുഷ്പമാലയിൽ നിരവധി പൂക്കൾ. പക്ഷേ ഒരേ സൌരഭ്യം. ഗീതക്കും അനേകം ശ്ലോകങ്ങൾ ശാന്തമായ ബ്രഹ്മരസം. ബ്രഹ്മാനുഭൂതിയില് ചിത്തം പൂത്തുതളിർക്കുമ്പോൾ അതിൽനിന്ന് കൊഴിയുന്ന വാക്യപുഷ്പങ്ങൾ ഈശ്വരാർപ്പണമായി നൽകുന്നു. അവ കൊരുത്തുകെട്ടിയ ഈ സൌവർണ്ണവനമാല പ്രിയന്റെ കഴുത്തിൽ ചാർത്തുന്നു.

ശ്ലോകം 67

ഇദം തേ നാതപസ്കായ നാഭക്തായ കദാചന

ന പശ്യശ്രൂഷവേ വാച്യം ന ച മാം യോഭ്യസൂയതി

ഈ രഹസ്യശാസ്ത്രം തപസ്സില്ലാത്തവർക്ക് ഒരിക്കലും ഉപദേശിക്കരുത്. ഭക്തിയില്ലാത്തവനും കേൾക്കാൻ ഇഷ്ടമില്ലാത്തവനും അസൂയക്കാരനും ഉപദേശിക്കരുത്.

ശ്ലോകം 68

യ ഇമം പരമം ഗുഹ്യം മദ്ഭക്തേഷ്വഭിധാസ്യതി

ഭക്തിം മയി പരാം കൃത്വാ മാമേവൈഷ്യതു സംശയഃ

പരമരഹസ്യമായ ഈ ശാസ്ത്രം ആരാണോ എന്നിൽ പരമമായ ഭക്തി യോടെ, എന്റെ ഭക്തന്മാർക്ക് പറഞ്ഞുകൊടുക്കുന്നത്, അവൻ എന്നെ ത്തന്നെ പ്രാപിക്കും. സംശയമില്ല. അവനവൻ ഉൾക്കൊണ്ട ജ്ഞാനം സമാനഹൃദയരുമായി പങ്കിടുന്നത് അതിമനോഹരമായ ഒരനുഭൂതി യാണ്.ഈ ഗീതാവ്യാഖ്യാനം എഴുതിക്കൊണ്ടിരുന്ന ഓരോ മുഹൂർത്ത വും എന്റെ ജീവിതത്തിൽ മറക്കാനാവാത്ത മുഹൂർത്തങ്ങളാണ്. അനു ഭൂതിസാന്ദ്രങ്ങളായ ആ മുഹൂർത്തങ്ങളുടെ മാധുര്യം ഇതു വായിക്കുന്ന വർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ശ്ലോകം 69

ന ച തസ്മാന്മനുഷ്യേഷു കശ്ചിന്മേപ്രിയകൃത്തമഃ

ഭവിതാ ന ച മേ തസ്മാദന്യഃ പ്രിയതരോ ഭുവി

മാത്രമല്ല, അവനേക്കാൾ പ്രിയങ്കരനായി എനിക്ക് മനുഷ്യർക്കിടയിൽ ആരുമില്ല. അങ്ങനെ പ്രിയങ്കരനായി അന്യനൊരാൾ ഈ ഭൂമിയിൽ ഉണ്ടാകാനും പോകുന്നില്ല.

ഗീത വായിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും സ്വജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്ത പുണ്യശാലി എത്ര ഭാഗ്യവാനാണ്. അയാളെക്കാളും പ്രിയങ്കരനായി ഭഗവാൻ മറ്റാരേയും ഭൂമിയിൽ കാണുന്നില്ല. അയാളുടെ കർമ്മം പോലെ ഭഗവാനു പ്രിയങ്കരമായി മറ്റൊരു കർമ്മവുമില്ല.

ശ്ലോകം 70

അധ്യേഷ്യതേ ച യ ഇമം ധർമ്മ്യം സംവാദമാവയോഃ

ജ്ഞാനയജ്ഞേന തേനാഹമിഷ്ടഃ സ്യാമിതി മേ മതിഃ

നാം തമ്മിൽ അദ്ധ്യാത്മധർമ്മത്തെ കുറിച്ച് നടത്തിയ ഈ സംവാദം ആർ ശ്രദ്ധാപൂർവ്വം പഠിക്കുന്നുവോ അയാൾ, ജ്ഞാനയജ്ഞം(യോഗം) കൊണ്ട് എന്നെ ആരാധിക്കുകയാണ്.

ശ്ലോകം 71

ശ്രദ്ധാവാനനസൂയശ്ച ശൃണുയാദപി യോ നരഃ

സോപി മുക്തഃശുഭാംല്ലോകാൻ പ്രാപ്നുയാത് പുണ്യകർമ്മണാം

ശ്രദ്ധാവാനായി അനസൂയനായി ഏതൊരു മനുഷ്യൻ ഈ സംവാദം കേൾക്കുന്നുവോ അവൻ മുക്തനായി പുണ്യകർമ്മം ചെയ്യുന്നവരുടെ ശുഭലോകം പ്രാപിക്കുന്നു

ശ്ലോകം 72

കച്ചിദേതത് ശ്രുതം പാർത്ഥ ത്വയൈകാഗ്രേണ ചേതസാ

കച്ചിദജ്ഞാനസംമോഹഃ പ്രനഷ്ടസ്തേ ധനഞ്ജയഃ

ധനഞ്ജയാ, ഞാൻ പറഞ്ഞതൊക്കെ നീ ഏകാഗ്രമായി ശ്രദ്ധിച്ചില്ലേ. അജ്ഞാനം കൊണ്ടുണ്ടായ നിന്റെ സമ്മോഹം മുഴുവനായി മാറിയില്ലേ

ശ്ലോകം 73 അർജ്ജുന ഉവാചഃ

നഷ്ടോ മോഹഃ സ്മൃതിർലബ്ധാ ത്വത് പ്രസാദാന്മയാച്യുതാ

സ്ഥിതോസ്മി ഗതസന്ദേഹഃ കരിഷ്യേ വചനം തവ

അർജ്ജുനൻ പറഞ്ഞുഃ അച്യുതാ, അവിടുത്തെ പ്രസാദം കൊണ്ട് എന്റെ മോഹമെല്ലാം നീങ്ങി. സ്മൃതി ലഭിച്ചു. സന്ദേഹം തീർന്നു. ഞാൻ തയ്യാറായി. അങ്ങയുടെ വാക്കനുസരിച്ച് ഞാൻ പ്രവർത്തിച്ചു കൊള്ളാം.

ഏതു സ്മൃതിയാണ് അർജ്ജുനന് ഇവിടെ ലഭിച്ചതായി പറയുന്ന സ്മൃതി. പൂർവ്വജന്മസ്മൃതിയാണ് ലഭിച്ചത്. പ്രജ്ഞാനഘനസ്വരൂപമായ ആത്മസ്മൃതിയാൽ അദ്ദേഹം അനുഗ്രഹീതനായി. ഇത് വായിക്കുന്നവർക്കും അത് ലഭിക്കട്ടെ.

ശ്ലോകം 74 സഞ്ജയ ഉവാചഃ

ഇത്യഹം വാസുദേവസ്യ പാർത്ഥസ്യ ച മഹാത്മനഃ

സംവാദമിമശ്രൌഷമത്ഭുതം രോമഹർഷണം

സഞ്ജയൻ പറഞ്ഞുഃഇപ്രകാരം വാസുദേവനും മഹാത്മാവായ അർജ്ജുനനും തമ്മിലുള്ള അത്ഭുതകരവും രോമാഞ്ചജനകവുമായ സംവാദം ഞാൻ ശ്രവിച്ചു.

ശ്ലോകം 75

വ്യാസപ്രസാദാത് ശ്രുതവാനേതദ് ഗുഹ്യമഹം പരം

യോഗം യോഗേശ്വരാത് കൃഷ്ണാത് സാക്ഷാത് കഥയതഃസ്വയം

വ്യാസപ്രസാദം കൊണ്ട് ഗുഹ്യവും പരമവുമായ ഈ യോഗത്തെ യോഗേശ്വരനായ കൃഷ്ണൻ സ്വയം ഉപദേശിക്കുന്നത് ഞാൻ നേരിട്ടു കേട്ടു.

ശ്ലോകം 76

രാജൻ സംസ്മൃത്യ സംസ്മൃത്യ സംവാദമിമമത്ഭുതം

കേശവാർജ്ജുനയോഃപുണ്യം ഹൃഷ്യാമി ച മുഹുർമ്മുഹുഃ

ഹേ,രാജാവേ, കേശവന്റെയും അർജ്ജുനന്റെയും അത്ഭുതകരമായ പുണ്യസംവാദം ആലോചിക്കുന്തോറും ഞാൻ ഹർഷപുളകിതനായി ഭവിക്കുന്നു.

ശ്ലോകം 77

തച്ച സംസ്മൃത്യ സംസ്മൃത്യ രൂപമത്യത്ഭുതം ഹരേഃ

വിസ്മയോ മേ മഹാൻ രാജൻ ഹൃഷ്യാമി ച പുനഃപുനഃ

മാത്രമല്ല, ഭഗവാൻ ഹരിയുടെഅത്യത്ഭുതകരമായ രൂപം ഓർത്തോർത്ത് വിസ്മയം അധികരിക്കുന്നു. വീണ്ടും വീണ്ടും പുളകമണിയുന്നു. അർജ്ജുനന് വിശ്വരൂപദർശനത്തിലുണ്ടായ ഭാവാവേശം അതിനെക്കുറിച്ച് ഓർക്കുന്തോറും സഞ്ജയനേയും അനുഭൂതിപരവശനാക്കുന്നു. സ്മരണ പോലും ആ അനുഭൂതി ഉണ്ടാക്കുന്നു.

ശ്ലോകം 78

യത്ര യോഗേശ്വരഃകൃഷ്ണോ യത്ര പാർത്ഥോ ധനുർധരഃ

തത്ര ശ്രീർവിജയോ ഭൂതിർധ്രുവാ നീതിർമതിർ മമ

എവിടെ യോഗേശ്വരനായ കൃഷ്ണനും ധനുർദ്ധരനായ പാർത്ഥനും ഉണ്ടോ അവിടെയൊക്കെ ശ്രീയും വിജയവും സ്ഥിരമായ നീതിയും ഉണ്ടാവുമെന്നാണ് എന്റെ അഭിപ്രായം. സഞ്ജയന്റെ ഈ അഭിപ്രായപ്രകടനത്തോടെ വ്യാസൻ ഗീതക്ക് പൂർണ്ണവിരാമമിടുന്നു. കൃഷ്ണൻ യോഗേശ്വരനാണെന്ന ഈ പരാമർശത്തിന്റെ വെളിച്ചത്തിൽ വേണം ഞാൻ വ്യാഖ്യാനിച്ച സൌവർണ്ണമെന്ന ഗീതയെ ദർശിക്കേണ്ടത്.

ഭഗവദ്ഗീതയെ പലരും പലവിധത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഗീത അദ്വൈതാമൃതവർഷിണിയും ഭവദ്വേഷിണിയുമാണ്. അതിൽ അവനവന്റെ സ്വഭാവത്തിനനുസരിച്ച തത്വങ്ങൾ ഓരോരുത്തരും കണ്ടെത്തുന്നു. ബാലഗംഗാധരതിലകൻ ഗീതാരഹസ്യത്തിൽ, ദുർജ്ജനങ്ങളോടു വേദമന്ത്രമോതിയിട്ട് കാര്യമില്ല,ധർമ്മപരിപാലനത്തിനു യുദ്ധം ചെയ്യേണ്ടത് ക്ഷത്രിയധർമ്മമാണ് എന്ന തത്വത്തെ എടുത്തുപറയുന്നു. മഹാബലിയോട് പ്രഹ്ലാദൻ പറയുന്ന ശ്ലോകമുദ്ധരിച്ച് അദ്ദേഹം ഈ വാദഗതി സമർത്ഥിക്കുന്നു.

ന ശ്രേയസ്സതതം തേജോ ന നിത്യം ശ്രേയസി ക്ഷമാ

തസ്മാന്നിത്യം ക്ഷമാതാത പണ്ഡിതൈരപവാദിത

തിലകൻ സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിലെ എക്സ്ട്രിമിസ്റ്റ് ഗ്രൂപ്പിൽ പെട്ട ആളാണ്.ഗീതയിൽ താൻ കണ്ട തത്വമാണ് അദ്ദേഹം ബ്രിട്ടീഷുകാരോട് പ്രായോഗികമാക്കിയത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചക്ര

വാളത്തിൽ അഹിംസയുടേയും സത്യാഗ്രഹത്തിന്റേയും ശുക്രതാരമായി വന്ന ഗാന്ധിജി ഗീതയിൽ അഹിംസയാണ് കണ്ടത്. നന്മയും തിന്മയും തമ്മിൽ അന്തഃകരണത്തിൽ നടക്കുന്ന യുദ്ധമാണ് അദ്ദേഹത്തിന് കുരുക്ഷേത്രയുദ്ധം. (ഗീത ദ മദർ). നിഷ്കാമകർമ്മമാണ് ഗാന്ധിജിയെ സംബന്ധിച്ചേടത്തോളം ഗീതാസന്ദേശം. പ്രതിഫലമായി എന്തെങ്കിലും ലഭിക്കണമെന്ന് ആഗ്രഹമില്ലാത്ത ഒരാൾക്ക് യുദ്ധത്തിന്റെ ആവശ്യകത തന്നെയില്ല. സ്വാർത്ഥമുണ്ടെങ്കിലേ യുദ്ധമുള്ളു. സ്വാർത്ഥികൾക്കെതിരെ നിസ്വാർത്ഥികൾ നടത്തുന്ന നിസ്സഹകരണവും സത്യാഗ്രഹവും ഗാന്ധിയുടെ നിഷ്കാമകർമ്മയോഗമാണ്. ഗീതാപ്രവചനത്തിൽ സാമ്യയോഗമാണ് തനിക്കേറ്റവും പ്രിയപ്പെട്ട തത്വമെന്നും സാമ്യയോഗത്തിന്റെ പ്രായോഗികപദ്ധതിയാണ് ഭൂദാനപ്രസ്ഥാനമെന്നും വിനോബ ഭാവെ പറയുന്നുണ്ട്. ഭൂമി സമമായി വീതിക്കൽ കൊണ്ടുമാത്രം സാമ്യയോഗം സാദ്ധ്യമാകുന്നില്ല. എന്നാലും അതിലേക്കുല്ള ഒരു ശ്രമമെന്ന നിലയിൽ ഭൂദാനപ്രസ്താനം പ്രാധാന്യമർഹിക്കുന്നു. കൃഷ്ണാവബോധത്തിന്റെ ജനയിതാവായ ഭക്തിവേദാന്തസ്വാമിപ്രഭുപാദർ കൃഷ്ണനെ ദിവ്യനായ പരമപുരുഷനായി കാണുന്നു.ഭക്തിയോഗമാണ് അദ്ദേഹത്തിന്റേത്.

ഓട്ടോബയോഗ്രാഫി ഓഫ് എൻ അബ്സൊലൂട്ടിസ്റ്റ് എന്ന് സ്വന്തം ആത്മകഥക്ക് പേരിട്ട നടരാജഗുരു സ്വാഭാവികമായും ജ്ഞാനയോഗത്തിന് പ്രാമാണ്യം കൽപ്പിക്കുന്നു.നടരാജഗുരു ഒരിക്കൽ ശ്രീനാരായണഗുരുവിനോട് ശ്രീകൃഷ്ണൻ എന്തേ യുദ്ധത്തിന് വേണ്ടി വാദിക്കാനെന്ന് ചോദിച്ചിട്ടുണ്ട്. അദ്ദേഹം പിന്നീട് അതിൽ ദുഃഖിച്ചിരിക്കാമെന്ന് ഗുരു പറഞ്ഞു. പിന്നീടൊരിക്കൽ ഇതേ വിഷയത്തെക്കുറിച്ച് അവർ നടത്തിയ സംവാദത്തിൽ ഒരു ക്യാൻവാസിലെ പെയിന്റിങ്ങിന്റെ കോട്ടങ്ങൾ പ്രകൃതിദൃശ്യത്തിന്റേതല്ല, പെയിന്റിൽ ചേർത്ത വർണ്ണങ്ങളുടേതാണെന്ന നിഗമനത്തിലാണ് അവരെത്തിച്ചേർന്നത്. ആദിശങ്കരനും ഗീതയെ ജ്ഞാനയോഗമായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്.

വ്യാസൻ മഹാഭാരതം എന്തിനാണെഴുതിയത് എന്നു നിർണ്ണയിച്ചാലേ ഗീതാസന്ദേശം പൂർണ്ണമായി ഗ്രഹിക്കാനാവൂ എന്നാണ് ഞാൻ കരുതുന്നത്. യുദ്ധം നിർത്താൻ ശ്രമിച്ചവരിൽ അദ്വിതീയനായിരുന്നു മഹാഭാരതത്തിലെ കഥാപാത്രവും കവിയുമായ വ്യാസമുനി. ഞാനിതാ രണ്ടു കൈകളും പൊക്കി നിലവിളിക്കുന്നു. യുദ്ധം അനേകായിരം കെടുതികൾ വരുത്തിവെക്കും. ആരും എന്റെ വാക്കു കേൾക്കുന്നില്ലല്ലോ. ധർമ്മം കൊണ്ട് അർത്ഥവും കാമവും ലഭിക്കും. ആരും അത് ശ്രദ്ധിക്കുന്നില്ലല്ലോ എന്ന് ഒരവസരത്തിൽ അദ്ദേഹം വിലപിക്കുന്നുണ്ട്.

യുദ്ധം(ഹിംസ)ഉണ്ടായാൽ ജയിച്ചവനും തോറ്റവനും അശാന്തിയാണ് ഫലമെന്ന് എടുത്തുകാട്ടുന്ന കൃതിയാണ് മഹാഭാരതം. അതിനാൽ, അഹിംസ,ധർമ്മം ,സത്യം മുതലായവയുടെ സംരക്ഷണമാണ് മഹാഭാരതകർത്താവിന്റെ ലക്ഷ്യം.ഇതേ ആശയമാണ് ഗീതയിലുമുള്ളത്. ജീവിച്ചിരിക്കുന്ന ഹ്രസ്വകാലത്തിൽ ജീവി ധർമ്മിഷ്ഠനായി, നിർഭയനായി ,അഹിംസാസിദ്ധാന്തത്തെ അനുസരിച്ച് എങ്ങനെ ജീവിക്കണമെന്നു തന്നെയാണ് ഗീത ഉപദേശിക്കുന്നത്. വ്യാസൻ പ്രാജ്ഞനായ ഋഷിയാണ്. പ്രജ്ഞ,സ്മൃതി,ബോധം മുതലായവ അടങ്ങുന്ന ആർഷജ്ഞാനത്തിന്റെ

വക്താവാണ്. ഭാരതത്തിലെ ഏറ്റവും പ്രാചീനവും രഹസ്യവുമായ യോഗവിദ്യയെ യോഗേശ്വരനായ കൃഷ്ണന്റെ വാക്കുകളിലൂടെ അദ്ദേഹം അവതരിപ്പിക്കുമ്പോൾ ഉടനീളെ കവിയുടെ ആത്മാംശമാണ് ഞാൻ കാണുന്നത്.

ഗീതയോ വ്യാഖ്യാനിക്കാൻ സ്ത്രീകളാരും മുമ്പോട്ടുവന്നതായി കാണുന്നില്ല. ശ്രീമതി ആനിബസന്റിന്റെ ഒരു വ്യാഖ്യാനമല്ലാതെ സ്ത്രീകളുടേതായി വ്യാഖ്യാനം ഉണ്ടായിട്ടില്ലെന്ന് പറയുന്നു. ശ്രമകരമായ ഇത്തരം ദൌത്യം നിർവ്വഹിക്കുമ്പോൾ എന്റെ അപൂർണ്ണതകളെ കുറിച്ച് ഞാൻ ബോധവതിയാണ്..എങ്കിലും ഇന്ദ്രിയാതീതമായ ഒരു ചിഛക്തി എന്റെ ഉള്ളിലിരുന്ന് എന്നെ ഈ കർമ്മത്തിന് പ്രേരിപ്പിക്കുമ്പോൾ അതിന്റെ കൽപ്പനയെ തട്ടിക്കളയാൻ ഞാൻ ആളല്ല.

സൌവർണ്ണം എന്ന ഈ ഗീതാഭാഷ്യം എന്റെ ആത്മനിവേദനമാണ് . ഈ നൈവേദ്യം ഭഗവാന് അർപ്പിക്കുമ്പോൾ ബൃഹദാരണ്യകത്തിലെ ശ്ലോകം മനസ്സ് മന്ത്രിക്കുന്നു:

ഇദം സത്യം സർവ്വേഷാം ഭൂതാനാം മധു

അസ്യ സത്യസ്യ സർവ്വാണി ഭൂതാനി മധു

യശ്ചായമസ്മിൻ സത്യേ തേജോമയോമൃതമയഃ

പുരുഷഃയശ്ചായമദ്ധ്യാത്മം സാത്യസ്തേജോ

യോമൃതമയഃപുരുഷഃ അയമേവ സ

യോയമാത്മാഃഇദമമൃതം ഇദം ബ്രഹ്മഃ ഇദം സർവ്വം

ഈ സത്യം സർവ്വഭൂതങ്ങൾക്കും മധുവാണ്. സർവ്വഭൂതങ്ങളും ഈ സത്യത്തിനും മധുവാണ്. ഈ സത്യത്തിലിരിക്കുന്ന തേജോമയനും അമൃതമയനുമായ പുരുഷൻ ശരീരത്തിലും ഇരിക്കുന്നു. അത് ആത്മാവാണ്, ബ്രഹ്മമാണ്, സർവ്വവുമാണ്.

ഓം ശാന്തി ശാന്തി ശാന്തി.

ആദ്യത്തെ എഡിഷന്റെ മുഖവുര

ഗീതയുടെ സ്വാധീനം എന്റെ ജീവിതത്തിൽ

1993ൽ ഞാൻ ശ്രീമദ്ഭഗവദ്ഗീതക്ക് വ്യാഖ്യാനമെഴുതി. സൌവർണ്ണം എന്ന് പേരിട്ടു. അന്ന് എന്റെ ഭർത്താവ് ഉദയഭാനു ചോദിച്ചു: നാരായണീയവും ജ്ഞാനേശ്വരിയും പോലെ നമ്മളും സൌവർണ്ണം എന്ന് പേരിട്ടാൽ ജനം അഹങ്കാരമാണെന്ന് കരുതില്ലേ എന്ന്.സ്ഥൂലമായ അർത്ഥത്തിൽ സുവർണ്ണയുടെ രചന എന്ന് മാത്രം ധരിക്കുന്നവർ തീർച്ചയായും അങ്ങനെ അപവാദം പറയും. സൂക്ഷ്മമായ അർത്ഥങ്ങൾ അറിയാവുന്ന മഹത്തുക്കൾ അതുപറയില്ല എന്ന് ഞാൻ പറഞ്ഞു.

സൂക്ഷ്മാർത്ഥം മാത്രം മൂന്നുവിധത്തിൽ (ത്രിധാ) പറഞ്ഞുകൊടുത്തപ്പോഴാണ് ആ പേരിന്റെ അർത്ഥം അനുയോജ്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമായത്.സൌവർണ്ണത്തിന് മൂന്ന് സൂക്ഷ്മാർത്ഥങ്ങൾഃ-

1. വേദങ്ങളിൽ ഞാൻ സാമവേദമാണ് എന്ന് പറയുന്ന ശ്രീകൃഷ്ണന്റെ സ്വരിതമാണ് ഗീത. സ്വര ഏവ സുവർണ്ണ എന്ന സാമവേദപ്രോക്തമായ ഛാന്ദോഗ്യഉപനിഷത് വാക്യപ്രകാരം ഗീത സൌവർണ്ണമാണ്.
2. വിഷ്ണുസഹസ്രനാമത്തിൽ സുവർണ്ണബിന്ദുരക്ഷോഭ്യസർവ്വവാഗീശ്വരേശ്വര എന്ന് വ്യാസൻ വിഷ്ണുവിനെ സംബോധന ചെയ്യുന്നു. സർവ്വവാഗീശ്വരേശ്വരനായ ആ സുവർണ്ണബിന്ദുവിന്റെ (വിഷ്ണുവിന്റെ)വാക്കായ ഗീതയെ ഞാൻ സൌവർണ്ണം എന്ന് വിളിക്കുന്നു.
3. വാക്ക് അഗ്നിയാണ്. ആവിഷ്കാരശക്തിയാണ്. വിഷ്ണുവിന്റെ ശക്തിയായ ശ്രീദേവിയെ ഋഗ്വേദം ഖിലഭാഗം ശ്രീസൂക്തത്തിൽ ആവാഹിക്കുന്നത് ഇങ്ങനെയാണ്.
   ആർദ്രാം യഃകരിണിം യഷ്ടിം സുവർണ്ണാം ഹേമമാലിനീം
   സൂര്യാം ഹിരണ്മയീം ലക്ഷ്മീം ജാതവേദാ മ ആവഹ

സർവ്വവേദാന്തോപനിഷദ് സാരസംഗ്രഹമായ വൈഷ്ണവീശക്തിയായ നാദപ്രകാശങ്ങളടങ്ങിയ സുവർണ്ണസൂര്യരശ്മിയായ സൌവർണ്ണശ്രീയാണ് ഗീത എന്റെ മനസ്സിൽ. അത് എന്നിലേക്ക് കടന്നുവന്നത് ഒരു നാമവും ദേഹവുമായി ഈ ജന്മത്തിൽ ആവിർഭവിക്കുന്നതിന് എത്രയോ മുമ്പാണ്. ജന്മജന്മാന്തരങ്ങളിലെ ആ സുകൃതവും കൊണ്ട് അതിനു വളരാൻ സാഹചര്യമുള്ള ഒരു ഗൃഹാന്തരീക്ഷത്തിൽ വീണ്ടും വന്നുപിറന്ന ആത്മാവാണ് ഞാൻ.പൌർവ്വദേഹികമായ ആ ബന്ധത്തെ ജാതകവും പരൽപ്പേരും നോക്കി അറിഞ്ഞ ആർഷജ്ഞാനിയായ കുലഗുരു അതേ പേർ എനിക്കും നിർദ്ദേശിച്ചു എന്ന് മാത്രം.

ഈ ജന്മത്തിൽ ഭഗവദ്ഗീതയെക്കുറിച്ച് ആദ്യമായി കേൾക്കുന്നത് അമ്മമ്മയിൽ നിന്നാണ്.ഗുരുവായൂരിൽനിന്ന് ഏതാനും കുന്നിമണികളിൽ ആശതോന്നി അവ കൈപ്പിടിയിലൊതുക്കിയ എന്നോട് അമ്മമ്മ ഭഗവാന്റെ സ്വത്ത് തിരിച്ചുകൊടുക്കാനാവശ്യപ്പെട്ടു. എനിക്കന്ന് രണ്ടോ രണ്ടരയോ വയസ്സാണ് പ്രായം. ഒരേകാദശിനാളിൽ. വാശിപിടിച്ച് കരഞ്ഞപ്പോൾ കരച്ചിൽ മാറ്റാൻ കൃഷ്ണകഥകൾ പറഞ്ഞുതന്നു.യശോദ കണ്ണന്റെ കണ്ണിൽ ബ്രഹ്മാണ്ഡം കണ്ടതും കൃഷ്ണന്റെ കുട്ടിക്കാലത്തെ കഥകളും ഗീത ഉപദേശിച്ചതും എല്ലാം. അന്ന് മനസ്സിലാകാത്ത പല അർത്ഥവും വളർന്നപ്പോൾ ഞാൻ അതിൽ കണ്ടു. ഈ പ്രപഞ്ചം അതിമനോഹരം. നമുക്ക് ഇതിലിരുന്ന് ബ്രഹ്മാനന്ദം നുകരാം. തന്റേതാക്കാൻ മോഹിക്കരുത്. തന്റേതാണെന്ന് അഹങ്കരിക്കരുത്. പിൽ്കാലത്ത് ജ്യോതിഷം ജ്യോതിഷ്മതിയായി എന്റെ ഉള്ളിലുദിച്ചു.പരസഹസ്രം ജഗത്തുക്കൾ കുന്നിക്കുരുമണികളെപ്പോലെ പരസ്പരം കൂട്ടിമുട്ടാതെ അവരവരുടെ കക്ഷ്യകളിൽ നിരന്തരം ഭ്രമണം ചെയ്യുന്ന ബ്രഹ്മകാനനമെന്ന് വസിഷ്ഠസംഹിത വിശേഷിപ്പിച്ച പ്രപഞ്ചത്തെ ഞാനെന്റെ മനക്കണ്ണിൽ നിരന്തരം കാണുന്നു. ആ കുന്നിമണികളെ കൈപ്പിടിയിലൊതുക്കാമെന്ന വ്യാമോഹം ഒട്ടുമില്ലാതെ..അവ ഭഗവാന്റെ വരപ്രസാദമായി എന്റെ ഹൃദാകാശ

ത്തിൽ നിരന്തരം ഉദിച്ചസ്തമിക്കുന്ന വിസ്മയം അനുഭവിക്കുന്നു, നിഷ്കാമആത്മസമർപ്പണത്തോടെയുള്ള ഭക്തിപൂർവ്വമായ ഏകാഗ്രധ്യാനത്തിന് ലഭിച്ച പ്രസാദമായി ജ്ഞാനം ആത്മകുംഭത്തിൽ വന്നുനിറയുന്ന അനുഭവമാണ് എന്റെ സൌവർണ്ണം.

എട്ടുവയസ്സിനുമുമ്പ് നാലപ്പാട്ടിന്റെ ഗ്രന്ഥശേഖരത്തിൽനിന്ന് ഗാന്ധിയുടെ ഗീത ദ മദർ, ശങ്കരാചാര്യരുടെ ഗീതാഭാഷ്യം ഇവ കണ്ടു. ഒഴിവുകിട്ടുമ്പോളെല്ലാം ഗീതാവ്യാഖ്യാനങ്ങളും വിവേകാനന്ദസാഹിത്യവും വായിക്കുന്ന സാമൂഹ്യരാഷ്ട്രീയപ്രവർത്തകനായ അഛന്റെ ഗ്രന്ഥശേഖരത്തിലും നിരവധിപേരുടെ ഗീതാവ്യാക്യാനങ്ങളുണ്ടായിരുന്നു. അവ മറിച്ചുനോക്കുകയും വായിക്കുകയും ചെയ്യുമെങ്കിലും ഗീതയിലെ ഭക്തിയോഗം അമ്മമ്മയും ജ്ഞാനയോഗം അമ്മാമനും ധ്യാനയോഗം വലിയമ്മയും കർമ്മയോഗം അമ്മയും അഛനും പ്രായോഗികമാക്കുന്നുണ്ട് എന്ന് അന്ന് തിരിച്ചറിഞ്ഞിരുന്നില്ല.എന്നാലും ഇത്തരം മാതൃകകളെ ശൈശവത്തിൽത്തന്നെ ലഭിച്ചത് ജന്മാന്തരസുകൃതമാണെന്ന് ഇന്ന് ഞാൻ ഗ്രഹിക്കുന്നുണ്ട്.

1971-72 കാലത്ത് ഞാൻ കർമ്മരംഗത്ത് പ്രവേശിച്ചു. 72ൽ മാതൃത്വം കൊണ്ട് അനുഗ്രഹീതയായി. അമ്മ,ഉദ്യോഗസ്ഥ, അദ്ധ്യാപിക, പത്തോളജിസ്റ്റ്, ശാസ്ത്രജ്ഞ, അഡ്മിനിസ്ട്രേറ്റർ, ഗവേഷക, സാഹിത്യകാരി ,സാമൂഹ്യപ്രവർത്തക- ഈ കർമ്മരംഗങ്ങളാണ് എനിക്ക് വ്യാപരിക്കാൻ ഇടയായത്. സർവ്വാർത്ഥസാരമെന്ന് ശങ്കരാചാര്യർ വിളിച്ച 11ആം അദ്ധ്യായത്തിലെ 55ആം ശ്ലോകത്തിലെ സംഗവർജ്ജിത എന്ന പരാമർശം ഗാർഹസ്ഥ്യത്തിലും ഉദ്യോഗത്തിലും പ്രവേശിച്ച എനിക്ക് ചില വൈരുദ്ധ്യങ്ങൾ അനുഭവപ്പെടുത്തിത്തന്നു. സദാ ആന്തരജീവിതത്തെ സൂക്ഷിച്ചുനോക്കി മനനം ചെയ്യുകയും വാക്കിലും പ്രവൃത്തിയിലും നിന്ന് ആത്മാവിന്റെ തെളിമ വിശകലനം ചെയ്യുകയും ഹോബിയാക്കിയ എനിക്ക് പുതിയ കർമ്മജീവിതത്തിലെ പൊരുത്തക്കേടുകൾ കണ്ണിൽപ്പെടാതെ പോയില്ല. ഓരോ പൌരനും ഔദ്യോഗികവും സാമൂഹികവുമായ ഉത്തരവാദിത്തങ്ങൾ സംഗവർജ്ജിതരായി ആരിലും പക്ഷഭേദം കൂടാതെ സർവ്വത്ര സമദർശനരായി നിറവേറ്റണം. അത് ചെയ്യാത്തതുകൊണ്ടാണ് സ്വാർത്ഥവും പക്ഷഭേദങ്ങളും അവിഹിതമായ ധനാർജ്ജനവും അഴിമതികളും അന്ധവിശ്വാസങ്ങളും ഉണ്ടാവുന്നത്.സംഗരാഹിത്യത്തിനു പകരം അമിതസംഗത്തിന്റെ തിക്താനുഭവങ്ങൾ. ഈ വലകളിലൊന്നും കുടുങ്ങാതെ, ധർമ്മമാർഗ്ഗത്തിലൂടെ സഞ്ചരിച്ച് കുടുംബം കഴിഞ്ഞുപോകാനുള്ള വിത്തം മാത്രം സമ്പാദിക്കണം. അമിതമായ ധനാസക്തി ഉണ്ടാവരുത്. ആവശ്യങ്ങളുടെ ലിസ്റ്റ് കൂടുമ്പോളും അവിഹിതമായ ധനാഗമമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള പ്രലോഭനങ്ങളെ ചെറുത്തുനിർത്തണം. വീട്ടമ്മ കൂടിയായ എനിക്ക് വീടിന്റേയും രാഷ്ട്രം എന്നെ ഏൽപ്പിച്ച ഉദ്യോഗത്തിന്റേയും ചുമതല വിശ്വപൌരയെന്ന ചുമതലയുടെ ഭാഗമായി സുരക്ഷിതമായി ധർമ്മാനുസൃതം കൊണ്ടുനടത്താൻ കഴിയുമോ ഇല്ലയോ. ഈ പ്രശ്നത്തിനുത്തരം എന്നെ എത്തിച്ചതാ എന്റെ ജന്മാന്തരനിയോഗമായ അദ്ധ്യാത്മികതയിലാണ്.

18ആം നൂറ്റാണ്ടിലെ ഫ്രാൻസിലിരുന്ന് വിക്ടർ യൂഗോ ചോദിച്ചു:-രാഷ്ട്ര ഭരണതന്ത്രവും സദാചാരവും ഒന്നാണെന്നറിയുന്ന ഒരു ഭരണാധികാരി സംഘം നിങ്ങൾക്കുണ്ടോ എന്ന്. അതിന്റെ ഉത്തരം സഹസ്രാബ്ദങ്ങൾക്ക് മുമ്പുള്ള ഭഗവദ്ഗീതയിലും ശാന്തിപർവ്വത്തിലുമൊക്കെയാണ് ഉള്ളത്. 1975ൽ സ്വാമിരങ്കനാഥാനന്ദന്റെ മെസ്സേജ് ഓഫ് ദ ഉപനിഷത്ത്സ് വായിക്കാനിടയായി. 1978ൽ അദ്ദേഹത്തെ കാണാനും പ്രഭാഷണം കേൾക്കാനും സംശയങ്ങൾ ചോദിക്കാനും സാധിച്ചു. ഗീതയും ഉപനിഷത്തുക്കളും പുതിയ ഒരു വീക്ഷണത്തോടെ ഞാൻ പുനർവായന നടത്തുന്നത് അതിന്നു ശേഷമാണ്.ഉപനിഷദ് സാരമായ ഗീതയുടെ നിഷ്കാമകർമ്മം എന്ന സർവ്വാർത്ഥസാരം സംഗവർജ്ജിതയായി പ്രായോഗികമാക്കാൻ അതെന്നെ സഹായിച്ചു.

ആദ്യമായി നാം മനസ്സിലാക്കേണ്ടത് നമ്മുടെ സ്വധർമ്മം എന്ത് എന്നതാണ്.ഓരോ വ്യക്തിക്കും അവനവന്റെ കുടുംബത്തോടുമാത്രമേ ധർമ്മമുള്ളു എന്ന് വിചാരിക്കുമ്പോളാണ് സംഗവും മമതയും. മനുഷ്യന്റെ ആദ്യത്തെ കടമ ചവിട്ടുന്തോറും ക്ഷമിക്കുന്ന ഈ ഭൂമിയോടാണ്, പ്രകൃതിയോടാണ്. പിന്നെ ഈ രാഷ്ട്രം നമുക്ക് തന്ന ഉദ്യോഗത്തോട്, ജീവിതാവസരങ്ങളോട്. നാം സ്നേഹിക്കുന്ന കുടുംബാംഗങ്ങളോടെന്നപോലെ ഇവയോടും സ്നേഹമുണ്ടായാലേ അടുത്ത തലമുറയോട് നാം സ്നേഹമുള്ളവരാവുന്നുള്ളു. പ്രയോറിറ്റി മറിച്ചാവുമ്പോളാണ് ധർമ്മം ക്ഷയിക്കുന്നത്. അധർമ്മം വർദ്ധിക്കുന്നത്. അപ്പോഴെല്ലാം ഗീത ഉപദേശിക്കാൻ അവതാരകൃഷ്ണന് ഭൂസ്പർശമുദ്ര സ്വീകരിക്കേണ്ടിവരുന്നു.

പൌരൻ യോദ്ധാവാണെന്നു വരുമ്പോൾ സ്വധർമ്മം യുദ്ധഭൂമിയിൽ രാഷ്ട്രത്തെ സേവിക്കാനായി യുദ്ധം ചെയ്യലാണ്. ആ സന്ദർഭത്തിലാണ് ഗീത ഉപദേശിക്കുന്നത്. സിവിലിയനാവുമ്പോൾ, യുദ്ധമോ ഹിംസയെ ധർമ്മമല്ല. ആയുധമെടുക്കലല്ല, രാഷ്ട്രപുനർനിർമ്മാണത്തിനുവേണ്ടി അതാതു കർമ്മമണ്ഡലങ്ങലിൽ അഹിംസ പാലിച്ചുകൊണ്ട് സമാധാനപരമായ സഹവർത്തിത്വത്തോടെ ജീവിക്കലാണ്. യോദ്ധാവിനുപോലും യുദ്ധക്കളത്തിലേ ഹിംസ വിധിച്ചിട്ടുള്ളു. ധർമ്മസ്ഥാപനത്തിനുള്ള എല്ലാ ശ്രമങ്ങളും വിഫലമാവുമ്പോൾ മാത്രമാണ് അധർമ്മത്തെ അമർച്ച ചെയ്യാനായി യുദ്ധം അനുശാസിക്കുന്നതെന്ന് മഹാഭാരതം പഠിപ്പിക്കുന്നു.യുദ്ധത്തിന്റെ കെടുതികൾ എണ്ണിയെണ്ണിപ്പറഞ്ഞ് അതിൽനിന്നു വിരമിപ്പിക്കാൻ വ്യാസൻ എത്രയെത്ര ശ്രമം നടത്തി.

ഞാൻപ്രവർത്തിക്കുന്ന കർമ്മരംഗത്ത് അദ്ധ്യാപനം പരമപ്രധാനമാണ്. ഒരു നല്ല അദ്ധ്യേതാവിനേ നല്ല അദ്ധ്യാപികയാവാൻ കഴിയൂ.ഏകാഗ്രമായ ശ്രദ്ധയോടെ സ്വാദ്ധ്യായം ചെയ്ത് സ്വന്തം ജ്ഞാനസമ്പത്തിനെ വിപുലീകരിച്ച ഒരാൾക്കല്ലാതെ ജ്ഞാനദാനം ചെയ്യാനാവില്ല. സ്വന്തം കയ്യിലില്ലാത്തത് എങ്ങനെ ദാനം ചെയ്യും. ചിട്ടയായി ക്രോഡീകരിച്ച ജ്ഞാനം ആവശ്യമുള്ളവർക്ക് കൊടുക്കുക എന്ന പ്രക്രിയയിൽത്തന്നെ ആനന്ദമുണ്ട്. ഈ ആനന്ദം അനുഭവിച്ചവരെല്ലാം നല്ല അദ്ധ്യാപകരായിരിക്കും എന്നാണ് എന്റെ അനുഭവം. ഓരോ സ്വരവും വാക്കും എഴുതുമ്പോളും ഉച്ചരിക്കുമ്പോളും (ക്ലാസുമുറിയിലായാലും പ്രസംഗമണ്ഡപത്തിലായാലും) ആത്മാവിലെ ജ്ഞാചൈതന്യാഗ്നി വാഗ്രൂപത്തിൽ

പുറത്തു പ്രസരിപ്പിക്കുകയാണെന്നും അത് കേൾക്കുന്നവരേയും വായനക്കാരേയും സ്പർശിച്ച് അവരിലെ ജ്ഞാനചൈതന്യത്തേയും ഉണർത്തുകയും ഉജ്വലിപ്പിക്കുകയും ചെയ്യും എന്ന ബോധമാണ് എന്റെ കർമ്മത്തിനു പിന്നിൽ. അതല്ലാതെ ഒന്നും പ്രതീക്ഷിക്കാത്ത നിഷ്കാമകർമ്മം.

മുന്നിലിരിക്കുന്നത് ഹിന്ദുവോ ക്രിസ്ത്യാനിയോ മുസ്ലീമോ നാ.യരോ നമ്പൂരിയോ ഈഴവനോ എന്ന് നോക്കിയല്ല, ആൺകുട്ടിയോ പെൺകുട്ടിയോ എന്ന് നോക്കിയല്ല അദ്ധ്യാപകർ ക്ലാസെടുക്കുന്നത്.സർവ്വത്ര സമദർശിത്വം എന്ന ഗീതാതത്വത്തെ പ്രായോഗികമാക്കുന്ന കർമ്മമണ്ഡലമാണ് അദ്ധ്യാപനരംഗം. ഓരോ ശ്രോതാവും ഓരോ വായനക്കാരനും ഈശ്വരത്വം ഉള്ളവനാണ്(ഉള്ളവൾ). ജ്ഞാനദാനം എന്ന അനുപമാനന്ദം എനിക്ക് അരുളാനായി ഭഗവാൻ തന്ന ഒരവസരമാണ്. ഒരു പത്തോളജിസ്റ്റ് രോഗനിർണ്ണയം ചെയ്യുമ്പോളും ജാതിമതവർഗ്ഗലിംഗഭേദം നോക്കിയല്ല ചെയ്യുന്നത്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീപുരുഷ,അവർണ്ണസവർണ്ണ, ജാതിമത, വർഗ്ഗവിവേചനങ്ങൾ ഒന്നും തന്നെ ഇല്ലാതെ സർവ്വത്ര സമദർശനമായിരിക്കുക എന്ന ഗീതാസന്ദേശം പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. എന്റെ പ്രവർത്തനരംഗവും ഞാൻ വളർന്നുവന്ന ചുറ്റുപാടും അതിന് വളരെ അനുകൂലമായിരുന്നു.

അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ് സെക്ടറിൽ ഗീതയിലെ സമദർശിത്വവും വികേന്ദ്രീകരണവും (ഡീസെൻട്രലൈസ്ഡ് അപ്രോച്ച്) പ്രയോഗിച്ചാൽ നൂറുശതമാനം വിജയസാദ്ധ്യതയുണ്ടെന്ന് എനിക്ക് അനുഭവത്തിൽനിന്ന് പറയാനാവും. 1990ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ബ്ലഡ്ബാങ്കിൽ ഇത് ZOPP(Zeal oriented project planning)നോടു ചേർത്ത് പ്രയോഗിച്ചുനോക്കി.ആറുമാസം കൊണ്ട് 100 ശതമാനം വിജയം കൈവരിച്ചു.

സംഗവർജ്ജിത,സമദർശന ഈ രണ്ടും തുല്യപദങ്ങളാണ്. സംഗം വർജ്ജിച്ചവനേ സമദർശനത്തോടെ രാഷ്ട്രത്തിലെ സർവ്വപൌരന്മാരേയും കാണാനാവു.മറിച്ച് സമദർശനമുള്ളവർക്കേ സംഗവർജ്ജിതരാവാനും സാധിക്കൂ. സമം സർവ്വേഷു ഭൂതേഷു തിഷ്ഠന്തം പരമേശ്വരം എന്നും സമോഹം സർവ്വഭൂതേഷു എന്നും ആവർത്തിച്ചുപറയുന്ന ഗീതയിൽ ഉള്ള സമത്വം ലോകത്തിലെ മര്റൊരു വിപ്ലവപ്രസ്ഥാനത്തിലും ഇന്നുവരെ ഉണ്ടായിട്ടില്ല.

ഈ ജന്മത്തിൽ സ്ത്രീശരീരത്തോടെ ജനിച്ച എനിക്ക് അവസാനം ഒരു ഗീതാവാക്യം കൂടി പറയാതെ വയ്യ. കീർത്തിശ്രീർവാക് ച നാരീമാം സ്മൃതിർ മേധാ ധൃതി ക്ഷമാ. ഈ ഏഴുഗുണങ്ങളിലും ഇരിക്കുന്ന ഭഗവാനെ ഈ ഗുണങ്ങൾ സ്വയെ വളർത്തിയെടുത്ത് തന്നിലേക്ക് ആവാഹിക്കുക.ഈ സപ്തഗുണം സപ്തസ്വരങ്ങളെപ്പോലെ ആരുടെ മനസ്സിലും നാദത്തിലും ക്രിയയിലും പ്രകാശിക്കുന്നുവോ അവർ സാമവേദമായ മഹാവിഷ്ണുവിന്റെ അംശാവതാരങ്ങളാണ്.

ഗീത എനിക്ക് എന്റെ സൌവർണ്ണമാണ്. സ്വരിതവും ജീവിതവുമാണ്. അതിലെ വരികൾ കാണാപ്പാഠം പഠിക്കലല്ല, ഏതുശ്ലോകം എത്രാമത്തെയെന്ന് ഓർമ്മവെക്കലുമല്ല എന്റെ രീതി. ആത്മസുഗന്ധം വഹിക്കുന്ന ഗീതയുടെ വിശുദ്ധതുളസീഗന്ധം എന്റെ സർവ്വകർമ്മങ്ങളേയും സദാ

ചുഴന്നുനിൽക്കുന്നു. എന്റെ ജ്ഞാനവും ഭക്തിയും കർമ്മവും ധ്യാന വുമെല്ലാം മഹാവിഷ്ണുവിന്റെ വരപ്രസാദമായ സാരസ്വതം. സ്വരമായ ഗീതം. ഭഗവദ് ഗീതം. അതു പാടുന്നതിന്റേയും കേൾക്കുന്നതിന്റേയും സാന്ദ്രാനന്ദം. സാംഖ്യയോഗത്തിലെ 11ആം ശ്ലോകം മുതലാണ് ശ്രീമദ് ഭഗവദ്ഗീത തുടങ്ങുന്നതെന്ന ശ്രീശങ്കരാചാര്യരുടെ അഭിപ്രായം സൌവ ർണ്ണവും പിന്തുടരുന്നു.

എറണാകുളം ഡോ.സുവർണ്ണ നാലപ്പാട്ട്

ജനുവരി 31. 2001

റഫറൻസുകൾ

1. ജ്ഞാനേശ്വരി എംപി പരമേശ്വരൻപിള്ളയുടെ മലയാളവിവർത്തനം.കറന്റ് ബുക്സ്
2. പണ്ഡിറ്റ് പി ഗോപാലൻനായരുടെ ഭാഷ്യം പി.കെ ബ്രദേഴ്സ് കോഴിക്കോട് 1968
3. സ്വാമിചിന്മയാനന്ദന്റെ വ്യാഖ്യാനം ചിന്മയാ പബ്ലിക്കേഷൻസ് 1990
4. ഊഗവദ്ഗീതാ യഥാരൂപം ഭക്തിവേദാന്തപ്രഭുപാദർ മലയാളവിവർത്തനം ബാലാമണിയമ്മ.
5. നാരായണഗുരുവിന്റെ ഭഗവദ്ഗീത നാരായണഗുരുകുലം പബ്ലിഷിങ്ങ് ഹൌസ് 1989
6. ഗീതാ ദ മദർ മഹാത്മാഗാന്ധി
7. ഗീതാപ്രവചനം മൂന്നാം പതിപ്പ് ആചാര്യ വിനോബഭാവെ മാതൃഭൂമി പ്രസ് കേരളഭൂദാനയജ്ഞസമിതി കാര്യാലയം 1955
8. ലഘുയോഗവാസിഷ്ഠസംഗ്രഹം
9. യോഗപരിചയം നിത്യചൈതന്യയതി
10. സൈക്കോളജി ഓഫ് ദർശനമാല നിത്യചൈതന്യയതി
11. നാരായണീയം മേൽപ്പത്തൂർ
12. നാരദഭക്തിസൂത്രം
13. വ്യാസഭാഗവതം
14. വ്യാസഭാരതം
15. ചിലപ്പതികാരം ഇളങ്കോവടികൾ
16. മണിമേഖല കൂലവാണികൻ ചാത്തനാർ
17. ആണ്ടാളുടെ തിരുപ്പാവയും നാച്ചിയാർ തിരുമൊഴിയും
18. വാത്മീകിരാമായണം
19. ഗീതാഗോവിന്ദം ജയദേവകവി
20. വേദോപനിഷത്തുകൾ
21. എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം സ്റ്റീഫൻ ഹോക്കിങ്ങ്
22. ഐഡിയാസ് ആന്റ് ഒപ്പീനിയൻസ് ഓഫ് ഐൻസ്റ്റൈൻ
23. രാഘവഭട്ടന്റെ ശാരദാതിലകഭാഷ്യം
24. നാഗാർജ്ജുനന്റെ പ്രജ്ഞാപാരമിതം
25. ഭഗവാൻദാസിന്റെ പ്രണവവാദം